# ചുവപ്പിനപ്പുറം



പി. കേശവൻ നായർ

# ചുവപ്പിനപ്പുറം

(ഓർമ്മകൾ)

പി. കേശവൻ നായർ

# ചുവപ്പിനപ്പുറം

## (ഓർമ്മകൾ)

പി. കേശവൻ നായർ

Publishers
**PAGAN BOOKS**
Thevally. P.O., Kollam, Ph: 6282287422

Malayalam Language

**CHUVAPPINAPPURAM**

**Memoirs**

By

**P.Kesavan Nair**

First Published July 2019

Cover Design

**Sreeji@9947403318**

kailasprint@gmail.com

Copyright reserved by author

all right reserved

Publishers

**PAGAN BOOKS**

Thevally. P.O., Kollam

Ph: 6282287422

Copies - 1000

Printed at

**Premier Printers, Calicut**

Rs - ₹ 160

No Part of this publication may be reproduced, stored in or introduced a retrieval, or transmitted in any form or by any means (electronic, mechanical, photocopying, recording or otherwise) without the prior written permission of both the copyright owner and the above mentioned publisher of this book

# ഉള്ളടക്കം

ആമുഖം.......... 9
നിലത്തെഴുത്ത് .......... 13
ബാലലീല.......... 30
മഹാരാജാസ് ഹൈസ്കൂൾ.......... 56
കളത്തറ അച്ചൻ.......... 73
ശാസ്ത്രലോകത്തിലേക്ക് .......... 79
ഗ്രന്ഥപ്പുര .......... 85
അദ്ധ്യാപനം .......... 91
തരിശുനിലങ്ങൾ .......... 99
രാഷ്ട്രീയത്തിലേക്ക് .......... 111
തമസ്സിലേക്ക്.......... 125
വീണ്ടും വെളിച്ചത്തിലേക്ക് .......... 135
ആത്മമിത്രങ്ങൾ .......... 143
പാടലീപുത്രം.......... 155
ഗ്രൂപ്പുപോര് .......... 165
വെട്ടിനിരത്തൽ .......... 173
സ്വതന്ത്രനായി.......... 184
രൂപാന്തരം .......... 192
ചുവപ്പിനപ്പുറം.......... 199
അനുബന്ധം:
ചില ട്രേഡ് യൂണിയൻ അനുഭവങ്ങൾ.......... 211

## പി.കേശവൻ നായർ

സാമൂഹ്യ പ്രവർത്തകൻ, എഴുത്തുകാരൻ.1944ൽ ജനിച്ചു. കൊല്ലം ബോയിസ് ഹൈസ്കൂൾ, ഫാത്തിമമാതാ നാഷണൽ കോളേജ്, ദുർഗ്ഗാ ആർട്സ് കോളേജ് റായിപൂർ, എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ശാസ്ത്രം, ആധുനിക ശാസ്ത്രദർശനം, ദർശനം എന്നിവയെ ആധാരമാക്കി ആനുകാലികങ്ങളിൽ ലേഖനങ്ങളും, പുസ്തകങ്ങളും രചിച്ചുകൊണ്ടിരിക്കുന്നു.സ്റ്റീഫൻ ഹോക്കിംഗ്സിന്റെ പ്രപഞ്ചം, ഗാന്ധി ചിന്തകൾ വിവേകാനന്ദചിന്തകൾ, തുടങ്ങി പന്ത്രണ്ടോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ആമുഖം

ഞാൻ എങ്ങനെ ഞാനായി എന്നതിന്റെ ലഘുവിവരണമാണ് ഈ പുസ്തകം. ഈ കാര്യത്തിൽ ഞാൻ എന്റെ മാതാപിതാക്കളോടും ഗുരുനാഥന്മാരോടും കടപ്പെട്ടിരിക്കുന്നു. കുട്ടിക്കാലത്ത് പ്രകൃതി പ്രതിഭാസങ്ങളെ വിസ്മയത്തോടെയാണ് ഞാൻ നോക്കി കണ്ടിരുന്നത്. ഇടിയും മിന്നലും മഴയും സൂര്യോദയവും അസ്തമയവും ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളും എന്തുകൊണ്ടെന്തുകൊണ്ടെന്നു ഞാൻ അമ്മയോട് ചോദിക്കുമായിരുന്നു. അതിനെല്ലാം കൃത്യമായ ഉത്തരം അമ്മ നല്കിയിരുന്നു. ശാസ്ത്രത്തിലും സാഹിത്യത്തിലും താൽപ്പര്യം ജനിപ്പിച്ചത് എന്റെ ഗുരുനാഥന്മാരായിരുന്നു. വായിച്ചു വളരാൻ എന്നെ പ്രോത്സാഹിപ്പിച്ചത് എന്റെ അച്ഛനും.

എന്റെ ബാല്യകൗമാരകാലത്തെ അനുഭവങ്ങൾ ഈ പുസ്തകത്തിൽ വളരെ വിശദമായി വിവരിച്ചിട്ടുണ്ട്. എന്റെ വീടും പരിസരവും, പള്ളിക്കുടങ്ങളും, കളികളും, കളിപ്പാട്ടങ്ങളും, നഗരകാഴ്ചകളും ഇതിൽ പ്രതിപാദ്യ വിഷയമായിട്ടുണ്ട്. ആ കാലഘട്ടത്തിലെ വായനാനുഭവങ്ങളും ദൃശ്യാനുഭവങ്ങളും വളരെ സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസകാലത്ത് ഒപ്പമിരുന്നു പഠിച്ചവരെയും പഠിച്ച പാഠങ്ങളെകുറിച്ചും ഇവിടെ ഓർമ്മിക്കുന്നു. കേരളത്തിനകത്തും പുറത്തും ഞാൻ കണ്ട കാഴ്ചകൾ ഈ പുസ്തകത്തിലെ പ്രതിപാദ്യ വിഷയങ്ങളിൽ ഒന്നാണ്. എന്റെ തൊഴിലാളി പ്രവർത്തനത്തിനിടയിലുള്ള ചില അനുഭവങ്ങളും ഇവിടെ രേഖപ്പെടുത്തുന്നു.

എന്റെ ജീവിതത്തിന്റെ നല്ലൊരു ഭാഗം കൊല്ലത്തെ സിപിഐ (എം)ന്റെ വളർച്ചയ്ക്കുവേണ്ടിയാണ് വിനിയോഗിച്ചത്. ഞാൻ പാർട്ടിയെ സ്വയം വരിച്ചതായിരുന്നു. ഈ പുസ്തകത്തിലെ ഒൻപത്

അദ്ധ്യായങ്ങൾ ഞാൻ എങ്ങനെ കമ്മ്യൂണിസ്റ്റായി എന്നും പിന്നീട് എന്തുകൊണ്ട് കമ്മ്യൂണിസ്റ്റല്ലാതായി എന്നും വിശദീകരിക്കുന്നതിനു വേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. എന്റെ അച്ഛന്റെ തറവാടായ വെളിയം പണ്ടാരഴികം പാർട്ടി കുടുംബമാണ്. പാർട്ടി നിരോധിക്കപ്പെട്ട കാലത്ത് അവിടം കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ ഒളിതാവളമായിരുന്നു. എന്റെ ചിറ്റപ്പൻമാരെല്ലാം കമ്മ്യൂണിസ്റ്റുകാരായിരുന്നു. അതിൽ ജീവിച്ചിരിക്കുന്ന ആളാണ് വെളിയം ഗോപിനാഥപിള്ള. വളരെ ചെറുപ്പത്തിലെ കമ്മ്യൂണിസ്റ്റ് സാഹിത്യവുമായി ഞാൻ പരിചയപ്പെട്ടിരുന്നു. കൊല്ലം ബോയിസ് ഹൈസ്കൂൾ പഠനകാലത്ത് ഞാൻ സ്റ്റുഡന്റ്സ് ഫെഡറേഷനിൽ (എസ്.എഫ്.) അംഗമായി.

ബിരുദാനന്തര പഠനത്തിനുശേഷം 1971 ൽ ഞാൻ പാർട്ടി അംഗമായി. തുടർന്ന് കെ.എസ്.വൈ.എഫിന്റെ കൊല്ലം താലൂക്ക് പ്രസിഡന്റായി. 1972 ൽ പാർട്ടി എന്നെ തൊഴിലാളി രംഗത്തു പ്രവർത്തിക്കാൻ നിയോഗിച്ചു. 1975 ജൂൺ 26 നു ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെ തുടർന്ന് 19 മാസം സി.ഐ.ടി.യു.ജില്ലാ ആക്ടിംഗ് സെക്രട്ടറിയായി. പാർട്ടി പ്രവർത്തനവും ട്രേഡ് യൂണിയൻ പ്രവർത്തനവും ക്ലേശകരമായിരുന്നു അക്കാലത്ത്. പിന്നീട് 22 വർഷകാലം സി.ഐ.ടി.യു. ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചു. ഇതിനിടയിൽ പാർട്ടി ബ്രാഞ്ച് സെക്രട്ടറിയായും, ലോക്കൽ കമ്മിറ്റി സെക്രട്ടറിയായും ഏരിയാ സെക്രട്ടറിയായും എന്നെ തെരഞ്ഞെടുക്കുകയുണ്ടായി. 22 വർഷം സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയേറ്റിലും 24 വർഷം സി.ഐ.ടി.യു. അഖിലന്ത്യാ വർക്കിംഗ് കമ്മിറ്റിയിലും അംഗമായിരുന്നു. ഞാനൊരു കസേര (Arm Chair) രാഷ്ട്രീയക്കാരനായിരുന്നില്ല. പാർട്ടി പ്രവർത്തനകാലത്ത് ഞാൻ പങ്കെടുത്ത് നടത്തിയിട്ടുള്ള കാൽനട ജാഥകളുടെയും പ്രതിഷേധ പ്രകടനങ്ങളുടെയും മൊത്തം ദൂരം ഭൂമിയെ ഒരു പ്രാവശ്യം ചുറ്റിവരത്തക്ര ഉണ്ടാകുമെന്നാണ് തോന്നുന്നത്.

പാർട്ടി അംഗമായതിനുശേഷമാണ് മാർക്സിസത്തെക്കുറിച്ചുള്ള പഠനം ഗൗരവമായി എടുത്തത്. ചിന്ത പബ്ലിക്കേഷന്റെയും മറ്റ് ഇടതുപക്ഷ പുസ്തകപ്രസാധകരുടെയും തത്ത്വശാസ്ത്രകൃതികളും സി.പി.ഐ.(എം) പാർട്ടി രേഖകളും വായിച്ചു മനസ്സിലാക്കി. അക്കാലത്ത് സോവിയറ്റ് യൂണിയനിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് കൃതികളുമായും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മാവോസാഹിത്യവുമായും പരിചയപ്പെട്ടു. ഇതിനു പുറമെ തൊഴിലാളി രംഗത്തെ പ്രവർത്തനം കമ്മ്യൂണിസത്തിലുള്ള എന്റെ വിശ്വാസം ശക്തിപ്പെടുത്തുന്നതിന് സഹായകമായി. ലോകം മുഴുവൻ സോഷ്യലിസവും തുടർന്ന് വർഗ്ഗരഹിതസമൂഹവും നിലവിൽ വരുമെന്ന് ഞാൻ സ്വപ്നം കണ്ടു. അനതിവിദൂരഭാവിയിൽ ഡെൽഹിയിലെ ചെങ്കോട്ടയിലും ചെങ്കോടി ഉയരുമെന്നായിരുന്നു എന്റെ പ്രതീക്ഷ.

1980 കളുടെ അവസാനമായപ്പോഴേക്കും ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പതനത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു. ആദ്യമൊന്നും ഞാൻ ഇത് വിശ്വസിച്ചില്ല. പോളണ്ടിൽ സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ കമ്മ്യൂണിസത്തിനെതിരായി ജനകീയ മുന്നേറ്റങ്ങൾ ഉണ്ടായി. കിഴക്കൻ ജർമ്മനിയേയും പടിഞ്ഞാറൻ ജർമ്മനിയേയും വിഭജിച്ചുകൊണ്ട് കിഴക്കൻ ജർമ്മനിയിലെ കമ്മ്യൂണിസ്റ്റ് ഭരണംകൂടം കെട്ടിപ്പൊക്കിയ ''ബെർലിൻ മതിൽ'' ജനങ്ങൾ ഇടിച്ചുനിരത്തിയതും, 1989 ലെ സോവിയറ്റ് യൂണിയന്റെ പതനവും, കിഴക്കൻ യൂറോപ്പിലെ ഭരണകൂടങ്ങളുടെ തകർച്ചയും ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർടി സ്വീകരിച്ച മുതലാളിത്ത നയങ്ങളും കമ്മ്യൂണിസത്തിലുള്ള എന്റെ വിശ്വാസത്തെ പിടിച്ചുലച്ചു. സി.പി.ഐ.(എം) നെ ബാധിച്ച ജീർണ്ണതയും അതിലെ ഗ്രൂപ്പു യുദ്ധങ്ങളും എന്നിൽ മടുപ്പ് ഉളവാക്കിയിരുന്നു. കമ്മ്യൂണിസം മനുഷ്യനന്മയ്ക്ക് ഉതകുന്നതല്ലെന്നും അതിന്റെ സിദ്ധാന്തവും പ്രയോഗവും തമ്മിൽ പൊരുത്തക്കേടുണ്ടെന്നും ഞാൻ സംശയിച്ചു തുടങ്ങി. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തോടും സി.പി.ഐ.(എം) നോടും എനിക്കുണ്ടായിരുന്ന പ്രതിബദ്ധതയ്ക്കും മങ്ങലേറ്റു. ഞാൻ സ്വത്വപ്രതിസന്ധിയിലായി.

ഈ പ്രതിസന്ധിയിൽ നിന്നും മോചനം നേടാൻ പുതിയൊരു പാത എനിക്ക് വെട്ടിത്തുറക്കേണ്ടതായിട്ടുണ്ടായിരുന്നു. ആദ്യം എന്റെ ശ്രദ്ധ തിരിച്ചു വിട്ടത് ഞാൻ പഠിച്ച ഭൗതികത്തിലേയ്ക്കായിരുന്നു. പ്രപഞ്ച ശാസ്ത്ര പഠനത്തിൽ താൽപ്പര്യമെടുത്തു. ഇതിന്റെ ഫലമായി ഞാൻ രചിച്ച രണ്ടു പുസ്തകങ്ങളാണ് ''സ്റ്റീഫൻ ഹോക്കിംങിന്റെ പ്രപഞ്ചം, ''പ്രപഞ്ചം'' എന്നിവ. ഈ പുസ്തകങ്ങൾ

ക്ക് അസാധാരണമായ സ്വീകാര്യതയാണ് വായനക്കാരിൽ നിന്നും ലഭിച്ചത്. ഞാൻ ശാസ്ത്രത്തിലേക്കും ശാസ്ത്രദർശനത്തിലേക്കും ഭാരതീയ ദർശനത്തിലേയ്ക്കും എന്റെ ശ്രദ്ധ തിരിച്ചുവിട്ടു. 2001 ഡിസംബറിൽ ''ഭൗതികത്തിനപ്പുറം'' എന്ന കൃതി ഡിസിബുക്സ് പ്രസിദ്ധീകരിച്ചു. ആധുനിക ഭൗതിക (Modern Physics) ത്തിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന ദർശനങ്ങൾക്ക് ഉപനിഷദ് ദർശന ങ്ങളുമായി സമാനതയുണ്ടെന്ന് വ്യക്തമാക്കാനാണ് ഞാൻ ഇതിൽ ശ്രമിച്ചിട്ടുള്ളത്. ഈ പുസ്തകം എന്റെ ബോധത്തിൽ ഉണ്ടായ ഒരു വിപ്ലവമായിരുന്നു. ഒരു ക്വാണ്ടം ചാട്ടം. ഭൗതിക വാദത്തിൽ നിന്നും ആത്മീയതയിലേക്കുള്ള എന്റെ രൂപാന്തരണമായിരുന്നു ഇത്. ''ഭൗതികത്തിനപ്പുറത്തിന്'' കേരള സാഹിത്യ അക്കാദമി എൻ ഡോവ്മെന്റ് അവാർഡ് ലഭിക്കുകയുണ്ടായി. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തെ തുടർന്ന് ഞാൻ പാർട്ടിക്ക് അനഭിമതനാകാൻ തുടങ്ങി. ഞാൻ പുസ്തകരചനയിൽ വ്യാപൃതനായി. 2005 ജനുവ രി 5 ന് ഞാൻ പാർട്ടിയോട് വിട പറഞ്ഞു.

മുപ്പത്തിമൂന്നുവർഷമായി ഞാൻ പ്രവർത്തിച്ചുവന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഉപേക്ഷിക്കുന്നത് എനിക്ക് വേദനാജനകമായിരുന്നു. ജില്ലയിലെ പാർട്ടി പ്രവർത്തകരുമായും തൊഴിലാളികളുമായും എനിക്കുണ്ടായിരുന്ന ജൈവബന്ധം അതിശക്തമായിരുന്നു. പാർട്ടി ബന്ധം ഉപേക്ഷിച്ചതിനുശേഷം ഞാൻ ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗമായില്ല. എഴുത്തും വായനയുമായി എന്റെ ഭാര്യ സുമംഗല യോടൊപ്പം തികച്ചും സമാധാനപരമായ ജീവിതം നയിക്കുന്നു.

ഈ പുസ്തകരചനയ്ക്ക് സഹായിച്ച പ്രൊഫ.എൻ.പി.രാജേ ന്ദ്രനോടും പ്രൊഫ.ശിവകുമാറിനോടും,ഇതിന്റെ പ്രസിദ്ധീകരണം ഏറ്റെടുക്കുവാൻ സന്നദ്ധനായ കേരളത്തിലെ പ്രമുഖ പ്രസാധക നായ ശ്രീ.ജയരാജൻ, കോഴിക്കോടിനോടും എന്റെ അകൈതവ മായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

**പി.കേശവൻ നായർ**

കൊല്ലം.

# നിലത്തെഴുത്ത്

കൊല്ലം നഗരത്തിന്റെ ഹൃദയഭാഗത്ത് അമ്മമാർക്കും കുഞ്ഞുങ്ങൾക്കും സാന്ത്വനവും ശുശ്രൂഷയും നല്കിക്കൊണ്ടിരിക്കുന്ന മഹാസ്ഥാപനമാണ് വിക്ടോറിയ ആശുപത്രി. ബ്രിട്ടീഷുകാരാണ് ഈ ആശുപത്രി സ്ഥാപിച്ചത്. ബ്രിട്ടീഷ് സാമ്രാജ്യം അടക്കിവാണ വിക്ടോറിയ രാജ്ഞി (എ.ഡി. 1837- 1901) യുടെ ഭരണത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി സ്ഥാപിച്ചതാണ് ഇത്. അവിടെയാണ് 1119 കർക്കിടക മാസത്തിലെ ചിത്തിരനക്ഷത്രത്തിൽ ( 1944 ജൂലൈ 17) എന്റെ അമ്മ, അമ്മുക്കുട്ടിഅമ്മ, എന്നെ പ്രസവിച്ചത്. പ്രസവസമയത്ത് എന്റെ അച്ഛൻ അടുത്ത് ഉണ്ടായിരുന്നില്ല. കൊല്ലത്തു നിന്നും 25 കിലോ മീറ്റർ അകലെയുള്ള വെളിയം ഗ്രാമത്തിലായിരുന്നു അദ്ദേഹം. അക്കാലത്ത് വിവര വിനിമയത്തിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. ആളുകളെ കാൽനടയായോ കാളവണ്ടിയിലോ സൈക്കിളിലോ വിട്ടുവേണം സന്ദേശങ്ങൾ കൈമാറാൻ. ഞാൻ ജനിച്ച വിവരം അച്ഛൻ അറിയുന്നത് ഒരു ദിവസം കഴിഞ്ഞായിരുന്നു. രണ്ടുദിവസം കഴിഞ്ഞേ അദ്ദേഹത്തിന് എന്നെ കാണാൻ കഴിഞ്ഞുള്ളൂ. അന്ന് കൊല്ലം -ചിതറ റോഡ് ഇല്ലായിരുന്നു. കൊല്ലത്തുനിന്നും വെളിയത്ത് പോയിരുന്നത് കൊട്ടാരക്കര വഴിയോ ഇത്തിക്കര വഴിയോ ആയിരുന്നു.

കൊല്ലം തേവള്ളിയിലെ എന്റെ തറവാടിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മൂലകുടുംബം കുണ്ടറ *ഇലഞ്ഞിവേലി* തറവാടാണ്. ഇലഞ്ഞിവേലി തറവാട്ടിലെ ഒരു തായ്‌വഴിയിലുള്ള സന്തതി പരമ്പരയിൽപെട്ട രണ്ടു കുടുംബങ്ങൾ കൊല്ലത്തുണ്ട്. അതിൽ ഒന്നാണ് എന്റെ കുടുംബവീടായ *ഐക്യരഴികത്ത്.* ഞങ്ങളുടെ കുടും

ബക്ഷേത്രം ഇളമ്പള്ളൂർ ദേവീക്ഷേത്രമാണ്. ഈ ക്ഷേത്രത്തിന്റെ മൂലസ്ഥാനം കേരളപുരത്തിനടുത്തുള്ള ഇലഞ്ഞിവേലികാവാണ്. ഇളമ്പള്ളൂർക്ഷേത്രം വേണാട്ടുരാജാവായിരുന്ന വീരഉദയ മാർത്താണ്ഡവർമ്മയുടെ കാലം (എ.ഡി. 1314- 1344) മുതലുള്ളതാണ്. ഇലഞ്ഞിവേലിക്കൽ തറവാട്ടിലെ ഒരു കാരണവർ വേണാട് ഭരിച്ചിരുന്ന ഉമയമ്മറാണിയുടെ സൈന്യാധിപനായിരുന്നു. ഈ കുടുംബത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്വകാര്യക്ഷേത്രമാണ് ഇളംമ്പള്ളൂർ. ഞങ്ങളുടെ കുടുംബാംഗങ്ങൾ കാലാകാലങ്ങളിൽ ഇവിടെ നേർച്ച നടത്താറുണ്ട്.

പ്രശസ്ത ബ്രിട്ടീഷ് എഴുത്തുകാരനായിരുന്ന ഡോ. റോമ്പിൻ ജെഫ്രി "നായർ മേധാവിത്വത്തിന്റെ പതനം" എന്ന കൃതിയിൽ 1847 മുതൽ 1909 വരെയുള്ള നായർ കുടുംബങ്ങളെക്കുറിച്ച് പറഞ്ഞ എല്ലാ ലക്ഷണങ്ങളും എന്റെ തറവാടിനും ബാധകമായിരുന്നു. നായർ കുടുംബങ്ങളിൽ മരുമക്കത്തായമായിരുന്നു നിലനിന്നിരുന്നത്. ഇത് നായർ സമുദായത്തിന്റെ പതനത്തിന് സഹായിച്ച ഒരു പ്രധാന ഘടകമായിരുന്നു. മരുമക്കത്തായം നിലനിന്നിരുന്ന സമുദായങ്ങളിൽ മക്കളെ സംരക്ഷിക്കാനുള്ള ബാദ്ധ്യത അച്ഛന് ഉണ്ടായിരുന്നില്ല. അമ്മാവന്മാർക്കായിരുന്നു കുടുംബത്തിന്റെ ചുമതല. മരുമക്കത്തായത്തിൽ സ്വത്തവകാശം അനന്തിരവർക്കായിരുന്നു.

അമ്മയുടെ അച്ഛൻ പ്രശസ്തനായ തെക്കേക്കര പാർവത്യാരെ *അധികാരി* എന്നാണ് വിളിച്ചിരുന്നത്. സാധാരണക്കാർ *അങ്ങത്തെ* എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. വലിയ അധികാരമാണ് അവർക്ക് ഉണ്ടായിരുന്നത്. തന്റെ വില്ലേജിലെ ഭൂമി പതിച്ചു നല്കുന്നതിനും പതിവ് റദ്ദ് ചെയ്യുന്നതിനും, കുറ്റം ചെയ്യുന്നവരെ ഒരു രൂപാവരെ പിഴ അടപ്പിക്കുന്നതിനും അധികാരമുണ്ടായിരുന്നു. അമ്മയുടെ അച്ഛൻ പ്രതാപിയായിരുന്നെങ്കിലും മക്കളുടെ കാര്യമൊന്നും നോക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ സമ്പാദ്യമൊന്നും അമ്മയുടെ കുടുംബത്തിന് ലഭിച്ചതുമില്ല.

അമ്മയുടെ കുടുംബത്തിലെ കാരണവർ (വലിയമ്മാവൻ) പരമേശ്വരൻപിള്ള തിരുവിതാംകൂർ സർവ്വീസിലെ രെജിസ്ട്രാറായിരുന്നു. അദ്ദേഹം ഈശ്വരഭക്തനും പൊതുകാര്യപ്രസക്തനും ഉദാരമതിയു

മായിരുന്നുവെന്നാണ് അമ്മ പറഞ്ഞിട്ടുള്ളത്. ഒരുകാലത്ത് ഐക്യ രഴികത്ത് തറവാട്ടിന്റെ ഭൂമി കൊല്ലം ഗവൺമെന്റ് ഹൈസ്കൂളിന് പടിഞ്ഞാറുവശമുള്ള വിസ്തൃതമായ പ്രദേശമായിരുന്നു. കാരണ വരുടെ മരണശേഷം കുടുംബം സാമ്പത്തികമായി ദുർബ്ബലമായി. ജീവിക്കാൻവേണ്ടി പുരയിടങ്ങളും ജംഗമവസ്തുക്കളും ഒന്നൊന്നായി വിറ്റു. അമ്മയുടെ കുട്ടിക്കാലത്ത് കുടുംബം ദാരിദ്ര്യത്തിന്റെ പിടിയിലായി. വീട്ടിലെ സാമ്പത്തിക പ്രയാസം മൂലം അമ്മയുടെ ചേച്ചിയുടെ മക്കൾ പട്ടാളത്തിൽ ചേർന്നു. അന്ന് രണ്ടാം ലോക മഹായുദ്ധം നടക്കുകയായിരുന്നു. ഒരാൾ മദ്രാസ് റെജിമെന്റിലും മറ്റൊരാൾ നാവികസേനയിലും. നാവികസേനയിൽ ചേർന്ന ആൾക്ക് യുദ്ധത്തിൽ ഒരു കാൽ നഷ്ടപ്പെട്ടു. ദാരിദ്ര്യത്തിൽ നിന്നും അല്പം മോചനം ലഭിച്ചത് അമ്മയുടെ മൂത്ത സഹോദരന് ജോലി കിട്ടിയപ്പോഴായിരുന്നു.

അമ്മയുടെ സഹോദരൻ എ.പി. ഗോപാലപിള്ളയ്ക്ക് കൊല്ലം ഗവൺമെന്റ് ഹൈസ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപകനായിട്ടാണ് നിയമനം ലഭിച്ചത്. അദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹം പ്രസസ്തനായി. ഇത് അക്കാലത്തെ കൊല്ലത്തെ ഏറ്റവും സമ്പന്നമായ സാരസ്വതബ്രാഹ്മണ കുടുംബമായ ഹൂണൻഭട്ടരുടെ വീട്ടിലെ ട്യൂഷൻ മാസ്റ്ററായി ജോലി കിട്ടുന്നതിന് ഇടയാക്കി. കൊല്ലത്തെ ആദ്യത്തെ പുകയില മൊത്തവ്യാപാരി ഹൂണൻഭട്ടർ (നാഗേന്ദ്രകൃഷ്ണ ഭട്ടർ) ആയിരുന്നു. ഹൂണൻഭട്ടരുടെ മക്കളായിരുന്നു പത്മശ്രീ ഡോക്ടർ കെ.എൻ.പൈയും തുരുവനന്തപുരം കോർപ്പറേഷൻ കമ്മിഷണറായിരുന്ന വെങ്കിടേശ്വര പൈയും. ഇവരുടെ ട്യൂഷൻമാസ്റ്ററായിരുന്നു എ.പി.ഗോപാലപിള്ള. അദ്ദേഹത്തിന്റെ മരണം വരെ നീണ്ടുനിന്നു ആ ഗുരുശിഷ്യബന്ധം. ഈ ബന്ധം സാരസ്വതബ്രാഹ്മണരുമായി ഞങ്ങളെ അടുപ്പിച്ചു.

അക്കാലത്തെ കൊല്ലത്തെ പ്രമുഖവ്യാപാരികൾ ഗൗഡസാരസ്വതബ്രാഹ്മണരായിരുന്നു. പുകയില കച്ചവടത്തിന്റെയും ഹുണ്ടിക വ്യാപാരത്തിന്റെയും കുത്തക അവർക്കായിരുന്നു. പതിനാറാം ശതകത്തിൽ പോർട്ടുഗീസുകാർ ഗോവയിൽ നടത്തിയ നിർബന്ധിത മതപരിവർത്തനവും മതപീഡനവും സഹിക്കാൻ വയ്യാതെ കൊല്ലത്ത് അഭയം പ്രാപിച്ചവരാണ് ഇവിടുത്തെ സാരസ്വതബ്രാഹ്മണർ.

അവരെ *കൊങ്കണികൾ* എന്നാണ് വിളിച്ചിരുന്നത്. അവർ അവരോടൊപ്പം കൊണ്ടുവന്നവരാണ് കുടുംബികൾ. ഇവർ കൊങ്കണിമാരുടെ വീട്ടിലെ ജോലിക്കാരായിരുന്നു. എന്റെ വീട്ടിന്റെ പരിസരത്ത് താമസിക്കുന്നവരിൽ ഏറ്റവും കൂടുതലുള്ളത് കൊങ്കണികളും കുടുംബികളുമാണ്. കുടുംബികൾ ഇപ്പോൾ എല്ലാ ജാതിക്കാരുടേയും വീടുകളിൽ ജോലിക്ക് പോകുന്നുണ്ട്. വലിയ സാമൂഹ്യപുരോഗതിയൊന്നും അവർക്ക് ഇപ്പോഴും ഉണ്ടായിട്ടില്ല.

അച്ഛന്റെ തറവാട് വെളിയം പണ്ടാരഴികമായിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള തറവാടായിരുന്നു പണ്ടാരഴികവും. ദീർഘകാലം എം.എൽ.എ യും തിരുകൊച്ചി നിയമസഭാസ്പീക്കറുമായിരുന്ന വി.ഗംഗാധരന്റെ ജന്മഗൃഹവും ഇതാണ്. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിന് ഈ വീട് പുരാവസ്തു വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. വെളിയത്തിന് ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ടെന്നാണ് പ്രശസ്ത ചരിത്രകാരനായ ശ്രീധരമേനോൻ പറയുന്നത്. വെളിയം എന്നു പേരുവരാൻ കാരണം ആയ് രാജവംശത്തിന്റെ രാജാവായിരുന്ന വെളിയന്റെ തലസ്ഥാനമായിരുന്നു എന്നതുകൊണ്ടാണ്. സംഘകൃതികളിൽ വെളിയനെപ്പറ്റി പരാമർശമുണ്ട്.

വീടിന്റെയും പറമ്പിന്റെയും ചുറ്റുപാടുമുള്ള ലോകത്തെക്കുറിച്ചുള്ള ചില കുട്ടിക്കാല ഓർമ്മകൾ തെളിഞ്ഞു വരുന്നുണ്ട്. എനിക്ക് മൂന്നുവയസ്സുള്ളപ്പോഴാണ് എന്റെ അനുജത്തി താരയെ അമ്മ പ്രസവിച്ചത്. അമ്മ അവളെ തൊട്ടിലിലിട്ട് താരാട്ടുപാടി ഉറക്കുന്നതാണ് കുട്ടിക്കാലത്തെ ഓർമ്മയിൽ ആദ്യത്തേത്. ഓർമ്മയിൽ വരുന്ന മറ്റുചില കാര്യങ്ങൾ പ്രതിപാദിക്കട്ടെ. സന്ധ്യയാകുമ്പോൾ പൂമുഖത്ത് നിലവിളക്ക് കത്തിച്ചുവയ്ക്കുമായിരുന്നു. അതിന്റെ മുന്നിലിരുന്ന് അമ്മയും ഞാനും സന്ധ്യാനാമം ചെല്ലുമായിരുന്നു. അക്കാലത്ത് പട്ടണത്തിലെ അപൂർവം വീടുകളിലായിരുന്നു വിദ്യുച്ഛക്തിയുണ്ടായിരുന്നത്. ഞങ്ങളുടെ വീട്ടിൽ വൈദ്യുതി ഇല്ലായിരുന്നു. മണ്ണെണ്ണ കൊണ്ടും എണ്ണ കൊണ്ടും കത്തിക്കുന്ന വിളക്കുകളായിരുന്നു. ചിമ്മിനി വിളക്കും മൊട്ടവിളക്കും റാന്തലുമായിരുന്നു വെളിച്ചം നല്കിയിരുന്നത്.

കുട്ടികൾ വെളിക്കിറങ്ങിയിരുന്നത് പുരയിടത്തിലായിരുന്നു. കുളി കിണറ്റുകരയിലും. പല്ലുതേപ്പ് ഉമിക്കരി കൊണ്ടും. കുട്ടിക്കാലത്തെ എന്റെ ഒരു വിനോദം വീട്ടിന്റെ പുറംചുമരുകൾക്ക് ചുറ്റുമുള്ള കുഴിയാനയെ പിടിക്കലും അതിനെക്കൊണ്ട് പടംവരപ്പിക്കലുമായിരുന്നു. എന്നെ കൂടുതൽ വിഭ്രമിപ്പിച്ചിട്ടുള്ളത് ചിത്രശലഭങ്ങളും തുമ്പികളുമായിരുന്നു. ചിത്രശലഭങ്ങൾക്ക് പിന്നാലെ ഓടുക തുമ്പിയെ കൊണ്ട് കല്ലെടുപ്പിക്കുക എന്നിവ എന്റെ വിനോദങ്ങളായിരുന്നു. കാക്കകൾ വീട്ടിനടുത്ത് വന്നിരിക്കുമ്പോൾ

കാക്കേ കാക്കേ കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ
കുഞ്ഞിനു തീറ്റി കൊടുക്കാഞ്ഞാൽ
കുഞ്ഞുകിടന്ന് കരയില്ലേ

എന്ന് അമ്മ പഠിപ്പിച്ച പാട്ട് കാക്കയെ നോക്കി പാടുമായിരുന്നു.

അണ്ണാറക്കണ്ണനോട് വലിയ ഇഷ്ടമായിരുന്നു. അതിനെ പിടിക്കാൻ ഓടുമായിരുന്നു. ഏറ്റവും പ്രിയപ്പെട്ട പക്ഷി കുയിലായിരുന്നു. അതു കൂവുമ്പോൾ ഞാനും കൂവുമായിരുന്നു. തത്തയും മൈനയും ഉപ്പനും ഞങ്ങളുടെ പുരയിടത്തിലെ മരങ്ങളിൽ വന്നിരിക്കുമായിരുന്നു. മൂങ്ങയെ വല്ലപ്പോഴുമേ കണ്ടിരുന്നുള്ളൂ. കുട്ടിക്കാലത്ത് അട്ടയേയും ആട്ടാംപുഴുവിനെയും പഴുതാരയെയും ചിലന്തിയേയും പാമ്പിനേയും പേടിയായിരുന്നു. കുരങ്ങിനെ കയറിൽ കെട്ടിക്കൊണ്ടുവരുന്ന മലംപണ്ടാരത്തെ എനിക്കിഷ്ടമായിരുന്നു. *ചാടികളിക്കെടാ കുഞ്ഞിരാമാ* എന്നു പറഞ്ഞ് കുരങ്ങനെകൊണ്ട് കളിപ്പിക്കുമായിരുന്നു.

വീട്ടുപുരയിടത്തിലെ ഏറ്റവും ഇഷ്ടപ്പെട്ട ചെടി എരുക്കായിരുന്നു. അപ്പൂപ്പൻതാടി എരുക്കിന്റെ കായിൽ നിന്നാണ് വന്നിരുന്നത്. അതിന്റെ പിന്നാലെയുള്ള ഓട്ടം രസകരമായിരുന്നു. കുട്ടിക്കാലത്തെ അത്ഭുതങ്ങളിൽ പ്രധാനമായിരുന്നു തൊട്ടാവാടിച്ചെടി. ഈ ചെടിയുടെ ഇലകളിൽ തൊട്ടാൽ ചെടിയാകെ കൂമ്പിക്കളയുമായിരുന്നു.

നാലാമത്തെ വയസിലായിരുന്നു എന്നെ എഴുത്തിനിരിത്തിയത്. അന്ന് വിജയദശമി ദിനമായിരുന്നു. എന്റെ അച്ഛന്റെ ബന്ധുവും ഹൈസ്കൂൾ അധ്യാപകനുമായിരുന്ന ഭാസ്കരൻനായർ സാറായി

രുന്നു എന്നെയും അദ്ദേഹത്തിന്റെ മകൻ മോഹനനെയും ഒരുമിച്ച് എഴുത്തിനിരിത്തിയത്. മോഹനൻ കൃഷിശാസ്ത്രജ്ഞനും ഞാൻ സാമൂഹ്യപ്രവർത്തകനുമായി. മലയാള അക്ഷരങ്ങൾ എന്റെ ചൂണ്ടുവിരൽ കൊണ്ട് അമ്മ മണലിൽ എഴുതിക്കുമായിരുന്നു. അക്കാലത്ത് ഇന്നത്തെപ്പോലെ പ്ലേസ്കൂളുകളോ പ്രീപ്രൈമറി സ്കൂളുകളോ അംഗൻവാടികളോ ഉണ്ടായിരുന്നില്ല. കുടിപ്പള്ളിക്കൂടങ്ങളാണ് ഉണ്ടായിരുന്നത്. എന്നെ അക്ഷരങ്ങളും വാക്കുകളും എഴുതി പഠിപ്പിച്ചത് കോട്ടയത്തു നിന്നും കൊല്ലത്തേക്ക് കുടിയേറിയ ഭാനുമതി ടീച്ചറായിരുന്നു. വാത്സല്യപൂർവ്വമായിരുന്നു അവർ പഠിപ്പിച്ചത്. അൻപത്തി ഒന്നക്ഷരങ്ങളും മനസ്സിൽ ഉറപ്പിച്ചത് അവരായിരുന്നു.

അവധി ദിവസങ്ങളിൽ ടീച്ചർ എന്നെയും അവരുടെ വീട്ടിലേക്ക് കൂട്ടികൊണ്ടുപോകുമായിരുന്നു. അവിടെ ചെല്ലുമ്പോൾ എന്റെ കൂട്ടുകാരി ടീച്ചറിന്റെ അന്ധയായ മകളായിരുന്നു. അവിടെ പക്ഷികളെയും മുയലുകളെയും വളർത്തിയിരുന്നു. ടീച്ചറിന്റെ കുടിലിന്റെ ചുറ്റുമുള്ള പരിസരം എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. കൊല്ലം - തേനി റോഡിൽ തേവള്ളിയിൽ അഞ്ച് ഏക്കർ വിസ്തൃതിയുള്ള ഒരു പുരയിടത്തിലാണ് ടീച്ചറും കുടുംബവും കുടിൽ കെട്ടി പാർത്തിരുന്നത്. പുരയിടത്തിന് ചുറ്റും വലിയ മതിലും ആർച്ച് രൂപത്തിലുള്ള കവാടവുമുണ്ടായിരുന്നു. ആർച്ചിൽ തിരുവിതാംകൂറിന്റെ ഔദ്യോഗിക ചിഹ്നമായ “ശംഖ് മുദ്ര” യുണ്ടായിരുന്നു. ഭൂപരിഷ്കരണ നിയമം വരുന്നതിന് മുൻപുതന്നെ അവരെ കുടിയൊഴിപ്പിച്ചിരുന്നു. ഇന്ന് അവിടെ പട്ടണത്തിലെ അതിസമ്പന്നരുടെ വീടുകളാണുള്ളത്. ടീച്ചർ താമസിച്ചിരുന്ന പുരയിടത്തിന്റെ തൊട്ടടുത്തായിരുന്നു നമ്മുടെ കരസേനയിലെ ആദ്യത്തെ മലയാളി ലെഫ്റ്റനന്റ് ജനറലായിരുന്ന എൻ.എസ്. നായരുടെ വീട്.

ബാലാരിഷ്ടകളിൽ നിന്നും എന്നെ രക്ഷിക്കാൻ അമ്മ എന്നെ ഓച്ചിറ പരബ്രഹ്മസന്നിധിയിൽ “എട്ടുകണ്ടമുരുളിച്ച” നടത്താമെന്ന് നേർന്നിരുന്നു. അവിടെ നടന്ന എന്റെ ഉരുളിച്ച ഇപ്പോഴും എന്റെ ഓർമ്മയിൽ നില്ക്കുന്നു. ഓച്ചിറക്ഷേത്രം പണ്ട് ഒരു ബുദ്ധവിഹാരകേന്ദ്രമായിരുന്നുവെന്നാണ് ഐതിഹ്യം. മുറിവുകൾക്കും മറ്റും മരുന്നായി ക്ഷേത്രത്തിൽ നിന്നും (ആൽത്തറ) നല്കുന്ന ചെളി പ്രസാദം ഇതാണ് സൂചിപ്പിക്കുന്നതെന്ന പ്രബലവിശ്വാസം നിലനി

ൽക്കുന്നുണ്ട്. ഓച്ചിറയ്ക്കടുത്തുള്ള മായയക്ഷികാവ് പഴമകാലത്തെ ബുദ്ധമതക്കാരുടെ ദേവാലയമായിരുന്നുവെന്ന വിശ്വാസവും ദൃഢമായി നിലനില്ക്കുന്നു. ഉത്സവവുമായി ബന്ധപ്പെട്ടുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും കെട്ടുകാളകളും ബുദ്ധമതസാന്നിദ്ധ്യമുണ്ടായിരുന്നതിന് തെളിവാണ്. ഭാരതത്തിലെ ക്ഷേത്രങ്ങളിൽ വ്യത്യസ്തമായ സവിശേഷതകൾ കൊണ്ട് ശ്രദ്ധേയമാണ് ഓച്ചിറ. വേലുത്തമ്പിദളവയാണ് ഓച്ചിറ ക്ഷേത്രം നവീകരിച്ചത്. ഇന്നുകാണുന്ന പ്രധാന ആരാധനാ കേന്ദ്രമായ ആൽത്തറകൾ രണ്ടും വേലുത്തമ്പി ദളവ പണികഴിപ്പിച്ചതാണ്. ഓച്ചിറയിൽ പ്രതിഷ്ഠയില്ല. ജാതിമതഭേദങ്ങളൊന്നും അവിടെ ബാധകമല്ല.അഞ്ചാമത്തെ വയസിൽ ഞാൻ മലയാളിമന്ദിരം സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നു.അച്ഛനാണ് എന്നെ സ്കൂളിൽ കൊണ്ടുപോയത്. ഖദർസഞ്ചിയുമായി ഷർട്ടും നിക്കറും ധരിച്ചാണ് സ്കൂളിൽ പോയത്. ഒരു കാലത്തെ അതിപ്രശസ്തമായ സ്കൂളായിരുന്നു ഇത്. അവിടെ ലോവർ പ്രൈമറിയും (എൽ.പി.എസ്) അപ്പർ പ്രൈമറിയും ഉണ്ടായിരുന്നു. പട്ടണത്തിലെ സമ്പന്നരുടെയും പാവങ്ങളുടെയും കുട്ടികൾ അവിടെ പഠിച്ചിരുന്നു. ഉദ്യോഗസ്ഥരും വക്കീലന്മാരും ഡോക്ടർമാരും അവരുടെ കുട്ടികളെ ഈ സ്കൂളിലാണ് പഠിക്കാൻ വിട്ടിരുന്നത്. പഠനകാര്യങ്ങളിലും പഠനേതരകാര്യങ്ങളിലും ഉന്നതനിലവാരം പുലർത്തിയിരുന്ന സ്കൂളായിരുന്നു ഇത്. മുഖ്യമന്ത്രിയായിരുന്ന ആർ.ശങ്കറിന്റെ മകൾ ശശികല എന്റെ മുകളിലത്തെ ക്ലാസിലും മകൻ മോഹനൻ എന്റെ താഴത്തെ ക്ലാസിലുമായിരുന്നു.

ഈ സ്കൂളിന് ഒരു ചരിത്രമുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ വിദ്യാസമ്പന്നരായ തിരുവിതാംകൂറുകാർക്ക് ഉയർന്ന സർക്കാരുദ്യോഗം നൽകാതെ വെളിയിൽ നിന്നും വിശേഷിച്ച് തമിഴ്ബ്രാഹ്മണരെ നിയമിക്കുന്ന സർക്കാർ നയങ്ങളോട് നാട്ടിലെ വിദ്യാസമ്പന്നർക്ക് കഠിനമായ എതിർപ്പുണ്ടായി. രാമയ്യൻ ദളവയുടെ കാലം തൊട്ട് ആരംഭിച്ചതായിരുന്നു തിരുവിതാംകൂറിലെ സർക്കാർ ലാവണങ്ങളിലേയ്ക്കുള്ള തമിഴ്ബ്രാഹ്മണരുടെ ഇരച്ചുകയറ്റം. അത് 19- ാം ശതകം മുഴുവൻ നീണ്ടുനില്ക്കുകയും ചെയ്തു.

തിരുവിതാംകൂറുകാരല്ലാത്തവരെ നിയമിക്കുന്ന നയത്തിനെതിരായി 1891 ജാനുവരിയിൽ മഹാരാജാവിന് സമർപ്പിച്ച നിവേദന

മായിരുന്നു "മലയാളി മെമ്മോറിയൽ". ജനരോഷം അതിൽ പ്രതിഫലിച്ചിരുന്നു. നാനാജാതിമതസ്ഥരായ 10000 ആളുകൾ ഒപ്പിട്ടു. മലയാളിമെമ്മോറിയലിന്റെ പിന്നിലെ ബുദ്ധികേന്ദ്രം ദേശാഭിമാനി ബാരിസ്റ്റർ ജി.പി.പിള്ളയായിരുന്നു. ജി.പി.പിള്ളയുടെ ആദ്യകാല രാഷ്ട്രീയ പ്രവർത്തനത്തിന്റെ കേന്ദ്രം കൊല്ലമായിരുന്നു. മെമ്മോറിയലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സമ്മേളനങ്ങൾ കൂടിയിരുന്ന കെട്ടിടത്തെയാണ് മലയാളിമന്ദിരം എന്ന് വിളിച്ചത്. മലയാളിമെമ്മോറിയലിന് നേതൃത്വം നൽകിയവർ പിന്നീട് ഇവിടെ ഒരു സ്കൂൾ സ്ഥാപിച്ചു. നാട്ടുകാരുടെ കമ്മിറ്റിയായിരുന്നു സ്കൂളിന്റെ ഭരണം നിർവ്വഹിച്ചിരുന്നത്. അടുത്തകാലത്ത് അവർ സ്കൂൾ എൻ.എസ്സ്.എസിന് വിട്ടുകൊടുത്തു. അതോടെ ഈ സരസ്വതീക്ഷേത്രത്തിന്റെ കഷ്ടകാലം തുടങ്ങി. ഇപ്പോൾ ഇവിടെ അൻപതിൽ താഴെ കുട്ടികളേയുള്ളു. തിരുവിതാംകൂറിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ തുടക്കം മലയാളിമെമ്മോറിയലിൽ നിന്നായിരുന്നു. ആ പ്രക്ഷോഭം ജനങ്ങളുടെ രാഷ്ട്രീയബോധം ഉയർത്തി. അത് ഈഴവമെമ്മോറിയലിന് മാർഗ്ഗദർശനമാകുകയും ചെയ്തു.

ഞാൻ സ്കൂളിൽ ചേർന്ന ദിവസം ഇന്നലത്തെ പോലെ ഓർക്കുന്നു. ഞാനും അച്ഛനും ആദ്യം ഹെഡ്മിസ്ട്രസിന്റെ (ഒന്നാം സാർ) മുറിയിലേക്കാണ് പോയത്. ഹെഡ്മിസ്ട്രസ് പൊന്നമ്മസാറായിരുന്നു. അവർ പ്രൗഢയും സുന്ദരിയുമായിരുന്നു. അച്ഛന്റെ തൊഴിലും എന്റെ സ്വഭാവവുമൊക്കെ അവർ തിരക്കി. ഒന്നാം ക്ലാസിലേക്ക് പ്രവേശനാനുമതി നൽകി. ഒരാഴ്ച കഴിഞ്ഞ് ഒന്നാം ക്ലാസിൽ പോകാൻ തുടങ്ങി. അതിവിശാലമായ ഒരു പുരയിടത്തിലായിരുന്നു സ്കൂൾ സ്ഥിതി ചെയ്തിരുന്നത്. വളരെ വലുതായിരുന്നു സ്കൂൾ കെട്ടിടം. കെട്ടിടത്തിന്റെ പുറംഭാഗത്ത് നാലുകെട്ടിന്റെ രൂപത്തിൽ വരാന്തകളുണ്ടായിരുന്നു. ലോവർ പ്രൈമറി സ്കൂൾ വരാന്തകളിലായിരുന്നു. വേർതിരിക്കാത്ത ക്ലാസ്സുകളുമായിരുന്നു അവിടെ ഉണ്ടായിരുന്നത്. വലിയ ക്ലാസുകളിൽ മാത്രമേ ഡെസ്ക്കുകൾ ഉണ്ടായിരുന്നുള്ളു. ദോശക്കല്ല് പോലത്തെ ഒരു ഓട്ടു തളികയിൽ സ്കൂളിലെ ശിപായി ഒരു കമ്പിക്കൊണ്ട് തട്ടി ശബ്ദമുണ്ടാക്കിയായിരുന്നു മണിയടിച്ചിരുന്നത്.

ഒന്നാം ക്ലാസിൽ ചെന്നിരുന്നു കഴിഞ്ഞപ്പോൾ ഹാജർ വിളിച്ചു.

ക്ലാസിൽ ബ്ലാക്ക് ബോർഡ് ഉണ്ടായിരുന്നു. ചോക്ക് കൊണ്ടാണ് ടീച്ചർ എഴുതിയിരുന്നത്. ഒന്നാം ക്ലാസിലെ കുട്ടികൾ എഴുതിയിരുന്നത് സ്ലേറ്റിലായിരുന്നു. സാവിത്രി ടീച്ചറായിരുന്നു ഒന്നാം ക്ലാസിലെ എല്ലാ ഡിവിഷനിലും പഠിപ്പിച്ചിരുന്നത്. അവർ സൗമ്യയും ശാന്തയുമായിരുന്നു. കുട്ടികൾക്ക് പഠനത്തോട് താല്പര്യമുണ്ടാകുവാൻ അവർ കുഞ്ഞിക്കവിതകൾ ചൊല്ലി പഠിപ്പിക്കുമായിരുന്നു.

ഒന്നാനാം കൊച്ചുതുമ്പി
എന്റെ കൂടെ പോരുമോ നീ
നിന്റെ കൂടെ പോന്നാലോ
എന്തെല്ലാം തരുമെനിക്ക്
കളിപ്പാനോ കളം തരുവോൻ
കുളിപ്പാനോ കുളം തരുവോൻ
ഇട്ടിരിപ്പാൻ പൊൻതടുക്ക്
ഇട്ടുണ്ണാൻ പൊൻതളിക
കൈകഴുകാൻ വെള്ളിക്കിണ്ടി
കൈതോർത്താൻ വെള്ളപ്പട്ട്

ഒന്നാം ക്ലാസിൽ അക്ഷരങ്ങളും കൂട്ടക്ഷരങ്ങളും ഒന്നുമുതൽ നൂറുവരെയും നൂറുമുതൽ കീഴ്പ്പോട്ട് ഒന്നു വരെ എണ്ണുന്നതിനുമായിരുന്നു പഠിപ്പിച്ചത്. രണ്ടാം ക്ലാസിലെ ടീച്ചറെ ഓർമ്മ വരുന്നില്ല. രണ്ടാം ക്ലാസിൽ കൂട്ടാനും കുറയ്ക്കാനും അക്കത്തിലുള്ള സംഖ്യകളെ അക്ഷരത്തിൽ എഴുതാനുമാണ് പരിശീലിപ്പിച്ചത്. മൂന്നാം ക്ലാസിലാണ് ഗുണനപട്ടിക പഠിക്കാൻ തുടങ്ങിയത്. അത് കാണാതെ പഠിക്കണമെന്ന് നിർബന്ധമായിരുന്നു. 1 മുതൽ 16 വരെയാണ് പഠിക്കേണ്ടിയിരുന്നത്. വീട്ടിൽ അച്ഛനും അമ്മാവനും അമ്മയും ഗുണനപട്ടിക ചൊല്ലാൻ പറയുമായിരുന്നു. ഗുണനപട്ടിക മനസ്സിൽ ഉറയ്ക്കുന്ന കുട്ടിക്ക് കണക്ക് വളരെ എളുപ്പമായിരിക്കും. മൂന്നാം ക്ലാസിലാണ് ഇരട്ടവരബുക്കിൽ മലയാളംവാക്കുകൾ എഴുതിച്ചത്. കൈയക്ഷരം മെച്ചപ്പെടുത്തുന്നതിനായിരുന്നു ഇത്.

മൂന്നാം ക്ലാസിൽ പഠിക്കുമ്പോഴായിരുന്നു അച്ചുകുത്ത്. വസൂരി വരാതിരിക്കാനുള്ള കുത്തിവെയ്പ്പായിരുന്നു ഇത്. അച്ചുകുത്തിയപ്പോൾ എന്റെ കൂട്ടുകാരിൽ ചിലർ കരഞ്ഞെങ്കിലും ഞാൻ കരഞ്ഞില്ല.

അച്ചുകുത്തിയ സ്ഥലം പഴുത്തപ്പോൾ പനി വന്നു. മുറിവുണങ്ങാൻ രണ്ടാഴ്ചയെടുത്തു. അന്ന് സ്കൂൾ മൈതാനത്ത് കിട്ടുന്ന സാധനങ്ങൾ പെറുക്കിയെടുത്ത് സൂക്ഷിക്കുന്ന പതിവുണ്ടായിരുന്നു. പൊട്ടിയ വള, ഒടിഞ്ഞ പെൻസിലുകൾ, ഗോലികൾ,റബ്ബർ കഷണങ്ങൾ എന്നിവയൊക്കെ പെറുക്കിയെടുക്കുമായിരുന്നു. പൊട്ടിയ വളചില്ലുകൾ മണ്ണെണ്ണ വിളക്കിൽ പിടിച്ച് വളച്ച് മാലയാക്കുമായിരുന്നു.

നാലാം ക്ലാസ്സിൽ പഠിക്കുമ്പോഴുണ്ടായ ഒരു പ്രധാന സംഭവം സ്കൂൾ ഇൻസ്പെക്ടറുടെ പരിശോധനയാണ്. പരിശോധനയക്ക് മുൻപ്തന്നെ ഇൻസ്പെക്ടർ വന്നാൽ എങ്ങനെ പെരുമാറണമെന്ന് ടീച്ചർ പറഞ്ഞിരുന്നു. ഇൻസപെക്ടർ ഞങ്ങളുടെ ക്ലാസ്സിൽ വന്ന് ചില ചോദ്യങ്ങൾ ചോദിച്ചു. കുട്ടികൾ അതിന് ശരിയുത്തരം നൽകി. അദ്ദേഹം സംതൃപ്തനായതുപോലെ തോന്നി.നാലാം ക്ലാസ്സുവരെ സ്ലേറ്റിലായിരുന്നു എഴുത്ത്. കറുത്തസ്ലേറ്റിൽ സ്ലേറ്റ് പെൻസിൽ കൊണ്ടെഴുതും. നീണ്ട സ്ലേറ്റ് പെൻസിൽ പല കഷണങ്ങളായി ഒടിഞ്ഞുപോകുമായിരുന്നു. കടപ്പുറത്തു നിന്നും കിട്ടിയിരുന്ന കടൽപന്നിയുടെ മുള്ളുപെൻസിലായി ഞാൻ ഉപയോഗിക്കുമായിരുന്നു. ഇതുകൊണ്ടെഴുതിയാൽ അക്ഷരങ്ങൾക്ക് നല്ല വടിവ് വരുമായിരുന്നു. സ്ലേറ്റിലെഴുതിയത് മായ്ക്കാൻ മഷിതണ്ട് എന്നൊരു ചെടിയായിരുന്നു ഉപയോഗിച്ചിരുന്നത്. ചെറിയ ക്ലാസ്സുകളിൽ പരീക്ഷ എഴുതുന്നതും അധ്യാപകർ മാർക്കിടുന്നതും സ്ലേറ്റിലായിരുന്നു.

പ്രൈമറി ക്ലാസ്സുകളിൽ തിരുവിതാംകൂർ രാജാക്കന്മാരുടെ ഭരണപരിഷ്ക്കാരങ്ങൾ സിലബസിലുണ്ടായിരുന്നു. മാർത്താണ്ഡവർമ്മ, ധർമ്മരാജ, റാണി ഗൗരിലക്ഷ്മിഭായി, ഗൗരിപാർവ്വതിഭായി, സ്വാതിതിരുനാൾ ശ്രീമൂലം തിരുനാൾ ചിത്തിരതിരുനാൾ എന്നിവരുടെ പരിഷ്ക്കാരങ്ങളാണ് കുട്ടികൾക്ക് അധ്യാപകർ പറഞ്ഞുകൊടുത്തിരുന്നത്.

ക്ലാസ്സിൽ വികൃതി കാട്ടുന്നവരേയും പഠനകാര്യത്തിൽ വിമുഖത കാട്ടുന്നവരേയും ശിക്ഷിക്കുന്ന ഏർപ്പാടുണ്ടായിരുന്നു. കുട്ടികൾ അടികൊണ്ട് വളരണമെന്ന ചിന്ത അധ്യാപകരിലും രക്ഷിതാക്കളിലും നിലനിന്നിരുന്നു. എണീറ്റ് നിർത്തുക, ചൂരൽകൊണ്ട് അടി

ക്കുക എന്നിവയായിരുന്നു സാധാരണ ശിക്ഷകൾ. ശിക്ഷകൾക്കു പിന്നിൽ സദുദ്ദേശമായിരുന്നു ഉണ്ടായിരുന്നത്. മിക്ക ടീച്ചർമാരും വാത്സല്യനിധികളും അധ്യാപനത്തിൽ പ്രതിബദ്ധത പുലർത്തിയിരുന്നവരുമായിരുന്നു. ഇന്ന് ശിക്ഷനൽകുന്നതിനെകുറിച്ച് അധ്യാപകർക്ക് ആലോചിക്കാൻ പോലും കഴിയില്ല.

അവധി ദിവസങ്ങളിലും സ്കൂൾ വിട്ട് വരുമ്പോഴും ഞാനും കൂട്ടുകാരും മാവായമാവുകളിൽ കല്ലും കൊള്ളിയുംകൊണ്ട് എറിഞ്ഞ് മാങ്ങകൾ വീഴ്ത്തുമായിരുന്നു. സ്കൂളിന്റെ തൊട്ടടുത്ത പുരയിടത്തിലെ കർപ്പൂരമാവിലെ മാങ്ങയുടെ രുചി ഇന്നും നാക്കിൽ തങ്ങി നിൽക്കുന്നു. സ്കൂളിൽ പോയി വന്നാൽ കളിച്ചുമറിയുന്നതായിരുന്നു എന്റെ കുട്ടിക്കാലം. ഗോലികളി, കണ്ണ് പൊത്തിക്കളി, ഒളിച്ചുകളി, കള്ളനും പോലീസും കളി എന്നിവയായിരുന്നു പ്രധാനകളികൾ.

അക്കാലത്ത് ഇന്നത്തപ്പോലെ കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ ഉണ്ടായിരുന്നില്ല. വീടിനു ചുറ്റുമുള്ള വസ്തുക്കളെകൊണ്ട് നിർമ്മിച്ചതായിരുന്നു അന്നത്തെ കുട്ടികളുടെ കളിപ്പാട്ടങ്ങൾ. ഓലകൊണ്ട് ഓല പീപ്പി, ഓലപ്പാമ്പ്, ഓലപ്പന്ത്, ഓല ക്കണ്ണാടി, ഈർക്കിൽ കൊണ്ട് ഈർക്കിൽ പമ്പരം, പ്ലാവില കൊണ്ട് പ്ലാവില തൊപ്പി, കമുകിന്റെ പാളകൊണ്ട് പാളവണ്ടി, മടൽ കൊണ്ട് കാള, പഴയ സൈക്കിൾ ടയർ കൊണ്ട് വണ്ടി, കടലാസു വള്ളം വിമാനം എന്നിവയായിരുന്നു അവ.

കുട്ടിത്തംമാറി ബാല്യത്തിലേക്ക് കടക്കുമ്പോഴുണ്ടായിരുന്ന എന്റെ കൈയ്യിലെ ഒരു ഉപകരണമായിരുന്നു തെറ്റാടി. ഫോർക്ക് ആകൃതിയിലുള്ള പാലകമ്പിൽ കട്ടിയുള്ള റബ്ബർ ബാൻഡ് കെട്ടിയാണ് തെറ്റാടി ഉണ്ടാക്കിയിരുന്നത്. ഇതിൽ കല്ല് വച്ച് റബ്ബർബാൻഡ് വലിച്ചു വിട്ടാൽ എത്ര ഉയരത്തിലുള്ള മാങ്ങയും കശുമാങ്ങയും അമ്പഴങ്ങായും പേരക്കായും വീഴ്ത്താം. കാക്കയേയും പരുന്തിനേയും ഓടിക്കുന്നതിനുള്ള നല്ല ഉപകരണമായിരുന്നു ഇത്. കുടകമ്പി വളച്ച് ചരട് കെട്ടി അമ്പും വില്ലും ഉണ്ടാക്കുമായിരുന്നു. അമ്പെയ്ത് പക്ഷികളെ വീഴ്ത്താനും മൃഗങ്ങളെ നോവിക്കാനും കുളങ്ങളിലെ മത്സ്യങ്ങളെ പിടിക്കാനും കഴിയുമായിരുന്നു.

കപ്പലണ്ടിയും കപ്പലണ്ടി മിഠായിയും കടലയും ഐസ്ക്രീമും

കുട്ടിക്കാലത്തെ എന്റെ ദൗർബ്ബല്യമായിരുന്നു. അമ്മയോട് വഴക്കിട്ട് പൈസ വാങ്ങി കൊണ്ട് പോകുമായിരുന്നു. സ്കൂളിനു മുന്നിലെ കപ്പലണ്ടി കച്ചവടക്കാരി സരസമ്മയിൽ നിന്നും കപ്പലണ്ടിയും മറ്റു സാധനങ്ങളും വാങ്ങിയിരുന്നത്. സ്കൂളിന്റെ മുന്നിൽ അബ്ദുൽ റഹ്മാൻ എന്നൊരു ഐസ്ക്രീം കച്ചവടക്കാരൻ വരുമായിരുന്നു. 'ഐസ് മിഠായി', 'ഐസ് മിഠായി' എന്ന് അയാൾ വിളിച്ചുകൊണ്ടിരിക്കും. പ്രധാനമായും രണ്ടുതരത്തിലുള്ള ഐസ് മിഠായികളാണ് അയാളുടെ തകരപ്പെട്ടിയിൽ ഉണ്ടായിരുന്നത്. വെളുത്തതും ചുമന്നതും ഈർക്കിൽ പോലൊരു കമ്പിലാണ് ഐസ് മിഠായി ഉണ്ടാക്കിയിരുന്നത്. ഇന്നത്തെ കോളകളൊന്നും അന്ന് ഇല്ലായിരുന്നു.

ഓണം, വിഷു, ദീപാവലി, കാർത്തിക, നവരാത്രി എന്നിവ ആഘോഷങ്ങളായിരുന്നു. എനിക്ക് ഏറ്റവും പ്രധാനം ഓണമായിരുന്നു. ഓണത്തിനായിരുന്നു പുത്തൻ ഷർട്ടും നിക്കറും ലഭിച്ചിരുന്നത്. ഓണത്തിന് ഒരാഴ്ചക്കാലം അവധി ലഭിക്കുമായിരുന്നു. കുട്ടികൾ കൂട്ടത്തോടെ ഇരുന്ന് ഓണപ്പാട്ടുകൾ പാടുമായിരുന്നു. അതിൽ ഓർമ്മ വരുന്നത്.

ഓണം വന്നു കുടവയറ
ഓണം സദ്യയ്ക്ക് എന്തെല്ലാം
മത്തൻ കൊണ്ടൊരെരിശ്ശേരി
മാമ്പഴമിട്ട് പുളിശ്ശേരി
കാച്ചിയ മോര് നാരങ്ങാക്കറി
പച്ചടി കിച്ചടി അച്ചാറ്
പപ്പടമുണ്ട് പായസമുണ്ട്
ഉപ്പേരികളും പലതരമുണ്ട്.

ഓണത്തിന് നാലുദിവസം സദ്യയുണ്ടാകും. സദ്യയ്ക്ക് എല്ലാ ദിവസവും പായസമുണ്ടാകും. ഓണക്കാലം *അടിച്ചുപൊളിക്കു*മായിരുന്നു. എല്ലാത്തരം കളികളിലും ഏർപ്പെടുമായിരുന്നെങ്കിലും ഏറ്റവും പ്രിയപ്പെട്ടത് പട്ടം പറത്തലും ഊഞ്ഞാലാട്ടവും, കരടികളിയുമായിരുന്നു.

ഓണം കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട വിശേഷം വിഷുവായിരുന്നു. വിഷു വരാൻ ഞാൻ കാത്തിരിക്കുമായിരുന്നു. വർഷ

ത്തിൽ ഒരിക്കലാണ് ചെറിയ നാണയങ്ങൾ ലഭിക്കുന്നത്. വിഷു കണിയോടെയാണ് ആരംഭിക്കുന്നത്. കണികാണാൻ തലേദിവസം തന്നെ വിഷു കണിയൊരുക്കും. കൊന്നപ്പൂവ്, തേങ്ങ, ചക്ക, കണി വെള്ളരിക്ക, ശർക്കര, മലർ, പഴങ്ങൾ എന്നിവയാണ് കണിക്കുള്ള വസ്തുക്കൾ. പുലർച്ചെ കണിയുടെ മുന്നിൽ വിളക്ക് കത്തിക്കും. എഴുന്നേറ്റാലുടൻ നേരെപോയി കണികാണും. മീനവും മേടവും കന്നിയും തുലാമും സന്ധിക്കുന്ന സംക്രാന്തി ദിനങ്ങളാണ് വിഷു ദിനങ്ങൾ. സൂര്യൻ മദ്ധ്യരേഖയിൽ വരുന്ന സമയം.നന്മയുടേയും സമ്പൽസമൃദ്ധിയുടേയും ദിനം. കേരളത്തിലെ കാർഷികോത്സവമാണ് വിഷു. കാർഷിക സംസ്കൃതിയില്ലാതായതോടെ ഇപ്പോഴത്തെ വിഷു വെറും യാന്ത്രികമാണ്.

വൃശ്ചികമാസത്തെ കാർത്തിക എന്റെ കുട്ടികാലത്തെ മറ്റൊരു ആഘോഷമായിരുന്നു. കാർത്തികയ്ക്ക് വീടിനു ചുറ്റും ചെറിയ മൺചിരാതുകളിൽ എണ്ണയൊഴിച്ചു തിരിയിട്ടുകത്തിച്ചു വെയ്ക്കുമായിരുന്നു. മരവോട്ടിക്കായ് മുറിച്ച് അതിൽ തിരിയിട്ട് കത്തിച്ചുവെയ്ക്കുമായിരുന്നു. വാഴപോള പല നീളത്തിൽ മുറിച്ച് അതിനുള്ളിലും വശങ്ങളിലും കാർത്തികവിളക്ക് കത്തിച്ചു വെയ്ക്കുന്നത് കാണാൻ നല്ല ഭംഗിയായിരുന്നു. കുരുത്തോല കൊണ്ടും അലങ്കാരങ്ങളും ഉണ്ടാകും. ഈ വിളക്കുകൾ രാത്രിയാവോളം വെളിച്ചം പകർന്നു നിൽകും. കാർത്തികദിവസത്തെ പുഴുക്ക് ഓർമ്മയിൽ നിൽക്കുന്നു. കാച്ചിൽ, ചേന, ആനകിഴങ്ങ് ചേമ്പ്, മരച്ചീനി എന്നിവ പുഴുങ്ങിയുണ്ടാക്കുന്ന വിഭവമാണിത്. കാർത്തിക ദിവസം വീടുകളിൽ പലതരം പലഹാരങ്ങൾ ഉണ്ടാക്കിയിരുന്നു.തെരളിയിലയ്ക്കകത്ത് അരിയും ശർക്കരയും തേങ്ങായും വെച്ചുണ്ടാക്കുന്ന തെരളിയപ്പമാണ് പ്രധാനം. ഇതല്ലാതെയും നിരവധി കാർത്തിക സ്പെഷ്യലുകളും ഉണ്ടായിരുന്നു.

ദീപാവലിയും ഞങ്ങളുടെ വീട്ടിൽ ആഘോഷിച്ചിരുന്നു. പ്രകാശത്തിന്റെ ഉത്സവമാണ് ദീപാവലി. ശരത്കാലത്താണ് ഈ ആഘോഷം. അസുരശക്തികളെ അകറ്റി ജനങ്ങൾക്ക് ശാന്തിയും സമാധാനവും ഉണ്ടാവാനാണ് ദീപാവലി ആചരിക്കുന്നത്. ദീപാവലിയുടെ തലേന്ന് അമ്മാവനും വല്യയമ്മയുടെ മകനും കെട്ടുകണക്കിന് പടക്കം വാങ്ങികൊണ്ടുവരുമായിരുന്നു.വൈവ്യദ്ധ്യമുള്ള പടക്കങ്ങളാണ്

പൊട്ടിച്ചിരുന്നത്. മാലപ്പടക്കമാണ് പടക്കരാജാവ്. നൂറുകണക്കിന് ചെറുപടക്കങ്ങൾ കോർത്തുണ്ടാക്കിയ മാലപടക്കങ്ങൾ ദീർഘനേരം നിന്നു പൊട്ടും. ഓല പടക്കങ്ങൾക്കായിരുന്നു മാലപ്പടക്കത്തേക്കാൾ ശബ്ദം. ഗുണ്ടുപൊട്ടുമ്പോൾ വീട് കുലുങ്ങുന്നതായി തോന്നും. പടക്കങ്ങൾക്ക് പുറമെയുള്ളതാണ് കമ്പിതിരി, മത്താപ്പുവ്, തറചക്രം, കുരവപൂവ്, എലിവാണം എന്നിവ. ദീപാവലി ദിവസം ദീപാവലി കുളിക്കാതെ രാവിലെ കട്ടൻകാപ്പിപോലും കിട്ടില്ല. തലയിലും ദേഹ ത്തും നിറയെ എണ്ണ തേച്ച്കുളിക്കുന്നതാണ് ദീപാവലി കുളിക്കൽ. ദീപാവലി ദിവസം രാവിലെ ഞങ്ങളുടെ വീട്ടിൽ ഇഡലിയായിരു ന്നു പതിവ്. ഇഡലി പുഴുങ്ങുന്നത് ചീലാന്തി ഇലയിലായിരുന്നു.

നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ എന്റെ കൂട്ടുകാരായിരുന്നു കൊല്ലം തോടിന്റെപുറമ്പോക്കിൽ താമസിച്ചിരുന്ന ചന്ദ്രനും അപ്പു വും. അവരുമായി കളിക്കാൻ ഞാൻ അവിടെ പോകുമായിരുന്നു. ചന്ദ്രന്റേയും അപ്പുവിന്റേയും വീടിനു മുന്നിലായിരുന്നു കൊല്ലത്തെ ഏറ്റവും പ്രധാനപ്പെട്ട വള്ളകടവ്. അക്കാലത്ത് ചരക്കുകടത്ത് വള്ള ങ്ങളിലായിരുന്നു. നൂറുകണക്കിന് കെട്ടുവള്ളങ്ങളാണ് കടവിൽ ഉണ്ടായിരുന്നത്. കടവിൽ ഇറക്കുന്ന ചരക്കുകൾ കൈവണ്ടിയിലും കാളവണ്ടിയിലും ജില്ലയുടെ പല ഭാഗത്തും കൊണ്ടുപോകുമായി രുന്നു. ചരക്കിറക്കിയ വള്ളങ്ങൾ കൊല്ലത്തു നിന്നും തേങ്ങയും കൊപ്രായും മറ്റ് ഉല്പന്നങ്ങളും സംഭരിച്ച് തിരിച്ചും പോകുമായി രുന്നു. കെട്ടുവള്ളക്കാരുടെ കറികൾ പ്രസിദ്ധമായിരുന്നു. ഓരോ വള്ളത്തിനും രണ്ട് തുഴക്കാരായിരുന്നു ഉണ്ടായിരുന്നത്. വള്ളക്കട വിനു പരിസരമുള്ളസാമുഹ്യജീവിതത്തെ മാറ്റിമറിച്ചിരുന്നു നാവി കതൊഴിലാളികൾ.

തിരുവിതാംകൂറിലെ ആദ്യത്തെ ട്രേഡ് യൂണിയനിൽ ഒന്നായി രുന്നു അവരുടേത്. വള്ളക്കടവിന് നേരേ മുൻപിൽ പലകയടിച്ച ഒരു വീടുണ്ടായിരുന്നു. അവിടെയായിരുന്നു കൊല്ലം പട്ടണത്തിലെ കുപ്രസിദ്ധ വേശ്യയായിരുന്ന പുട്ടുകമലാക്ഷി താമസിച്ചിരുന്നത്. പുട്ടുകമലാക്ഷിയുടെ രതിവൈഭവത്തെക്കുറിച്ച് പലകഥകളും ഉണ്ടാ യിരുന്നു. അന്നത്തെ കൊല്ലത്തെ ഏറ്റവും വലിയ വ്യവസായസ്ഥാ പനമായിരുന്ന ഹാരിസൺ ആന്റ് ക്രോസ് ഫീൽഡിലെ (എച്ച് ആന്റ് സി) മാനേജരായിരുന്ന ക്രൗതർസായിപ്പിന്റെ ഇഷ്ടവേശ്യയായിരു

ന്നു കമലാക്ഷി എന്നാണ് നാട്ടുകാർ പറഞ്ഞിരുന്നത്.

എന്റെ കുട്ടിക്കാലത്ത് കൊല്ലംതോട് തിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട ജലപാതയായിരുന്നു. ശുദ്ധജലമായിരുന്നു കൊല്ലം തോടിന്റേത്. എ.ഡി. 1824 നും 1829 നും മദ്ധ്യേ റാണിപാർവ്വതിഭായിയാണ് കൊല്ലംതോട് വെട്ടിച്ചത്. തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാതയുടെ ഭാഗമെന്ന നിലയിൽ ടി.എസ്. കനാൽ എന്നാണ് ഇപ്പോൾ ഇത് അറിയപ്പെടുന്നത്. തിരുവിതാംകൂറിന്റെ വ്യാപാരഭൂപടത്തിൽ മുഖ്യകണ്ണിയായിരുന്നു ഈ തോട്. കേരളവർമ്മ കോയിതമ്പുരാന്റെ സന്ദേശകാവ്യത്തിൽ മയൂരത്തിന്റെ സഞ്ചാരപഥം കൊല്ലം തോടാണ്. ഈ ജലപാതയിന്ന് മാലിന്യങ്ങൾ നിറഞ്ഞ് ഒഴുക്കില്ലാതെ മരിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പുനരുദ്ധാരണത്തിനുള്ള നടപടികൾ എങ്ങും എത്തിയിട്ടില്ല.

എന്റെ കുട്ടിക്കാലത്ത് പെട്രോൾ വാഹനങ്ങൾ പരിമിതമായിരുന്നു. പട്ടണത്തിൽ എട്ടോ പത്തോ പേർക്കു മാത്രമെ കാറുണ്ടായിരുന്നുള്ളു. അവ വിദേശനിർമ്മിതമായിരുന്നു. അവയുടെ പേരുകളൊന്നും ഓർമ്മയിലില്ല. അവയെ ഇപ്പോൾ പഴയകാറുകളുടെ പ്രദർശനം നടക്കുന്നയിടത്ത് കാണാം. കാറുകൾ സ്റ്റാർട്ടാക്കുന്നത് ഇന്നത്തെ രീതിയിലായിരുന്നില്ല. കാറിന്റെ മുൻഭാഗത്തുള്ള ദ്വാരത്തിൽ ഒരു ഇരുമ്പ് ദണ്ഡ് കടത്തി കറക്കുമ്പോഴായിരുന്നു അവയുടെ ഇൻജിൻ സ്റ്റാർട്ടാകുന്നത്. ടാക്സി കാറുകളും വിരളമായിരുന്നു. താലൂക്ക്കച്ചേരിയിലായിരുന്നു കൊല്ലത്തെ ഏകടാക്സി സ്റ്റാന്റ്. അവിടെ കഷ്ടിച്ച് നാലോ അഞ്ചോ കാറുകളെ ഉണ്ടായിരുന്നുള്ളു. സ്വകാര്യബസ്സുകളുടേയും സർക്കാർ ബസ്സുകളുടേയും എണ്ണം വളരെ കുറവായിരുന്നു. പിന്നെ ഉണ്ടായിരുന്നത് മനുഷ്യർ വലിച്ചുകൊണ്ടുപോകുന്ന റിക്ഷകളായിരുന്നു. പി.കേശവദേവിന്റെ വിശ്രുതമായ "ഓടയിൽ നിന്ന്"എന്ന നോവൽ ഒരു റിക്ഷാക്കാരനെ ഉപജീവിച്ചുള്ളതാണ്.വലിയ ഉദ്യോഗസ്ഥന്മാരും ഡോക്ടർമാരും വക്കീലൻമാരുമൊക്കെ അവരുടെ ഓഫീസുകളിൽ പോയിരുന്നത് മനുഷ്യർ വലിക്കുന്ന അത്തരം റിക്ഷയിലായിരുന്നു. ടയറിട്ട വലിയവീലുകളും ഒരു സീറ്റും മുകളിൽ മടക്കി വെയ്ക്കാവുന്ന ഞൊറിയുള്ള ടോപ്പും വലിക്കാൻ വടിപോലെ രണ്ട് ഉരുണ്ട കമ്പുകൾ സീറ്റിനു മുൻവശത്തെ തട്ടിൽ ഘടിപ്പിച്ചിട്ടുള്ളതുമായ ഈ

വാഹനം ബ്രിട്ടീഷുകാർ കൊണ്ടുവന്നതാണ്. അതിൽ കയറിപോകുന്നത് ഇന്ന് ലക്ഷുറികാറിൽ പോകുന്നതുപോലെ ഒരു ഗമയാണ്. റിക്ഷകൾ റെയിൽവേ സ്റ്റേഷനിലും ബസ്സ്റ്റേഷനിലും ഇന്ന് ആട്ടോറിക്ഷകൾ കിടക്കുന്നതു പോലെ കിടക്കുന്നത് അന്ന് നഗരത്തിൽ അലങ്കാരമായിരുന്നു. റിക്ഷ തിരോധാനം ചെയ്തപ്പോൾ സൈക്കിൾ റിക്ഷ രംഗത്ത് വന്നു. അതും ഇപ്പോൾ അപൂർവ്വ വസ്തുവാണ്.

എന്നെ അറിവിന്റെ ലോകത്തേക്ക് പ്രവേശിപ്പിച്ചതിൽ വലിയ ഒരു പങ്ക് വഹിച്ച മഹതിയായിരുന്നു അഞ്ചാംക്ലാസ്സിലെ ക്ലാസ്സ് ടീച്ചറായിരുന്നു പാറുക്കുട്ടിയമ്മ. സിലബസിലെ വിഷയങ്ങൾക്കുപുറമെ അവർ കുട്ടികളെ മഹാഭാരതകഥകളിലേക്കും, രാമായണകഥകളിലേക്കും പഞ്ചതന്ത്രകഥകളിലേക്കും ഐതിഹ്യമാലയിലെ കഥാപാത്രങ്ങളിലേക്കും കൂട്ടികൊണ്ടുപോകുമായിരുന്നു. അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു ഞാൻ സൈക്കിൾ സവാരി പഠിച്ചത്. ഇന്നത്തെ  പോലെ കുട്ടികൾക്ക് ചെറിയ സൈക്കിൾ വാങ്ങികൊടുക്കുമായിരുന്നില്ല.വലിയപണക്കാരുടെ കുട്ടികൾക്കു മാത്രമെ ചെറിയ സൈക്കിൾ സ്വന്തമായി ഉണ്ടായിരുന്നുള്ളു. വീട്ടിലെ മുതിർന്നവർ ചവിട്ടുന്ന 24 ഇഞ്ച് സൈക്കിളിലായിരുന്നു എന്റെ പഠനം. നീളമില്ലാതിരുന്നതുകൊണ്ട് സൈക്കിൾ ഫ്രെമിന്റെ ഇടയ്ക്കൂടെയായിരുന്നു ചവിട്ട്.  മറിഞ്ഞുവീണും മുറിഞ്ഞും സൈക്കിൾ ബാലൻസ് കിട്ടുന്നതുവരെ യത്നിച്ചു. സൈക്കിൾ ബാലൻസ് പൂർണ്ണമായി കിട്ടിയതോടെ സൈക്കിൾകടയിൽ നിന്നും ചെറിയസൈക്കിൾ വാടകയ്ക്ക് എടുത്തു സവാരി തുടങ്ങി. സവാരി പ്രധാനമായും ബീച്ച്, തങ്കശ്ശേരി, നീണ്ടകര എന്നിവിടങ്ങളിലേക്കായിരുന്നു. സൈക്കിൾ വാടക കൊടുക്കുന്നതിന് പൈസ കണ്ടെത്തിയിരുന്നത് വീട്ടുസാധനങ്ങൾ വാങ്ങുവാൻ പോകുമ്പോൾ തട്ടിയെടുക്കുന്ന കമ്മീഷനിൽ നിന്നായിരുന്നു.

അഞ്ചാം ക്ലാസ്സുമുതലാണ് നോട്ടുബുക്കിൽ എഴുതി തുടങ്ങിയത്. അഞ്ചാംക്ലാസ്സിന് വലിയ പ്രാധാന്യമാണ് ഉണ്ടായിരുന്നത്. ഞാൻ പഠിക്കുന്നതിന് മുൻപ് അഞ്ചാം ക്ലാസ്സിനെ "പ്രിപ്പാറട്ടറി ക്ലാസ്സ്"എന്നാണ് വിളിച്ചിരുന്നത്. അപ്പർ പ്രൈമറിയിലേക്ക് പ്രവേശനം ലഭിക്കണമെങ്കിൽ പ്രിപ്പാറട്ടറി ക്ലാസ്സിലെ പൊതുപരീക്ഷയ്ക്ക് ജയിക്കണമായിരുന്നു. ഞാൻ അഞ്ചാംക്ലാസ്സ് ജയിച്ചു. ആറാം

ക്ലാസ്സിൽ ചേർന്നു. എന്റെ അമ്മയും അനുജത്തി താരയും അച്ഛന്റെ വീട്ടിലേക്ക് പോയി. ഞാൻ അമ്മാവനോടും കുഞ്ഞമ്മയോടുമൊപ്പം കൊല്ലത്തും. അമ്മയും അനുജത്തിയും പോയതിന്റെ ഫലമായി ഉണ്ടായ വിരഹദുഃഖം വലുതായിരുന്നു. അമ്മയേയും താരയേയും ഓർക്കുമ്പോൾ എനിക്ക് സങ്കടവും കരച്ചിലും വരുമായിരുന്നു. അമ്മാവനും കുഞ്ഞമ്മയും എന്നെ സ്വാന്തനപ്പെടുത്താനുള്ള എല്ലാ ഉപായവും സ്വീകരിക്കുമായിരുന്നു. കൊല്ലത്തെ വീട് ഒരു കൂട്ടുകുടുംബമായിരുന്നു. അമ്മയുടെ മൂത്തസഹോദരിയുടെ മക്കളും അവിടെയുണ്ടായിരുന്നു.

# ബാലലീല

ആറാം ക്ലാസ്സ് സ്കൂളിന്റെ പ്രധാന കെട്ടിടത്തിലെ ഒരു മുറിയിലായിരുന്നു. ആറാം ക്ലാസ്സു മുതൽ ഇംഗ്ലീഷും ഹിന്ദിയും പഠിക്കാൻ തുടങ്ങി. ഇംഗ്ലീഷ് പഠനത്തിൽ ഞാൻ ശരാശരി നിലവാരം പുലർത്തിയെങ്കിലും ഹിന്ദിയുടെ കാര്യത്തിൽ പിന്നോട്ടായിരുന്നു. കണക്കിനും ശാസ്ത്രത്തിനും നല്ല മാർക്ക് ലഭിച്ചിരുന്നു. മലയാളം ടീച്ചർ വലിയ കർക്കശക്കാരിയായിരുന്നു. ക്ലാസ്സിൽ പഠിപ്പിക്കുന്ന കവിതകൾ അടുത്ത ക്ലാസ്സിൽ മനഃപാഠമായി ചൊല്ലണമെന്ന് അവർക്ക് നിർബ്ബന്ധമുണ്ടായിരുന്നു. അവർ ചൊല്ലി പഠിപ്പിച്ച വള്ളത്തോളിന്റെ കേരളത്തെക്കുറിച്ചുള്ള ഒരു കവിതാ ഭാഗം ഓർമ്മിക്കുന്നു.

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലചായ്ച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്നനിൻ പാർശ്വയുഗ്മത്തെ കാത്തു
കൊള്ളുന്നു കുമാരിയും ഗോകർണ്ണേശനുമമ്മേ

ആറാം ക്ലാസ്സിൽ ഇരട്ടവര പുസ്തകത്തിൽ ഹിന്ദിയും നാലുവര പുസ്തകത്തിൽ ഇംഗ്ലീഷും പകർത്തി എഴുതിക്കുമായിരുന്നു. എഴുതുന്നതിന് മഷിപേനകളാണ് ഉപയോഗിച്ചിരുന്നത്. മഷിപേനകൾ ലീക്കുള്ളവയായിരുന്നു. അത് കൈകളിലും ഉടുപ്പുകളിലും മഷിപ്പാട് വീഴ്ത്തുമായിരുന്നു. ഫൗണ്ടൻപേനകൾക്ക് മുൻപേ ഉണ്ടായിരുന്ന പേനകളിൽ മഷി നിറയ്ക്കാൻ പറ്റില്ലായിരുന്നു. ഒരു ചെറിയ കമ്പിൽ നിബ്ബ് ഉറപ്പിച്ചതായിരുന്നു അത്. മഷികുപ്പിയിൽ മുക്കിയാണ് അതുകൊണ്ട് എഴുതിയിരുന്നത്. അക്കാലത്ത് ബോൾപേനകൾ ഉണ്ടായിരുന്നില്ല.

സ്കൂളിൽ കരകൗശലതൊഴിലുകൾ പഠിപ്പിച്ചിരുന്നു. തയ്യലും

ക്രാഫ്റ്റുമായിരുന്നുവിഷയങ്ങൾ. ഇവ പരിശീലിപ്പിക്കുന്നതിന് തയ്യൽ ടീച്ചറും ക്രാഫ്റ്റ് ടീച്ചറും ഉണ്ടായിരുന്നു. സംഗീത-സാഹിത്യ അഭിരുചികൾ വളർത്താൻ ആഴ്ചതോറും പാഠ്യേതര വിഷയങ്ങൾക്ക് പീരിയഡും ഉണ്ടായിരുന്നു. കുട്ടികൾക്ക് ഈ പീരിയഡിൽ പ്രസംഗം, ഉപന്യാസം, കവിതചൊല്ലൽ, ലഘുനാടകങ്ങൾ, പാട്ട് എന്നിവ അവതരിപ്പിക്കാൻ അവസരം കിട്ടിയിരുന്നു. എനിക്ക് വഴങ്ങുന്നത് ഉപന്യാസം മാത്രമായിരുന്നു. ഉപന്യാസങ്ങൾ മാതൃഭക്തി, പിതൃഭക്തി, ഗുരുഭക്തി ദേശഭക്തി തുടങ്ങിയവ വിഷയങ്ങളായിരുന്നു. എൽ.പി, യൂ.പി, സ്കൂളുകളിൽ അക്കാലത്ത് യുവജനോത്സവം ഉണ്ടായിരുന്നില്ല. പകരം ഒരാഴ്ചകാലം നീണ്ടുനിൽക്കുന്ന തൊഴിൽ വാരമായിരുന്നു. കുട്ടികൾ സ്കൂളും പരിസരവും ഈ ദിനങ്ങളിൽ വൃത്തിയാക്കുമായിരുന്നു. കായികാധ്വാനത്തോട് താല്പര്യം ജനിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്.

എന്റെ ബാല്യകാലത്ത് ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരനായിരുന്നു പി.ജി. ഉമ്മൻ (രാജു). രാജുവിന്റെ വല്യമ്മാവനായിരുന്നു സ്വാതന്ത്ര്യസമര സേനാനിയും തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സ്ഥാപകരിൽ പ്രമുഖനും അഭിഭാഷകനും മന്ത്രിയുമായിരുന്നു ടി. എം. വർഗ്ഗീസ്. അദ്ദേഹത്തിന്റെ വീടിനു വടക്കുവശം കമ്മാൻകുളവും എന്റെ കുടുംബവക പുരയിടവുമായിരുന്നു. ഞാനും രാജുവും ചാമ്പക്കായും സപ്പോട്ടിക്കായും പറിക്കാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോകുമായിരുന്നു. അദ്ദേഹവും ഭാര്യയും കുട്ടികളായ ഞങ്ങളോട് വാത്സല്യപൂർവ്വമായിരുന്നു പെരുമാറിയത്. ടി.എം.വർഗ്ഗീസിന്റെ മഹത്വമൊന്നും അന്ന് എനിക്കറിയില്ലായിരുന്നു. പ്രായമായതിനു ശേഷമാണ് നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ മഹാനായിരുന്നു അദ്ദേഹം എന്ന് മനസ്സിലാക്കിയത്. ഞാൻ കൊല്ലം ബോയ്സ് ഹൈസ്കുളിലെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റായിരിക്കുമ്പോൾ ഹയർ സെക്കന്ററി പ്രിൻസിപ്പൽ കോൺഗ്രസുകാരനും എഴുത്തുകാരനുമായ സുജയ് ആയിരുന്നു. പ്രിൻസിപ്പാലിന്റെ ഓഫീസ് റൂമിന്റെ മുന്നിലായിരുന്നു ടി.എം. വർഗ്ഗീസിന്റെ രാഷ്ട്രീയ സാമൂഹിക അഭിഭാഷകവൃത്തിയുടെ കേന്ദ്രമായിരുന്നു വീട്. ഭൂതാവേശം പോലെ ഈ സാമിപ്യം ടി.എം. വർഗ്ഗീസിനെ കുറിച്ച് ഒരു നോവൽ എഴുതാൻ സുജയെ പ്രേരിപ്പിച്ചു. ഞാനും

സുജയും അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തെകുറിച്ച് പലവട്ടം ചർച്ച ചെയ്തു. അതിന്റെയൊക്കെ ഫലമായി രൂപം കൊണ്ടതാണ് ടി.എം. വർഗ്ഗീസിന്റെ ജീവിതത്തെ ആസ്പദമാക്കി സുജയ് രചിച്ച "തണ്ടാനത്ത് മത്തായി മകൻ വർഗ്ഗീസ് വക" എന്ന നോവൽ. പിന്നീട് അദ്ദേഹം ടി.എം. വർഗ്ഗീസിന്റെ ജീവചരിത്രം എഴുതകയുണ്ടായി.

കമ്മാൻകുളം വെട്ടിയതുമായി ബന്ധപ്പെട്ട് ഒരു കള്ളക്കഥ പ്രചരിപ്പിച്ചിരുന്നു. 1915 ൽ പെരിനാട് ഉണ്ടായ നായർ-പുലയർ ലഹളയെ തുടർന്ന് കേസ് നടത്തുവാൻ പുലയർക്ക് നിവൃത്തിയില്ലാതെ വന്നു. ഈ അവസരത്തിൽ ടി.എം. വർഗ്ഗീസിന്റെ അമ്മാവൻ ജോൺവക്കീൽ അവർക്കു വേണ്ടി കേസ് സൗജന്യമായി നടത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഒരു കുളം വെട്ടിക്കൊടുക്കണമെന്ന് വക്കീൽ ആവശ്യപ്പെട്ടു. പുലയരെകൊണ്ട് വെട്ടിച്ചത് അദ്ദേഹത്തിന്റെ പുരയിടത്തിലെ ഒരു കുളമായിരുന്നു. കമ്മാൻകുളം ആയിരുന്നില്ല. കമ്മാൻകുളത്തിന് നിരവധി നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അടുത്ത കാലത്ത് നമ്മുടെ ഭരണാധികാരികൾ കമ്മാൻകുളം നികത്തി ജില്ലാപഞ്ചായത്ത് ഓഫീസ് സമുച്ചയം പണിതു. അതോടെ ആ പ്രദേശത്തെ ജനങ്ങളുടെ ഒരു ജലസ്രോതസ്സ് ഇല്ലാതായി. ഉഷ്ണകാലത്ത് പരിസരപ്രദേശങ്ങളിലെ കിണറുകൾ വറ്റിവരളാൻ തുടങ്ങി. എന്റെ കുട്ടിക്കാലത്ത് അമ്മ എന്നെ കമ്മാൻകുളത്തിൽ കുളിപ്പിക്കാൻ കൊണ്ടുപോകുമായിരുന്നു. കുളം വറ്റിയ്ക്കുമ്പോൾ ഒറ്റാലു വെച്ച് മീൻപിടിക്കാൻ ഞാനും ചേട്ടന്മാരും പോകുമായിരുന്നു.

മലയാളിമന്ദിരം സ്കൂളിലേക്ക് പോകുന്ന മലയാളി സഭാ ലെയിനിൽ റോഡിന്റെ കിഴക്കുവശം ഒരു കളരിയും ഒരു കൂറ്റൻ പനയും ഉണ്ട്. വേലുത്തമ്പിദളവ ആനയെകൊണ്ട് കാലിൽകെട്ടിവലിച്ചു കൊന്ന കൃഷ്ണപിള്ളയുടെ കുടുംബസ്മാരകമാണിത്. വേലുത്തമ്പിക്കെതിരെ ബ്രിട്ടീഷുകാർക്ക് ഒത്താശചെയ്തു കൊടുത്ത അയാളെ വേലുത്തമ്പി പിടികൂടി ശിക്ഷിക്കുകയായിരുന്നു. പനയുടെ മുകളിൽ ഒരു യക്ഷി താമസിക്കുന്നുണ്ടെന്നും അവൾ രാത്രി ഇറങ്ങി ആളുകളെ പിടിക്കുമെന്നുമായിരുന്നു നാട്ടുകാർ പറഞ്ഞുപരത്തിയിരുന്ന കഥ. യക്ഷിയുമായി ബന്ധപ്പെട്ട് നിരവധി നിറം പിടിപ്പിച്ച

കഥകളുണ്ടായിരുന്നു.

ചരിത്രമുറങ്ങുന്ന ഒരു പ്രദേശത്താണ് ഞാൻ താമസിക്കുന്നത്. കൃഷ്ണപിള്ള മണിഗ്രാമനായർ വിഭാഗത്തിൽപ്പെട്ട ആളായിയിരുന്നു. മണിഗ്രാമത്തെ പറ്റി എ.ഡി. 849 ലെ തരിസാപ്പള്ളി ശാസനത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. അഞ്ചുവർണ്ണവും മണിഗ്രാമവും അക്കാലത്തെ നഗരത്തിലെ വ്യാപാരികളായിരുന്നു. അവർക്ക് വിദേശ വ്യാപാരവുമായും ബന്ധമുണ്ടായിരുന്നു. അവരുടെ പ്രധാനകേന്ദ്രം ഞാൻ താമസിക്കുന്ന തേവള്ളിയിലെ ഓലയിൽ പ്രദേശത്താണ്. അവരുടെ മൂലകുടുംബങ്ങളാണ് കുമരച്ചം വീട്, പൊന്നച്ചം വീട്, നാണപ്പച്ചൻ വീട്, അരയപ്പച്ചൻ വീട് എന്നിവ. ഏതോ ഒരു കാലത്ത് അവർ ക്രിസ്തുമതം സ്വീകരിക്കുകയും പിന്നീട് ഹിന്ദുമതത്തിലേക്ക് മടങ്ങിവന്നു എന്നുമാണ് പറയപ്പെടുന്നത്. അവരുമായി ബന്ധപ്പെട്ട ഒരു ശിലാലിഖിതം കൊല്ലം ജോനകപ്പുറത്തെ മലയിൽ മുതലാളിമാരുടെ പള്ളിയിലുണ്ട്.

സ്കൂളിന്റെ 500 മീറ്റർ പരിധിയിൽ ആറുകാവുകൾ ഉണ്ടായിരുന്നു. നാഗാരാധനയുടെ ഭാഗമായിട്ടായിരുന്നു ഈ കാവുകൾ. ജൈവ വൈവിധ്യത്താൽ സമ്പന്നമായിരുന്നു ഇവ. വിവിധതരം പക്ഷികളും ജന്തുക്കളും ഉണ്ടായിരുന്നു ഇവിടെ. ഔഷധസസ്യങ്ങളുടെ ശേഖരമായിരുന്നു കാവുകൾ. കാഞ്ഞിരം, അമ്പഴം,വേങ്ങ, കരിനൊച്ചി, കൂവളം, അത്തി, ഇത്തി എന്നീ മരങ്ങളാലും ഔഷധചെടികളാലും നിബിഡമായിരുന്നു അവ. പാരിസ്ഥിതികസന്തുലനത്തിൽ വലിയൊരു പങ്ക് കാവുകൾ വഹിക്കുകയുണ്ടായി. ആയില്യം നാളിൽ കാവുകളിൽ നൂറും പാലും നിവേദിക്കുമായിരുന്നു. കാവുകളിൽ ചെല്ലുന്ന കുട്ടികൾക്ക് അവലും ശർക്കരയും പ്രസാദവും ലഭിക്കുമായിരുന്നു. സ്കൂളിൽ നിന്ന് അമ്പത് മീറ്റർ അകലെ കുറവസമുദായക്കാരുടെ ഒരു കാവും അതിനോടനുബന്ധിച്ച് ഒരു ശിവലിംഗവുമുണ്ടായിരുന്നു. ഈ കാവിനെ ഓലയിൽ മാടം എന്നാണ് വിളിച്ചിരുന്നത്. നാട്ടുകാരിൽ പലരും വിശ്വസിച്ചിരുന്നത് ഇത് മാടന്റെ കാവാണെന്നാണ്, യഥാർത്ഥത്തിൽ മാടൻ ശിവനാണ്. മഹാനടൻ ലോപിച്ച് മാടനായതാണ്. എന്റെ വീട്ടിൽ എന്തു പ്രശ്നമുണ്ടായാലും അമ്മ ഉടനെ ഓലമാടത്തിലേക്ക് നേർച്ച നേരും. എന്റെ കുടുംബക്കാർ മാസത്തിലോരിക്കൽ ഇപ്പോഴും അവിടെ തൊഴാൻ പോകാറുണ്ട്.

ഓലയിൽ മാടത്തിന്റെ കിഴക്കുവശം ബോറാസേട്ടിന്റെ ഓയിൽമില്ലും തെക്ക് കൊല്ലം ജില്ലാ മൃഗാശുപത്രിയുമാണ്. ബാല്യകാലത്ത് ഞാനും അമ്മാവനും വെളിച്ചെണ്ണ വാങ്ങിക്കാൻ മില്ലിൽ പോകുമായിരുന്നു. അതുപോലെ വീട്ടിലെ പശുവിനെ ചികിത്സിപ്പിക്കാൻ ഞാൻ ഇടയ്ക്കിടെ മൃഗാശുപത്രിയിലും പോകുമായിരുന്നു. അബ്ദുൾ തയ്യൂബ് ഷെയ്ക്ക് ഖാദർബായി എന്ന ബോറസമുദായാംഗം കൊല്ലത്ത് വന്നത് 1868 ലാണ്. ബോറകൾ മുസ്ലിംങ്ങളാണ്. തടിവ്യാപാരത്തിനും ഓയിൽ മിൽവ്യവസായത്തിനും വന്ന ഇവർ ധാരാളം പണം സമ്പാദിച്ചു. ഇവരുടെ  വ്യവസായ സാമർത്ഥ്യം പരിഗണിച്ച് കൊല്ലം ഓലയിൽ കടവിൽ സ്ഥലവും കായലും ഇവർക്ക് രാജാവ് പതിച്ചുകൊടുത്തു. ബോറാസേട്ടിന്റെ ശില്പഭംഗിയുള്ള വീടും അതിന്റെ മുന്നിലെ വിശാലമായ കായൽപരപ്പും മനോഹരമാണ്. ഇവിടെയാണ് എ.ടി. എസ്.കെ. ഗാർഡൻ പ്രവർത്തിക്കുന്നത്. പഴയകാലത്ത് ആളുകൾ സഞ്ചരിച്ചിരുന്നത് വഞ്ചികളിലായിരുന്നു. കായലുകളുടെ കരയ്ക്ക് വഞ്ചികൾ അടുക്കാനുള്ള കടവുകൾ ഉണ്ടായിരുന്നു. അതിലെ ഏറ്റവും പ്രധാനപ്പെട്ട കടവുകളെ കേന്ദ്രീകരിച്ച് വഞ്ചിയാത്രക്കാരുടെ താമസത്തിനു വിശ്രമത്തിനും സർക്കാർ സത്രങ്ങളുണ്ടായിരുന്നു.പഴയ ഓലയിൽ സത്രമാണ് ഇന്നത്തെ ജില്ലാമൃഗാശുപത്രി കിടക്കുന്ന കെട്ടിടം. ഈ കെട്ടിടത്തിന്റെ ഓടുകൾ ഒറ്റപാത്തി ഓടുകളാണ്. ഒറ്റ പാത്തി ഓടിന് 150 വർഷത്തോളം പഴക്കമുണ്ട്.

എനിക്ക് ദീപാവലിക്ക് പടക്കവും മധുരപലഹാരവും പഴവർഗ്ഗങ്ങളും കൊണ്ടുവന്നിരുന്നത് എന്റെ വല്യമ്മയുടെ മകൻ ജോലി ചെയ്തിരുന്ന വീട്ടിൽ നിന്നായിരുന്നു. വല്യയമ്മയുടെ മകൻ ഹിന്ദു ഗുജറാത്തി സേട്ടുവായ ഗോപാൽജിയുടെ ഡ്രൈവറായിരുന്നു. വേലുതമ്പിയുടെ കാലത്ത് കൊല്ലത്ത് വ്യാപാരത്തിനായി കൊണ്ടുവന്നവരായിരുന്നു ഗോപാൽജിയുടെ പൂർവ്വികർ. ബീഡി ഇല,തീപ്പെട്ടി, പുകയില, നൂൽ തുടങ്ങിയവയുടെ മൊത്തവ്യാപാരത്തിൽ ഗുജറാത്തി സേട്ടുമാർ ഏർപ്പെട്ടിരുന്നു. കൊല്ലം കല്ലുപാലത്തിനു കിഴക്കുതെക്ക് കൊല്ലം തോടിന്റെ ഓരത്ത് കൊട്ടാരസദൃശ്യമായ വീടായിരുന്നു സേട്ടുവിന്റേത്. അന്ന് കാറുള്ള അപൂർവ്വം ചിലരിൽ ഒരാളായിരുന്നു സേട്ടു. ഗോപാൽജി കുടുംബത്തിന്റെ

ഒരാളൊഴിച്ചുള്ളവരെല്ലാം നാട്ടിലേക്ക് മടങ്ങിപോയി. അന്താരാഷ്ട്ര പ്രശ്സ്തനായിരുന്ന ഫോട്ടോഗ്രാഫർ ടി.എസ്.ലാൽ ഈ കുടുംബത്തിലേതായിരുന്നു. ഗോപാൽജിയുടെ കെട്ടിടസമുച്ചയത്തിലാണ് ക്വയിലോൺ ട്യൂറിസ്റ്റ് ഹോം കിടക്കുന്നത്.

ഭക്തിസാന്ദ്രമായിരുന്നു വീട്ടിലെ അന്തരീക്ഷം. സന്ധ്യാവന്ദനം നിർബന്ധമായിരുന്നു. തുഞ്ചത്ത് എഴുത്തച്ഛന്റെ ഹരിനാമകീർത്തനം അമ്മ ചൊല്ലുന്നത് ഓർക്കുന്നു.

ഓങ്കാരമായ പൊരുൾ മൂന്നായ് പിരിഞ്ഞുടനെ
യാങ്കാരമായതിനു താൻതന്നെ സാക്ഷിയതു
ബോധം വരുത്തുവാനാളായി നിന്ന് പര-
മാചാര്യരൂപ ഹരിനാരായണായ നമഃ
ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-
ലുണ്ടായൊരിണ്ടൽബത മിണ്ടാവതല്ല മമ
പണ്ടേകണക്കെ വരുവാൻ നിൻകൃപാവലിക
ളുണ്ടാകയെങ്കലിഹ നാരായണായ നമഃ
ആനന്ദചിന്മയ! ഹരേ ഗോപികാരമണ
ഞാനെന്ന ഭാവമതു തോന്നായ്ക വേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്ന വഴി
തോന്നണമേ വരദ നാരായണായനമഃ

സ്ത്രീകൾ പുണ്യദിനങ്ങളിൽ വ്യതമെടുക്കുമായിരുന്നു. പുരുഷന്മാർ വീട്ടിൽ നിന്നിറങ്ങുമ്പോഴും തിരിച്ചുവരുമ്പോവും ശിവന്റെ ചിത്രത്തിൽ തൊട്ട് വണങ്ങുമായിരുന്നു.അമ്മയും കുഞ്ഞമ്മയും ദേവീഭക്തരായിരുന്നു. വല്യമ്മയുടെ മകൻ ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് കുളിച്ച് ക്ഷേത്രദർശനം നടത്തുമായിരുന്നു. ഞാനും രാവിലെ എഴുന്നേറ്റ് കുളിച്ച് ക്ഷേത്രത്തിൽപോയി തൊഴണമെന്നായിരുന്നു വീട്ടിലെ തീരുമാനം. ഞാൻ പ്രാർത്ഥിക്കാൻ പോയിരുന്നത് കൊട്ടാരക്കുളം ഗണപതി ക്ഷേത്രത്തിലും ആനന്ദവല്ലീശ്വരത്തുമായിരുന്നു.

ബാല്യകാലത്ത് എന്റെ ഇഷ്ടദേവൻ ഗണപതിയായിരുന്നു. ഗണപതിയുടെ വലിയ ചെവി, ചെറിയ കണ്ണുകൾ, തുമ്പിക്കൈ, കുടവയറ്, ഒരു കൈയ്യിലെ മോദകം, മറ്റേ കൈയ്യിലെ വേദം, ഒരു കൈയ്യിലെ തോട്ടി, വാഹനമായ എലി എന്നിവയാണ് എന്നെ ആകർഷിച്ചത്.

ഗണപതിയമ്പലത്തിലേക്കും ആനന്ദവല്ലീശ്വരത്തേക്കും എന്റെ വീട്ടിൽ നിന്നും അരകിലോമീറ്റർ ദൂരമേയുള്ളു. ആദ്യം കൊട്ടാരക്കുളം ഗണപതിയമ്പലത്തിലും പിന്നീട് ആനന്ദവല്ലീശ്വരത്തും. ഗണപതിയമ്പലം കൊല്ലത്തെ പ്രമുഖഅഭിഭാഷകനായിരുന്ന ചെങ്കോട്ട രാമയ്യർ പണികഴിപ്പിച്ചതായിരുന്നു. ഞാൻ ഗണപതിക്ഷേത്രദർശനം നടത്തുന്ന കാലത്ത് വളരെ കുറച്ച് ഭക്തന്മാരെ അവിടെ ഉണ്ടായിരുന്നുള്ളു. ചില ദിവസങ്ങളിൽ നിർമ്മാല്യസമയത്ത് ഞാൻ മാത്രമാണ് ഉണ്ടായിരുന്നത്. വളരെ അടുത്തകാലത്താണ് ഈ ക്ഷേത്രത്തിൽ ഭക്തജനങ്ങളുടെ തിരക്ക് അനുഭവപ്പെട്ടു തുടങ്ങിയത്.

കൊല്ലവർഷത്തിനു മുൻപ് സ്ഥാപിച്ചിരുന്നതാണ് ആനന്ദവല്ലീശ്വരം ശിവക്ഷേത്രം. വേലുത്തമ്പിദളവയാണ് ഈ ക്ഷേത്രം പുതുക്കിപണിതതും ആനന്ദവല്ലിയുടെ പ്രതിഷ്ഠ നടത്തിയതും, ശ്രീകോവിലിന്റെ അകത്ത് പടിഞ്ഞാറു ദർശനമായി ശിവനും പുറത്ത് കിഴക്ക് ദർശനമായി ദേവിയും. ദേവിക്കും ദേവനും അർപ്പിക്കാനുള്ള പുഷ്പവുമായിട്ടായിരുന്നു ഞാൻ പോയിരുന്നത്. ക്ഷേത്രത്തിലെ ശാന്തമായ അന്തരീക്ഷവും പൂജയുമൊക്കെ എനിക്ക് ഇഷ്ടമായിരുന്നു. എന്നാൽ പോറ്റിമാരുടെ ബ്രാഹ്മണേതരരായവരോടുള്ള വിവേചനം എനിക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. ശ്രീകോവിലിനു മുന്നിലെ മണ്ഡപത്തിൽ ഇരുന്നു പ്രാർത്ഥിക്കാനും ദണ്ഡ നമസ്ക്കാരം ചെയ്യാനുമുള്ള അവകാശം ബ്രാഹ്മണർക്കു മാത്രമെ ഉണ്ടായിരുന്നുള്ളു. ബ്രാഹ്മരല്ലാത്തവരോട് പൂജാരിമാർ അല്പം അകലം പാലിച്ചിരുന്നു.

ആനന്ദവല്ലീശ്വരത്ത് നവരാത്രിയും ആറാട്ടുത്സവവുമായിരുന്നു പ്രധാനം. ഇതിൽ ഏറ്റവും പ്രധാനം നവരാത്രിയായിരുന്നു. ഒന്നാം ദിവസം മുതൽ മികച്ച കലാപരിപാടികളാണ് ഉണ്ടായിരുന്നത്. ഓട്ടംതുള്ളലും, കഥകളിയും, പാഠകം പറച്ചിലും, സംഗീതകച്ചേരിയും എല്ലാം അരങ്ങ് തകർക്കുമായിരുന്നു. അക്കാലത്ത് ഓട്ടംതുള്ളലും പാഠകം പറച്ചിലുമൊക്കെ “കളത്തട്ടി”ലായിരുന്നു നടന്നിരുന്നത്. തടികൊണ്ട് നിർമ്മിക്കുന്ന സ്റ്റേജാണ് കളത്തട്ട്. ഭഗവാന്റെ ആറാട്ടുദിവസത്തിന്റെ തലേന്ന് പള്ളിവേട്ട എന്നൊരു ചടങ്ങുണ്ട്. അത് നടന്നിരുന്നത് ഞങ്ങളുടെ വാർഡിലുള്ള ഓലയിൽ കടവിൽ നിന്നാണ്. പള്ളിവേട്ട എഴുന്നള്ളുന്നത് കടന്നുപോയിരുന്നത് ഞങ്ങളുടെ വീട്ടിനു മുന്നിലൂടെയാണ്. വീട്ടുകാരെല്ലാം പറയിടുമായി

രുന്നു. പള്ളിവേട്ട എഴുന്നെള്ളിപ്പ് കാഴ്ചയിൽ മനോഹരവും ഗംഭീരവുമാണ്. തീവെട്ടിയുടെ വെളിച്ചത്തിലാണ് ഭഗവാന്റെ വരവ്. ഇതിനൊക്കെ അകമ്പടിയായി ആനകളും വാദ്യഘോഷങ്ങളും നാഗസ്വരവായനയും ഉണ്ടാകും. എഴുന്നെള്ളത്ത് കടന്നു പോകുന്ന പ്രധാന ജംഗ്ഷനുകളിൽ മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന നാഗസ്വരവായന കർണ്ണമധുരമായിരുന്നു. ആറാട്ട് തിരുമുല്ലാവാരത്തു നിന്നും ആരംഭിച്ചു ക്ഷേത്രത്തിൽ സമാപിക്കും. ഗജവീരന്മാരുടെ അകമ്പടിയോടെയായിരുന്നു ആറാട്ടും.

നിരവധി കലാ സാംസ്ക്കാരിക പരിപാടികളാണ് നവരാത്രി ദിവസങ്ങളിൽ ക്ഷേത്രത്തിൽ നടക്കുന്നത്. ഈ കാലത്ത് സ്കൂൾ അവധിയായതുകൊണ്ട് ഞാൻ കൂട്ടുകാരുമൊത്ത് എല്ലാ ദിവസവും പരിപാടികൾ കാണാൻ പോകുമായുരുന്നു.ക്ഷേത്രത്തിൽ നടന്നിരുന്ന സംഗീതകച്ചേരികളിൽ ചെമ്പൈ വൈദ്യനാഥഭാഗവതർ, ജി.എൻ.ബാലസുബ്രഹ്മണ്യം, എം.എസ്.സുബ്ബലക്ഷ്മി, ശെമ്മാങ്കുടി ശ്രീനിവാസഅയ്യർ, യേശുദാസ് എന്നീ സംഗീതപ്രതിഭകൾ പങ്കെടുത്തിട്ടുണ്ട്. കർണ്ണാടക സംഗീതം പഠിച്ചിട്ടില്ലെങ്കിലും അത് ആസ്വദിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. അവിടെ എല്ലാ ദിവസവും ഉണ്ടായിരുന്ന കലാപ്രകടനമായിരുന്നു ഓട്ടൻതുള്ളൽ. കലാമണ്ഡലം കുഞ്ഞൻ പിള്ളയായിരുന്നു സ്ഥിരം തുള്ളൽകാരൻ. കല്ല്യാണസൗഗന്ധികം തുള്ളലിൽ സൗഗന്ധികപുഷ്പം തേടിപോയ ഭീമനെ വഴിയിൽ തടഞ്ഞുകൊണ്ട് ഭർത്സിക്കുന്ന രംഗം കുഞ്ഞൻപിള്ള അഭിനയിച്ചിരുന്ന കാഴ്ച എന്റെ മനസ്സിൽ നിന്നും ഇപ്പോഴും മാഞ്ഞു പോയിട്ടില്ല.

നവരാത്രിയ്ക്ക് എല്ലാ ദിവസവും രാത്രിയിൽ കഥകളിയുണ്ടായിരുന്നു. കുടമാളൂർ കരുണാകരൻ നായർ, ഓയൂർ കൊച്ചുഗോവിന്ദപിള്ളയാശാൻ, മയ്യനാട് കേശവൻ നമ്പൂതിരി, ചവറ പാറുകുട്ടി, ചിറക്കര മാധവൻകുട്ടി എന്നിവരെയൊക്കെ ഞാൻ കണ്ടത് ആനന്ദവല്ലീശ്വരത്ത് വെച്ചാണ്. കഥകളി നടന്മാർ ചുട്ടികുത്തുന്നതു കാണാൻ പോയി നിൽക്കുമായിരുന്നു. കഥകളി ആസ്വദിക്കാൻ പഠിച്ചത് ബിരുദപഠനകാലത്തായിരുന്നു. അന്ന് നളചരിതം രണ്ടാം ദിവസം പഠിക്കാനുണ്ടായിരുന്നു.

യു.പി.സ്കൂളിൽ പഠിക്കുമ്പോഴുള്ള എന്റെ അടുത്ത കൂട്ടുകാരൻ പരമേശ്വരൻ ഉണ്ണിത്താനായിരുന്നു. അയാൾ കൊല്ലത്തെ പ്രശസ്ത

മായ അമ്മച്ചിവീട് മൂർത്തി ക്ഷേത്രത്തിലെ കാരണവരുടെ കൊച്ചു മകനായിരുന്നു. അയാളുടെ വീട്ടിലെ സന്ദർശകനായിരുന്നു ഞാൻ. രാമേശ്വരം ശിവക്ഷേത്രവും അയാളുടെ വീടും തൊട്ടടുത്തായിരുന്നു. ക്ഷേത്രമതിലായിരുന്നു വീടിനെ വേർതിരിച്ചിരുന്നത്. ഞാനും ഉണ്ണിത്താനും രാമേശ്വരത്തപ്പനെകണ്ട് പ്രാർത്ഥിക്കാൻ പോകുമായിരുന്നു. സവിശേഷതകളുള്ള ഒരു ക്ഷേത്രമാണിത്. കൊല്ലവർഷത്തിനു മുമ്പുണ്ടായിരുന്ന ശിവക്ഷേത്രമാണിതെന്ന് ഹെർമൺ ഗുണ്ടർട്ട് പറയുന്നു. വേണാട് രാജാക്കന്മാരുടെ ആസ്ഥാനമായ പനങ്കാവിൽ കൊട്ടാരം ക്ഷേത്രത്തിനടുത്തായിരുന്നുവെന്നാണ് ചരിത്രകാരനായ ശശിഭൂഷൻ അവകാശപ്പെടുന്നത്. എ.ഡി. 1127 ൽ രേഖപെടുത്തിയ ഒരു ശിലാശാസനം ഇവിടെ കാണാം. ഇതിനെ രാമേശ്വരം ശിലാശാസനം എന്നാണ് പറയുന്നത്.

പടിഞ്ഞാറെ കൊല്ലക്കാരുടെ അദ്ധ്യക്ഷ ദേവതയായിരുന്നു മുളങ്കാടകത്തമ്മ. ഈ ക്ഷേത്രം കൊല്ലവർഷം ഒന്നാംമാണ്ട് ചിങ്ങം 1-ാം തീയതി (എ.ഡി. 825 ജൂലൈ 25) വേണാട് രാജാവായിരുന്ന ഉദയമാർത്താണ്ഡവർമ്മയാണ് മുളങ്കാടകം ദേവി പ്രതിഷ്ഠ നടത്തിച്ചത്. മുളങ്കാടകത്തെ ഉത്സവം പത്താമുദയമാണ്; മേടം ഒന്നു മുതൽ പത്ത് വരെ. അവിടുത്തെ പ്രധാന നേർച്ച ഗരുഡൻ തൂക്കമാണ്. കുട്ടിക്കാലത്ത് എന്നെയും ഗരുഡൻ തൂക്കിയിട്ടുണ്ട്. മറ്റൊരു വിശേഷം വർഷത്തിൽ രണ്ട് പ്രാവശ്യമുള്ള ഗുരുതിയാണ്. ഗുരുതിയെഴുന്നിള്ളിപ്പ് ഞങ്ങളുടെ വീടിന്റെ മുൻവശത്തുകൂടിയാണ്. ഗുരുതിയെ നയിക്കുന്ന വെളിച്ചപ്പാടിന് കരിക്കും പണവും വഴിപാടായി കൊടുക്കുമായിരുന്നു. ഇന്നും ഞങ്ങൾ മുടങ്ങാതെ ഗുരുതിയെഴുന്നിള്ളിപ്പ് കണ്ട് തൊഴാൻ കാത്തിരിക്കുന്നുണ്ട്. മുളങ്കാടകത്തെ മറ്റൊരു പരിപാടിയാണ് തോറ്റംപാട്ട്. മുളങ്കാടകത്തെ ഭരണം വിശ്വകർമ്മസമുദായത്തിന്റേതാണ്. കേരളത്തിന്റെ നാനാഭാഗത്തുള്ള വിശ്വകർമ്മജർ പത്താമുദയത്തിന് ക്ഷേത്രത്തിൽ ഒത്തുകൂടും.

ആറാംക്ലാസ്സിലെ പരീക്ഷയിൽ ജയിച്ചു. വെക്കേഷനായി. അമ്മയെ കാണാനുള്ള ആഗ്രഹം തീവ്രമായി. ഇടയ്ക്കിടയ്ക്ക് അമ്മയെ ഓർക്കുമ്പോൾ താഴ്ന്ന ക്ലാസ്സുകളിൽ ഏതിലോ പഠിച്ച "എന്റെ അമ്മ" എന്ന കുഞ്ഞികവിത മനസ്സിൽ ഓടിയെത്തുന്നു.

അമ്മതന്നെ കുളിപ്പിക്കണം

ഉടുപ്പ് ഇടീക്കണം
പൊട്ടുതൊടീക്കണം
ചോറൂട്ടണം
അമ്മതന്നെ ഉറക്കണം
കരഞ്ഞാൽ ഓടിയെത്തണം അമ്മ
വീണാൽ ഓടിവരണം
വാരിയെടുത്ത് ഉമ്മതരണം അമ്മ

അമ്മയെ കാണാൻ അച്ഛന്റെ നാടായ വെളിയത്തേക്ക് എന്നെ കൊണ്ടുവിടണമെന്ന് ഞാൻ അമ്മാവനോട് വാശി പിടിച്ചു. വെളിയത്തേക്ക് പോയത് കൊട്ടാരക്കരവഴിയായിരുന്നു. കൊട്ടാരക്കരവരെ സർക്കാർ ബസിലും അവിടെ നിന്നും വെളിയത്തേക്ക് പോയത് വെളിയം വഴി ചാത്തന്നൂരിലേക്ക് പോകുന്ന ഒരു പ്രൈവറ്റ് ബസിലും. ആ ബസ് ആവിയന്ത്രം ഘടിപ്പിച്ചതായിരുന്നു. ഇന്ധനമായി ഉപയോഗിച്ചിരുന്നത് കൽക്കരിയും. ബസിന്റെ ഒരു വശത്ത് പുകകുഴലുണ്ടായിരുന്നു. ഇരുമ്പുകമ്പികൊണ്ടുള്ള അഴിയായിരുന്നു ബസിന്റെ ബോഡി.

അച്ഛനും അമ്മയും എന്റെ അനുജത്തി താരയും താമസിച്ചിരുന്നത് അച്ഛന്റെ കുടുംബവീടായ പണ്ടാരഴികത്തായിരുന്നു. പണ്ടാരഴികം ഒരു കൂട്ടുകുടുംബമായിരുന്നു. അച്ഛന്റെ അമ്മയും ചിറ്റപ്പനും അനുജൻമാരും അവിടെയുണ്ടായിരുന്നു. അച്ഛന്റെ നേരെ ഇളയ അനിയൻ ചെല്ലപ്പൻപിള്ള റേഷൻകടക്കാരനും ഏറ്റവും ഇളയവൻ വെളിയം ഗോപിനാഥൻനായർ കായില സംസ്കൃത സ്കൂളിലെ അദ്ധ്യാപകനുമായിരുന്നു. മുത്തച്ഛൻ ചെറുപ്പത്തിൽതന്നെ മരിച്ചുപോയതുകൊണ്ട് അച്ഛന്റെ അമ്മ രണ്ടാമത് വിവാഹം കഴിച്ചതായിരുന്നു ചിറ്റപ്പനെ. ദേശീയസ്വാതന്ത്ര്യപ്രക്ഷോഭങ്ങളോട് അനുഭാവമുള്ളതായിരുന്നു ആ കുടുംബം. ഗാന്ധിജി ആഹ്വാനം ചെയ്ത വിദേശവസ്ത്ര ബഹിഷ്ക്കരണത്തിന്റെ ഭാഗമായി ഖദറാണ് എല്ലാവരും ധരിച്ചിരുന്നത്. അച്ഛന്റെ ചിറ്റപ്പൻ ചർക്കയിൽ നൂൽ നൂൽക്കുന്നത് ഞാൻ കൗതുകത്തോടെ നോക്കിനിന്നിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തരം അച്ഛന്റെ സഹോദരന്മാർ കമ്മ്യൂണിസ്റ്റ് അനുഭാവികളായതോടെ പണ്ടാരഴികം കമ്മ്യൂണിസ്റ്റ്കാരുടെ ഒളിതാവളമായി. എം.എൻ. ഗോവിന്ദൻ നായർ, സി. എസ്. ഗോപാലപിള്ള,

പി. എ. സോളമൻ എന്നീ പ്രമുഖർ അവിടെ ഒളിവിൽ പാർത്തിട്ടുണ്ട്. കൊട്ടാരക്കര താലൂക്കിലെ ആദ്യകാല പാർട്ടി അംഗമായിരുന്നു വെളിയം ഗോപിനാഥൻ നായർ. വെളിയം ദാമോദരൻ അദ്ദേഹത്തിന്റെ ഉറ്റസഖാവും കായില സംസ്കൃതസ്കൂളിലെ സഹഅധ്യാപകനുമായിരുന്നു. പുന്നപ്ര വയലാർ സമരത്തെ തുടർന്ന് പാർട്ടി നിരോധിക്കപ്പെട്ടപ്പോൾ കൊട്ടാരക്കരയിലെ പ്രമുഖ കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിരുന്ന കോട്ടത്തല സുരേന്ദ്രൻ ഒളിവിൽ താമസിച്ചിരുന്നത് വെളിയത്തായിരുന്നു. 1950 സെപ്റ്റംബർ 3 ന് ഒരു ഓണനാളിൽ സഖാക്കൾ വെളിയം ദാമോദരനും ജോസഫും ഒത്ത് സുരേന്ദ്രൻ കോട്ടത്തലയിലേക്ക് പുറപ്പെട്ടത് പണ്ടാരഴികത്തു നിന്നായിരുന്നു. അവിടെ എത്തുമ്പോഴാണ് സംഘട്ടനത്തിൽ ഒരു പോലീസുകാരനെ സുരേന്ദ്രൻ കുത്തുന്നത്. കുത്തേറ്റ പോലീസ്കാരൻ മരിച്ചു. അറസ്റ്റിനു വിധേയമായ സുരേന്ദ്രനെ കൊട്ടാരക്കര ലോക്കപ്പിലിട്ട് മർദ്ദിച്ചു കൊന്നു. 1948-52 കാലത്തെ പോലീസ് ഭീകരവാഴ്ചയെ വ്യക്തമാക്കുന്നതാണ് കോട്ടത്തല സുരേന്ദ്രന്റെ രക്തസാക്ഷിത്വം. മൂത്ത ചിറ്റപ്പൻ പാർട്ടി അംഗമായില്ലെങ്കിലും വെളിയത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹായിയായിരുന്നു.

മനോഹരമായ ഗ്രാമമായിരുന്നു വെളിയം. ശാന്തസുന്ദരമായിരുന്നു ആ പ്രദേശം. നീണ്ടു പരന്നു കിടക്കുന്ന പച്ചപരവതാനി വിരിച്ചതുപോലുള്ള വയലേലകളും ഏലകളുടെ അരികുപറ്റി ഒഴുകുന്ന അരുവികളും തലയുയർത്തി നിൽക്കുന്ന കോട്ടേപാറയും മലരണികാടുകളും വെളിയത്തെ സുന്ദരമാക്കി. അടുത്തകാലത്ത് ഞാൻ വെളിയത്തുപോയപ്പോൾ കണ്ട കാഴ്ചകൾ എന്നെ ദുഃഖിതനാക്കി. ഏലകളും അരുവികളും അപ്രത്യക്ഷമായിരിക്കുന്നു. ആകാശം മുട്ടെ തല ഉയർത്തി നിന്നിരുന്ന കോട്ടേപാറയെ കാണാനില്ല. പാറമാഫിയകൾ പാറയെ ആകെ ചുരന്നെടുത്തു. നീണ്ടകരയിലും കൊല്ലം തുറമുഖത്തുമുള്ള പുലിമുട്ടുകൾ കോട്ടേപാറയെ ഡൈനാമിറ്റ് വെച്ച് പൊട്ടിച്ചെടുത്ത പാറകഷണങ്ങൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. വെളിയത്തിന്റെ കാർഷിക സംസ്കൃതി നഷ്ടപ്പെട്ടിരിക്കുന്നു. പുതിയൊരധിനിവേശം നടത്തിയിരിക്കുന്നു. ഷോപ്പിംഗ് കോംപ്ലക്സ്സുകളും സ്റ്റാർ ഹോട്ടലുകളും കോൺക്രീറ്റ് സൗധങ്ങളും അവിടെ ഉയർന്നു നിൽക്കുന്നു.

എന്റെ കുട്ടിക്കാലത്തെവെളിയം ഒരു കാർഷികഗ്രാമമായിരുന്നു. നേരം വെളുത്താൽ കാർഷികപണിയിലേർപ്പെടുന്ന തൊഴിലാളികളെയാണ് കണികണ്ടിരുന്നത്.വെളിയത്തിന്റെ പ്രത്യേകതയായിരുന്നു കാളചന്തകളും മരമടി മത്സരവും. കാർത്തിക നാളിൽ ആരംഭിക്കുന്ന വെളിനല്ലൂരിലെ വയൽ വാണിഭം കാണാൻ എന്നെ അച്ഛൻ ഒരിക്കൽ കൊണ്ടുപോയി. മധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ വയൽ വാണിഭമായിരുന്നു ഇത്. നൂറുകണക്കിന് ഉരുക്കളാണ് വയൽ വാണിഭത്തിനു വരുന്നത്. കർഷകർ പശുക്കളേയും കാളകളേയും വിറ്റിരുന്നതും അവിടെയായിരുന്നു. പണ്ടു മുതലെ മരമടി മത്സരം വെളിയത്ത് ഉണ്ടായിരുന്നുവെന്നാണ് അച്ഛൻ പറഞ്ഞിട്ടുള്ളത്. തമിഴ്നാട്ടിലെ ജെല്ലിക്കെട്ടിന് സമാനമാണ് മരമടി. കർഷകൻ മികച്ച ഉരുക്കളെ വാങ്ങി നുകംകെട്ടി ഓടുന്നതിന് അവയ്ക്ക് പരിശീലനം നല്കും. മരമടി മത്സരത്തിൽ ഒന്നാമതെത്തുന്ന കാളകളുടെ ഉടമസ്ഥന് സമ്മാനങ്ങൾ ലഭിക്കുമായിരുന്നു. അച്ഛനും മരമടിയ്ക്കു പറ്റിയ കാളകളെ പ്രത്യേകതരം ആഹാരം നൽകി വളർത്തുമായിരുന്നു.

പാട്ടകൃഷിക്കാരനായിരുന്നു അച്ഛൻ. കൃഷി അദ്ദേഹത്തിന് എപ്പോഴും നഷ്ടമായിരുന്നു. അദ്ധ്വാനത്തിന്റെ കൂലിപോലും ലഭിച്ചിരുന്നില്ല. കൃഷിചെയ്തു കിട്ടുന്ന നെല്ലിന്റെ പകുതി ജന്മിയ്ക്ക് അളന്നുകൊടുക്കണമായിരുന്നു. കാർഷിക വൃത്തിയിൽ ഏറ്റതിരിച്ചടികൾ അതിജീവനത്തിനുവേണ്ടി അച്ഛനെ മറ്റു പല സംരംഭങ്ങൾക്കും പ്രേരിപ്പിച്ചു. അതിൽ ഒന്നാണ് ട്യൂട്ടോറിയൽ കോളേജ്. അക്കാലത്ത് തിരുവിതാംകൂറിൽ എസ്.എസ്.എൽ.സി. പാസാകാത്തവർ പ്രൈവറ്റായി മദ്രാസ് മെട്രിക്കുലേഷൻ എഴുതുന്നതിനുള്ള സൗകര്യമുണ്ടായിരുന്നു. സാമ്പത്തികപരാധീനതകൾ മൂലം എസ്.എസ്.എൽ.സി. പഠിക്കാൻ കഴിയാത്തവർക്ക് ഇതൊരു അത്താണിയായിരുന്നു. നിരവധി കുട്ടികളാണ് ട്യൂട്ടോറിയലിൽ ഉണ്ടായിരുന്നത്. കൊല്ലത്തു നിന്നും വരുന്ന അദ്ധ്യാപകരായിരുന്നു ക്ലാസ്സുകൾ നയിച്ചിരുന്നത്. ഒരുപാടുപേർക്ക് മെട്രിക്കുലേഷൻ പാസാകാനുള്ള സൗകര്യം ലഭിച്ചു. അച്ഛന്റെ ഈ സംരംഭം വിദ്യാർത്ഥികൾ കൃത്യമായി ഫീസ് കൊടുക്കാതിരുന്നതുകൊണ്ടും അധ്യാപകർക്കു വലിയ ശമ്പളം നൽകേണ്ടി വന്നതു കൊണ്ടും പരാജയപ്പെട്ടു.

ഒരു കാലത്ത് നമ്മുടെ ഗ്രാമങ്ങളിൽ ഗ്രാമസഭയും ഗ്രാമമുഖ്യനും

ഉണ്ടായിരുന്നു.1940 കളിൽ വരെ വെളിയത്തും അനൗദ്യോഗിക ഗ്രാമത്തലവനും സഭയും ഉണ്ടായിരുന്നു. ഗ്രാമത്തിലെ എല്ലാ തർക്കങ്ങളും പരിഹരിച്ചിരുന്നത് ഈ സഭയാണ്. വെളിയം ഗ്രാമത്തിലെ അവസാനത്തെ ഗ്രാമമുഖ്യൻ ഉദിയന്നൂർ മൂപ്പിലായിരുന്നു. അദ്ദേഹം ഗ്രാമവാസികളോട് കരുണയുള്ളവനായിരുന്നു. ജാതിമതഭേദങ്ങൾ അദ്ദേഹത്തിനില്ലായിരുന്നു. ഗ്രാമത്തിൽ ഭക്ഷ്യക്ഷാമം ഉണ്ടായപ്പോഴെല്ലാം അദ്ദേഹം പാവങ്ങൾക്ക് നെല്ല് വിതരണം ചെയ്തിട്ടുണ്ട്. എന്റെ അച്ഛൻ മൂപ്പിലിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. അദ്ദേഹം എന്തു ചെയ്യുന്നതും അച്ഛനോട് ആലോചിച്ചായിരുന്നു.

നമ്മുടെ നാട്ടിലെ പഞ്ചായത്തുകൾ കണ്ടുപിടിച്ചതിൽ ഒരാളായിരുന്നു അച്ഛൻ. 1950 ഇൻഡ്യൻ ഭരണഘടന നിലവിൽ വന്നതിനു ശേഷമാണ് ഭാരതത്തിലാകെ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടത്. പഞ്ചായത്തുകളുടെ രൂപീകരണത്തിന് മുന്നോടിയായി "വില്ലേജ് അപ്പ്ലിഫ്റ്റ് കമ്മിറ്റി"കൾ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. വെളിയം ഓടനാവട്ടം പൂയപ്പള്ളി എന്നീ പ്രദേശങ്ങൾ ചേർത്ത് പൂയപ്പള്ളി വില്ലേജ് അപ്പ്ലിഫ്റ്റ് കമ്മിറ്റി രൂപീകരിച്ചു. അതിന്റെ പ്രസിഡന്റ് ഉദിയന്നൂർ മൂപ്പിലും സെക്രട്ടറി അച്ഛനുമായിരുന്നു. 1950 ൽ വില്ലേജ് അപ്പ് ലിഫ്റ്റ് കമ്മറ്റികൾ പിരിച്ചുവിട്ട് പൂയപ്പള്ളി പഞ്ചായത്ത് നിലവിൽ വന്നു. പൂയപ്പള്ളി പഞ്ചായത്ത് വിഭജിച്ചാണ് വെളിയം പഞ്ചായത്ത് ഉണ്ടായത്. അടുത്ത കാലത്ത് വെളിയം പഞ്ചായത്ത് വിഭജിച്ച് ഓടനാവട്ടം പഞ്ചായത്ത് രൂപീകരിച്ചു. പഞ്ചായത്തു രൂപം കൊണ്ടപ്പോൾ വില്ലേജ് അപ്പ്ലിഫ്റ്റ് കമ്മിറ്റി സെക്രട്ടറിമാരെ പഞ്ചായത്ത് ഓഫീസറുമാരാക്കി. അച്ഛൻ എസ്.എസ്.എൽ.സി. പാസാകാത്തതുകൊണ്ട് ക്ലർക്കായി മാത്രമെ നിയമനം ലഭിച്ചുള്ളു. വിദ്യാഭ്യാസ യോഗ്യതയുടെ അപര്യാപ്തത മൂലം ഒരുപാടുകാലം കഴിഞ്ഞു മാത്രമെ സ്ഥിരം നിയമനം ലഭിച്ചുള്ളു.

വെക്കേഷൻകാലം ഞാൻ *അടിച്ചുപൊളിച്ചു*. മരുതിമലയിൽ പോയി. പ്രകൃതി ഒരുക്കിയ വെളിയത്തെ അപൂർവ്വ ദൃശ്യങ്ങളിലൊന്നാണ് മരുതിമല. ഇത് സമുദ്രനിരപ്പിൽ നിന്നും ആയിരത്തോളം അടി ഉയരത്തിലാണ്. മലയുടെ മുകൾപരപ്പിന് 25 ഏക്കറോളം വിസ്തൃതിയുണ്ട്. മലമുകളിൽ വേനലിലും വറ്റാത്ത മൂന്നുകുളങ്ങൾ ഉണ്ട്. കുളത്തിലെ വെള്ളത്തിന് ഔഷധഗുണമുണ്ടെന്നാണ് വിശ്വാസം.

കോട്ടേയിൽ പാറയിൽ കയറിയിറങ്ങി. അരുവികളിലെ തെളിഞ്ഞ വെള്ളത്തിൽ കളിച്ചു, കുളിച്ചു. മാവുകളിലും പറങ്കിമാവുകളിലും കയറി മാങ്ങയും പറങ്കിമാങ്ങയും പറിച്ചു തിന്നു. പ്രിയപ്പെട്ട അനുജത്തി താരയുമായി കളിച്ചു. ഇടയ്ക്കിടയ്ക്ക് വഴക്കിട്ടു അവളുടെ പിണക്കങ്ങൾ എന്നെ വിഷമിപ്പിച്ചു. വെക്കേഷൻ തീരാറായപ്പോൾ കൊല്ലത്തെ അമ്മാവൻ എന്നെ വിളിക്കാൻ വന്നു. അമ്മയേയും അനുജത്തിയേയും അച്ഛനേയും വെളിയത്തേയും വേർപിരിയുന്ന ദുഃഖത്തോടെ ഞാൻ കൊല്ലത്തേക്ക് ബസ് കയറി. എന്റെ ഉള്ള് വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു.

ആറാം ക്ലാസ് ജയിച്ചു. സ്കൂൾ തുറന്നു. ഏഴാം ക്ലാസ്സിൽ പോകാൻ തുടങ്ങി. ഇടവപ്പാതിമഴ തിമിർത്തുപെയ്യുകയായിരുന്നു. എനിക്ക് കുടയുണ്ടായിരുന്നില്ല. സാമ്പത്തികശേഷിയുള്ളവരുടെ വീടുകളിൽ നിന്നും വരുന്ന കുട്ടികൾക്കു മാത്രമേ കുടയുണ്ടായിരുന്നുള്ളു. കുടയക്കു പകരം ഒരു വാഴയിലവെട്ടി തലയിൽ വെച്ച് സ്കൂളിലേക്ക് ഒരോട്ടമായിരുന്നു എന്റെ പരിപാടി. പെരുമഴയത്ത് നനഞ്ഞു പോകുന്നതിന് എനിക്ക് യാതൊരു മടിയുമില്ലായിരുന്നു. മഴയത്ത് കളിക്കുന്നതൊരു രസമായിരുന്നു.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, ശാസ്ത്രം, സാമൂഹ്യപാഠം എന്നിവയായിരുന്നു ഏഴാം ക്ലാസ്സിൽ പഠിക്കാനുണ്ടായിരുന്നത്. ഭാഷാവിഷയങ്ങളൊഴിച്ച് മറ്റെല്ലാവിഷയങ്ങളും പഠിപ്പിച്ചിരുന്നത് ഒരദ്ധ്യാപികയായിരുന്നു. മലയാളം പഠിപ്പിച്ചിരുന്ന സരസ്വതിയമ്മ ടീച്ചർ കർക്കശക്കാരിയും മുൻശുണ്ഠിക്കാരിയുമായിരുന്നു. അക്ഷരതെറ്റു വരുത്തുന്നവരേയും പാഠഭാഗങ്ങൾ പഠിച്ചുകൊണ്ടു വരാത്തവരേയും ശിക്ഷിക്കുമായിരുന്നു. പ്രധാന ശിക്ഷ ചൂരൽ പ്രയോഗവും. ക്ലാസ്സ് വിജ്ഞാനപ്രദവും രസകരവുമാക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മലയാളം പാഠാവലിയിൽ ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്നത് കുമാരനാശാന്റെ വീണ പൂവിന്റെ അഞ്ച് ശ്ലോകങ്ങളായിരുന്നു. സ്പഷ്ടമായും സംഗീതാത്മകമായും കവിത ചൊല്ലിയിട്ട് അതിന്റെ അർത്ഥം ടീച്ചർ വ്യക്തമാക്കിതരുമായിരുന്നു.

ഹാ! പുഷ്പമേ അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നതൊരുരാജ്ഞികണക്കെയേ നീ
ശ്രീഭൂവിലസ്ഥിരയസംശയമിന്നു നിന്റെ –
യാ ഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ

പൂവിന്റെ ശൈശവകാലത്തേയും ബാല്യത്തിൽ വന്ന മാറ്റങ്ങളേയും ആശാന്റെ ഭാവനയ്ക്കനുസരിച്ച് ടീച്ചർ പറഞ്ഞുതരുമായിരുന്നു. *രാജ്ഞികണക്കെ നീ* എന്നു പൂവിനെ രാജ്ഞിയോടുപമിച്ചതിന്റെ ഔചിത്യം എന്തെന്ന് ടീച്ചർ വിശദീകരിക്കുന്നത് ഇപ്പോഴും ഓർമ്മയിൽ നിൽക്കുന്നു. പൂവിലൂടെ ജീവിതമാണ് കവി ആവിഷ്ക്കരിക്കുന്നതെന്നാണ് ടിച്ചർ പറഞ്ഞുതന്നതെന്ന് വളരെ പിന്നീടാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഗദ്യപാഠങ്ങളിൽ ഓർമ്മിക്കുന്നത് *നൈൽ നദിയുടെ ഓളങ്ങൾ*,സി.വി. രാമപിള്ളയുടെ മാർത്താണ്ഡവർമ്മയിലെ അല്പഭാഗം എന്നിവയാണ്.

ജീവശാസ്ത്രം, രസതന്ത്രം, ഊർജ്ജതന്ത്രം എന്നിവയെല്ലാം ഒരു പാഠപുസ്തകത്തിലായിരുന്നു. ജീവശാസ്ത്രത്തിലെ വിഷയങ്ങൾ ജൈവശരീരഘടന, ജൈവപ്രവർത്തനങ്ങൾ, ആഹാരം, ആരോഗ്യം, രോഗങ്ങൾ എന്നിവയായിരുന്നു. ജലം, വായു, ആസിഡുകൾ എന്നിവ രസതന്ത്രത്തിലായിരുന്നു. ബലം, താപം, പ്രകാശം എന്നിവ ഊർജ്ജതന്ത്രത്തിലും. ഇവയ്ക്കു പുറമെ പ്രപഞ്ചം, മലിനീകരണം, കൃഷി എന്നിവയും വിഷയങ്ങളായിരുന്നു.

ഞങ്ങളുടെ ഓലയിൽ കടവിൽ നിന്നുള്ള അഷ്ടമുടികായലിന്റെ കാഴ്ച മനോഹരമായിരുന്നു. ഏത് ദിശയിലേക്ക് നോക്കിയാലും വായുവിൽ നൃത്തം ചെയ്യുന്ന കേരവൃക്ഷങ്ങൾ. അഷ്ടമുടി കായലിന്റെ ഒരു മുടി ഞങ്ങളുടെ പ്രദേശത്താണ്. ഞങ്ങളുടെ കായലോരത്ത് നിന്നാൽ ആശ്രാമത്ത് സ്ഥിതി ചെയ്യുന്ന റസിഡൻസി ബംഗ്ലാവ് കാണാം. എനിക്ക് റസിഡൻസി ബംഗ്ലാവ് കാണാൻ പോകുന്നതിന് ആഗ്രഹമുണ്ടായിരുന്നു. ഒരു ദിവസം ഞാനും എന്റെ കൂട്ടുകാരായ രാജശേഖരനും, പുന്നൂസും റസിഡൻസി കാണാൻ പോയി. കടത്തുവള്ളത്തിലായിരുന്നു പോയത്. ഞങ്ങൾ മൂന്നുപേർക്കുള്ള കടത്തു കൂലി ഒരണയായിരുന്നു (ആറുപൈസ).

അഷ്ടമുടി കായലോരത്ത് നിർമ്മിക്കപ്പെട്ട മനോഹരമായ രമ്യഹർമ്മ്യമാണ് റസിഡൻസി ബംഗ്ലാവ്. ഞങ്ങൾ മൂവരും ബംഗ്ലാവിന്റെ മുന്നിലെ തോട്ടവും ചുറ്റുമുള്ള നിബിഡവനവും ചുറ്റിനടന്നു കണ്ടു. ആ കാഴ്ചകളൊന്നും ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. റസിഡൻസി ബംഗ്ലാവിന്റെ ചരിത്രപ്രാധാന്യം പിന്നീട് കേരള ചരിത്രം പഠിച്ചപ്പോഴാണ് മനസ്സിലായത്. രണ്ട് നൂറ്റാണ്ടിന്റെ ചരി

ത്രസാക്ഷിയായ ഈ ബംഗ്ലാവിന്റെ അകത്തളങ്ങളിലായിരുന്നു ഒരു കാലത്തെ തിരുവിതാംകൂറിന്റെ സുപ്രധാനമായ രാഷ്ട്രീയ-ഭരണ തീരുമാനങ്ങളെടുത്തിരുന്നത്.

തിരുവിതാംകൂറിലെ ആദ്യത്തെ ബ്രിട്ടീഷ് ദിവാനായിരുന്ന കേണൽ മൺട്രോയ്ക്ക് താമസിക്കാൻ 1810 ലാണ് ഈ രമ്യഹർമ്മ്യം നിർമ്മിച്ചത്. കായലോരത്ത് മന്ദിരനിർമ്മാണം തുടങ്ങിയത് ഇംഗ്ലീഷുകാരായിരുന്നു. ഈ കൊട്ടാരത്തിന്റെ എല്ലാ അംഗങ്ങളിലും കേരളീയവും പാശ്ചാത്യവുമായ വാസ്തുകലയുടെ സമന്വയം പ്രതിഫലിക്കുന്നു. ഇഷ്ടികയും കുമ്മായവും കൊണ്ട് നിർമ്മിച്ച ഈ ഇരുനിലമാളികയുടെ മേൽക്കൂരയിൽ സവിശേഷമായ അരിയോടുകൾ പാകിയിരിക്കുന്നു. മേൽക്കൂരയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ചിഹ്നം ആലേഖനം ചെയ്തിട്ടുണ്ട്. വിശാലമായ വരാന്തയും പോർട്ടിക്കോയും തേക്കുതടിയിൽ തീർത്തകസേരകളും മേശകളും മറ്റ് ജംഗമവസ്തുക്കളും ബംഗ്ലാവിന്റെ പ്രൗഡിയ്ക്ക് മാറ്റു കൂട്ടുന്നു. അപൂർവ്വചെടികളും പുഷ്പങ്ങളും നിറഞ്ഞ ഉദ്യാനമദ്ധ്യത്തെ കുറിച്ച് കേരളവർമ്മ വലിയ കോയിതമ്പുരാൻ "മയൂരസന്ദേശത്തിൽ" പരാമർശിക്കുന്നതിങ്ങനെ "കൊതിപ്പിക്കുന്ന തേൻ നുകരുന്ന വണ്ടുകളേകൊണ്ട് ശബ്ദായമാനമായ റെസിഡൻസി ബംഗ്ലാവിന്റെ ഉദ്യാനത്തിലൂടെ പോകുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ ധ്വരപിടിച്ച് കൂട്ടിനകത്താക്കും." ദിവാനും മറ്റ് പ്രമുഖർക്കും തിരുവന്തപുരത്തു നിന്നും ബംഗ്ലാവിലേക്ക് വരുന്നതിനാണ് കപ്പലണ്ടിമുക്കിൽ നിന്ന് ബംഗ്ലാവിലേക്കുള്ള വീതിയേറിയ പാത നിർമ്മിച്ചിരിക്കുന്നത്. ഈ രാജപാതയ്ക്ക നാലുകിലോമീറ്റർ നീളമുണ്ട്.

ദിവാന്റെ ആസ്ഥാന മന്ദിരമായിരുന്ന ഈ ബംഗ്ലാവുപോലെ മറ്റൊന്ന് തിരുവിതാംകൂറിലുണ്ടായിരുന്നില്ല. ഇൻഡ്യയിലെ വൈസ്രോയിയായിരുന്നു കഴ്സൺ പ്രഭുവും രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയും, ജവഹർലാൽ നെഹ്റുവും, ഇന്ദിരാഗാന്ധിയും, രാജീവ്ഗാന്ധിയും, വി.പി.സിംഗും, നരസിംഹറാവും, നരേന്ദ്രമോദിയും ഈ ബംഗ്ലാവിന്റെ ആതിത്ഥ്യം അനുഭവിച്ചവരാണ്. ആർ.എസ്.പി.യുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയും എം.പി.യുമായിരുന്ന ത്രീദീപ്കുമാർചൗദരിയോടൊപ്പവും, സി.ഐ.ടി.യും അഖിലേന്ത്യാ പ്രസിഡണ്ട് ബി.ടി. രണദിവയോടൊപ്പവും ദിവാന്മോരോടൊപ്പവും

ഇവിടെ താമസിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. എന്റെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഇവിടെ നടന്നിട്ടുള്ള നിരവധി കോൺഫ്രൻസുകളിൽ പങ്കെടുത്തിട്ടുണ്ട്.

മുതിർന്ന കുട്ടിയായതോടെ പുതിയ കളികളിലായി എന്റെ താല്പര്യം. അതിലൊന്ന് കിളിത്തട്ടുകളിയായിരുന്നു. കുട്ടികൾ സംഘങ്ങളായി തിരിഞ്ഞ് കളിക്കുന്ന കളിയാണ് കിളിത്തട്ട്കളി. രണ്ട് വശങ്ങളിലും 6 കള്ളികൾ വീതമുള്ള ഒരു വലിയകളം വരയ്ക്കുന്നു. ഇരുവശങ്ങളിലും 6 വീതം കുട്ടികൾ നിൽക്കണം. ഇത് രണ്ട് ടീമുകളാണ്. സ്കൂളിൽ പഠിക്കുന്ന രണ്ട് വാർഡുകളിലെ കുട്ടികൾ തമ്മിലായിരുന്നു മത്സരം. കളത്തിന്റെ നടുവിൽ കിളിയായ ഒരു കുട്ടി നിൽക്കും. വലതുവശത്തു നിൽക്കുന്നവർ ഇടതു വശത്തെയും കടന്നു പോകണം. കിളി അയാളെ തൊടാൻ ശ്രമിക്കും. തൊട്ടാൽ അയാൾ പുറത്താകും. വലതു വശത്തുള്ളവർ ഇതു പോലെ എല്ലാ കളങ്ങളിലൂടെയും കടന്നു പോയി ഇടതു വശത്തു കൂടി പുറത്തേയ്ക്കു കടക്കണം. ഇങ്ങനെ കടക്കുന്നതനുസരിച്ച് പോയിന്റുകൾ കണക്കുകൂട്ടി ജയപരാജയങ്ങൾ നിശ്ചയിക്കുന്നു. മറ്റൊരു കളി കുടുക്കുടുവായിരുന്നു. വടക്കേ ഇൻഡ്യയിൽ ഈ കളിയെ കബഡി എന്നാണ് വിളിക്കുന്നത്. ഇതിനെ എഷ്യൻ ഗെയിംസിൽവരെ അംഗീകരിച്ചിട്ടുണ്ട്.

എല്ലാവിധ ബാല്യകാലചാപല്യങ്ങളും എനിക്കുണ്ടായിരുന്നു. യുപി പഠനകാലത്ത് ചെറിയ മോഷണങ്ങൾ തുടങ്ങി. എന്റെ വല്യമ്മയുടെ മൂത്തമകന്റെ പേഴ്സിൽ നിന്നും അഞ്ചും പത്തും രൂപകൾ മോഷ്ടിക്കാൻ തുടങ്ങി. അദ്ദേഹം പേഴ്സും പണവുമൊന്നും സൂക്ഷിച്ചു വെയ്ക്കുന്ന സ്വഭാവക്കാരനായിരുന്നില്ല. മോഷ്ടിക്കുന്ന പണം ഉപയോഗിച്ച് ഞാനും കൂട്ടുകാരും ബേക്കറികളിൽ നിന്ന് കേക്കും ബണ്ണും വാങ്ങി കഴിക്കുമായിരുന്നു. ഞാൻ,..... ഈ രഹസ്യം ഇതുവരെ ആരോടും പറഞ്ഞിട്ടില്ല. ഇപ്പോഴാണിത് വെളിപ്പെടുത്തുന്നത്. ബാല്യകാലത്ത് ചെയ്ത ഈ കുറ്റത്തെ കുറിച്ചോർക്കുമ്പോൾ എനിക്ക് വിഷമം വരും. ആദ്യം പുകവലിക്കുന്നതും ഈ കാലത്തായിരുന്നു. ഞാനും കൂട്ടുകാരായ രാജുവും ഷെറീഫും ഒരുമിച്ചാണ് ഈ കുരുത്തക്കേട് ചെയ്തത്. ബിരുദാനന്തര പഠനം കഴിയുന്നതുവരെ വല്ലപ്പോഴുമെ ഞാൻ പുക വലിച്ചിട്ടുള്ളു. അതിനു

ശേഷമാണ് ഞാൻ സ്ഥിരമായി പുകവലി തുടങ്ങിയത്. ക്രമേണ കടുത്ത പുകവലിക്കാരനായി. അതിന്റെ അപകടം മനസ്സിലായത് 54-ാമത്തെ വയസ്സിൽ ഹൃദ്രോഗം പിടിപെട്ടപ്പോഴാണ്. പുകവലി ആരോഗ്യത്തെ ബാധിക്കുന്ന മാരകമായ ദുശ്ശീലമാണെന്ന കാര്യത്തിന് എനിക്ക് സംശയമില്ല.

ഊളൻ സുപ്പയ്യൻ കൊല്ലത്ത് വന്നത് ഒരു വലിയ വാർത്തയായിരുന്നു. അയാളെ കാണാൻ ഞാനും കൂട്ടുകാരും താലൂക്ക് കച്ചേരിയിലെ പോലീസ് സ്റ്റേഷനിൽ പോയി. സുപ്പയ്യൻ തിരുന്നെൽവേലിയിലെ തോട്ടി സമുദായത്തിൽപ്പെട്ട ഒരു പ്രമാണിയായിരുന്നു. അയാൾ ഒരു പട്ടിയുമായി കൊല്ലം റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങി. പട്ടിയ്ക്ക് ടിക്കറ്റെടുക്കാതിരുന്നതു കൊണ്ട് ഫൈൻ അടിക്കുമെന്ന് റയിൽവെ ഉദ്യോഗസ്ഥന്മാർ സുപ്പയ്യനെ ഭീഷണിപ്പെടുത്തി. അയാൾ അതിനു വഴങ്ങിയില്ല. റെയിൽവേ പോലീസ് അയാളെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചു. അഭ്യാസിയായ അയാൾ റെയിൽവേ പോലീസിനെ കയ്യേറ്റം ചെയ്തു. ഒടുവിൽ ലോക്കൽ പോലീസുകൂടി വന്ന് അയാളെ കീഴടക്കി കസ്ബ ജയിലിലടച്ചു. അയാളെ മജിസ്ട്രേറ്റ് കോടതിയിൽ കൊണ്ടു പോകുമെന്ന് അറിഞ്ഞാണ് ഞങ്ങൾ അവിടെ പോയത്. സുപ്പയ്യൻ അരോഗദൃഢഗാത്രനായ ഒരാളായിരുന്നു. അയാൾ ഒരു പട്ടിയെ പിടിച്ചിട്ടുണ്ടായിരുന്നു.

ഇന്ന് താലൂക്ക് ഓഫിസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലായിരുന്നു പഴയ കസ്ബ ജയിൽ. മാസങ്ങളോളം വൈക്കം മുഹമ്മദ് ബഷീർ ഇവിടെ തടവറയിൽ കിടന്നിട്ടുണ്ട്. കാരണം കൊല്ലത്ത് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'സ്വദേശാഭിമാനി' പത്രത്തിൽ ബഷീർ 'പട്ടം കണ്ടപേക്കിനാവ്' എന്നൊരു ലേഖനമെഴുതി. അത് അന്നത്തെ ഭരണാധികാരിയായിരുന്ന സി.പി. രാമസ്വാമി അയ്യർക്ക് പിടിച്ചില്ല. സുൽത്താനെ അറസ്റ്റ് ചെയ്ത് കസബ ജെയിലിലിട്ടു. തടവിൽ കഴിയുന്ന കാലത്ത് ബഷീർ ജയിലിന്റെ മുറ്റത്ത് നട്ട ആര്യവേപ്പ് ഇന്നുമുണ്ട്. ഈ ജയിൽ വാസവുമായി ബന്ധപ്പെട്ടതാണ് ബഷീറിന്റെ "മതിലുകൾ". സി.കേശവൻ,ടി.എം.വർഗ്ഗീസ്, ശ്രീകണ്ഠൻ നായർ തുടങ്ങി നിരവധി സ്വാതന്ത്ര്യസമരസേനാനികൾ കസ്ബ ജയിലിൽ കിടന്നിട്ടുണ്ട്. സർ സി പി യുടെ പോലീസ് സ്വാതന്ത്ര്യസമര സേനാനികളെ കൊടിയ മർദ്ദനത്തിന് ഇരയാക്കിയ ജയിലാണിത്.

എന്റെ ആദ്യത്തെ ട്രെയിൻ യാത്ര മധുരയിലേക്കായിരുന്നു. ഞാനും അമ്മാവനും കൂടിയാണ് പോയത്. എന്റെ വല്ല്യമ്മയുടെ മകൾ മധുരയിൽ താമസമായിരുന്നു. അവർ ക്ഷണിച്ചതനുസരിച്ചാണ് പോയത്. കൊല്ലം മധുര പാസഞ്ചർ ട്രെയിനിലായിരുന്നു യാത്ര. സ്റ്റീം എൻജിനായിരുന്നു ട്രെയിനിന്റേത് കൽക്കരിയായിരുന്നു ഇന്ധനം. വലിയ ശബ്ദത്തോടുകൂടിയും കറുത്തപുക വമിപ്പിച്ചും സൈറൻ മുഴക്കിയുമാണ് ട്രെയിൻ ഓടിയിരുന്നത്. അങ്ങോട്ടു പോയത് രാത്രിയിലായതുകൊണ്ട് തെന്മലയിലെ കാനനഭംഗി ആസ്വദിക്കാൻ കഴിഞ്ഞില്ല. തെന്മല കാഴ്ചകൾ കണ്ടത് തിരിച്ചുവരുമ്പോഴായിരുന്നു. യാത്രക്കിടയിൽ രാജപാളയം റെയിൽവേ സ്റ്റേഷനിൽ നിന്നും കുടിച്ച കാപ്പിയുടെ രുചി ഇന്നും തന്റെ നാവിൽ തങ്ങി നിൽക്കുന്നു. ഇൻഡ്യയുടെ എല്ലാ ഭാഗത്തും ഞാൻ പോയിട്ടുണ്ടെങ്കിലും തമിഴ്നാട്ടിൽ ലഭിക്കുന്നതുപോലുള്ള കാപ്പി എങ്ങുമില്ല. നേരം വെളുത്തപ്പോൾ മധുരയിലെത്തി. ഇതിനകം എന്റെ ഷർട്ടു മുഴുവൻ കരിപ്പൊടി കൊണ്ട് അഭിഷേകമായി. ഒരാഴ്ചകാലം മധുരയിൽ ചിലവഴിച്ചു. മധുര മീനാക്ഷി ക്ഷേത്രവും തിരുമലനായിക്കിന്റെ കൊട്ടാരവും കണ്ടു. ക്ഷേത്രത്തിന്റെ ഗോപുരങ്ങളുടെ നിർമ്മാണവും ശില്പങ്ങളും എന്നെ വിസ്മയിപ്പിച്ചു.

അതിനുശേഷം തെന്മലവഴിയുള്ള മീറ്റർ ഗേജിൽ സഞ്ചരിച്ചത് ബിരുദാനന്തരപഠനത്തിന് വടക്കേ ഇൻഡ്യയിൽ പോകുമ്പോഴായിരുന്നു. 1904 ജൂൺ ഒന്നിനാണ് കൊല്ലത്തുനിന്നും ട്രെയിൻ ഓടാൻ തുടങ്ങിയത്. ആദ്യം ട്രെയിൻ ഓടുന്നതുകണ്ട് റെയിൽവേ പാതയ്ക്ക് അരികിലുള്ളവരിൽ ചിലർ ഭയന്നു നിലവിളിച്ചു കൊണ്ട് ഓടിയെന്നാണ് പഴമക്കാരിൽ ചിലർ പറയുന്നത്. കൊല്ലത്തു നിന്നും ചെങ്കോട്ടയിലേക്ക് ആദ്യം ഓടിയ തീവണ്ടി എൻജിൻ കൊല്ലത്ത് എത്തിയത് അറബിക്കടലിലൂടെയായിരുന്നു. ആര്യങ്കാവിനടുത്ത് ചുരം ഇടിഞ്ഞു റെയിൽപാത മൂടിയപ്പോൾ ട്രെയിനിനു കടൽവഴിയേ വരാൻ മാർഗ്ഗമുണ്ടായിരുന്നുള്ളു. കൊല്ലം ചെങ്കോട്ട തീവണ്ടിപാതയുടെ ഉദ്ഘാടനദിവസവും നിശ്ചയിച്ചു. 1904 ൽ ആണ് ചെങ്കോട്ടയിൽ നിന്ന് കൊല്ലത്തേക്ക് കന്നിയോട്ടം നിശ്ചയിച്ചത്. പക്ഷേ ഉദ്ഘാടനം അടുത്തുവരവെ കാലവർഷം കനത്തു. ചൂരമിടിഞ്ഞു റെയിൽപാതമൂടി. രാജകല്പനയനുസരിച്ച് ഉദ്ഘാടനം

നടക്കാതെ പറ്റില്ലല്ലോ. അങ്ങനെയാണ് ട്രെയിനിന്റെ ഭാഗങ്ങൾ പത്തേമാരിയിൽ കയറ്റി തൂത്തുക്കുടിയിൽ നിന്നും കൊല്ലം തുറമുഖത്ത് എത്തിച്ചത്. അവിടെ നിന്നും കാളവണ്ടിയിൽ ട്രെയിൻ കഷണങ്ങളായി റെയിൽവേ മൈതാനത്ത് എത്തുകയും നിശ്ചിതദിവസംതന്നെ തീവണ്ടി സർവ്വീസ് ആരംഭിക്കുകയും ചെയ്തു. തുടക്കത്തിൽ പുനലൂർവരെ മാത്രമേ സർവ്വീസ് ഉണ്ടായിരുന്നുള്ളു.

1918 ലാണ് കൊല്ലത്തു നിന്നും തിരുവനന്തപുരത്തേക്ക് ട്രെയിൻ ഓടുന്നത്. 1958 ജൂൺ 1-ാം തീയതി കൊല്ലം - കോട്ടയം ട്രെയിൻ സർവ്വീസ് ആരംഭിച്ചു. 1975 നവംബർ 23 നാണ് ഏറണാകുളം - തിരുവനന്തപുരം ബ്രോഡ്ഗേജ് ട്രെയിൻഓടി തുടങ്ങിയത്. കൊല്ലം ചെങ്കോട്ട ബ്രോഡ്ഗേജ് അടുത്തകാലത്ത് ഉദ്ഘാടനം ചെയ്തു.

വെക്കേഷൻ കഴിഞ്ഞു സ്കൂൾ തുറന്നു. എട്ടാം ക്ലാസിലായി. എട്ടാംക്ലാസ്സിൽ പൊതുപരീക്ഷയായിരുന്ന അക്കാലത്ത് നന്നായി പഠിച്ച് പരീക്ഷയെഴുതിയെങ്കിൽ മാത്രമെ ജയിക്കുമായിരുന്നുള്ളു. ടീച്ചർമാർ എല്ലാ വിഷയവും ശ്രദ്ധാപൂർവ്വം പഠിപ്പിച്ചു. ഓരോ മാസവും എല്ലാ വിഷയങ്ങൾക്കും ടെസ്റ്റ് പേപ്പർ ഉണ്ടായിരുന്നു. ഇതിനുപുറമെ ഓണപരീക്ഷയും ക്രിസ്തുമസ് പരീക്ഷയും. അവസാന പരീക്ഷയ്ക്ക് കൊല്ലം എ.ഇ.ഒ.യുടെ കീഴിലുള്ള എല്ലാ സ്കൂളിലും ഒരേ ചോദ്യപ്പേപ്പറായിരുന്നു. ഓരോ സ്കൂളിലെ കുട്ടികളുടെയും ഉത്തര കടലാസുകൾ മറ്റ് സ്കൂളിലെ അദ്ധ്യാപകരായിരുന്നു മൂല്യനിർണ്ണയം നടത്തിയത്.

ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത് ഹെഡ്മിസ്ട്രസായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദധാരിണിയായിരുന്നു അവർ. The Grasshoper and the Ant (പുൽച്ചാടിയും ഉറുമ്പും) എന്ന പദ്യവും ടോൾസ്റ്റോയിയുടെ The Grain as Big as a Hen's Egg (ഒരു കോഴിമുട്ടയോളമുള്ള നെന്മണി) എന്ന കഥയുമാണ് അവർ പഠിപ്പിച്ചതിൽ ഓർമ്മവരുന്നത്. പുൽച്ചാടിയും എറുമ്പുകളും ജോലിയോട് കാണിക്കുന്ന താല്പര്യമാണ് കഥാതന്തു. അലസനായിരിക്കരുത്, കഠിനാധ്വാനിയാകു, അധ്വാനം ആരാധനയാണ് എന്ന് കുട്ടികളെ പഠിപ്പിക്കുന്നതാണ് ഈ പദ്യം. റഷ്യൻ സാഹിത്യകാരനായ ടോൾസ്റ്റോയിയുടെ കഥ തൊഴിലിന്റെ മാഹാത്മ്യത്തെ കുറിച്ചുള്ളതാണ്.

മലയാളം പാഠാവലയിൽ പഠിപ്പിച്ചത് ബാലാമണിയമ്മയുടെ

"ബാലലീല"എന്ന കവിതയായിരുന്നുവെന്നാണ് ഓർമ്മ. മുതിർന്നവരുടെ വിലക്കുകൾ വകവെയ്ക്കാതെ മഴയിൽ കുതിർന്ന് മഴവെള്ളം തട്ടിത്തെറിപ്പിച്ച് കളിച്ചുതിമർക്കുന്ന ബാല്യകാലത്തെകുറിച്ചുള്ളതായിരുന്നു ഈ കവിത.

ഇന്മഴ വെള്ളത്തിൽപ്പുൽകളാൽ നിർമ്മിച്ച<br>
നമ്മൾതൻ വഞ്ചികൾ ചാഞ്ചാടട്ടെ<br>
ഒപ്പമീ നീർകുത്തിലോടിയും വീണും വേർ-<br>
ത്തൊലിച്ചിട്ടാവു നാം വീണ്ടും വീണ്ടും

വാക്കുകൾ കൊണ്ടുള്ള ഈ ചിത്രം മനസ്സിൽ ഇപ്പോഴും മായാതെ നിൽക്കുന്നു. സാമൂഹ്യപാഠത്തിൽ പഠിപ്പിച്ചത് മദ്ധ്യകാല ഇൻഡ്യയിലെ കലയും സാഹിത്യവുമായിരുന്നു. സൂര്യക്ഷേത്രം, താജ്മഹൽ, ഖജൂരാഹോക്ഷേത്രം, ഡെൽഹയിലെ ചെങ്കോട്ട എന്നിവയെകുറിച്ചെല്ലാം മനസ്സിലാക്കിയത് സാമുഹ്യപാഠത്തിൽ നിന്നായിരുന്നു 'ഒറ്റയൊന്നുമില്ല ഒരു ജീവിക്കും ഒറ്റയ്ക്ക നിലനിൽപ്പില്ലെ' ന്നുമുള്ള ജീവശാസ്ത്രതത്ത്വം മനസ്സിലാക്കിയത് എട്ടാം ക്ലാസ്സിൽ വെച്ചായിരുന്നു. കാന്തത്തിന്റെ ആകർഷണ-വികർഷണമായിരുന്നു ഭൗതികശാസ്ത്രത്തിൽ പഠിച്ചതെന്നാണ് ഓർമ്മ. ഗണിതത്തിൽ പഠിച്ചത് സംഖ്യകളേക്കുറിച്ചായിരുന്നു.

കൊല്ലം നഗരത്തിലെ ശുദ്ധജലവിതരണപദ്ധതിക്ക് 1956 ഏപ്രിലിലാണ് ഇൻഡ്യയുടെ ആദ്യത്തെ രാഷ്ട്രപതിയായിരുന്ന ഡോ.രാജേന്ദ്രപ്രസാദ് തറക്കല്ലിട്ടത്. അന്ന് കന്റോൺമെന്റ് മൈതാനത്തായിരുന്നു രാഷ്ട്രപതിയെ സ്വീകരിക്കുന്നതിന് ഞങ്ങളുടെ സ്കൂളിൽ നിന്നും കുട്ടികളെ കൊണ്ടുപോയിരുന്നു. എല്ലാവരും വെള്ളഷർട്ട് ധരിച്ചാണ് പോയത്. അവിടെ വലിയ പോലീസ് സന്നാഹങ്ങളുണ്ടായിരുന്നു. പോലീസുകാരാണ് അദ്ധ്യാപികമാരുടെ സഹായത്തോടെ സ്വീകരിക്കുന്നതിന് ഞങ്ങളെ വരിവരിയായി നിർത്തിയത്. കറുത്ത അതികായകനായ ഒരു പോലീസ് ഉദ്യോഗസ്ഥനായിരുന്നു നേതൃത്വം വഹിച്ചത്. പിന്നീടാണ് അയാൾ എസ്.പി. മരിയാർഭൂതം എന്നറിയുന്നത്. ശുദ്ധജലപദ്ധതി 1963 ൽ പ്രാവർത്തികമാക്കി. ഈ പദ്ധതി നടപ്പാക്കിയത് നോർവേക്കാരാണ്. ജലസേചനത്തിനാവശ്യമായ പൈപ്പുകൾ നിർമ്മിക്കുന്നതിനുവേണ്ടി അവർ ചവറയിൽ *പ്രീമോപൈപ്പ്* ഫാക്ടറി സ്ഥാപിച്ചു. നോർവേക്കാരായ

സായിപ്പന്മാർ കൊല്ലത്തെ ബാർഹോട്ടലുകളിൽ മദ്യപിക്കുന്നതിന് റിക്ഷായിൽ പോകുന്നത് അക്കാലത്തെ കൊല്ലം പട്ടണത്തിലെ ഒരു കാഴ്ചയായിരുന്നു.

ഓരോ വർഷവും സ്കൂൾ വർഷം അവസാനം കുട്ടികളെ കൊല്ലം നഗരത്തിലെ ഏതെങ്കിലും വിനോദകേന്ദ്രങ്ങളിൽ കൊണ്ടുപോകുന്ന പതിവുണ്ടായിരുന്നു. ഞങ്ങളെ തങ്കശ്ശേരി വിളക്കുമാടം (Light House) കാണാൻ കൊണ്ടുപോകാനാണ് തീരുമാനിച്ചത്. കുട്ടികളെ നയിക്കാൻ അദ്ധ്യാപകന്മാരും ഉണ്ടായിരുന്നു. ഞങ്ങൾ തങ്കശ്ശേരിയിലെത്തി കടലെല്ലാം കണ്ടശേഷം വിളക്കുമാടത്തിലേക്ക് പോയി . വിളക്കുമാടത്തെ ഒരത്ഭുതമായിട്ടാണ് കുട്ടികൾക്ക് തോന്നിയത്. വിളക്കുമാടത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നും അനുവാദം വാങ്ങി അതിന്റെ ഉള്ളിലെ പിരിയൻ ഗോവണി വഴി മുകളിലെത്തി. അവിടെ നിന്നുള്ള കാഴ്ച വിസ്മയിപ്പിക്കുന്നതായിരുന്നു.

1902 നു ബ്രിട്ടീഷുകാരാണ് 350 അടി ഉയരമുള്ള വിളക്കുമാടം (ദീപസ്തഭം) പണിതത്. 18 മൈലോളം കടലിൽ ഈ ദീപസ്തഭത്തിന്റെ വെളിച്ചം എത്തിക്കാൻ കഴിയുമായിരുന്നു. ഇന്ന് സാങ്കേതിക വിദ്യകൾ മാറിയതിനനുസരിച്ച് വെളിച്ചം കൂടുതൽ ദൂരം എത്തും. കപ്പലുകൾക്ക് വഴികാട്ടുന്നതിനാണ് ഈ ദീപസ്തംഭം സ്ഥാപിച്ചത്. ഇൻഡ്യയിലെ തന്നെ ദീപസ്തംഭങ്ങളിൽ രണ്ടാം സ്ഥാനം ഇതിനുണ്ട്. ദീപസ്തംഭത്തിന്റെ മുകളിൽ എത്താൻ കഴിയുന്നതിന് സഹായിക്കുന്ന ചുറ്റും ഗോവണി സന്ദർശകർക്ക് അത്ഭുതം നൽകുന്നു. പോർട്ടുഗീസുകാരുടേയും ഡച്ചുകാരുടേയും പ്രതാപ ഐശ്വര്യങ്ങൾ കണ്ടറിഞ്ഞതാണ് ഈ ദീപസ്തംഭം. വിളക്കുമരത്തിനടുത്ത് ഒരു ജന്തുശാസ്ത്രമ്യൂസിയം ഉണ്ടായിരുന്നു. അവിടെ ഇഴജന്തുക്കളുടെയും മത്സ്യങ്ങളുടേയും തിമിംഗലത്തിന്റേയും അസ്ഥികൂടങ്ങളുടെ ശേഖരം ഉണ്ടായിരുന്നു. ദീപസ്തംഭത്തിനു ചുറ്റുമുള്ള ചരിത്രപ്രാധാന്യ സ്ഥലങ്ങളെല്ലാം കണ്ടശേഷം കുട്ടികൾ വീടുകളിലേക്ക് മടങ്ങി.

സിനിമാ നടനായിരുന്ന ജയന്റെ (കൃഷ്ണൻ നായർ) സഹോദരൻ അജയൻ (സോമൻ നായർ) എന്റെ സഹപാഠിയും ബാല്യകാലസുഹൃത്തുമായിരുന്നു. എന്റെ കുടുംബത്തിനടുത്തായിരുന്നു അജയന്റെ വീട്. അയാളുടെ അച്ഛന്റെ മരണശേഷം അയാളും അമ്മയും

തേവള്ളി കൊട്ടാരത്തിന്റെ മുന്നിലെ ഒരു വീട്ടിലേക്ക് താമസം മാറി. ഞാനും അജയനും തമ്മിലുള്ള സൗഹൃദം തുടർന്നു. ഞാൻ അയാളുടെ പുതിയ വീട്ടിലെ നിത്യസന്ദർശകനായിരുന്നു. ഈ സമയത്ത് ജയൻ നാവികസേനയിൽ ചേർന്നു കഴിഞ്ഞിരുന്നു. എന്റേയും അജയന്റേയും കളി സ്ഥലം കൊട്ടാരവും പരിസരവുമായിരുന്നു. അക്കാലത്ത് നിരവധി സർക്കാർ ആഫീസുകൾ അവിടെ പ്രവർത്തിച്ചിരുന്നു. ബാല്യകാലത്തെ കാഴ്ചകളിൽ അവസ്മരണീയമാണ് തേവള്ളി കൊട്ടാരം.

അഷ്ടമുടികായലിന്റെ മനോഹരതീരത്താണ് തേവള്ളി. "ദേവഹള്ളി" പിന്നീട് ലോപിച്ചുണ്ടായതാണ് തേവള്ളിയെന്നാണ് നിഗമനം. മാർത്താണ്ഡവർമ്മ കൊല്ലം കീഴടിക്കിയശേഷം കായംകുളം പിടിച്ചെടുക്കാൻ വേണ്ട സൈന്യം തമ്പ് അടിച്ചത് തേവള്ളിയിലായിരുന്നു. മാർത്താണ്ഡവർമ്മയുടെ കാലത്ത് ഇവിടെ കൊട്ടാരമുണ്ടായിരുന്നില്ല. സ്വാതിതിരുനാളിന്റെ കാലത്താണ് കൊട്ടാരം പണിതത്. അക്കാലത്ത് രാജകുടുബാംഗങ്ങൾ അവധികാലം ചിലവഴിക്കാനും ഭരണകാര്യങ്ങൾ നിർവ്വഹിക്കാനും ഇവിടെ താമസിക്കാറുണ്ടായിരുന്നു.

ഏകദേശം 63800 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കൊട്ടാരസമുച്ചയത്തിൽ- രാജകൊട്ടാരം, അന്തപുരം, ഊട്ടുപുര, കുളങ്ങൾ, കൃത്രിമ വനങ്ങൾ എന്നിവയുണ്ടായിരുന്നു. കൊട്ടാരത്തിന്റെ വരാന്തയിലുള്ള കമാനങ്ങളും തുണുകളും കൈവരികളും ആരെയും ആകർഷിക്കും. മനോഹരമായ തറയോടു പാകിയപ്പോൾ ഉൾഭാഗം രാജകീയപ്രൗഡിയാൽ സമ്പന്നമാണ്. കൊട്ടാരത്തിന്റെ കിഴക്കുവശത്തെ ചുറ്റുമതിലിനോടു ചേർന്ന് ഒരു കൽമണ്ഡപമുണ്ട്. ഇതിലെ ചിത്രശില്പവേലകൾക്ക് കാലാതിവർത്തിയായ സൗന്ദര്യമാണ്. കായലിൽ നിന്നും കൊട്ടാരസമുച്ചയത്തിലേക്കുള്ള മൂന്നുകൽപടവുകളിൽ ചൈനീസ് വാസ്തുവിദ്യയുടെ സ്വാധീനം കാണാം. ഇടതുഭാഗത്തുണ്ടായിരുന്ന പടിക്കെട്ടുകൾ പ്രധാനകെട്ടിടമായ കൊട്ടാരത്തിലേക്ക് നയിക്കുന്നതായിരുന്നു. കൊട്ടാരത്തിനു ചുറ്റും വനമായിരുന്നു. കായൽ തീരത്ത് തല ഉയർത്തി നിൽക്കുന്ന കൊട്ടാരസമുച്ചയത്തിന് വ്യക്തവും വിരളവുമായ താളക്രമമുണ്ടായിരുന്നു.

തേവള്ളി കൊട്ടാരത്തിൽ ആകാശനിരീക്ഷണത്തിന് ഒരു കണ്ണാ

ടിമാടമുണ്ടായിരുന്നു. മാടത്തിന്റെ നാലുവശവും വൈചിത്ര്യവും വർണ്ണശമ്പളിമയുള്ളതുമായ കണ്ണാടികൊണ്ടാണ് മറയ്ക്കപ്പെട്ടിരുന്നത്. അതിനകത്തൊരു ദൂരദർശനിയുണ്ടായിരുന്നുവെന്നാണ് പറയപ്പെടുന്നത്. എ.ഡി.1921 വെയിൽസ് രാജകുമാരൻ ഇൻഡ്യ സന്ദർശിച്ച അവസരത്തിൽ ഈ കൊട്ടാരത്തിലിരുന്നാണ് തേവള്ളിയുടേയും കായലിന്റേയും സൗന്ദര്യം നുകർന്നത്. കുറെക്കാലം ബ്രിട്ടീഷുകാരായ ഉദ്യോഗസ്ഥൻമാർ ഇവിടെ താമസിച്ചിരുന്നു.അവിടെ താമസിച്ചിരുന്ന ഒരു സായിപ്പിന്റെ നായയുടെ ശവകുടീരം അവിടെ ഉണ്ട്.നമ്മുടെ പുരാവസ്തു പൈതൃകത്തിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്ന ഈ കൊട്ടാരസമുച്ചയത്തിലെ പ്രധാനകെട്ടിടത്തിൽ എൻ.സി.സി.ഓഫീസും ഗസറ്റഡ് ഓഫീസർമാരുടെ ക്വാർട്ടേഴ്സുമാണ്. ഇന്ന് തേവള്ളി കൊട്ടാരത്തിന്റെ പ്രൗഢിയും ഭംഗിയും നഷ്ടപ്പെട്ടിരിക്കുന്നു.

എന്റെ ബാല്യകാലത്ത് ടെലിഫോണുകൾ അപൂർവ്വ വസ്തുവായിരുന്നു. അന്ന് വിവരവിനിമയത്തിന് ഉപയോഗിച്ചിരുന്നത് ടെലഗ്രാഫ് സംവിധാനത്തെയായിരുന്നു. സന്ദേശങ്ങൾ മറ്റുള്ളവരെ അറിയിക്കാൻ ടെലഗ്രാഫ് ഓഫീസുകളിൽ പോയി ടെലഗ്രാം അടിക്കുക മാത്രമായിരുന്നു മാർഗ്ഗം. വീടുകളിൽ ടെലഗ്രാം വരുന്നത് ഭീതിയോടെയായിരുന്നു കണ്ടിരുന്നത്. മരണമോ, മറ്റത്യാഹിതങ്ങളോ ഉണ്ടാകുമ്പോഴായിരുന്നു ടെലഗ്രാം അയച്ചിരുന്നത്. ടക്, ടക് എന്ന് ശബ്ദിക്കുന്ന ഉപകരണത്തിന്റെ കോഡിനനുസരിച്ചാണ് ടെലഗ്രാം എഴുതിയിരുന്നത്. അപൂർവ്വമായിട്ടുണ്ടായിരുന്ന ഫോണുകളുടെ സ്ഥിതി ദയനീയമായിരുന്നു. തിരുവനന്തപുരത്തേക്ക് വിളിക്കണമെങ്കിൽ മൂന്നു നാലു മണിക്കൂർ കാത്തിരിക്കണമായിരുന്നു. വിദേശങ്ങളിലേക്കുള്ളതിന്റെ കാര്യം പറയേണ്ടതില്ല. വിദേശത്തേക്ക് ഫോൺ വിളി അസാദ്ധ്യമായിരുന്നു. ടെലഗ്രാമിനെ ആശ്രയിച്ചായിരുന്നു വിദേശത്തേക്ക് വിവരവിനിമയം നടത്തിയിരുന്നത്. ലാൻഡ് ഫോൺ വ്യപകമാകാൻ തുടങ്ങിയ കാലത്ത്പോലും ദൂരദേശങ്ങളിൽ വിളിക്കാൻ ട്രങ്ക് ബുക്ക് ചെയ്തിട്ട് ദീർഘനേരം കാത്തിരിക്കണമായിരുന്നു.

ഞാൻ എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് വീട്ടിൽ റേഡിയോ വാങ്ങിയത്. അത് ഫിലിപ്പ്സ് കമ്പനിയുടേതാണെന്നാണ് ഓർമ്മ. രാവിലെ ഉണരുന്നത് റേഡിയോ കേട്ടായിരുന്നു. സുഭാഷിതവും

വാർത്തകളുമൊക്കെ കേട്ടിരുന്നു. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ നിലയങ്ങളിൽ നിന്നാണ് പരിപാടികൾ വന്നുകൊണ്ടിരുന്നത്. ഇടയ്ക്കിടയ്ക്ക് സിലോൺ റേഡിയോ നിലയത്തിലെ പാട്ടുകളും കേൾക്കാമായിരുന്നു. അന്ന് ടേപ്പ് റിക്കോർഡുകൾ ഉണ്ടായിരുന്നില്ല. ടി.വിയെകുറിച്ചറിയില്ലായിരുന്നു. അത് അമേരിക്കയിലുണ്ടെന്ന് ആളുകൾ പറയുമായിരുന്നു.

റേഡിയോയിൽ വൈദ്യുത സിഗ്നലുകൾ വലുതാക്കുന്നതിന് ഉപയോഗിച്ചിരുന്നത് ഇലക്ട്രോണിക് വാൽവുകളായിരുന്നു. ഇത് ഇലക്ട്രിക് ബൾബുപോലുള്ളതായിരുന്നു. ഇവയുടെ വലിപ്പം മൂലമായിരുന്നു റേഡിയോയ്ക്ക് വലിയ വലിപ്പം ഉണ്ടായിരുന്നത്. വാൽവിനുപകരം ട്രാൻസിസ്റ്റർ വന്നതോടെ റേഡിയോയുടെ വലുപ്പം കുറഞ്ഞു. വാൽവുകൾ ഉപയോഗിച്ചുള്ള ആദ്യകാല കംപ്യൂട്ടറുകൾക്ക് ഒരു വലിയ മുറിയുടെ വലിപ്പമുണ്ടായിരുന്നു. സിലിക്കോൺചിപ്പ് ഉപയോഗിക്കാൻ തുടങ്ങിയതോടെ റേഡിയോയുടേയും കംപ്യൂട്ടറുകളുടേയും ടെലഫോണുകളുടേയും വലിപ്പം കുറഞ്ഞു.

കൊല്ലത്ത് നഗരത്തിൽ അന്ന് ഷഹാൽ, ലക്ഷ്മി, എസ്.എം.പി എന്നീ മൂന്നു തിയേറ്ററുകളാണ് ഉണ്ടായിരുന്നത്. ഷഹാൽ തിയേറ്ററിനെ തകരകൊട്ടക എന്നാണ് വിളിച്ചിരുന്നത്. അത് മേഞ്ഞിരുന്നതും മറച്ചിരുന്നതു തകരഷീറ്റുകൊണ്ടായിരുന്നു. തീയേറ്ററുകളിൽ കസേര, ബഞ്ച്, തറ എന്നിങ്ങിനെയായിരുന്നു സീറ്റിങ്ങ്. തറ ടിക്കറ്റിന് തറയിൽതന്നെയാണ് ഇരിപ്പ്. പണക്കാരാണ് കസേരയിൽ ടിക്കറ്റെടുത്തിരുന്നത്. അല്ലാത്തവർ ബഞ്ചിലിരിക്കും. വലിയ സിനിമ പരസ്യങ്ങൾ ഒട്ടിച്ച ബോർഡ് വച്ച കാളവണ്ടിയിൽ ചെണ്ടകൊട്ടിക്കൊണ്ട് പ്രദേശത്തെല്ലാം അനൗൺസമെന്റ് നടത്തുമായിരുന്നു. കുട്ടികൾ വണ്ടികൾക്കു പിറകിൽ ഓടി നോട്ടീസുകൾ ശേഖരിക്കും. നോട്ടീസിൽ കഥയുടെ പകുതിയേ കാണുകയുള്ളു. 'ശേഷം വെള്ളിത്തിരയിൽ' എന്നെഴുതും. അവധി ദിവസങ്ങളിൽ വല്ലപ്പോഴും ഞാനും അമ്മാവനും കൂടിയാണ് സിനിമ കാണാൻ പോയിരുന്നത്. ബെഞ്ചിനാണ് മിക്കവാറും ടിക്കറ്റെടുത്തിരുന്നത്. *ജീവിതനൗക, നല്ല തങ്ക, നീലക്കുയിൽ, ഹരിചന്ദ്രൻ* എന്നീ സിനിമകളാണ് ഓർമ്മയിൽ വരുന്നത്. ആറന്മുളപൊന്നമ്മ, തിക്കുറുശ്ശി സുകുമാരൻ നായർ, സത്യൻ എന്നീ നടന്മാരാണ് അന്ന് അഭിനയിച്ചിരുന്നത്.

എം.ജി.ആർ, ശിവാജി ഗണേശൻ, ജമിനി ഗണേശൻ, എം.എൻ.നമ്പ്യാർ എന്നിവരുടെ സിനിമാകളും തീയേറ്ററിൽ വരുമായിരുന്നു. തമിഴ് സിനിമകൾ അപൂർവ്വമായിട്ടു മാത്രമെ ഞങ്ങൾ കാണാൻ പോകാറുള്ളായിരുന്നു.

പൊതുപരീക്ഷ നന്നായി എഴുതി. സ്കൂൾ അവധി കാലമായി. ഞാൻ അമ്മയേയും അച്ഛനേയും അനിയത്തിയേയും കാണാൻ വെളിയത്തു പോയി. വെക്കേഷൻ കഴിയാറായപ്പോൾ പരീക്ഷാഫലം വന്നു. 60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചു. ഹെഡ്മിസ്ട്രസ് പൊന്നമ്മ ടീച്ചർ എന്നെ അഭിനന്ദിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. പുതിയ സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുൻപ് ഹൈസ്ക്കൂളിൽ ചേരാൻ മാർക്ക് ലിസ്റ്റും വിടുതൽ സർട്ടിഫിക്കറ്റും വാങ്ങി. എട്ടു വർഷം പഠിച്ച മലയാളിമന്ദിരം സ്കൂളിനെ കുറിച്ച് ആലോചിക്കുമ്പോൾ വല്ലാത്ത ഗൃഹാതുരത്വമാണ് തോന്നാറുള്ളത്. ഹൈസ്ക്കൂളിൽ ചേരുന്നതിനു മുൻപുതന്നെ അമ്മയും അനിയത്തിയും വെളിയത്തെ താമസം മതിയാക്കി കൊല്ലത്തെ വീട്ടിൽ വന്നു. എനിക്കത് വലിയ ആശ്വാസമായി.

# മഹാരാജാസ് ഹൈസ്കൂൾ

പുതിയ സ്കൂൾ വർഷം ആരംഭിച്ചു. അച്ഛന്റെ സുഹൃത്തായ നസ്രേത്ത് പണ്ടാലയുമായി ഞാൻ കൊല്ലം ഗവൺമെന്റ് ബോയിസ് ഹൈസ്കുളിൽ ചേരാൻ പോയി. നസ്രേത്ത് പണ്ടാല ഹൈസ്കൂളിലെ ചിത്രകലാദ്ധ്യാപകനായിരുന്നു. ഞങ്ങൾ ആദ്യം പോയത് ഹെഡ്മാസ്റ്ററുടെ ഓഫീസിലേക്കായിരുന്നു. ഹൈസ്ക്കൂളിന്റെ പോർട്ടിക്കോയുടെ മുകളിലെ വിശാലമായ മുറിയിൽ ഒരു വലിയ കസേരയിൽ ഹെഡ്മാസ്റ്റർ ശങ്കരപിള്ള സാർ ഇരിപ്പുണ്ടായിരുന്നു. ദീർഘകായകനായിരുന്നു അദ്ദേഹം. വല്ലാത്ത ആകർഷണശക്തിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ തിളങ്ങുന്ന കണ്ണുകൾ. വലിയ ഭയത്തോടുകൂടിയാണ് ഞാൻ ഹെഡ്മാസ്റ്ററുടെ റൂമിൽ പ്രവേശിച്ചിരുന്നതു തന്നെ. അദ്ദേഹം എന്റെ മാർക്ക് ലിസ്റ്റും വിടുതൽ സർട്ടിഫിക്കറ്റും പരിശോധിച്ചിട്ട് 9-ാം ക്ലാസ്സിൽ പോയിരിക്കാൻ പറഞ്ഞുകൊണ്ട് ചീട്ടെഴുതി തന്നു.

ഗവൺമെന്റ് ബോയിസ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത് കൊല്ലം തേനി ഹൈവയിലാണ്. വിശാലമായ കോമ്പൗണ്ടിനു ചുറ്റും മതിലുകൾ കെട്ടിയിരുന്നു. വളരെ വലിപ്പമുള്ളതാണ് സ്കൂളിന്റെ പ്രധാന കവാടം. സ്കൂളിന് ഹരിത ഭംഗി നൽകുന്നത് സ്കൂളിന്റെ മുന്നിലെ നൂറ്റാണ്ട് പഴക്കമുള്ള വാകമരമാണ്. ഇതിനെ മുത്തശ്ശിമരമെന്നാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് വിശേഷിപ്പിക്കുന്നത്.അതിന്റെ തണലിലാണ് ഓപ്പൺ സ്റ്റേജ്. മരത്തിനു ചുറ്റുമുള്ള സ്ഥലമായിരുന്നു കുട്ടികളുടെ പ്രിയപ്പെട്ട ഇടം. സ്കൂളിന്റെ തെക്കുവശം ഗേൾസ് ഹൈസ്ക്കൂളാണ്. ഹൈസ്കൂളിന്റെ പ്രധാന കെട്ടിടം വളരെ വലിയ മാളികയാണ്. അതിന്റെ വരാന്തയ്ക്ക് തന്നെ 250 മീറ്റർ നീളമുണ്ട്.

പാശ്ചാത്യ,കേരള വാസ്തുവിദ്യകളെ ഓർമ്മിപ്പിക്കുന്നതാണ് മാളിക. ആർച്ച് നിർമ്മാണരീതിയാണ് ഉപയോഗിച്ചിരിക്കുന്നത്. താഴത്തെ നിലയിലായിരുന്നു ലബോറട്ടറിയും, വായനാമുറിയും, ലൈബ്രറിയും. കുട്ടികൾക്ക് കളിക്കാൻ ഫുട്ബാൾ കോർട്ടും, വോളിബോൾ കോർട്ടും, ബാഡ്മിന്റൻ കോർട്ടും ഉണ്ടായിരുന്നു. കുട്ടികൾക്ക് വെള്ളം കുടിക്കുന്നതിന് പ്രത്യേകം ഒരു മുറിയുണ്ടായിരുന്നു. ഇത് വാട്ടർഷെഡ് എന്നാണ് അറിയപ്പെട്ടിരുന്നത്. വെള്ളം വിതരണം ചെയ്തിരുന്നത് ഒരു തമിഴ് ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തെ കുട്ടികൾ *വാട്ടർസ്വാമി* എന്നാണ് വിളിച്ചിരുന്നത്.

ചരിത്രപ്രാധാന്യമുള്ള സ്കൂളാണ് കൊല്ലം ബോയിസ് ഹൈസ്കൂൾ. വൈസ്രോയിയുടെ ഉപദേഷ്ടാവായിരുന്നു മെക്കാളെ 1834 ൽ ഇംഗ്ലീഷ് ആക്ട് കൊണ്ടുവന്നു. അതനുസരിച്ച് ആറാംക്ലാസ്സ് മുതലുള്ള അദ്ധ്യായന മാധ്യമം ഇംഗ്ലീഷ് ആയിരിക്കണമെന്നായിരുന്നു. അന്നുവരെ ആറാംക്ലാസ് മുതൽ സംസ്കൃതമോ ഉറുദുവോ ആയിരുന്നു മാധ്യമം. ഇതിന്റെ ഭാഗമായി തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. ഇത് സ്വാതി തിരുനാളിന്റെ (1829-1847) കാലത്തായിരുന്നു. 1834 ൽ തന്നെ തിരുവനന്തപുരത്ത് ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. അത് ഇപ്പോൾ യൂണിവേഴ്സിറ്റി കോളേജ് കിടന്നിരുന്ന സ്ഥലത്തായിരുന്നു. 1836 ൽ അത് *രാജാസ് ഫ്രീസ്കൂളായി.* അതേകാലത്തുതന്നെ തിരുവിതാംകൂറിലെ എല്ലാ ജില്ലകളിലും ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കപ്പെട്ടു. 1836 ൽ കൊല്ലം ജില്ലയിൽ സ്ഥാപിക്കപ്പെട്ട സ്കൂളാണ് ഇന്നത്തെ ബോയിസ് ഹൈസ്കൂൾ. ഇതിന്റെ ആദ്യത്തെ പേരു *ഹിസ് ഹൈനസ് മഹാരാജാസ് ഇംഗ്ലീഷ് സ്കൂൾ* എന്നായിരുന്നു.

കൊല്ലം ബോയിസ് ഹൈസ്ക്കൂളിൽ പ്രതിഭാധനന്മാരായ നിരവധി അദ്ധ്യാപകർ പഠിപ്പിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രമുഖനും പ്രസിദ്ധനുമായിരുന്ന എം.എ.പരമുപിള്ള, ഇംഗ്ലീഷ് സാഹിത്യം ഐച്ഛികമായി എടുത്ത് മദ്രാസ് സർവ്വകലാശാലയിൽ നിന്ന് എം.എ. പരീക്ഷ പാസായ ആദ്യത്തെ മലയാളിയായിരുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ആദ്യത്തെ മലയാളിയായ ഇംഗ്ലീഷ് അദ്ധ്യാപകനും അദ്ദേഹമായിരുന്നു. അദ്ദേഹം നായർ സർവ്വീസ് സൊസൈറ്റി (എൻ.എസ്.എസ്.) യുടെ സ്ഥാപകരിൽ

ഒരാളായിരുന്നു. മയ്യനാട് സി. വി. കുഞ്ഞുരാമൻ ഈ സ്കൂളിലെ മലയാളം അദ്ധ്യാപകനായിരുന്നു. ഈ കാര്യമൊക്കെ മുഖ്യമന്ത്രിയായിരുന്ന സി. കേശവൻ അദ്ദേഹത്തിന്റെ ആത്മകഥയായ 'ജീവിത സമര'ത്തിൽ പ്രതിപാദിക്കുന്നുണ്ട്. നീലകണ്ഠൻപിള്ള (എൻ.ശ്രീകണ്ഠൻ നായരുടെ അച്ഛൻ), ചെറിയാൻ, കുംഭാണ്ഡൻ ശങ്കരപിള്ള, കിളിമാനൂർ ഭാസ്കരൻ നായർ, മയ്യനാട് ഭാസ്കരൻ എന്നിവർ ഇവിടെ പഠിപ്പിച്ച അദ്ധ്യാപക ശ്രേഷ്ഠരിൽ ചിലരാണ്. സി. കേശവൻ, കേസരി ബാലകൃഷ്ണപിള്ള, ഗാന്ധിയൻ രാമചന്ദ്രൻ, മലയാറ്റൂർ രാമകൃഷ്ണൻ, പത്മശ്രീ.ഡോ. കെ.എൻ.പൈ, മേജർ ജനറൽ ശങ്കരൻനായർ, കെ. പി. എസ്. മേനോൻ, ടി. കെ. ദിവാകരൻ, എ. എ. റഹിം, വിശ്വപ്രസിദ്ധ കാർട്ടൂണിസ്റ്റ് അബു എബ്രഹാം, അടൂർ ഭാസി, കെ. എം.മാത്യൂ (മനോരമ) എന്നിവർ ഇവിടെ പഠിച്ച പ്രതിഭകളിൽ ചിലരാണ്.

ഒൻപതാം ക്ലാസ്സിലെ ക്ലാസ്സ് ടീച്ചർ മേഴ്സി ചെറിയാനായിരുന്നു. അവർ എന്റെ അയലത്തുകാരിയും. അവർ പഠിപ്പിച്ചിരുന്നത് ജീവശാസ്ത്രവും ഇംഗ്ലീഷുമായിരുന്നു. മുഖത്തല രാഘവൻപിള്ള സാറായിരുന്നു സയൻസും,ഗണിതവും, പഠിപ്പിച്ചിരുന്നത്. തടിച്ച ശരീരമുള്ള അദ്ദേഹത്തിന്റെ വേഷം മുണ്ടും ഓവർക്കോട്ടുമായിരുന്നു. മുഖത്തലയിൽ നിന്നും സൈക്കിളിലാണ് അദ്ദേഹം സ്കൂളിൽ വന്നിരുന്നത്. അദ്ദേഹത്തിന്റെ ക്ലാസ്സിലെ എല്ലാവിഷയങ്ങളും ഓർമ്മയില്ലെങ്കിലും എന്റെ ശ്രദ്ധയിൽപ്പെട്ട ചില കാര്യങ്ങൾ ഓർമ്മയിൽ തെളിയുന്നുണ്ട്. 1957 ലാണ് ബഹിരാകാശയുഗം ആരംഭിച്ചത്. ഇതിനെകുറിച്ച് ഞാൻ മനസ്സിലാക്കിയത് രാഘവൻപിള്ള സാറിൽ നിന്നായിരുന്നു. ആ വർഷം തന്നെ 'ലൈക്ക' എന്ന ഒരു നായയെ ബഹിരാകാശവാഹനത്തിൽ കയറ്റിവിട്ടു. ലൈക്ക ഒരു തെരുവ് നായായിരുന്നു. അവളെ പരിശീലിപ്പിച്ചതിന് ശേഷമാണ് ആകാശത്തേക്ക് അയച്ചത് പ്രതികൂലസാഹചര്യങ്ങളെ നേരിടാൻ തെരുവ് നായക്കൾക്ക് പ്രത്യേകശേഷിയുണ്ടെന്ന വിശ്വാസത്തിലാണ് ലൈക്കയെ ഉപയോഗിച്ചത്. എന്നാൽ ലൈക്ക ആകാശത്ത് വച്ച് മരണമടഞ്ഞു.

ഇംഗ്ലീഷ് പാഠശാലയിൽ റൂഡ്യയാർഡ് കിപ്ലിങ്ങിന്റെ ഒരു കഥയും ഇ.പി. ലൂക്കോസിന്റെ ഒരു കഥയും ഉണ്ടായിരുന്നു. ഈ കഥകൾ

ഇന്നും ഓർമ്മയിൽ നിൽക്കുന്നു. മലയാളം അദ്ധ്യാപകനായിരുന്ന ഗംഗാധരൻ സാറിന്റെ ഓരോ ക്ലാസ്സും കുട്ടികളിൽ സാഹിത്യവാസന ഉണ്ടാക്കുന്നതായിരുന്നു. എഴുത്തച്ഛൻ, കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ, ചങ്ങമ്പുഴ എന്നിവരെ കുറിച്ചെല്ലാം ക്ലാസ്സിൽ സംസാരിക്കുമായിരുന്നു.

എഴുത്തച്ഛന്റെ *അദ്ധ്യാത്മരാമായണം* കിളിപ്പാട്ടിലെ ആരണ്യകാണ്ഡത്തിലെ മാരീച നിഗ്രഹമായിരുന്നു മലയാളം പാഠാവലിയിലെ ഒരു കവിതാഭാഗം. പൊന്മാനിനെ കണ്ടപ്പോൾ സീതയ്ക്കുണ്ടായ ഭാവമാറ്റവും കവിയുടെ കാവ്യഭാഷയുടെ സവിശേഷതകളും അദ്ദേഹം മനോഹരമായി അവതരിപ്പിക്കുമായിരുന്നു. ഈ കവിതയിൽ എഴുത്തച്ഛൻ വാക്കുകൊണ്ട് പൊൻമാനിന്റെ ഓട്ടം അവതരിപ്പിക്കുന്നു.

അടുത്തു ചെല്ലുംനേരം വേഗത്തിലോടിക്കള-
ഞ്ഞടുത്തുകൂടായെന്നു തോന്നുമ്പോൾ മന്ദം മന്ദം
അടുത്തുവരുമപ്പോൾ പിടിപ്പാൻ ഭാവിച്ചിടും
പടുത്വമോടു ദൂരെകുതിച്ചു ചാടുമപ്പോൾ

ഹൈസ്ക്കൂളിൽ പ്രവേശിപ്പിച്ചതോടെ പഴയ കളികളെല്ലാം ഉപേക്ഷിച്ച് ഫുട്ബോൾ കളിക്കാൻ തുടങ്ങി. ഞങ്ങൾ കൂട്ടുകാർ ചേർന്ന് ഒരു ഐ–കട്ട് ഫുട്ബോൾ സംഘടിപ്പിച്ചു. ചെറിയപ്രായക്കാർക്ക് കളിക്കാനുള്ളതായിരുന്നു ഐ–കട്ട്. ഇത് മൃദുവായിരുന്നു. മുതിർന്നവർ കളിച്ചിരുന്നത് ടി–കട്ട് പന്തിലായിരുന്നു.ഐ–കട്ടെന്നാൽ ഇംഗ്ലീഷിൽ ക രൂപത്തിലുള്ള തോൽകക്ഷണങ്ങൾ കൊണ്ടാണ് ഫുട്ബാൾ നിർമ്മിച്ചതെന്നർത്ഥം. ഇപ്പോൾ പല കട്ടിലുമുള്ള ഫുട്ബോളാണ് ഉള്ളത്.സ്കൂൾ വിട്ടാലുടൻ ഫുട്ബോളുമായി പോയി മലയാളി മന്ദിരം സ്കൂൾ ഗ്രൗണ്ടിൽ പോയി കളിക്കുമായിരുന്നു. ഞങ്ങൾക്ക് 'തേവള്ളി ഇലവൻസ്' എന്നൊരു ഫുട്ബോൾ ക്ലബ് ഉണ്ടായിരുന്നു.

കൊല്ലത്തെ ഫുട്ബോൾ കളിയുടെ ഏറ്റവും പ്രധാനപ്പെട്ട വേദി കൊല്ലം ബോയിസ് ഹൈസ്ക്കൂൾ ഗ്രൗണ്ടിലായിരുന്നു. ഈ ഗ്രൗണ്ടിനെ കൊല്ലത്തെ ഫുട്ബോളിന്റെ ഈറ്റില്ലം എന്നുപറയാം. അന്ന് ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം ഇല്ലായിരുന്നു. സംസ്ഥാനത്തെ അഭിമാനഭാജനങ്ങളായ കൊല്ലത്തെ ഫുട്ബോൾ താരങ്ങളെ വാർത്തെടുത്ത കളിക്കളമായിരുന്നു ഇത്. എന്റെ മുൻ

തലമുറയിൽപ്പെട്ട ഡിപ്പോ ഓഫീസർ പപ്പു, പനംപുന്ന ജോൺ അലക്സാണ്ടർ എന്നിവരും സമീപകാല ഫുട്ബോളർമാരായിരുന്നു നജിമുദ്ദീനും, തോമസ് ആന്റണിയും, മോഹനനും, ടൈറ്റസ് കുര്യനും ഈ ഗ്രൗണ്ടിന്റെ സന്തതികളായിരുന്നു. എന്റെ പഠനകാലത്ത് ഹൈസ്കൂൾ ടീമുകൾ തമ്മിൽ കടുത്ത മത്സരമാണ് ഉണ്ടായിരുന്നത്. ഫുട്ബോളിന്റെ കാര്യം മാത്രം ശ്രദ്ധിക്കുവാൻ ഒരു അദ്ധ്യാപകന് ഹെഡ്മാസ്റ്റർ ചുമതല കൊടുത്തിരുന്നു. മുൻമന്ത്രിയും കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന ടി.വി. തോമസ്സും, വി. ഗംഗാധരനുമെല്ലാം ഓലയിൽ സെവൻസ് ടീമിന്റെ അംഗങ്ങളായിരുന്നുവെന്ന് കൊല്ലത്തിന്റെ ചരിത്രകാരനായ വി. ലക്ഷ്മണൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഓലയിൽ സെവൻസിന്റെ പരിശീലനകേന്ദ്രവും ഹൈസ്ക്കൂൾ ഗ്രൗണ്ടായിരുന്നു.

കൊല്ലത്ത് ഫുട്ബോൾ കൊണ്ടുവന്നത് ബ്രിട്ടീഷുകാരായ സായിപ്പന്മാരായിരുന്നു. വേലുത്തമ്പിക്കെതിരായ സൈനികകേന്ദ്രീകരണം നടന്നത് കന്റോൺമെന്റ് മൈതാനത്തായിരുന്നു. സൈനിക ഓഫീസർമാർക്കും സൈനികർക്കും കായികവിനോദങ്ങളുണ്ടായിരുന്നു. അതിലൊന്നായിരുന്നു ഫുട്ബോൾ കളി. അങ്ങനെ അവർ വഴിയാണ് ഫുട്ബോൾ ഇവിടെ വന്നത്. അവർ ഫുട്ബോൾ കളിച്ചിരുന്നത് കന്റോൺമെന്റിലെ റിസർവേ ക്യാമ്പിനോട് ചേർന്ന സ്ഥലത്തായിരുന്നു. 1900 ൽ കന്റോൺമെന്റിൽ നിന്നും സൈന്യം പിന്മാറിയതോടെ ഫുട്ബോൾ കോർട്ട് എച്ച് ആന്റ് സി കമ്പനിയിലെ സായിപ്പന്മാരുടെ കൈവശമായി. വളരെക്കാലങ്ങൾക്കുശേഷമാണ് നാട്ടുകാർക്ക് കന്റോൺമെന്റിൽ ഫുട്ബോൾ കളിക്കാൻ അവകാശം ലഭിച്ചത്.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഫുട്ബോൾ മത്സരങ്ങളും കായികമത്സരങ്ങളും നടന്നിരുന്നത് കന്റോൺമെന്റ് മൈതാനത്തായിരുന്നു. സ്കൂൾ ഫുട്ബോൾമത്സരങ്ങളും കായികമത്സരങ്ങളും കാണാൻ ഞാനും കൂട്ടുകാരും അവിടെ പോകുമായിരുന്നു. മൈതാനത്തിന്റെ ഒരു ഭാഗത്തായിരുന്നു കളിസ്ഥലം. ഇപ്പോൾ ലാൽബഹദൂർ സ്റ്റേഡിയം നിൽക്കുന്ന സ്ഥലം. സ്പോർട്സ് രംഗത്തെ ഞങ്ങളുടെ ഇഷ്ടതാരങ്ങളായിരുന്ന ആവിസ്ടപീറ്റേഴ്സ്, ജാനിസ്പിങ്ക്, ലീലാമ്മ മാത്യു എന്നീ വനിതാ താരങ്ങൾ.

ആദ്യമായി ഒരു അഖിലേന്ത്യാ കായികമത്സരത്തിൽ പങ്കെടുത്ത് രണ്ട് സ്വർണ്ണം നേടിയ അപൂർവ്വ കായിക പ്രതിഭയായിരുന്നു ആവിസ് പീറ്റർ. 1957 ലെ ഡെൽഹിയിലെ അഖിലേന്ത്യാ സ്പോർട്സ് മീറ്റിൽ ലീലാമ്മ മാത്യൂ 800 മീറ്റർ ഹർഡിൽസിൽ മൂന്നാം സ്ഥാനം നേടി. അന്ന് അവർ 9-ാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. മറ്റൊരു പ്രിയതാരമായിരുന്നു തങ്കശ്ശേരിക്കാരി ജാനീസ്സ്പിങ്ക്. സ്കൂൾ ജൂനിയർ വിഭാഗത്തിലെ മത്സരങ്ങളുടെ കുത്തക അവൾക്കായിരുന്നു.

കന്റോൺമെന്റുമായി അക്കാലത്തും പിന്നീടും എനിക്കുണ്ടായ ബന്ധം അതിനെകുറിച്ച് പുതിയ അറിവുകൾ നല്കി. കന്റോൺമെന്റ് മൈതാനം ചരിത്രമുറങ്ങുന്ന ഇടമാണ്. തിരുവിതാംകൂറിലെ ഏറ്റവും വലിയ സൈനികതാവളം അവിടെയായിരുന്നു. ധീരദേശാഭിമാനിയായിരുന്ന വേലുത്തമ്പിദളവക്കെതിരെയുള്ള ആക്രമണത്തിന് ബ്രിട്ടിഷ് പട്ടാളം താവളമടിച്ചിരുന്നതവിടെയായിരുന്നു. അതുകൊണ്ടാണ് കന്റോൺമെന്റ് എന്ന് പേരു വന്നത്. അതിന്റെ സ്മരണകളുയർത്തികൊണ്ട് 5 പീരങ്കികൾ അവിടെ കാണാം. വേലുത്തമ്പിയുടെ സൈന്യവും ബ്രിട്ടീഷ്പട്ടാളവും തമ്മിൽ പൊരിഞ്ഞ യുദ്ധം നടന്നു. യുദ്ധത്തിൽ വേലുത്തമ്പിയുടെ സൈന്യം പരാജയപ്പെട്ടു. വേലുത്തമ്പി പലായനം ചെയ്തു. അവർ അദ്ദേഹത്തെ പിൻതുടർന്നു. അവർക്ക് പിടികൊടുക്കാതിരിക്കാൻ 1809 മാർച്ച് 29 ന് അദ്ദേഹം സ്വയം പ്രാണഹാനി വരുത്തി.

കന്റോൺമെന്റ് മൈതാനം കൊച്ചുപിലാംമൂട് മുതൽ കടപ്പാക്കട വരെ നീണ്ടുകിടക്കുന്ന മൈതാനമായിരുന്നു. തില്ലേരി പള്ളി ബ്രിട്ടീഷ് പട്ടാളത്തിന്റെ പരിശീലന ക്യാമ്പും പട്ടാളക്കാരുടെ പള്ളിയുമായിരുന്നു. സായിപ്പന്മാരായ സൈന്യരുടെ സെമിത്തേരിയായിരുന്നു ശാരദാമഠത്തിന് മുന്നിലുള്ള ഇംഗ്ലീഷ്പള്ളി. മുസ്ലിം പട്ടാളക്കാർക്ക് നിസ്ക്കരിക്കാൻ വേണ്ടി സ്ഥാപിച്ചതാണ് എഫ്.സി.ഐ. ഗോഡൗണിനു മുന്നിലെ പട്ടാളപള്ളി. പുതിയകാവ് ദേവീ ക്ഷേത്രം ബ്രിട്ടീഷ്സൈന്യം സ്ഥാപിച്ചതാണെന്ന് ചില ചരിത്രകാരന്മാർ പറയുന്നത് അസംബന്ധമാണ്. പുതിയകാവിന് കൊല്ലവർഷത്തോളം പഴക്കമുണ്ട്. കൊല്ലവർഷത്തോളം പഴക്കമുള്ള മുളങ്കാടകം ക്ഷേത്രത്തിലെ പരമ്പരാഗത അനുഷ്ഠാനമായ ഗുരുതി എഴുന്നെള്ളിപ്പ് തുടങ്ങുന്നത് അവിടെ നിന്നുമാണ്.

എന്റെ സ്കൂൾ വിദ്യാഭ്യാസകാലത്ത് ആൾ പ്രമോഷൻ ഉണ്ടായിരുന്നില്ല. താഴ്ന്ന ക്ലാസ്സിൽ നിന്നും ഉയർന്ന ക്ലാസ്സിലേക്ക് പ്രവേശിക്കണമെങ്കിൽ എല്ലാ വിഷയങ്ങൾക്കും മിനിമം നൂറിൽ മുപ്പത്തിയഞ്ച് മാർക്ക് വേണമായിരുന്നു. വിഷയങ്ങൾക്ക് അറുപത് ശതമാനത്തിൽ കൂടുതൽ മാർക്ക് വാങ്ങിക്കുവാൻ പ്രയാസമായിരുന്നു. വർഷാവസാനപരീക്ഷയിൽ എല്ലാ വിഷയങ്ങളും നന്നായി പഠിച്ചെങ്കിൽ മാത്രമെ ജയിക്കാൻ കഴിയുമായിരുന്നുള്ളു. ഇപ്പോൾ വിദ്യാലയങ്ങളിൽ നിലനിൽക്കുന്ന സകലർക്കും ക്ലാസ് കയറ്റം (ആൾ പ്രമോഷൻ) സമ്പ്രദായം അശാസ്ത്രീയവും വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന് തടസ്സവുമാണ്. ഈ സമ്പ്രദായത്തിന്റെ ഫലമായി പത്താം ക്ലാസ് പാസാകുന്ന കുട്ടികളിൽ പലർക്കും മലയാളത്തിൽ അക്ഷരത്തെറ്റു കൂടാതെ എഴുതാൻ കഴിയുന്നില്ല. ഇംഗ്ലീഷിന്റെ കാര്യം അതിലും ശോചനീയമാണ്. മറ്റു വിഷയങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ.

വർഷാവസാനത്തെ പരീക്ഷ ജയിച്ച് ഞാൻ പത്തിലെത്തി. മലയാളം പാഠാവലിയിൽ ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്നത് തകഴിയുടെ 'രണ്ടിടങ്ങഴി' എന്ന നോവലിലെ ഒരു പാഠഭാഗമായ 'പ്ലാവിലകഞ്ഞി'യായിരുന്നുവെന്നാണ് ഓർമ്മ. പകലന്തിയോളം പണിയെടുത്തിട്ടും ഒരു പ്ലാവിലയിൽ കൊള്ളുന്ന കഞ്ഞിയ്ക്കുപോലും വകയില്ലാത്തവരായ കുട്ടനാട്ടെ കർഷകതൊഴിലാളികളെ കുറിച്ചാണിത്. ഇല്ലായ്മകളെ സ്നേഹംകൊണ്ട് മറികടക്കുന്ന കോരനും ചിരുതയുമാണ് ഇതിലെ കഥാപാത്രങ്ങൾ. അന്ന് പഠിച്ച മാറി ഡൗബ്രിമ്മിന്റെ (Mary Dow Brime) Somebody's Mother ഇപ്പോഴും ഓർക്കുന്നു. കവിതയുടെ ആശയം ഇതായിരുന്നു. ശിശിരകാലത്ത് തിരക്കുള്ള ഒരു റോഡ് കുറുകെ കടക്കാൻ വയസ്സായ ക്ഷീണിച്ച ഒരു സ്ത്രീ ഏറെ നേരമായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. ആരും തിരിഞ്ഞു നോക്കിയില്ല. അത് കണ്ട് കടന്നുപോയ കുട്ടികൾ പോലും ആ സ്ത്രീയുടെ സഹായത്തിനെത്തിയില്ല. അവസാനം ഒരു കുട്ടി അവരുടെ രക്ഷയ്ക്കായി മുന്നോട്ടുവന്നു. അവൻ അവരെ സുരക്ഷിതമായി മറുവശത്തെത്തിച്ചു തിരികെ വന്നു കൂട്ടുകാരോടു പറഞ്ഞു. അത് ആരുടെയോ അമ്മയാണ്. ഒരു ദിവസം ഞാൻ അകലെയായിരിക്കുമ്പോൾ എന്റെ അമ്മയേയും ഇതുപോലെ ആരെങ്കിലും സഹായിക്കും. ആരുടെയോ പുത്രനായ സ്നേഹവാനായ

ആ കുട്ടിയോട് ദയകാട്ടണമേയെന്ന് ആരുടെയോ അമ്മ അന്ന് വൈകുന്നേരം പ്രാർത്ഥിച്ചു.

പത്താം ക്ലാസ്സിലെ സാമൂഹികപാഠക്ലാസ്സുകളിൽ നിന്നാണ് കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളേയും അതിന് നേതൃത്വം കൊടുത്ത സാമൂഹികപരിക്ഷഷ്കർത്താക്കളെയും മനസ്സിലാക്കിയത്. സാമൂഹ്യപാഠത്തിലെ മറ്റൊരു വിഷയമായിരുന്നു ഗാന്ധിജിയും സ്വാതന്ത്ര്യസമരവും. ഗണിതത്തിൽ ത്രികോണനിർമ്മിതിയും ചതുർഭുജപരപ്പും, ഊർജ്ജതന്ത്രത്തിൽ സ്ഥിതികവൈദ്യുതിയെ പറ്റിയും പഠിച്ചു. ജീവശാസ്ത്രത്തിൽ തലമുറകളുടെ തുടർച്ചയെ സംബന്ധിച്ച് മനസ്സിലാക്കി.

ആദ്യമായി കപ്പൽ കാണാൻ കൊല്ലം തുറമുഖത്ത് പോയത് ഈ കാലത്താണ്. തുറമുഖത്തു ചെന്നപ്പോൾ തീരത്തു നിന്നും ഏകദേശം അരകിലോമീറ്റർ ദൂരെ നങ്കൂരമിട്ടിരിക്കുന്ന കപ്പലിൽ നിന്നും ബാർജിലേക്ക് തോട്ടണ്ടി ഇറക്കുന്ന കാഴ്ചയാണ് കണ്ടത്. ബാർജിൽ നിന്നും ഒരു താല്ക്കാലിക ഇരുമ്പുപാലം വഴിയാണ് തോട്ടണ്ടി കരയ്ക്ക് എത്തിച്ചിരുന്നത്. പത്താംക്ലാസ്സിൽ കേരളത്തിലെ തുറമുഖങ്ങളെപ്പറ്റി പഠിക്കാനൊരു ഭാഗമുണ്ടായിരുന്നു. ഈ കാരണം കൂടിയുണ്ടായിരുന്നു എന്റെ കപ്പൽ കാണാൻ പോകലിൽ. ക്രിസ്തുവർഷാരംഭത്തിനു മുൻപുതന്നെ വിദേശരാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്ന രണ്ടു തുറമുഖങ്ങളായിരുന്നു കേരളത്തിൽ ഉണ്ടായിരുന്നത്. കൊടുങ്ങല്ലൂരും കൊല്ലവും. അതിൽ കൊടുങ്ങല്ലൂർ തുറമുഖം നശിച്ചുപോയി.

ചരിത്രാതീതകാലം മുതൽ ചീനക്കാർ, ഗ്രീക്കുകാർ, റോമാക്കാർ, പേഴ്സ്യാക്കാർ, അറബികൾ എന്നിവരൊക്കെ കൊല്ലത്ത് കച്ചവടം നടത്തിയതായി തെളിവുകൾ ഉണ്ട്. അനേകവർഷക്കാലം കൊല്ലത്തെ വ്യാപാരപ്രതിനിധികളായിരുന്നു ചീനക്കാർ. കൊല്ലത്തു നിന്നും ചൈനയിലേക്ക് നേരിട്ട് കപ്പൽ ഗതാഗതമുണ്ടായിരുന്നു. കൊല്ലം സന്ദർശിച്ച മാർക്കോപോളോ, ഇബ്നൻബത്തുത്താ തുടങ്ങിയവർ അവരുടെ സഞ്ചാരകൃതികളിൽ ഈ വിവരങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.കൊല്ലം തുറമുഖം അലക്സാൺഡ്രിയയോട് കിടപിടിക്കുന്നതാണെന്നാണ് ബത്തുത്ത പറഞ്ഞത്. പോർട്ടുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും വിവിധകാലഘട്ടളിലായി തുറമുഖ

ത്ത് ആധിപത്യം സ്ഥാപിച്ചിരുന്നു. കൊല്ലം തുറമുഖത്ത് ഞാൻ ഇപ്പോഴും ഇടയ്ക്കിടയ്ക്ക് പോകാറുണ്ട്. കൊല്ലം തുറമുഖത്തിന്റെ ഗതകാലപ്രതാപം വീണ്ടെടുക്കാൻ കഴിഞ്ഞില്ലെങ്കിലും ഇപ്പോഴുള്ള തുറമുഖം വികസിപ്പിക്കുന്നത് കൊല്ലത്തിന്റെ ഭാവി ശോഭനമാക്കും.

കൗമാരപ്രായമായപ്പോഴേയ്ക്കും ചാമക്കട മാർക്കറ്റിലും ചിന്നക്കടയിലുമൊക്കെ ഞാൻ പോകാൻ തുടങ്ങി. നിരവധി തെരുവോര കാഴ്ചകളാണ് അന്ന് ഉണ്ടായിരുന്നത്. കല്ലടക്കാരൻ ഓട്ടോസുകുമാരന്റെ പേനാകച്ചവടം, കാബൂളി നാടോടിസ്ത്രീകളുടെ പിച്ചാത്തിയും മുത്തുമാലയും കച്ചവടം, സൈക്കിൾ യജ്ഞം, പാമ്പാട്ടിയുടെ പാമ്പു പ്രദർശനം, ലൈംഗികോദ്ധാരണത്തിനുള്ള കാടസത്തു കച്ചവടം എന്നിവയെല്ലാം എനിക്ക് ഇഷ്ടപ്പെട്ട കാഴ്ചകളായിരുന്നു. ഇതെല്ലാം ഞാൻ ആസ്വദിച്ച് നിന്ന് കാണുമായിരുന്നു. ശ്രോതാക്കളെ സുകുമാരൻ വാക്കുകളിലൂടെയാണ് ലീക്കുള്ള പേനകൾ അടിച്ചേൽപ്പിച്ചിരുന്നത്. നീണ്ട പാവാടയും ബ്ളൗസും ധരിച്ച അതികായരായ കാബൂളി സ്ത്രീകൾ ലേലം നടത്തിയായിരുന്നു സാധനങ്ങൾ വിറ്റഴിച്ചിരുന്നത്. ശരീരശാസ്ത്രം തെറ്റായി വ്യാഖ്യാനിച്ചായിരുന്നു കാടസത്തുകാരന്റെ കച്ചവടം.

കാഴ്ചകളിൽ ഏറ്റവും രസകരം സൈക്കിൾ യജ്ഞമായിരുന്നു. ചിന്നക്കടയിലെ ക്ലോക്ക് ടവർ മൈതാനത്ത് ചെറിയൊരു ഷെഡ് കെട്ടി അവിടെ പാട്ട്, സർക്കസ്, മാജിക് തുടങ്ങിയ പരിപാടികളോടുകൂടിയാണ് സൈക്കിൾ യജ്ഞം. ഒരാഴ്ച മുതൽ പത്തു ദിവസം വരെ നീണ്ടുപോകുന്ന യജ്ഞകാലത്ത് സൈക്കിളോടിക്കുന്നയാൾ ഉണ്ണുന്നതും ഉറങ്ങുന്നതും മറ്റ് കാര്യങ്ങൾ സാധിക്കുന്നതുമൊക്കെ സൈക്കിളിലാണെന്നാണ് വെപ്പ്. അയാൾ സൈക്കിളിലിരുന്ന് ഉറങ്ങുകയും കളിയ്ക്കുകയുമൊക്കെ ചെയ്യും. യജ്ഞത്തിന്റെ ഭാഗമായി ഒരു വലിയ കുഴി കുഴിച്ച് അതിരുകളിൽ പലകയൊക്കെ അടുക്കി ഒരാളെ കിടത്തുന്ന ഒരു ഭീകരപരിപാടിയുണ്ട്. കാണുന്നവരുടെ നെഞ്ചിടുപ്പ് വർദ്ധിപ്പിക്കും. ഒടുവിൽ മണിക്കൂറുകൾക്കു ശേഷം അയാൾ പുറത്തു വരുമ്പോൾ കൈയടിക്കും.

ചില കൊച്ചുസർക്കസുകാർ വയറ്റിൽ കുപ്പി ഇടിച്ചുപൊട്ടിക്കുക, ട്യൂബ് ലൈറ്റ് ശരീരത്തിൽ അടിച്ചു പൊട്ടിക്കുക തുടങ്ങിയ പരിപാടികൾ അവതരിപ്പിക്കും. അതോടൊപ്പം ഒരു കൊച്ചുകുട്ടിയെ കമ്പി

ന്റെ അറ്റത്തിരുത്തി താഴെയ്ക്കിടുവിക്കുക, രണ്ട് പോസ്റ്റുകൾക്ക് നടുവേ കെട്ടിയിരിക്കുന്ന കമ്പിയിലൂടെ കൊച്ചുകുട്ടിയെ നടത്തിക്കുക എന്നിവയൊക്കെയാണ് ആളുകളുടെ ദയപിടിച്ചുപറ്റുവാനുള്ള സർക്കസുകാരന്റെ വേലകൾ.

ചിന്നക്കട മൈതാനത്ത് പലപ്പോഴും പാമ്പാട്ടികളുടേയും ജാലവിദ്യക്കാരന്റെയുമൊക്കെ പ്രകടനങ്ങൾ നടക്കുമായിരുന്നു. പാമ്പാട്ടി മകുടിയൂതി പലതരം പാമ്പുകളെ തന്റെ കൂടയിൽ നിന്നിറക്കി മകുടിയുടെ ശബ്ദത്തിനനുസരിച്ച് ആടിക്കുന്നത് അന്ന് നഗരത്തിലെ വിശേഷപ്പെട്ട കാഴ്ചയായിരുന്നു. പാമ്പ് കൂടെകൂടെ ചീറ്റുകയും പാമ്പാട്ടിയെ ആഞ്ഞുകൊത്തുകയും ചെയ്യുന്നത് കാണാം. ഇതിനിടയിൽ പാമ്പാട്ടിയുടെ കൊച്ചുകുട്ടി ഒരു മലമ്പാമ്പിനെ എടുത്ത് കഴുത്തിൽ കൂടി ചുറ്റി നടക്കുന്നതു കാണാം. കാണുന്നവർ നാണയത്തുട്ടുകൾ എറിഞ്ഞുകൊണ്ടിരിക്കും. മാങ്ങാണ്ടിയിൽ നിന്ന് മാവുണ്ടാക്കുന്നതും അതിൽ മാങ്ങ പിടിക്കുന്നതുമൊക്കെ മറ്റൊരിനം തെരുവു മാജിക്കായിരുന്നു. മാജിക്കുകാരന്റെ ഏറ്റവും ഭയാനകമായ പ്രകടനം ഒരു പെൺകുട്ടിയെ തറയിൽ കിടത്തി തുണികൊണ്ട് തലമുടിയിട്ട് കഴുത്തറുക്കുന്നതാണ്. കയ്യിൽ ചോര പുരളുന്നതും തലവേർപ്പെട്ടപോലെ ഉടലിൽ നിന്നും മാറ്റി ഉരുട്ടുന്നതും കാണാം. അല്പം കഴിയുമ്പോൾ പെൺകുട്ടി പൊടിയും തട്ടി എഴുന്നേറ്റുവരും. അത്ഭുതം! നാലണ, എട്ടണ മുതലായവ ധാരാളമായി മാജിക്കുകാരന്റെ പാത്രത്തിൽ വീഴും.

ഒരു ക്ലാസ്സിലും തോല്ക്കാതെ സ്കൂൾ ഫൈനലിലെത്തി. സ്കൂളിലെ അവസാനത്തെ ക്ലാസ്സ് 11 -ാം ക്ലാസ്സായിരുന്നു. അന്ന് പതിനൊന്നുവർഷമായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ഒന്നാം ക്ലാസ്സു മുതൽ അഞ്ചാം ക്ലാസ്സുവരെ ക്ലാസ്സുകൾ എന്നും ആറാം ക്ലാസ്സു മുതൽ പതിനൊന്നാം ക്ലാസ്സുവരെ ഫോം എന്നുമാണ് വിളിച്ചിരുന്നത്. ആറാം ക്ലാസ്സ് ഫസ്റ്റ് ഫോമും പതിനൊന്നാം ക്ലാസ്സ് സിക്സ്ത്ത് ഫോമുമായിരുന്നു. സിക്സത്ത് ഫോമിലെ ക്ലാസ് ടീച്ചർ ഭരതൻ സാറായിരുന്നു. അദ്ദേഹം സംസ്കൃതപണ്ഡിതനായ മലയാളം അദ്ധ്യാപകനായിരുന്നു. കുട്ടികളുടെ മനഃശാസ്ത്രം നന്നായി ഗ്രഹിച്ച അദ്ധ്യാപകനായിരുന്നു അദ്ദേഹം. കുട്ടികളിൽ സാഹിത്യവാസനയും ആത്മീയബോധവും ദേശീയബോധവും സാമൂഹ്യബോധവും

വളർത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സുകൾ. ഗണിതശാസ്ത്രം പഠിപ്പിച്ച മയ്യനാട് ഭാസ്ക്കരൻസാറിനെ മറക്കാൻ കഴിയുന്നില്ല. അദ്ദേഹത്തെപ്പോലെ രസകരമായി കണക്ക് പഠിപ്പിക്കുന്ന മറ്റൊരദ്ധ്യാപകനെ ഞാൻ കണ്ടിട്ടില്ല. വെളുത്ത് സുമുഖനായിരുന്നു. കണക്കിലെ സൂത്രവാക്യങ്ങൾ മനോഹരമായ കൈയ്യക്ഷരത്തിൽ ബ്ലാക്ക്ബോർഡിൽ എഴുതിയിട്ടായിരുന്നു അത് വ്യാഖ്യാനിച്ചിരുന്നത്. അദ്ദേഹത്തിന്റെ പഠിപ്പിക്കൽ ശാന്തവും ദീപ്തവുമായിരുന്നു.

കിളിമാനൂർ ഭാസ്ക്കരൻ നായർ സാറായിരുന്നു ജീവശാസ്ത്രം പഠിപ്പിച്ചിരുന്നത്. സൗമ്യനായ അദ്ദേഹം ഖദർധാരിയായിരുന്നു. പഠിപ്പിക്കുന്നത് അടുത്ത ക്ലാസ്സിൽ പഠിച്ചുകൊണ്ടുവരണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. സാമൂഹ്യപാഠം പഠിപ്പിച്ചത് ലിയോൺ സാറായിരുന്നു. ഇംഗ്ലീഷ് ടീച്ചർ ആഗ്ലോഇൻഡ്യനായ മേഴ്സി ഫെർണാണ്ടസായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്നു അവർക്ക്. ഹിന്ദി സാറിനെ ഞങ്ങൾ താമരയെന്നാണ് വിളിച്ചിരുന്നത് അദ്ദേഹവും ഖദർധാരിയായിരുന്നു. എന്നെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഈ അദ്ധ്യാപകർക്ക് നിസ്തുലമായ പങ്ക് ഉണ്ടായിരുന്നതുകൊണ്ടാണ് ഇവരെ എടുത്ത് പറയുന്നത്.

മലയാളം ക്ലാസിൽ മലയാളം പാഠാവലിക്ക് പുറമെ ഉപപാഠപുസ്തകമായി(നോൺഡീറ്റയിലായി) പഠിക്കാനുണ്ടായിരുന്ന കൃതി ബി. കല്ല്യാണികുട്ടിയമ്മയുടെ 'വ്യാഴവട്ടസ്മരണ'കളായിരുന്നു. മലയാളം പാഠാവലിയിലെ ഒരു പാഠം 'കടത്തുകാരൻ' ആയിരുന്നു. ലോകപ്രശസ്ത ജർമ്മൻ സാഹിത്യകാരനായിരുന്ന ഹെർമൻഹെസെ എഴുതിയ 'സിദ്ധാർത്ഥ' എന്ന നോവലിന്റെ ഒരു ഭാഗമായിരുന്നു കടത്തുകാരൻ. ആ അദ്ധ്യായവുമായി ബന്ധപ്പെട്ട് ഭരതൻ സാർ നടത്തിയ ക്ലാസ് അവിസ്മരണീയമായിരുന്നു.

പുഴക്കരയിലെ ആളുകളെ എത്തിക്കുന്ന കടത്തുകാരനാണ് വാസുദേവൻ. ഒരിക്കൽ സിദ്ധാർത്ഥൻ എന്ന യുവതാപസൻ കടത്തുകാരന്റെ അരികെ എത്തിയിരുന്നു. വർഷങ്ങൾക്കുശേഷം അയാൾ വീണ്ടും വാസുദേവന്റെ അരികിൽ എത്തി. തോണിയും വാസുദേവനെന്ന കടത്തുകാരനും കടവിൽതന്നെ ഉണ്ടായിരുന്നു. അയാൾക്ക് വയസ്സായിരുന്നു. തന്നെ അക്കരെകൊണ്ടുപോകാമോയെന്ന് സി

ദ്ധാർത്ഥൻ കടത്തുകാരനോട് ചോദിച്ചു. കടത്തുകാരൻ അയാളെ കയറ്റി തുഴഞ്ഞുപോയി. കടത്തുകാരൻ സുന്ദരമായൊരു ജീവിതമാണ് തിരഞ്ഞെടുത്തിരിക്കുന്നതെന്നും, നദിയുടെ സാമീപ്യത്തിൽ ജീവിക്കാനും, എന്നും അതിൽ തുഴഞ്ഞുനടക്കാനും സാധിക്കുക ആഹ്ളാദകരമാണെന്നും കടത്തുകാരനോട് അസൂയ തോന്നുന്നുവെന്നും സിദ്ധാർത്ഥൻ അറിയിച്ചു. തന്നെ ശിഷ്യനാക്കണമെന്നും തോണി തുഴയാൻ പഠിപ്പിക്കണമെന്നും സിദ്ധാർത്ഥൻ വാസുദേവനോട് അഭ്യർത്ഥിച്ചു. അപ്പോൾ വാസുദേവൻ പഴയ താപസനെ തിരിച്ചറിഞ്ഞു. പഴയകാര്യങ്ങൾ അയാൾ ഓർത്തെടുത്തു. അയാൾ സിദ്ധാർത്ഥനെ സ്വന്തം വീട്ടിലേക്കു സ്വാഗതം ചെയ്തു. നന്ദിയോടെ അദ്ദേഹം വാസുദേവന്റെ ക്ഷണം സ്വീകരിച്ചു. സൂര്യാസ്തമനസമയത്ത് അവർ നദിക്കരയിൽ ചെന്നിരുന്നു. തന്റെ ബാല്യകാലത്തെ കുറിച്ചും യൗവ്വനത്തെകുറിച്ചും അറിഞ്ഞസുഖങ്ങളെകുറിച്ചുമെല്ലാം സിദ്ധാർത്ഥൻ വൈകുന്നതുവരെ കടത്തുകാരനോട് സംസാരിച്ചു. വാസുദേവൻ എല്ലാം ശ്രദ്ധയോടെ കേട്ടിരുന്നു. വളരെ ചുരുക്കം ചിലർക്കു മാത്രമെയുള്ളു, അങ്ങനെ കേട്ടിരിക്കാനുള്ള കഴിവ്. അത് വാസുദേവന്റെ മഹത്തായ ഗുണങ്ങളിലൊന്നായിരുന്നു. എങ്ങനെ കാതോർക്കണമെന്ന് അയാൾക്കറിയാമായിരുന്നു.

ഇത്തരം ഒരു ശ്രോതാവിനെ കിട്ടുക ആശ്വാസപ്രദമാണെന്ന് സിദ്ധാർത്ഥൻ അറിഞ്ഞു. സിദ്ധാർത്ഥന്റ വാക്കുകളിൽ പൂർണ്ണമായി മുഴുകി വാസുദേവൻ ധ്യാനനിരതനായിരുന്നു. സിദ്ധാർത്ഥൻ പറഞ്ഞവസാനിപ്പിച്ചു. കുറെ നേരത്തേക്ക് അവിടെ നിശ്ശബ്ദത തങ്ങി നിന്നു. എല്ലാം മനസ്സിലാക്കിയ വാസുദേവൻ തന്നോടൊപ്പം നിൽക്കാൻ സിദ്ധാർത്ഥന് അനുവാദം നൽകുന്നു. സിദ്ധാർത്ഥൻ നന്ദി പറഞ്ഞു. വള്ളം തുഴയുക മാത്രമല്ല ശരിയായ വിധത്തിൽ കേട്ടിരിക്കാനുള്ള കഴിവും നിങ്ങളിൽ നിന്ന് അഭ്യസിക്കണമെന്ന് സിദ്ധാർത്ഥൻ പറഞ്ഞു. നദിയാണ് തന്നെ കാതൊർക്കാൻ പഠിപ്പിച്ചതെന്നും നദിയുമായി ഇടപഴകുമ്പോൾ സിദ്ധാർത്ഥനും അത് പഠിക്കാമെന്നും വാസുദേവൻ ഉപദേശിക്കുന്നു. കടത്തുകാരനോടൊപ്പം വസിച്ച സിദ്ധാർത്ഥൻ വഞ്ചി തുഴയലും മറ്റു പണികളും പഠിച്ചു. അങ്ങനെ ദിവസങ്ങളോളം മാസങ്ങളോളം കടന്നുപോയി. നദിയിൽ നിന്നും കൂടുതൽ കാര്യങ്ങൾ സിദ്ധാർത്ഥൻ പഠിച്ചു.

വാസുദേവനെപോലെ തുറന്ന മനസ്സോടെ കാതോർക്കാനും പഠിച്ചു. കാലം എന്ന സത്യത്തെ സിദ്ധാർത്ഥൻ തിരിച്ചറിഞ്ഞു. എല്ലാ ജീവജാലങ്ങളുടേയും ശബ്ദങ്ങൾ നദിയുടെ ശബ്ദത്തിലുണ്ടെന്നും മനസ്സിലാക്കി. കാലം കടന്നുപോയപ്പോൾ സിദ്ധാർത്ഥന്റെ മന്ദഹാസം കടത്തുകാരന്റേതിനോട് സാമ്യമുള്ളതായി. അതുപോലെ പ്രകാശമാനമായതും ആനന്ദം തുളുമ്പുന്നതും പിഞ്ചുകുഞ്ഞുങ്ങളുടെപോലെ നിഷ്ക്കളമായതും വാർദ്ധക്യത്തിന്റെ പക്വതസ്ഫുരിക്കുന്നതുമായി അത്. വാസുദേവനേയും സിദ്ധാർത്ഥനേയും ഒരിമിച്ചു കണ്ടവർ സഹോദരങ്ങളാണെന്ന് കരുതി. അവർ ഒരുമിച്ച് നിശ്ശബ്ദരായി ജലത്തിന്റെ ശബ്ദങ്ങൾക്ക് കാതോർത്തു. അതവർക്ക് ജീവന്റെ ശബ്ദമായിരുന്നു, ആത്മാവിന്റെ ശബ്ദമായിരുന്നു, അനശ്വരതയുടെ ശബ്ദമായിരുന്നു. നദിയുടെ ശബ്ദം കാതോർത്തിരിക്കുമ്പോൾ അവരിലേക്ക് പല ചിന്തകളും കടന്നുവന്നു. അതേനിമിഷം തന്നെ നദി അവരോട് സന്തോഷപ്രദമായ എന്തെങ്കിലും പറഞ്ഞാൽ അവർ പരസ്പരം നോക്കും, ഒരേ ചിന്തയോടെ ഒരേ ചോദ്യത്തിന് ഇരുവർക്കും ഒരേ ഉത്തരം ലഭിച്ചതിന്റെ ആനന്ദത്തോടെ.

മലയാള പാഠാവലിയിൽ ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്ന വള്ളത്തോളിന്റെ സാഹിത്യമഞ്ജരിയിലെ 'എന്റെ ഗുരുനാഥൻ' എന്ന കവിതയിലെ ചില ഭാഗങ്ങൾ മനസ്സിൽ തത്തി കളിക്കുന്നു. അപൂർവ്വ ഗുണവിശേഷങ്ങളുടെ സമ്മേളനമാണ് ഗാന്ധിജി എന്നാണ് വള്ളത്തോൾ കവിതയിൽ സമർത്ഥിക്കുന്നത്.

ലോകമേ തറവാടു തനിക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂട്ടിത്തൻ കുടുംബക്കാർ
ത്യാഗമെന്നതേനേട്ടം താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നതെൻ ഗുരുദേവൻ
താരകമണിമാല ചാർത്തിയാലതും കൊള്ളാം
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം
ഇല്ലിഹ സംഗം ലേപമെന്നിവ സമസ്വച്ഛ
മല്ലയോ വിഹായസ്സ,വ്വണ്ണമെൻഗുരുനാഥൻ.

ഇംഗ്ലീഷ് ക്ലാസ്സുകളിൽ നിന്നും ഓർമ്മ വരുന്നത് അമേരിക്കൻ കവിയായിരുന്ന റോബർട്ട് ഫ്രോസ്റ്റിന്റെ A Girls Gardenനും വേഡ്സ് വർത്തിന്റെ Daffodils ഉം ആണ്. അതിലെ ഒരു ശകലം

ഓർമ്മ വരുന്നു.

Continuous as the stars that shine
And twinkle on the milky way
They stretched in never ending line
Along the margin of a bay

ഞങ്ങളുടെ സ്കൂൾ പഠനകാലത്ത് 5-ാം ക്ലാസ്സ് മുതൽ പതിനൊന്നാം ക്ലാസ്സുവരെ സിവിക്സ് (പൗരധർമ്മം) എന്നൊരു വിഷയം പഠിപ്പിച്ചിരുന്നു. ഓരോ പൗരനും സമൂഹത്തിനുവേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാല്പര്യങ്ങളാണ് പൗരന്റേതുമെന്നാണ് സിവിക്സ് അദ്ധ്യാപകർ പഠിപ്പിച്ചത്. സത്യസന്ധത പരസ്പരബഹുമാനം നിസ്വാർത്ഥത ഐക്യബോധം എന്നിവ വളർത്തുന്നവയായിരുന്നു ഈ ക്ലാസ്സുകൾ. ഇന്ന് നമ്മുക്ക് പൗരബോധമില്ലാത്തതുകൊണ്ടാണ് പൊതുവഴികളിലും പൊതു ഇടങ്ങളിലും മാലിന്യകൂമ്പാരങ്ങൾ ഉണ്ടാകുന്നത്. മാലിന്യം തോന്നിയപോലെ വലിച്ചെറിയുന്നത് വിദ്യാസമ്പന്നരെന്ന് അഭിമാനിക്കുന്നവരാണ്.

എന്റെ സ്കൂൾ ഗാർഡിയനായിരുന്നു നസ്രേത്ത് പണ്ടാല. അദ്ദേഹം ലളിതകലാ അക്കാഡമി, സാഹിത്യഅക്കാഡമി, ചിത്രകലാ പരീക്ഷത്, എന്നിവയുടെ പ്രാരംഭകാലത്ത് അംഗമായിരുന്നു. തിരുവിതാംകൂർ കൊട്ടാരത്തിലും പണ്ടാലസാറിന്റെ ചിത്രങ്ങളുണ്ട്. *മോഡേൺ സ്കൂൾ ഓഫ് ആർട്ടസ്* എന്ന പേരിൽ ചിത്രകലാ പരിശീലന സ്കൂൾ നടത്തിയിരുന്നു. അദ്ദേഹത്തിന്റെ ചിത്രകലാപഠനസഹായി വളരെ പ്രസിദ്ധമാണ്. ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്ന ചിത്രകലാപുസ്തകത്തിൽ ഒരു മുദ്രാവാക്യമുണ്ടായിരുന്നു; "വരക്കെ വരക്കെ വരയും തെളിയും." അദ്ദേഹം വിക്കനായതുകൊണ്ട് ഞങ്ങൾ അദ്ദേഹത്തെ രഹസ്യമായി കളിയാക്കികൊണ്ട് പറയും 'പറയെ പറയെ വിക്കും തെളിയും'. എന്റെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷവും അദ്ദേഹം എന്റെ മാർഗ്ഗദർശകരിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ മകനാണ് പ്രശസ്ത ആർക്കിടെക്റ്റായ യൂജിൻ പണ്ടാല.

പതിനൊന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു ഇ.എം.എസ് മന്ത്രിസഭയ്ക്കെതിരെ 1959 ജൂൺ 12-ാം തീയതി വിമോചനസമരം

ആരംഭിച്ചത്. അതിന്റെ അലകൾ സ്കൂളിലും അടിച്ചു. കൊല്ലത്തെ ഒരു സമരകേന്ദ്രം ഹൈസ്കൂളിന്റെ മുൻവശമായിരുന്നു. അക്കാലത്ത് കൊല്ലത്തെ ഏറ്റവും കൂടുതൽ സ്വാധീനമുള്ള പാർട്ടിയായിരുന്നു ആർ.എസ്.പി. ആർ.എസ്.പി.യുടെ സംസ്ഥാന കമ്മിറ്റി ഓഫീസും അവരുടെ മുഖപത്രമായിരുന്ന 'കൗമുദി'യുടെ ആസ്ഥാനവും സ്കൂളിനടുത്തായിരുന്നു. സ്കൂളിലെ മഹാഭൂരിപക്ഷം വിദ്യാർത്ഥികളും പി.എസ്.യുകാരും. വിമോചനസമരത്തെ പിൻതുണച്ച് പി.എസ്സ്.യു പഠിപ്പുമുടക്ക് ഒരു സ്ഥിരം പരിപാടിയായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള എസ്.എഫിൽ ഞാനുൾപ്പെടെ വിരലിലെണ്ണാവുന്ന വിദ്യാർത്ഥികളെ ഉണ്ടായിരുന്നുള്ളു. ഞങ്ങൾക്ക് വിമോചനസമരത്തിനെതിരെ മിണ്ടാൻ പോലും സാധ്യമായിരുന്നില്ല.

ഞാൻ പ്രസംഗിക്കാൻ പഠിച്ചത് ഹൈസ്കൂളിലെ അവസാനവർഷമായിരുന്നു. അതിന് പ്രേരിപ്പിച്ചത് ഭരതൻസാറും. ധ്യാനത്തെകുറിച്ച് ആദ്യമായി മനസ്സിലാക്കി തന്നതും അദ്ദേഹമായിരുന്നു. നിശബ്ദമായി യാതൊരു ചിന്തയുമില്ലാതെ ക്ലാസ്സിൽ കുട്ടികളെ ഇരിക്കാൻ അദ്ദേഹം പരിശീലിപ്പിക്കുമായിരുന്നു. യോഗയുടെ പ്രധാന്യവും വളരെ വിശദമായി പഠിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. പാഠഭാഗങ്ങൾക്കപ്പുറംപോയി എഴുത്തച്ഛൻ, പൂന്താനം, കുഞ്ചൻനമ്പ്യാർ, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ സംഭാവനകളെപ്പറ്റിയും അവരുടെ ജീവിതത്തെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞുതരുമായിരുന്നു.

ആ വർഷത്തെ ജില്ലാകലോത്സവത്തിന് ഒന്നാം സമ്മാനം ലഭിച്ചത് ഞാനും എന്റെ സഹപാഠികളും ചേർന്നഭിനയിച്ച 'വാഴക്കുല' എന്ന നാടകത്തിനായിരുന്നു. ഇത് കോഴിക്കോട്ടു നടക്കുന്ന സംസ്ഥാന കലോത്സവത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഗണപതി ഹൈസ്കൂളായിരുന്നു കലോത്സവവേദി. 'താമര'സാറിന്റെ നേതൃത്വത്തിലാണ് ഞങ്ങൾ കോഴിക്കോട്ട് പോയത്. സഞ്ചാരം ട്രെയിനിലായിരുന്നു. മലയപുലയനായി ഞാനും ജന്മിയായി എന്റെ കൂട്ടുകാരൻ ചന്ദ്രനുമായിരുന്നു അഭിനയിച്ചത്. ചന്ദ്രൻ എഫ്.എ.സി.റ്റി ജനറൽ മാനേജരായി റിട്ടയർ ചെയ്തു.

ചങ്ങമ്പുഴയുടെ 'വാഴക്കുല' എന്ന കവിതയുടെ നാടകാവിഷ്ക്കാരമായിരുന്നു ഞങ്ങളുടെ നാടകം. മലയപ്പുലയൻ മഴവന്നനാ

ളിൽ മാടത്തിന്റെ മുറ്റത്ത് ഒരു വാഴ നട്ടു. മലയപുലയനും ഭാര്യയും മക്കളും വാഴകുലയ്ക്കും മുമ്പേ അവർ വാഴ ചോട്ടിലിരുന്നു കൊതി പറയുകയും തല്ലുകൂടുകയും സ്വപ്നം കാണുകയും ചെയ്തിരുന്നു. വാഴ വളർന്ന് കുലച്ചു.

പഴമായാൽ നിങ്ങളെ കാണാണ്ടു സൂത്രത്തിൽ

പകുതീം ഞാനൊറ്റയ്ക്ക് കട്ടുതിന്നും.

എന്ന് മലയന്റെ മക്കൾ കൊതി പറഞ്ഞു. കുലവിളഞ്ഞു. മലയനും കുടുംബവും അതിന്റെ ചുവട്ടിൽ തുള്ളി കളിച്ചു. ഒരു ദിവസം ജന്മിയുടെ ആജ്ഞയനുസരിച്ച് മലയപുലയൻ കുലവെട്ടി. തോളിലേറ്റിയ കുലയുമായി മലയൻ അല്പം നിന്നു. കുട്ടികൾ പരസ്പരം കെട്ടിപ്പിടിച്ച് കരഞ്ഞു. അഴകി തളർന്നിരുന്നു. മലയൻ ദുഃഖത്തോടെ പറഞ്ഞു.

കരയാതെ മക്കളെ കല്പിച്ചു തമ്പുരാൻ
ഒരു വാഴവേറെ...... ഞാൻ കൊണ്ടുപോട്ടെ
ഇത്രയും പറയാനെ മലയനു കഴിയുന്നുള്ളു.

നാടകം അവസാനിക്കുന്നത്

ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ

പതിതരെ നിങ്ങൾതൻ പിൻമുറക്കാർ

എന്ന ചങ്ങമ്പുഴയുടെ ചോദ്യത്തോടെയായിരുന്നു. സംസ്ഥാന കലോത്സവത്തിൽ ഞങ്ങളുടെ നാടകത്തിന് രണ്ടാം സ്ഥാനമെ ലഭിച്ചുള്ളൂ.

സ്കൂൾ വർഷാവസാനം എസ്.എസ്.എൽ.സി. പരീക്ഷ എഴുതി. ജയിക്കുമെന്ന് പ്രതീക്ഷിച്ചു. ഫലം വന്നപ്പോൾ തോറ്റു. എല്ലാ വിഷയങ്ങൾക്കും മിനിമം 35 മാർക്കുണ്ടെങ്കിലേ ജയിക്കുകയുള്ളൂ. എനിക്ക് എല്ലാ വിഷയങ്ങളിലും നല്ല മാർക്കുണ്ടായിരുന്നെങ്കിലും ഹിന്ദിക്ക് 35 മാർക്ക് ലഭിക്കാത്തതു മൂലമാണ് ഞാൻ തോറ്റത്. സെപ്തംബറിലെ പരീക്ഷയിലാണ് ജയിച്ചത്. ഭാഷാവിഷയങ്ങൾക്ക് അന്ന് ഇന്നത്തെപ്പോലെ അധ്യാപകർ മാർക്ക് നല്കുമായിരുന്നില്ല. അറുപതു ശതമാനത്തിലേറെ മാർക്ക് വാങ്ങിക്കുന്നവർ അപൂർവ്വമായിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷയിൽ 50 ശതമാനം കുട്ടികൾപോലും ജയിക്കില്ലായിരുന്നു. കുറെ വർഷക്കാലം ഇതാ

യിരുന്നു സ്ഥിതി.

എന്നെ ഞാനാക്കി മാറ്റിയതിൽ ഒരു വലിയ പങ്ക് എന്റെ സ്കൂളുകളും അതിലെ അധ്യാപകരും വഹിച്ചിട്ടുണ്ട്. ശാസ്ത്രത്തിൽ എനിക്ക് ലഭിച്ചിട്ടുള്ള പ്രാഥമിക അറിവു മുഴുവൻ സ്കൂളിൽ നിന്നും കിട്ടിയതാണ്. ഇടിയും മിന്നലും സൂര്യോദയവും അസ്തമയവും ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളും എന്തുകൊണ്ട്? എങ്ങനെയാണ് ശബ്ദം വായുവിലൂടെ സഞ്ചരിക്കുന്നത്? ചുടാക്കുമ്പോൾ ലോഹം എന്തുകൊണ്ട് വികസിക്കുന്നു? എന്തുകൊണ്ട് ആസിഡ് ദേഹത്തു വീണാൽ പൊള്ളുന്നു? എങ്ങനെയാണ് ചെടികൾ പുഷ്പിക്കുന്നത്? എങ്ങനെയാണ് നമ്മൾ നിറങ്ങൾ കാണുന്നത്? എന്തുകൊണ്ടാണ് ആകാശം നീലനിറമായിരിക്കുന്നത്? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നല്കിയത് എന്റെ അധ്യാപകരായിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷമാണ് വായനയുടെ ലോകത്തേക്ക് ഞാൻ പ്രവേശിക്കാൻ തുടങ്ങിയത്. ഞാൻ വായിച്ചു വളരണമെന്നും ചിന്തിച്ചു വിവേകം നേടണമെന്നുമായിരുന്നു എന്റെ അച്ഛന്റെ ആഗ്രഹം. അതിനുള്ള എല്ലാ സൗകര്യവും അദ്ദേഹം ഒരുക്കിയിരുന്നു. അദ്ദേഹം ജോലി ചെയ്തിരുന്ന പൂയപ്പള്ളി പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഒരു ചെറിയ ലൈബ്രറി സംഘടിപ്പിച്ചു. എന്നെകൂടി മനസ്സിൽ കണ്ടായിരുന്നു ഇതിന്റെ സംഘാടനം. ഗാന്ധിജി, ജവഹർലാൽ നെഹ്റു, രാഹുൽ സംകൃത്യായൻ, കെ. ദാമോദരൻ എന്നിവരുടെ കൃതികൾ ലൈബ്രറിയിൽ നിന്നും അച്ഛൻ എനിക്ക് കൊണ്ടു തരുമായിരുന്നു. ഗാന്ധിജിയുടെ ''സത്യാന്വേഷണ പരീക്ഷണങ്ങൾ,'' നെഹ്റുവിന്റെ ''ഇന്ത്യയെ കണ്ടെത്തൽ,'' ''അച്ഛൻ മകൾക്കയച്ച കത്തുകൾ'' രാഹുൽ സംകൃത്യായന്റെ ''സാമൂഹ്യരേഖ'', ദാമോദരന്റെ ''മനുഷ്യൻ'' എന്നിവ അച്ഛൻ എനിക്ക് വായിക്കാൻ കൊണ്ടു തന്ന ചില പുസ്തകങ്ങളാണ്. ഈ കാലത്താണ് നോവലുകളും കഥകളും വായിക്കാൻ തുടങ്ങിയത് വായനയുടെ ലോകം ഞാൻ വിപുലപ്പെടുത്തികൊണ്ടിരുന്നു. കൊല്ലം മുനിസിപ്പൽ ലൈബ്രറിയിൽ അംഗമായി.

# കളത്തറ അച്ചൻ

പ്രീയൂണിവേഴ്സിറ്റി പ്രവേശനത്തിന് എസ്.എൻ. കോളേജിലും ഫാത്തിമ മാതാ നാഷണൽ കോളേജിലും ഞാൻ അപേക്ഷ നല്കി. ഇന്റർവ്യൂവിന് ക്ഷണം വന്നത് ഫാത്തിമായിൽ നിന്നായിരുന്നു. കൊല്ലം നഗരത്തിലെ പ്രധാനപ്പെട്ട കോളേജാണ് ഫാത്തിമ കോളേജ്. 1951 ലാണ് ഇതു സ്ഥാപിച്ചത്. കൊല്ലം ബിഷപ്പായിരുന്ന ഡോ.ജെറോം എം.ഫെർണാണ്ടസാണ് ഇതിന്റെ സ്ഥാപകൻ. ഞാനും അച്ഛനും കൂടിയായിരുന്നു ഇന്റർവ്യൂവിന് പോയത്. വീട്ടിൽ നിന്നും കാൽനടയായി. കോളേജ് പ്രിൻസിപ്പലായിരുന്ന ജോർജ്ജ് അച്ചനായിരുന്നു ഇന്റർവ്യൂ നടത്തിയത്. ചില ചോദ്യങ്ങളെല്ലാം ചോദിച്ചിട്ട് അച്ചടക്കത്തോടെ പഠിക്കണമെന്ന് ഉപദേശം നല്കി അഡ്മിഷൻ തന്നു. അദ്ദേഹം ആജാനബാഹുവായിരുന്നു. മുഖത്ത് പറ്റ താടിയുണ്ടായിരുന്നു. കാഴ്ചയിൽ പരുക്കനാണെന്ന് തോന്നിക്കുമായിരുന്നു. കുട്ടികൾ അച്ചടക്കം പാലിക്കണമെന്ന കാര്യത്തിൽ കർക്കശക്കാരനായിരുന്നു അദ്ദേഹം. ഇംഗ്ലീഷായിരുന്നു അദ്ദേഹം പഠിപ്പിച്ചിരുന്നത്. ക്ലാസ്സ് ആരംഭിച്ചു കഴിഞ്ഞാൽ വരാന്തയിലൂടെ റോന്തു ചുറ്റുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. ആ സമയം ക്ലാസ്സുകൾ നിശബ്ദമായിരുന്നു.

അച്ഛന്റെ പാട്ടകൃഷിയെല്ലാം പൊളിഞ്ഞു കടത്തിൽ മുങ്ങി നില്ക്കുമ്പോഴായിരുന്നു എന്റെ പ്രീയൂണിവേഴ്സിറ്റി പ്രവേശനം. പൂയ്യപ്പള്ളി പഞ്ചായത്തിൽ ജോലിയുണ്ടായിരുന്നെങ്കിലും ശമ്പളം തുച്ഛമായിരുന്നു. കടം വാങ്ങിയാണ് എന്റെ പ്രീ ഡിഗ്രി അഡ്മിഷൻ ഫീസ് അടച്ചത്. കോളേജിൽ പോകുന്നതിന് രണ്ടു ജോഡി ഖദർ ഷർട്ടും മുണ്ടും മാത്രമാണ് ഉണ്ടായിരുന്നത്. നഗ്നപാദനായിരുന്നു. പാഠപു

സ്തകങ്ങൾ വാങ്ങാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ക്ലാസ്സിലെ നോട്ടുകളെ മാത്രം ആശ്രയിച്ചാണ് പഠിച്ചിരുന്നത്. അമ്മ രാവിലെ എഴുന്നേറ്റ് തയ്യാറാക്കിതരുന്ന പൊതിച്ചോറായിരുന്നു ഉച്ചഭക്ഷണം. മൂന്നു കിലോമീറ്റർ അകലെയുള്ള കോളേജിലേയ്ക്കുള്ള ബസ് ചാർജ്ജ് വെറും പത്തു പൈസയായിരന്നെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുമൂലം നടന്നാണ് പോയിരുന്നത്. നഗരത്തിലെ എല്ലാ കാഴ്ചകളും കണ്ടുകൊണ്ടായിരുന്നു യാത്ര. അക്കാലത്ത് അധ്യാപകർക്കൊന്നും വാഹനങ്ങളുണ്ടായിരുന്നില്ല. കെമിസ്ട്രി അധ്യാപകനായിരുന്ന അലക്സാണ്ടർക്കു മാത്രമെ മോട്ടോർ ബൈക്ക് ഉണ്ടായിരുന്നുള്ളൂ.

പ്രീയൂണിവേഴ്സിറ്റിയ്ക്ക് എല്ലാ വിഷയങ്ങളും പഠിക്കണമായിരുന്നു. രണ്ടാം ഭാഷയിൽ ഓപ്ഷൻ ഉണ്ടായിരുന്നു. മലയാളമോ മറ്റേതെങ്കിലും ഭാഷയോ പഠിച്ചാൽ മതിയായിരുന്നു. കോളേജിൽ ഫ്രഞ്ചും ഒരു ഓപ്ഷണൽ വിഷയമായിരുന്നു. കണക്ക്, ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിവയായിരുന്നു സയൻസ് വിഭാഗത്തിൽ പഠിക്കേണ്ടിയിരുന്നത്. ഒരു പീരിയഡിന്റെ സമയം ഒരു മണിക്കൂറായിരുന്നു. ഇംഗ്ലീഷ് അധ്യാപകൻ ഇലഞ്ഞിക്കൽ ജേക്കബ് സാറായിരുന്നു. ഒരു വർഷമേ അദ്ദേഹം ഫാത്തിമായിൽ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ഞാൻ അദ്ദേഹത്തെ ഒരിക്കലും കണ്ടിട്ടില്ല. വിഷയത്തിൽ സ്വയം മുഴുകിയായിരുന്നു അദ്ദേഹം പഠിപ്പിച്ചിരുന്നത്. ഗദ്യവും പദ്യവും ഒരുപോലെ ഭംഗിയായി പഠിപ്പിക്കുമായിരുന്നു. അദ്ദേഹം പഠിപ്പിച്ച കവിതകളിൽ ഓർമ്മ വരുന്നത് ലോർഡ് ടെനിസന്റെ "The charge of the Light Brigade" ഉം ഗദ്യത്തിൽ ഗാന്ധിജിയുടെ "The Story of my Experiment with Truth" എന്ന ആത്മകഥയുടെ ഒരു ഭാഗവുമായിരുന്നു. ഗാന്ധിജി ഒരു ഇംഗ്ലീഷുകാരനാകാൻ ശ്രമിച്ചതിന്റെ വിവരണമാണത്.

ഹ്യൂമാനിസ്റ്റിക്സിൽ ചരിത്രവും സാമൂഹ്യശാസ്ത്ര വിഷയങ്ങളും ഞങ്ങളെ പഠിപ്പിച്ചത് *കളത്തറ അച്ചൻ* എന്ന പുരോഹിതനായിരുന്നു. അദ്ദേഹത്തിന്റെ ചരിത്ര ക്ലാസ്സുകൾ ഇന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്നു. നിലവിലിരുന്ന വ്യവസ്ഥക്കെതിരായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ വിപ്ലവങ്ങളെ പറ്റിയുള്ള അദ്ദേഹത്തിന്റ ക്ലാസ്സുകൾ ആവേശകരമായിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യസമരം,

ഫ്രഞ്ചുവിപ്ലവം, റഷ്യൻ വിപ്ലവം എന്നിവയെക്കുറിച്ചുള്ള പ്രാഥമികമായ അറിവ് ഞങ്ങൾക്ക് പകർന്ന് നല്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇന്ത്യാ ചരിത്രത്തിന്റെ വിവിധ ഘട്ടകങ്ങളിലേക്കും കുട്ടികളെ കൂട്ടിക്കൊണ്ടു പോയി. എന്നെ സ്വാധിനിച്ച അധ്യാപകരിൽ ഒരാളായിരുന്നു കളത്തറ അച്ചൻ. മലയാളം ക്ലാസ്സുകൾ എടുത്തിരുന്നത് മത്തായി സാറായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ വിരസമായിരുന്നു. അദ്ദേഹത്തെ കുട്ടികൾ *'ശക്തിമത്തായി'* എന്ന് കളിയാക്കി വിളിക്കുമായിരുന്നു. കണക്കും ശാസ്ത്രവിഷയങ്ങളും പഠിപ്പിച്ചിരുന്ന അധ്യാപകർ മിടുക്കന്മാരായിരുന്നു.

ഞാൻ പ്രീയൂണിവേഴ്സിറ്റിയ്ക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൊല്ലം കന്റോൺമെന്റ്മൈതാനത്ത് നടന്ന ഒരു പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയുണ്ടായി. ഉച്ചയ്ക്ക് മുമ്പായിരുന്നു പ്രസംഗം. നെഹ്റുവിന്റെ പ്രസംഗം കേൾക്കാൻ സ്കൂളുകൾക്കും കോളേജുകൾക്കും ഉച്ചവരെ അവധി പ്രഖ്യാപിച്ചു. ഞാനും എന്റെ സഹപാഠിയായിരുന്ന പുത്തൂർ പ്രഭാകരനുമൊത്തായിരുന്നു പണ്ഡിറ്റ്ജിയുടെ പ്രസംഗം കേൾക്കാൻ പോയത്. തിരിച്ചു വന്നപ്പോൾ ക്ലാസ്സ് മുറിയിൽ ആരുമുണ്ടായിരുന്നില്ല. ഞാനും പ്രഭാകരനും ചേർന്ന് ക്ലാസ്സിന്റെ ഭിത്തിയിൽ വലിയ അക്ഷരത്തിൽ *ശക്തി മത്തായി* എന്ന് എഴുതി വെച്ചു. ഉച്ചയ്ക്ക് ശേഷം ക്ലാസ്സെടുക്കാൻ വന്ന മത്തായിസാർ ഇതുകണ്ട് ക്ഷുഭിതനായി. ക്ലാസ്സിലെ ഏറ്റവും വികൃതിയായിരുന്ന മോറീസിനെ സംശയത്തിന്റെ നിഴലിൽ നിർത്തി പുറത്താക്കി. ഞങ്ങളെ പിടിക്കപ്പെടാത്തതിൽ ഞങ്ങൾക്ക് ആശ്വാസമായി. ഈ സംഭവം എനിക്കും പ്രഭാകരനും മാത്രമെ അറിയുമായിരുന്നുള്ളു.

ഞങ്ങളുടെ കൊല്ലത്തെ കൂട്ടുകുടുംബം തകരുന്നത് ഈ കാലത്തായിരുന്നു. അമ്മാവനായിരുന്നു കുടുംബനാഥൻ. എല്ലാ കാര്യങ്ങളും അദ്ദേഹമാണ് നോക്കി നടത്തിയിരുന്നത്. അങ്ങനെ കഴിയുമ്പോൾ അദ്ദേഹത്തിന്റെ കച്ചവടസ്ഥാപനം പൊളിഞ്ഞു. അതോടെ കുടുംബച്ഛിദ്രം ശക്തമായി. ഞങ്ങൾ കൂട്ടുകുടുംബമായി താമസിച്ചിരുന്നത് വല്യയമ്മയുടെ മകളുടെ വീട്ടിലായിരുന്നു. അമ്മയും ഞാനും അനുജത്തിയും അവിടെ നിന്നും ഒഴിയണമെന്ന് അവർ ആവശ്യപ്പെട്ടു. മുകളിലാകാശം കീഴിൽ ഭൂമി ഞങ്ങൾക്കിടമില്ല എന്ന സ്ഥി

തിയായിരുന്നു ഞങ്ങളുടേത്. ഇതിനിടയിൽ അമ്മയ്ക്ക് തളർവാതം പിടിപ്പെട്ടു. ഭാഗികമായി കിടപ്പിലായി. അതിൽ നിന്നും അമ്മയെ രക്ഷപ്പെടുത്താൻ ചിലവേറിയ ആയൂർവേദ ചികിത്സ വേണ്ടി വന്നു. വീടില്ലാത്ത ഞങ്ങൾ നാട്ടുകാരിൽ നിന്നും കടംവാങ്ങി അമ്മയുടെ ഓഹരിയിൽ അടച്ചുറപ്പില്ലാത്ത രണ്ടു മുറിവീട് പണിത് അവിടേക്ക് താമസം മാറ്റി. വീടിന്റെ തറ ചാണകം കൊണ്ട് മെഴുകിയതായിരുന്നു. മണ്ണെണ്ണ ഒഴിച്ച ചെറിയ മൊട്ടവിളക്കിലായിരുന്നു എന്റെ പഠനം. ശുചിമുറി ഓലകൊണ്ട് കെട്ടിയതായിരുന്നു. വെള്ളമെടുത്തിരുന്നത് വീട്ടിനടുത്തുള്ള റോഡിലെ പൊതു ടാപ്പിൽ നിന്ന്. അച്ഛന്റെ തുച്ഛമായ വരുമാനംകൊണ്ട് കഷ്ടിച്ച് പട്ടിണിയില്ലാതെ കഴിഞ്ഞുകൂടി. പോഷക സമൃദ്ധമായ ആഹാരം അപൂർവ്വമായിരുന്നു ഞങ്ങളുടെ വീട്ടിൽ. പരിസരത്തുള്ളവരെല്ലാം സമ്പന്നരായിരുന്നു. കടക്കാരുടെ ശല്യം എപ്പോഴും അമ്മയെ അലട്ടിക്കൊണ്ടിരുന്നു. എന്റെ അനുജത്തിയുടെ കൊച്ചു കൊച്ചു ആഗ്രഹങ്ങൾപോലും നിർവ്വഹിച്ചു കൊടുക്കാൻ കഴിഞ്ഞില്ല.

ദരിദ്രമായ ഈ സാഹചര്യത്തിലായിരുന്നു എന്റെ കോളേജ് വിദ്യാഭ്യാസം. മാസം തോറുമുള്ള ഫീസ് കോളേജിൽ കൃത്യമായി അടയ്ക്കാൻ പാടുപെട്ടു. കാര്യമായി സഹായിക്കാൻ ബന്ധുക്കളാരുമില്ലായിരുന്നു. ഇങ്ങനെയൊക്കെയായിരുന്നു വീട്ടിലെ സാഹചര്യമെങ്കിലും എല്ലാ ദിവസവും വൈകുന്നേരം ഞാൻ കൊല്ലം മുനിസിപ്പൽ ലൈബ്രറിയിലിൽ പോയി വായിക്കുകയും പുസ്തകമെടുക്കുകയും കൂട്ടുകാരുമായി വിവിധ വിഷയങ്ങളെപ്പറ്റി സംസാരിച്ചിരിക്കുകയും ചെയ്യുമായിരുന്നു. ഞങ്ങളുടെ കൂട്ടത്തിൽ പങ്കെടുത്തിരുന്നവർ നാസർ, ശശിധരൻ നായർ, രാജേന്ദ്രൻ നായർ, ഉമ്മച്ചൻ എന്നിവരായിരുന്നു. മുനിസിപ്പൽ ലൈബ്രറിയുടെ കിഴക്കുവശമുള്ള രാജകൊട്ടാരംപോലുള്ള മനോഹരമായ മാളികയിലാണ് നാസർ താമസിച്ചിരുന്നത്. അദ്ദേഹം കെ.എസ്.ഇ.ബി.യിൽ എക്സിക്യുട്ടീവ് എഞ്ചിനീയറായി പെൻഷൻ പറ്റി. ശശിധരൻ നായർ പി.ടി.ഐ.യിൽ ചേർന്ന് തിരുവനന്തപുരം ബ്യൂറോ ചീഫായി റിട്ടയർ ചെയ്തു. എന്റെ സന്തത സഹചാരിയായിരുന്ന ഉമ്മച്ചൻ കൊല്ലത്തെ പ്രമുഖ ഫാർമസ്യൂട്ടിക്കൽ വ്യവസായിയായി. ഞങ്ങളോടൊപ്പം ഇടക്കിടയ്ക്ക് കൂടുന്നയാളായിരുന്നു ഞങ്ങളെക്കാൾ

പ്രായമുണ്ടായിരുന്ന പ്രശസ്ത ആണവ ശാസ്ത്രജ്ഞനായിരുന്ന പ്ലാസിഡ് റൊഡ്രിഗ്സ്. അദ്ദേഹത്തിന്റെ വീടും ലൈബ്രറിയുടെ മുന്നിലായിരുന്നു. ഈ സൗഹൃദ കൂട്ടായ്മ ഏകദേശം 5 വർഷക്കാലം നീണ്ടുനിന്നു.

പ്രീ യൂണിവേഴ്സിറ്റി കാലത്ത് എന്റെ സഹപാഠിയായിരുന്ന പുത്തേത്ത് ചന്ദ്രശേഖരൻ നായരുടെ വീട്ടിൽ ഞാൻ പോകുമായിരുന്നു. ആ വീട്ടിലെ എല്ലാവർക്കും എന്നോടു വളരെ ഇഷ്ടമായിരുന്നു. കൊല്ലം പട്ടണത്തിലെ ഏറ്റവും വലിയ ജന്മി കുടുംബമായിരുന്നു പുത്തേത്ത്. കൊല്ലം പട്ടണത്തിന്റെ നടുക്ക് ഒരുകാലത്ത് അവർക്ക് നൂറേക്കറിൽ കൂടുതൽ പുരയിടങ്ങളും നിലങ്ങളുമുണ്ടായിരുന്നു. ചന്ദ്രന്റെ സഹോദരി തങ്കമായിരുന്നു കുടുംബത്തിന്റെ ഭരണാധികാരി. പുത്തേത്ത് വീട്ടിന്റെ പൂമുഖത്ത് വാളുകൾ പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിനെക്കുറിച്ചുള്ള അന്വേഷണമാണ് പുത്തേത്ത് നായനാരിലെത്തിച്ചത്. നായനാർ ദേശിംഗനാട് (കൊല്ലം) രാജാവായിരുന്ന ഉണ്ണികേരളവർമ്മയുടെ പടത്തലവായിരുന്നു.ഉണ്ണികേരളവർമ്മ മാർത്താണ്ഡവർമ്മയുടെ അമ്മാവനും. മാർത്താണ്ഡവർമ്മയ്ക്ക് കൊല്ലം കീഴടക്കണമെന്ന താൽപ്പര്യമുണ്ടായി. അതിന് അദ്ദേഹം അമ്മാവനിൽ കുറ്റം കണ്ടെത്തി. ഉണ്ണികേരളവർമ്മ കായംകുളം രാജാവുമായി സഖ്യമുണ്ടാക്കിയിരുന്നു. അദ്ദേഹം കായംകുളത്തു നിന്ന് ഒരു രാജകുമാരിയെ ദത്തെടുത്ത് ആ സഖ്യം ദൃഢപ്പെടുത്തി. തൃപ്പാപ്പൂർ സ്വരൂപത്തിന് അവകാശപ്പെട്ട കല്ലടയുടെ ഒരു ഭാഗം അദ്ദേഹം കൈയ്യടക്കുകയും ചെയ്തിരുന്നു. ദേശിംഗനാട് രാജാവിന്റെ രണ്ട് പ്രവർത്തികളും മാർത്താണ്ഡവർമ്മയ്ക്ക് ഇഷ്ടപ്പെട്ടില്ല. മാർത്താണ്ഡവർമ്മയുടെ സൈന്യം ദളവഅറുമുഖൻ പിള്ളയുടെ നേതൃത്വത്തിൽ കൊല്ലത്തെത്തുകയും അവിടെ വെച്ച് നടന്ന യുദ്ധത്തിൽ ഉണ്ണികേരള വർമ്മ തോല്ക്കുകയും ചെയ്തു. കീഴടങ്ങിയ ഉണ്ണി കേരളവർമ്മയെ തിരുവനന്തപുരത്തു കൊണ്ടുപോയി വലിയ കോയിക്കൽ കൊട്ടാരത്തിൽ ഒരു രാജകീയ തടവുകാരനായി പാർപ്പിച്ചു. കൊല്ലത്ത് സമാധാന സംരക്ഷണത്തിന് മാർത്താണ്ഡവർമ്മ ഒരു സൈനിക വിഭാഗത്തെ അറുമുഖൻ പിള്ളയുടെ കീഴിൽ തേവള്ളിയിൽ താവളമടിപ്പിച്ചു. മാർത്താണ്ഡവർമ്മയും ഉണ്ണി കേരളവർമ്മയും തമ്മിൽ നടന്ന യുദ്ധത്തിൽ പുത്തേത്തു

നായനാർ ഒറ്റുകാരനായി മറുപക്ഷം ചേർന്നിരുന്നു. ഈ ഒറ്റിന്റെ പേരിൽ മാർത്താണ്ഡവർമ്മ കരമൊഴിവായി പുത്തേത്തുനായനാർക്ക് നല്കിയ ഭൂമിയാണ് പുത്തേത്തുകാരുടെ ഭൂമി.

എല്ലാ കഷ്ടപ്പാടുകളെയും ദുരിതങ്ങളെയും അതിജീവിച്ച് നന്നായി പഠിക്കാൻ ശ്രമിച്ചു. പ്രീ യൂണിവേഴ്സിറ്റി പരീക്ഷ ഒരു വിധം നന്നായി എഴുതി. പരീക്ഷാഫലം വന്നപ്പോൾ സെക്കൻഡ് ക്ലാസ്സ് കിട്ടി. ശാസ്ത്ര വിഷയങ്ങൾക്ക് 78 ശതമാനം മാർക്കുണ്ടായിരുന്നു. ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചത് ഫിസിക്സിനായിരുന്നു. ഇഞ്ചിനീയറിംഗിന് പോകണമെന്ന് ആഗ്രഹിച്ചു. കാരണം കൊല്ലത്ത് ടി.കെ.എം.എഞ്ചിനീയറിംഗ് കോളേജ് ഉള്ളതുകൊണ്ട്. ആ വർഷത്തെ എഞ്ചിനീയറിംഗിന് പ്രവേശനത്തിനുള്ള സംസ്ഥാന ജനറൽ മെരിറ്റ് സയൻസ് വിഷയങ്ങൾക്ക് 80 ശതമാനമായിരുന്നു അതുകൊണ്ട് എനിക്ക് അഡ്മിഷൻ ലഭിച്ചില്ല. മറ്റു പ്രൊഫഷണൽ കോഴ്സുകൾക്ക് കൊല്ലം വിട്ടുപോയി പഠിക്കാനുള്ള സാമ്പത്തിക ശേഷിയും എനിക്കില്ലായിരുന്നു.

# ശാസ്ത്രലോകത്തിലേക്ക്

ഫാത്തിമ കോളേജിൽ തന്നെ ഫിസിക്സ് മുഖ്യവിഷയമായും ഗണിതം ഉപവിഷയമായും ബിരുദപഠനത്തിനു ചേർന്നു. ഒന്നാം വർഷം മെക്കാനിക്സും, പ്രകാശികവും താപഗതികവും, രണ്ടാം വർഷം വൈദ്യുതിയും കാന്തികതയും അണുഭൗതികവും മൂന്നാം വർഷം ആധുനിക ഭൗതികവുമാണ് പഠിച്ചത്. എന്റെ ഐച്ഛികവിഷയം ആധുനിക ഭൗതികമായിരുന്നതുകൊണ്ട് ആപേക്ഷികതാ സിദ്ധാന്തത്തിന്റെയും ക്വാണ്ടം സിദ്ധാന്തത്തിന്റേയും ബാലപാഠം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. സ്ഥലം കാലം ദ്രവ്യം ഊർജ്ജം എന്നിവയുടെ രഹസ്യം തേടാനുള്ള താൽപ്പര്യം ബിരുദപഠനകാലത്തുതന്നെ എനിക്കുണ്ടായിരുന്നു. എല്ലാ നിരീക്ഷകരെ (അവർ എങ്ങനെ സഞ്ചരിച്ചാലും) സംബന്ധിച്ചിടത്തോളം ശാസ്ത്രനിയമങ്ങൾ ഒന്നു തന്നെയായിരിക്കുമെന്ന ഐൻസ്റ്റീന്റെ പൊതു ആപേക്ഷികതാ സിദ്ധാന്തവും, ഹൈസെൻബർഗിന്റെ അനിശ്ചിതത്വതത്ത്വവും, കണതരംഗ ദ്വന്ദ്വവും എന്നെ വിസ്മയിപ്പിച്ചു.

ഭൗതികത്തെ (ഫിസിക്സ്) പോലെ എന്റെ ഇഷ്ട വിഷയമായിരുന്നു ഗണിതവും. ശാസ്ത്രത്തിന്റെ രാജ്ഞി, സേവകൻ എന്നൊക്കെ ഗണിതത്തെ വിശേഷിപ്പിക്കാറുണ്ട്. ശാസ്ത്രസിദ്ധാന്തങ്ങളെ ലളിതവും ലഘുവുമായ സമവാക്യങ്ങളിൽ പ്രകാശിപ്പിക്കാനുള്ള ഗണിതത്തിന്റെ കഴിവ് അപാരമാണ്. ഒരു പെൻഡുലത്തിന്റെ കമ്പനം, ഒരു അമ്പിന്റെ വായുവിൽ കൂടിയുള്ള പാഞ്ഞുപോക്ക്, പ്രകാശ പ്രസരണം, വീണകമ്പിയുടെ കമ്പനം, അണുവിന്റെ കമ്പനം, ഗ്രഹങ്ങളുടെ ഭ്രമണം എന്നിവയെയൊക്കെ സൂത്രങ്ങളിലാവാഹിക്കാനുള്ള കഴിവ് അതിനുണ്ട്. അതിനൊരു ഉദാഹരണമാണ് അണുബോംബി

ന്റെ നിർമ്മിതിയിലേക്ക് നയിച്ച ഐൻസ്റ്റീന്റെ ഊർജ്ജദ്രവ്യമാന സമവാക്യം ഋ=ാര2

ഇംഗ്ലീഷ് അധ്യാപനം സയൻസ് വിഷയങ്ങൾ എടുത്തിട്ടുള്ള കുട്ടികളെ ഒന്നിച്ച് ഒരു ഹാളിലിരുത്തിയായിരുന്നു. ഇംഗ്ലീഷ് ക്ലാസിൽ ഗദ്യവും പദ്യവും നാടകവും പഠിക്കാനുണ്ടായിരുന്നു. പ്രശസ്ത ബ്രിട്ടീഷ് ചിന്തകനും എഴുത്തുകാരനുമായിരുന്ന ആൽഡസ് ഹക്സിലിയുടെ ലേഖനങ്ങളുടെ സമാഹാരം പഠിപ്പിച്ചത് അലക്സാണ്ടറായിരുന്നു. അദ്ദേഹത്തിന് പിന്നീട് ഐ.എ.എസ്. ലഭിച്ചു. ബർണാർഡ് ഷായുടെ ''പിഗ്മാലിയൻ'' എന്ന നാടകവും മറ്റ് ഗദ്യ ഭാഗങ്ങളും പ്രിൻസിപ്പലായിരുന്ന ജോർജ്ജ് അച്ചനായിരുന്നു പഠിപ്പിച്ചത്. വിദ്യാഭ്യാസത്തെയും യുദ്ധത്തെയും കുറിച്ചുള്ള ഹക്സിലിയുടെ ലേഖനങ്ങളുടെ ഉള്ളടക്കം ഇപ്പോഴും എന്റെ സ്മരണയിലുണ്ട്. ലണ്ടനിലെ ഒരു പിന്നോക്ക പ്രദേശത്ത് ജീവിക്കുന്ന ഒരു പെൺകുട്ടിയുടെ ഇംഗ്ലീഷ് ഭാഷാ ശുദ്ധി എങ്ങനെ മെച്ചപ്പെടുത്തുന്നുവെന്നതാണ് നാടകത്തിന്റെ ഇതിവൃത്തം. ''പിഗ്മാലിയൻ'' ''മൈ ഫെയർ ലേഡി''എന്ന പേരിൽ സിനിമയായി. തമിഴ് നാട്ടുകാരനായ പ്രൊഫസർ രാമയ്യരായിരുന്നു ഷേക്സ്പിയറിന്റെ ''ജൂലിയസ് സീസർ'' പഠിപ്പിച്ചത്. അയ്യർ സാറിന്റെ വേഷം മുണ്ടും കോട്ടും തലപ്പാവുമായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ അസാധാരണ പാണ്ഡിത്യമുണ്ടായിരുന്ന ആളായിരുന്നു അദ്ദേഹം. ജൂലിയസ് സീസർ നാടകം അഭിനയിച്ചായിരുന്നു അദ്ദേഹം ക്ലാസിൽ പഠിപ്പിച്ചിരുന്നത്. ജൂലിയസ് സീസറിനെ ബ്രൂട്ടസ് വധിക്കുന്ന രംഗവും മാർക്കാന്റണിയുടെ പ്രസംഗവും മനസ്സിൽ മായാതെ നില്ക്കുന്നു. ഷേക്സ്പിയറിന്റെ മറ്റ് നാടകങ്ങളെപ്പറ്റിയും അദ്ദേഹം വിവരിക്കുമായിരുന്നു.

ബി.എസ്.സി.ക്ക് എന്റെ രണ്ടാം ഭാഷ മലയാളമായിരുന്നു. ഉണ്ണായി വാര്യരുടെ നളചരിതം രണ്ടാം ദിവസവും കുമാരനാശാന്റെ നളിനിയും പഠിക്കാനുണ്ടായിരുന്നു. നളചരിത പഠനം കഥകളിയിൽ അല്പം താൽപ്പര്യം ജനിപ്പിച്ചു. സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് കുമാരനാശാനായിരുന്നു എന്റെ ഏറ്റവും പ്രിയപ്പെട്ട കവി. എന്റെ അമ്മാവൻ ഗണപതിപിള്ള കുമാരനാശാന്റെ ആരാധകനും അദ്ദേഹത്തിന്റെ മിക്ക കവിതകളും ഹൃദ്യസ്ഥമാക്കിയ ആളുമായിരുന്നു. ആശാന്റെ ഖണ്ഡകാവ്യങ്ങളായ വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, കരുണ എന്നിവ

അദ്ദേഹം എന്നെ ചൊല്ലി കേൾപ്പിക്കുമായിരുന്നു. ഈ പശ്ചാത്തല മാണ് കവിതാസ്വാദനശേഷി എന്നിൽ വളർത്തിയത്. പ്രൊഫസർ സക്കറിയായിരുന്നു 'നളിനി' പഠിപ്പിച്ചത്. അദ്ദേഹത്തിന്റെ കവിതാ ലാപനവും വിശദീകരണവും രസകരമായിരുന്നു. അദ്ദേഹം അന്ന് പറഞ്ഞ നളിനിയുടെ കഥ ഇന്നും ഓർക്കുന്നു.

''ലൗകിക ജീവിതം ഉപേക്ഷിച്ച് സത്യാന്വേഷണത്തിനായി ഇറ ങ്ങി തിരിച്ച് ഹിമാലയത്തിൽ ഏറെകാലം കഴിഞ്ഞ ദിവാകരനെ മാത്രം ധ്യാനിച്ചിരിക്കുകയാണ് നളിനി. അവൾ ദിവാകരന്റെ ബാല്യ കാലസഖിയാണ്. നളിനിയെ സംബന്ധിച്ചിടത്തോളം ദിവാകരൻ തന്റെ പ്രാണന്റെ പ്രാണനാണ്. ദിവാകരന്റെ വേർപാടിൽ അവൾ ഏറെ ദുഃഖിതയാണ്. മാതാപിതാക്കൾ വിവാഹത്തിനായി നിരന്ത രം നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. അവസാനം അവർ തന്നെ വിവാഹിതയാക്കിയെ അടങ്ങൂവെന്ന് മനസ്സിലാക്കിയ നളിനി വീടു വിട്ടിറങ്ങുന്നു. ദിവാകരൻ വീടുവിട്ടിറങ്ങിയത് ആത്മജ്ഞാനത്തിന്റെ പൊരുൾ തേടിയാണെങ്കിൽ നളിനി വീടുവിട്ടിറങ്ങുന്നത് അചഞ്ചല മായ പ്രണയത്തിന്റെ ഉൾച്ചൂടുമൂലമാണ്. നിരാശയുടെയും മോഹ ഭംഗത്തിന്റെയും അഗാധഗർത്തങ്ങളിലൂടെ സ്വയം മരണത്തിലേക്ക് ആണ്ടുപോകാൻ അവൾ ആഗ്രഹിച്ചു. എന്നാൽ നളിനിയെ ഒരു യോഗിനി രക്ഷിക്കുകയാണ്. അഞ്ചുകൊല്ലം യോഗിനിയുമായി ഒന്നിച്ചായിരുന്നു നളിനിയുടെ ജീവിതം.'' ഇങ്ങനെ നളിനിയുടെ കഥ പറഞ്ഞ് കവിതയിലെ പ്രണയം, ശരീരം, ആത്മീയത എന്നി വയെപ്പറ്റി സക്കറിയാ സാർ വിശദീകരിച്ചു.

ബി.എസ്.സി.ഒന്നാം വർഷം പഠിക്കുമ്പോഴാണ് 1962 ൽ ചൈന ഇന്ത്യയെ ആക്രമിക്കുന്നത്. പഞ്ചശീലതത്ത്വങ്ങളിൽ അടിയുറച്ച് വി ശ്വസിച്ചിരുന്ന ഇന്ത്യയ്ക്കുമേൽ ചൈന ഒരാക്രമണം നടത്തുമെന്ന് ഭരണാധികാരികൾ പ്രതീക്ഷിച്ചിരുന്നില്ല. ചൈനയെ നേരിടാനുള്ള യാതൊരു സൈനിക സംവിധാനവും ഇന്ത്യയ്ക്ക് ഉണ്ടായിരുന്നില്ല. ചൈനയുടെ ആക്രമണത്തിനെതിരെ ചെറുത്തു നില്പുപോലും ഉണ്ടായില്ല. നമ്മുടെ നിരവധി സൈനികർ കൊല്ലപ്പെട്ടു. ആയിരക്ക ണക്കിന് സൈനീകരെ തടവിലാക്കി. ഒരു ചൈനീസ് സൈനികനെ പ്പോലും കൊല്ലാനോ തടവിലാക്കാനോ നമ്മുടെ സൈന്യത്തിന് കഴിഞ്ഞില്ല. ചൈനയുടെ ആക്രമണമുണ്ടായപ്പോൾ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ *നാഷണൽ ഡിഫൻസ് ഫണ്ട്*

കുട്ടികളിൽ നിന്നും സ്വരൂപിക്കാനും, ഡിഗ്രി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എൻ.സി.സി. പരിശീലനം നിർബന്ധിതമാക്കാനും കേന്ദ്ര സർക്കാർ തീരുമാനിച്ചു. വേണ്ടി വന്നാൽ കുട്ടികളെ സൈന്യത്തിന്റെ പോഷക ശക്തിയാക്കുകയെന്നതായിരുന്നു ലക്ഷ്യം. അന്ന് രണ്ടു വിഭാഗം എൻ.സി.സി.ഉണ്ടായിരുന്നു. സാധാരണ എൻ. സി.സിയും റൈഫിൾസ് എന്ന പേരിൽ മറ്റൊരു എൻ.സി.സി.യും. സാദാ എൻ.സി.സി.ക്കാരുടെ വേഷം കാക്കി പാന്റ്സും കാക്കി ഷർട്ടും, റൈഫിൾസിന്റേത് കാക്കി പാന്റ്സും ചാരനിറത്തിലുള്ള ഷർട്ടുമായിരുന്നു. ഞാൻ സാദാ എൻ.സി.സി.യിലാണ് ചേർന്നത്. ആഴ്ചയിൽ ഒരു ദിവസം കോളേജിൽ എൻ.സി.സി.പരിശീലനമുണ്ടായിരുന്നു.

എൻ.സി.സി.യിൽ അംഗമായിരിക്കുമ്പോൾ ഞാൻ രണ്ട് സംസ്ഥാന ക്യാമ്പുകളിൽ പങ്കെടുത്തു. 1962 ലെ ക്യാമ്പ് തിരുവനന്തപുരം വെള്ളയാണി കാർഷിക കോളേജിലായിരുന്നു. 1963 ലേത് മാർ ഇവാനിയോസ് കോളേജിലും. ക്യാമ്പുകൾ ഹൃദ്യവും ആസ്വാദ്യകരവുമായിരുന്നു. അഞ്ഞൂറോളം വിദ്യാർത്ഥികൾ ഓരോ ക്യാമ്പിലും പങ്കെടുത്തിരുന്നു. വിവിധതരം പരിശീലനങ്ങളിൽ കേഡറ്റുകൾ ഏർപ്പെട്ടിരുന്നു. വെളുപ്പാൻകാലത്ത് ഒരു കട്ടൻകാപ്പിയിൽ ആരംഭിക്കുന്ന കായിക പരിശീലനം, തുടർന്ന് ബ്രേക് ഫാസ്റ്റ് വിവിധ കായികാഭ്യാസങ്ങൾ, ഷൂട്ടിംഗ് പ്രാക്ടീസ് എന്നിവ എൻ.സി.സി. അധ്യാപകരുടെ ക്ലാസ്സുകളോടെ അവസാനിക്കും. വൈകിട്ട് വിദ്യാർത്ഥി കേഡറ്റുകളും എൻ.സി.സി.അധ്യാപകരും ചേർന്നുള്ള കലാപരിപാടികൾ.

സുബേദാർ റാങ്കിലുള്ളവരായിരുന്നു മിക്കവാറും പരിശീലകർ. രാഷ്ട്രബോധം, സ്വാശ്രയബോധം, അച്ചടക്കം അനുസരണ എന്നീ അത്യന്താപേക്ഷിത ഗുണങ്ങൾ വിദ്യാർത്ഥിതലം മുതൽക്കേ വളർത്തിയെടുത്ത് രാഷ്ട്രത്തിന്റെ ശക്തിമാന്മാരായ ഭടന്മാരെ വാർത്തെടുക്കാൻ എൻ.സി.സി.യ്ക്ക് സമാനമായ മറ്റൊരു പ്രസ്ഥാനം ഇല്ലെന്നുതന്നെ പറയാം. ക്യാമ്പിൽ ഞങ്ങൾക്ക് പോയിന്റ് 22, 303 എന്നീ റൈഫിളുകളിലും ലൈറ്റ് മെഷ്യൻ ഗണ്ണിലും പരിശീലനം നല്കിയിരുന്നു. ഫയറിംഗ് റേഞ്ചിൽ കൊണ്ടുപോയി വെടിവയ്ക്കുന്നതിനുള്ള പരിശീലനവും നല്കിയിരുന്നു. രാത്രികാലങ്ങളിൽ സൈന്യം മാർച്ച് ചെയ്യുമ്പോൾ നക്ഷത്രങ്ങളെ നോക്കി എങ്ങനെ

ദിശാനിർണ്ണയം നടത്തണമെന്ന് നക്ഷത്ര കൂട്ടങ്ങളെ കാണിച്ച് വിശദീകരിച്ചു തരുമായിരുന്നു. എൻ.സി.സി.യിൽ നിന്നും ലഭിച്ച അനുഭവങ്ങൾ എന്നെ വളരെയേറെ സഹായിച്ചിട്ടുണ്ട്.

1960 കളിൽ കേരളത്തിൽ ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്നു. അമേരിക്കയിൽ നിന്നും സൗജന്യമായി ലഭിച്ചിരുന്ന ചോളപൊടി റേഷൻ കടകളിലൂടെ വിതരണം ചെയ്തായിരുന്നു പാവങ്ങളുടെ പട്ടിണി അകറ്റിയിരുന്നത്. അരിയ്ക്ക് തീപിടിച്ച വിലയായിരുന്നു. ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവെപ്പും കരിംചന്തയും വ്യാപകമായി. ഈ കാലഘട്ടത്തിൽ നിരവധി ഭക്ഷ്യസമരങ്ങൾ നടക്കുകയുണ്ടായി. 1964 കൊല്ലത്ത് ഭക്ഷ്യലഹള പൊട്ടിപ്പുറപ്പെട്ടു. എസ്.എൻ.കോളേജ് വിദ്യാർത്ഥികളുടെ ഭക്ഷ്യസമരത്തിന്റെ കേന്ദ്രമായിരുന്നു. ഫാത്തിമായിൽ സമരങ്ങളൊന്നുമുണ്ടായിരുന്നില്ല. എസ്.എൻ.കോളേജിലെ കുട്ടികൾ വന്നാണ് ഇവിടെ സമരം നടത്തിയിരുന്നത്. ഒരു ദിവസം വിദ്യാർത്ഥികളും നാട്ടുകാരും ചേർന്ന് കരിംചന്ത വ്യാപാരത്തിന് ഗോഡൗണുകളിൽ ശേഖരിച്ചുവെച്ചിരുന്ന അരിയും ഗോതമ്പും പിടിച്ചെടുത്തു പാവങ്ങൾക്ക് വിതരണം ചെയ്തു. ഭക്ഷ്യക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ടു ആർ.എസ്.പി.നേതാവ് എൻ.ശ്രീകണ്ഠൻ നായരുടെ നേതൃത്വത്തിൽ ഒരു കൂട്ടം ആളുകൾ റെയിൽവേ പാളമിളക്കി.

ഞാൻ ഫാത്തിമായിൽ പഠിച്ചിരുന്ന കാലത്ത് അവിടെ വിദ്യാർത്ഥി രാഷ്ട്രീയം അനുവദിച്ചിരുന്നില്ല. വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനങ്ങൾ കോളേജിൽ ഉണ്ടാകാൻ പാടില്ലെന്ന കർശനനിലപാടായിരുന്നു പ്രിൻസിപ്പാലിന്റേത്. കോളേജിലെ ആരെങ്കിലും വിദ്യാർത്ഥി സംഘടനകളുമായി ബന്ധപ്പെടുന്നുവെന്ന് അറിഞ്ഞാൽ അയാളെ പുറത്താക്കുമായിരുന്നു. ഈ സമയത്ത് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ശക്തമായ കേന്ദ്രമായിരുന്നു എസ്.എൻ.കോളേജ്. കോളേജിലെ പ്രമുഖ സംഘടന അന്ന് കെ.എസ്.യു.ആയിരുന്നു. ഒരു കാലത്ത് കോളേജിൽ കൊടികുത്തിവാണിരുന്ന എസ്.എഫ്. അവിടെ അന്ന് ദുർബലമായിരുന്നു. ഡിഗ്രി ക്ലാസ്സിൽ എന്റെ റോൾ നമ്പറിന്റെ തൊട്ടടുത്ത നമ്പരുകാരനായിരുന്ന ജോഷി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തനായ അനുഭാവിയായിരുന്നു. അയാൾ ഇ.എം.എസ്. മന്ത്രിസഭയിലെ അംഗമായിരുന്ന ടി.എ.മജീദിന്റെ ബന്ധുവായിരുന്നു. അന്ന് എസ്.എഫ്.ഐ.സംസ്ഥാന സെക്രട്ടറിയായിരുന്ന

ഗംഗപ്രസാദ് ഫാത്തിമയിൽ എം.കോം. വിദ്യാർത്ഥിയായിരുന്നു. അദ്ദേഹം ജോഷിയേയും എന്നെയും ബന്ധപ്പെട്ട് കോളേജിൽ ഒരു യൂണിറ്റ് രൂപീകരിക്കാൻ ശ്രമിച്ചു. ഭയംകൊണ്ട് കുട്ടികളാരും സംഘടനയിൽ ചേരാൻ തയ്യാറായില്ല. ശ്രമം പരാജയപ്പെട്ടു. ജോഷി സാമൂഹ്യ ക്ഷേമവകുപ്പ് അഡീഷണൽ ഡയറക്ടറായിട്ടാണ് റിട്ടയർ ചെയ്തത്.

ഫിസിക്സിലെ വിദ്യാർത്ഥികളിൽ അഞ്ചു പേർ തങ്കശ്ശേരിയിലെ ആഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ടവരായിരുന്ന ജോസഫ് ഫ്രാങ്ക്, മാർഷൽ ഫ്രാങ്ക് റൊഡ്രിഗ്സ് ഫ്രാങ്ക് ആന്റണി, മാരി എന്നിവരായിരുന്നു. പാശ്ചാത്യപൈതൃകത്തിൽ ഊറ്റംകൊള്ളുന്നവരായിരുന്നു അവർ. മാരി പാശ്ചാത്യ ശൈലിയിൽ വസ്ത്രധാരണം ചെയ്യുന്ന ഒരു സുന്ദരിയായിരുന്നു. ഇവരുമായിട്ടുള്ള എന്റെ ബന്ധം ഊഷ്മളമായിരുന്നു. ഈസ്റ്റർ ക്രിസ്തുമസ് എന്നീ വിശേഷ ദിവസങ്ങളിൽ ഇവർ എന്നെ ക്ഷണിക്കുമായിരുന്നു. ഈ സൗഹൃദം തങ്കശ്ശേരിയെക്കുറിച്ച് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും എന്നെ സഹായിച്ചിട്ടുണ്ട്.

രണ്ടാം വർഷം എല്ലാ വിഷയങ്ങളിലും ജയിച്ചു. മൂന്നാം വർഷമായപ്പോഴേക്കും ക്ലാസ്സിൽ കയറാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന വഴിവിട്ട സ്വഭാവമുള്ള ചില പുതിയ കൂട്ടുകാർ എനിക്കുണ്ടായി. വിദ്യാഭ്യാസ കാലത്ത് കുട്ടികൾ പലപ്പോഴും വഴി തെറ്റുന്നത് ചില മോശം കൂട്ടുകെട്ടുകളുടെ ഫലമായിട്ടാണ്. ക്ലാസ് കട്ട് ചെയ്ത് അവരുമായി സംഘം ചേരാൻ തുടങ്ങി. ക്ലാസ്സുകളിൽ തുടർച്ചയില്ലാതെ വന്നതോടെ വിഷയങ്ങൾ മനസ്സിലാക്കുന്നതിന് പ്രയാസമുണ്ടായി. പ്രാക്ടിക്കൽ ക്ലാസുകളിൽ പങ്കെടുക്കാതായി. ചുരുക്കത്തിൽ അവസാന വർഷം ഹാജർ തികയാതെ വന്നതുകൊണ്ട് കോളേജ് അധികൃതർ പരീക്ഷ എഴുതാൻ എന്നെ അനുവദിച്ചില്ല. ആ വർഷം സെപ്തംബറിലാണ് ഞാൻ അവസാന വർഷ പരീക്ഷ എഴുതിയത്. ഇതിന്റെയൊക്കെ ഫലമായി സെക്കൻഡ് ക്ലാസ്സുമാത്രമേ ലഭിച്ചുള്ളൂ. എങ്കിലും ഉപരിപഠനത്തിന് ആഗ്രഹമുണ്ടായി.

# ഗ്രന്ഥപ്പുര

എന്റെ യഥാർത്ഥ സർവ്വകലാശാല കൊല്ലം മുനിസിപ്പൽ ലൈബ്രറിയാണ്. 1930 ലാണ് ഈ ലൈബ്രറി സ്ഥാപിച്ചത്. 1969 ൽ ഞാൻ അവിടെ അംഗമാകുമ്പോൾ 50000 പുസ്തകങ്ങളുണ്ടായിരുന്നു. മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലുമുള്ള പ്രധാനപ്പെട്ട എല്ലാ പുസ്തകങ്ങളും അവിടെ ലഭ്യമായിരുന്നു. എന്റെ കോളേജ് പഠനകാലത്ത് എല്ലാ ദിവസവും വൈകുന്നേരം ഞാനും എന്റെ സുഹൃത്തുക്കളും ലൈബ്രറിയുടെ മുൻവശത്തെ പാർക്കിൽ ഒത്തുകൂടുമായിരുന്നു. സാഹിത്യം, കല, ശാസ്ത്രം, ചരിത്രം എന്നു വേണ്ട എല്ലാവിഷയങ്ങളും ഞങ്ങളുടെ ചർച്ചയ്ക്ക് വിധേയമാകുമായിരുന്നു. ആധുനിക സാഹിത്യകാരന്മാരായ കാഫ്ക്കായും കാമുവും സാർത്രേയും എലിയട്ടും ഞങ്ങൾക്ക് പ്രിയപ്പെട്ടവരായിരുന്നു. നവീന ചിത്രകാരന്മാരായിരുന്നു പാമ്പ്ളോ പിക്കാസോ, വാൻഗോഗ്, റോയിചൗധരി, കെ.സി.എസ് പണിക്കർ എന്നീ ചിത്രകാരന്മാരും ഞങ്ങളുടെ ചർച്ചയക്ക് വിഷയീഭവിച്ചിട്ടുണ്ട്. ലൈബ്രറിയുടെ ചുറ്റുപാടുമുള്ള ചരിത്രസ്മാരകങ്ങൾ ഞങ്ങളുടെ ചരിത്രബോധത്തെ ഉദ്ദീപിപ്പിച്ചിരുന്നു. ഇപ്പോൾ ദേശിംഗനാടിന്റേയും പുതുകുളങ്ങര കൊട്ടാരത്തിന്റേയും ഹജൂർ കച്ചേരിയുടേയും ചരിത്രം ഒരു ബോധധാരയായി എന്നിൽ ഒഴുകിയെത്തുന്നു.

ലൈബ്രറി നിൽകുന്നത് ദേശിംഗനാട് രാജാക്കന്മാരുടെ കൊട്ടാരമായിരുന്ന പുതുകുളങ്ങര കൊട്ടാരത്തിന്റെ കോമ്പൗണ്ടിലാണ്. പുതുകുളങ്ങര കൊട്ടാരവും അതിനു ചുറ്റുമുള്ള സ്ഥലവും കൊല്ലം നഗരസഭയ്ക്ക് വിട്ടുകൊടുത്തത് 1923 ലായിരുന്നു. നമ്മുടെ പൈതൃകത്തോട് പ്രതിബദ്ധതയില്ലാത്ത ഭരണാധികാരികൾ വിശാലമായ

കൊട്ടാരത്തിന്റെ സിംഹഭാഗവും പൊളിച്ചുമാറ്റി. അതിന്റെ ചുറ്റുമുള്ള വിശാലമായ സ്ഥലം സർക്കാർ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തു. പുതുകുളങ്ങര കൊട്ടാരത്തിന് മുൻവശത്ത് വിശാലമായ ഒരു കുളമുണ്ട്. *കൊട്ടാരക്കുളം* എന്നാണ് വിളിക്കുന്നത്. കൊട്ടാരത്തിൽ നിന്നും രാമേശ്വരം ക്ഷേത്രത്തിലേക്ക് വരാൻ ഒരു തുരങ്കമുണ്ടായിരുന്നുവെന്നതിന് തെളിവുണ്ട്. ഉണ്ണുനീലി സന്ദേശത്തിൽ പറയുന്ന പനങ്ങാവിൽ കൊട്ടാരം ഇതിനടുത്തായിരുന്നുവെന്നാണ് ചരിത്രകാരനായ ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെടുന്നത്. അക്കാലങ്ങളിൽ വേണാട് രാജാക്കന്മാർ ഇവിടെയായിരുന്നു താമസം. അവർ രാജഭരണം നടത്തിയിരുന്നത് ഇവിടെ താമസിച്ചുകൊണ്ടായിരുന്നു. അയ്യനാടിതിരുവടികൾ എന്ന വേണാടുരാജാവിനുശേഷം എ.ഡി 947 ലെ മാമ്പള്ളി പട്ടയത്തിൽ പറയുന്ന വല്ലഭക്കോതരാജാവും പനങ്ങാവിൽ കൊട്ടാരത്തിലാണ് താമസിച്ചിരുന്നത്. രാമവർമ്മ കുലശേഖരൻ എന്ന രാജാവ് അവിടെ താമസിച്ചിരുന്നതായി 1102 ലെ രാമേശ്വരം ശിലശാസനത്തിൽ പറയുന്നുണ്ട്. എ.ഡി. 1503 ൽ അൽബുക്കർക്ക് വന്ന് കൊല്ലം റാണിയുമായി കച്ചവട ഉടമ്പടി ഒപ്പുവെച്ചതും പനങ്ങാവിൽ കൊട്ടാരത്തിൽ വെച്ചാണ്. ഉണ്ണിനീലി സന്ദേശത്തിൽ പനങ്ങാവിൽ കൊട്ടാരത്തെ പരാമർശിക്കുന്നതിപ്രകാരമാണ്. സന്ദേശവാഹകനോട് സന്ദേശകർത്താവ് ഇങ്ങനെ പറയുന്നു:

നേരെ പിന്നെ പ്രിയസഖ
പനങ്കാവനത്തിനകം പു-
ക്കാരാമം കൊണ്ടഖിലജഗതാം
ഭൈരവിം ഭൈരവിം താം.

ഇതിന്റെ വ്യാഖ്യാനത്തിൽ പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ള പനംങ്ങാവിൽ കോട്ടയുണ്ടെന്നും അതിനുള്ളിൽ അരമനയും അമ്പലവുമുണ്ടെന്നും പറയുന്നു. കോട്ടയുണ്ടായിരുന്നത് ഇന്നത്തെ കോട്ടയ്ക്കകം വാർഡിലും ക്ഷേത്രം മുൻസിപ്പൽ പാർക്കിന് മുന്നിലുമായിരുന്നു. അവിടെയായിരുന്നു കപാലീശ്വരം ശിവക്ഷേത്രം. ക്ഷേത്രം നിന്ന സ്ഥലത്ത് ഇന്ന് വീടുകളാണുള്ളത്. പോർട്ടുഗീസുകാരാണ് ക്ഷേത്രം നശിപ്പിച്ചത്.

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വേണാടു ഭരിച്ചിരുന്നത് പ്രധാനരാജാവിനെ "ചിറവ മൂപ്പൻ" എന്നും യുവരാജാവിനെ

"തൃപ്പാപ്പൂർ മൂപ്പ"നെന്നും വിളിച്ചുപോന്നു. ചിറവമൂപ്പൻ കൊല്ലം പനങ്ങാവിൽ കൊട്ടാരത്തിൽ വാണ് രാജ്യഭരണം നടത്തി. തൃപ്പാപ്പൂർ മൂപ്പൻ തിരുവനന്തപുരത്തുനിന്നും 9 മൈൽ വടക്കുള്ള തൃപ്പാപ്പൂർ പാർത്തുകൊണ്ട് വേണാടിന്റെ തെക്കുഭാഗത്തുള്ള ഭരണകാര്യങ്ങൾ നിർവ്വഹിച്ചു. പിന്നീട് വേണാട് രാജവംശം രണ്ടായി കൊല്ലം ആസ്ഥാനമായി ദേശിംഗനാടും തൃപ്പാപ്പൂർ കേന്ദ്രമായി മറ്റൊരു രാജാവും. തൃപ്പാപ്പൂരാണ് തിരുവിതാംകൂറായത്. ദേശിംഗനാട് രാജാക്കന്മാർ അക്കാലത്താണ് പുതുകുളങ്ങര കൊട്ടാരത്തിലേക്ക് മാറുന്നത് എ.ഡി. 1742 ആഗസ്റ്റ് 30 - ാം തീയതി മാർത്താണ്ഡവർമ്മ ദേശിംഗനാട് (കൊല്ലം) കീഴടക്കുന്നതുവരെ ദേശിംഗനാടിന്റെ കൊട്ടാരം പുതുകുളങ്ങര കൊട്ടാരമായിരുന്നു. ദേശിംഗനാട് രാജവംശവുമായി ബന്ധപ്പെട്ട കളരിപ്പുരയിടവും പടനിലത്തുപുരയിടവും ഇവയോടു ചേർന്ന് വെടിക്കുന്നു പുരയിടവും ഇന്നും ഉണ്ട്.

വേലുത്തമ്പി ദളവയുടെ അനുചരന്മാരെ എഡി. 1809 ൽ വെട്ടിക്കൊന്ന് പുതുക്കുളങ്ങര കൊട്ടാരത്തിന്റെ നിലവറയിൽ താഴ്ത്തിയതായി രേഖയുണ്ട്.വിശാഖം തിരുനാൾ രാജാവ് 1888 ൽ ഇവിടെ താമസിച്ചതായി പറയുന്നുണ്ട്. വേലുത്തമ്പി ദളവായും ബ്രിട്ടീഷുകാരും തമ്മിൽ ഏറ്റുമുട്ടൽ നടക്കുമ്പോൾ അദ്ദേഹം താമസിച്ചിരുന്നത് പുതുകുളങ്ങര കൊട്ടാരത്തിനടുത്തുള്ള കല്ലംമ്പള്ളി എന്ന പ്രാചീന തറവാട്ടിലായിരുന്നു. അദ്ദേഹം ഇവിടെ താമസിച്ചുകൊണ്ട് നിരവധിനിർമ്മാണപ്രവർത്തനങ്ങൾ നടത്തി. മാർത്താണ്ഡവർമ്മ പിടിച്ചെടുത്ത ദേശിംഗനാട് രാജാവിന്റെ പുതുകുളങ്ങര കൊട്ടാരം ജീർണ്ണോദ്ധാരണം ചെയ്തു. ഹജൂർ കച്ചേരി പുതുക്കി പണിതു. ദേശിംഗനാടു രാജാവിന്റെ കുതിരപന്തിയായിരുന്ന കെട്ടിടനിരകൾ പുതുക്കി ഹജൂർകച്ചേരിയുടെ ഭാഗമാക്കി. ഇപ്പോഴത്തെ കളക്ട്രേറ്റ് നിൽക്കുന്നത് അവിടെയാണ്. എന്റെ ബാല്യകാലത്ത് അവിടെ ഓടുമേഞ്ഞ ഒറ്റനിലകെട്ടിടമാണ് ഉണ്ടായിരുന്നത്. അതിന്റെ നടുമുറ്റം ഇപ്പോഴത്തേതു തന്നെ. ആനന്ദവല്ലീശ്വരത്തെ ശിവക്ഷേത്രം ദേവീക്ഷേത്രമാക്കി പുതുക്കി പണിതത് വേലുത്തമ്പിയായിരുന്നു. വേലുത്തമ്പിയുടെ കാലശേഷം ബാലരാമവർമ്മയാണ് ഹജൂർ കച്ചേരി തിരുവനന്തപുരത്തേയ്ക്ക് മാറ്റിയത്.

1516 ൽ പോർട്ടുഗീസുകാരനായ ലോപ്പോസോവരെസുമായി

ദേശിംഗനാട് ഉടമ്പടി ഉണ്ടാക്കിയതും പുതുക്കുളങ്ങര കൊട്ടാരത്തിൽ വച്ചായിരുന്നു. അതോടെയാണ് പോർട്ടുഗീസുകാർ ഇവിടെ താവളമടിക്കുന്നത്. 1658 ജനുവരി 7-ാം തീയതി ഡച്ചുകാരനായ അഡ്മിറൽ വാൽഗുൺസും ദേശിംഗനാട് ഭരണാധികാരിയായിരുന്ന ഉമയമ്മറാണിയും തമ്മിൽ ഉടമ്പടി ഒപ്പുവച്ചതും പുതുകുളങ്ങര കൊട്ടാരത്തിൽ വച്ചായിരുന്നു. അവരെ പറ്റി ഡച്ചുഗവർണരായിരുന്ന വാന്റീസ് ഇങ്ങനെ രേഖപ്പെടുത്തി. “ഇവർ പൗരുഷശാലിയാണ്. ഭാവവും പ്രകൃതവും ആരെയും ആകർഷിക്കും. ശത്രുക്കൾക്ക് ഭയകാരണിയും സകലർക്കും സമാദരണീയയുമാണ്. ഇവർ ഒരു *ആമസോൺ വനിത* തന്നെ”.

പുതുകുളങ്ങര കൊട്ടാരത്തിൽ നിന്നും അരകിലോമീറ്റർ മാത്രം അകലെയാണ് തങ്കശ്ശേരി. ഒരു കാലത്ത് തങ്കശ്ശേരിയെന്നു കേൾക്കുമ്പോൾ എനിക്ക് ഹരമായിരുന്നു. സൈക്കിൾ ചവിട്ടാൻ പഠിച്ചപ്പോൾ ആദ്യം പോയ സ്ഥലം തങ്കശ്ശേരിയായിരുന്നു. ബിരുദ പഠനകാലത്ത് ആഗ്ലോ ഇന്ത്യൻ സുഹൃത്തുക്കളുമായുണ്ടായിരുന്ന ബന്ധം എന്നെ തങ്കശ്ശേരിയുമായി അടുപ്പിച്ചു. സൂര്യാസ്തമയവും ചന്ദ്രോദയവും ഒരേ സമയം ദൃശ്യമാകുന്ന മനോഹരതീരമാണ് തങ്കശ്ശേരി. കൊല്ലത്തു വന്ന വിദേശസഞ്ചാരികൾ കപ്പലിറങ്ങിയത് തങ്കശ്ശേരിയിലായിരുന്നു. ഇമ്പൻബത്തുത്ത, സുലൈമാൻ തുടങ്ങിയ വിദേശികളുടെ യാത്രാ വിവരണങ്ങളിൽ തങ്കശ്ശേരി പരാമർശിക്കപ്പെടുന്നുണ്ട്. ആരെയും കവിയാക്കുന്ന അപൂർവ്വ ദൃശ്യപ്രകൃതിയുടെ കലവറയാണ് തങ്കശ്ശേരി.

1517ൽ പോർട്ടുഗീസ് ക്യാപ്റ്റനായിരുന്ന റൊഡ്രിഗ്സ് തങ്കശ്ശേരികോട്ട പണിതു. ഇതിനെ ഫോർട്ട് തോമസ് അഥവാ സാൻതോം കോട്ട എന്നാണ് അറിയപ്പെടുന്നത്. പോർട്ടുഗീസുകാർ ആയുധ നിർമ്മാണ കേന്ദ്രം, നാവികകേന്ദ്രം, കപ്പൽ നിർമ്മാണ കേന്ദ്രം, നാണയകമ്മട്ടം, അച്ചടിശാല എന്നിവ തങ്കശ്ശേരിയിൽ സ്ഥാപിച്ചു. പോർട്ടുഗീസുകാരുടെ ചെറിയ ഒരു പ്ലാൻഡ് ടൗൺഷിപ്പാണ് തങ്കശ്ശേരി. തലങ്ങും വിലങ്ങും നൂലുപിടിച്ചതുപോലെ നീണ്ടുനിവർന്നു കിടക്കുന്ന റോഡുകൾ, അവയ്ക്കിരുവശവും പാശ്ചാത്യ-പൗരസ്ത്യ വാസ്തു വിദ്യയുടെ സങ്കലനങ്ങളായ ബംഗ്ലാവുകൾ എന്നിവ അവിടുത്തെ സവിശേഷതയാണ്. കൊല്ലം ബിഷപ്പിന്റെ അരമന

പോർട്ടുഗീസ് ഗവർണ്ണർക്കു വേണ്ടി പണിത ബംഗ്ലാവാണ്. പോർട്ടുഗീസുകാരുടെ ആധിപത്യം 69 വർഷം നീണ്ടു നിന്നു.

കച്ചവടത്തിനു വന്ന പോർട്ടുഗീസുകാർ തങ്കശ്ശേരിയിൽ താവളമടിച്ചുകൊണ്ട് നാട്ടുകാർക്ക് ചെയ്യാവുന്ന ദ്രോഹങ്ങളെല്ലാം ചെയ്തു. അവരുടെ മതപരമായ നയം ഉദാരമോ സംസ്ക്കാരാധിഷ്ഠതമോ ആയിരുന്നില്ല. അവർ അങ്ങേയറ്റത്തെ മതഭ്രാന്തന്മാരും അന്യമതാനുയായികളോടുള്ള പെരുമാറ്റത്തിൽ സങ്കുചിതമനസ്ക്കരുമായിരുന്നു. പോർട്ടുഗീസുപൗരന്മാരുടേയോ നാട്ടുകാരിൽ നിന്നും മതം മാറിയവരുടേയോ മാത്രം സങ്കേതമായി തങ്കശ്ശേരികോട്ട. മറ്റു മതക്കാരോടു ക്രൂരമായിട്ടാണ് അവർ പെരുമാറിയിരുന്നത്. നിരവധി ഹിന്ദുക്ഷേത്രങ്ങൾ അവരുടെ സൈന്യം പൊളിച്ചു. അതിന് ഉദാഹരണമാണ് കപാലീശ്വരം ക്ഷേത്രവും തേവലക്കരക്ഷേത്രവും. പോർട്ടുഗീസുകാർക്ക് നാട്ടുകാരുടെ പിന്തുണയും വിശ്വാസവും ഒരു കാലത്തും നേടിയെടുക്കാൻ കഴിഞ്ഞില്ല. പോർട്ടുഗീസ് ഉദ്യോഗസ്ഥന്മാരുടേയും നാട്ടുകാരായ സ്ത്രീകളുടേയും മിശ്രവിവാഹത്തിന്റെ ഫലമായി ഉണ്ടായവരാണ് തങ്കശ്ശേരിയിലെ സങ്കരയിനത്തിൽ ഭൂരിഭാഗവും. ഇന്ന് സങ്കരയിനത്തിൽപ്പെട്ട ആഗ്ലോഇന്ത്യക്കാർ മിക്കവരും അന്യദേശങ്ങളിലേക്ക് കുടിയേറിയിരിക്കുകയാണ്.

1658 ൽ ഡച്ചുകാർ പോർട്ടുഗീസുകാരെ പരാജയപ്പെടുത്തി തങ്കശ്ശേരികോട്ട പിടിച്ചെടുത്തു. ഡച്ചുകാരും പോർട്ടുഗീസുകാരും തമ്മിൽ നടന്ന യുദ്ധത്തിൽ നൂറുകണക്കിന് നാട്ടുകാർക്ക് ജീവഹാനി സംഭവിച്ചു. ഡച്ചുസൈന്യം പനങ്ങാവിൽ കൊട്ടാരം ആക്രമിക്കുകയും അതിന്റെ സമീപത്തുള്ള രാമേശ്വരം ക്ഷേത്രത്തിന് തീവെയ്ക്കുകയും ചെയ്തു. തദ്ദേശീയരായ പടയാളികൾ പലസ്ഥലത്തും ഡച്ചുകാരുമായി ഏറ്റുമുട്ടി. 1662ൽ കൊല്ലം റാണി ഡച്ചുകാരുമായി വീണ്ടുമൊരു ഉടമ്പടിയിൽ ഒപ്പിട്ടു. ഡച്ചുകാർ പ്രായശ്ചിത്തമായി ഒരു ഡച്ചുപീരങ്കിയും 1500 പണവും നൽകണമെന്നു വ്യവസ്ഥ ചെയ്തു. ഒരു ഡച്ചുകാരനോ നാട്ടുകാരനോ കൊല്ലപ്പെട്ടാൽ കുറ്റവാളിക്ക് മരണശിക്ഷ നൽകുന്നതിനും തർക്കങ്ങൾ തദ്ദേശീയമായ നിയമപ്രകാരം വിചാരണ ചെയ്യുന്നതിനും ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തു. ഡച്ചുകാർ പലപ്പോഴും ഉടമ്പടി ലംഘിച്ചതിന്റെ ഫലമായി റാണി അവരുമായി പലപ്പോവും പിണങ്ങിയിരുന്നു. പോർട്ടുഗീ

സുകാർ പോയതിനു ശേഷം 150 വർഷം തങ്കശ്ശേരി ഡച്ചുകാരുടെ അധീശത്വത്തിലായിരുന്നു. തങ്കശ്ശേരിയിൽ ഏറ്റവും ഒടുവിൽ വന്ന വിദേശശക്തി ബ്രിട്ടീഷുകാരായിരുന്നു. അവർ ഡച്ചുകാരെ തോല്പിച്ചു. 1795 ഒക്ടോബർ 17 ന് കൊച്ചി ഉടമ്പടി പ്രകാരം തങ്കശ്ശേരി ഔദ്യോഗികമായി ബ്രിട്ടീഷ് അധികാരത്തിലായി. 1841 ലെ പാരീസ് ഉടമ്പടിയനുസരിച്ച് തങ്കശ്ശേരി ബ്രിട്ടീഷ് മേൽക്കോയ്മയുടെ കീഴിലായി. 1857 ൽ ബ്രിട്ടീഷുകാർ തങ്കശ്ശേരിയുടെ ഭരണം നേരിട്ട് ഏറ്റെടുത്തു. 1895 മുതൽ 1948 വരെ ഇംഗ്ലീഷുകാർ തങ്കശ്ശേരിയുടെ യജമാനന്മാരായി. ഡച്ചുകാരുടെ സെമിത്തേരി തങ്കശ്ശേരി കോട്ടയ്ക്ക് സമീപം കാണാം. ഡച്ചുകാർ അവരുടെ മരിച്ചുപോയ പടയാളികളെ അടക്കുവാൻ സ്ഥാപിച്ചതായിരുന്നു ഇത്. കല്ലിലും കുമ്മായത്തിലുമാണ് കല്ലറകൾ തീർത്തിരിക്കുന്നത്. നാല്പതുവർഷം മുൻപുവരെ മനോഹരമായ കല്ലറകൾ ഉണ്ടായിരുന്നു. ഇന്ന് ഇതെല്ലാം പൊളിച്ചുമാറ്റി സെമിത്തേരിയുടെ സ്ഥലം കയ്യേറിയിരിക്കുകയാണ്.

# അദ്ധ്യാപനം

ബിരുദാനന്തരപഠനം നടത്താൻ സാമ്പത്തികശേഷി അനുവദിക്കാതിരുന്നതുകൊണ്ട് പഠനം മുടങ്ങി. മൂന്ന് നാലു മാസം കൊല്ലത്തെ ഒരു ട്യൂട്ടോറിയലിൽ ഫിസിക്സും കണക്കും പഠിപ്പിച്ചു. ട്യൂട്ടോറിയൽ അദ്ധ്യാപകനായി തുടരുമ്പോൾ ചങ്ങനാശ്ശേരി എൻ.എസ്. എസ്. കോളേജിൽ ഫിസിക്സ് ഡെമോൺസ്ട്രേറ്ററായി ഒരു താല്കാലിക നിയമനം ലഭിച്ചു. വിദ്യാർത്ഥികൾക്ക് ലാബോറട്ടറികളിൽ പരീക്ഷണങ്ങൾ എങ്ങനെ ചെയ്യണമെന്ന് കാണിച്ച് കൊടുക്കലാണ് ഡെമോൺസ്ട്രേറ്ററുടെ ജോലി. ഇന്ന് ആ തസ്തിക കോളേജുകളില്ല. അന്ന് ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളേജിലെ ഫിസിക്സ് ഡിപ്പാർട്ടമെന്റ് തലവൻ പ്രൊഫസർ ടി.ബി.കെ. മേനോനായിരുന്നു. കേരളത്തിലെ അറിയപ്പെടുന്ന ഫിസിക്സ് പ്രൊഫസറൻമാരിൽ ഒരാളായിരുന്നു അദ്ദേഹം. പാന്റസും കോട്ടും, ടൈയും കെട്ടിയായിരുന്നു കോളേജിൽ വന്നിരുന്നത് . അദ്ദേഹം പിന്നീട് കേരള യൂണിവേഴ്സിറ്റിയുടെ *കൺട്രോളർ ഓഫ് എക്സാമിനേഷൻ* ആയി. അദ്ദേഹത്തിന്റെ വിനയപൂർവ്വമുള്ള പെരുമാറ്റവും പാണ്ഡിത്യവും വിസ്മരിക്കാവുന്നതല്ല. അദ്ധ്യാപകരുടെ കുറവ് ഉണ്ടാകുമ്പോൾ ഫിസിക്സ് പഠിപ്പിക്കാൻ എന്നെ അദ്ദേഹം പ്രീഡിഗ്രി ക്ലാസ്സുകളിൽ വിടുമായിരുന്നു.

1914 ഒക്ടോബർ 31 ാം തീയതി മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ സ്ഥാപിച്ചതാണ് നായർ സർവ്വീസ് സൊസൈറ്റി (എൻ.എസ്. എസ്). ഗോപാലകൃഷ്ണഗോഖലയുടെ *സെർവ്വന്റ് ഓഫ് ഇൻഡ്യാ സൊസൈറ്റി*യുടെ മാതൃകയിലാണ് അത് സംഘടിപ്പിച്ചത്. കേരളീയസമൂഹത്തെ പൊതുവായും നായർ സമുദായത്തെ പ്രത്യേ

കിച്ചും സേവിക്കുക എന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. ജാതിവ്യത്യാസം ഇല്ലാതാക്കുക, നായന്മാർക്കിടയിലുണ്ടായിരുന്ന ജീർണ്ണാചാരങ്ങൾ അവസാനിപ്പിക്കുക, കൂട്ടുകുടുംബസമ്പ്രദായത്തിലെ ദോഷങ്ങളിൽ നിന്നും സമുദായത്തെ മോചിപ്പിക്കുക മുതലായ അനേകം സാമൂഹ്യപരിഷ്ക്കാരങ്ങൾക്ക് സൊസൈറ്റി ഫലപ്രദമായ നേതൃത്വം നല്കി. അയിത്തോച്ചാടനം സമുദായസൗഹാർദ്ദസ്ഥാപനം തുടങ്ങിയ ഒട്ടേറെ മണ്ഡലങ്ങളിൽ സൊസൈറ്റി ശക്തമായ പ്രവർത്തനം നടത്തിയിട്ടുണ്ട്.

1947 എൻ.എസ്.എസ്. സ്ഥാപിച്ച ആദ്യത്തെ കോളേജാണ് ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദുകോളേജ്. ചങ്ങനാശ്ശേരിയിൽ മെയിൻ സെൻട്രൽ റോഡിന്റെ ഓരത്ത് തല ഉയർത്തി നിൽക്കുന്ന സരസ്വതിക്ഷേത്രമാണിത്. ആദ്യം എന്റെ താമസം കോളേജിന്റെ നേരെ പടിഞ്ഞാറുള്ള മലയാളി പ്രസിനോട് ചേർന്നുള്ള കെട്ടിടത്തിലായിരുന്നു. അവിടെ നിന്നും നോക്കിയാൽ കോളേജിന്റെ മുകളിലെ ഗോപുരത്തിൽ സ്ഥാപിച്ചിട്ടുള്ള ക്ലോക്ക് കാണാമായിരുന്നു. കെട്ടിടം റോഡരികിലായതുകൊണ്ട് വാഹനങ്ങളിൽനിന്നുള്ള പുകയുടേയും ശബ്ദത്തിന്റേയും ശല്യം സഹിക്കാൻ കഴിയുമായിരുന്നില്ല. ഇതുമൂലം രാത്രിയിൽ ഉറങ്ങാൻ കഴിഞ്ഞില്ല.

മേനോൻ സാറിന്റെ ശുപാർശയിൽ എനിക്ക് എൻ.എസ്.എസ്. ഹോസ്റ്റലിൽ താമസസൗകര്യം ലഭിച്ചു. ഹോസ്റ്റൽ സ്ഥിതി ചെയ്തിരുന്നത് മന്നത്തുപത്മനാഭന്റെ വസതിക്ക് പടിഞ്ഞാറും ബി.എഡ് കോളേജിന്റെ തെക്കുമായിരുന്നു. ഹോസ്റ്റൽ വാർഡൻ മലയാളം പ്രൊഫസറായിരുന്ന മൂസ്സത് സാറായിരുന്നു. അദ്ദേഹം ഒരു രസികനായിരുന്നു. ഹോസ്റ്റലിലെ മുഴുവൻ അന്തേവാസികളേയും നിയന്ത്രിച്ചിരുന്നത് അദ്ദേഹമായിരുന്നു. കഥകളിഭ്രാന്തനായിരുന്ന അദ്ദേഹത്തിൽ നിന്നും നാട്യകലകളെ കുറിച്ച് ഒരുപാടുകാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. ഹോസ്റ്റലിലെ ആഹാരം ഡിവൈഡിംഗ് സിസ്റ്റത്തിലായിരുന്നു.

മന്നത്തുപത്മനാഭനെയും അദ്ദേഹത്തിന്റെ സഹധർമ്മിണി തോട്ടയ്ക്കാട് മാധവിയമ്മയേയും അടുത്ത് കാണുന്നത് ഹോസ്റ്റലിലെ താമസത്തിനിടയിലായിരുന്നു. നവോത്ഥാന നായകരിൽ ഒരാളായി

രുന്ന അദ്ദേഹത്തെ വളരെ ആദരവോടെയാണ് ഞാൻ കണ്ടിരുന്നത്. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് ത്യാഗോജ്ജ്വലമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ച വെച്ചത്. ഹിന്ദുമതത്തിൽപ്പെട്ട എല്ലാ സമുദായങ്ങളേയും ഐക്യപ്പെടുത്തുന്നതിനും ഐക്യത്തിന്റെ പ്രസക്തി ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും അദ്ദേഹം സവർണ്ണജാഥ നയിച്ചു. അദ്ദേഹവും ആർ ശങ്കറും ചേർന്നാണ് ഹിന്ദു മഹാമണ്ഡലം രൂപീകരിച്ചിട്ടുള്ളത്.

ഞാൻ താമസിച്ചിരുന്ന ഹോസ്റ്റലിൽ നിന്നും നൂറ് മീറ്റർ അകലെയായിരുന്നു. എൻ.എസ്.എസ്. ഹെഡ്കോട്ടേഴ്സ്. പ്രഗൽഭനായ കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയായിരുന്നു അന്ന് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി. എന്റെ ആത്മമിത്രമായ അഷ്ടമുടി ഗോപിനാഥൻ നായരെ അവിടെ വച്ചാണ് പരിചയപ്പെടുന്നത്. അദ്ദേഹം അന്ന് അവിടെ ക്ലർക്കായിരുന്നു.

പുനലൂർ എസ്.എൻ കോളേജിൽ ഡെമോൺസ്ട്രേറ്ററുടെ ഒഴിവുണ്ടെന്നറിഞ്ഞ് അപേക്ഷ നല്കി. ഉടനെ തന്നെ ഇന്റർവ്യൂവിന് എസ്.എൻ.ട്രസ്റ്റിൽ നിന്നും അറിയിപ്പു വന്നു ആർ. ശങ്കർ സാറാണ് ഇന്റർവ്യൂ നടത്തിയത്. നിയമനം ലഭിച്ച് പുനലൂർ ജൂനിയർ കോളേജിൽ ജോലിയിൽ പ്രവേശിച്ചു. 1962-64 ലെ ശങ്കർ മന്ത്രിസഭ കേരളത്തിൽ ഗ്രാമപ്രദേശങ്ങളിൽ നിരവധി ജൂനിയർ കോളേജുകൾ അനുവദിച്ചു. അതോടെ പട്ടണങ്ങളിലെ കോളേജുകളിൽ പോയി ബിരുദപഠനം നടത്താൻ നിവൃത്തിയില്ലായിരുന്ന ഗ്രാമവാസികളായ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് അവസരം ലഭിച്ചു. ഇതിൽ ഒന്നാണ് 1965 ൽ പ്രവർത്തനം ആരംഭിച്ച പുനലൂർ എസ്.എൻ കോളേജ്. പുതിയ ജൂനിയർ കോളേജുകളുടെ എണ്ണത്തിനനുസരിച്ച് മൂന്നാം ക്ലാസ്സിൽ പാസായ ബിരുദാനന്തര ബിരുദധാരികളെ പോലും അദ്ധ്യാപകരായി ലഭിക്കാതെ വന്നപ്പോൾ ബിരുദധാരികളായ ജൂനിയർ ലക്ച്ചറർമാരായും ഡെമോൺസ്ട്രേറ്റർമാരായും നിയമിച്ചു.അങ്ങനെയാണ് എനിക്ക് ഡെമോൺസ്ട്രേറ്ററായി താല്കാലിക നിയമനം ലഭിച്ചത്.

വലിയ ഒരു മൊട്ട കുന്നിന്റെ മുകളിലായിരുന്നു കോളേജിന്റെ കെട്ടിടങ്ങൾ പണിതത്. ഷെഡ്പോലെയുള്ള രണ്ട് ഓടിട്ട ഒറ്റനില

കെട്ടിടമാണ് അന്ന് ഉണ്ടായിരുന്നത്. അന്ന് ഇന്നത്തപ്പോലെ പടികളോ നല്ല റോഡുകളോ ഇല്ലായിരുന്നു. മലകയറുന്നതുപോലെ വേണമായിരുന്നു കുന്നുകയറാൻ. മഴക്കാലത്ത് വഴിമുഴുവൻ ചെളിയായിരുന്നു. ഞാൻ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ബുൾഡോസർ ഉപയോഗിച്ച് കുന്നിടിച്ചുനിരത്തി കോളേജ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താനും റോഡുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താനും, റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അന്ന് ജെ.സി.ബി. കണ്ടുപിടിച്ചിരുന്നില്ല. ബുൾഡോസർ ജെ.സി.ബിയുടെ മുൻഗാമിയാണ്. കോളേജ് കെട്ടിടത്തിൽ നിന്നും നോക്കിയാൽ കുന്നിൻ ചരുവിൽ പുൽക്കാടുകൾ കാണാമായിരുന്നു. കാമ്പസിനകത്ത് കാന്റീനോ കടകളോ ഉണ്ടായിരുന്നില്ല. അദ്ധ്യാപകരെല്ലാം നടന്നാണ് വന്നിരുന്നത്. ആർക്കും വാഹനം ഉണ്ടായിരുന്നില്ല. ഒരു ടു വീലർപോലും!

പ്രശസ്ത അദ്ധ്യാപകനും വിദ്യാഭ്യാസവിചക്ഷണനുമായിരുന്ന പ്രൊഫസർ വിജയരാഘവനായിരുന്നു പ്രിൻസിപ്പാൾ. പുനലൂർ കോളേജിന്റെ സ്ഥാപനത്തിനും വികസനത്തിനും അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമായിരുന്നു. അദ്ദേഹം ഒരു ഡിസിപ്ലിനേറിയനായിരുന്നു. അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും കർശനമായ നിലപാടാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. പ്രിൻസിപ്പലിനു മാത്രമെ പ്രത്യേക മുറിയുണ്ടായിരുന്നുള്ളു. മറ്റുള്ളവർക്ക് അവരവരുടെ ഡിപ്പാർട്ടമെന്റിന്റെ മൂലയിൽ എവിടെയെങ്കിലുമായിരുന്നു ഇരിപ്പിടം. കോളേജിൽ പ്രിൻസിപ്പൽ അല്ലാതെ പ്രൊഫസർമാർ ആരും ഉണ്ടായിരുന്നില്ല. അക്കാലത്ത് കോളേജ് അദ്ധ്യാപകർക്ക് സർക്കാരായിരുന്നില്ല ശമ്പളം കൊടുത്തിരുന്നത്. മാനേജ്മെന്റുകൾക്ക് കിട്ടുന്ന ഗ്രാന്റിൽ നിന്നായിരുന്നു ശമ്പളം. അദ്ധ്യാപകരുടെ ശമ്പളം വളരെ മോശമായിരുന്നു. ഇന്ന് കോളേജ് അദ്ധ്യാപകർക്ക് കിട്ടുന്ന ശമ്പളം അന്നവർ സ്വപ്നത്തിൽ പോലും കണ്ടിരുന്നില്ല. പുനലൂരിലെ അദ്ധ്യാപനകാലം ഫിസിക്സിലെ സിദ്ധാന്തങ്ങൾ വ്യക്തതയോടെ മനസ്സിലാക്കുന്നതിന് സഹായിച്ചു.

കോളേജ് അദ്ധ്യാപകർ താമസിച്ചിരുന്നത് തോമസ് വൈദ്യന്റെ *ജയഭാരതം* ലോഡ്ജിലായിരുന്നു. ലോഡ്ജ് ടൗണിന്റെ നടുക്കാ

യിരുന്നു. അക്കാലത്ത് പുറത്തുനിന്നിരുന്നവർക്ക് താമസിക്കുവാൻ സൗകര്യം ജയഭാരതം ലോഡ്ജിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. അദ്ധ്യാപികമാർ താമസിച്ചിരുന്നത് അവരുടെ ബന്ധുക്കളുടേയോ പരിചയക്കാരുടേയോ വീടുകളിലായിരുന്നു. പുനലൂർ പഞ്ചായത്താ യിരുന്നു. ഇന്നത്തെ പോലെ ടൗൺ വികസിച്ചിരുന്നില്ല. പുനലൂരിന്റെ ജീവനാഡി കല്ലടയാറാണ്. അതിന്റെ ഓരത്താണ് പുനലൂരിന്റെ നാഗ രികത വളർന്നത്. പുനലൂരിലെ താമസകാലത്ത് എന്നെ ആകർഷി ച്ചത് കല്ലടയാറും തൂക്കുപാലവും വട്ടപ്പാറയുമാണ്. കല്ലടയാറിന്റെ കുറുകെയുള്ള തൂക്കുപ്പാലം 1877 ബ്രിട്ടീഷ് എഞ്ചിനീയറായിരുന്ന ആൽബർട്ട് ഹെന്ററി നിർമ്മിച്ചതാണ്. രണ്ട് സ്പാനിലാണ് പാലത്തെ തൂക്കി നിർത്തിയിരിക്കുന്നത്. വട്ടപ്പാറ കാഴ്ചയിൽ മനോഹരമാ ണ്. കല്ലടയാറിന്റെ കുളി സുഖദായകവും ഉന്മേഷദായകവുമാണ്.

പുനലൂരിലെ താമസകാലത്ത് മറക്കാൻ കഴിയാത്ത മറ്റൊരുനു ഭവമാണ് പാലരുവിയിലെ കുളി. സഹ്യാദ്രിസാനുക്കളെ തഴുകി ഒഴുകുന്ന പാലരുവി വെള്ളച്ചാട്ടം ഒരു അപൂർവ്വദൃശ്യമാണ്. പശ്ചി മഘട്ടത്തിലെ രാജാക്കുപ്പ്, കുഴിനാല്പത്തിയേഴ്, മണത്തേരി, വി ളക്കുമരം എന്നീ നിബിഡവനമേഖലയിൽ നിന്നും ഉത്ഭവിക്കുന്ന നിരവധി കാട്ടുചോലകൾ പലവഴികളിലൂടെ സംഗമിച്ച് വൻപാറ ക്കെട്ടിനു മുകളിൽ നിന്ന് 250 അടി താഴേയ്ക്ക് പതിക്കുന്ന ഔ ഷധമൂല്യമുള്ള അപൂർവ്വ സസ്യജാലങ്ങളെ തൊട്ടുതലോടി ഒഴു കിയെത്തുന്ന പാലരുവിയിലെ ജലം കുളിർമ്മയും സുഗന്ധവും നൽകുന്നു. പാറകളിൽ തട്ടി പതഞ്ഞൊഴുകുന്ന ജലധാരയ്ക്കു പാലിന്റെ വെൺമയുള്ളതിനാലാണ് പാലരുവി എന്ന് പേര് വന്ന ത്.പ്രകൃതിയുടെ വന്യശോഭക്കും വന്യമൃഗങ്ങളുടെ സാന്നിദ്ധ്യവും സഞ്ചാരികൾക്ക് വിസ്മയകാഴ്ച നൽകുന്നു.

അടുത്ത വർഷം നെന്മാറ എൻ.എസ്.എസ്. കോളേജിൽ ഒരു താല്കാലിക നിയമനം കിട്ടി. പശ്ചിമഘട്ടമലനിരയിലെ നെല്ലി യാംപതികുന്നുകളുടെ പശ്ചാത്തലത്തിലാണ് നെന്മാറ കോളേജ്. ആചാര്യൻ മന്നത്ത് പത്മനാഭനായിരുന്നു 1966 ഫെബ്രുവരി 28 ന് കോളേജ് ഉദ്ഘാടനം ചെയ്തത്. ആ വർഷം ജൂണിലായിരുന്നു ഞാൻ അവിടെ അദ്ധ്യാപനം തുടങ്ങിയത്. പ്രീഡിഗ്രി ഒന്നാം വർ ഷം മാത്രമായിരുന്നു അവിടെ ഉണ്ടായിരുന്നത്. പ്രശസ്ത എഴുത്തു

കാരനും ശാസ്ത്രഅദ്ധ്യാപകനുമായ സി.കെ. മൂസ്സത് ആയിരുന്നു പ്രിൻസിപ്പൽ. വള്ളത്തോൾ കൃതികളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനം പ്രശസ്തമാണ്. കേരള ഭാഷാ ഇൻസ്റ്റിട്ട്യൂട്ട് തുടങ്ങിയപ്പോൾ എൻ.വി.കൃഷ്ണവാര്യരോടൊപ്പം അദ്ദേഹം അവിടെ ചേർന്നു ഭാഷാസാഹിത്യത്തിനും ശാസ്ത്രസാഹിത്യത്തിനും വലിയ സംഭാവനകൾ നല്കി.

ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ ഞാൻ മാത്രമാണ് ഉണ്ടായിരുന്നത്. ക്ലാസ്സെടുക്കുന്നതിന്റെയും ലബോറട്ടറിയുടേയും ചുമതലയും എനിക്കായിരുന്നു. കുട്ടികൾ മുഴുവൻ നെന്മാറ ഗ്രാമാന്തരീക്ഷത്തിൽ നിന്നും വന്നവരായിരുന്നു. പാലക്കാട്ടോ മറ്റു സ്ഥലങ്ങളിലോ പോയി പഠിക്കാൻ ശേഷിയില്ലാത്തവരായിരുന്നു മിക്ക കുട്ടികളും.

പാലക്കാട് ജില്ലയിലെ മനോഹരമായ ഒരു കൊച്ചു ടൗണാണ് നെന്മാറ. എവിടെ തിരിഞ്ഞുനോക്കിയാലും പച്ചപ്പട്ടുവിരിച്ചതുപോലുള്ള പാടങ്ങളും കരിമ്പനകളുമായിരുന്നു. ഗ്രാമഭംഗി കൂടുന്നതായിരുന്നു അവിടുത്തെ കനാലുകൾ. ഗ്രാമീണരുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. ശാന്തരും സമാധാനപ്രേമികളുമായിരുന്നു അവർ. ഞാൻ താമസിച്ചിരുന്നത് നെന്മാറ ജംഗ്ഷനിലായിരുന്നു. വലിയ ഹോട്ടലുകളൊന്നും അവിടെ ഇല്ലായിരുന്നു. ചെറിയ ഹോട്ടലുകളിൽ നിന്ന് നല്ല ഭക്ഷണം ലഭിക്കുമായിരുന്നു. ഞാൻ ഭക്ഷണം കഴിച്ചിരുന്നത് സഖാവ് ഗോവിന്ദന്റെ ഹോട്ടലിൽ നിന്നായിരുന്നു. ഗോവിന്ദൻ ചായ ഒഴിക്കുമ്പോഴും ആഹാരസാധനങ്ങൾ വിളമ്പുമ്പോഴും രാഷ്ട്രീയം പറഞ്ഞുകൊണ്ടിരിക്കും. എ.കെ.ജിയും, ഇ.എം.എസും ദൈവങ്ങളെപോലെയായിരുന്നു അയാൾക്ക്. അവരെകുറിച്ച് എന്തെങ്കിലും ദുഷിച്ച് പറഞ്ഞാൽ അയാൾ പ്രകോപതിനാകുമായിരുന്നു. എന്നോട് അയാൾക്ക് വലിയ സ്നേഹമായിരുന്നു.

തിരുവിതാംകൂറിലെ ഗ്രാമങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു പാലക്കാട് ജില്ലയിലെ ഗ്രാമങ്ങൾ. തമിഴ് സംസ്ക്കാരത്തിന്റെ ശക്തമായ സ്വാധീനമുള്ള സ്ഥലമാണ് പാലക്കാട്. തിരുവിതാംകൂറിൽ എല്ലാ ജാതിമതവിഭാഗങ്ങളും സമ്മിശ്രമായിട്ടാണ് താമസിച്ചിരുന്നത്. നെന്മാറയിലെ ഓരോ ജാതിക്കാർക്കും പ്രത്യേകം പ്രത്യേകം തറകളുണ്ടായിരുന്നു. ബ്രാഹ്മണർ താമസിച്ചിരുന്ന ഇടങ്ങളിൽ മറ്റു

ജാതിക്കാർ ഇല്ലായിരുന്നു. പട്ടികജാതിയിൽപ്പെട്ട ഓരോ ജാതിക്കാർക്കും പ്രത്യേകം തറകളുണ്ടായിരുന്നു. നെന്മാറയിലെ ബ്രാഹ്മണർ തമിഴ് വംശജരായിരുന്നു. അവർ താമസിച്ചിരുന്ന സ്ഥലത്തിന് *അഗ്രഹാരം* എന്നാണ് വിളിച്ചിരുന്നത്. ഒരു അഗ്രഹാരത്തിൽ തൊട്ട് തൊട്ട് നിരവധി വീടുകൾ ഉണ്ടായിരിക്കും. മിക്ക ബ്രാഹ്മണകുടുംബങ്ങളുടെയും വീടിന് മുന്നിലുള്ള നെയിം ബോർഡിൽ "ലാൻഡ് ലോഡ്" എന്നാണ് എഴുതി വെച്ചിരുന്നത്. ഭൂപരിഷ്കരണത്തിന്റെ ഫലമായി ഭൂമി നഷ്ടപ്പെട്ടവരാണ് ഇന്ന് അവർ.

നെന്മാറയിലെ താമസക്കാലത്ത് മറക്കാൻ കഴിയാത്ത അനുഭവമാണ് നെന്മാറ-വല്ലങ്ങിവേല. നെന്മാറ വില്ലേജും വല്ലങ്ങി വില്ലേജും ഒരുമിച്ചു ചേർന്നു നടത്തുന്ന നെല്ലിക്കുളങ്ങര ഭഗവതി ക്ഷേത്രത്തിലെ ഉത്സവമാണ് നെന്മാറ-വല്ലങ്ങിവേല. ഇത് എല്ലാ വർഷവും ഏപ്രിൽ 3 മുതൽ 16 വരെയാണ്. ഓരോ വില്ലേജുകാരും മത്സരിച്ചാണ് കലാപരിപാടികൾ നടത്തുന്നത്. കുമ്മാട്ടികളി, കരിവേല, ആനയെഴുന്നുള്ളത്ത്, വെടിക്കെട്ട് എന്നിവ പരിപാടികൾ. ഇതിൽ ഏറ്റവും പ്രധാനം വെടിക്കെട്ടാണ്. ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ വെടിക്കെട്ടായിരുന്നു ഇത്.

നെന്മാറയിൽ ഞാൻ സന്ദർശിച്ച ഏറ്റവും മനോഹരമായ പ്രദേശമാണ് നെല്ലിയാംപതി. അവിടുത്തെ പ്രകൃതിയുടെ മാസ്മരികത ആരെയും മയക്കുന്നതായിരുന്നു. നെന്മാറയിൽ നിന്നും 25 കിലോമീറ്റർ ദൂരെയാണിത്. 467 മീറ്റർ മുതൽ 572 മീറ്റർ വരെ ഉയരമുള്ളവയാണ് നെല്ലിയാംപതി കുന്നുകൾ. നെന്മാറയിൽ നിന്നും അവിടേയ്ക്ക് പോകുന്ന വഴിയോരങ്ങളിൽ ഏലവും, കാപ്പിയും, തേയിലയും, ഓറഞ്ചും കൃഷി ചെയ്തിട്ടുണ്ടായിരുന്നു. പോകുന്ന വഴിക്കാണ് പോത്തുണ്ടി ഡാം. 38 ഏക്കർ വിസ്തൃതിയുള്ളതാണ് ഈ ഡാം. അതിന്റെ നിർമ്മിതി സവിശേഷമാണ്. ഡാമിനടുത്താണ് നെല്ലിയാംപതി വെള്ളച്ചാട്ടം. ഡാമിന്റെ പശ്ചാത്തലം പ്രകൃതി രമണീയമാണ്.

മഹാമാന്ത്രികനായിരുന്ന പ്രൊഫസർ വാഴകുന്നം നീലകണ്ഠൻ നമ്പൂതിരിപ്പാടിനെ കണ്ടുമുട്ടുന്നതും പരിചയപ്പെടുന്നതും നെന്മാറയിൽ വെച്ചായിരുന്നു. കോളേജ് ഡേയ്ക്കും വാഴക്കുന്നത്തിന്റെ മാജിക് പരിപാടിയുണ്ടായിരുന്നു. അദ്ദേഹം നിരവധി ജാലവിദ്യകൾ

പ്രദർശിപ്പിച്ചു. ശൂന്യതയിൽ നിന്നും അദ്ദേഹം പലതും സൃഷ്ടിച്ചു. ചീട്ടുകൊണ്ട് പല വിദ്യകളും കാട്ടി. പരിപാടി കഴിഞ്ഞ് അദ്ദേഹം ഞാൻ താമസിച്ചിരുന്ന ലോഡ്ജിലായിരുന്നു തങ്ങിയിരുന്നത്. വയസ്സായ ആ മനുഷ്യന്റെ പ്രകടനങ്ങൾ എന്നിൽ അത്ഭുതാദരവുകൾ ഉണർത്തി. അല്പം മാജിക്കും ഹിപ്പ്നോട്ടിസവും പഠിക്കണമെന്ന് തോന്നി. അത് പഠിക്കാൻ തുടങ്ങിയപ്പോൾ അത് എനിക്ക് പറ്റിയ പണിയല്ലെന്ന് ബോധ്യപ്പെട്ടു.

ലോകജാലവിദ്യാരംഗത്തെ മാന്ത്രികരെ പോലും വെല്ലുന്ന ക്ലാസ്സിക്കൽ മാജിക്കുകളുടെ ഉടമയായിരുന്നു വാഴക്കുന്നം. കേരളത്തിൽ മാജിക്കിന് കലാരൂപം നല്കിയ മഹാനാണ് അദ്ദേഹം. ഭാരതീയ സംസ്കാരത്തിന്റെ ഏറ്റവും പഴക്കം ചെന്ന ചെപ്പടിവിദ്യയിൽ അഗ്രഗണ്യനായിരുന്നു വാഴക്കുന്നം. കയ്യടക്കത്തിൽ ഉള്ളം കയ്യുടെ ആഴം കണ്ട മഹാനാണ്. മാജിക്കിനെ ഒരു തപസ്യയായിട്ടായിരുന്നു അദ്ദേഹം കരുതിയിരുന്നത്. അതിരുകളില്ലാത്ത കലയാണ് മാജിക്. അതിന് ഭാഷയോ പ്രായമോ ഇല്ല. പണ്ഡിതനും പാമരനും മാജിക്കിന്റെ ഹരം ഉൾക്കൊള്ളുന്നുണ്ട്. ഭാരതീയ ആചാര്യന്മാർ മാജിക്കിനെ 64 കലകളിൽ ഒന്നായി എഴുതി ചേർത്തിട്ടുണ്ട്. വേദങ്ങളിലും ഉപനിഷ്ത്തുകളിലും ഇന്ദ്രജാലങ്ങളുടെ വിസ്മയിപ്പിക്കുന്ന കഥകൾ സമൃദ്ധമായുണ്ട്. നമ്മുടെ പുരാണങ്ങളിൽ അത്ഭുതങ്ങൾ ഏറെ കാണിച്ചിട്ടുള്ളത് ഇന്ദ്രനാണ്. ഇന്ദ്രന്റെ അത്ഭുതങ്ങൾ തലമുറകളുടെ ഭാവനയെ കോരിത്തരിപ്പിക്കുന്നു. ഇന്ദ്രന്റെ ജാലം എന്ന അർത്ഥത്തിലാണ് ഇന്ദ്രജാലം എന്ന പേരു വന്നത്.

വർഷാവസാന പരീക്ഷ കഴിഞ്ഞു. കോളേജ് വേനൽ അവധിക്ക് അടച്ചു എന്റെ താല്കാലിക നിയമനം അവസാനിച്ചു. ഞാൻ കൊല്ലത്തേക്ക് മടങ്ങി.

# തരിശുനിലങ്ങൾ

തുടർ വിദ്യാഭ്യാസത്തിനുള്ള എന്റെ ആഗ്രഹം ശക്തമായി. എന്റെ അച്ഛന്റെ ഒരു സഹോദരൻ ഒറീസായിലെ റൂർക്കല സ്റ്റീൽ പ്ലാന്റിൽ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം സാംബൽപൂർ യൂണിവേഴ്സിറ്റിയിൽ എം.എസ്സി.യ്ക്ക് അഡ്മിഷൻ വാങ്ങിതരാൻ ശ്രമിക്കാമെന്നറിയിച്ചതിനെ തുടർന്ന് ഞാൻ റൂർക്കലയിലേക്ക് വണ്ടി കയറി. അക്കാലത്ത് കൊല്ലത്തു നിന്നും നേരിട്ട് ഏറണാകുളം വഴി ചെന്നൈയിലേക്ക് ട്രെയിനുകൾ ഉണ്ടായിരുന്നില്ല. കൊല്ലം ചെങ്കോട്ട വഴി ചെന്നൈയിലേക്ക് മീറ്റർഗേജ് പാതയിലൂടെയായിരുന്നു യാത്ര. ട്രെയിനിന്റെ യാത്ര അവസാനിക്കുന്നത് ചെന്നൈ എഗ്മൂർ സ്റ്റേഷനിലായിരുന്നു. എഗ്മോറിൽ നിന്നും വടക്കേ ഇന്ത്യയിലേക്ക് ട്രയിനുകൾ ഉണ്ടായിരുന്നില്ല. അവിടേയ്ക്കുള്ള ട്രെയിനുകൾ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്നായിരുന്നു.

എനിക്ക് പോകേണ്ട ഗ്രാന്റ്ട്രങ്ക് എക്സപ്രസ് അടുത്ത ദിവസമെ പുറപ്പെടുകയുള്ളുവെന്നതുകൊണ്ട് എഗ്മോറിലെ ഒരു ചെറിയ ലോഡ്ജിൽ തങ്ങി. കിട്ടിയ അവസരം എഗ്മോറും പരിസരവും കാണാൻ ഉപയോഗിച്ചു. എഗ്മോർ കുപം നദിക്കരയിലാണ്. ഇഴമ്പൂർ ആണ് ഇംഗ്ലീഷിൽ എഗ്മോറായി മാറിയത്. എഗ് മോർ ഗവൺമെന്റ് മൂസിയത്തിൽ എഗ്മോർ കുളോത്തുംഗ ചോളരാജാവിന്റെ അധീനതയിലായിരുന്നുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചുറ്റികറങ്ങുന്നതിനിടയിൽ 1896 ൽ സ്ഥാപിച്ച "കോണ്ണമാറ ലൈബ്രറി" കണ്ടു. അത് ഇന്ത്യയിലെ ഏറ്റവും വലിയ ലൈബ്രറികളിൽ ഒന്നായിരുന്നു.

അടുത്ത ദിവസം ചെന്നൈ സെൻട്രൽ സ്റ്റേഷനിൽ നിന്നും പുറപ്പെടുന്ന ചെന്നൈ ഡെൽഹി ഗ്രാന്റ് ട്രങ്ക് എക്സപ്രസ്സിൽ യാത്ര തുടർന്നു. അക്കാലത്ത് ചെന്നൈയിൽ നിന്ന് നാഗ്പൂർ വഴി ഡെൽഹിയിലേക്കുള്ള ഏക ട്രെയിനായിരുന്നു ഗ്രാന്റ് ട്രങ്ക് എക്സപ്രസ് (ജി.ടി.). ട്രെയിനിന്റെ പകുതി കംപാർട്ട്മെന്റുകൾ മിലട്ടറിയും ബാക്കി സാധാരണ യാത്രക്കാർക്കുമായിരുന്നു. എപ്പോഴും ഭയങ്കരതിരക്കായിരുന്നു. ആവി ഇൻജിനായിരുന്നു ജി.ടി.യുടേതും. കൽക്കരി കത്തിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന പുകയും കരിയും യാത്രക്കാരുടെ വസ്ത്രങ്ങൾക്കു മേൽ പതിക്കുമായിരുന്നു. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള റെയിൽവേ സ്റ്റേഷനാണ് ചെന്നൈ സെൻട്രൽ. 1853 ലാണ് ഇത് നിർമ്മിച്ചത്. പാശ്ചാത്യശില്പചാതുരിയുള്ളതാണ് സ്റ്റേഷൻ കെട്ടിടം. റൂർക്കലയിലേക്കുള്ള ട്രെയിൻ നാഗ്പൂരിൽ നിന്നായതു കൊണ്ട് ഞാൻ അവിടെ ഇറങ്ങി.

നാഗ്പൂർ റൂർക്കല ദൂരം 735 കിലോമീറ്ററാണ്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട റെയിൽവേ ജംഗ്ഷനാണ് നാഗ്പൂർ. മദ്ധ്യ ഇന്ത്യയിലെ പട്ടണമാണ് അത്. അതുകൊണ്ടുതന്നെ ഇന്ത്യയുടെ വിവിധഭാഗങ്ങളിലേക്കുള്ള നിരവധി ട്രെയിനുകൾ ഇതുവഴിയാണ് കടന്നുപോകുന്നത്. ബോംബെ-ഹൗറ എക്സപ്രസിൽ കയറി ഞാൻ റൂർക്കലയിൽ ഇറങ്ങി. റൂർക്കല സ്റ്റീൽ പ്ലാന്റ് ക്വോർട്ടേഴ്സിൽ താമസിക്കുന്ന ചിറ്റപ്പന്റെ അടുത്തേയ്ക്ക് പോയി. സാംബൽപൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള രണ്ടു മൂന്ന് കോളേജുകൾ എം.എസ്സിയ്ക്ക് അപേക്ഷ നൽകി. ഒറീസാ സംസ്ഥാനത്തിന് പുറത്തുള്ളവർക്ക് അഡ്മിഷൻ കൊടുക്കില്ലെന്ന് നിലപാടാണ് കോളേജ് അധികൃതർ സ്വീകരിച്ചത്.

ഏതാണ്ട് ഒരു മാസകാലം അഡ്മിഷൻ കിട്ടുമെന്ന പ്രതീക്ഷയോടെ കാത്തിരുന്നു. ഇതിനിടയിൽ റൂർക്കല ടൗണിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ചു. ഒറീസായുടെ വടക്കു പടിഞ്ഞാറുള്ള ഒരു പട്ടണമാണ് റൂർക്കല. അവിടുത്തെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം റൂർക്കല സ്റ്റീൽ പ്ലാന്റായിരുന്നു. 1955 ൽ പൊതുമേഖലയിൽ സ്ഥാപിച്ച ആദ്യത്തെ സ്റ്റീൽ പ്ലാന്റായ അത് പശ്ചിമ ജർമ്മനിയുടെ സഹായത്തിൽ നിർമ്മിച്ചതാണ്. ഏഷ്യയിലെ ഏറ്റവും പൊക്കം കൂടിയ ഹനുമാൻ ശില്പം സ്ഥിതി ചെയ്യുന്നത് റൂർക്കല ബസന്ത്

നഗറിലാണ്. ഈ സ്ഥലത്തെ "ഹനുമാൻ വട്ടിക" എന്നാണ് ഒറീസക്കാർ വിളിക്കുന്നത്. വട്ടിക എന്നാൽ തോട്ടം എന്നാണ്. പിന്നെ റൂർക്കലയിൽ സന്ദർശിച്ച സ്ഥലങ്ങൾ വേദവ്യാസക്ഷേത്രവും വൈഷ്ണവിദേവി ക്ഷേത്രവുമായിരുന്നു. മൂന്ന് ചെറിയ നദികളുടെ സംഗമസ്ഥാനത്താണ് വേദവ്യാസക്ഷേത്രം. വൈഷ്ണവി ദേവി ക്ഷേത്രം പൊക്കമുള്ള ഒരു സ്ഥലമാണ്.

സാംബൽപൂർ യൂണിവേഴ്സിറ്റിയുടെ കോളേജുകളിൽ എം.എസ് സി.യ്ക്ക് പ്രവേശനം ലഭിക്കില്ലെന്ന് ഉറപ്പായപ്പോൾ എന്റെ അയൽപ്പക്കത്തെ കൂട്ടുകാരായിരുന്നു രവിയും, ശിവദാസനും, ഉദയഭാനുവും പഠിക്കുന്ന റായ്പൂരിലേക്ക് തിരിച്ചു. അവിടെയുള്ള പണ്ഡിറ്റ് രവിശങ്കർ യൂണിവേഴ്സിറ്റിയുടെ കോളേജുകളിലായിരുന്നു അവർ പഠിച്ചിരുന്നത്. അവിടേയും എം.എസ്സി. അഡ്മിഷന് ശ്രമിച്ചെങ്കിലും കിട്ടിയില്ല. തിരികെ കൊല്ലത്തേക്ക് മടങ്ങിപോകാനുള്ള മടികൊണ്ട് റായിപ്പൂരിലെ പ്രശസ്തമായ ദുർഗ്ഗ ആർട്ടസ് കോളേജിൽ എം.എ ഇംഗ്ലീഷിന് ചേർന്നു.

ഛത്തീസ്ഗഡ് (Chathisgad) സംസ്ഥാനത്തിന്റെ തലസ്ഥാനമാണ് റായിപ്പൂർ. 36 ഗ്രാമങ്ങൾ ചേർന്ന പ്രദേശം എന്നാണ് ഛത്തീസ്ഗഡിന്റെ അർത്ഥം. പണ്ഡിറ്റ് രവിശങ്കർ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം റായ്പൂരാണ്. പണ്ഡിറ്റ് രവിശങ്കർ ശുക്ല പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയും മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുമായിരുന്നു.ഛത്തീസ്ഗഡിലെ ഏറ്റവും പഴക്കം ചെന്ന സർവ്വകലാശാലയാണിത്. സർവ്വകലാശാലയുടെ കീഴിലുള്ള ദുർഗ്ഗാ മഹാവിദ്യാലയം (ദുർഗ്ഗാ ആർട്ടസ് കോളേജ്) സ്ഥാപിതമായത് 1951 ലായിരുന്നു. അതിന്റെ സ്ഥാപകൻ പ്രശസ്ത ഹിന്ദി സാഹിത്യകാരനായിരുന്ന ശ്രീരാമനാരായണദീക്ഷിത് ആയിരുന്നു. ഞാൻ കോളേജിൽ ചേരുമ്പോൾ പ്രൊഫസർ രവിശങ്കർ ശാസ്ത്രിയായിരുന്നു പ്രിൻസിപ്പൽ. ദുർഗ്ഗാ കോളേജിൽ ഹോസ്റ്റൽ സൗകര്യമുണ്ടായിരുന്നില്ല. തല്ക്കാലത്തേക്ക് ക്രിസ്ത്യൻ മിഷനറിമാരുടെ സ്ഥാപനമായ അമേരിക്കൻ ലോഡ്ജിൽ ഒരു മുറിയെടുത്തു. എനിക്ക് താങ്ങാൻ കഴിയുമായിരുന്നില്ല വാടക. റായിപ്പൂരിന് അടുത്തുള്ള ഭിലായ് സ്റ്റീൽ പ്ലാന്റിൽ എന്റെ ഹൈസ്കൂളിലെ സഹപാഠിയായിരുന്നു സുകുമാരൻ നായർ ജോലി ചെയ്യുന്നുണ്ടെന്ന് കൊല്ലത്തു നിന്നും തിരിക്കുമ്പോഴെ

അറിയാമായിരുന്നു. അയാളെ അന്വേഷിച്ച് ഞാൻ ഭിലായിയിൽ പോയി. അയാൾ എന്നെ നല്ല രീതിയിലാണ് സ്വീകരിച്ചത്. ഭിലായ് സ്റ്റീൽ പ്ലാന്റിൽ ജോലി ചെയ്യുന്ന അയാളുടെ സുഹൃത്തിന്റെ ക്വാട്ടേഴ്സിൽ സൗജന്യമായി താമസിക്കുന്നതിനുള്ള സൗകര്യം തരപ്പെടുത്തി തന്നു. ഭിലായിൽ നിന്നും റായിപ്പൂരിലേക്കുള്ള ദൂരം ദിവസേന പോയി വരാൻ കഴിയുന്നതായിരുന്നു. ആവശ്യത്തിന് ട്രെയിൻ സൗകര്യവും ഉണ്ടായിരുന്നു.

എം.എയ്ക്ക് പ്രീവിയസും ഫൈനലും ഉണ്ടായിരുന്നു. പ്രീവിയസിനു ഫൈനലിനു നാല് പേപ്പർ വീതമായിരുന്നു. പ്രീവിയസിന് ജയിച്ചെങ്കിലെ ഫൈനലിന് പ്രവേശനം ലഭിക്കുമായിരുന്നുള്ളു. റൊമാന്റിക് കാലഘട്ടത്തിനു മുൻപുള്ള സാഹിത്യമായിരുന്നു പ്രീവിയസിന്റെ സിലിബസ്. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർത്ഥത്തിലും ആധുനിക കാലത്തുമുള്ള സാഹിത്യമായിരുന്നു ഫൈനലിൽ പഠിക്കേണ്ടത്. അമേരിക്കൻ സാഹിത്യമോ, ആധുനിക കവിതയോ ഓപ്ഷണലായി പഠിക്കാൻ സൗകര്യമുണ്ടായിരുന്നു.

വളരെ പ്രഗൽഭരായ അദ്ധ്യാപകരായിരുന്നു ക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നത്. പ്രീവിയസിൽ ഭാഷാശാസ്ത്രം പഠിപ്പിച്ച എ.പി.റാവുവിനെ മറക്കാൻ കഴിയുന്നില്ല. അദ്ദേഹത്തിന് അസാമാന്യമായ അറിവായിരുന്നു ലിങ്ഗ്വസ്റ്റിക്സിലും, ഫൊണറ്റിക്സിലും ഉണ്ടായിരുന്നത്. ലിങ്ഗ്വസ്റ്റിക്സ് ഭാഷാശാസ്ത്രമാണ്. ഫൊണറ്റിക്സ് അതിന്റെ ഒരു ശാഖയും. ഇംഗ്ലീഷ് വാക്കുകൾ എങ്ങനെയാണ് ഉച്ചരിക്കുന്നത്, അവയുടെ ഉത്ഭവം ഏത് ഭാഷയിൽ നിന്നാണ് ഓരോ ശബ്ദത്തേയും എങ്ങനെ പ്രത്യേക സംജ്ഞ കൊണ്ട് വിശദീകരിക്കാം എന്നീ കാര്യങ്ങൾ ഒരു ഭാഷാശാസ്ത്രജ്ഞനെ പോലെയാണ് അദ്ദേഹം അവതരിപ്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ ക്ലാസ്സുകളിൽ നിന്നാണ് ഭാഷകൾ തമ്മിലുള്ള ബന്ധങ്ങൾ എനിയ്ക്ക് വ്യക്തമായത്. സംസ്കൃതത്തിലാണ് ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാന പദങ്ങളിൽ പലതിന്റേയും മൂലം. 1 മുതൽ 10 വരെയുള്ള ഇംഗ്ലീഷ് അക്കങ്ങളുടെ മൂലം സംസ്കൃതത്തിലാണ്. സംസ്കൃതത്തിലെ *ത്രയം* ആണ് ഇംഗ്ലീഷിലെ *ത്രീ. ഷഢ്* ആണ് ഇംഗ്ലീഷിലെ *സിക്സ്, അഷ്ട* എയിറ്റും, *നവ* നയനും, *ദ്വൗ* ടൂവുമാണ്. സംസ്

കൃതത്തിൽ മ ഇംഗ്ലീഷിൽ മദർ ആണ് .

ഒന്നാം വർഷം ഫ്രാൻസീസ് ബേക്കന്റെ (എ.ഡി.1561-1626) ലേഖനങ്ങൾ പഠിക്കാനുണ്ടായിരുന്നു. അദ്ദേഹം ലോർഡ് ചാൻസിലർ ഓഫ് ഇംഗ്ലണ്ട് ആയിരുന്നു. തത്വചിന്തകൻ, ശാസ്ത്രജ്ഞൻ, രാഷ്ട്രീയ നേതാവ്, ജഡ്ജി, വാഗ്മി, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രശസ്തനായിരുന്നു. അദ്ദേഹമാണ് ഇംഗ്ലീഷ് സാഹിത്യത്തിൽ ഉപന്യാസത്തിന്റെ (essay) പിതാവ്. "വായന മനുഷ്യനെ പൂർണ്ണനാക്കുന്നു". "ദൈവമാണ് മനുഷ്യനെ സൃഷ്ടിച്ചത് പണത്തെ സൃഷ്ടിച്ചത് മനുഷ്യനാണ്" "അറിവാണ് ശക്തി" എന്നീ ബേക്കന്റെ വചനങ്ങൾ പ്രസിദ്ധമാണ്. ഉപന്യാസം എന്ന ആശയം ഫ്രഞ്ച് ചിന്തകനായിരുന്ന മെൻടൈജിനിൽ നിന്നും അദ്ദേഹം കടമെടുത്തതായിരുന്നു. ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്ന ഉപന്യാസ സമാഹാരം "നല്ലതും ചീത്തയും" (Good and Evil) ആയിരുന്നു. ബേക്കന്റെ ഉപന്യാസങ്ങളുടെ ദർശനം മാക്കിവെല്ലിയനായിരുന്നു.

ആംഗല കവിയായിരുന്നു ജോൺ ഡ്രെയിഡന്റെ (1631-1700) 'അബ്സലോം ആന്റ് ആർച്ചിറ്റോഫൻ' എന്ന ഹാസ്യകാവ്യം ഓർമ്മയിൽ വരുന്നുണ്ട്. ഡ്രയിഡൻ കവിയും സാഹിത്യവിമർശകനും നാടകകൃത്തുമായിരുന്നു. 1668 ൽ അദ്ദേഹം ഇംഗ്ലണ്ടിലെ പൊയറ്റ് ലാറേറ്റയി. ബൈബിളിലെ ഒരു അന്യാപദേശ കഥയെ രൂപകമാക്കി അവതരിപ്പിച്ചിരിക്കുകയാണ് ഈ ഹാസ്യകാവ്യത്തിൽ. ഡേവിഡ് രാജാവിനെതിരെ അബസലോം നടത്തുന്ന കലാപമാണ് രൂപകം. യഥാർത്ഥ വിഷയം ചാൾസ് രണ്ടാമൻ രാജാവ് പോപ്പിനെതിരെ നടത്തുന്ന കലാപമാണ്.

കാല്പനിക കവികളായ വേഡ്സ്വർത്ത് (1970-1850), കോളറിഡ്ജ് (1972-1834), ഷെല്ലി, കീറ്റസ് എന്നിവരുടെ കവിതകൾ ഒരിക്കലും മറക്കാൻ കഴിയില്ല. ഇംഗ്ലീഷ് സാഹിത്യത്തിൽ കാല്പനികതയ്ക്ക് തുടക്കമിട്ടത് വില്യം വേഡ്സ് വർത്തും, സാമുവൽ ടെയിലറും, കോളറിഡ്ജുമായിരുന്നു. അവരാണ് ഗീതകങ്ങൾക്ക് (Ballards) പ്രാമുഖ്യം നല്കിയത്. പ്രകൃതിഭംഗി തുളുമ്പുന്നതായിരുന്നു വേഡ്സ്വർത്തിന്റെ എല്ലാ കവിതകളും *"The child is the father of man"*, *"Poetry is the spontaneous overflow of feeling : it takes*

*its origin from emotion recollected in tranquility"* എന്നീ വചനങ്ങൾ ലോകപ്രസിദ്ധമാണ്. വേഡ്സ്വർത്തിന്റെ *Tintern Abbey* ആയിരുന്നു ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്നത്.

എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ള കാല്പനിക കവി കോളറിഡ്ജാണ്. അദ്ദേഹം കവിതകളിൽ സൃഷ്ടിച്ച മാസ്കരികത എന്നെ ഇപ്പോഴും പിൻതുടരുന്നു. കോളറിഡ്ജ് കവിയും തത്ത്വചിന്തകനും, സാഹിത്യവിമർശകനും, ദൈവശാസ്ത്രജ്ഞനുമായിരുന്നു. 'കുബ്ലേഖാൻ' എന്ന കവിതയിലൂടെ ഒരു മായാലോകം അദ്ദേഹം സൃഷ്ടിയ്ക്കുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കവിതയാണ്. *"The Rime of Ancient Mariner"*. അതിലെ "വെള്ളം വെള്ളം സർവത്ര തുള്ളി കുടിക്കാനില്ലത്രെ" എന്ന കവിതാ ശകലം പാടാത്തവർ അപൂർവ്വമാണ്. പഠിച്ചതിൽ എന്റെ ഏറ്റവും ഇഷ്ടപ്പെട്ട കവിത *"Ancient Mariner"* ആണ്. അതിന്റെ കഥ ചുരുക്കത്തിൽ പ്രതിപാദിക്കാം.

മൂന്നു ചെറുപ്പക്കാർ ഒരു വിവാഹം ആഘോഷിക്കാൻ വരുന്നു. അപ്പോൾ ഒരു കിളവനായ നാവികൻ (മാരിനർ) അവരെ പ്രവേശന കവാടത്തിൽ തടഞ്ഞു നിർത്തുന്നു. അവർ കല്യാണത്തിന് അതിഥികളായിട്ടാണ് എത്തിയത്. മാരിനർ തന്റെ ഹിപ്പ്നോട്ടിക് കണ്ണു കൊണ്ട് അവരെ കീഴ്പ്പെടുത്തിയിട്ട് അവരോട് അയാൾ തന്റെ കടലിലെ ശാപം പിടിച്ച യാത്ര വിവരിക്കുന്നു. "ആൽബട്രോസ്" പക്ഷിയെ ഒരു രൂപകമാക്കിയാണ് കോളറിഡ്ജ് ഉപയോഗിക്കുന്നത്. യാത്രയുടെ തുടക്കം മുതൽ നല്ല ശകുനത്തിന്റെ പക്ഷിയായ ആൽബട്രോസ് മാരിനറുടെ കപ്പലിനെ പിൻതുടരുന്നു. മാരിനർ യാതൊരു കാരണവും കൂടാതെ ആ പക്ഷിയെ അമ്പെയ്തു കൊല്ലുന്നു. തുടർന്ന് കപ്പലിന് പല പ്രതികൂല സാഹചര്യങ്ങളേയും നേരിടേണ്ടി വരുന്നു. യാത്രക്കിടയിൽ മാരിനർക്കും കൂട്ടുകാർക്കും ദാഹജലം പോലും ലഭിക്കാതായി. ആൽബട്രസിന്റെ ശാപം മാരിനറെ വേട്ടയാടുന്നതിനെ കുറിച്ചാണ് ചെറുപ്പക്കാരോട് പറയുന്നത്. ശാപത്തിൽ നിന്നും മോചനം ലഭിക്കുന്നതിനുള്ള പ്രായശ്ചിത്തത്തിന്റെ കഥയാണിത്.

രണ്ടാം തലമുറയിൽപ്പെട്ട കാല്പനിക കവികളായിരുന്നു ഷെ

ല്ലിയും (1564-1616), കീറ്റസും (1795-1821). ഷെല്ലിയെ ഏറ്റവും മഹാനായ കാല്പനിക കവിയായി കരുതുന്നവരുണ്ട്. വിപ്ലവകാരിയായ കവിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് ഗദ്യവും പദ്യവും ഒരുപോലെ വഴങ്ങുമായിരുന്നു. ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിന് അംഗീകാരം ലഭിച്ചില്ല. അദ്ദേഹത്തിന്റെ *'Ode to the west wind'* ഉം *'Adonais'* എന്നിവയായിരുന്നു ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്നത്. വളരെ ഉയർന്ന സാമൂഹികവീക്ഷണമുള്ള കവിയായിരുന്നു അദ്ദേഹം. ഷെല്ലിയുടെ സിദ്ധാന്തങ്ങളും രചനകളും പല മഹാന്മാരേയും പ്രചോദിപ്പിച്ചിട്ടുണ്ട്. ഷെല്ലിയുടെ സാമ്പത്തികവും ധാർമ്മികവുമായ വീക്ഷണങ്ങൾ കാറൽ മാർക്സിനെ സ്വാധീനിച്ചിരുന്നു. ഓസക്കാർ വൈൽഡ്, തോമസ് ഹാർഡി, ബർണാഡ് ഷാ, ലിയോ ടോൾസ്റ്റോയ്, യേറ്റസ് എന്നിവർ അദ്ദേഹത്തിന്റെ ആരാധകനായിരുന്നു. ഹെന്ററി തോറയുടെ നിയമ നിഷേധ പ്രസ്ഥാനം ഷെല്ലിയിൽ നിന്നും ആവേശമുൾക്കൊണ്ടതായിരുന്നു. കീറ്റ്സിന്റെ മാർഗദർശികൾ ബൈറനും, ഷെല്ലിയുമായിരുന്നു. കീറ്റ്സ് ഇരുപത്തി അഞ്ചാം വയസ്സിൽ ക്ഷയരോഗബാധിതനായി മരിച്ചു. അദ്ദേഹത്തിനും ജീവിച്ചിരുന്നപ്പോൾ അംഗീകാരം ലഭിച്ചില്ല. വികാരതീവ്രമായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. *Ode to a Nightingale* ആയിരുന്നു സിലബസിൽ ഉണ്ടായിരുന്നു അദ്ദേഹത്തിന്റെ കവിത.

പഠിച്ച ചില നാടകങ്ങളും അതിന്റെ രചയിതാക്കളേയും മറക്കാൻ കഴിയുന്നില്ല. അതിൽ പ്രമുഖർ ക്രിസ്റ്റഫർ മാർലോ (1564-1593), വില്യം ഷേക്സപിയർ (1564-1616), ബെർണാഡ്ഷാ (1856-1950) എന്നിവരാണ്. ക്രിസ്റ്റഫർ മാർലോയുടെ 'ഡോക്ടർ ഫൗസ്റ്റസ്' എന്ന നാടകമായിരുന്നു ഒന്നാം വർഷം ഉണ്ടായിരുന്നത്. മാർലോ നാടകകൃത്തും കവിയും തർജ്ജമക്കാരനുമായിരുന്നു. എലിസബത്തൻ കാലത്തെ പ്രമുഖ ദുരന്തനാടകകൃത്തായിരുന്നു അദ്ദേഹം. ഷേക്സപിയറിന്റെ നാടകങ്ങളിൽ മാർലോയുടെ സ്വാധീനം കാണാം. മാർലോയുടെ ദുരൂഹമരണത്തിനുശേഷമാണ് ഷേക്സപിയർ നാടകരംഗത്ത് ഉയർന്നുവന്നത്. ജർമ്മൻ നാടോടികഥയിലെ ഒരു കഥാപാത്രമാണ് ഫൗസ്റ്റസ്. ഡോക്ടർ ഫൗസ്റ്റസിന്റെ ദുരന്തചരിത്രമാണ് ഈ നാടകത്തിന്റെ ഇതിവൃത്തം. മെഫിസ്റ്റോഫിലിസ് എന്ന പിശാചിന്റെ (ചെകുത്താൻ) പിടിയിൽപ്പെട്ട ഫൗസ്റ്റസ് നിരവധി ദുഷ്പ്ര

വർത്തികൾ ചെയ്യുന്നു. അതിൽ നിന്നുള്ള പാപമോചനത്തിനാണ് ഫൗസ്റ്റസ് ശ്രമിക്കുന്നത്. ഫൗസ്റ്റസിന്റെ ചിന്തകൾ നാടകത്തിൽ ആത്മഗതത്തിലൂടെയാണ് അവതരിപ്പിക്കുന്നത്.

ഷേക്സ്പിയറിന്റെ മാക്ബത്ത്, കിങ്‌ലിയർ, മെർച്ചന്റ് ഓഫ് വെനീസ് എന്നീ നാടകങ്ങൾ പഠിപ്പിച്ചത് ഡിപ്പാർട്ടമെന്റ് തലവനായിരുന്ന പ്രൊഫസർ രംഗണ്ണയായിരുന്നു. നാടകങ്ങളിലെ ഓരോ രംഗങ്ങളും അദ്ദേഹം അഭിനയിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുമായിരുന്നു. ഷേക്സപിയർ കവി, നാടകകൃത്ത്, നടൻ എന്നീ നിലകളിലും ശോഭിച്ചു. ഇംഗ്ലീഷ് ഭാഷയിലെ ഏറ്റവും മഹാനായ എഴുത്തുകാരനായിരുന്നു അദ്ദേഹം. ലോകത്തെ തന്നെ പ്രമുഖനാടകകൃത്തായിരുന്നു ഷേക്സ്പിയർ. മാക്ബത്ത് അദ്ദേഹത്തിന്റെ ദുരുന്തപര്യാവസായിയായ നാടകങ്ങളിൽ ഒന്നാണ്. രാഷ്ട്രീയധികാരത്തിനു വേണ്ടിയുള്ള അത്യാഗ്രഹത്തിന്റെ ദൂഷ്യഫലങ്ങളെ നാടകീയമായി അവതരിപ്പിക്കുന്നു ഇതിൽ. ധീരനായ സ്ക്കോട്ടീഷ് ജനറലായിരുന്നു മാക്ബത്ത്. അദ്ദേഹം സ്കോട്ട്ലാൻഡിലെ രാജാവാകുമെന്ന് മൂന്ന് മന്ത്രവാദിനികൾ പ്രവചിക്കുന്നു. ഈ പ്രവചനം സഫലീകരിക്കുന്നതിനു വേണ്ടി ലേഡിമാക്ബത്ത് ഡങ്കൻ രാജാവിനെ കൊല്ലാൻ മാക്ബത്തിനെ പ്രരിപ്പിക്കുന്നു. ഭാര്യയുടെ പ്രേരണയ്ക്ക് വിധേയനായ മാക്ബത്ത് രാജാവിനെ കൊലപ്പെടുത്തി സ്കോട്ട്ലാൻഡിലെ സിംഹാസനത്തിൽ ആരോഹിതനാകുന്നു. പിന്നീട് അദ്ദേഹം കുറ്റബോധിതനാകുന്നു.

കിങ്‌ലിയറും ഒരു ദുരന്തനാടകമാണ്. കിങ്‌ലിയർ അദ്ദേഹത്തിന്റെ രാജ്യം മൂന്ന് പെൺമക്കളിൽ രണ്ട് പേർക്ക് വീതിച്ചു കൊടുക്കുന്നു. ഒടുവിൽ എല്ലാ അധികാരങ്ങളും നഷ്ടപ്പെട്ട അദ്ദേഹം ഭ്രാന്തനാകുന്നു. മനഃശാസ്ത്രപരമായിട്ടാണ് കിങ്‌ലിയറിന്റെ അന്ത്യം ആവിഷ്ക്കരിച്ചിരിക്കുന്നത്. വെനീസിലെ കച്ചവടക്കാരൻ അക്കാലത്തെ ജൂതഹുണ്ടിക വ്യാപാരികൾക്കെതിരായ പ്രതിഷേധത്തിന്റെ നാടകാവിഷ്കാരമാണ്. ഹുണ്ടികവ്യാപാരിയായ ഷൈലോക് വെനീസിലെ ഒരു കച്ചവടക്കാരനായ ആന്റോണിയോക്ക് കുറെ പണം കടം കൊടുത്തു. പണം തിരികെ കൊടുക്കാൻ കഴിയാതെ വരുമ്പോൾ ആന്റോണിയോയുടെ ശരീരത്തിലെ രണ്ട് പൗണ്ട് മാംസം ഷൈലോയ്ക്ക് ആവശ്യപ്പെടുന്നു. തുടർന്ന് നാടകീയമായ

രംഗങ്ങളും ആന്റോണിയോയുടെ ഭാര്യ പോർഷ്യായുടെ റോളും ഗംഭീരമാണ്. ഈ നാടകം ഒരു കോമഡിയാണ്.

ആധുനിക പാശ്ചാത്യനാടകകൃത്തുക്കളിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരിൽ ഒരാൾ ബെർണാഡ്ഷായാണ് (1856-1950). അദ്ദേഹം നാടകകൃത്തും സാഹിത്യവിമർശകനും രാഷ്ട്രീയപ്രവർത്തകനുമായിരുന്നു. "കാൻഡിഡ" എന്ന നാടകമാണ് പഠിക്കാനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ "പിഗ്മാലിയൻ" ബിരുദപഠനകാലത്ത് പാഠ്യപദ്ധതിയിൽ ഉണ്ടായിരുന്നു. 'കാൻഡിഡ' ഒരു കോമഡിയാണ്. കാൻഡിഡായുടെ ഭർത്താവ് മോറെൻ ആണ്. അദ്ദേഹം സോഷ്യലിസ്റ്റ് നേതാവും വാഗ്മിയുമാണ്. യൂജിൻ എന്നൊരാൾ കാൻഡിഡയുമായി പ്രേമത്തിലാകുന്നു. ഇതും തുടർന്നുള്ള സംഭവങ്ങളുമാണ് നാടകത്തിന്റെ ഇതിവൃത്തം.

എനിക്ക് ഏറ്റവും പ്രിയപ്പെട്ട ആധുനിക കവി ടി.എസ്. എലിയട്ട് (1884-1965) ആണ്. അദ്ദേഹം ഉപന്യാസകാരൻ, നാടകകൃത്ത്, കവി, സാമൂഹ്യ സാഹിത്യ വിമർശകൻ എന്നീ നിലകളിലെല്ലാം ലോകപ്രശസ്തനായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ പ്രമുഖ കവികളിൽ ഒരാളായിരുന്നു. 1948-ൽ സാഹിത്യത്തിനുള്ള നോബേൽ സമ്മാനം അദ്ദേഹത്തിനു ലഭിച്ചു. ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്നത് അദ്ദേഹത്തിന്റെ *"The waste land"* (തരിശുനിലം) എന്ന കവിതയും "കോക്ടൈൽ പാർട്ടി" എന്ന നാടകവുമായിരുന്നു. അദ്ദേഹം വളരെ കുറച്ച് കവിതകളെ എഴുതിയിട്ടുള്ളു. അതിൽ ഏറ്റവും പ്രശസ്തം "വേസ്റ്റ് ലാന്റ്"ആണ്. ഈ കവിത എസ്റാപൗണ്ട് എഡിറ്റു ചെയ്യുകയുണ്ടായി. വേസ്റ്റ് ലാൻഡിലെ *"April is the cruellest month"*, *"I will show you fear in a handful of dust," "Shantih Shantih Shantih"* എന്നീ വരികൾ പ്രസിദ്ധമാണ്.

വേസ്റ്റ് ലാൻഡ് ഒന്നാം ലോകമഹായുദ്ധാനന്തര യൂറോപ്പിലെ ജനങ്ങൾക്കുണ്ടായ മോഹഭംഗങ്ങളെ പ്രതിനിധാനം ചെയ്യുന്നു. കവിത തുടങ്ങുന്നതുതന്നെ മോഹഭംഗത്തെ പ്രതിരൂപാത്മകമായി അവതരിപ്പിച്ചുകൊണ്ടാണ്. യൂറോപ്പിലുള്ളവർക്ക് ഏപ്രിൽ ഏറ്റവും നല്ല മാസമാണ്. നല്ല കാലാവസ്ഥയാണവിടെ അപ്പോൾ. എന്നാൽ യുദ്ധാനന്തരം ഏപ്രിൽ ഏറ്റവും ക്രൂരമായ മാസമായിട്ടാ

ണ് തരിശുഭൂമിയായ യൂറോപ്പിലെ ജനതയ്ക്ക് അനുഭവപ്പെടുന്നത്. യൂറോപ്പിന്റെ മോചനത്തിന് കവി കണ്ടെത്തുന്ന മാർഗ്ഗം ബൃഹദാരണ്യകോപനിഷത്തിന്റെ ദർശനത്തിലാണ്. ഉപനിഷത്തുകളിൽ പലനിലയ്ക്കും അഗ്രിമസ്ഥാനം അർഹിക്കുന്നതാണിത്. 'അഹം ബ്രഹ്മാസ്മി' എന്ന മഹാവാക്യം ഇതിന്റെ സംഭാവനയാണ്.

അസതോമാസദ് ഗമയ
തമസോമാ ജ്യോതിർ ഗമയ
മൃത്യോർമാ അമൃതം ഗമയ

എന്ന ചേതോഹരവും വിശ്വവിശ്രുതമായ പ്രകാശപ്രാർത്ഥനയും ഇതിലുള്ളതാണ്. "തരിശുനില"ത്തിൽ ഉപനിഷദ് ദർശനത്തെ കവി ഉൾക്കൊള്ളുകയാണ്. തരിശുഭൂമിയിൽ നിന്നുള്ള രക്ഷപ്പെടലിനു ആവശ്യമായ മാനസിക ഗുണങ്ങളുടെ പ്രകീർത്തനം ഉപനിഷത്തിൽ കാണാം. ഇത് ടി.എസ്. എലിയട്ട് കടമെടുത്ത് കവിതയിൽ ഉപയോഗിച്ചിരിക്കുന്നു. കവിതയുടെ അവസാനം പ്രജാപതി ശിഷ്യന്മാരോട് ചോദിക്കുന്ന ചോദ്യമാണ് എലിയട്ടും ചോദിക്കുന്നത്. പ്രജാപതിയുടെ അടുത്ത് ദേവന്മാരും മനുഷ്യരും അസുരന്മാരും പഠിച്ചുകൊണ്ട് കഴിയുകയായിരുന്നു. പഠിപ്പു കഴിഞ്ഞ് പിരിയാറായപ്പോൾ മൂന്ന് ഇടിമുഴക്കം കേൾക്കുന്നു. 'ദ ദ ദ' എന്ന്. ദേവന്മാർ അന്തിമമായി ഉപദേശം ഗുരുവിനോട് ചോദിച്ചു. 'ദ' എന്നു മാത്രം ഉച്ചരിച്ചിട്ട് മനസ്സിലായോ എന്ന് ഗുരു ദേവന്മാരോട് അന്വേഷിച്ചു. ദമം ചെയ്താലും (ദാമ്യത) എന്ന് തങ്ങൾക്ക് മനസ്സിലായിയെന്ന് അവർ മറുപടി പറഞ്ഞു. മനുഷ്യനും ആവശ്യപ്പെട്ടു ഇതിൽ വണ്ണം അന്ത്യോപദേശത്തിന് അവരോട് 'ദ' എന്നു തന്നെ ഗുരു പറഞ്ഞു. കൊടുത്താലും (ദത്ത) എന്ന് അവർ ആശയം ഗ്രഹിച്ചു. അസുരന്മാരോട് 'ദ' എന്നു പറഞ്ഞപ്പോൾ ദയ കാണിച്ചാലും (ദയത്വം) എന്ന് അവർ മനസ്സിലാക്കി. 'ദ ദ ദ' എന്ന ഇടിമുഴക്കം ആവർത്തിച്ച് ഘോഷിച്ചു. അങ്ങനെ ദമം, ദാനം, ദയ എന്നിവ ശ്രേഷ്ഠമായ ഗുണങ്ങളായി വാഴ്ത്തപ്പെട്ടു. സ്വഭാവം കൊണ്ടു ദേവന്മാർ ആത്മനിയന്ത്രണവും മനുഷ്യർ ത്യാഗബുദ്ധിയും അസുരന്മാർ സഹതാപവും കുറഞ്ഞവരാകയാൽ ഓരോ വിഭാഗത്തിനും പറ്റിയ ഉപദേശം നല്കപ്പെട്ടു. ഈ വിഭജനം മനുഷ്യരിൽ തന്നെയുള്ള മാനസ്സിക വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലുള്ളതുമാണ്. മനുഷ്യൻ ദമവും

ദാനവും ദയയും സ്വീകരിച്ചെങ്കിലെ മനുഷ്യമോചനം സാദ്ധ്യമാകു വെന്ന് ഭംഗ്യന്തരേണ "തരിശുനില"ത്തിൽ എലിയട്ട് സ്ഥാപിക്കുന്നു.

നാലുപേപ്പറും വൈവായുമാണ് രണ്ടാം വർഷം ഉണ്ടായിരുന്നത്.അവ നാലും ഒരു വിധം നന്നായി എഴുതി. വൈവായിൽ പ്രൊഫസറുമാരുടെ ചോദ്യങ്ങൾക്ക് തരക്കേടില്ലാത്തനിലയിൽ ഉത്തരം നല്കി. പരീക്ഷ കഴിഞ്ഞ് ഒരാഴ്ചക്കാലം ഭിലായി നഗറിലെ വ്യവസായസ്ഥാപനങ്ങളും പ്രധാനപ്പെട്ട സ്ഥലങ്ങളും കാണാൻ പോയി. ഈ അവസരത്തിലാണ് കൊല്ലത്തെ ഒരു കാലത്തെ പ്രമുഖതൊഴിലാളി പ്രവർത്തകനും "ജയിൻ ബ്രദേഴ്സ്" എന്ന സ്ഥാപനത്തിലെ ജനറൽ മാനേജരുമായിരുന്ന പി.കെ യശോധരനെ പരിചയപെടുന്നത്. അദ്ദേഹം ആർ.എസ്. പി. നേതാവായിരുന്ന പ്രൊഫസർ കെ.സി. സരസമ്മയുടെ ഭർത്താവും. സന്ദർശിച്ച സ്ഥാപനങ്ങളിൽ മറക്കാനാവാത്തതാണ് ഭിലായി സ്റ്റീൽ പ്ലാന്റ്. ഈ സന്ദർശനങ്ങൾക്കു ശേഷം ഞാൻ കൊല്ലത്തേക്ക് തിരിച്ചു.

ബിരുദാനന്തരപഠനകാലത്ത് രണ്ട് വർഷവും ഞാൻ ഭിലായി നഗറിലാണ് താമസിച്ചിരുന്നത്. ഭിലായ് നഗർ ഛത്തീസ്ഗഡിലെ ദുർഗ് ഡിസ്ട്രിക്റ്റിലെ ഒരു പട്ടണമാണ്. രാസവ്യവസായത്തിനും ഇരുമ്പ് വ്യവസായത്തിനും പ്രസിദ്ധമാണ് ഈ നഗരം. ഇൻഡ്യയിലെ ഏറ്റവും വലിയ സ്റ്റീൽ പ്ലാന്റ് സ്ഥിതി ചെയ്യുന്നതും ഇവിടെയാണ്. റെയിൽവേ പാളവും വലിയ ഉരുക്ക് ഷീറ്റുകളുമാണ് ഇവിടുത്തെ പ്രധാന ഉല്പന്നങ്ങൾ. 1955 ൽ സോവിയറ്റ് യൂണിയന്റെ സഹായത്തോടെയാണ് ഇത് സ്ഥാപിച്ചത്. ഭിലായ് ടൗൺഷിപ്പിൽ മുന്നിൽ ഒന്ന് മലയാളികളാണ്. ഏറ്റവും കൂടുതൽ മലയാളികൾ പണിയെടുക്കുന്ന ഇൻഡ്യയിലെ സ്ഥാപനവും ഭിലായ് സ്റ്റീൽ പ്ലാന്റാണ്. ഇതിനു കാരണം ഭിലായ് സ്റ്റീൽ പ്ലാന്റിന്റെ ആദ്യത്തെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന എം.കെ.കെ.നായർ ഐ.എ.എസ് ആണ്. കേരളത്തോടും നമ്മുടെ സാംസ്ക്കാരിക പാരമ്പര്യങ്ങളോടും സവിശേഷമായ കൂറു പുലർത്തിയിരുന്ന അദ്ദേഹം മലയാളികളെ റിക്രൂട്ടു ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

ഞാൻ ഉപരിപഠനത്തിന് പോകുന്നതിന് തൊട്ടുമുൻപായിരുന്നു എന്റെ പ്രിയപ്പെട്ട അനുജത്തി താരയുടെ വിവാഹം. അടൂർ ഹൈസ്

കൂളിൽ അദ്ധ്യാപകനായിരുന്ന വിക്രമൻ പിള്ളയായിരുന്നു അവളെ വിവാഹം ചെയ്തത്. വളരെ സന്തോഷകരമായിരുന്നു അവരുടെ ദാമ്പത്യം. എന്നാൽ അത് അധികനാൾ നീണ്ടുനിന്നില്ല. എം.എ. ആദ്യവർഷത്തെ ക്രിസ്തുമസ് അവധിക്ക് വീട്ടിൽ വന്നപ്പോൾ അവൾ ക്ക് സുഖമില്ലെന്നറിഞ്ഞു. ഉടനെ ഞാൻ അവരുടെ പത്തനാപുരം വീട്ടിലേക്ക് പോയി. അവിടെ എത്തിയപ്പോൾ അവളുടെ രോഗം ഗുരുതരമാണെന്ന് മനസ്സിലായി. പത്തനാപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. ഡോക്ടർമാർക്ക് രോഗം കണ്ടു പിടിക്കാൻ കഴിഞ്ഞില്ല. രോഗം മൂർച്ഛിച്ചപ്പോൾ ഡോക്ടറുമാരുടെ നിർദ്ദേശപ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ അഡ്മിറ്റു ചെയ് തു. ഏതാനും മണിക്കൂറിനകം അവൾ ലോകത്തോട് വിട പറഞ്ഞു. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തമായിരുന്നു അവളുടെ മരണം. അതിന്റെ ആഘാതം എന്റെ കുടുംബത്തെയാകെ ഉലച്ചു. അച്ഛന്റെ ഹൃദ്രോഗം കൂടി. പക്ഷാഘാതം വന്നു. എന്തിനേയും നേരിടാൻ ശക്തിയുണ്ടായിരുന്ന അമ്മ തളർന്നുപോയി. ഹൃദയഭേ ദകമായ ആ സംഭവം ഒരു ദുഃസ്വപ്നം പോലെ എന്നെ ഇപ്പോഴും പിൻതുടരുന്നു.

# രാഷ്ട്രീയത്തിലേക്ക്

ബിരുദാനന്തരപഠനം പൂർത്തിയാക്കി കൊല്ലത്തെത്തി ഞാൻ ഒരു തൊഴിൽ തേടി കൊണ്ടിരിക്കുമ്പോഴാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) യുമായി ബന്ധപ്പെടുന്നത്.സഖാവ് സി.എം. മൈതീൻ കുഞ്ഞ് 1965 ൽ കൊല്ലം മണ്ഡലത്തിൽ സി.പി.ഐ (എം) സ്ഥാനാർത്ഥിയായി മത്സരിക്കുമ്പോൾ ഞാൻ കൊല്ലം പാലസ് വാർഡിലെ ഒരു പ്രവർത്തകനായിരുന്നു. ഈ ബന്ധം പുതുക്കുന്നതിന് പ്രദേശത്തെ പാർട്ടി പ്രവർത്തകർ എന്നെ വന്നു കണ്ട് പാർട്ടിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ടു. പാർട്ടിയുടെ 9-ാം കോൺഗ്രസിന്റെ മുന്നോടിയായുള്ള സംസ്ഥാന സമ്മേളനം അപ്പോൾ കൊല്ലത്തു വച്ച് നടക്കുകയായിരുന്നു. സംസ്ഥാന സമ്മേളന പ്രകടനത്തിൽ ഞാൻ തേവള്ളി ബ്രാഞ്ചിന്റെ ബാനറിൽ പങ്കെടുത്തു. ഇതാണ് ഞാൻ ആദ്യമായി പങ്കെടുത്ത പ്രകടനം. ഞാൻ ആദ്യമായി പങ്കെടുത്ത സമരം മിച്ചഭൂമി സമരമായിരുന്നു. നീണ്ടകരയിലെ മാങ്കൊമ്പിൽ പട്ടരുടെ നീലേശ്വരം തോപ്പിൽ നടന്ന സമരത്തിലായിരുന്നു പങ്കെടുത്തത്. പോലീസിന്റെ വലയം ഭേദിച്ചാണ് സഖാക്കൾ തോപ്പിൽ കയറിയത്. അവിടെ ചെങ്കൊടി കുത്തി സഖാക്കൾ ആവേശത്തോടെ മുദ്രാവാക്യങ്ങൾ വിളിച്ചു. പോലിസുകാർ കാഴ്ചക്കാരായി നിന്നു. അന്നു സമരത്തിൽ വിളിച്ച ഒരു മുദ്രാവാക്യം ഓർക്കുന്നു.

അടിയുടെ ഇടിയുടെ വെടിയുടെ മുന്നിൽ
വിരിമാർ കാട്ടിയ വീര സഖാക്കൾ
പടുത്തുയർത്തിയ പ്രസ്ഥാനം
കെടാതെ ഞങ്ങൾ സൂക്ഷിക്കും
തലമുറ തലമുറ കൈമാറും.

ആ സമരത്തിന്റെ ആവേശലഹരി എന്നിൽ ദീർഘനാൾ നീണ്ടു നിന്നു.

ഞാൻ ആദ്യമായി അദ്ധ്യക്ഷത വഹിച്ചത് തേവള്ളിയിലെ പാർട്ടി അംഗമായിരുന്ന സഖാവ് ഡാങ്കേ നീലകണ്ഠന്റെ വീട്ടിൽ വച്ചു കൂടിയ പാർട്ടി അനുഭാവികളുടെ യോഗത്തിലായിരുന്നു. ഡാങ്കേ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാലം മുതലെ അംഗത്വമുള്ള സഖാവായിരുന്നു. പാർട്ടി കാർഡുണ്ടായിരുന്നവനാണ് ഡാങ്കേ എന്നാണ് സഖാക്കൾ അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. മരം കയറ്റ തൊഴിലാളിയായിരുന്ന അദ്ദേഹത്തിന് ആ പ്രദേശത്തെ പാവങ്ങൾക്കിടയിൽ നല്ല മതിപ്പായിരുന്നു. കൊല്ലത്തെ പ്രമുഖ കശുവണ്ടി വ്യവസായിയായിരുന്ന ഈച്ചം വീട്ടിൽ മുഹമ്മദുകുഞ്ഞിന്റെ കുടികിടപ്പുകാരനായിരുന്നു ഡാങ്കേ. ഞാൻ താമസിക്കുന്ന പ്രദേശത്ത് ഒരു ബ്രാഞ്ച് പ്രവർത്തിച്ചിരുന്നുവെങ്കിലും അവിടെ പാർട്ടിക്ക് ജനങ്ങളിൽ കാര്യമായ യാതൊരു സ്വാധീനവും ഉണ്ടായിരുന്നില്ല. ബ്രാഞ്ച് അംഗങ്ങളിൽ മിക്കവരും തേവള്ളിയിലെ കല്ലിടാന്തി എന്ന ഒരു കൊച്ചു പ്രദേശത്തു മാത്രമുള്ളവരായിരുന്നു. കല്ലിടാന്തിയിലുള്ളവരിൽ മിക്കവരും ആലപ്പുഴയിൽ നിന്നും ഇവിടേക്ക് കുടിയേറിയവരായിരുന്നു.

തേവള്ളി ബ്രാഞ്ചിന്റെ സെക്രട്ടറി കല്ലിടാന്തി സുരേന്ദ്രനും, അംഗങ്ങൾ ഡാങ്കേ നീലകണ്ഠൻ, തയ്യൽക്കാരൻ പരമു, കണ്ണാടി രാജൻ പിള്ള, തെയില തങ്കപ്പൻ, കപ്പയ്ക്ക രാമചന്ദ്രൻ എന്നിവരായിരുന്നു. സുരേന്ദ്രനും രാമചന്ദ്രനുമാണ് എന്നെ പാർട്ടിയിലേക്ക് ക്ഷണിച്ചത്. സുരേന്ദ്രന്റെ മുറുക്കാൻ കടയായിരുന്നു എന്റെ ഒരു താവളം. സുരേന്ദ്രന് രഹസ്യമായി ഒരു നക്സൽ ബന്ധമുണ്ടായിരുന്നു. ചൈനീസ് കമ്മ്യുണിസ്റ്റ് പാർട്ടിയുടെ(സി.പി.സി.) പിൻതുണയോടെ രൂപം കൊണ്ടതായിരുന്നു നക്സൽ ഗ്രൂപ്പുകൾ. സി.പി.ഐ(എം) നെ റിവിഷനിസ്റ്റായി അക്കാലത്ത് സി.പി.സി. ചിത്രീകരിക്കുകയും ചെയ്തിരുന്നു. എഴുകോണിൽ വച്ച് നക്സലേറ്റ് നേതാവ് കനുസന്ന്യാൽ പങ്കെടുത്ത യോഗത്തിൽ സുരേന്ദ്രനും പങ്കെടുത്തിരുന്നു. അവിടെ വച്ച് സുരേന്ദ്രന് ചൈനീസ് കമ്മ്യുണിസ്റ്റ് പാർട്ടിയുടെ ലഘുലേഖകളും, മാവോസൂക്തങ്ങളുമടങ്ങുന്ന റെഡ് ബുക്കും ലഭിച്ചു. ഞാൻ അയാളുടെ കടയിൽ ചെല്ലുമ്പോഴെല്ലാം ഇതെല്ലാം

തർജ്ജമ ചെയ്തു പറഞ്ഞു കൊടുക്കാൻ അയാൾ ആവശ്യപ്പെടുമായിരുന്നു. സുരേന്ദ്രന്റെ കടയ്ക്കു പുറമേ ഞാൻ താമസിക്കുന്ന സ്ഥലത്തെ പ്രധാന ജംഗ്ഷനായ ഹൈസ്ക്കൂൾ ജംഗ്ഷനിലെ പുരുഷന്റെ "സോയാ ബേക്കറി" എന്റെ മറ്റൊരു താവളമായിരുന്നു. സോയാ പുരുഷൻ അന്ന് സി.പി.ഐ(എം) ടൗൺ കമ്മിറ്റി അംഗമായിരുന്നു. കമ്മ്യൂണിസം അസ്ഥിയിൽ പിടിച്ച ആളായിരുന്നു പുരുഷൻ. അയാളുടെ സ്ഥാപനത്തിന്റെ പേര് "സോയ" ബേക്കറിയെന്നായിരുന്നു. "സോയ" റഷ്യൻ വിപ്ലവത്തിൽ രക്തസാക്ഷിത്വം വരിച്ച ഒരു പെൺകുട്ടിയായിരുന്നു.

എന്റെ പ്രവർത്തനങ്ങൾ ബ്രാഞ്ച് വിലയിരുത്തി എനിക്ക് കാൻഡിഡേറ്റ്അംഗത്വം നല്കി. അതിന് പിന്നിട് ആറു മാസം കഴിഞ്ഞ് പൂർണ്ണ അംഗത്വവും ലഭിച്ചു. പാർട്ടി അംഗമായതിനു ശേഷം ഞാൻ ആദ്യമായി പങ്കെടുക്കുന്ന പാർട്ടി അംഗങ്ങളുടെ ജനറൽബോഡി യോഗം കൊല്ലം ചാമക്കടയിലുള്ള മുരുകാ ലോഡ്ജിൽ വെച്ചായിരുന്നു. മുരുകാ ലോഡ്ജിലെ ഒരു മുറിയിലായിരുന്നു പാർട്ടിയുടെ ടൗൺ കമ്മിറ്റി ഓഫീസ്. മുരുകാലോഡ്ജ് പൊളിഞ്ഞു വീഴാറായ ഒരു പഴയ കെട്ടിടമായിരുന്നു. അതിലെ പാർട്ടി ഓഫിസിന്റെ ശോചനീയാവസ്ഥ ഇന്നുള്ളവർക്കു പറഞ്ഞാൽ മനസ്സിലാവില്ല. രണ്ടു മൂന്നു പൊളിഞ്ഞ കസേരകൾ. വരിച്ചിലില്ലാത്ത ഒരു കട്ടിൽ, അഞ്ചാറു ബഞ്ചുകൾ എന്നിവയായിരുന്നു പാർട്ടി ഓഫിസിലെ ഫർണീച്ചറുകൾ. ഈ ഫർണിച്ചറുകൾ മുഴുവൻ മൂട്ടയായിരുന്നു. ഇത് സ: കെ.സി.ജോർജ്ജിന്റെ ആത്മകഥയിലെ "മൂട്ടവന"ത്തെ ഓർമ്മിപ്പിക്കുന്നതായിരുന്നു. സ: കല്ലട ശ്രീനിയായിരുന്നു ടൗൺ കമ്മിറ്റി സെക്രട്ടറി. അദ്ദേഹമായിരുന്നു സാർവദേശീയ - ദേശീയ - സംസ്ഥാന രാഷ്ട്രിയ പ്രശ്നങ്ങൾ റിപ്പോർട്ടു ചെയ്തത്. റിപ്പോർട്ടിങ്ങ് എനിക്ക് വളരെ വിരസമായി തോന്നി. ഇടുങ്ങിയ പാർട്ടി ഓഫിസ് മുറിയിൽ നടന്ന റിപ്പോർട്ടിങ്ങ് രണ്ടു മണിക്കൂർ നീണ്ടു നിന്നതായിരുന്നു. സഖാക്കളുടെ സംശയങ്ങൾക്കുള്ള മറുപടി കൂടി കഴിഞ്ഞപ്പോൾ മൂന്നു മണിക്കൂറായി.

ക്രമേണ ഞാൻ ടൗണിലെ തൊഴിലാളി സമരങ്ങളിൽ പങ്കെടുക്കുവാൻ തുടങ്ങി. ഈ കാലത്താണ് ഹൈസ്ക്കൂൾ ജംഗ്ഷനിൽ ഒരു വാടക വീട്ടിൽ സി.പി.ഐ(എം) ജില്ലാ കമ്മിറ്റി ഓഫിസ് വരു

ന്നത്. പത്രപാരായണത്തിന് ഞാൻ അവിടുത്തെ സ്ഥിരം സന്ദർശകനായി. ജില്ലാ കമ്മിറ്റി സെക്രട്ടറി സ: എൻ ശ്രീധരനും ഓഫിസ് സെക്രട്ടറി ശങ്കരപ്പിള്ളയുമായിരുന്നു. ശങ്കരപ്പിള്ള നടപടിക്ക് വിധേയനായതിനെ തുടർന്ന് സ: പി.കെ ഗുരുദാസൻ ഓഫിസ് സെക്രട്ടറിയായി. പാർട്ടിയുമായി ബന്ധപ്പെട്ട എല്ലാ വർഗ്ഗ ബഹുജനസംഘടനകളുടെയും ഓഫീസ് അവിടെയായിരുന്നു. ദേശാഭിമാനി ഓഫീസും അവിടെയായിരുന്നു. ജില്ലാ കമ്മിറ്റി ഓഫീസിലെ നിത്യസന്ദർശനത്തിനിടയിൽ സ: കുറ്റിയിൽ സോമനെ പരിചയപ്പെടുകയുണ്ടായി. അദ്ദേഹം അന്ന് കെ.എസ്.വൈ.എഫ് (കേരള സ്റ്റേറ്റ് യൂത്ത് ഫെഡറേഷൻ) ജില്ലാ സെക്രട്ടറിയായിരുന്നു. കെ.എസ്.വൈ.എഫ് പ്രവർത്തനങ്ങളിൽ പങ്കെടുക്കണമെന്ന് അദ്ദേഹം എന്നോട് ഉപദേശിച്ചു.

1972 മാർച്ച് 5-ാം തീയതി സി.പി.ഐ (എം) ജില്ലാ കമ്മിറ്റി ഓഫീസിൽ കൂടുന്ന കെ.എസ്.വൈ.എഫ് താലൂക്ക് പ്രവർത്തക യോഗത്തിൽ പങ്കെടുക്കണമെന്ന് സോമൻ സാർ അറിയിച്ചു. അതനുസരിച്ച് ഞാൻ സമ്മേളനത്തിൽ പങ്കെടുത്തു. ഈ സമ്മേളനത്തിൽ വച്ച് തികച്ചും അപ്രതീക്ഷിതമായി എന്നെ താലൂക്ക് പ്രസിഡന്റായി തിരഞ്ഞെടുത്തു. കെ.എസ്.വൈ.എഫിന്റെ സംഘടനാ പ്രവർത്തനം ശരിപ്പെടുത്താനും അതിന്റെ സമരങ്ങളിൽ യുവാക്കളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാനുമുള്ള ശ്രമങ്ങൾ ഞാൻ ആരംഭിച്ചു. താലൂക്കിലെ എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചു. നിരവധി ചെറുപ്പക്കാരെ സംഘടനയിൽ കൊണ്ടു വന്നു. താലൂക്ക് കമ്മിറ്റിയിലെ എന്റെ സഹപ്രവർത്തകരായിരുന്നു. സ: പി.രാജേന്ദ്രൻ എം.പിയും അന്തരിച്ച സ: ജോസുകുട്ടിയും. അക്കാലത്തെ സംസ്ഥാന കെ.എസ്.വൈ.എഫ് പ്രസിഡന്റായിരുന്ന സ: എസ് രാമചന്ദ്രൻപിള്ളയുടെ നേതൃത്വത്തിൽ തൊഴിലില്ലായ്മക്കെതിരായ സംസ്ഥാന ജാഥ വിജയിപ്പിച്ചു. തുടർന്നു സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനമനുസരിച്ച് കൊല്ലം കളക്ട്രേറ്റിനു മുന്നിൽ 24 മണിക്കൂർ നിരാഹാര സമരം നടത്തി. ഒരിക്കലും ഈ സമരത്തെ എനിക്ക് മറക്കാൻ കഴിയുന്നില്ല. കളക്ട്രേറ്റിന്റെ മെയിൻ ഗേറ്റിനു മുന്നിൽ സമരമിരുന്ന സഖാക്കൾ രാത്രിയിൽ ഉറങ്ങിപ്പോയി. വെളുപ്പിന് എഴുന്നേറ്റപ്പോൾ അറിയുന്ന വാർത്ത കളക്ട്രേറ്റിനു മുന്നിലെ പോസ്റ്റോഫിസ് കള്ളന്മാർ കുത്തി തുറന്നു പണമെല്ലാം എടുത്തു കൊണ്ടു

പോയെന്നാണ്. ഞങ്ങളെ പോലീസ് സംശയിക്കുമോ എന്ന് ഞങ്ങൾ ഭയന്നു. കട്ടവനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിക്കുന്നതാണല്ലോ പോലീസ് ന്യായം. എന്നാൽ ഞങ്ങൾക്കൊന്നും സംഭവിച്ചില്ല. സമരം കഴിഞ്ഞ് എല്ലാവരും വീട്ടിൽ പോയി. യുവജന സംഘടനയിൽ എന്റെ പ്രവർത്തനം ഒരു വർഷം തികയുന്നതിനു മുൻപ് പാർട്ടി എന്നെ ട്രേഡ്‌യൂണിയൻ രംഗത്തേക്ക് നിയോഗിച്ചു.

1973 മാർച്ച് 29, 30, തീയതികളിൽ കൊല്ലം ചിറ്റടീശ്വരം റെഡ്ഡിയാർ ഐക്യസംഘം ഹോളിൽ ചേർന്ന സി.ഐ.ടി.യൂ ജില്ലാ സമ്മേളനത്തിൽ എന്നെ ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുത്തു. എറണാകുളത്തു നടക്കാൻ പോകുന്ന സി.ഐ.ടി.യൂ കോൺഫ്രൻസിലേക്കും തിരഞ്ഞെടുത്തു. സി. പി. കരുണാകരൻ പിള്ളയെ പ്രസിഡന്റായും എൻ. പത്മലോചനനെ സെക്രട്ടറിയായും ഈ സമ്മേളനം തിരഞ്ഞെടുക്കുകയുണ്ടായി. സമ്മേളനം കഴിഞ്ഞ ഉടനെതന്നെ കൊല്ലം ഹൈസ്ക്കൂൾ ജംഗ്ഷനിൽ ഒരു വീട് ജില്ലാ കമ്മിറ്റി ഓഫിസിനു വേണ്ടി വാടകയ്ക്കു എടുത്തു. എന്റെ പ്രവർത്തന കേന്ദ്രം സി.ഐ.ടി.യു ജില്ലാ കമ്മിറ്റി ഓഫീസായി. എന്നെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചത് സ: സി.പി.കരുണാകരൻ പിള്ളയും പത്മലോചനനുമായിരുന്നു. സി.ഐ.ടി.യു വിന്റെ അഖിലേന്ത്യ കോൺഫ്രൻസുകളും ജനറൽ കൗൺസിലുകളും വർക്കിംഗ് കമ്മിറ്റികളും എനിക്ക് നല്കിയിട്ടുള്ള അറിവും അനുഭവങ്ങളും വിസ്മരിക്കാൻ കഴിയില്ല. സെന്റർ ഓഫ് ഇന്ത്യൻ ട്രേഡ് യൂണിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)ന്റെ തൊഴിലാളി വിഭാഗമാണ്. ഇന്ത്യയിലെ തൊഴിലാളികൾക്കിടയിൽ സ്വാധീനമുള്ള സംഘടനയാണിത്. 1970 ജനുവരിയിൽ ഗുഡൂർ വച്ച് നടന്ന എ.ഐ.ടി.യു.സി വർക്കിങ്ങ് കമ്മിറ്റയിൽ ഒരു വിഭാഗം അതിന്റെ ജനാധിപത്യവിരുദ്ധവും തൊഴിലാളി ദ്രോഹകരവുമായ നയങ്ങളിൽ പ്രതിഷേധമുള്ള ട്രേഡ് യൂണിയൻ പ്രവർത്തകരുടെ ഒരു സമ്മേളനം 1970 എപ്രിൽ 9, 10, തിയതികളിൽ ഗോവയിൽ വാസ്കോ ഡി ഗാമയിൽ ചേർന്ന് ഒരു പുതിയ ട്രേഡ് യൂണിയൻ കേന്ദ്രം രൂപികരിക്കുവാൻ തീരുമാനിച്ചു. തുടർന്ന് 1970 മേയ് 28 – 30 തീയതികളിൽ കൊൽക്കത്തയിലെ രഞ്ജിത്ത് സ്റ്റേഡിയത്തിൽ (ലെനിൻ നഗർ) ചേർന്ന കോൺഫ്രൻസിൽ വെച്ചാണ് സി.ഐ.ടി.യൂ രൂപം കൊണ്ടത്. ഈ സ്ഥാപകസമ്മേളനത്തിനു

ശേഷം നടക്കുന്ന സി.ഐ.ടി.യു വിന്റെ 2-ാമത് കോൺഫ്രൻസിൽ പങ്കെടുക്കുവാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ടായി. രണ്ടാം അഖിലേന്ത്യ കോൺഫ്രൻസ് 1973 ഏപ്രിൽ 18 - 22 വരെയായിരുന്നു. ദേശീയമായി വലിയ രാഷ്ട്രിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു സമ്മേളനം. സി.ഐ.ടി.യു പ്രസിഡന്റ് നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ തൊഴിലാളികൾക്കെതിരെ "മിസ" പ്രയോഗിക്കുന്നതിനെതിരെ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു. അക്കാലത്ത് ബംഗാളിൽ അരങ്ങേറിയ കോൺഗ്രസ്സിന്റെ അർദ്ധ ഫാസിസ്റ്റ് വാഴ്ചയേയും അദ്ദേഹം പരാമർശിച്ചു. യൂണിയനുകൾക്കെതിരെയുള്ള ആക്രമണങ്ങളെ പറ്റിയും സംഘടനാകാര്യങ്ങളും ജനറൽ സെക്രട്ടറിയായിരുന്ന പി. രാമമൂർത്തിയാണ് അവതരിപ്പിച്ചത്. ബി. ടി. രണദിവേയുടെയും പി.രാമമൂർത്തിയുടെയും പ്രസംഗങ്ങൾ എന്നെ വല്ലാതെ സ്വാധീനിച്ചു.

സമ്മേളനം കഴിഞ്ഞാണ് സി.ഐ.ടി.യു കൊല്ലം ജില്ലാ ഭാരവാഹികളുടെ ജോലി വിഭജിച്ചത്. സി.ഐ.ടി.യു ഓഫിസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുക എന്നതായിരുന്നു എന്റെ ജോലി. ജില്ലയിലെ വിവിധ ട്രേഡ് യൂണിയനുകളുമായി ബന്ധപ്പെട്ട് തൊഴിൽ നിയമങ്ങളൊക്കെ നന്നായി പഠിച്ചു. ഇത് എന്റെ ഭാവി പ്രവർത്തനങ്ങളെ സഹായിച്ചു. ഇന്ന് ട്രേഡ് യൂണിയൻ നേതാവാകുന്നതിന് ഇതൊന്നും വേണ്ടെന്ന് വന്നിട്ടുണ്ട്. ട്രേഡ് യൂണിയൻ പ്രവർത്തനത്തിന് ചില "പൂഴിക്കടകൻ പ്രയോഗങ്ങൾ" മതിയെന്നായിട്ടുണ്ട്.

ഈ കാലത്താണ് ഞാൻ പാർവതി മിൽസ് വർക്കേഴ്സ് യൂണിയൻ സെക്രട്ടറിയായത്. വലിയ സന്തോഷമാണ് ഈ സ്ഥാനലബ്ധിയിൽ എനിക്കുണ്ടായത്. പാർവതി മില്ലിനും അതിലെ തൊഴിലാളി പ്രസ്ഥാനത്തിനും കൊല്ലത്തിന്റെ ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. കൊല്ലത്തെ ആദ്യത്തെ യന്ത്രവല്കൃത വ്യവസായ സ്ഥാപനമാണ് പാർവതി മിൽസ്. 1884ൽ ജെയിംസ് ദാരാസ് എന്ന ബ്രിട്ടീഷുകാരനാണ് ഇതിന്റെ സ്ഥാപകൻ. അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന വിശാഖം തിരുന്നാൾ മഹാരാജാവാണ് മിൽ സ്ഥാപിക്കുന്നതിന് ദാരാസ് സായിപ്പിനെ ക്ഷണിച്ചു കൊണ്ടു വന്നത്. മില്ലിനെ ആദ്യം "ഡേറ മിൽ" എന്നാണ് വിളിച്ചിരുന്നത്. 1932-ൽ ഗുജറാത്തികളായ അമൃതലാലും ഡ്യതലാലും മില്ല് സായിപ്പിൽ

നിന്നും വിലയ്ക്കു വാങ്ങി. അന്നു മുതൽ 25 വർഷകാലം എ.ഡി കോട്ടൺ മിൽസ് എന്നാണ് ഈ സ്ഥാപനം അറിയപ്പെട്ടിരുന്നത്. 1957 തമിഴ്നാട്ടുകാരനായ കരിമുള്ള ത്യാഗരാജ ചെട്ടിയാർ മിൽ എറ്റെടുത്തു. മില്ലിന് അദ്ദേഹത്തിന്റെ മലയാളി ഭാര്യയുടെ പേര് നല്കി. 1972 ചെട്ടിയാരിൽ നിന്നു കേരള ടെക്സ്റ്റയിൽ കോർപ്പറേഷൻ ഏറ്റെടുത്തു. പിന്നിട് 1974ൽ മിൽ നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന് കീഴിലായി. പട്ടണത്തിന്റെ ഹൃദയതുടിപ്പായിരുന്ന മില്ലിന്റെ സ്പന്ദനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. ഇതിനു കാരണം എന്താണെന്ന് എനിക്ക് അറിയില്ല.

മില്ലിനോളം തന്നെ ചരിത്രമുണ്ട് അവിടുത്തെ തൊഴിലാളി പ്രസ്ഥാനത്തിന്. അവകാശസമരങ്ങളിൽ മാത്രമല്ല ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭങ്ങളിലും തിരുവിതാംകൂറിലെ ഉത്തരവാദപ്രക്ഷോഭങ്ങളിലും പങ്കെടുത്ത പാരമ്പര്യമുള്ളവരാണ് പാർവതി മിൽസ് തൊഴിലാളികൾ. ദേശീയ സ്വാതന്ത്ര്യസമരകാലത്തെ ദേശീയ പണിമുടക്കുകളിലെല്ലാം പങ്കെടുത്തിട്ടുള്ളവരാണിവർ. 1938-ൽ തിരുവിതാംകൂറിലെ ഉത്തരവാദപ്രക്ഷോഭണത്തിന്റെ ഭാഗമായി കന്റോൺമെന്റ് മൈതാനത്ത് സംഘടിപ്പിക്കപ്പെട്ട യോഗത്തിലേക്ക് മിൽ തൊഴിലാളികളെ നയിച്ച സ: ലക്ഷ്മണൻ വെടിയേറ്റു മരിച്ചു. തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരത്തിലെ രക്തസാക്ഷിയായി. നിരവധി അവകാശ സമര പോരാട്ടങ്ങളാണ് മില്ലിൽ നടന്നിട്ടുള്ളത്. കൊല്ലവർഷം 1124 ഇടവം 11-ന് (1949 മേയ്) മില്ലിൽ നടന്ന സമരം കേരളത്തിലെ തൊഴിലാളി സമര ചരിത്രത്തിൽ ഇടം പിടിച്ചിട്ടുണ്ട്. ഞാൻ സെക്രട്ടറിയാകുന്ന സമയത്ത് ത്യാഗരാജ ചെട്ടിയാർ അടച്ചുപൂട്ടിയ മിൽ കേരള സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് സമരം നടക്കുകയായിരുന്നു. ഏതാണ്ട് മൂന്നു ദശാബ്ദകാലം മില്ലിൽ നടന്ന എല്ലാ സമരങ്ങൾക്കും നേതൃത്വം നല്കാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തോടെ ഞാൻ ഓർക്കുന്നു.

1973 മേയ് 5-ാം തിയതി ചവറ കേരള മിനറൽസ് ആന്റ് മെറ്റൽസ് തൊഴിലാളി യൂണിയൻ വാർഷികത്തിൽ പങ്കെടുക്കുവാൻ ഞാൻ സ: പത്മലോചനനോടൊപ്പം പോയി. സമ്മേളനം തൊഴിലാളികളുടെ വെയിറ്റിംഗ് ഷെഡിൽ വച്ചായിരുന്നു. സമ്മേളനം എന്നെ പ്രസിഡന്റായും പത്മലോചനനെ സെക്രട്ടറിയായും രാമകൃഷ്ണനെ

ജനറൽ കൺവീനറായും തിരഞ്ഞെടുത്തു. എന്റെ ഒരു ചിരകാലാഭിലാഷമായിരുന്നു മണ്ണു കമ്പനി കാണണമെന്നത്. യൂണിയന്റെ കമ്മിറ്റി കൂടാൻ മാസത്തിലൊരിക്കൽ കമ്പനിയിൽ പോകുമായിരുന്നു. ഇന്നത്തെപ്പോലെ ചവറ തോട്ടിനക്കരെയുള്ള കമ്പനിയിലേക്ക് പോകാൻ സൗകര്യമുണ്ടായിരുന്നില്ല. ശങ്കരമംഗലത്ത് ബസ്സിറങ്ങി കാൽ നടയായിട്ടായിരുന്നു അവിടേയ്ക്ക് പോയിരുന്നത്. ഇടയ്ക്ക് കമ്പനിയുടെ മുന്നിൽ ചെറിയ ഒരു കടത്തുമുണ്ടായിരുന്നു. കരിമണൽഖനനവും അതിന്റെ വേർതിരിക്കലുമായിരുന്നു കമ്പനിയിൽ നടന്നു കൊണ്ടിരുന്ന ജോലി. കമ്പനിയുടെ മൈനിങ്ങ് ഏരിയ പൊന്മനയിലായിരുന്നു. അവിടെ നിന്നും ഖനനം ചെയ്യുന്ന കരിമണൽ റെയിലിലൂടെ ഓടുന്ന ട്രോളിയിലാണ് തൊഴിലാളികൾ തള്ളി കൊണ്ടു വന്നിരുന്നത്. അതികഠിനമായൊരു ജോലിയായിരുന്നു ഇത്. ഈ തൊഴിലാളികളെ മൈനിങ്ങ് തൊഴിലാളികളെന്നായിരുന്നു വിളിച്ചിരുന്നത്. എന്നാൽ ഇവർക്ക് മൈനിങ്ങ് തൊഴിലാളികളുടെ യാതൊരു ആനുകൂല്യവും ഇല്ലായിരുന്നു. ജോലി സ്ഥിരതയില്ലായിരുന്നു. ജോലി സ്ഥിരതയും മറ്റാനുകൂല്യങ്ങൾക്കും വേണ്ടി ഞങ്ങൾ നടത്തിയ സമരങ്ങളുടെ ഫലമായി മുഴുവൻ മൈനിങ്ങ് തൊഴിലാളികളും സി.ഐ.ടി.യു അംഗങ്ങളായി. യൂണിയന്റെ സജീവ പ്രവർത്തനം ഫാക്ടറി തൊഴിലാളികളെയും സ്റ്റാഫിനെയും സി.ഐ.ടി.യുക്കാരാക്കി മാറ്റി. ചവറയിലെ കരിമണൽ മേഖലയിൽ ബേബി ജോണിന്റെ നേതൃത്വത്തിലുള്ള യു.ടി.യു.സി കൊടി കുത്തിവാണിരുന്ന കാലത്താണ് ഞങ്ങൾ അവിടെ തൊഴിലാളികളെ സംഘടിപ്പിച്ചത്. കെ.എം.എം.എൽ മിനറൽ സെപ്പറേഷൻ യൂണിറ്റിലെ പ്രവർത്തനമാണ് ടൈറ്റാനിയം ഫാക്ടറി സ്ഥാപിക്കപ്പെട്ടപ്പോൾ അവിടെ സി.ഐ.ടി.യു. മേജർ ട്രേഡ് യൂണിയനായി മാറുന്നതിന് ഇടയാക്കിയത്.

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പൂർവ്വനാമം എഫ്.എക്സ് പെരേര ആന്റ് സൺസ് ട്രാവൻകൂർ പ്രൈവറ്റ് ലിമിറ്റഡ് എന്നായിരുന്നു. 1932ൽ എഫ്.എക്സ്. പെരേര സ്ഥാപിച്ചതാണ് ഈ കമ്പനി. അക്കാലത്തെ ഏറ്റവും നല്ല സാങ്കേതിക വിദ്യയാണ് കരിമണൽ വേർതിരിക്കുന്നതിന് ഉപയോഗിച്ചത്. പെരേരായുടെ ഭാവനാപൂർണ്ണമായ പ്രവർത്തനത്തിന്റെ ഫലമായി വ്യവസായം ശക്തി പ്രാപിച്ചു; വമ്പിച്ച ലാഭം കൊയ്തു. പെരേര കോടീശ്വരനാ

യി. പെരേര താമസിച്ചിരുന്ന വീട്ടിലാണ് കാഷ്യൂ കോർപ്പറേഷൻ ഓഫിസ് സ്ഥിതി ചെയ്യുന്നത്. 1950 കളുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും കമ്പനിയിൽ തല പൊക്കി. കമ്പനി നഷ്ടത്തിലായി. കമ്പനി പൂട്ടി. പെരേര പാപ്പരായി. കുമ്പളത്തു ശങ്കുപിള്ളയുടെ പരിശ്രമഫലമായി 1956ൽ കമ്പനി സർക്കാർ ഏറ്റെടുത്തു. കെ.എം. എം.എൽ എന്നു പേരിട്ടു.

"ധാതുസമ്പത്തുള്ള രാജാവ് ശക്തനായിരിക്കും" എന്നാണ് ചാണക്യസൂത്രം. നീണ്ടകര മുതൽ ആയിരംതെങ്ങു വരെ 25 കിലോമീറ്റർ ദൈർഘ്യത്തിൽ കരിമണൽ നിക്ഷേപമുണ്ട്. പ്രധാനമായും 6 ധാതുക്കളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഇൽമനെറ്റ്, റൂട്ടയിൽ, ലുകോസിൻ, സിലിമിനേറ്റ്, സിർക്കോൺ, മോണോസൈറ്റ് എന്നിവയാണവ. മോണോസൈറ്റിൽ നിന്നാണ് റേഡിയോ ആക്ടീവ് മൂലകമായ "തോറിയം" വേർതിരിച്ചെടുക്കുന്നത്. ഇത് ആണവ ഇന്ധനമായി ഉപയോഗിക്കാം. ഇൽമിനൈറ്റ്, റൂട്ടയിൽ എന്നിവയിൽ നിന്നും ടൈറ്റാനിയം ഡൈഓക്സിഡും ടൈറ്റാനിയവും ഉല്പാദിപ്പിക്കാം. ഇതുപോലെ കരിമണലിലെ മറ്റെല്ലാ ഘടകങ്ങൾക്കും വമ്പിച്ച വ്യവസായ പ്രാധാന്യമുണ്ട്. സ്വർണ്ണത്തെക്കാൾ മൂല്യമുള്ള കരിമണൽ വേണ്ട വിധത്തിൽ വ്യാവസായികമായി ഉപയോഗിക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

അക്കാലത്തെ എന്റെ സമരാനുഭവങ്ങളിലൊന്ന് 'മലയാളരാജ്യം' പ്രസ്സിലെ തൊഴിലാളികളുടെ സമരമാണ്. കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ ഒന്നായിരുന്ന മലയാളരാജ്യം 1973ൽ അടച്ചുപൂട്ടി. അടച്ചു പൂട്ടുമ്പോൾ തൊഴിലാളികൾക്ക് നല്കേണ്ട ആനൂകുല്യങ്ങളൊന്നും നല്കിയില്ല. തൊഴിലാളികൾ സമരത്തിലായി. തൊഴിലാളികൾ യു.ടി.യു.സി യിലും സി.ഐ.ടി.യു വിലും അംഗങ്ങളായിരുന്നു. പത്രസ്ഥാപനത്തിനു മുന്നിലെ സമരം മൂന്നു മാസക്കാലം നീണ്ടു നിന്നു. അവസാനം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്ന ഒരു കരാർ ഉണ്ടാക്കി. ഈ സമരത്തിനിടയിലായിരുന്നു സ: ആർ. എസ്. ഉണ്ണിയുമായി അടുത്തിടപ്പെട്ടത്.

1928ൽ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഉണിച്ചക്കം വീട്ടിൽ കെ.ജി.ശങ്കറിന്റെ പത്രാധിപത്യത്തിൽ ആരംഭിച്ചതാണ് 'മലയാളരാജ്യം'. ആദ്യം വാരികയായി തുടങ്ങിയ മലയാളരാജ്യം 1931

ൽ ദിനപത്രമായി. കേരളത്തിലെ ആദ്യത്തെ പ്രഭാത ദിനപത്രം ഇതായിരുന്നു. കേരളത്തിൽ ബഹുവർണ്ണ ചിത്രങ്ങളുമായി പുറത്തു വന്ന വാരിക മലയാളരാജ്യമായിരുന്നു. ആദ്യം റോട്ടറി പ്രസ്സ് വരുത്തിയതും അവരാണ്. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ആ സ്ഥാപനത്തെ നശിപ്പിച്ചത് അതിലെ ഡയറക്ടർ ബോർഡ് അംഗങ്ങളായിരുന്ന ഉണിച്ചക്കം വീട്ടിലെ കുടുംബാംഗങ്ങളായിരുന്നു. ലിക്വിഡേഷനിലായ മലയാളരാജ്യം കമ്പനിയുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തിയപ്പോൾ ആസ്തി കൂടുതലും ബാധ്യത കുറവുമായിരുന്നു.

റെയിൽവേ തൊഴിലാളി സമരങ്ങളുടെ കേരളത്തിലെ ഒരു മുഖ്യ കേന്ദ്രമായിരുന്നു കൊല്ലം. കൊല്ലത്തെ സമരകേന്ദ്രം ലോക്കോ ഷെഡും പരിസരവും. ദക്ഷിണ റെയിൽവേയുടെ പ്രധാനപ്പെട്ട ലോക്കോ ഷെഡുകളിൽ ഒന്നായിരുന്നു കൊല്ലത്തേത്. റെയിൽവേ തൊഴിലാളികളുടെ സമരങ്ങളിൽ ഭാഗഭാക്കാകാൻ കഴിഞ്ഞത് ജീവിതത്തിലെ അസുലഭ സന്ദർഭമായിട്ടാണ് ഞാൻ കരുതുന്നത്. 1973 - 1974 കാലഘട്ടം റെയിൽവേ ലോക്കോ റണ്ണിങ്ങ് സ്റ്റാഫുകളുടെ പണിമുടക്കുകളുടെ കാലമായിരുന്നു. ലോക്കോ റണ്ണിങ്ങ് സ്റ്റാഫുകൾക്ക് ജോലി സമയത്തിൽ യാതൊരു ക്ലിപ്തയുമില്ലായിരുന്നു. ലോക്കോഡ്രൈവർമാർ 18ഉം 20ഉം മണിക്കൂറുകൾ തുടർച്ചയായി ജോലി ചെയ്യാൻ നിർബന്ധിതരായി. റെയിൽവേ സ്റ്റേഷനുകളോടനുബന്ധിച്ചുള്ള അവരുടെ റസ്റ്റ് റൂമുകളുടെ അവസ്ഥയും ശോചനീയമായിരുന്നു. ജോലി സമയം എട്ടു മണിക്കൂറാക്കണമെന്നും ജോലി സാഹചര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും ആവശ്യം ഉന്നയിച്ചു കൊണ്ടുമായിരുന്നു. ഇവരുടെ പണിമുടക്കുകൾ. പണി മുടക്കിന് നേതൃത്വം നല്കിയവരെ പിരിച്ചു വിട്ടു കൊണ്ടാണ് റയിൽവേ പണിമുടക്കിനെ നേരിട്ടത്. ലോക്കോ റണ്ണിങ്ങ് സ്റ്റാഫിന്റെ സമരങ്ങൾ റെയിൽവേ തൊഴിലാളികളിൽ പുതിയൊരു ഉണർവ്വ് പകർന്നു. ഈ സമരങ്ങൾക്കിടയിലാണ് റയിൽവേ തൊഴിലാളികളുടെ ആരാധ്യനായ നേതാവായിരുന്ന അനന്തൻ നമ്പ്യാരെ പരിചയപ്പെടുന്നത്. സമരത്തിലേർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് ആവേശം പകരുവാനാണ് അദ്ദേഹം കൊല്ലത്തെത്തിയത്. തിരുച്ചിറപള്ളിയിലെ റയിൽവേ ഗോൾഡൻ റോക്ക് വർക്ക് ഷോപ്പിലെ ഐതിഹാസികമായ സമരത്തിന്റെ നായകനായിരുന്നു അദ്ദേഹം. തിരുച്ചിറപ്പള്ളി ലോ

ക്സഭാ മണ്ഡലത്തിൽ നിന്നും എം.പി.യായി അദ്ദേഹത്തെ രണ്ടു പ്രാവശ്യം തിരഞ്ഞെടുത്തിരുന്നു.

1974 ആയപ്പോഴെയ്ക്കും റയിൽവേയിലെ എല്ലാ വിഭാഗം തൊഴിലാളികളും അസംതൃപ്തരായി. അവരുടെ അടിയന്തിരാവശ്യങ്ങൾ ഉയർത്തിക്കൊണ്ട് ജോർജ് ഫെർണാണ്ടസ്സിന്റെ നേതൃത്വത്തിലുള്ള എച്ച്.എം.എസ്സും സി.ഐ.ടി.യുവും റെയിൽവേയിൽ ഒരു സംയുക്ത സമരപരിപാടി ആരംഭിച്ചു. എ.ഐ.ടി.യു.സിയും പിന്നിട് സമര പരിപാടികൾക്ക് പിന്തുണ പ്രഖ്യാപിച്ചു. ഈ ട്രേഡ് യൂണിയൻ ഐക്യസമരസമിതിയുടെ സമരങ്ങളുടെ ഒരു ഘട്ടത്തിൽ ഒരു അനിശ്ചിതകാല അഖിലേൻഡ്യ റെയിൽവേ പണിമുടക്കിന് ആഹ്വാനം ചെയ്തു. പണിമുടക്കം തുടക്കത്തിൽ വിജയമായിരുന്നു. ഇൻഡ്യൻ റെയിൽവേ അതിന്റെ ചരിത്രത്തിലാദ്യമായി സ്തംഭിച്ചു. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി ക്ഷുഭിതയായി. റെയിൽവേ പണിമുടക്ക് അടിച്ചമർത്താൻ അവർ ഉത്തരവിട്ടു. റെയിൽവേ പരിസരങ്ങളിൽ തൊഴിലാളികൾ കൂട്ടംകൂടുന്നതും പ്രകടനംനടത്തുന്നതും നിരോധിച്ചു. റെയിൽവേ തൊഴിലാളി നേതാക്കന്മാർക്കെതിരെ കരിനിയമങ്ങളായ എസ്മയും ഡി.ഐ.ആറും പ്രയോഗിച്ചു. തൊഴിലാളികൾക്കെതിരെ മൃഗീയമായ മർദ്ധനമുറകൾ അഴിച്ചുവിട്ടു. ഭീകരമായ അടിച്ചമർത്തലിനു വിധേയരായ തൊഴിലാളികളെ സഹായിക്കാനും സമരത്തിന് ആവേശം പകരുവാനും സ: എ.കെ.ജി. കൊല്ലത്തെത്തി. പണിമുടക്കിന് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് നടത്തിയ അഖിലേന്ത്യ ബന്ദ് വിജയകരമായിരുന്നു. ബന്ദുമായി ബന്ധപ്പെട്ട് പ്രകടനം നടത്തിയവരെ നിഷ്ഠൂരമായി ലാത്തിച്ചാർജ് ചെയ്തു. എന്നാൽ ഒരു ഘട്ടമെത്തിയപ്പോൾ പണിമുടക്ക് പിൻവലിച്ചു. റയിൽവേ തൊഴിലാളി സമരങ്ങളെ സഹായിക്കാൻ സി.ഐ.ടി.യു പ്രതിനിധിയെന്ന നിലയിൽ ഞാൻ തൊഴിലാളികളോടൊപ്പം രാവും പകലും ഉണ്ടായിരുന്നു. പണിമുടക്ക് പിൻവലിച്ചതിന് ശേഷം കൊല്ലത്തെത്തിയ ജോർജ് ഫെർണാണ്ടസ്സിന് ആവേശോജ്ജ്വലമായ സ്വീകരണമാണ് തൊഴിലാളികൾ നല്കിയത്. റയിൽവേ പണിമുടക്കിൽ സി.ഐ.ടി.യു വഹിച്ച പങ്ക് റയിൽവേ തൊഴിലാളികൾക്കിടയിൽ വലിയ മതിപ്പ് ഉളവാക്കി. റെയിൽവേ സമരങ്ങൾ നടന്നു കൊണ്ടിരിക്കുമ്പോൾ എറണാകുളം - തിരുവനന്തപുരം ബ്രോഡ്ഗേജ് മാറ്റം നടക്കുകയായിരുന്നു. കൺവർഷൻ

പ്രോജക്ടിൽ മാപ്പിള ഖലാസികൾ ഉൾപ്പെടെ രണ്ടായിരത്തോളം കാഷ്വൽ തൊഴിലാളികൾ ഉണ്ടായിരുന്നു. റയിൽവെ ഉദ്യോഗസ്ഥർ അവരെ അടിമകളെപ്പോലെയാണ് കണ്ടിരുന്നത്. റയിൽവേ ഉദ്യോഗസ്ഥൻമാരുടെ വീട്ടുപണി ചെയ്യുന്നതും അവരായിരുന്നു. റയിൽവേ സമരത്തിനിടയിൽ എന്നെ പരിചയപ്പെട്ട ഈ വിഭാഗത്തിലെ തൊഴിലാളികൾ ഒരു യൂണിയൻ രൂപികരിക്കണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെയാണ് സതേൺ റയിൽവേ കാഷ്വൽ തൊഴിലാളി യൂണിയൻ എന്ന സംഘടന രൂപികരിക്കുന്നത്. എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള മുഴുവൻ തൊഴിലാളികളും യൂണിയൻ അംഗങ്ങളായി. തൊഴിലാളികളുടെ മേലുള്ള ഉദ്യോഗസ്ഥന്മാരുടെ മോശം പെരുമാറ്റങ്ങൾക്കറുതി വരുത്തുവാനായിരുന്നു ആദ്യശ്രമം. കൂലി വർദ്ധനവിനും അദ്ധ്വാന ഭാരം കുറയുന്നതിനും ജോലി സ്ഥിരതയ്ക്കും വേണ്ടി നിരവധി സമരങ്ങളിൽ യൂണിയൻ ഏർപ്പെട്ടു. ഈ സമരങ്ങളിൽ നിന്നും നിരവധി പേർ പാർട്ടി പ്രവർത്തകരായിട്ടുണ്ട്. അതിൽ ഒരാളാണ് ഡി.ആർ.ഇ.യു നേതാവായിരുന്ന സ: പേട്ട ബാബു. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതോടെ റയിൽവേ യൂണിയന്റെ പ്രവർത്തനം നിരോധിച്ചു. പ്രവർത്തനം രഹസ്യമായി തുടർന്നു. അടിയന്തിരാവസ്ഥയ്ക്കു ശേഷം അധികാരത്തിൽ വന്ന ഇൻഡ്യാ ഗവൺമെന്റിലെ റയിൽവേ മന്ത്രിയായിരുന്ന മധുദന്തവാദേ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. ഇതിന് മുൻകൈ എടുത്തതും സി.ഐ.ടി.യു ആയിരുന്നു.

റയിൽവേ സമരം താല്കാലികമായി പരാജയപ്പെട്ടെങ്കിലും അത് സൃഷ്ടിച്ച അലകൾ തൊഴിലാളികൾക്കിടയിൽ ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കി. അസംഘടിതമായ പല തൊഴിലാളി വിഭാഗങ്ങളും സംഘടിക്കാൻ തുടങ്ങി. അതിലൊന്നായിരുന്നു മത്സ്യസംസ്ക്കരണ തൊഴിലാളികൾ. ഇൻഡ്യയിലെ ഏറ്റവും പ്രമുഖമായ മത്സ്യബന്ധനകേന്ദ്രമാണ് കൊല്ലം. 1960 കളിലും 1970 കളിലും ഏറ്റവും കൂടുതൽ സമുദ്രോല്പന്നങ്ങൾ സംസ്ക്കരിച്ചിരുന്നതും കയറ്റുമതി ചെയ്തിരുന്നതും കൊല്ലത്തായിരുന്നു. ശക്തികുളങ്ങര, നീണ്ടകര, തൃക്കടവൂർ എന്നീ പ്രദേശങ്ങളിൽ ആയിരക്കണക്കിന് തൊഴിലാളികളാണ് ഈ രംഗത്ത് ഉണ്ടായിരുന്നത്. ഇവരിൽ അധികവും പെൺകുട്ടികളായിരുന്നു. തുച്ഛമായ കൂലിക്ക് സമയക്ലിപ്തതയില്ലാതെ ജോലി ചെയ്യാൻ വിധിക്കപ്പെട്ടവരായിരുന്നു ഇവർ. പെൺകുട്ടികൾ

പീലിങ്ങ് ഷെഡുകളിലും മത്സ്യസംസ്ക്കരണ ഫാക്ടറികളിലും ലൈംഗിക ചൂഷണത്തിന് ഇരയാകുന്നത് നിത്യസംഭവമായിരുന്നു. ചെറിയൊരു കാലയളവ് കൊണ്ട് ഈ രംഗത്തെ മുതലാളിമാർ ശതകോടീശ്വരൻമാരായി.

ഈ പശ്ചാത്തലത്തിലാണ് സി.ഐ.ടി.യു നേതൃത്വത്തിൽ ഫിഷ് പ്രോസസിങ്ങ് വർക്കേഴ്സ് യൂണിയൻ രൂപികരിച്ചത്. അക്കാലത്തെ പ്രധാനപ്പെട്ട മത്സ്യസംസ്ക്കരണ കമ്പനികളായിരുന്ന ഓഷാനിക്ക്, എസ്മേരിയോ, മൈസ് എന്നിവിടങ്ങളിലെ തൊഴിലാളികൾ യൂണിയനിൽ ചേർന്നു. ചുവപ്പു കണ്ട കാളയെ പോലെയാണ് മുതലാളിമാർ യൂണിയനെ കണ്ടത്. തൊഴിലാളികളെ യൂണിയനിൽ നിന്നും മാറ്റുന്നതിന് എല്ലാ കുത്സിതശ്രമങ്ങളും അവർ നടത്തി. ഗുണ്ടകളെ ഉപയോഗിച്ച് തൊഴിലാളികളെ ഭീഷണിപ്പെടുത്തി. തൊഴിലാളികളുടെ പൊതുയോഗങ്ങൾ കലക്കി. തൊഴിലാളികൾ സമരത്തിലായപ്പോൾ എസ്മേരിയോയും, മൈസും ലോക്കൗട്ട് ചെയ്തു. ഓഷ്യാനിക്കിൽ മുതലാളിയും മക്കളും ചേർന്ന് തൊഴിലാളികളുടെ യൂണിയൻ അംഗത്വം ഭീഷണിപ്പെടുത്തി പിൻവലിപ്പിച്ചു. തൊഴിലാളികളുടെ അവകാശങ്ങളെല്ലാം നേടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിലും സമരം കൊണ്ട് പ്രയോജനമുണ്ടായി. സമരങ്ങളുമായി സഹകരിച്ച നിരവധിപേർ പാർട്ടി അനുഭാവികളും പാർട്ടി അംഗങ്ങളുമായി.

അക്കാലത്തെ മറക്കാനാവാത്ത ഒരു തൊഴിലാളി സമരമാണ് നാഗലിംഗനാടാരുടെ മില്ലിലെ തൊഴിലാളികൾ നടത്തിയത്. തെക്കേ ഇൻഡ്യയിലെ ഏറ്റവും വലിയ ഭക്ഷ്യഎണ്ണ ഉല്പാദകരായിരുന്നു നാഗലിംഗ നാടാർ ആന്റ് സൺസ്. തൊഴിലാളി യൂണിയൻ എന്നു കേട്ടാൽ പോലും സഹിക്കാൻ കഴിയുന്നവരായിരുന്നില്ല നാടാരും മക്കളും. യൂണിയനിൽ ചേർന്നാൽ തൊഴിലാളികളെ വെടിവച്ചു കൊല്ലുമെന്നായിരുന്നു അവർ ഭീഷണിപ്പെടുത്തിയിരുന്നത്. തൊഴിലാളികളുടെ ആവശ്യങ്ങൾ അടങ്ങുന്ന യൂണിയന്റെ കത്തു കിട്ടിയ ഉടനെ തന്നെ തൊഴിലാളികളെ മുഴുവൻ മില്ലിൽ നിന്നും ഇറക്കി ഗേറ്റ് പൂട്ടി. മറ്റു മാർഗ്ഗമൊന്നുമില്ലാത്തതു കൊണ്ട് മില്ലിനു മുന്നിൽ സമരമാരംഭിച്ചു. മിൽ സ്ഥിതി ചെയ്തിരുന്നത് അഷ്ടമുടി കായലിന്റെ തീരത്തെ ഒരു ഒഴിഞ്ഞ പ്രദേശത്തായതു കൊണ്ട് സമരം ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. സമരം നാഗലിംഗ നാടാരുടെ

ചിന്നക്കടയിലെ ബംഗ്ലാവിന്റെ മുന്നിലേക്ക് മാറ്റി. സമരം തുടങ്ങി ഏതാനും ദിവസം കഴിഞ്ഞപ്പോൾ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. അടുത്ത ദിവസം പോലീസുകാർ സമര ഷെഡ് പൊളിച്ചു മാറ്റി. എതിർത്ത തൊഴിലാളികളെ അറസ്റ്റ് ചെയ്തു വിട്ടയച്ചു. ഒരു മാസം കഴിഞ്ഞ് ഞാൻ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ അവിടെയൊരു പുതിയ മുറി കണ്ടു. അതിനു പുറമേ സ്റ്റേഷനിലെ ഫർണ്ണിച്ചർ മുഴുവൻ പുതുപുത്തനും. അന്വേഷിച്ചപ്പോഴറിഞ്ഞത് സമരം പൊളിച്ചതിന് നാടാർ പോലീസിന് നല്കിയ ഉപഹാരമായിരുന്നു അവ.

1975 മേയ് 21 മുതൽ 25 വരെ മുംബൈയിൽ വെച്ചായിരുന്നു സി. ഐ.ടി.യു.വിന്റെ മൂന്നാം അഖിലേൻഡ്യാ സമ്മേളനം. അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ വിയറ്റ്നാം ജനതയും കംബോഡിയൻ ജനതയും നേടിയ വിജയത്തെ പ്രകീർത്തിച്ചു കൊണ്ടാണ് ബി. ടി. രണദിവേയുടെ അദ്ധ്യക്ഷ പ്രസംഗം തുടങ്ങിയത്. കംബോഡിയയിലെയും വിയറ്റ്നാമിലെയും ജനങ്ങളുടെ ചെറുത്തുനിൽപ്പിന്റെ ഫലമായി അമേരിക്കൻ പട്ടാളം കംബോഡിയയിൽ നിന്നും വിയറ്റ്നാമിൽ നിന്നും പിൻവാങ്ങി. സമ്മേളനത്തിൽ പങ്കെടുത്ത കംബോഡിയയിലെയും വിയറ്റ്നാമിലെയും പ്രതിനിധികൾക്ക് വമ്പിച്ച വരവേല്പാണ് ലഭിച്ചത്. തൊഴിലാളി വർഗ്ഗത്തിന്റെ നിരന്തരമായ പോരാട്ടത്തിന്റെ ആവശ്യകത ബി.ടി.ആർ എടുത്തു പറഞ്ഞു. 1966 മുതൽ 1975 വരെയുള്ള കാലയളവിൽ 15 ലക്ഷം തൊഴിലാളികൾ പണിമുടക്കിയെന്ന് പി. രാമമൂർത്തിയുടെ റിപ്പോർട്ടിൽ പറയുകയുണ്ടായി. ഉപസംഹാര പ്രസംഗത്തിൽ ബി.ടി.ആർ പ്രതിനിധികളോട് ആഹ്വാനം ചെയ്തു "നമ്മൾ വർഗ്ഗ സമരത്തിൽ ഉറച്ചു നില്ക്കണം, തൊഴിലാളി കർഷക ഐക്യമാണ് നമ്മുടെ സങ്കല്പം". ബി.ടി.ആറിനെ പ്രസിഡന്റായും, പി.രാമമൂർത്തിയെ ജനറൽ സെക്രട്ടറിയായും, മനോരഞ്ജൻ റോയിയെ ഖജാൻജിയായും തിരഞ്ഞെടുത്തു. എന്നെ സി.ഐ.ടി.യു ജനറൽ കൗൺസിലിലേക്കും.

# തമസ്സിലേക്ക്

ഇൻഡ്യയുടെ രാഷ്ട്രപതിയായിരുന്ന ഫക്രുദ്ദീൻ അലി അഹമ്മദ് 1975 ജൂൺ 25-ാം തിയതി അർദ്ധരാത്രി പ്രഖ്യാപിച്ച അടിയന്തിരാവസ്ഥ എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവിന് കാരണമായി. രാഷ്ട്രീയ പ്രവർത്തനത്തിൽ അടിയുറച്ചു നില്ക്കാൻ എന്നെ പ്രരിപ്പിച്ചത് അടിയന്തിരാവസ്ഥയായിരുന്നു. അക്കാലത്തെ ഭരണകൂടഭീകരത ജനാധിപത്യവിശ്വാസികളെ പ്രതിഷേധിക്കാൻ നിർബന്ധിതരാക്കുന്നതായിരുന്നു. നാട്ടിൽ അരങ്ങേറിയ ജനാധിപത്യ വിരുദ്ധ നടപടികളും സ്വാതന്ത്ര്യ ധ്വംസനങ്ങളും എതിർക്കേണ്ടതാണെന്ന് എനിക്ക് തോന്നി. ജർമ്മൻ കവിയായിരുന്ന മാർട്ടിൻ നിമോളർ ഹിറ്റ്ലറുടെ നാസിസത്തിനെതിരായി എഴുതിയ കവിതയാണെനിക്ക് ഓർമ്മ വന്നത്.

അയാൾ ജൂതൻമാർക്കെതിരെ തിരിഞ്ഞു<br>
ഞാനൊന്നും മിണ്ടിയില്ല<br>
ഞാൻ ജൂതനല്ലായിരുന്നു.<br>
അയാൾ കത്തോലിക്കർക്കെതിരെ തിരിഞ്ഞു.<br>
ഞാനൊന്നും മിണ്ടിയില്ല.<br>
ഞാൻ കത്തോലിക്കനല്ലായിരുന്നു.<br>
അയാൾ കമ്മ്യൂണിസ്റ്റുകാർക്കെതിരെ തിരിഞ്ഞു.<br>
ഞാനൊന്നും മിണ്ടിയില്ല.<br>
ഞാൻ കമ്മ്യൂണിസ്റ്റല്ലായിരുന്നു.<br>
അയാൾ എനിക്കെതിരെ തിരിഞ്ഞു<br>
എനിക്കു ചുറ്റും ശബ്ദിക്കാൻ ആരു മുണ്ടായില്ല....

ജില്ലയിലെ പ്രമുഖ സി.ഐ.ടി.യു നേതാക്കന്മാർക്കെതിരെ മിസ (മെയിന്റനൻസ് ഓഫ് ഇന്റേണൽ സെക്യൂരിറ്റി ആക്റ്റ്) പ്രകാരം അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. സി.ഐ.ടി.യു പ്രസിഡണ്ടായിരുന്ന സി.പി.കരുണാകരൻ പിള്ളയും സെക്രട്ടറിയായിരുന്ന എൻ. പത്മലോചനനും അറസ്റ്റിലായി. പൂജപ്പുര സെന്ട്രൽ ജയിലിൽ അടയ്ക്കപ്പെട്ടു. മറ്റു ചിലർ ഒളിവിൽ പോയി. ഈ സാഹചര്യത്തിലാണ് എന്നെ സി.ഐ.ടി.യു ജില്ലാ ആക്ടിംഗ് സെക്രട്ടറിയായി തിരഞ്ഞെടുത്തത്.

ജയപ്രകാശ് നാരായണൻ (ജെ.പി.) പ്രസ്ഥാനമോ, റയിൽവേ പണിമുടക്കോ ഭാരത് ബന്തോ ഇന്ദിരാഗാന്ധിയെ പ്രധാനമന്ത്രി പദത്തിൽ നിന്നും ഇറക്കിയില്ല. എന്നാൽ അവർക്കെതിരെ ഒരു തിരഞ്ഞെടുപ്പ് കേസിലുണ്ടായ അലഹബാദ് ഹൈക്കോടതി വിധി അതു തന്നെ ചെയ്തു. ഹൈക്കോടതി വിധിയോടെ ഇന്ദിരാഗാന്ധി പാർലമെന്റ് മെമ്പറല്ലാതായി. സുപ്രീം കോടതിയും ഇത് ശരി വെച്ചു. ഇന്ദിരാഗാന്ധിയ്ക്ക് ഭരണഘടനാപരമായി പ്രധാനമന്ത്രിയായി തുടരാൻ കഴിയില്ലെന്നായി. തന്റെ അധികാരം നിലനിർത്തുന്നതിനാണ് ഫക്രുദിൻ അലി അഹമ്മദിനെ കൊണ്ട് അടിയന്തിരാവസ്ഥ പ്രഖ്യാപിപ്പിച്ചത്.

പൗരസ്വാതന്ത്ര്യത്തിനും പാർലമെന്ററി ജനാധിപത്യത്തിനും എതിരായുള്ള നഗ്നമായ ആക്രമണമായിരുന്നു അടിയന്തിരാവസ്ഥ. ഭൂരിപക്ഷം പ്രതിപക്ഷ എം.പി. മാരെയും അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ തടവിലാക്കപ്പെട്ടു. പാർലമെന്റ് പ്രവർത്തനം മരവിപ്പിച്ചു. പത്രങ്ങളുടെ മേൽ സെൻസർഷിപ്പ് ഏർപ്പെടുത്തി. ഗവൺമെന്റിനെ വിമർശിച്ച പത്രങ്ങൾ സർക്കാർ അടച്ചു പൂട്ടി. സി.പി.ഐ (എം)ന്റെ നിരവധി സഖാക്കളെ അറസ്റ്റ് ചെയ്തു ജയിലിലടച്ചു. കുറെപ്പേർ പോലീസിന് പിടിക്കൊടുക്കാതെ ഒളിവിൽ പോയി. അടിയന്തിരാവസ്ഥക്കാലത്ത് "ഇന്ത്യ ഇന്ദിരയും" "ഇന്ദിര ഇന്ത്യ"യുമായി. ഭരണകൂടം തന്നെ ഇന്ദിരയായി. അടിയന്തിരാവസ്ഥകാലത്ത് ഇന്ദിരാഗാന്ധി ജനങ്ങളെ മറക്കുകയും അധികാരത്തെ കുറിച്ച് മാത്രം ഓർക്കുകയും ചെയ്തു. അടിയന്തിരാവസ്ഥകാലത്ത് തൊഴിലാളികളോടാവശ്യപ്പെട്ടത് "നാവടയ്ക്കൂ പണിയെടുക്കൂ" എന്നാണ്. പൗരാവകാശങ്ങൾ കവർന്നെടുക്കുക മാത്രമായിരുന്നില്ല അടിയന്തിരാവസ്ഥ

ചെയ്തത്. അതിനപ്പുറം സ്വതന്ത്ര ഭാരത ശില്പികൾ തുടങ്ങി വെച്ച രാഷ്ട്രനിർമ്മാണ പ്രക്രിയയെ പിന്നോട്ടടിപ്പിക്കുകയും ചെയ്തു. പാർലമെന്റിന്റെയും നീതിപിഠത്തിന്റെയും കാര്യനിർവഹണ വിഭാഗത്തിന്റെയും സ്വതന്ത്രമായ നിലനില്പ് അപകടത്തിലായി.

സി.പി.ഐ കുപ്രസിദ്ധമായ അടിയന്തിരാവസ്ഥയ്ക്ക് ദേശീയതലത്തിൽ ലജ്ജാകരമായ പിന്തുണ നല്കി. അടിയന്തിരാവസ്ഥകാലത്ത് പാറ്റ്നായിൽ "സാർവ്വദേശീയ ഫാസിസ്റ്റ് വിരുദ്ധ സമ്മേളനം" കോൺഗ്രസ്സിനു വേണ്ടി സംഘടിപ്പിച്ചതു സി.പി.ഐ ആയിരുന്നു. സി.പി.ഐ (എം) ന്റെ പ്രാദേശിക ഘടകങ്ങൾ രഹസ്യമായി കൂടുമ്പോൾ അത് പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന പണിയിലും സി.പി.ഐ.യുടെ പ്രാദേശിക നേതാക്കൾ ഏർപ്പെട്ടു.

അടിയന്തിരാവസ്ഥയുടെ ഭീകരാന്തരിക്ഷത്തിൽ അതിനെതിരെ കൊല്ലം ജില്ലയിൽ ആദ്യമായി പ്രകടനം നടത്തിയത് കർഷകതൊഴിലാളികളായിരുന്നു. 1975 ഫെബ്രുവരി 21, 22, 23 തിയതികളിൽ കൊല്ലത്ത് ചേർന്ന കെ.എസ്.കെ.ടി.യു സംസ്ഥാന സമ്മേളനം ജൂലൈ 9ന് സംസ്ഥാന വ്യാപകമായി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പ്രകടനം നടത്താൻ ആഹ്വാനം ചെയ്തിരുന്നു.

അടിയന്തിരാവസ്ഥ പ്രഖ്യാപനത്തെ തുടർന്ന് അടിയന്തിരാവസ്ഥക്കെതിരായി പ്രകടനത്തിൽ മുദ്രവാക്യം വിളിക്കാൻ യൂണിയൻ തീരുമാനിച്ചു. കരിനിയമങ്ങളായ മിസയേയും ഡി.ഐ.ആർനേയും വെല്ലുവിളിച്ചു കൊണ്ടാണ് കർഷക തൊഴിലാളികൾ പ്രകടനം നടത്തിയത്. അവരുടെ ത്യാഗമനോഭാവവും ധൈര്യവും എനിക്ക് ആവേശം പകർന്നുതന്നു. 85 ദിവസത്തെ ജയിൽ വാസത്തിനു ശേഷമാണു കർഷകതൊഴിലാളികളെയും അവരുടെ നേതാക്കളെയും വിട്ടയച്ചത്.

ചരിത്രത്തിലെ കറുപ്പു നിറം ചാലിച്ച അടിയന്തിരാവസ്ഥയുടെ നാളുകളിൽ കൊല്ലത്തെ കശുവണ്ടി തൊഴിലാളി മേഖലയിലെ സി.ഐ.ടി യു തൊഴിലാളികളായ ഇന്ദിരയുടെയും പ്രഭാവതിയുടെയും നേതൃത്വത്തിൽ കേരളനിയമസഭയ്ക്കകത്ത് നടത്തിയ പോരാട്ടം ജ്വലിക്കുന്ന സ്മരണയാണ് എനിക്കിന്നും. ഈ സമരം ആസുത്ര

ണം ചെയ്തത് അന്നത്തെ സി.പി.ഐ (എം) ജില്ലാ സെക്രട്ടറിയായിരുന്ന എൻ.എസ് ആയിരുന്നു. ഇവരെ സഹായിക്കാൻ കെ.പി. വിശ്വവത്സലനേയും എന്നെയും ചുമതലപ്പെടുത്തിയിരുന്നു. ഞങ്ങൾ അതിരാവിലെ തന്നെ എം.എൽ എ ക്വാർട്ടേഴ്സിൽ എത്തി. പി.ജി പുരുഷോത്തമൻ പിള്ള എം.എൽ എ ആണ് നിയമസഭയിൽ കയറുന്നതിന് തൊഴിലാളികൾക്കും ഞങ്ങൾക്കും പാസ്സ് സംഘടിപ്പിച്ചു നല്കാൻ ചുമതലപ്പെടുത്തിയിരുന്നത്.

കുളക്കട ഇന്ദിര, ഇരവിപുരം ലക്ഷം വീട്ടിൽ പ്രഭാവതി, കരിക്കോട്ടെ രാജമ്മ, കുണ്ടറയിൽ നിന്നും ഭാർഗവി, ഷെറിഫ കല്ലമ്പലത്തു നിന്നും കൊച്ചിക എന്നിവരുൾപ്പെടുന്ന സംഘമാണ് 1975 ജൂലൈ 26ന് കേരള നിയമസഭാ മന്ദിരത്തിൽ കയറി മുദ്രാവാക്യം വിളിച്ചത്. അറസ്റ്റിലായ ഇവർക്ക് കൊടിയ മർദ്ദനമേൽക്കേണ്ടി വന്നു. ആൺ പെൺ ഭേദമില്ലാതെ പോലീസുകാർ ഇവരെ തല്ലിച്ചതച്ചു. കശു വണ്ടി തൊഴിലാളികളുടെ പട്ടിണിയാണ് സമരസംഘത്തെ നിയമസഭയിൽ എത്തിച്ചത്. തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യണമെന്നായിരുന്നു സമരത്തിനാധാരമായ പ്രധാന വിഷയം.

അടച്ചിട്ട ഫാക്ടറികൾ തുറക്കാമെന്നും സൗജന്യ റേഷൻ അനുവദിക്കാമെന്നുമുള്ള സർക്കാർ വാഗ്ദാനം നടപ്പാക്കാത്തതിനെപ്പറ്റി എം.എൽ.എ പി.ജി പുരുഷോത്തമൻ പിള്ള രാവിലെ 7.30ന് ശ്രദ്ധ ക്ഷണിക്കും. ഇതിന് 7.50ന് തൊഴിൽ വകുപ്പു മന്ത്രി വക്കം പുരുഷോത്തമൻ മറുപടി പറയുമ്പോൾ കൂട്ടം ചേർന്ന് മുദ്രാവാക്യം വിളിക്കാനായിരുന്നു പദ്ധതി. എം.എൽ.എയുടെ ചോദ്യത്തിന് മന്ത്രി മറുപടി പറയുന്നതിനിടെ മന്ത്രി പറയുന്നത് ശരിയല്ല, സൗജന്യ റേഷൻ അനുവദിച്ചില്ല അടിയന്തിരാവസ്ഥ അറബികടലിൽ എന്നിങ്ങനെ മുദ്രാവാക്യം വിളിച്ച് "പെൺപുലികൾ" എഴുന്നേറ്റു. ഒരു നിമിഷം സഭ സ്തംഭിച്ചു പോയി. ഉടനെ വാച്ച് ആന്റ് വാർഡും പോലീസുമെത്തി എല്ലാവരെയും പുറത്തിറക്കുകയായിരുന്നു. ഇതിനിടെ ഒരു വനിതാ പോലീസ് വീണത് കൂടുതൽ പ്രകോപനം സൃഷ്ടിച്ചു.

ആറു പേരേയും വെയിലത്തു നിർത്തിയായിരുന്നു ശിക്ഷയ്ക്ക് തുടക്കമിട്ടത്. കുടിക്കാൻ വെള്ളം പോലും നല്കിയില്ല. രാത്രിയോടെ

പൂജപ്പുര സെൻട്രൽ ജയിലിലേക്ക് മാറ്റി. ഏഴു ദിവസം ജയിൽ ശിക്ഷ അനുഭവിച്ചു. നിയമസഭയിൽ അതിക്രമിച്ചു കടക്കാൻ ആരാണു നിർദ്ദേശിച്ചതെന്ന് സംഘത്തെക്കൊണ്ട് പറയിക്കാൻ എല്ലാ അടവും പോലീസ് പ്രയോഗിച്ചു. എന്നാൽ ആരും ഈ വിവരം പറഞ്ഞില്ല. സഭ കാണാനും മന്ത്രിക്ക് നിവേദനം നല്കാനുമാണെന്നാണ് മറുപടി പറഞ്ഞത്. ആഭ്യന്തര മന്ത്രി കരുണാകരൻ ജയിലിൽ നേരിട്ടെത്തി വിശദാംശങ്ങൾ തിരക്കിയെങ്കിലും പ്രയോജനമുണ്ടായില്ല.

രക്തസാക്ഷി ദിനാചരണങ്ങളോ മേയ്ദിനം പോലുള്ള സാർവദേശീയ ദിനങ്ങളോ ആചരിക്കാൻ പോലീസ് അനുവദിച്ചിരുന്നില്ല. 1975ലെയും 1976ലെയും കോട്ടത്തല സുരേന്ദ്രൻ ദിനത്തിൽ പോളയത്തോട് ശ്മശാനത്തിലെ സ: സുരേന്ദ്രന്റെ ബലികുടീരത്തിൽ രാവിലെ പുഷ്പാർച്ചന നടത്തുന്നതിൽ നിന്നും സി.പി.ഐ (എം) പ്രവർത്തകരെ പോലീസ് തടഞ്ഞു. എന്നാൽ അതേ ദിവസം വൈകുന്നേരം സി.പി.ഐയ്ക്ക് ദിനാചരണത്തിന് അനുമതി നല്കുകയും ചെയ്തു. 1976ലെ മേയ് ദിന റാലി നടത്തുന്നതിനുള്ള അനുമതിക്കു വേണ്ടി പോലീസിനു നല്കിയ അപേക്ഷ നിരസിക്കപ്പെട്ടു. വിലക്കു ലംഘിച്ച് എന്റെയും വിശ്വവത്സലന്റെയും നേതൃത്വത്തിൽ ഹൈസ്ക്കൂൾ ജംഗ്ഷനിൽ നിന്നും മേയ്ദിന പ്രകടനം നടത്താൻ തീരുമാനിച്ചു. പ്രകടനത്തിൽ പങ്കെടുക്കാൻ നൂറുകണക്കിന് തൊഴിലാളികൾ വന്നു. പ്രകടനം തുടങ്ങിയ ഉടനെ പോലീസ് വലയം സൃഷ്ടിച്ച് ബലപ്രയോഗത്തിലൂടെ തൊഴിലാളികളെ അറസ്റ്റ് ചെയ്തു നീക്കി.

അടിയന്തിരാവസ്ഥ കാലത്ത് യാതൊരു കാരണവുമില്ലാതെ സി.പി.ഐ (എം) ന്റെ ഓഫിസുകളും സി.ഐ.ടി.യു ഓഫിസുകളും ആഴ്ച തോറും റെയിഡു ചെയ്യുന്നത് പോലീസിന്റെ ഒരു ക്രൂരവിനോദമായിരുന്നു. പാർട്ടി പ്രവർത്തകരെയും തൊഴിലാളി പ്രവർത്തകരെയും ഭീഷണിപ്പെടുത്തുക എന്നതായിരുന്നു പോലീസിന്റെ ലക്ഷ്യം. അടിയന്തിരാവസ്ഥ ഒരവസരമായി കണ്ട് നിരവധി വ്യവസായ സ്ഥാപനങ്ങളിലെ മുതലാളിമാർ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നിഷേധിച്ചു. തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചു വിട്ടാലും അതിനെതിരെ മുദ്രാവാക്യം വിളിക്കാൻ പോലും പോലീസ് അനുവദിച്ചിരുന്നില്ല. തൊഴിലാളികളെ സംബന്ധിച്ചിട

ത്തോളം നിഷ്ഠൂരമായ ചൂഷണത്തിന്റെ കാലമായിരുന്നു അത്. പിരിച്ചുവിടലിനെതിരെ കൊടുമണിലെ പൊതുമേഖലാസ്ഥാപനമായ കേരള പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾ ഓഫിസിനു മുന്നിൽ സമരം ചെയ്തപ്പോൾ അവരെ പോലീസ് ഭീകരമായി മർദ്ദിച്ചു. മർദ്ദനത്തിൽ പ്രതിഷേധിച്ചു പ്രകടനം നടത്തിയ തൊഴിലാളികളെ ലാത്തിച്ചാർജ് ചെയ്ത് പിരിച്ചു വിട്ടു. തൊഴിലാളികളുടെ വീടുകളിൽ കയറി പോലീസ് ആക്രമണം നടത്തി. കൊടുമൺ പ്ലാന്റേഷൻ മേഖലയിലാകെ ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. ഈ സമയം കൊടുമൺ പ്ലാന്റേഷൻ തൊഴിലാളികളുടെ അനിഷേധ്യ നേതാവായിരുന്ന ആർ.സി. ഉണ്ണിത്താൻ പൂജപ്പുര സെന്റ്രൽ ജയിലിൽ "മിസ്സ" തടവുകാരനായിരുന്നു. കൊടുമണ്ണിലെ പോലീസ് തേർവാഴ്ച അറിഞ്ഞ സ: എ.കെ.ജി സ്ഥലത്തെത്തി തൊഴിലാളികൾക്ക് ആശ്വാസവും ധൈര്യവും പകർന്നു. ഞാനും അദ്ദേഹത്തെ അനുഗമിച്ചു. ശാരീരികാവശതകളെയെല്ലാം തൃണവൽഗണിച്ചു കൊണ്ടാണ് അദ്ദേഹം അവിടെ എത്തിയത്. ഇത് എന്റെ അസാധാരണ അനുഭവമായിരുന്നു.

അടിയന്തിരാവസ്ഥകാലത്തെ രണ്ടു പൊതുയോഗങ്ങളാണ് ഓർമ്മയിൽ വരുന്നത്. ഒന്ന് ഇ.എം.എസ്സ് പങ്കെടുത്തതും രണ്ട് ത്രിദീപ് ചൗധരി പങ്കെടുത്തതും. അടിയന്തിരാവസ്ഥ പ്രഖ്യാപനത്തോടെ പൊതു സമ്മേളനങ്ങളും പ്രകടനങ്ങളും നിരോധിച്ചു. ഹാൾ മീറ്റിങ്ങ് പോലും നടത്താൻ അനുവദിച്ചിരുന്നില്ല. സ: ഇ.എം.എസ്സിനെ പങ്കെടുപ്പിച്ച് ഒരു യോഗം കൊല്ലം ടൗണിൽ നടത്തണമെന്ന് പാർട്ടി അറിയിച്ചു. പാർട്ടിയുടെ പേരിൽ നടത്താൻ പ്രയാസമുള്ളതു കൊണ്ട് ഓട്ടോ തൊഴിലാളി യൂണിയന്റ ആഭിമുഖ്യത്തിൽ ചിന്നക്കടയിൽ യോഗം നടത്താനാണ് കൊല്ലത്തെ പാർട്ടി തീരുമാനമെടുത്തത്. ഇ.എം.എസിന്റെ പരിപാടിയായതു കൊണ്ട് യോഗം നടത്താൻ പോലീസ് അനുമതി നല്കി. പന്തലുകാരൻ സ്റ്റേജ് കെട്ടിത്തന്നു. സ്റ്റേജിലെ മൈക്കിന്റെ കാര്യം പ്രശ്നമായി. മൈക്ക് സെറ്റ് തരാൻ ആരും തയ്യാറായില്ല. ഞാനും ഹെഡ്‌ലോഡ് സുകുമാരൻ സഖാവുമായി പാരിസ് സൗണ്ട് മുതലാളി കാദർ ബായിയെ വീട്ടിൽ ചെന്നു കണ്ട് പോലീസ് തടസ്സം സൃഷ്ടിക്കില്ലെന്ന് അറിയിച്ചു. മനസ്സില്ലാമനസ്സോടെയാണ് ഭായി മൈക്ക് തന്നത്. യോഗം വമ്പിച്ച

വിജയമായിരുന്നു. ആയിരക്കണക്കിനാളുകൾ അടിയന്തിരാവസ്ഥയെ പേടിക്കാതെ ഇ.എം.എസിന്റെ പ്രസംഗം കേൾക്കാൻ ചിന്നക്കടയിൽ എത്തി ചേർന്നിരുന്നു.

കൊല്ലം റയിൽവേ സ്റ്റേഷൻ മൈതാനത്ത് സ:ത്രിദീപ് ചൗധരി എം.പി പങ്കെടുത്തതായിരുന്നു മറ്റൊരു പ്രധാന പൊതു യോഗം. അടിയന്തിരാവസ്ഥക്കെതിരെ അദ്ദേഹം പങ്കെടുക്കുന്ന യോഗങ്ങൾ രാജ്യവ്യാപകമായി സംഘടിപ്പിക്കാൻ അഖിലേന്ത്യ ആർ.എസ്.പി തീരുമാനിച്ചതിന്റെ ഭാഗമായിട്ടായിരുന്നു ഇത്. 1969 ൽ കേരളത്തിലെ ആർ.എസ്.പി കോൺഗ്രസ്സ് നേതൃത്വത്തിലുള്ള അച്ചുതമേനോൻ ഗവൺമെന്റിൽ ചേർന്നതോടെ ആർ.എസ്.പി രണ്ടായി. കെ.ആർ.എസ്.പിയെന്നും അഖിലേന്ത്യ ആർ.എസ്.പിയെന്നും. ആർ.എസ്.പിയുടെ അഖിലേന്ത്യ നേതൃത്വവും ബംഗാൾ ഘടകവും അഖിലേന്ത്യ ആർ.എസ്.പിയിൽ തുടർന്നു. കേരളഘടകം അടിയന്തിരാവസ്ഥയെ പിൻതുണച്ചപ്പോൾ അഖിലേന്ത്യ ആർ.എസ്.പി എതിർക്കുകയായിരുന്നു. അഖിലേന്ത്യ ആർ.എസ്.പിയുടെ കേരള ഘടകത്തിന്റെ സെക്രട്ടറി ആർ.എം. പരമേശ്വരനായിരുന്നു. അവർക്ക് കൊല്ലത്ത് യാതൊരു സ്വാധീനവും ഉണ്ടായിരുന്നില്ല. കൊല്ലത്ത് ത്രിദീപ് ചൗധരിയുടെ ഒരു യോഗം കൊല്ലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും സഹായിക്കണമെന്നും ആർ.എം. പരമേശ്വരൻ സി.ഐ.ടി.യു ഓഫിസിൽ വന്ന് എന്നോട് അഭ്യർത്ഥിച്ചു. 1975 സെപ്റ്റംബർ 9ന് റെയിൽവേ സ്റ്റേഷൻ മൈതാനത്ത് യോഗം നടന്നു. ത്രിദീപ് ചൗധരി പാർലമെന്റിലെ ആർ.എസ്.പി നേതാവായതു കൊണ്ട് യോഗം നടത്താനുള്ള പോലീസിന്റെ അനുമതി ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ധാരാളം ആളുകൾ കൂടി. യോഗത്തിനു ശേഷം ഗവൺമെന്റ് ഹൗസിലായിരുന്നു അദ്ദേഹത്തിന്റെ താമസം. പരമേശ്വരന് തിരുവനന്തപുരത്ത് പോകേണ്ടതു കൊണ്ട് ഞാൻ അദ്ദേഹത്തോടൊപ്പം കൂടുകയുണ്ടായി. അദ്ദേഹത്തിന്റെ ലളിതമായ വസ്ത്രധാരണവും വിനയപൂർവ്വമുള്ള പെരുമാറ്റവും എന്നെ അൽഭുതപ്പെടുത്തി. അദ്ദേഹം 1952 മുതൽ 1984 വരെ ലോകസഭ അംഗവും 1987 മുതൽ 1997 വരെ രാജ്യസഭാ അംഗവുമായിരുന്നു. അദ്ദേഹം സ്വാതന്ത്ര്യസമര സേനാനിയും ഗോവാ വിമോചനത്തിന് നായകത്വം വഹിച്ച ആളുമായിരുന്നു.

1974ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ അദ്ദേഹം ഫക്രുദ്ധിൻ അലി അഹമ്മദ്ദിനെതിരെ മത്സരിച്ചു തോറ്റു.

അടിയന്തിരാവസ്ഥകാലത്ത് മിക്കവാറും എല്ലാ മുഖ്യധാരാ മാധ്യമങ്ങളും നിശ്ശബ്ദത പാലിക്കുകയാണ് ചെയ്തത്. അടിയന്തിരാവസ്ഥയെ ധീരമായി എതിർത്ത അപൂർവ്വം ദിനപത്രങ്ങളിലൊന്ന് 1975 ഏപ്രിലിൽ കൃഷ്ണസ്വാമി റെഡിയാരുടെ ഉടമസ്ഥതതയിൽ തിരുവനന്തപുരത്തു നിന്നും പ്രസിദ്ധീകരണം ആരംഭിച്ച "കേരളദേശം" ആയിരുന്നു. ഈ പത്രത്തിന്റെ തിരുവനന്തപുരത്തെ മുഖ്യലേഖകൻ കെ.എൻ.പി കുറുപ്പായിരുന്നു. ജില്ലയിലെ തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥന്മാരെയും മന്ത്രിമാരെയും കാണുന്നതിന് എനിക്ക് വളരെയേറെ സഹായങ്ങൾ അദ്ദേഹം ചെയ്തു തന്നിട്ടുണ്ട്. പോലീസിന്റെ റെയിഡുകൾ മൂലം 1976 ഫെബ്രുവരിയിൽ പത്രം നിർത്തി വെയ്ക്കേണ്ടി വന്നു. അടിയന്തിരാവസ്ഥക്കെതിരെ പ്രചരണം സംഘടിപ്പിക്കുന്നതിന് കെ.എൻ.പി കുറുപ്പിന്റെ പത്രാധിപത്യത്തിൽ 1976 ജൂൺ 6ന് *കേരളരാജ്യം* എന്ന സായാഹ്ന പത്രം കൊല്ലത്തു നിന്നും പ്രസിദ്ധീകരിച്ചു തുടങ്ങി. ആറു മാസം തികയുന്നതിനു മുൻപ് പ്രസ്സും പത്രം ഓഫിസും ജില്ലാ പോലീസ് സൂപ്രണ്ട് അടച്ചു പൂട്ടി.

അടിയന്തിരാവസ്ഥ കാലത്ത് ഒളിവിലിരുന്ന് ജില്ലയിലെ പാർട്ടിയെയും വർഗ്ഗ ബഹുജന സംഘടനകളെയും നയിച്ചത് സ: എൻ.എസ് ആയിരുന്നു. അന്ന് അദ്ദേഹമായിരുന്നു സി.പി.ഐ (എം) ജില്ലാ സെക്രട്ടറി. അദ്ദേഹത്തിന്റെ പേര് എൻ. ശ്രീധരൻ എന്നായിരുന്നു. എന്നാൽ എൻ.എസ് എന്നാണ് സഖാക്കൾ അദ്ദേഹത്തെ സ്നേഹപൂർവ്വം വിളിച്ചിരുന്നത്. എൻ.എസു മായി അടുത്തിടപഴകാൻ എനിക്ക് അവസരം ലഭിച്ചത് അടിയന്തിരാവസ്ഥയിലായിരുന്നു. ആഴ്ചയിൽ ഒരിക്കൽ അദ്ദേഹത്തിന്റെ ഒളിവു സങ്കേതത്തിൽ എന്നെ വിളിപ്പിച്ച് സി.ഐ.ടി.യു രംഗത്തെ പ്രശ്നങ്ങൾ ചോദിച്ചറിയുമായിരുന്നു. അടിയന്തിരാവസ്ഥയിലെ പ്രതികൂല സാഹചര്യങ്ങളെപോലും പാർട്ടിയേയും വർഗ്ഗബഹുജനസംഘടനകളെയും ശക്തിപ്പെടുത്തുന്നതിന് അദ്ദേഹം വിനിയോഗിച്ചു. പാർട്ടി സെക്രട്ടറി എന്ന നിലയിൽ പാർട്ടിയെ കെട്ടുറപ്പുള്ളതാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. കിടയറ്റ സംഘാടകനും വിപ്ലവകാരിയുമായ

സ.എൻ.എസ് 1985 ഫെബ്രുവരി 17ന് കൊട്ടാരക്കരയിൽ വെച്ച് ഒരു വാഹനാപകടത്തിൽ മരിച്ചു. അദ്ദേഹത്തിന്റെ വിയോഗം എന്നെയും വേദനിപ്പിച്ചു.

സി.ഐ.ടി.യു ജില്ലാ കമ്മിറ്റിയുടെ ആക്ടിങ്ങ് സെക്രട്ടറിയായതോടെ ഞാൻ സി.ഐ.ടി.യു സംസ്ഥാനകമ്മിറ്റിയിലെ ക്ഷണിതാവായി.സ:ഇ.ബാലാനന്ദനായിരുന്നു സംസ്ഥാന ജനറൽ സെക്രട്ടറി. അദ്ദേഹം ഒരു അസാധാരണവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. 1924ൽ കൊല്ലം ശക്തികുളങ്ങരയിൽ ജനിച്ച അദ്ദേഹം മലയാളം ഏഴാം ക്ലാസ്സ് പാസായതിനു ശേഷം ഫാക്ടറി തൊഴിലാളിയായി. തൊഴിലാളിയായിരിക്കുമ്പോൾതന്നെ കോൺഗ്രസുകാരനായി രാഷ്ട്രീയ ജീവിതം ആരംഭിച്ചു. 1943ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന് പടി പടിയായുള്ള രാഷ്ട്രീയ പ്രവർത്തനത്തിലൂടെയും തൊഴിലാളി പ്രവർത്തനത്തിലൂടെയും സി.പി.ഐ (എം) പോളിറ്റ് ബ്യൂറോ അംഗവും സി.ഐ.ടി.യു അഖിലേൻഡ്യ പ്രസിഡന്റുമായി. കേരള നിയമസഭയിലും രാജ്യസഭയിലും അദ്ദേഹം അംഗമായിരുന്നു. അദ്ദേഹത്തിന്റെ ലാളിത്യവും സ്നേഹവായ്പും എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി. അദ്ദേഹം എന്നെ നിർബന്ധിച്ച് *സി.ഐ.ടി.യു സന്ദേശ*ത്തിൽ ലേഖനമെഴുതിക്കുമായിരുന്നു.

പത്തനംതിട്ട ഉൾപ്പെടെയുള്ളതായിരുന്നു അന്നത്തെ കൊല്ലം ജില്ല. ജില്ലയിലെ എല്ലാ രംഗത്തുമുള്ള തൊഴിലാളികളുമായി എനിക്ക് ബന്ധമുണ്ടായി. വലിയ നേതാക്കന്മാരുടെ അഭാവത്തിൽ പേപ്പർമിൽ, ട്രാവൻകൂർ പ്ലൈവുഡ്, ഓയിൽപാം, പ്ലാന്റേഷൻ, അലിൻഡ്, സിറാമിക്സ്, കെമിക്കൽസ്, കെ.എം.എൽ, മീറ്റർ കമ്പനി, ടെക്സ്റ്റയിൽ എന്നീ ആധുനിക വ്യവസായങ്ങളിലെ എല്ലാ യൂണിയനുകളെയും നേരിട്ട് ഇടപെട്ട് എനിക്ക് സഹായിക്കേണ്ടി വന്നു. പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി, കയർ, കൈത്തറി, ഓട്, മത്സ്യബന്ധനം എന്നീ മേഖലകളിലെല്ലാം എന്റെ ശ്രദ്ധ പതിഞ്ഞിരുന്നു. അടിയന്തിരാവസ്ഥകാലത്ത് കൊല്ലം ജില്ലയിലെ തൊഴിൽ തർക്കങ്ങളുമായി ബന്ധപ്പെട്ട കോൺഫ്രൻസുകളിൽ പങ്കെടുത്തിരുന്ന ഭരണകക്ഷി ട്രേഡ് യൂണിയൻ നേതാക്കൾ ജെ.ചിത്തരഞ്ജൻ, എൻ.ശ്രീകണ്ഠൻ നായർ, സി.എം. സ്റ്റീഫൻ, ആർ. ബാലകൃഷ്ണ്ണ പിള്ള തുടങ്ങിയവരായിരുന്നു. അടിയന്തിരാവസ്ഥക്കാലത്തെ 21

മാസത്തെ എന്റെ സജീവപ്രവർത്തനം മൂലം എന്നെ തൊഴിലാളി കൾ ഒരു ട്രേഡ്‌യൂണിയൻ പ്രവർത്തകനായി അംഗീകരിച്ചു. എന്നെ സംബന്ധിച്ചിടത്തോളം ഇത് ഒരു വമ്പിച്ച നേട്ടമായിരുന്നു.

1976 ജൂലൈ 4ാം തീയതിയായിരുന്നു ഞാനും സുമംഗലയും തമ്മിലുള്ള വിവാഹം. വിവാഹത്തിനു മുൻപ് പെണ്ണു കാണാൻ പോയപ്പോൾ എന്നോടൊപ്പം വന്നത് കെ.എൻ.പി കുറുപ്പ് ചേട്ടനായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്ത് അടൂർ ബാലന്റെ അനന്തിരവളാണ് സുമംഗല. അടൂർ ബാലൻ അന്ന് കൊല്ലത്തെ മലയാള മനോരമയുടെ ബ്യൂറോ ചീഫായിരുന്നു. സുമംഗല കരുനാഗപ്പള്ളി തൊടിയൂർ കളീക്കൽ കുടുംബാംഗമാണ്. അവർ തിരുവിതാംകൂർ രാജാക്കന്മാരുടെ ആറാട്ടിന് കൊടിയും പിടിച്ച് രാജാവിന് മുമ്പേ നടക്കാൻ അവകാശമുള്ളവരായിരുന്നു. അതിന് ആണ്ടിൽ 25 രൂപാ അടിത്തൂൺ കിട്ടുമായിരുന്നു. ഒറ്റ മുണ്ടും നേരിയതും ധരിച്ചാണ് അവർ ആറാട്ടിൽ പങ്കെടുത്തിരുന്നത്. കുടുംബ വക കാവും കളരിയും അമ്പലവും ഇന്നുമുണ്ട്.

ഓരോ ദിവസം കഴിയുന്തോറും അടിയന്തിരാവസ്ഥക്കെതിരായുള്ള ചെറുത്തു നിൽപ് ശക്തിപ്പെട്ടു. ഒരു രാഷ്ട്രീയ പാർട്ടിയോടും ആഭിമുഖ്യമില്ലാത്ത ബുദ്ധിജീവി വിഭാഗവും ഇന്ദിരാഗാന്ധിക്കെതിരെ അണിനിരന്നു. ജനാധിപത്യം സംരക്ഷിക്കാനും അമിതാധികാരവാഴ്ച ചെറുക്കാനുമുള്ള പോരാട്ടം പുതിയ മാനങ്ങളിലെത്തി. റെയിൽവേ പണിമുടക്കിന്റെയും ഭാരതബന്ദിന്റെയും ജെ.പി.പ്രസ്ഥാനത്തിന്റെയും സംഘാടകരും അവർക്കൊപ്പം അടിയന്തിരാവസ്ഥയുടെ കാളരാത്രികളിൽ ഉജ്ജ്വലമായ പ്രക്ഷോഭത്തിലേക്ക് വലിച്ചെറിയപ്പെട്ടവരും ചേർന്നൊരു മഹാപ്രസ്ഥാനമായി. ഈ പ്രസ്ഥാനമാണ് കേന്ദ്രത്തിലെ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഭരണത്തെ തൂത്തെറിഞ്ഞത്.

# വീണ്ടും വെളിച്ചത്തിലേക്ക്

1977 മാർച്ച് 21 ന് അടിയന്തരാവസ്ഥ പിൻവലിച്ചു. അതിനു മുൻപു തന്നെ നേതാക്കന്മാരെല്ലാം ജയിൽ മോചിതരായി. ഒളിവിൽ പ്രവർത്തിച്ചിരുന്നവർ പരസ്യമായി രംഗത്തിറങ്ങി. ഇന്ദിരാഗാന്ധി മന്ത്രിസഭ പിരിച്ചുവിട്ടു തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. അതോടൊപ്പം നിയമസഭാ തെരഞ്ഞെടുപ്പും. ആറാം ലോക സഭയിലേക്കും ആറാം നിയമസഭയിലേക്കും വോട്ടെടുപ്പ് നടന്നത് 1977 മാർച്ച് 19-ാം തീയതിയായിരുന്നു. തെരഞ്ഞെടുപ്പിനു മുമ്പ് വലിയ രാഷ്ട്രീയ സംഭവവികാസങ്ങളാണ് ഉണ്ടായത്. കേരളത്തിൽ തെരഞ്ഞെടുപ്പിന് മുമ്പ് മുസ്ലീം ലീഗും കേരള കോൺഗ്രസ്സും പിളർന്നു. ഐ.എൻ.സി, സി.പി.ഐ, ആർ.എസ്.പി, കേരള കോൺഗ്രസ്, ലീഗ്, എസ്.ആർ. പി. എൻ.ഡി.പി., പി.എസ്.പി, എന്നീ പാർട്ടികൾ ഉൾക്കൊള്ളുന്ന ഐക്യമുന്നണിയും സി.പി.ഐ (എം), ബി.എൽ.ഡി, ലീഗ് വിമതർ, കേരള കോൺഗ്രസ് (പിള്ള) എന്നിവർ ഉൾപ്പെടുന്ന പ്രതിപക്ഷ മുന്നണിയും തമ്മിലായിരുന്നു മത്സരം. ലോകസഭയിൽ ഐക്യ മുന്നണി സ്ഥാനാർത്ഥി എൻ. ശ്രീകണ്ഠൻ നായരും പ്രതിപക്ഷമുന്നണി സ്ഥാനാർത്ഥി എൻ. രാജഗോപാലുമായിരുന്നു. നിയമസഭയിൽ പ്രതിപക്ഷമുന്നണി സ്ഥാനാർത്ഥി എൻ. പത്മലോചനനും ഐക്യമുന്നണി സ്ഥാനാർത്ഥി എസ്. ത്യാഗരാജനുമായിരുന്നു. ഇന്ത്യയിൽ എല്ലായിടത്തും കോൺഗ്രസ് നേതൃത്വത്തിലുള്ള മുന്നണി തോറ്റെങ്കിലും കേരളത്തിൽ വിജയിക്കുകയായിരുന്നു.

തെരഞ്ഞെടുപ്പിന് മുൻപ് ഞാൻ ടൗൺ കമ്മിറ്റി അംഗമായി. തെരഞ്ഞെടുപ്പ് കാലത്ത് എനിക്ക് ചുമതല നിശ്ചയിച്ചിരുന്നത് മത്സ്യതൊഴിലാളി മേഖലയിലായിരുന്നു. സി.പി.ഐ (എം) ന് ഒരു

ബാലികേറാമലയായിരുന്നു അവിടം. പ്രതിപക്ഷ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രവർത്തകരെ കായികമായിട്ട് പോലും കടപ്പുറത്തെ കോൺഗ്രസ് ഗുണ്ടാകൾ ആക്രമിക്കുമായിരുന്നു. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും മത്സ്യതൊഴിലാളി മേഖലയിൽ പാർട്ടിക്ക് കടന്നു കയറാൻ കഴിഞ്ഞു. കടപ്പുറത്ത് ഒരു പാർട്ടി ഗ്രൂപ്പ് രൂപീകരിക്കാൻ പോയപ്പോൾ ഉണ്ടായ സംഭവം ഞാൻ ഓർക്കുന്നു. തെരഞ്ഞെടുപ്പിൽ പ്രവർത്തിച്ചിരുന്ന കത്തോലിക്കാ സമുദായത്തിൽപ്പെട്ടവരുടെ ഒരു ഗ്രൂപ്പ് യോഗത്തിൽ പങ്കെടുക്കാനാണ് പോയത്. ഗ്രൂപ്പിലെ ചർച്ചകൾക്കിടയിൽ ഒരു സഖാവ് ചോദിച്ചു. "പാർട്ടിയിൽ ചേർന്നാൽ പള്ളിയിൽ പോകാൻ പറ്റുമോ". ഞാൻ പറഞ്ഞു. "ഇഷ്ടമുള്ളപ്പോഴൊക്കെ പള്ളിയിൽ പോകാം". അന്ന് കടപ്പുറത്ത് രൂപീകരിക്കപ്പെട്ട ഗ്രൂപ്പുകളിൽ നിന്നും നിരവധി പാർട്ടി മെമ്പർമാരും നേതാക്കളുമുണ്ടായി. ഇന്ന് കൊല്ലം കടപ്പുറത്തെ നിർണ്ണായക ശക്തിയാണ് സി.പി.ഐ (എം).

1977 ലെ തെരഞ്ഞെടുപ്പിൽ മൊറാർജിദേശായിയുടെ നേതൃത്വത്തിലുള്ള ജനതാ ഗവൺമെന്റ് വന്നു. ബംഗാളിൽ ജോതിബസുവിന്റെ ഇടതുമുന്നണി അധികാരമേറ്റു. 1978 ൽ തൃപുരയിലും സി.പി.ഐ (എം) ഭരണം പിടിച്ചെടുത്തു. സി.പി.ഐ (എം) പ്രവർത്തകർക്ക് പുത്തനുണർവ്വ് ഉണ്ടായ കാലമായിരുന്നു അത്. പാർട്ടിയുടെ വിജയങ്ങൾ എനിക്കും ആവേശം പകർന്നിരുന്നു. പാർട്ടിക്ക് ഇന്ത്യയിൽ നല്ലൊരു ഭാവിയുണ്ടെന്ന വിശ്വാസം എന്നിൽ ഉറച്ചു. 1978 ഏപ്രിൽ 2 മുതൽ 8 വരെ ജലന്ധറിൽ വച്ചു നടന്ന സി.പി.ഐ (എം) 10 -ാം പാർട്ടി കോൺഗ്രസിന്റെ മുന്നോടിയായി 1978 ജനുവരിയിൽ നടന്ന ഏരിയാ സമ്മേളനത്തിൽ എന്നെ ഏരിയാ കമ്മിറ്റി അംഗമായി തെരഞ്ഞെടുത്തു. ഏരിയാ കമ്മിറ്റി സെക്രട്ടറിയായി പി.കെ. ഗുരുദാസനെയും. ഫെബ്രുവരിയിൽ നടന്ന ജില്ലാ സമ്മേളനം എന്റെ വീടിന്റെ അടുത്തുള്ള കൊല്ലം ഗവൺമെന്റ് ബോയിസ് ഹൈസ്കൂളിലായിരുന്നു. സമ്മേളനം വിജയിപ്പിക്കുനുള്ള പ്രവർത്തനങ്ങളിൽ ഞാൻ സജീവമായി പങ്കെടുത്തു. 1977 ലെ ലോകസഭ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച വിലയിരുത്തലിൽ വ്യത്യസ്ത വീക്ഷണങ്ങൾ സമ്മേളനത്തിലെ ചർച്ചകളിൽ പൊന്തിവന്നു. ഇത് പാർട്ടി കോൺഗ്രസിലും തുടർന്നു എന്നാണ് പാർട്ടി കോൺഗ്രസ് രേഖകളിൽ നിന്നും

ഞാൻ പിന്നീട് മനസ്സിലാക്കിയത്. ജലന്ധർ സമ്മേളനത്തിലാണ് ഇ.എം.എസ് പാർട്ടി അഖിലേന്ത്യാ സെക്രട്ടറിയാകുന്നത്.

ഞാൻ പാർട്ടി പ്രവർത്തനം ആരംഭിക്കുമ്പോൾ 32 വാർഡുകളുള്ള കൊല്ലം മുനിസിപ്പാലിറ്റിയിൽ രണ്ട് കൗൺസിലർമാർ മാത്രമെ പാർട്ടിക്ക് ഉണ്ടായിരുന്നുള്ളു. കുരീപ്പുഴ ഈസ്റ്റിലെ കൃഷ്ണൻകുട്ടി പിള്ളയും ഉളിയക്കോവിലിലെ അമ്മിണിയമ്മയും. 1979 മാർച്ച് 3-ാം തീയതി സംസ്ഥാന ഗവൺമെന്റ് തദ്ദേശ സ്വയഭരണസ്ഥാപനത്തിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. 1968 ലെ തദ്ദേശ സ്വയഭരണ തെരഞ്ഞെടുപ്പിന് 11 വർഷം കഴിഞ്ഞായിരുന്നു ഇത്. കേരളത്തിലെ രാഷ്ട്രീയ കാലാവസ്ഥയിൽ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. തെരഞ്ഞെടുപ്പിനു മുൻപ് കോൺഗ്രസും കേരളാ കോൺഗ്രസും പിളർന്നു. കോൺഗ്രസ് പിളർന്ന് കോൺഗ്രസ് (ഐ) യും കോൺഗ്രസ് (യു)യുമായി. കേരള കോൺഗ്രസ് ഭിന്നിച്ച് കോരള കോൺഗ്രസ് (എം) ഉം കേരള കോൺഗ്രസ് (ജെ) യുമായി വിമതലീഗുകാർ അഖിലേന്ത്യാ മുസ്ലീം ലീഗ് രൂപീകരിച്ചു. സി.പി.ഐ. (എം.) കോൺഗ്രസ്സ് (യു), കേരള കോൺഗ്രസ്സ് (എം), കേരള കോൺഗ്രസ്സ് (പിള്ള), അഖിലേന്ത്യാ ലീഗ്, ആർ.എസ്.പി. എന്നിവർ ഉൾപ്പെടുന്നതായിരുന്നു എൽ.ഡി.എഫ്. കോൺഗ്രസ്സ് (ഐ.), ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കേരള കോൺഗ്രസ്സ് (ജെ) പി.എസ്.പി., എൻ.ഡി.പി., എസ്.ആർ.പി., സി.പി.ഐ. എന്നീ പാർട്ടികൾ അടങ്ങിയതായിരുന്നു യു.ഡി.എഫ്. വോട്ടെടുപ്പ് നടന്ന് ഫലം പ്രഖ്യാപിച്ചപ്പോൾ 24 വാർഡുകളിൽ എൽ.ഡി.എഫ്. ജയിച്ചു. സി.പി.ഐ. (എം.) 12 വാർഡുകളിൽ ജയിച്ചു. കോൺഗ്രസ്സ് (യു.) വിന്റെ എൻ.തങ്കപ്പൻ ചെയർമാനായി. മുനിസിപ്പൽ തെരഞ്ഞെടുപ്പ് ഫലങ്ങൾ പാർട്ടിയ്ക്കും എനിക്കും ഊർജ്ജം പകർന്നു. പാർട്ടി പ്രവർത്തനത്തിൽ തന്നെ ഉറച്ചു നില്ക്കണമെന്ന് എനിക്ക് തോന്നി തുടങ്ങി.

സമരങ്ങളുടെ വേലിയേറ്റ കാലമായിരുന്നു അടിയന്തിരാവസ്ഥയെ തുടർന്നുള്ള മൂന്നു വർഷങ്ങൾ. മൂന്നാം സി.ഐ.ടി.യു. അഖിലേന്ത്യാ സമ്മേളനം കഴിഞ്ഞ് മൂന്നുമാസം തികയുന്നതിനു മുമ്പ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതുകൊണ്ട് അടുത്ത അഖിലേന്ത്യാ സമ്മേളനത്തിന്റെ കാലാവധി ഒരു വർഷംകൂടി നീണ്ടുപോയി. 1979

ഏപ്രിൽ 11 മുതൽ 15 വരെ ചെന്നൈയിൽ വച്ചായിരുന്നു സി.ഐ.ടി.യു. 4-ാം അഖിലേന്ത്യാ സമ്മേളനം. 1975 മുതൽ 1979 വരെയുള്ള രാഷ്ട്രീയ സംഭവ വികാസങ്ങളെല്ലാം സമ്മേളനത്തിൽ ചർച്ചയ്ക്ക് വിധേയമായി. ഇന്ദിരാഗന്ധിയുടെ സ്വേച്ഛാധിപത്യവാഴ്ച അവസാനിച്ച് കേന്ദ്രത്തിൽ ജനതാ ഗവൺമെന്റ് വന്നത് തൊഴിലാളികൾക്ക് താൽക്കാലികാശ്വാസമായി. ഇന്ത്യയിലെ കോൺഗ്രസ്സ് അല്ലാത്ത ആദ്യത്തെ ഗവൺമെന്റായിരുന്നു ഇത്. റെയിൽവേ സമരകാലത്തും അടിയന്തിരാവസ്ഥകാലത്തും സമരങ്ങളുടെ പേരിലും നിയമവിരുദ്ധമായി പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചു. 1978 ൽ ഇൻഡസ്ട്രിയൽ റിലേഷൻ ബില്ലിനെതിരായി ട്രേഡ് യൂണിയൻ സംയുക്ത സമരസമിതി നടത്തിയ സമരങ്ങളെ സമ്മേളനം വിലയിരുത്തി. ഈ സമ്മേളനത്തിലാണ് ആൾ ഇന്ത്യ കോർഡിനേഷൻ കമ്മിറ്റി ഫോർ വർക്കിംഗ് വുമൺ രൂപീകരിച്ചത്. വിമല രണദിവേയായിരുന്നു കൺവീനർ ബി.ടി.ആർ. നെ പ്രസിഡന്റായും പി. രാമമൂർത്തിയെ ജനറൽ സെക്രട്ടറിയായും സമർ മുഖർജിയെ ഖജാൻജിയായും തെരഞ്ഞെടുത്തു. മറീന ബീച്ചിൽ നടന്ന പൊതുസമ്മേളനം ആവേശകരമായിരുന്നു.

1977 ൽ തെരഞ്ഞെടുക്കപ്പെട്ട യു.ഡി.എഫ് ഗവൺമെന്റ് രണ്ടു വർഷമേ ഭരിച്ചുള്ളു. കെ.കരുണാകരൻ (1977 മാർച്ച് 25-ഏപ്രിൽ 25) എ.കെ.ആന്റണി (1977 ഒക്ടോബർ 29-78 ഒക്ടോബർ 27) പി.കെ.വാസുദേവൻ നായർ (1978 ഒക്ടോബർ 29-1979 ഒക്ടോബർ 7) സി.എച്ച്.മുഹമ്മദ് കോയ (1979 ഒക്ടോബർ 12-ഡിസംബർ 1) എന്നിങ്ങനെ 4 മുഖ്യമന്ത്രിമാർ ഈകാലത്ത് ഉണ്ടായി. 1979 അവസാനമായപ്പോഴേക്കും സി.പി.ഐയും, ആർ.എസ്.പി.യും ഐക്യമുന്നണി വിട്ടു. ഏഴാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പും ഏഴാം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പും പ്രഖ്യാപിച്ചു. ലോക്സഭ തെരഞ്ഞെടുപ്പ് 1979 ഡിസംബറിലും നിയമഭാ തെരഞ്ഞെടുപ്പ് 1980 ജനുവരിയിലുമായിരുന്നു. ഏ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സും മാണി കേരളയും എൽ.ഡി.എഫ്.നോടൊപ്പം ചേർന്നു. ലോകസഭ തെരഞ്ഞെടുപ്പിൽ കൊല്ലം അസംബ്ലി മണ്ഡലത്തിലെ പാർട്ടി ചുമതല എനിക്കായിരുന്നു. എൽ.ഡി.എഫ്.സ്ഥാനാർത്ഥി എൻ. ശ്രീകണ്ഠൻ നായരും യു.ഡി.

എഫ്. സ്ഥാനാർത്ഥി ബി.കെ.നായരുമായിരുന്നു. ഈ തെരഞ്ഞെടുപ്പു വേളയിലാണ് ശ്രീകണ്ഠൻചേട്ടൻ എന്ന വലിയ മനുഷ്യനെ കുറെക്കൂടി അടുത്തു പരിചയപ്പെടുന്നത്. അദ്ദേഹത്തിന്റെ കൊല്ലം അസംബ്ലി മണ്ഡലത്തിലെ പരിപാടികളിൽ അദ്ദേഹത്തോടൊപ്പം ഞാനും പോയിരുന്നു.

അരനൂറ്റാണ്ടുകാലം ജ്വലിച്ചുനിന്ന വ്യക്തിത്വമായിരുന്നു എൻ. ശ്രീകണ്ഠൻ നായരുടേത്. യൗവ്വനത്തിൽ തന്നെ കോൺഗ്രസ്സുകാരനായ തീവ്രവാദിയായി. കോൺഗ്രസ്സ് നേതൃത്വവുമായി തെറ്റിപ്പിരിഞ്ഞ് 1946 കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. 1947 ഓഗസ്റ്റിൽ സോഷ്യലിസ്റ്റ് പാർട്ടിയിൽ നിന്നും വേർപിരിഞ്ഞ് കേരള സോഷ്യലിസ്റ്റ് പാർട്ടി കെ.എസ്.പി രൂപീകരിച്ചു. പിന്നീട് ആർ.എസ്.പി യുടെ കേരള ഘടകം രൂപീകരിച്ചു. 1952 മുതൽ ദീർഘകാലം അദ്ദേഹം ലോക്സഭ അംഗമായിരുന്നു. അദ്ദേഹം ഒരു സാഹിത്യകാരൻകൂടിയായിരുന്നു. ''എന്റെ അമ്മ'', ''ചലോ ഡെൽഹി'', ''ഇന്നത്തെ മാർക്സിസം'', ''വഞ്ചിക്കപ്പെട്ട വേണാട്,'' ''ഐക്യകേരളം'', ''കഴിഞ്ഞകാലചിത്രങ്ങൾ'', ''ചൈനീസ് പസിൽ'' എന്നിവയാണ് കൃതികൾ. തകഴിയുടെ 'കയർ' തർജ്ജമ ചെയ്യുന്നതിനിടയിലായിരുന്നു മരണം. 1982 ൽ സഹപ്രവർത്തകരുമായി ഉണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് ആർ.എസ്.പി (എസ്.) രൂപീകരിച്ചു. കേരളത്തിലെ ആർ.എസ്.പി.യുടെ സ്ഥാപകൻ മാത്രമല്ല ആർ.എസ്.പി. അദ്ദേഹത്തിന്റെ ഭാഗം കൂടിയായിരുന്നു. ആർ.എസ്.പി. എന്നാൽ ശ്രീകണ്ഠൻനായരായിരുന്നു. 1985 ജുലൈ 20 ന് ആയിരുന്നു അന്ത്യം. അതിനുശേഷം ആർ.എസ്.പി.യുടെ ജീവാത്മാവും പരമാത്മാവുമായിരുന്ന ശ്രീകണ്ഠൻ നായരെ ആർ. എസ്.പി. വിസ്മരിച്ചു. ശ്രീകണ്ഠൻ നായരുടെ മഹത്വം കേരളീയരെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി 4 വർഷം മുമ്പ് ''വിസ്മൃതനായ വിപ്ലവകാരി : ശ്രീകണ്ഠൻ നായർ'' എന്ന ഒരു ലേഖനം *കേരളശബ്ദം* വാരികയിൽ ഞാൻ എഴുതുകയുണ്ടായി. തുടർന്നാണ് ശ്രീകണ്ഠൻ നായർ ദിനം ആർ.എസ്.പി. ആചരിക്കാൻ തുടങ്ങിയത്. 1980 ലെ ലോക്സഭാ തെരഞ്ഞെടുപ്പു ഫലം വന്നപ്പോൾ കൊല്ലക്കാരുടെ സ്വന്തം ശ്രീകണ്ഠൻ നായർ തോറ്റു. കൊല്ലത്ത് അറിയപ്പെടാത്ത ബി.കെ.നായർ ജയിച്ചു.

ലോക്സഭ തെരഞ്ഞെടുപ്പു കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കകം 1980 ജനുവരി മൂന്നിനും ആറിനും നിയമസഭ തെരഞ്ഞെടുപ്പു നടന്നു. കൊല്ലം മണ്ഡലത്തിലെ വോട്ടെടുപ്പ് മൂന്നാം തീയതിയായിരുന്നു. ജനുവരി 22 നാണ് തെരഞ്ഞെടുപ്പ് ഫലം വന്നത്. എൽ.ഡി.എഫ്. സ്ഥാനാർത്ഥി കടവൂർ ശിവദാസൻ ജയിച്ചു. സംസ്ഥാനത്ത് 90 സീറ്റുകൾ എൽ.ഡി.എഫ്. ന് ലഭിച്ചു. ജനുവരി 25 ന് ഇ.കെ. നായനാർ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. സത്യപ്രതിജ്ഞ ചടങ്ങ് കാണാൻ ഞാനും പോയിരുന്നു. 1981 ഒക്ടോബർ 16 ന് ആന്റണി കോൺഗ്രസ്സും കേരള കോൺഗ്രസ്സ് മാണിയും മന്ത്രിസഭക്കുള്ള പിന്തുണ പിൻവലിച്ചതിനെ തുടർന്ന് നായനാർ മന്ത്രിസഭ ഒക്ടോബർ 20 ന് രാജിവച്ചു. ഇതോടെ സംസ്ഥാനം രാഷ്ട്രപതി ഭരണത്തിലായി. തുടർന്നുള്ള സഖ്യരൂപീകരണത്തിൽ 1981 ഡിസംബർ 28 ന് കെ. കരുണാകരൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ആർ.എസ്.പി.കാരനായ കടവൂർ ശിവദാസൻ കൂറുമാറി കരുണാകരനോടൊപ്പം ചേർന്നു. കരുണാകരന്റേത് കാസ്റ്റിംഗ് മന്ത്രിസഭയായിരുന്നു. അതിൽ പ്രതിഷേധിച്ച് എന്റെ നേതൃത്വത്തിൽ താലൂക്ക് കച്ചേരിക്ക് മുന്നിൽ നടന്ന റോഡ് പിക്കറ്റിംഗിൽ പങ്കെടുത്തവരെ പോലീസ് ലാത്തി ചാർജ്ജ് ചെയ്തു. എന്നെയും കുറെ പ്രവർത്തകരെയും പോലീസ് അറസ്റ്റ് ചെയ്തു. കാസ്റ്റിംഗ് മന്ത്രിസഭയുടെ കാലാവധി അധികനാൾ നീണ്ടു നിന്നില്ല. 1982 മാർച്ച് 15 ന് കേരള കോൺഗ്രസ്സ് (എം) ലെ ലോനപ്പൻ നമ്പാടൻ രാജിവെച്ച് എൽ.ഡി.എഫിൽ ചേർന്നതോടെ ഭൂരിപക്ഷം നഷ്ടപ്പെട്ട കരുണാകരൻ മന്ത്രിസഭ മാർച്ച് 17 ന് രാജിവെച്ചു. കേരളം എട്ടാം തവണയും രാഷ്ട്രപതി ഭരണത്തിലായി.

നായനാർ ഗവൺമെന്റ് ആന പാപ്പാൻമാരുടെ കുറഞ്ഞ കൂലി (Minimum Wages) നിശ്ചയിക്കുന്നതിന് ജോയിന്റ് ലേബർ കമ്മീഷണറായിരുന്ന മാധവൻ ചെയർമാനായി ഒരു മിനിമം വേജസ്സ് കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. ഞാനും അടുത്തകാലത്ത് അന്തരിച്ച കാസിമുമായിരുന്നു കമ്മിറ്റിയിലെ സി.ഐ.ടി.യു പ്രതിനിധികൾ, എന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു ഏടായിരുന്നു ഈ മിനിമം വേജസ് കമ്മിറ്റി. കൂലികൾ മൂന്നു വിധത്തിലുണ്ട്. ലിവിംങ് വേജസ്, ഫെയർ വേജസ്, മിനിമം വേജസ് എന്നിങ്ങനെ. ഒരാൾക്കും

കുടുംബത്തിനും എല്ലാവിധ സുഖസൗകര്യങ്ങളോടെ ജീവിക്കാൻ വേണ്ട കൂലി ആണ് ലിവിംങ് വേജസ്. സാമാന്യം തൃപ്തികരമായി ജീവിക്കാൻ വേണ്ട കൂലിയാണ് ഫെയർ വേജസ്. കഷ്ടിച്ച് ജീവിക്കാനുള്ളതാണ് മിനിമം വേജസ്. ആന പാപ്പാൻമാരുടെ ജോലിസാഹചര്യങ്ങളും കൂലിവ്യവസ്ഥകളും അന്വേഷിച്ച് പുതിയൊരു കൂലി നിശ്ചയിക്കുന്നതായിരുന്നു കമ്മിറ്റിയുടെ ലക്ഷ്യം. പാപ്പാന്മാരുടെ ജീവിതം ദയനീയവും ദുരിത പൂർണ്ണവുമായിരുന്നു. കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് കീഴിലും വനംവകുപ്പിന്റെ കീഴിലുമുള്ള പാപ്പാന്മാർക്ക് ഒരു സ്ഥിരമായ കൂലി വ്യവസ്ഥയുണ്ടായിരുന്നില്ല. സ്വകാര്യ വ്യക്തികളുടെ ആന പാപ്പാന്മാർക്ക് നിശ്ചിത കൂലി വ്യവസ്ഥയോ ജോലി സ്ഥിരതയോ ഉണ്ടായിരുന്നില്ല. ആനകളെകുറിച്ചും പാപ്പാന്മാരെക്കുറിച്ചും കമ്മിറ്റി വിശദമായ പഠനം നടത്തി. ഞങ്ങൾ ഇതിനുവേണ്ടി സന്ദർശിച്ച സ്ഥലങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡുമായും കൊച്ചിൻ ദേവസ്വം ബോർഡുമായും ഗുരുവായൂർ ദേവസ്വം ബോർഡുമായും ബന്ധപ്പെട്ട ക്ഷേത്രങ്ങളും, കോന്നി, മുത്തങ്ങ എന്നീ സ്ഥലങ്ങളിലെ ആനക്കൊട്ടിലുകളുമായിരുന്നു.

ആന കരയിൽ ജീവിക്കുന്ന ഏറ്റവും വലിയ സസ്തനിയാണ്. കടൽ പശുക്കളിൽ നിന്നും പരിണമിച്ചതാണ് ആന. അതിന് നീന്താനുള്ള കഴിവുണ്ട്. അവയുടെ മൂക്ക് രൂപാന്തരം പ്രാപിച്ച് തുമ്പിക്കൈയും ദ്രംഷ്ടപല്ലുകൾ പരിണമിച്ച് കൊമ്പുകളുമുണ്ടായി. കൂട്ടമായിട്ടാണ് ആനകൾ ജീവിക്കുന്നത്. ആൾ കുരങ്ങുകളെക്കാൾ ആനയ്ക്ക് ബുദ്ധിയുണ്ട്. സ്വയാവബോധമുള്ള മൃഗമാണ് ആന. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു മൃഗമാണ് ഇത്. ആനക്കൊമ്പ് മാഫിയകളാണ് അതിന് ഭീഷണി. ആവാസ വ്യവസ്ഥയുടെ മാറ്റം അതിന്റെ നിലനില്പിനെ ബാധിക്കുന്നു.

ഏഷ്യയിൽ പണ്ടുമുതലെ ആനയെക്കൊണ്ട് പണിയെടുപ്പിച്ചിരുന്നു. സിന്ധു നദീതടസംസ്കാരകാലത്ത് ആനകളെകൊണ്ട് പണിയെടുപ്പിച്ചതായി തെളിവുകളുണ്ട്. ഇന്ത്യ പണ്ടു മുതലേ ആനകളെ യുദ്ധത്തിന് ഉപയോഗിച്ചിരുന്നു. 1980 ൽ ഏഷ്യയിൽ പണിയെടുക്കുന്ന ആനകളുടെ എണ്ണം 13000 മായിരുന്നു. വാരിക്കുഴിയിൽ വീഴ്ത്തിയാണ് ആന പിടുത്തം. ഇപ്പോൾ മയക്കുവെടിവെച്ചും ആനകളെ പിടിക്കുന്നുണ്ട്. ഇങ്ങനെ പിടിക്കുന്ന ആനകളെകൊണ്ട് വിവിധ

ജോലികൾ ചെയ്യാൻ പരിശീലിപ്പിക്കുന്നു. വനങ്ങളിൽ നിന്നും തടികൾ നദിയിലേക്കും റോഡുകളിലേക്കും നീക്കം ചെയ്യാൻ ആനകളെ ഉപയോഗിക്കുന്നു. ദേശീയോദ്യാനങ്ങളിൽ ടൂറിസ്റ്റുകൾക്ക് ആനസവാരിക്ക് ഉപയോഗിക്കുന്നു. മൃഗശാലകളിൽ കാഴ്ചവസ്തുവായും സർക്കസ് കൂടാരങ്ങളിൽ സർക്കസുകളിക്കുന്നതിനും ആനയെ ഉപയോഗിക്കുന്നു. കേരളത്തിൽ ആനയെ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഉത്സവങ്ങൾക്കാണ്.

കേരളത്തിൽ ആനകളെ പരിശീലിപ്പിക്കുന്ന രണ്ട് കേന്ദ്രങ്ങളാണുള്ളത്. വയനാട് സുൽത്താൻബത്തേരിയിലെ മുത്തങ്ങ ആനക്കൊട്ടിലും (Elephant Gage) പത്തനംതിട്ട കോന്നിയിലെ ആനക്കൊട്ടിലും. വാരികുഴിയിൽ വീഴുന്ന ആനകളെ താപ്പാനകളെകൊണ്ട് മെരുക്കിയെടുത്ത് ജോലി ചെയ്യാൻ പഠിപ്പിക്കുന്ന ഈ രണ്ട് ആനകൊട്ടിലുകളും കേരള വനംവകുപ്പിന്റെ കീഴിലുള്ളവയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ആനകളെ സംരക്ഷിക്കുന്നത് ഗുരുവായൂർ ദേവസ്വമാണ്. ഗുരുവായൂർ അമ്പലത്തിൽ നിന്നും രണ്ടു കിലോമീറ്റർ അകലെയുള്ള പുന്നത്തൂർ കോട്ടയിലാണ് ഗുരുവായൂർ ദേവസ്വത്തിന്റെ ആനകളുടെ താവളം. ഞങ്ങൾ അവിടെ സന്ദർശിക്കുമ്പോൾ 60 ആനകളുണ്ടായിരുന്നു. ഗുരുവായൂരമ്പലത്തിൽ ഇപ്പോൾ തിടമ്പേറ്റുന്ന പത്മനാഭനും അവിടെയുണ്ടായിരുന്നു. വളരെ പ്രശസ്തനായിരുന്ന ഗുരുവായൂർ കേശവന്റെ താവളവും ഇവിടെയായിരുന്നു. ആന താവളത്തിൽ 150 ജീവനക്കാരുണ്ടായിരുന്നു. ആന പാപ്പാന്മാരെയും ആനകളെയുമൊക്ക പഠിച്ച് കമ്മിറ്റി മിനിമം കൂലി നിർണ്ണയം നടത്തി. ശുപാർശ ഗവൺമെന്റിന് സമർപ്പിച്ചു.

# ആത്മമിത്രങ്ങൾ

1982 ജനുവരി 26 മുതൽ 31 വരെ വിജയവാഡായിൽ വച്ച് നടന്നു. സി.പി.ഐ.(എം.) 11-ാം പാർട്ടി കോൺഗ്രസ്സിന് മുന്നോടിയായി നടന്ന കൊല്ലം ഏരിയാ സമ്മേളനത്തിൽ എന്നെ ഏരിയാ സെക്രട്ടറിയായി തെരഞ്ഞെടുത്തു. കടുത്ത ജോലി ഭാരമായിരുന്നു ഏരിയാ സെക്രട്ടറിയായതിനെ തുടർന്ന് ഉണ്ടായത്. രാവിലെ എട്ടു മണിക്ക് വീട്ടിൽ നിന്നും ഇറങ്ങിയാൽ രാത്രി വളരെ വൈകിയായിരിക്കും തിരിച്ചെത്തുക. കേരളത്തിലും ഇന്ത്യയിലും കക്ഷി ബന്ധങ്ങളിൽ മാറ്റമുണ്ടായികൊണ്ടിരിക്കുകയായിരുന്നു. 1982 മേയ് 19 ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പോടെ ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ അഞ്ച് രാഷ്ട്രീയ പാർട്ടികൾ ഉണ്ടായിരുന്ന സ്ഥാനത്ത് 25 പാർട്ടികളുണ്ടായി. സി.പി.ഐ.(എം.) സി.പി.ഐ, കോൺഗ്രസ്സ് (എസ്.), ആർ.എസ്.പി. എന്നിവരടങ്ങുന്ന എൽ.ഡി.എഫ്. കോൺഗ്രസ്സ് കേരള കോൺഗ്രസ്സ് (എം.), ജനതാ,ഐ.യു.എം.എൽ.,കേരള കോൺഗ്രസ് (ജെ.), എൻ.ഡി.പി, എസ്.ആർ.പി., ആർ.എസ്.പി. (എസ്.) എന്നീ പാർട്ടികളാണ് യു.ഡി.എഫിൽ ഉണ്ടായിരുന്നത്. ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. തെരഞ്ഞെടുപ്പ് കൊല്ലം നിയോജക മണ്ഡലം കമ്മിറ്റി ചെയർമാനായിരുന്നു ഞാൻ. എസ്. ത്യാഗരാജൻ എൽ.ഡി.എഫ് സ്ഥാനാർത്ഥിയും കടവൂർ ശിവദാസൻ യു.ഡി.എഫ് സ്ഥാനാർത്ഥിയും. തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ജയിച്ചു. കെ.കരുണാകരൻ മുഖ്യമന്ത്രിയായി. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നും പുതിയ അനുഭവങ്ങൾ പലതും എനിക്കുണ്ടായി.

ഞാനും എം.ജി. ധനപാലനും ഒരുമിച്ചായിരുന്നു കൊൽക്കത്ത

യ്ക്ക് അടുത്തുള്ള ഹിന്ദ് മോട്ടോഴ്സിൽ വച്ച് 1982 നവംബർ മാസത്തിൽ നടന്ന സി.ഐ.ടി.യു.ജനറൽ കൗൺസിലിൽ പങ്കെടുക്കാൻ പോയത്. ചെന്നൈയിൽ ഇറങ്ങി ഒരു ദിവസം താമസിച്ചിട്ടായിരുന്നു ഞങ്ങൾ കോറമൻഡൽ എക്സ്പ്രസ്സിൽ കൊൽക്കത്തയ്ക്ക് പോയത്. ഹിന്ദുസ്ഥാൻ മോട്ടോഴ്സ് ലിമിറ്റഡ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേരാണ് ''ഹിന്ദ് മോട്ടോർ''. ഹിന്ദുസ്ഥാൻ മോട്ടോഴ്സിന്റെ വക ഒരു ഹാളിലായിരുന്നു സമ്മേളനം. അന്ന് അവിടുത്തെ ഏറ്റവും വലിയ യൂണിയൻ സി.ഐ.ടി.യു.ആയിരുന്നു. സമ്മേളനത്തിൽ സാർവ്വദേശിയ പ്രശ്നങ്ങളുംദേശീയ പ്രശ്നങ്ങളും ചർച്ചയ്ക്ക് വിധേയമാക്കി. സമ്മേളനത്തിനുശേഷം ജനറൽ കൗൺസിൽ അംഗങ്ങളെ ''അംബാസിഡർ കാർ'' നിർമ്മിക്കുന്ന ഫാക്ടറി കാണാൻ കൊണ്ടുപോയി. കാർ ഫാക്ടറി സന്ദർശനം എന്റെ മായാത്ത ഒരു ഓർമ്മയാണ്. ബിർളയാണ് ഹിന്ദുസ്ഥാൻ മോട്ടോഴ്സിന്റെ ഉടമ. 1948 ൽ ബ്രിട്ടനിലെ മോറിസ് മോട്ടോർസ് ലിമിറ്റഡ് ഒരു കാറിന്റെ മോഡൽ ഹിന്ദുസ്ഥാൻ മോട്ടോഴ്സിനും ജപ്പാനിലെ ടയോട്ട കമ്പനിക്കും കൈമാറി. ഹിന്ദുസ്ഥാൻ മോട്ടോഴ്സും ടയോട്ടയും ഈ മോഡലിനെ അടിസ്ഥാനമാക്കിയാണ് കാർ ഉല്പാദനം തുടങ്ങിയത്. ഹിന്ദുസ്ഥാൻ 1958 ൽ ഉല്പാദനം തുടങ്ങി. ആദ്യം *ലാൻഡ് മാസ്റ്ററും* പിന്നീട് *അംബാസിഡറും.* അതേ സമയം തന്നെ ടയോട്ടയും ഉല്പാദനം ആരംഭിച്ചു. ഇതിനകം നിരവധി മോഡൽ കാറുകൾ ടയോട്ട ഇറക്കി ലോക കാർ കമ്പോളം പിടിച്ചടക്കി. റിസർച്ച് ആന്റ് ഡവല്പ്മെന്റ് ഇല്ലാത്തതുമൂലം ഹിന്ദുസ്ഥാൻ മോട്ടോഴ്സിന്റെ ഉല്പാദനം ഇപ്പോൾ നിലച്ചിരിക്കുകയാണ്.

എന്റെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിനിടയിൽ കണ്ടുമുട്ടിയ ഒരു അപൂർവ്വ സുഹൃത്തായിരുന്ന എ. ജി. ധനപാലൻ. 1996 ഒക്ടോബർ 27 ന് കൊല്ലം ജില്ലാ ആശുപത്രിയിൽ ഹൃദയാഘാതത്തെ തുടർന്ന് മരിക്കുംവരെ അദ്ദേഹം എന്റെ ഉറ്റ സഖാവായിരുന്നു. സാമൂഹ്യ അസമത്വങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ അദ്ദേഹം ശബ്ദമുയർത്തി. 1950 കളിൽ കൊല്ലം ജില്ലയിലെ പ്രധാന കയർ വ്യവസായ കേന്ദ്രങ്ങളിൽ ഒന്നായിരുന്നു പ്രാക്കുളം. അസംഘടിതരായ തൊഴിലാളികളെ കയർ മുതലാളിമാർ പരമാവധി ചൂഷണം ചെയ്തു. വൃത്തിഹീനമായ അന്തരീക്ഷത്തിൽ പകലന്തിയോളം

പണിയെടുക്കേണ്ടി വന്ന തൊഴിലാളികൾക്ക് തുച്ഛമായ കൂലിയും മുതലാളിമാരുടെ പീഡനവുമായിരുന്നു പ്രതിഫലം. കൂലി ചോദിച്ചാൽ മുതലാളിമാരുടെ ഗുണ്ടകളുടെ മർദ്ദനമേൽക്കേണ്ടി വരുന്ന അവസ്ഥ. കൂലി കൂടുതലിനുവേണ്ടി കയർ തൊഴിലാളികൾ 1955 ൽ പ്രാക്കുളത്തു നടത്തിയ ഐതിഹാസികമായ പ്രക്ഷോഭത്തോടനുബന്ധിച്ച് കയറുല്പാദകരും കയർപിരിതൊഴിലാളികളും തമ്മിൽ നടന്ന സംഘട്ടനത്തിൽ ഉല്പാദകരിൽ ഒരാൾ കൊല്ലപ്പെട്ടു. എം. ജി.ധനപാലനേയും അദ്ദേഹത്തിന്റെ അച്ചനേയും കൊലക്കേസ് പ്രതികളായി കേസ്സെടുത്തു. രണ്ടുപേരും ശിക്ഷിക്കപ്പെട്ട് ജയിൽ വാസമനുഭവിച്ചു. പിൻതിരിപ്പൻ ശക്തികൾക്ക് എന്നും പേടി സ്വപ്നമായിരുന്നു ധനപാലൻ. 1984 ഫെബ്രുവരിയിലെ ഒരു രാത്രിയിൽ നൂറ്റമ്പതോളം വരുന്ന സായുധരായ ഒരു സംഘം കാഞ്ഞാവെളിയിലെ വീടാക്രമിച്ച് അദ്ദേഹത്തെ കൊലപ്പെടുത്താൻ ശ്രമിച്ചു. ഒരു വർഷക്കാലം നീണ്ടുനിന്ന മെഡിക്കൽ കോളേജിലെ ചികിത്സയുടെ ഫലമായിട്ടായിരുന്നു അദ്ദേഹം ജീവിതത്തിലേക്ക് തിരിച്ചുവന്നത്. ധീരതയുടെയും ത്യാഗത്തിന്റേയും ആൾരൂപമായിരുന്ന ധനപാലനോട് പാർട്ടി അനീതി കാട്ടുകയുണ്ടായി.

തൊഴിലില്ലായ്മ വേതനത്തിനായി ഡി.വൈ.എഫ്.ഐ സംഘടിപ്പിച്ച പ്രക്ഷോഭത്തെ തുടർന്നാണ് കേരളത്തിൽ തൊഴിൽരഹിതവേതനം ആരംഭിച്ചത്. ഈ മുദ്രാവാക്യമുന്നയിച്ച് നടത്തിയ പ്രക്ഷോഭങ്ങളിലെ ഏറ്റവും കരുത്താർജിച്ചതായിരുന്നു 1982 ഡിസംബർ 20 ലെ കളക്ട്രേറ്റ് വളയൽ. ആദ്യത്തെ ഒരു സമരരൂപമെന്ന നിലയിൽ ആയിരക്കണക്കിന് യുവാക്കളെ പങ്കെടുപ്പിച്ച് എങ്ങനെ കളക്ട്രേറ്റ് വളയും എന്നതിന് ആർക്കും യാതൊരു നിശ്ചയവുമില്ലായിരുന്നു. പരിപാടിയുടെ സംഘാടക സമിതി സെക്രട്ടറിയായി എന്നെ പാർട്ടി ചുമതലപ്പെടുത്തി. ആദ്യത്തെ കളക്ട്രേറ്റ് വളയലിന്റെ സംഘാടനം എന്റെ രാഷ്ട്രീയ ജീവിതത്തിലെ ഒരു പുതിയ അനുഭവമായിരുന്നു യുവജനസമര ചരിത്രത്തിലെ സുപ്രധാന ഏടെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ സമരത്തിൽ ഗ്രാമങ്ങളിൽ നിന്ന് കാൽനടയായാണ് പ്രവർത്തകരെത്തിയത്. ജില്ലയിലെ യൂണിറ്റ് കേന്ദ്രങ്ങളിൽ നിന്നും 19 ന് രാവിലെ ഭക്ഷണ പൊതിയുമായി യാത്ര തിരിച്ച സമര വോളണ്ടിയർമാർ 20 ന് പുലർച്ചെ കളക്ട്രേറ്റിന് ചുറ്റും മനുഷ്യമതിൽ

തീർത്തു. ഒരാൾക്കുപോലും കളക്ട്രേറ്റിൽ കടക്കാൻ കഴിഞ്ഞില്ല. 19 ന് രാത്രിയും 20-ാം തീയതിയും വോളണ്ടിയർക്ക് വെള്ളവും ഭക്ഷണവും സംഘാടക സമിതി വിതരണം ചെയ്തു. 20000 ഭക്ഷണ പൊതികളാണ് വീടുകളിൽ നിന്നും സംഘടിപ്പിച്ചത്.

ഓർമ്മയിൽ നിന്നും മറയാത്തതാണ് 1983 ഏപ്രിൽ 13 മുതൽ 17 വരെ കാൺപൂരിൽ വെച്ചു നടന്ന സി.ഐ.ടി.യു 5-ാമതു സമ്മേളനം. ഉത്തർപ്രദേശിൽ ഗംഗാ നദീതീരത്തെ ഏറ്റവും വലിയ വ്യവസായ നഗരമാണ് കാൺപൂർ. കാൺപൂരിനെ 'ഇന്ത്യയിലെ മാൻചെസ്റ്റർ' എന്നാണ് അറിയപ്പെട്ടിരുന്നത്. ടെക്സ്റ്റയിലിന്റെയും നൂലുല്പന്നങ്ങളുടെയും ഇന്ത്യയിലെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നാണ് ഇവിടം. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമര സേനാനികളെ ബ്രിട്ടീഷുകാർ കൂട്ടക്കൊല ചെയ്തത് ഇവിടെയായിരുന്നു. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെയും തൊഴിലാളി സമരങ്ങളുടെയും ഭാരതത്തിലെ ഈറ്റില്ലങ്ങളിൽ ഒന്നായിരുന്നു കാൺപൂർ. കാറൽമാർക്സിന്റെ നൂറാം ചരമദിനാചരണ സമയത്തായിരുന്നു സമ്മേളനം നടന്നത്. മാർക്സിസത്തിന്റെ പ്രസക്തിയെകുറിച്ചൊരു സെമിനാർ സമ്മേളനത്തിനോടനുബന്ധിച്ച് ഉണ്ടായിരുന്നു. മാർക്സിന്റെ സിദ്ധാന്തങ്ങൾ സഖാക്കൾ പഠിക്കണമെന്ന് ബി.ടി.ആർ.ആഹ്വാനം ചെയ്യുകയുണ്ടായി. അമേരിക്കൻ സാമ്രാജ്യത്തിനെതിരായ സമരത്തിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. സോവിയറ്റ് യൂണിയനിൽ നിന്നും ചൈനയിൽ നിന്നും ട്രേഡ് യൂണിയൻ നേതാക്കൾ പങ്കെടുത്തിരുന്നു. ഇന്ദ്രജിത്ത് ഗുപ്ത (എ.ഐ.ടി.യു.സി.) ഒ.പി.അഘി (ബി.എം.എസ്.) ഹർകിഷൻസിംഗ് സുർജിത്ത് (അഖിലേന്ത്യാ കിസാൻ സഭ) എന്നിവർ സമ്മേളനത്തെ അഭിവാദ്യം ചെയ്തു. ബി.ടി.ആർ.പ്രസിഡന്റും സമർ മുഖർജി സെക്രട്ടറിയായും ഇ.ബാലാനന്ദൻ ഖജാൻജിയായും തെരഞ്ഞെടുക്കപ്പെട്ടു. ക്യാപ്റ്റൻ ലക്ഷ്മിയും, സുഭാഷിണി അലിയുമായിരുന്നു സമ്മേളനത്തിന്റെ പ്രധാന സംഘാടകർ. സമാപന ദിവസം ആയിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത പ്രകടനംകണ്ട് ഞാൻ അത്ഭുതപ്പെട്ടു. ഒരു വടക്കേ ഇന്ത്യൻ നഗരത്തിൽ ഒരു ശക്തി പ്രകടനത്തിന് തൊഴിലാളികൾ ഉണ്ടായതിലുള്ള അത്ഭുതം.

ഏഴാം ലോക്സഭയുടെ കാലാവധി തീരാറായതോടെ ഇന്ദിരാ

ഗാന്ധിയുടെ പ്രതിഛായയ്ക്ക് ഇടിവുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾക്കും വർഗ്ഗീയ പ്രീണന നയങ്ങൾക്കും എതിരെ സമരങ്ങൾ ശക്തിപ്പെട്ടു. പ്രതിപക്ഷ പാർട്ടികളുടെ ഐക്യം ശക്തിപ്പെടാൻ തുടങ്ങി. പഞ്ചാബ് അശാന്തമായി. ഈ രാഷ്ട്രീയ പശ്ചാത്തലത്തിലായിരുന്നു ഇന്ദിരാഗാന്ധിയുടെ വധം അവരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ നിലപാടുകളോട് വിയോജിപ്പുണ്ടായിരുന്നെങ്കിലും ഇന്ദിരാഗാന്ധി കൊലചെയ്യപ്പെട്ടത് എന്നിൽ ഞെട്ടലുണ്ടാക്കി. 1984 ഒക്ടോബർ 31 ന് രാവിലെ ഇന്ദിരാഗാന്ധിയെ അവരുടെ അംഗരക്ഷകരായ 2 സുരക്ഷാ ഭടന്മാർ വെടിവെച്ചു കൊലപ്പെടുത്തിയെന്ന വാർത്ത ഞാൻ കേട്ടത് കൊല്ലം കളക്ട്രേറ്റിൽ കളക്ടർ സി.വി. ആനന്ദബോസ് വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോഴായിരുന്നു. ഖാലിസ്ഥാൻ തീവ്രവാദികളായിരുന്നു ഇന്ദിരാഗാന്ധിയെ വെടിവെച്ച അംഗരക്ഷകർ.

അവിഭക്ത ഇന്ത്യയിലെ പഞ്ചാബിനെ ഒരു സ്വതന്ത്ര രാഷ്ട്രമാക്കണമെന്നതാണ് ഖാലിസ്ഥാൻ വാദം. ഇതിന് മൂന്നു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. 1980 ഏപ്രിൽ 12-ാം തീയതി ജഗജിത് സിംങ് ചൗഹാൻ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയെ കണ്ടതിനുശേഷം "അനന്തപൂർ സാഹിബിൽ" വെച്ച് ഖലിസ്ഥാൻ ദേശീയ കൗൺസിൽ രൂപീകരിച്ചതായി പ്രഖ്യാപിച്ചു. ജഗജിത് സിങ്ങ് ചൗഹാൻ പ്രസിഡന്റും ബാൽബീർ സിങ്ങ് സാൻഡു സെക്രട്ടറിയുമായി. 1980 മേയിൽ ലണ്ടനിൽ വെച്ച് ഖാലിസ്ഥാൻ രൂപീകരണം പ്രഖ്യാപിച്ചു. ഇതുപോലൊരു പ്രഖ്യാപനം ബാൽബീർ സിങ് സാൻഡു (Sandhu) അമൃത്സറിലും നടത്തി. സാൻഡു ഖാലിസ്ഥാൻ കറൻസിയും സ്റ്റാമ്പും ഇറക്കി. ഖാലിസ്ഥാൻ തീവ്രവാദികൾ പഞ്ചാബിലാകെ സായുധാക്രമണങ്ങൾ അഴിച്ചുവിട്ടു. ഖാലിസ്ഥാൻ വേണമെന്ന വാദത്തെ ജർണയിൽ സിങ്ങ് ഭിന്ദ്രൻവാല മുതലാക്കി. അയാൾ ഒരു വിഭാഗം സായുധഭീകരരെ സംഘടിപ്പിക്കുകയും അമൃതസറിലെ "ഹർമന്ദിർ സാഹിബ്" അഥവാ സുവർണ്ണക്ഷേത്രത്തിൽ ആസ്ഥാനമുറപ്പിക്കുകയും ചെയ്തു. ഗവൺമെന്റ് എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥയിലായി. ക്ഷേത്ര വളപ്പിനുള്ളിൽ ഭീകരരെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ഇന്ത്യൻ ഭരണകൂടത്തിന്റെ മതേതരസ്വഭാവം നഷ്ടപ്പെടുത്തുന്നതിന് സമമായിരുന്നു. നേരെ മറിച്ച് ക്ഷേത്രത്തിനു

ള്ളിൽ താവളമടിച്ചിരിക്കുന്ന ഭീകരരെ സായുധ ശക്തി ഉപയോഗിച്ച് പുറത്തു ചാടിക്കുന്നത് സിക്കു സമുദായത്തെ രോഷാകുലരാക്കുന്നതുമായിരുന്നു. ഒടുവിൽ 1984 ജൂൺ 6 ന് ഭിന്ദ്രൻവാലയേയും ഭീകരന്മാരെയും പട്ടാളത്തെ ഉപയോഗിച്ച് നേരിടാൻ തീരുമാനിച്ചു. ഈ പട്ടാള നടപടിയെ "ബ്ലൂസ്റ്റാർ ഓപ്പറേഷൻ" എന്നാണ് അറിയപ്പെടുന്നത്. സൈന്യവും ഭീകരരും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഭിന്ദ്രൻവാല വെടിയേറ്റ് മരിച്ചു.

സുവർണ്ണ ക്ഷേത്രത്തിൽ വെച്ചുണ്ടായ സംഘടനത്തിൽ ഔദ്യോഗിക രേഖകളനുസരിച്ച് 575 പേരും അനൗദ്യോഗികമായി 3000 പേരും മരണമടഞ്ഞു. ഇതിൽ തീർത്ഥാടകരും ഉണ്ടായിരുന്നു. ഇതാണ് സിക്കുകാരായ ഇന്ദിരാഗാന്ധിയുടെ അംഗരക്ഷകരായ സുരക്ഷാ സേനാംഗങ്ങൾ അവരെ വെടിവെച്ചു കൊല്ലുന്നതിലേക്ക് നയിച്ച സംഭവം. ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്ന് ആയിരക്കണക്കിന് സിക്കുകാർ കൊലചെയ്യപ്പെട്ടു. 1986 ജനുവരിയിൽ ആൾ ഇന്ത്യ സിക്ക് വിദ്യാർത്ഥി ഫെഡറേഷനിലെ തീവ്രവാദിവിഭാഗം സുവർണ്ണ ക്ഷേത്രം കൈയ്യടക്കി. 1986 ജനുവരി 26 ന് ഖലിസ്ഥാൻ രൂപീകരിക്കാൻ അവർ പ്രമേയം പാസ്സാക്കി. അത് ഒരു മതാധിഷ്ഠിത രാഷ്ട്രമായിരിക്കുമെന്നും പ്രഖ്യാപിച്ചു. ഖലിസ്ഥാൻ തീവ്രവാദികളും ഇന്ത്യൻ സുരക്ഷാ സേനയും തമ്മിലുള്ള ഏറ്റുമുട്ടൽ നീണ്ടുനിന്നു. 1990 ഓടെ സിക്കുകലാപം അടിച്ചമർത്തി. ഇപ്പോഴും "ദൾഖൽസ" സംഘടനകൾ ഇന്ത്യയ്ക്ക് പുറത്ത് ഖലിസ്ഥാൻ വാദവുമായി സജീവമാണ്.

ഇന്ദിരാഗാന്ധിയുടെ വധം രാജ്യത്തെ ദുഃഖത്തിലാഴ്ത്തി. ഇന്ദിരാഗാന്ധി വെടിയേറ്റ് മരിച്ചതിനെ തുടർന്നുള്ള സംഭവങ്ങൾ ദൂരദർശൻ പ്രക്ഷേപണം ചെയ്തു. അന്ന് കേരളത്തിൽ വേറെ ചാനലുകൾ ഉണ്ടായിരുന്നില്ല. ടെലിവിഷൻ ഉള്ള വീടുകൾ വളരെ കുറവായിരുന്നു. ഒരു വാർഡിൽ നാലോ അഞ്ചോ ആയിരുന്നു ടിവിയുടെ എണ്ണം. ടെലിവിഷനുള്ള വീടുകളിൽ ജനക്കൂട്ടം ഇന്ദിരാഗാന്ധി വധത്തിന്റെ രംഗങ്ങളും തുടർന്നുള്ള സംഭവങ്ങളും കണ്ടുകൊണ്ട് നിന്നു. ഞാനും എന്റെ അയലത്തെ ടിവിയുള്ള വീട്ടിൽ പോയി. അന്ന് വൈകുന്നേരം കൊല്ലം നഗരത്തിൽനടന്ന മൗന ജാഥയിലും അനുശോചന സമ്മേളനത്തിലും ഞാൻ പങ്കെടുത്തു.

ഇന്ദിരാഗാന്ധി മരിച്ച് ഒരു മണിക്കൂറിനുള്ളിൽ രാജീവ് ഗാന്ധി ഇന്ത്യയുടെ ആറാം പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. അധികം കഴിയുംമുമ്പ് അദ്ദേഹം കോൺഗ്രസ്സ് പ്രസിഡന്റുമായി. തന്റെ മാതാവ് വഹിച്ചിരുന്ന ആ രണ്ട് പദവികളും രാജീവ് ഗാന്ധി ഏറ്റെടുത്തു. ഭീകരൻ ഭിന്ദ്രൻവാലയെയും കൂട്ടാളികളെയും വളർത്തിയെടുത്ത സിഖ്വർഗ്ഗീയവാദികൾക്കെതിരെ ഉയർന്നുവന്ന "ദേശീയ ഐക്യത്തിന്റെ" പ്രതീകമായി രാജീവ് ഗാന്ധി ഉയർന്നു. എട്ടാം ലോക്സഭാ തെരഞ്ഞെടുപ്പ് 1984 ഡിസംബറിൽ നടത്താൻ തീരുമാനിച്ചു. കൊല്ലം ലോക്സഭ മണ്ഡലത്തിലെ എൽ.ഡി.എഫ്.സ്ഥാനാർത്ഥി ബാബുദിവാകരനും യു.ഡി.എഫ്. സ്ഥാനാർത്ഥി എസ്. കൃഷ്ണകുമാറുമായിരുന്നു. തെരഞ്ഞെടുപ്പിന് മുമ്പുതന്നെ എല്ലാ മുന്നൊരുക്കങ്ങളും ചെയ്തു. ഏരിയാ കമ്മിറ്റി സെക്രട്ടറി എന്ന നിലയിൽ എനിക്ക് നിശ്ചയിച്ചിരുന്ന ചുമതല കൊല്ലം നിയോജക മണ്ഡലമായിരുന്നു. തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ എസ്.കൃഷ്ണകുമാർ വിജയിച്ചു. ആ തെരഞ്ഞെടുപ്പിൽ കോട്ടയത്ത് നിന്ന് സുരേഷ് കുറുപ്പ് മാത്രമാണ് എൽ.ഡി.എഫിൽ നിന്നും ജയിച്ചത്. കൊല്ലപ്പെട്ട പ്രധാനമന്ത്രിയുടെ പുത്രൻ എന്ന നിലയിൽ രാജ്യത്തെമ്പാടും ഉണ്ടായ സഹതാപം ശരിക്കും മുതലെടുക്കാൻ രാജീവ് ഗാന്ധിക്കു കഴിഞ്ഞു. അതിന്റെ ഫലമായി ജവഹർലാൽ നെഹ്റുവിനോ ഇന്ദിരാഗാന്ധിക്കു പോലുമോ നേടാൻ കഴിയാതിരുന്ന ചരിത്രത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലാത്ത വമ്പിച്ച ഭൂരിപക്ഷം രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സിന് ലഭിച്ചു.

തെരഞ്ഞെടുപ്പിൽ കേരളത്തിൽ കോൺഗ്രസ്സിനുണ്ടായ നേട്ടം എൽ.ഡി.എഫിന് തിരിച്ചടിയായി. സി.പി.ഐ. (എം.) ൽ തെരഞ്ഞെടുപ്പു സഖ്യത്തെ സംബന്ധിച്ച് അഭിപ്രായ ഭിന്നതയുണ്ടായി. ഒരു തരത്തിലുള്ള വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടാതെ ഒരു യഥാർത്ഥമതേതര പാർട്ടിയായി ഉയർന്നു വരണമെന്ന് ഒരു പക്ഷവും എൽ.ഡി.എഫ്. വളരെ ദുർബലമാണെന്നും മുസ്ലീംലീഗുമായും കേരള കോൺഗ്രസ്സുമായും സഖ്യമില്ലാതെ കോൺഗ്രസ്സ് നേതൃത്വത്തിലുള്ള യു.ഡി.എഫിനെ പരാജയപ്പെടുത്താനാവില്ലെന്ന് മറുപക്ഷവും വാദിച്ചു. 1986 ഡിസംബർ 24 മുതൽ 29 വരെ കൊൽക്കത്തയിൽ നടന്ന 12-ാം പാർട്ടി കോൺഗ്രസ്സിന്റെ മുന്നോടിയായി നടന്ന

ബ്രാഞ്ച്, ലോക്കൽ, ഏരിയാ, ജില്ലാ, സംസ്ഥാന സമ്മേളനങ്ങളിലും ഈ ചേരിതിരുവുണ്ടായിരുന്നു. താഴെ തട്ടിലുള്ള സമ്മേളനങ്ങൾ നടത്താൻ തന്നെ പ്രയാസമായിരുന്നു. 1986 ഒക്ടോബറിൽ നടന്ന ജില്ലാ സമ്മേളനത്തിൽ കടുത്ത മത്സരമായിരുന്നു. ജില്ലാ കമ്മിറ്റി തെരഞ്ഞെടുപ്പിലും മത്സരം നടന്നു. മത്സരത്തിന്റെ ഫലമായി വോട്ടെണ്ണൽ ഫലപ്രഖ്യാപനവും താമസിച്ചതുകൊണ്ട് നേതാക്കന്മാർക്കും പ്രതിനിധികൾക്കും പ്രകടനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. സമ്മേളനത്തിന്റെ സ്വാഗതസംഘം സെക്രട്ടറിയായ ഞാൻ പ്രകടനത്തിന് നേതൃത്വം നല്കി. ഈ സമ്മേളനത്തിലാണ് എന്നെ സെക്രട്ടറിയേറ്റിലെടുത്തത്. എറണാകുളത്തു ചേർന്ന സംസ്ഥാന സമ്മേളനത്തിൽ ഞാനും പ്രതിനിധിയായിരുന്നു. ഈ സമ്മേളനത്തിലായിരുന്നു എം.വി.രാഘവനും കൂട്ടരും ബദൽരേഖ അവതരിപ്പിച്ചത്. ഞാൻ ബദൽരേഖയ്ക്ക് എതിരായിരുന്നു. കൊൽക്കത്ത കോൺഗ്രസ്സിനുശേഷവും എം.വി.രാഘവൻ പോരു തുടർന്നു. അദ്ദേഹവും അനുയായികളും അച്ചടക്ക നടപടിക്ക് വിധേയമായി. അവർ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി (സി.എം.പി.) രൂപീകരിച്ചു. പാർട്ടി രൂപീകരിച്ച് ഏതാനും ആഴ്ചകൾക്കകം കോൺഗ്രസ്സ് നേതൃത്വത്തിലുള്ള യു.ഡി.എഫുമായി സഖ്യമുണ്ടാക്കി.

അക്കാലത്തെ അവിസ്മരണിയമായൊരു സമരമായിരുന്നു കുറഞ്ഞ കൂലിക്ക് വേണ്ടി കശുവണ്ടി തൊഴിലാളികൾ നടത്തിയ സമരം. 1986 ജൂൺ 14ന് തൊഴിലാളികൾ സമരത്തിനിറങ്ങി. ജൂലൈ 4 ന് സംസ്ഥാനത്തെ എല്ലാ സ്വകാര്യ ഫാക്ടറിക്കുമുന്നിലും നിരാഹാരസമരം തുടങ്ങി. രണ്ടാഴ്ചക്കം എ.ഐ.ടി.യു.സി.യും യു.ടി.യു.സി.യും സമരത്തിനിറങ്ങി. ശക്തമായ സമരത്തെ തുടർന്ന് തൊഴിലാളികൾ കൂലി ബഹിഷ്കരിച്ചു. ഫാക്ടറികളിൽ നിന്നും സംസ്കരിച്ച അണ്ടിപ്പരിപ്പ് കടത്താൻ ശ്രമിച്ചപ്പോൾ അത് തൊഴിലാളികൾ തടഞ്ഞു. അവരെ പോലീസ് അറസ്റ്റ് ചെയ്തു. ട്രേഡ് യൂണിയൻ നേതാക്കളും തൊഴിലാളികളുമടക്കം പതിനായിരക്കണക്കിനുപേരെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും അറസ്റ്റ് ചെയ്തു. സെൻട്രൽ ജയിലിലും സബ്ജയിലിലും അടച്ചു. പരിപ്പുമായി വന്ന ലോറിയെ മനക്കരയിൽ തടഞ്ഞ പരമേശ്വരനെ അറസ്റ്റ് ചെയ്തു ചവറ ലോക്കപ്പിലടച്ചു. പിന്നീട് ലോക്കപ്പിൽ ഏറ്റ

ക്രൂരമായ മർദ്ദനത്തിന്റെ ഫലമായി രക്തസാക്ഷിയായി. തിരുവോണനാളിൽ ഫാക്ടറികൾക്ക് മുന്നിൽ കരിങ്കൊടി ഉയർന്നു. ഇതേ തുടർന്ന് സമരം ബഹുജനസമരമായി.

സംസ്കരിച്ച തോട്ടണ്ടി ഫാക്ടറിക്ക് പുറത്തേക്കും കൊണ്ടുപോകാൻ പോലീസ് സഹായം തേടി, മുതലാളിമാർ ഹൈക്കോടതിയിൽ ഹർജി നല്കി. തൊഴിലാളികൾക്കുവേണ്ടി കേസ് നടത്താൻ കശുവണ്ടി തൊഴിലാളി സംയുക്തസമരസമിതി ചുമതലപ്പെടുത്തിയത് എന്നെയും കൊട്ടാരക്കര ഇ.രാജേന്ദ്രനെയുമായിരുന്നു. ഞങ്ങൾ അഡ്വക്കേറ്റ് ദാമോദരനെ കണ്ട് ജസ്റ്റിസ് ഭട്ടിന്റെ മുന്നിൽ കൗണ്ടർ കേസ് ഫയൽ ചെയ്തു. ജസ്റ്റിസ് ഭട്ട് ജഡ്ജിയാകുന്നതിനുമുമ്പ് ട്രേഡ് യൂണിയൻ നേതാവായിരുന്നു. തൊഴിലാളികൾക്കനുകൂലമായി അദ്ദേഹം വിധിപ്രസ്താവിച്ചു. നിലവിലുള്ള മിനിമം കൂലിയും ഡി.എ.യും കുടിശിക സഹിതം നല്കാൻ മുതലാളിമാർ നിർബന്ധിതരായി. സമരം ഒത്തുതീർപ്പായി. കശുവണ്ടി മേഖലയിൽ നടന്ന ഒരു ഐതിഹാസിക സമരമായിരുന്നു ഇത്.

1986 സെപ്തംബർ ഒന്നാം തീയതിയായിരുന്നു സിഐ.ടി.യു. ജില്ലാ സെക്രട്ടറിയായി ചുമതലയേറ്റത്. 1987 മാർച്ച് 23 നായിരുന്നു ഒമ്പതാം നിയമസഭാ തെരഞ്ഞെടുപ്പ്. എൽ.ഡി.എഫിനും യു.ഡി.എഫിനും പുറമെ ബി.ജെ.പി. ഹിന്ദു മുന്നണി സഖ്യവും മത്സരരംഗത്തെത്തി. യു.ഡി.എഫുമായി സഖ്യമുണ്ടാക്കിയ സി.എം.പി. അവരോടൊപ്പം മത്സരിക്കാതെ സി.പി.ഐ.(എം.)ന്റെയും എൽ.ഡി.എഫിന്റേയും ശക്തികേന്ദ്രങ്ങളെ ദുർബ്ബലപ്പെടുത്താൻ 100 ഓളം മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ നിർത്തി മത്സരിച്ചു. ഈ തെരഞ്ഞെടുപ്പിൽ ജാതിമത ശക്തികളുടെ കൂട്ടുകെട്ടായിട്ടാണ് യു.ഡി.എഫ്. പ്രത്യക്ഷപ്പെട്ടതെങ്കിലും മതേതര ജനാധിപത്യ ശക്തികളുടെ പിൻതുണ സി.പി.ഐ.(എം.) നും എൽ.ഡി.എഫിനും ഉണ്ടായിരുന്നു. തെരഞ്ഞെടുപ്പിൽ എനിക്ക് കുണ്ടറ നിയോജക മണ്ഡലത്തിലായിരുന്നു ചുമതല. വോട്ടെണ്ണൽ കഴിഞ്ഞപ്പോൾ കൊട്ടാരക്കര ഒഴിച്ച് കൊല്ലം ജില്ലയിലെ എല്ലാ മണ്ഡലങ്ങളിലും എൽ.ഡി.എഫ്. വിജയിച്ചു. സംസ്ഥാനത്ത് എൽ.ഡി.എഫിന് 78 സീറ്റുകൾ ലഭിച്ചു. ഇ.കെ.നായനാർ വീണ്ടും മുഖ്യമന്ത്രിയായി. സി.ഐ.ടി.യുവിന്റെ 6–ാം അഖിലേന്ത്യാ സമ്മേളനം 1987 മേയ് 18 മുതൽ 22 വരെ മുംബൈയിലാണ് ചേർ

ന്നത്. സ. ചിണ്ടൻ നഗറിലായിരുന്നു പ്രതിനിധി സമ്മേളനം. ഇത് മുംബൈയിൽ വെച്ച് നടക്കുന്ന രണ്ടാമത്തെ സമ്മേളനമായിരുന്നു. താനയിലെ ഒരു സ്കൂളിലായിരുന്നു താമസസൗകര്യം ഏർപ്പെടുത്തിയിരുന്നത്. രാജ്യത്ത് വമ്പിച്ച മാറ്റങ്ങൾ വന്നുകൊണ്ടിരുന്ന കാലമായിരുന്നു. രാജീവ് ഗാന്ധി ഗവൺമെന്റിനെതിരെ അഴിമതി ആരോപണങ്ങൾ ഉയർന്നു വന്നു. പ്രതിരോധ മന്ത്രാലയത്തിന് ബോഫേഴ്സ് തോക്കും അന്തർവാഹിനിയും ഗവൺമെന്റ് വാങ്ങിയതിൽ അഴിമതിയുണ്ടെന്ന ആരോപണം ഗവൺമെന്റിനെ പിടിച്ചുകുലുക്കി. കിഴക്കൻ യൂറോപ്പിലും സോവിയറ്റ് യൂണിയനിലേയും കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ പുതിയ പ്രശ്നങ്ങൾ രൂപംകൊണ്ടിരുന്നു. ഇന്ത്യയിലാവട്ടെ ഭരണവർഗ്ഗ നയങ്ങൾക്കെതിരെ രാഷ്ട്രീയ സംയുക്തസമരങ്ങളുടെയും ട്രേഡ് യൂണിയൻ ഐക്യത്തിന്റെയും കാലമായിരുന്നു. വർഗ്ഗീയതയ്ക്കും തീവ്രവാദത്തിനും എതിരായി ശബ്ദമുയർന്ന കാലമായിരുന്നു. ഈ കാര്യങ്ങളെല്ലാം സവിസ്തരം പ്രതിപാദിച്ചുകൊണ്ടുള്ളതായിരുന്നു ബി.ടി.ആറിന്റെ അധ്യക്ഷപ്രസംഗവും സെക്രട്ടറിയുടെ റിപ്പോർട്ടും. ഒരു ദിവസം വർക്കിംഗ്വുമൺ സമ്മേളനത്തിനുവേണ്ടി മാത്രം മാറ്റിവെച്ചു. സമാപന സമ്മേളനത്തിൽ അഖിലേന്ത്യാ നേതാക്കളുടെ നേതൃത്വത്തിലുള്ള ആദിവാസികളുടെ പ്രകടനം എന്നെ അത്ഭുതപ്പെടുത്തി. സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് ജ്യോതിബസുവായിരുന്നു. ബി.ടി.ആറിനെ പ്രസിഡന്റായും സമർ മുഖർജിയെ ജനറൽ സെക്രട്ടറിയായും ഇ. ബാലാനന്ദനെ ഖജാൻജിയായും സമ്മേളനം തെരഞ്ഞെടുത്തു. ഈ സമ്മേളനത്തിലായിരുന്നു ഞാൻ വർക്കിംഗ് കമ്മിറ്റി അംഗമായത്.

സി.ഐ.ടി.യു മൂന്നാം അഖിലേന്ത്യാ സമ്മേളനത്തിനു വന്നപ്പോൾ മുംബൈ നഗരം കാണാൻ കഴിഞ്ഞില്ല. ഈ പ്രാവശ്യം സമ്മേളനം കഴിഞ്ഞ് ഒരു ദിവസം ഞങ്ങൾ മുംബൈ നഗരം കാണാൻ തീരുമാനിച്ചു. ഇന്ത്യയുടെ പശ്ചിമതീരത്തെ ഏറ്റവും ജനസംഖ്യയുള്ള നഗരമാണിത്. ജനസംഖ്യ ഒരു കോടി 4 ലക്ഷമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മലയാളികളുള്ള നഗരവും. ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ 70% മൂലധന കൈമാറ്റം നടക്കുന്നതും ഇവിടെയാണ്. ഒരുകാലത്ത് വെള്ളകെട്ടുകളുള്ള ദ്വീപുകളായിരുന്നു അവിടം. പ്രാദേശിക ഭരണാധികാരികളാണ് ഈ ദ്വീപുകൾ ഭരിച്ചിരുന്നത്.

1534 മുതൽ 1661 വരെ പോർട്ടുഗീസുകാരുടെ കൈവശമായിരുന്നു ഈ പ്രദേശം. ബ്രിട്ടനിലെ ചാൾസ് രണ്ടാമൻ പോർച്ചുഗീസ് രാജാവിന്റെ മകളായ കാതറിനെ വിവാഹം കഴിച്ചതിന് സ്ത്രീധനമായി മുംബൈ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് വിട്ടുകൊടുത്തു. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ദ്വീപുകൾ നികത്തി മുംബൈയെ ഒരു മേജർ പോർട്ടായി ബ്രിട്ടീഷുകാർ മാറ്റി. മുംബൈയിലെ ഇന്ത്യ ഗേറ്റ് ഉൾപ്പെടെ പ്രധാനപ്പെട്ട സ്ഥലങ്ങളെല്ലാം ഞങ്ങൾ സന്ദർശിച്ചു.

1987 നവംബറിൽ ഞാനും സി.പി.ആശാനും (സി.പി.കരുണാകരൻ പിള്ള) ഒരുമിച്ച് ഒരു പഞ്ചാബ് യാത്ര നടത്തി. ചണ്ഡിഗറിൽ വെച്ച്നടന്ന സി.ഐ.ടി.യു വർക്കിംഗ് കമ്മിറ്റിയിൽ പങ്കെടുക്കാനായിരുന്നു ഇത്. കലാപകലുഷിതമായിരുന്നു പഞ്ചാബ്. ഖലിസ്ഥാൻ തീവ്രവാദികളും സുരക്ഷാ സേനയും തമ്മിൽ ഏറ്റുമുട്ടൽ നടന്നുകൊണ്ടിരുന്ന സമയത്തായിരുന്നു വർക്കിംഗ് കമ്മിറ്റി. ചണ്ഡിഗറിലെ ഒരു ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു കമ്മിറ്റി. അവിടെ തന്നെയായിരുന്നു താമസസൗകര്യം ഒരുക്കിയിരുന്നതും. ഓഡിറ്റോറിയത്തിനു ചുറ്റും സി.ഐ.ടി.യു.വിന്റെ തന്നെ സായുധരായ സുരക്ഷ വോളണ്ടിയർമാരായിരുന്നു ഞങ്ങൾക്ക് സംരക്ഷണവലയം തീർത്തിരുന്നത്. കൊല്ലത്തു നിന്നും തിരിക്കുമ്പോൾ ഭയാശങ്കകൾ ഉണ്ടായിരുന്നെങ്കിലും അവിടെ എത്തിയപ്പോൾ അതെല്ലാം മാഞ്ഞുപോയി. കൊടും തണുപ്പായിരുന്നു കാലാവസ്ഥ. തണുപ്പിനെ നേരിടാൻ കമ്പിളിവസ്ത്രങ്ങളും ഷൂസും ഞാൻ ധരിച്ചിരുന്നു. എന്നാൽ ആശാൻ നഗ്നപാദനായിരുന്നു. ചെരിപ്പോ ഷൂസോ ഇല്ലാതെ നടക്കുന്ന ആശാനെ എല്ലാവരും കൗതുകത്തോടെ നോക്കുമായിരുന്നു. ചണ്ഡിഗർ വർക്കിംഗ് കമ്മിറ്റിക്ക് പോകാൻ എന്നെ നിർബന്ധിച്ചത് ആശാനായിരുന്നു. രണ്ടു ദശാബ്ദകാലം അദ്ദേഹത്തോടൊപ്പം സി.ഐ.ടി.യു. സെക്രട്ടറിയായി ഞാൻ പ്രവർത്തിച്ചു. അക്കാലത്ത് ഞങ്ങൾ തമ്മിൽ ഉണ്ടായിട്ടുള്ള പരസ്പര സ്നേഹവും ബഹുമാനവും വിവരണാതീതമാണ്. ഞാൻ കണ്ടുമുട്ടിയിട്ടുള്ള നല്ല മനുഷ്യരിൽ ഒരാളായിരുന്നു അദ്ദേഹം.

കരുനാഗപ്പള്ളിയിലെ ഒരു ധനാഢ്യ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തകനായി ദേശീയ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ

ഹൈസ്കൂൾ പഠനം നിർത്തേണ്ടിവന്നു. സ്വാതന്ത്ര്യാനന്തരം കേരള സോഷ്യലിസ്റ്റ് പാർട്ടി (കെ.എസ്.പി.) പ്രവർത്തകനായി. 1948 ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി. കൊല്ലം ജില്ലയിലെ ഇടതുപക്ഷ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ അമരക്കാരിൽ ഒരു പ്രമുഖനായിരുന്നു അദ്ദേഹം. സി.ഐ.ടി.യു. ജില്ലാ കമ്മിറ്റി രൂപീകരണം മുതൽ 2005 ൽ അദ്ദേഹം മരിക്കുന്നതുവരെ സി.ഐ.ടി.യു. പ്രസിഡന്റായിരുന്നു. അവിഭക്ത പാർട്ടിയിലെ ഭിന്നിപ്പിനെ തുടർന്ന് സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി അംഗവും തുടർന്ന് ജില്ലാ സെക്രട്ടറിയുമായി. അദ്ദേഹത്തിന്റെ സമ്പത്തു മുഴുവൻ പാർട്ടി പ്രവർത്തനത്തിനായി ചിലവഴിച്ചു. ത്യാഗധനനായിരുന്ന അദ്ദേഹവും വയസുകാലത്ത് പാർട്ടി ഗ്രൂപ്പ് യുദ്ധത്തിൽ വെട്ടി വീഴ്ത്തപ്പെട്ടു.

# പാടലീപുത്രം

1987 ലെ നിയമസഭ തിരഞ്ഞെടുപ്പിൽ സീറ്റിന്റെ കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്ക് ഭൂരിപക്ഷമുണ്ടായിരുന്നെങ്കിലും രേഖപ്പെടുത്തിയ വോട്ടിൽ ഭൂരിപക്ഷം ഐക്യജനാധിപത്യമുന്നണിക്കായിരുന്നു. തിരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ഗവൺമെന്റ് ജനങ്ങൾക്ക് ചില താല്ക്കാലികാശ്വാസങ്ങൾ നല്കി. കേരളത്തിന്റെ കാർഷികവും വ്യവസായികവുമായ ഉല്പാദന മേഖലയിൽ പ്രകടമായിരുന്ന മുരടിപ്പ് അവസാനിപ്പിക്കാൻ ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളൊന്നും വിജയിച്ചില്ല. യഥാർത്ഥത്തിൽ കാർഷികോല്പാദനവും വ്യവസായികോല്പാദനവും പിന്നോട്ടു പോവുകയാണ് ചെയ്തത്. ഇത്തരം അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സി.പി.ഐ (എം) അണികൾക്ക് ഒരാവേശമായിരുന്നു. ഭരണത്തിന്റെ ഭാഗമായി ഒരു സജീവത പാർട്ടി ഘടകങ്ങൾക്കുണ്ടായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് 13-ാം പാർട്ടി കോൺഗ്രസ്സ് 1988 ഡിസംബർ 27 മുതൽ ജനുവരി 1 വരെ തിരുവനന്തപുരത്തു വെച്ച് നടക്കുന്നത്. ഞാനും ഈ കോൺഗ്രസ്സിലെ ഒരു പ്രതിനിധിയായിരുന്നു. ഞാൻ പങ്കെടുത്തിട്ടുള്ള പാർട്ടി കോൺഗ്രസുകളിൽ വെച്ച് ഏറ്റവും ആർഭാടപൂർവ്വം സംഘടിപ്പിക്കപ്പെട്ടത് ഇതായിരുന്നു. തിരുവനന്തപുരം നഗരം മുഴുവൻ കമാനങ്ങൾ കൊണ്ടും ചെങ്കൊടികൾ കൊണ്ടും തോരണങ്ങൾ കൊണ്ടും അലംകൃതമായിരുന്നു. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലായിരുന്നു പ്രതിനിധി സമ്മേളനം. ഇ.എം.എസ് ആയിരുന്നു സെക്രട്ടറി. ശംഖുമുഖം കടപ്പുറത്തു നടന്ന സമ്മേളനം തിരുവനന്തപുരം കണ്ടതിലേറ്റവും വലിയ പ്രകട

നമായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഈ സമ്മേളനം നടക്കുമ്പോൾ സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾ തകർച്ചയുടെ വക്കിലായിരുന്നു. എന്നാൽ ഇതൊന്നും സമ്മേളനത്തിൽ ഗൗരവമായി ചർച്ച ചെയ്യാതിരുന്നത് എന്നെ അത്ഭുതപ്പെടുത്തി.

1970 കളുടെ അവസാനം പോളണ്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പ്രശ്നങ്ങളുണ്ടെന്ന് പത്രവാർത്തകളുണ്ടായിരുന്നു. ഇത് ബൂർഷ്വാ മാധ്യമങ്ങളുടെ പ്രചരണമായിട്ടാണ് ഞാൻ അന്ന് കരുതിയത്. അതായിരുന്നില്ല സത്യം. 1981ൽ പോളണ്ടിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടഭീകരതക്കെതിരെയും അതിന്റെ തൊഴിലാളി ദ്രോഹനയങ്ങൾക്കെതിരെയും ലേവലേസയുടെ നേതൃത്വത്തിൽ "സോളിഡാരിറ്റി" എന്ന ട്രേഡ് യൂണിയൻ രൂപീകരിച്ചു. സോളിഡാരിറ്റി എന്നാൽ ഐക്യദാർഢ്യം എന്നാണ് അർത്ഥം. ക്രിസ്ത്യൻ ജനാധിപത്യസങ്കല്പത്തിലെ ഒരു പ്രധാനപ്പെട്ട പദമാണ് ഇത്. പെട്ടെന്നു തന്നെ സോളിഡാരിറ്റി ഒരു രാഷ്ട്രീയ ശക്തിയായി വളർന്നു. അതിന്റെ സമരങ്ങളെ അടിച്ചമർത്താൻ പട്ടാള നിയമം പ്രഖ്യാപിച്ചു. ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി സോളിഡാരിറ്റി നടത്തിയ സമരങ്ങൾ പോളണ്ടിനെ ഭാഗികമായി സ്വതന്ത്രമാക്കി. തിരഞ്ഞെടുപ്പ് നടത്താൻ കമ്മ്യൂണിസ്റ്റ് ഭരണകൂടം നിർബന്ധിതമായി. 1989ൽ സോളിഡാരിറ്റിയെ അംഗീകരിച്ചു. തുടർന്ന് 1990 ൽ നടന്ന തിരഞ്ഞെടുപ്പിൽ ലേവലേസ പ്രസിഡണ്ടായി. ജനാധിപത്യാവകാശങ്ങളും അഭിപ്രായ സ്വാതന്ത്ര്യവും ഇന്റർനെറ്റ് സ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടു. പോളണ്ടിൽ സോളിഡാരിറ്റി നടത്തിയ സമരങ്ങളിൽ മുഖ്യമായും പങ്കെടുത്തത് തൊഴിലാളികളും കർഷകരുമായിരുന്നു. തികച്ചും അഹിംസാത്മകവും ജനകീയവുമായിരുന്നു പോളണ്ടിലെ സമരങ്ങൾ.

സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയും പ്രസിഡണ്ടുമായിരുന്ന മിഖായൽ സെർഗിയേവിച്ച് ഗൊർബചേവ് 1985ൽ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയേയും സോവിയറ്റ് ഭരണകൂടത്തെയും നവികരിക്കുന്നതിനു വേണ്ടി ആരംഭിച്ച പ്രസ്ഥാനമായിരുന്നു പെരിസ്ത്രോയിക്ക *(Peristroika)*. പെരിസ്ത്രോയിക്ക എന്ന വാക്കിന്റെ അർത്ഥം പുനർനിർമ്മാണം എന്നാണ്. അത്

നടപ്പാക്കുന്നതിനുള്ള തുറന്ന സമീപനം അഥവാ സുതാര്യതയാണ് "ഗ്ലാസ്നോസ്റ്റ്". കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പുനർനിർമ്മാണത്തോടെ സോവിയറ്റ് യൂണിയന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ വ്യവസ്ഥയെ പുനർനിർമ്മിക്കുക എന്നതായിരുന്നു ലക്ഷ്യം. സോവിയറ്റ് യൂണിയന്റെയും ലോകത്തിന്റെയും പുതിയ ചിന്ത എന്ന നിലയിൽ ഗൊർബച്ചേവ് "പെരിസ്ത്രോയിക്ക" എന്ന കൃതി പ്രസിദ്ധികരിച്ചു. ഈ കൃതി ശ്രദ്ധാപൂർവ്വം പല ആവർത്തി ഞാൻ വായിച്ചു. അന്നത്തെ സോവിയറ്റ് യൂണിയന്റെ യഥാതഥമായ ചിത്രം അവതരിപ്പിക്കുന്നതായിരുന്നു അത്.

ഭൂമിയുടെ ആറിൽ ഒന്ന് ഭാഗമായിരുന്നു പഴയ സോവിയറ്റ് യൂണിയൻ. അന്ന് ജനസംഖ്യ 25 കോടിയിൽ താഴെയായിരുന്നു. പ്രകൃതി വിഭവങ്ങളാൽ അതിസമ്പന്നമായിരുന്നു സോവിയറ്റ് യൂണിയൻ. സാർ ചക്രവർത്തിയുടെ കാലത്ത് യൂറോപ്പിലെ ഭക്ഷ്യകലവറയായിരുന്നു റഷ്യ. 1980കളിൽ നിത്യോപയോഗ സാധനങ്ങളുടെ ദുർഭിക്ഷത മൂലം സോവിയറ്റ് ജനത പൊറുതി മുട്ടി. വിലകയറ്റം മൂലം അവർ നട്ടം തിരിഞ്ഞു. 70 വർഷമായി കമ്മ്യൂണിസ്റ്റ് പാർട്ടി കാർഷിക രംഗത്തും വ്യവസായത്തിലും സ്വീകരിച്ച വികലമായ നയങ്ങൾ മൂലം ഭക്ഷ്യോൽപ്പാദനവും ഉപഭോഗവസ്തുക്കളുടെ ഉൽപാദനവും കുറഞ്ഞു. ഇൻഡ്യയിലും ചൈനയിലും ഉല്പാദിപ്പിച്ചിരുന്ന ഉപഭോഗവസ്തുക്കളുടെ ഗുണനിലവാരം പോലും സോവിയറ്റ് യൂണിയനിലേതിന് ഇല്ലായിരുന്നു. റഷ്യയിൽ ആഹാരസാധനങ്ങൾ വാങ്ങുന്നതിനുള്ള "ക്യൂ" കുപ്രസിദ്ധമായിരുന്നല്ലോ. 1980കളിൽ 2 കോടി ആളുകളാണ് കരിംചന്ത വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നത്. സോവിയറ്റ് യൂണിയനിലെ ദേശീയ പ്രശ്നങ്ങളൊന്നും പരിഹരിക്കപ്പെട്ടിരുന്നില്ല. പഴയ സോവിയറ്റ് യൂണിയൻ 15 റിപ്പബ്ലിക്കുകൾ അടങ്ങിയ ഒരു ഫെഡറൽ സംവിധാനമായിരുന്നു. മോൾഡേവിയ, എസ്റ്റോണിയ, ലത്വിയ, ലിത്വാനിയ, ഖസാക്കിസ്ഥാൻ, ടർക്ക്മേനിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ, അർമേനിയ, അസർബജാൻ, ജ്യോർജീയ, യുക്രേയിൽ എന്നീ റിപ്പബ്ളിക്കുകളിലെ ജനങ്ങൾ റഷ്യയുടെ അധീശത്വം അവസാനിപ്പിക്കാനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പ്രക്ഷോഭത്തിലായിരുന്നു. പ്രകൃതി വിഭവങ്ങളാലും ധാരാളം സമ്പത്തുകളാലും അനുഗ്രഹിതമായ ഈ റിപ്പബ്ളിക്കുകൾ

അഫ്ഗാനിസ്ഥാനേക്കാൾ പിന്നോക്കവസ്ഥയിലായിരുന്നു. പശ്ചിമ യൂറോപ്പിലെ ഇപ്പോഴുള്ള കൊള്ളക്കാരിലും കവർച്ചക്കാരിലും ഒരു ഭാഗം ഈ രാജ്യങ്ങളിൽ നിന്നും കുടിയേറിയവരാണ്. സോവിയറ്റ് യൂണിയനിലെ മദ്യ ഉപഭോഗം മറ്റെല്ലാ രാജ്യങ്ങളെയും കവച്ചുവെയ്ക്കുന്നതായിരുന്നു. സാമൂഹ്യമായ അധഃപതനത്തിന്റെ എല്ലാ ലക്ഷണങ്ങളും അവിടെ ഉണ്ടായിരുന്നു.

സോവിയറ്റ് യൂണിയനെപോലെ കിഴക്കൻ ജർമ്മനി, ഹങ്കറി, യുഗോസ്ലോവിയ, ചക്കോസ്ലാവിയ, റുമേനിയ, അൽബേനിയ തുടങ്ങിയ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾക്കെതിരെയും ജനരോഷം ആളിക്കത്തിക്കൊണ്ടിരിക്കുകയായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ അന്ത്യത്തിൽ പശ്ചിമ ജർമ്മനി അമേരിക്കയുടെയും ബ്രിട്ടന്റെയും ഫ്രാൻസിന്റെയും സംയുക്ത സൈന്യത്തിന്റെ പിടിയിലായി. കിഴക്കൻ ജർമ്മനിയിൽ സോവിയറ്റ് യൂണിയൻ ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം സ്ഥാപിച്ചു. അതിന്റെ പേര് *ജർമ്മൻ ജനാധിപത്യ റിപബ്ളിക്ക്* എന്നായിരുന്നു. ബെർലിനായിരുന്നു തലസ്ഥാനം. കിഴക്കൻ ജർമ്മനിയിൽ നിന്നും ചെറുപ്പക്കാർ പശ്ചിമ ജർമ്മനിയിലേക്ക് പോകുന്നത് തടയുന്നതിനാണ് ബെർലിൻ നഗരത്തിന്റെ അതിർത്തിയിൽ 1961ൽ ഒരു പടുകൂറ്റൻ കോൺക്രീറ്റ് മതിൽ കമ്മ്യൂണിസ്റ്റുകാർ കെട്ടിപ്പൊക്കിയത്. യുദ്ധാനന്തരം പശ്ചിമ ജർമ്മനി വളരെ ഉയർന്ന നിലയിൽ പുരോഗമിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റ് ജർമ്മനിയിൽ ഒരു പുരോഗതിയും ഉണ്ടായില്ല. 1989 നവംബർ 9ന് കിഴക്കൻ ജർമ്മനിയിലെ ജനങ്ങൾ മതിൽ പൊളിച്ച് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. പടിഞ്ഞാറൻ ജർമ്മനിയും കിഴക്കൻ ജർമ്മനിയും ഒന്നായി. കമ്മ്യൂണിസ്റ്റ് ഭരണകൂടം ചീട്ടു കൊട്ടാരം പോലെ തകർന്നു വീണു. ചൈന ഉദാരവല്ക്കരണ സ്വകാര്യവല്ക്കരണ നയങ്ങൾ സ്വീകരിച്ചു. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തിരിച്ചടികളൊന്നും ഇവിടുത്തെ കമ്മ്യൂണിസ്റ്റുകാർക്ക് പ്രശ്നമായിരുന്നില്ല. സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെ പാർട്ടികളെ റിവിഷനിസ്റ്റുകളെന്നും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സെക്ടേറിയൻ എന്നുമൊക്കെ ഇവിടെ അടച്ചാക്ഷേപിച്ചു കൊണ്ടിരുന്നു.

ഒൻപതാം ലോകസഭാ തിരഞ്ഞെടുപ്പിനോടൊപ്പമാണ് പത്താം നിയമ സഭാ തിരഞ്ഞെടുപ്പ് നടന്നത്. 1991 മേയ് 23ന് നടത്താൻ നിശ്ച

യിച്ചിരുന്ന തിരഞ്ഞെടുപ്പ് രാജീവ് ഗാന്ധിയുടെ വധത്തെ തുടർന്ന് ജൂൺ 18ലേക്ക് മാറ്റി. തിരഞ്ഞെടുപ്പിനു മുൻപ് കേരള കോൺഗ്രസ്സ് (ജെ) എൽ.ഡി.എഫിലേയ്ക്കും സി.എം.പി.യു.ഡി.എഫിലേയ്ക്കും മാറി. രാജീവ് ഗാന്ധി വധത്തിന്റെ സഹതാപമുണർത്തി 92 സീറ്റ് നേടി യു.ഡി.എഫ് അധികാരത്തിലെത്തി. ജൂൺ 24ന് കരുണാകരൻ മുഖ്യമന്ത്രിയായി. കൊല്ലം പാർലമെന്റ് മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർത്ഥി ജയിച്ചു. എനിക്ക് തിരഞ്ഞെടുപ്പ് ചുമതല കുണ്ടറ മണ്ഡലത്തിലായിരുന്നു. രാജീവ് ഗാന്ധി കൊല ചെയ്യപ്പെട്ട ദിവസം കോൺഗ്രസ്സുകാർ വ്യാപകമായ ആക്രമണം അഴിച്ചു വിട്ടിരുന്നു. തിരഞ്ഞെടുപ്പ് പ്രവർത്തനം കഴിഞ്ഞ് രാത്രിയിൽ കൊല്ലത്തേയ്ക്ക് വരുമ്പോൾ ഞാൻ സഞ്ചരിച്ചിരുന്ന കാർ ആക്രമിച്ചു. കഷ്ടിച്ചാണ് രക്ഷപ്പെട്ടത്. മന്ത്രിസഭ രൂപികരിക്കുന്ന ഘട്ടം വന്നപ്പോഴെയ്ക്കും കോൺഗ്രസിലെ ഗ്രൂപ്പ് വൈരുദ്ധ്യം മൂർച്ഛിച്ചു. മുഖ്യമന്ത്രി കരുണാകരന് കാലാവധി പൂർത്തീകരിക്കാനായില്ല. കോൺഗ്രസ്സിലെ ആഭ്യന്തര പ്രശ്നങ്ങളെയും ഐ.എസ്.ആർ.ഒ ചാരകേസിനെയും തുടർന്ന് കരുണാകരന് മുഖ്യമന്ത്രി പദവി ഒഴിയേണ്ടി വന്നു.

എന്റെ ഓർമ്മയിൽ വരുന്ന അക്കാലത്തെ ഒരു സമ്മേളനമാണ് 1991 ഫെബ്രുവരി 13 മുതൽ 17 വരെ കൊൽക്കൊത്തയിൽ വെച്ചു നടന്ന എഴാമതു സി.ഐ.ടി.യു അഖിലേൻഡ്യാ സമ്മേളനം. സി.ഐ.ടി.യു സ്ഥാപക സമ്മേളനത്തിന് 21 വർഷത്തിനു ശേഷം ഇവിടെവച്ച് നടക്കുന്ന സമ്മേളനമായിരുന്നു ഇത്. തൊഴിലാളി വർഗ്ഗം സാർവ്വദേശീയമായി പ്രതികൂലസാഹചര്യങ്ങളിലൂടെ കടന്നു പോകുന്ന കാലമായിരുന്നു. 1991 ആയപ്പോഴേയ്ക്കും സോവിയറ്റ് യൂണിയനിലേയും കിഴക്കൻ യൂറോപ്പിലെയും കമ്മ്യൂണിസ്റ്റ് ഭരണ കൂടങ്ങൾ തകർന്നു വീണു കഴിഞ്ഞിരുന്നു. ബി.ടി.രണദിവേയും, പി. രാമമൂർത്തിയും ഇല്ലാത്ത ആദ്യത്തെ അഖിലേന്ത്യാ സമ്മേളനമായിരുന്നു ഇത്. പ്രതിനിധി സമ്മേളനം സാൾട്ട് ലേക്ക് സ്റ്റേഡിയത്തിനടുത്തുള്ള ഒരു ഇൻഡോർ സ്റ്റേഡിയത്തിലായിരുന്നു. ബംഗാൾ മുഖ്യമന്ത്രിയും സി.ഐ.ടിയു വൈസ് പ്രസിഡന്റുമായിരുന്ന ജ്യോതിബസുവായിരുന്നു സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ. ജനറൽ സെക്രട്ടറി സമർ മുഖർജി ജനാധിപത്യപരമായ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ പ്രാധാന്യം വിശദീകരിക്കുകയുണ്ടായി. വർഗ്ഗീയ

ശക്തികളുടെയും വിഘടന വാദികളുടെയും വളർച്ചയിൽ ജ്യോതി ബസു ഉൽക്കണ്ഠ രേഖപ്പെടുത്തി. ഈ സമ്മേളനത്തിൽ ഇ. ബാലാനന്ദൻ പ്രസിഡന്റും എം.കെ. പാണ്ഡെ ജനറൽ സെക്രട്ടറിയുമായി. ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടന്ന റാലിയിൽ ലക്ഷങ്ങളാണ് പങ്കെടുത്തത്. കൊൽക്കൊത്തയുടെ നാനാഭാഗങ്ങളിൽ നിന്നും ചുമന്ന അരുവികൾ അവിടേയ്ക്ക് ഒഴുകിയെത്തുകയായിരുന്നു.

1989 മുതൽ 1990 വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന വി. പി.സിങ്ങിന്റെ കൊല്ലം സന്ദർശനം എന്റെ മറവിയുടെ ഇരുട്ടിലേക്ക് പോകുന്നില്ല. ഇന്ത്യയിലെ പിന്നോക്കക്കാരുടെ സംരക്ഷകനായ പ്രധാനമന്ത്രിയെന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പിന്നോക്ക ക്കാരുടെ ജോലി സംവരണത്തെക്കുറിച്ചുള്ള മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് അദ്ദേഹം നടപ്പാക്കാൻ ശ്രമിച്ചു. എൽ.കെ.അഡ്വാനിയുടെ രാമജന്മഭൂമി പ്രശ്നത്തിലുള്ള രഥജാഥ സമസ്തിപൂരിൽ തടഞ്ഞു. അഡ്വാനിയെ അറസ്റ്റ് ചെയ്തു. 1990 ഒക്ടോബർ 30ന് ബാബറി മസ്ജിദ് പൊളിക്കുമെന്നുള്ള അഡ്വാനിയുടെ പരിപാടി പൊളിച്ചു. പ്രധാനമന്ത്രി സ്ഥാനം രാജി വെച്ച ശേഷം വി.പി.സിങ്ങ് നടത്തിയ ഭാരത പര്യടനത്തിന്റെ ഭാഗമായി 1991 മാർച്ച് 9ന് കൊല്ലത്തെത്തി. അദ്ദേഹത്തിന് സ്വീകരണം നല്കുന്നതിനും യോഗം സംഘടിപ്പി ക്കുന്നതിനും വേണ്ടി രൂപികരിച്ച സംഘാടക സമിതി ചെയർമാൻ ഞാനായിരുന്നു.

സി.പി.ഐ (എം) 14-ാം കോൺഗ്രസ്സ് 1992 ജനുവരി ഒന്നു മുതൽ പത്തു വരെ ചെന്നൈയിൽ വെച്ചാണ് നടത്തുന്നത്. ചെന്നൈയി ലെ വടപളനിയിലെ പ്രശസ്തമായ വിജയ സ്റ്റുഡിയോ കോംപ്ലെക് സായിരുന്നു സമ്മേളന സ്ഥലം. സ്റ്റുഡിയോയിലെ ആഡിറ്റോറിയം മനോഹരമായ ശില്പങ്ങൾ കൊണ്ട് അലങ്കരിച്ചവയായിരുന്നു. സമ്മേ ളനത്തിൽ വിഭാഗീയത പ്രത്യക്ഷപ്പെട്ടു. ഭൂരിപക്ഷ വർഗ്ഗീയതയും ന്യൂനപക്ഷ വർഗ്ഗീയതയും ഒരു പോലെ രാജ്യത്തിന് അപകടക രമാണെന്ന് ഒരു വിഭാഗവും ഭൂരിപക്ഷ വർഗ്ഗീയതയാണ് ന്യൂനപ ക്ഷ വർഗ്ഗീയതയെക്കാൾ കൂടുതൽ അപകടകരമെന്ന് മറുഭാഗവും വാദിച്ചു. ഇതിനെ ചൊല്ലി രൂക്ഷമായ അഭിപ്രായ വ്യത്യാസമാണ് കോൺഗ്രസ്സിൽ ഉണ്ടായത്. പാർട്ടി കോൺഗ്രസ്സ് ആദ്യത്തെ വാദം അംഗീകരിക്കുകയാണ് ചെയ്തത്. ഞാൻ ഒന്നാമത്തെ അഭിപ്രായ

ക്കാരനായിരുന്നു. ഈ സമ്മേളനത്തിൽ എന്നെ അൽഭുതപ്പെടുത്തിയ ഒരു കാര്യം പാർട്ടി കോൺഗ്രസ്സിലെ ചർച്ചകളുടെ ചോർച്ചയായിരുന്നു. സമ്മേളനത്തിലെ ചർച്ചകൾ അപ്പപ്പോൾ പത്രങ്ങൾക്ക് ലഭിച്ചു കൊണ്ടിരുന്നു. സമ്മേളനത്തിൽ പങ്കെടുത്തിരുന്ന ചില ഉന്നതരായ വിപ്ലവകാരികളായിരുന്നു പത്രക്കാരുടെ ഏജന്റുമാർ. ഇ.എം.എസ് മാറി ഹർകിഷൻ സുർജിത് സെക്രട്ടറിയായത് ഈ കോൺഗ്രസ്സിലായിരുന്നു. പാർട്ടി കോൺഗ്രസ്സിനു മുൻപുള്ള ബ്രാഞ്ച്, ലോക്കൽ, ഏരിയ ജില്ലാ സമ്മേളനങ്ങളിൽ വലിയ വിഭാഗീയപ്രവർത്തനമില്ലായിരുന്നെങ്കിലും കോഴിക്കോട്ടു നടന്ന സംസ്ഥാന സമ്മേളനത്തിൽ വിഭാഗീയത മറ നീക്കി പുറത്തു വന്നിരുന്നു. അച്ചുതാനന്ദനും നായനാരും തമ്മിൽ സെക്രട്ടറി സ്ഥാനത്തിന് മത്സരിച്ചു. നായനാർ ജയിച്ചു. ഈ സമ്മേളനത്തോടെയാണ് എന്തു കൊണ്ട് വിഭാഗിയത ? എന്ന് ഞാൻ ചിന്തിക്കാൻ തുടങ്ങിയത്. മാർക്സിസത്തിന് എന്തെങ്കിലും അടിസ്ഥാനപരമായ തെറ്റുണ്ടോയെന്ന എന്റെ സംശയം വർദ്ധിച്ചതും കോഴിക്കോട് സംസ്ഥാന സമ്മേളനത്തിനും 14-ാം പാർട്ടി കോൺഗ്രസ്സിനും ശേഷമായിരുന്നു. പാർട്ടി കോൺഗ്രസ്സിനു ശേഷം അച്ചുതാനന്ദന്റെയും നായനാരുടെയും നേതൃത്വത്തിൽ ശക്തമായ രണ്ട് ഗ്രൂപ്പുകൾ കേരള പാർട്ടിയിൽ ഉണ്ടായി.

പാർട്ടി അംഗമായതിനു ശേഷമാണു മാർക്സിസത്തെക്കുറിച്ചുള്ള പഠനം ഗൗരവമായിട്ടെടുത്തത്. ഞാനൊരു ഭൗതിക വാദിയായിരുന്നെങ്കിലും മാർക്സിസത്തിന്റെ അടിസ്ഥാനമായ വൈരുദ്ധ്യാത്മക ഭൗതിക വാദം എന്തെന്ന് വ്യക്തമായി മനസ്സിലാക്കിയിരുന്നില്ല. ചിന്ത പബ്ളിക്കേഷന്റെ മിക്കവാറും എല്ലാ മാർക്സിസ്റ്റ് തത്വശാസ്ത്രകൃതികളും പാർട്ടിരേഖകളും വായിച്ചു മനസ്സിലാക്കാൻ ശ്രമിച്ചു. അക്കാലത്ത് സോവിയറ്റ് യൂണിയൻ പ്രസിദ്ധീകരിച്ച മാർക്സിസ്റ്റ് ലെനിനിസ്റ്റ് കൃതികളുമായും പരിചയപ്പെട്ടു. പാർട്ടി സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ക്ലാസ്സുകളിൽ നിന്നും പാർട്ടിയെ സംബന്ധിച്ച അറിവുകൾ ലഭിച്ചു. ഭൗതികവാദിയായ ഞാൻ വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ ആകൃഷ്ടനായി. മാർക്സിന്റെ ചരിത്രപരമായ ഭൗതികവാദത്തെ അന്ധമായി വിശ്വസിച്ചു. സാമ്രാജ്യത്വം തകർന്ന് ലോകം മുഴുവൻ സോഷ്യലിസവും തുടർന്ന് വർഗ്ഗരഹിത സമൂഹവും നിലവിൽ വരുമെന്ന് സ്വപ്നം കണ്ടു. അനതിവിദൂര ഭാവിയിൽ

ഡെൽഹിയിലെ ചെങ്കോട്ടയിലും ചെങ്കൊടി ഉയരുമെന്നായിരുന്നു എന്റെ പ്രതീക്ഷ. എന്നാൽ സോവിയറ്റ് യൂണിയന്റെ പതനവും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ തകർച്ചയും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ച നയങ്ങളും സി.പി.ഐ(എം) ലെ ഗ്രൂപ്പിസവും എന്റെ വിശ്വാസങ്ങൾക്ക് മങ്ങലേല്പിച്ചു. മാർക്സിസത്തിന്റെ സിദ്ധാന്തവും പ്രയോഗവും തമ്മിൽ പൊരുത്തക്കേടുണ്ടോ എന്ന എന്റെ സംശയം കൂടുതൽ ബലപ്പെട്ടു തുടങ്ങി.

പുതിയ പല അനുഭവങ്ങളും പകർന്നു നല്കിയതായിരുന്നു 1994 മാർച്ച് 3 മുതൽ 7 വരെ ബീഹാറിന്റെ തലസ്ഥാനമായ പാറ്റ്നായിൽ വെച്ച് നടന്ന സി.ഐ.ടി.യു എട്ടാം അഖിലേന്ത്യാസമ്മേളനം. ഈ സമ്മേളനം സംഘടിപ്പിക്കുന്നതിന് മുൻകൈ എടുത്തത് മെഡിക്കൽ റെപ്രസന്റീവുകളുടെ അഖിലേന്ത്യ സംഘടനയായിരുന്നു. ഒരു കാലത്ത് ബീഹാറിൽ ഉണ്ടായിരുന്ന ശക്തമായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ദുർബ്ബലപ്പെട്ടു പോയിരുന്നു. ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ജ്യോതി ബസുവിന്റെ നിർദ്ദേശം അനുസരിച്ച് ബീഹാർ മുഖ്യമന്ത്രിയായിരുന്ന ലാലുപ്രസാദ് സമ്മേളനത്തിനു വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിയിരുന്നു. ട്രേഡ് യൂണിയന്റെ ഐക്യം ശക്തിപ്പെടുത്തണമെന്നതായിരുന്നു സമ്മേളനത്തിന്റെ പ്രധാന ആഹ്വാനം. സമ്മേളനം ഉൽഘാടനം ചെയ്ത ജ്യോതി ബസു പ്രധാന മന്ത്രി നരസിംഹ റാവുവിന്റെ ഉദാരവല്ക്കരണ സ്വകാര്യവല്ക്കരണ നയങ്ങൾക്കെതിരെയും ഐ.എം.എഫ് നിർദ്ദേശങ്ങൾക്കെതിരെയും ശക്തമായി പ്രതികരിക്കുകയുണ്ടായി.

സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾക്കുള്ള താമസ സൗകര്യം ഒരുക്കിയിരുന്നത് ബീഹാർ ഗവൺമെന്റിന്റെ പണിതീരാത്ത ഒരു വലിയ ജയിലിലായിരുന്നു. കിടപ്പ്, തറയിൽ കച്ചി വിരിച്ച് അതിനു മുകളിൽ പായും ബെഡ്ഷീറ്റും വിരിച്ചായിരുന്നു. ഞാനും വിശ്വവത്സലനും അവിടെതന്നെ കൂടി. മിക്കവാറും പ്രതിനിധികൾ ലോഡ്ജുകൾ തേടിപ്പോയി. സമ്മേളനം കഴിഞ്ഞ് ഞാനും വിശ്വവത്സലനും പാറ്റ്നാ നഗരവും നളന്ദയും ബുദ്ധഗയയും ചുറ്റികറങ്ങി കാണാൻ തീരുമാനിച്ചു. ഞങ്ങൾ ഒരു ടൂർ ഓപ്പറേറ്ററെ കണ്ട് യാത്രയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തു. ബീഹാറിൽ ഗംഗാ നദിയുടെ

തെക്കേ കരയിൽ സ്ഥിതി ചെയ്യുന്ന ഒരു പുരാതന പട്ടണമാണ് പാറ്റ്ന. ലോകത്ത് ഏറ്റവും ആദ്യം ജനവാസമുണ്ടായ സ്ഥലങ്ങളിൽ ഒന്നാണിത്. ബി.സി. 490ലാണ് മഗധരാജാവ് പാറ്റ്നാ പട്ടണം നിർമ്മിച്ചത്. പുരാതന കാലത്ത് "പാടലീപുത്രം" എന്നാണ് ഈ നഗരത്തെ അറിയപ്പെട്ടിരുന്നത്. മഗധരാജവംശത്തിനു പുറമെ നന്ദ, മൗര്യ, ഗുപ്ത, പല്ലാ എന്നീ രാജ വംശങ്ങളുടെയും തലസ്ഥാനവും പാടലീപുത്രമായിരുന്നു. പാടലീപുത്രം കലകളുടെയും വിജ്ഞാനത്തിന്റെയും സാഹിത്യത്തിന്റെയും നഗരമായിരുന്നു. ആര്യഭട്ടൻ, പാണിനി, വാത്സ്യായനൻ, ചാണക്യൻ, കാളിദാസൻ എന്നിവരുടെ നഗരമായിരുന്നു. ഹിന്ദു, സിക്ക്, ജൈന ബുദ്ധ മതങ്ങളുടെ തീർത്ഥാടന കേന്ദ്രങ്ങൾ പാറ്റ്നായിലും പാറ്റ്നായ്ക്ക് ചുറ്റും ഉണ്ട്. പത്താമത്തെ സിക്കു ഗുരുവായിരുന്ന ഗുരു ഗോബിന്ദ് സിങ്ങ് ജനിച്ചത് പാറ്റ്നായിലായിരുന്നു. പാറ്റ്നായുടെ അടുത്താണ് വൈശാലി, രാജ്ഗീർ, നളന്ദ, ബോധഗയ, പാവപുരി എന്നീ ലോക പ്രശസ്ത തീർത്ഥാടന കേന്ദ്രങ്ങൾ.

പാറ്റ്നായിൽ നിന്നും 75 കിലോമീറ്റർ ദൂരെയാണ് നളന്ദ. യുനസ്കോയുടെ പൈതൃക പട്ടികയിൽ ഇടംപിടിച്ച സ്ഥലമാണിത്. മഗധരാജവംശത്തിന്റെ കാലത്തെ ഏറ്റവും വലിയ ബുദ്ധവിഹാര കേന്ദ്രമായിരുന്നു ഇത്. വിഹാരമെന്നാൽ സർവകലാശാലയാണ്. തക്ഷശില, വിക്രമശില എന്നിവയായിരുന്നു മറ്റ് പ്രശസ്ത പുരാതന വിഹാരങ്ങൾ. നളന്ദ ഏറ്റവും കൂടുതൽ പ്രശസ്തിയിലേക്ക് ഉയർന്നത് ഗുപ്ത സാമ്രാജ്യത്തിന്റെ കാലത്തായിരുന്നു. ഹർഷൻ, കനുജൻ എന്നീ രാജാക്കന്മാരും സർവകലാശാല ശക്തിപ്പെടുത്തുകയുണ്ടായി. ടിബറ്റ്, ചൈന, കൊറിയ, മദ്ധ്യേഷ്യ എന്നീ പ്രദേശങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെ പഠിക്കാൻ വരുമായിരുന്നു. ചൈനീസ് സഞ്ചാരി ഹുവാൻസാങ്ങ് ഇവിടുത്തെ വിദ്യാർത്ഥിയായിരുന്നു. നളന്ദയുടെ അവശിഷ്ടങ്ങൾ നമുക്ക് ഇപ്പോൾ അവിടെ കാണാം. പുരാവസ്തുവകുപ്പാണ് ഇത് സംരക്ഷിക്കുന്നത്. ചുടുകട്ട കൊണ്ട് നിർമ്മിച്ച വളരെ വലിയ കെട്ടിട സമുച്ചയത്തിലായിരുന്നു നളന്ദ സർവകലാശാലയെന്നതിന് അവശിഷ്ടങ്ങൾ തെളിവാണ്. വിസ്തൃതമായ ഹാളുകളും ഓഡിറ്റോറിയവും ഉണ്ടായിരുന്നതായി പുരാവസ്തു ഗവേഷകർ കരുതുന്നു. 1200ൽ മുഹമ്മദ് ഇൻ ഭക്തി

യാർ കിൽജി എന്ന മതഭ്രാന്തൻ രാജാവായിരുന്നു നളന്ദ തീ വെച്ച് നശിപ്പിച്ചത്. പതിനായിരക്കണക്കിന് അമൂല്യ ഗ്രന്ഥങ്ങൾ നശിച്ചു പോയെന്നാണ് ചില ചരിത്ര ഗവേഷകന്മാർ പറയുന്നത്.

ഉരുവേലയ്ക്കടുത്ത് നിരഞ്ജനാ നദീ തീരത്ത് സ്ഥിതി ചെയ്യുന്ന ബുദ്ധ ഗയ (ബോധ്ഗയ) പാറ്റ്നായിൽ നിന്നും 105 കിലോ മീറ്റർ അകലെയാണ്. സിദ്ധാർത്ഥ ഗൗതമന് ബോധധേദയം ലഭിച്ച സ്ഥലം ആയതിനാൽ ബുദ്ധമത വിശ്വാസികൾ ഇതിനെ വിശുദ്ധ സ്ഥലമായി കാണുന്നു. ഇന്ന് ഇവിടെ സ്ഥിതി ചെയ്യുന്ന ക്ഷേത്രം അശോക ചക്രവർത്തി പണി കഴിപ്പിച്ചതാണ്. ക്ഷേത്രത്തോട് ചേർന്ന് ബോധിവൃക്ഷവും ഉണ്ട്. ഇതിന്റെ വിത്തിൽ നിന്നും ശ്രീലങ്ക, മ്യാന്മർ തുടങ്ങിയ ഇടങ്ങളിലെ ബുദ്ധ ക്ഷേത്രങ്ങളിൽ ബോധി വൃക്ഷം വളർത്തിയിട്ടുണ്ട്. മഹാബോധി അമ്പലം ഇവിടെയാണ്. ബുദ്ധഗയയിലെ കുളത്തിൽ ബുദ്ധമത വിശ്വാസികൾ പിതൃക്കൾക്ക് ബലിയർപ്പിക്കുന്നു. സിദ്ധാർത്ഥന് ബോധോദയം ലഭിച്ച അവിടമാകെ ഏതോ ഒരു ചൈതന്യം നിറഞ്ഞു നില്ക്കുന്നതായി അനുഭവപ്പെട്ടു. അതൊരു ആർദ്രാനുഭൂതിയായിരുന്നുവെന്നാണ് എനിക്ക് ഇപ്പോൾ തോന്നുന്നത്.

# ഗ്രൂപ്പുപോര്

1995 ലെ സി.പി.ഐ.(എം.) കോഴിക്കോട് സംസ്ഥാന സമ്മേളന ത്തിന് മുമ്പ് പാർട്ടി സെക്രട്ടറിയായിരുന്ന വി.എസ്.അച്ചുതാനന്ദനെ പാർലമെന്ററി രംഗത്തേയ്ക്കും പാർലമെന്ററി രംഗത്തു നിന്നിരുന്ന ഇ.കെ.നായനാരെ സംഘടനാ രംഗത്തേയ്ക്കും മാറ്റാൻ സംസ്ഥാന കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന സമ്മേ ളനത്തിൽ വി.എസ് അച്ചുതാനന്ദൻ ഈ തീരുമാനം ലംഘിച്ചു. തനിക്ക് വീണ്ടും സെക്രട്ടറിയാകാൻ പാകത്തിലായിരുന്നു പുതിയ സംസ്ഥാന കമ്മിറ്റിയെ തെരഞ്ഞെടുത്തിരുന്നതും. സംസ്ഥാന കമ്മി റ്റി തെരഞ്ഞെടുപ്പ് കഴിഞ്ഞ് സെക്രട്ടറി സ്ഥാനത്തേക്ക് ഇ.കെ.നായ നാരുടെ പേര് നിർദ്ദേശിക്കപ്പെട്ടപ്പോൾ അതിനെതിരെ വി.എസ്.അ ച്ചുതാനന്ദന്റെ പേരും നിർദ്ദേശിക്കപ്പെട്ടു. പാർട്ടി അച്ചടക്കം പാലിച്ച് തെരഞ്ഞെടുപ്പിൽ നിന്നും പിന്മാറാൻ അച്ചുതാനന്ദൻ തയ്യാറായില്ല. വോട്ടിങ്ങ് കഷ്ടിച്ച് രക്ഷപ്പെട്ട ഇ.കെ.നായനാർ സെക്രട്ടറിയായി. ഇതിനെ തുടർന്നാണ് പാർട്ടിയിൽ പുതിയ ഗ്രൂപ്പ് പോര് തുടങ്ങു ന്നത്. ഗ്രൂപ്പ് പോരിന് പ്രത്യയശാസ്ത്രപരമോ രാഷ്ട്രീയമോ ആയ യാതൊരടിസ്ഥാനവും ഉണ്ടായിരുന്നില്ല. നേതാക്കളുടെ സ്ഥാനമാ നങ്ങളോടുള്ള ഒടുങ്ങാത്ത ദുരാഗ്രഹമായിരുന്നു ഇതിന് കാരണം. കോഴിക്കോടു സമ്മേളനത്തിനുശേഷം ഗ്രൂപ്പ് പോര് ബ്രാഞ്ചുകൾ വരെ വ്യാപിച്ചു. പാർട്ടി അംഗങ്ങളെ ഗ്രൂപ്പിനോടൊപ്പം നിർത്താൻ എല്ലാ ഹീനമാർഗ്ഗങ്ങളും ഗ്രൂപ്പ് മാനേജർ സ്വീകരിച്ചു. കൊല്ലത്തെ പാർട്ടി ഘടകങ്ങൾ അച്ചുതാനന്ദഭക്തന്മാരെക്കൊണ്ട് നിറഞ്ഞതാ യിരുന്നു. ഇതായിരുന്നു പല ജില്ലകളിലേയും സ്ഥിതി. കമ്മിറ്റിക ളിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് അവർ ന്യൂനപക്ഷത്തെ അടിച്ചമർത്തി.

കൊല്ലം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി നടന്ന ബ്രാഞ്ച്, എൽ.സി., ഏ.സി., ഡി.സി സമ്മേളനങ്ങളിൽ ഗ്രൂപ്പ് പോര് രൂക്ഷമായിരുന്നു. കൊല്ലത്തെ മിക്കവാറും എല്ലാ ഘടകങ്ങളും അച്ചുതാനന്ദപക്ഷം പിടിച്ചടക്കി. കൊല്ലം ജില്ലാ സമ്മേളനം നടന്നത് പുനലൂരായിരുന്നു. സമ്മേളനത്തിൽ നടന്ന ചർച്ചകളിൽ അച്ചുതാനന്ദവിഭാഗം പ്രതിനിധികൾ ഇ.എം.എസ്സിനെ ഉൾപ്പെടെ രൂക്ഷമായി വിമർശിച്ചു സംസാരിച്ചു. അച്ചുതാനന്ദന്റെ പ്രവർത്തികൾക്കെതിരായിരുന്നു ഇ.എം.എസ്. എന്നതായിരുന്നു ആക്രമണ കാരണം. അതൊന്നും കണ്ട് സഹിക്കാൻ വയ്യാതെ, തോല്ക്കുമെന്ന് ഉറപ്പുണ്ടായിരുന്നിട്ടും, പ്രതിഷേധം എന്നനിലയിൽ പി.കെ.ഗുരുദാസനെതിരെ സെക്രട്ടറി സ്ഥാനത്തേക്ക് ഞാൻ മത്സരിച്ചു. എനിക്ക് കിട്ടിയത് അഞ്ച് വോട്ടുകൾ മാത്രം. മത്സരിക്കാൻ പ്രോത്സാഹിപ്പിച്ചവർപോലും വോട്ട് ചെയ്തില്ല.

1995 ജനുവരിയിൽ കൊല്ലത്തുവെച്ചു നടന്ന പാർടി സംസ്ഥാന സമ്മേളനത്തിൽ പാർടി പിടിക്കാൻ വേണ്ട സന്നാഹങ്ങളെല്ലാം അച്ചുതാനന്ദ വിഭാഗം ഒരുക്കിയിരുന്നു. കൊല്ലത്തു വച്ച് സമ്മേളനം നടത്താൻ തീരുമാനിച്ചതുതന്നെ അച്ചുതാനന്ദവിഭാഗത്തിന് നിർണ്ണായകമായ സ്വാധീനമുള്ള ജില്ലയായിരുന്നതുകൊണ്ടായിരുന്നു. സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ഒരുമിച്ച് കൊല്ലം റെയിൽവേ സ്റ്റേഷനിൽ എത്തിയ അഖിലേന്ത്യാ സെക്രട്ടറി ഹർകിഷൻ സിങ്ങിനും ഇ.എം.എസിനും നല്കിയ സ്വീകരണത്തിൽ പക്ഷഭേദമുണ്ടായിരുന്നു. സുർജിത്തിനെ സ്വീകരിക്കുവാൻ സ്വാഗതസംഘം പ്രത്യേക പരിപാടി മുൻകൂട്ടി ആസൂത്രണം ചെയ്തിരുന്നു. റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയ ഇ.എം.എസ്സിനെ വീൽചെയറിലായിരുന്നു പ്ലാറ്റ്ഫോമിന് പുറത്തേക്ക് കൊണ്ടുവന്നത്. സുർജിത്തിനെ അനുഗമിക്കാൻ നൂറുകണക്കിനാളുകൾ ഉണ്ടായിരുന്നപ്പോൾ ഇ.എം.എസ്സിനെ അനുഗമിക്കാൻ അധികം ആളുകളുണ്ടായിരുന്നില്ല. ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചകളാണ് സമ്മേളനത്തിൽ നടന്നത്. പ്രതിനിധി സമ്മേളനത്തിലെ ചർച്ചകൾക്കുശേഷം പാർട്ടി സംസ്ഥാന കമ്മിറ്റിയിലേക്കുള്ള പാനൽ അവതരിപ്പിച്ചപ്പോൾ അതിനെതിരായി പതിനേഴു പേരുടെ പേരുകൾ അച്ചുതാനന്ദന്റെ ഗ്രൂപ്പ് നിർദ്ദേശിച്ചു. വാശിയേറിയ വോട്ടിങ്ങിൽ ഔദ്യോഗിക പാനലിലെ ഒരാൾ ഒഴി

കെ ബാക്കിയെല്ലാവരും ജയിച്ചു. തോറ്റത് എൻ.പത്മലോചനനും ജയിച്ചത് പി.രാജേന്ദ്രനും. പതിനേഴു പേർ ജയിച്ചാൽ സംസ്ഥാന കമ്മിറ്റിയിൽ ഭൂരിപക്ഷമുണ്ടാക്കാമെന്നും തനിക്ക് സെക്രട്ടറിയാകാമെന്നുമായിരുന്നു വി.എസ്.അച്യുതാനന്ദനന്റെ കണക്കുകൂട്ടൽ. കണക്ക് തെറ്റി. ഇ.കെ.നായനാർ വീണ്ടും സെക്രട്ടറിയായി. ഔദ്യോഗിക വിഭാഗത്തിന്റെ പടത്തലവനായി. ആരാധ്യനായ സി. പി. കരുണാകരൻ പിള്ളയെപോലുള്ള പലരേയും പാർട്ടി കോൺഗ്രസ്സിൽ പ്രതിനിധികളായി തെരഞ്ഞെടുത്തില്ല.

പതിനഞ്ചാം സി.പി.ഐ.(എം.) പാർട്ടി കോൺഗ്രസ്സ് 1995 ഏപ്രിൽ 2 മുതൽ 3 വരെ ചണ്ഡിഗറിൽ വെച്ചായിരുന്നു. ഞാനും കോൺഗ്രസ്സിലെ പ്രതിനിധിയായിരുന്നു. കേരളത്തിൽ നിന്നുള്ള ഡെലിഗേഷനിൽ വിഭാഗീയതയുണ്ടായിരുന്നു. ബാബറി മസ്ജിദ് പൊളിച്ചതിനുശേഷമുള്ള പാർടി കോൺഗ്രസ്സായിരുന്നു ഇത്. പ്രധാനമന്ത്രിയായിരുന്ന പി.വി.നരസിംഹറാവുവും ധനകാര്യ മന്ത്രിയായിരുന്ന ഡോക്ടർ മൻമോഹൻ സിങ്ങും നവലിബറൽ നയങ്ങൾ ഇവിടെ നടപ്പാക്കികൊണ്ടിരുന്ന സമയത്തായിരുന്നു പാർട്ടി കോൺഗ്രസ്സ്. ഇന്ത്യയുടെ കമ്പോളം വിദേശശക്തികൾക്ക് അവർ മലർക്കെ തുറന്നിട്ടു കൊടുത്തു. സമ്മേളനത്തിൽ അവതരിപ്പിച്ച രാഷ്ട്രീയ പ്രമേയത്തിലും സംഘടനാ പ്രമേയത്തിലും പുതുമയൊന്നുമില്ലായിരുന്നു. പതിനാലാം പാർട്ടി കോൺഗ്രസ്സിലെ പ്രമേയങ്ങളുടെ ഒരു തനിയാവർത്തനമായിരുന്നു അവ. അതിന്മേലുള്ള ചർച്ചകളും ആവേശകരമായി എനിക്ക് തോന്നിയില്ല. കോൺഗ്രസ്സിലെ എല്ലാ നടപടികളും യാന്ത്രികമായിരുന്നു. കേരളത്തിൽ നിന്നും പങ്കെടുത്ത പ്രതിനിധികൾ ഇ.എം.എസിനെതിരെയും വിമർശിക്കുന്നത് കേട്ടു. മാറ്റമില്ലാത്തത് മാറ്റം മാത്രമാണെങ്കിലും മാറ്റമില്ലാത്തത്പാർട്ടി കോൺഗ്രസ്സിലെ രാഷ്ട്രീയ പ്രമേയങ്ങൾക്കും സംഘടനാ പ്രമേയങ്ങൾക്കുമാണ്. പത്താം കോൺഗ്രസ്സിലെ പ്രമേയങ്ങളുടെ ഉള്ളടക്കം തന്നെയായിരിക്കും പതിനഞ്ചാം കോൺഗ്രസ്സിലും. വാക്കുകളും വാചകങ്ങളും പോലും മാറാറില്ല. ഓരോ പാർട്ടി സമ്മേളനങ്ങളും കഴിയുമ്പോഴുള്ള പുതിയ പ്രമേയങ്ങൾ പുതിയ കുപ്പിയിൽ പഴയ വീഞ്ഞ് എന്നപോലെയാണ്.

പാർട്ടി കോൺഗ്രസ്സിൽ ഏഴു ദിവസം തുടർച്ചയായി പങ്കെടു

ത്തപ്പോഴുണ്ടായ മുഷിച്ചിൽ മാറ്റുന്നതായിരുന്നു അതിനുശേഷം പഞ്ചാബിൽ ഞാൻ കണ്ട കാഴ്ചകൾ. കൊല്ലത്തെയും ആലപ്പുഴയിലേയും ചില പ്രതിനിധികൾ ചേർന്ന് സ്വാഗതസംഘത്തിന്റെ സഹായത്തിൽ യാത്രയ്ക്ക് ഒരു മിനി ബസ് സംഘടിപ്പിച്ചു. ആദ്യത്തെ സന്ദർശനം ചണ്ഡിഗർ നഗരമായിരുന്നു. അത് പഞ്ചാബിന്റെയും ഹരിയാനയുടെ തലസ്ഥാനമാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച ആസൂത്രിത നഗരമാണിത്. ആധുനിക ആർക്കിടെക്ടായിരുന്ന സ്വിസ്-ഫ്രഞ്ച് വംശജനായ ലി കോർബുസിയർ (Le Corbusier) ആയിരുന്നു ചാണ്ഡിഗർ നഗരം രൂപകൽപ്പന ചെയ്തത്. ചാണ്ഡിഗറിലെ ശില്പോദ്യാനം (Rock Garden) ആണ് ടൂറിസ്റ്റുകളെ ആകർഷശിക്കുന്ന ഒരു പ്രധാനകേന്ദ്രം. 1957 ൽ നെക്ചന്ത് എന്ന ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു ഇതിന്റെ പണി ആരംഭിച്ചത്. അദ്ദേഹത്തിന്റെ ഒഴിവു സമയം മുഴുവൻ റോക്ക്ഗാർഡന്റെ നിർമ്മിതിക്കുവേണ്ടി ഉപയോഗിച്ചു. അതുകൊണ്ട് റോക്ഗാർഡനെ 'നെക്ചന്ത് ഗാർഡൻ' എന്നും വിളിക്കുന്നു. പൊട്ടിയ സിറാമിക്സ് കഷണങ്ങൾകൊണ്ടാണ് അവിടുത്തെ ശില്പങ്ങൾ നിർമ്മിച്ചിരിക്കുന്നത്. സുഖനതടാകത്തിനരികിൽ 40ഓളം ഏക്കർ സ്ഥലത്ത് ഇത് വ്യാപിച്ചു കിടക്കുന്നു. സിറാമിക്സ് കഷണങ്ങൾ മാത്രമല്ല മറ്റ് പാഴ്വസ്തുക്കളും ഇതിന്റെ നിർമ്മിതിക്ക് ഉപയോഗിച്ചിട്ടുണ്ട്. 5000 പേരാണ് ഓരോ ദിവസവും ഇവിടെ സന്ദർശിക്കുന്നത്. റോക്ക്ഗാർഡൻ ഒരു അപൂർവ്വ കാഴ്ചയായിരുന്നു.

പാകിസ്ഥാനോട് അതിർത്തി പങ്കിടുന്ന സംസ്ഥാനമാണ് പഞ്ചാബ്. ഇത് സിക്കുകാരുടെ ഹൃദയഭൂമിയാണ്. പഞ്ചാബിലെ ഏറ്റവും ചരിത്രപ്രസിദ്ധമായ പട്ടണമാണ് അമൃത്സർ. ഇവിടെയാണ് സിക്കുകാരുടെ ഏറ്റവും പ്രധാനപ്പെട്ട പുണ്യക്ഷേത്രമായ ഹരിമന്ദിർ സാഹിബ് അഥവാ ഡർബാർ സാഹിബ് ഗുരുദ്വാര സ്ഥിതി ചെയ്യുന്നത്. ഹർമന്ദിർ സാഹിബ് എന്നാൽ *ദൈവത്തിന്റെ ആസ്ഥാനം* എന്നാണ് അർത്ഥം. ഇതിനെ സുവർണ്ണ ക്ഷേത്രമെന്നും വിളിക്കുന്നു. 1570 കളിൽ ഗുരുറാംദാസ് ആണ് ക്ഷേത്രം നിർമ്മിച്ചത്. ഗുരു അർജുൻ സിങ്ങായിരുന്നു ക്ഷേത്രം രൂപകല്പന ചെയ്തത്. ക്ഷേത്രത്തിന് ചുറ്റുമാണ് 'അമൃത് സരോവർ'. ഇതിൽ കുളിച്ചാൽ പുണ്യം ലഭിക്കുമെന്നാണ് സിക്കുകാരുടെ വിശ്വാസം. നിരവധി പ്രാവശ്യം ഈ

ഗുരുദ്വാര മുസ്ലീം ആക്രമണകാരികളുടെ കൊള്ളയ്ക്കും കൊള്ളി വെയ്പിനും ഇരയായിട്ടുണ്ട്. 1757 ലും 1762 ലും അഹമ്മദ്ഷാ അബ്ദാലിയുടെ നേതൃത്വത്തിലുള്ള സൈന്യം ക്ഷേത്രം പൂർണ്ണമായി പൊളിച്ചുമാറ്റി. മഹാരാജ രഞ്ജിത് സിങ്ങ് മാർബിളും ചെമ്പും ഉപയോഗിച്ച് ക്ഷേത്രം പുതിക്കി പണിതു. 1830 ൽ ശ്രീകോവിൽ സ്വർണ്ണം പൂശി. ഇവിടെ എല്ലാ മതത്തിലുംപെട്ട സ്ത്രീ പുരുഷന്മാർക്ക് പ്രവേശനമുണ്ട്. ഒരു ലക്ഷംപേരാണ് ദിവസവും ഇവിടെ സന്ദർശിക്കുന്നത്. മനുഷ്യസഹോദര്യത്തിന്റെയും സമത്വത്തിന്റെയും പ്രതീകമാണ് സുവർണ്ണക്ഷേത്രം. ഈ ക്ഷേത്രം കാണാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

വടക്കേ ഇന്ത്യയിൽ പഠിക്കുമ്പോഴുള്ള എന്റെ ഒരാഗ്രഹമായിരുന്നു ജാലിയൻ വാലാ ബാഗിൽ പോകണമെന്നത്. 'ജാലിയൻ വാല ബാഗ്' ദേശീയ പ്രാധാന്യമുള്ള സ്മാരകമാണ്. ഭാരത സർക്കാരാണ് ഈ രക്തസാക്ഷി മണ്ഡപം പണിതിരിക്കുന്നത്. 1919 ഏപ്രിൽ 13 സിക്കുകാരുടെ പുതുവർഷ ദിനമായിരുന്നു. പുതുവർഷം ആഘോഷിക്കാൻ ജനങ്ങൾ ജാലിയൻവാലാ ബാഗിൽ ഒത്തുകൂടി. ഈ ആഘോഷവേളയിലായിരുന്നു യാതൊരു പ്രകോപനവുമില്ലാതെ ബ്രിട്ടീഷ് പട്ടാള ജനറലായിരുന്ന റെജിനാൾഡ് ഡയർ ആൾക്കൂട്ടത്തിനതിരെ വെടിവയ്ക്കാൻ ഉത്തരവു നല്കിയത്. 1526 പേർ മരിച്ചുവെന്നാണ് കണക്ക്. ഇതിൽ സ്ത്രീകളും കുട്ടികളും ഉണ്ടായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ അഗ്നിപകർന്നതായി ജാലിയൻവാലാ സംഭവം. ഞങ്ങൾ സന്ദർശിച്ച മറ്റൊരു അവിസ്മരണീയ സ്ഥലമായിരുന്നു ഹുസാനിവാല സ്മൃതി മണ്ഡപം. പഞ്ചാബിലെ ഫിറോസ്പൂർ ജില്ലയിൽ സത്ലജ് നദീതീരത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. അവിടെയാണ് ധീരദേശാഭിമാനികളും വിപ്ലവകാരികളുമായിരുന്നു ഭഗത്സിംഗ്, സുഖദേവ്, രാജഗുരു, എന്നിവരുടെ ഭൗതികാവശിഷ്ടങ്ങൾ 1931 മാർച്ച് 23 ന് സംസ്കരിച്ചത്. ഡെൽഹിയിലെ സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബു വച്ചവരിൽ ഒരാളായിരുന്ന ബട്ടുകേശ്വറിനെ അടക്കിയിരിക്കുന്നതും ഇവിടെയാണ്. ഭഗത്സിങ്ങിന്റെ അമ്മ വിദ്യാവതിയെ അടക്കിയിരിക്കുന്നതും ഇവിടെ തന്നെ. ഈ സ്മാരകം കണ്ടിറങ്ങുമ്പോൾ നമ്മുടെ കണ്ണുകൾ നനയും.

പഞ്ചാബിലെ മറക്കാൻ പറ്റാത്ത കാഴ്ചകളിൽ ഒന്നായിരുന്നു വാഗ-അട്ടാരി ചെക്ക്പോസ്റ്റ്. അമൃത്സറിൽ നിന്നും 32 കിലോ മീറ്റർ അകലെയാണിത്. വിഭജനകാലത്ത് ഇന്ത്യയേയും പാകിസ്ഥാനേയും വേർതിരിച്ച റാഡ്ക്ലിഫ് ലയിനിന്റെ ഇരു ഭാഗത്താണ് വാഗ അട്ടാരി ഗ്രാമങ്ങൾ. ഇന്ത്യയുടെ അതിർത്തി രക്ഷാസേനയും (ബി.എസ്.എഫ്.) പാകിസ്ഥാൻ റെയിഞ്ചേഴ്സും ശൗര്യപ്രകടനത്തോടെ അതിർത്തിയിലെ ഗേറ്റ് അടക്കുന്നതും പതാക താഴ്ത്തുന്നതും ആവേശമുണർത്തുന്ന ചടങ്ങാണ്. നാൽപ്പതു മിനിട്ട് ദൈർഘ്യമുള്ള ചടങ്ങ് ആരംഭിച്ചത് 1959 ലായിരുന്നു. ഈ ചടങ്ങും അതിനോടനുബന്ധിച്ചുള്ള സൈനിക പരേഡും ദിവസേന ആയിരക്കണക്കിന് ആളുകളെയാണ് ആകർഷിക്കുന്നത്.

അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാലത്തുപോലും കൊല്ലം മുനിസിപ്പൽ കൗൺസിലിൽ പാർട്ടിക്ക് കാര്യമായ സ്വാധീനമുണ്ടായിരുന്നില്ല. കോൺഗ്രസ്സിനും ആർ.എസ്.പി. യ്ക്കുമായിരുന്നു മേധാവിത്വം. 1968 ൽ കൊല്ലം മുൻസിപ്പൽ കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 32 വാർഡുകളിൽ രണ്ടു വാർഡുകളിൽ മാത്രമെ സി.പി.ഐ.(എം.) ന് വിജയിക്കാൻ കഴിഞ്ഞുള്ളൂ. 1968 മുതൽ 1979 വരെ കോൺഗ്രസ്സായിരുന്നു കൊല്ലം മുനിസിപ്പാലിറ്റി അടക്കിവാണത്. കൊല്ലം മുനിസിപ്പൽ ഏരിയായിലെ സി.പി.ഐ.(എം). പ്രവർത്തകരുടെ അക്ഷീണമായ പരിശ്രമഫലമായി 1979 ലെ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.) നേതൃത്വത്തിലുള്ള മുന്നണി വിജയിച്ചു. മുനിസിപ്പാലിറ്റിയുടെ ചരിത്രത്തിലാദ്യമായി 1982 ൽ സി.പി.ഐ.(എം.) അനുഭാവിയായ കെ.തങ്കപ്പൻ ഒരു വർഷം ചെയർമാനായി. 1988 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് മുന്നണിയാണ് ജയിച്ചതെങ്കിലും സി.പി.ഐ. (എം.) ന്റെ സ്വാധീനം വമ്പിച്ച തോതിൽ ഉയർന്നു. ഏറ്റവും കൂടുതൽ വോട്ടു കിട്ടിയ പാർട്ടി സി.പി.ഐ.(എം.) ആയി. 1995 ലെ തെരഞ്ഞെടുപ്പിൽ ഏൽ.ഡി.എഫ്. വലിയ ഭൂരിപക്ഷ നേടി. സി.പി.ഐ.(എം.) ലെ കെ.തങ്കപ്പൻ രണ്ടാം തവണയും ചെയർമാനായി. 2000 ത്തിൽ നാല് പഞ്ചായത്തുകൾ നഗരസഭയോട് കൂട്ടിചേർത്തതിനെ തുടർന്ന് കൊല്ലത്തിന് കോർപ്പറേഷൻ പദവി ലഭിച്ചു. 2000 സെപ്തംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.) ലെ സബിദാ ബീഗം പ്ര

ഥമ കോർപ്പറേഷൻ മേയറായി. അതിനുശേഷം നടന്നിട്ടുള്ള എല്ലാ കോർപ്പറേഷൻ തെരഞ്ഞെടുപ്പുകളിലും സി.പി.ഐ.(എം.) വിജയിച്ചു. കൊല്ലം നഗരസഭയെ കോൺഗ്രസ്സിന്റെ ഭരണത്തിൽ നിന്നും മോചിപ്പിക്കുന്നതിൽ ചെറിയൊരു പങ്ക് ഞാനും വഹിച്ചിട്ടുണ്ട്.

1996 മേയിലായിരുന്നു പതിനൊന്നാം നിയമസഭാ തെരഞ്ഞെടുപ്പ്. ഗൗരി അമ്മയുടെ ജെ.എസ്.എസ്. യു.ഡി.എഫിൽ ചേക്കേറി. കേരളാ കോൺഗ്രസ്സ് (എം.) പിളർന്ന് കേരള കോൺഗ്രസ്സ് (ജേക്കബ്) രൂപം കൊണ്ടു. തെരഞ്ഞെടുപ്പിൽ 80 സീറ്റ് നേടി എൽ.ഡി.എഫ്. വിജയിച്ചു. ഇ.കെ.നായനാർ മുഖ്യമന്ത്രിയായി. നായനാർ മുഖ്യമന്ത്രിയാകുന്നതിനു മുമ്പ് നാടകീയമായ ചില രംഗങ്ങൾ പാർട്ടിയിൽ അരങ്ങേറിയിരുന്നു. എൽ.ഡി.എഫ്. ജയിച്ചാൽ വി.എസ്സ്.അച്ചുതാനന്ദനെ മുഖ്യമന്ത്രിയാക്കാനായിരുന്നുവല്ലോ പാർട്ടി തീരുമാനം. എന്നാൽ അച്ചുതാനന്ദൻ മാരാരിക്കുളത്ത് തോറ്റു. അച്ചുതാനന്ദൻ തോറ്റ സാഹചര്യത്തിൽ സുശീലാ ഗോപാലനെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയാക്കാൻ ഒരു വിഭാഗം നീക്കം നടത്തി. ഇതു മനസ്സിലാക്കിയ അച്യുതാനന്ദൻ അദ്ദേഹത്തിന്റെ തന്നെ എതിർചേരിയുടെ പടത്തലവനായിരുന്ന ഇ.കെ.നായനാരെ മുഖ്യമന്ത്രിയാക്കാനുള്ള കരുനീക്കങ്ങൾ ആരംഭിച്ചു. അച്യുതാനന്ദന്റെ പ്രലോഭനത്തിൽ പടത്തലവനായിരുന്ന നായനാർ അണികളെ ഉപേക്ഷിച്ച് അച്യുതാനന്ദന്റെ പാളയത്തിലെത്തി. പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ മുഖ്യമന്ത്രി സ്ഥാനത്തേക്ക് പാർട്ടി സെക്രട്ടറി സ്ഥാനത്തേക്കും തെരഞ്ഞെടുപ്പ് നടന്നു. നായനാർ സുശീലാ ഗോപാലനെ തോല്പിച്ചു മുഖ്യമന്ത്രിയും, കെ.എൻ. രവീന്ദ്രനാഥിനെ തോല്പിച്ച് ചടയൻ ഗോവിന്ദൻ സെക്രട്ടറിയുമായി. ബൂർഷ്വാ പാർട്ടികളിൽ അധികാരത്തിനുവേണ്ടി നടക്കുന്ന ഉപജാപങ്ങൾക്കും വടംവലികൾക്കും സമാനമായിരുന്നു ഇതും. അവസരവാദം ഒരു കലയായി സി.പി.ഐ(എം.) നേതാക്കളും സ്വീകരിക്കുന്നതായി എനിക്ക് തോന്നി. അച്യുതാനന്ദന്റെ പാളയത്തിൽ നായനാർ കൂടി എത്തിയതോടെ അച്യുതാനന്ദൻ അതിശക്തനായി. തന്റെ എതിരാളികളാണെന്ന് തോന്നിയവരെയെല്ലാം വകവരുത്താനുള്ള പദ്ധതികളെല്ലാം അദ്ദേഹം ആസൂത്രണം ചെയ്തു.

സി.പി.ഐ (എം.) ലെ ഗ്രൂപ്പ് പോരുകൾ കണ്ടപ്പോൾ ലെനിൻ

പാർട്ടിയെപ്പറ്റി പറഞ്ഞ ചില കാര്യങ്ങൾ എന്റെ ഓർമ്മയിൽ വന്നു. സാമ്രാജ്യത്വത്തെ നശിപ്പിച്ചു തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സ്ഥാപിക്കുന്നതിന് ഒരു വിപ്ലവ പാർട്ടിക്കുവേണ്ട സ്വഭാവങ്ങളിലൊന്ന് പാർട്ടിയിലെ സഖാക്കൾ തമ്മിലുള്ള ഐക്യമാണ്. ലെനിന്റെ നിർവചനം അനുസരിച്ച് "പാർടി മാനസികഐക്യത്തിന്റെ മൂർത്തീകരണമാണ്. അതിൽ ഗ്രൂപ്പിസത്തിനു സ്ഥാനമില്ല. ഐക്യം കൊണ്ടും ഉരുക്കു തുല്യമായ അച്ചടക്കം കൊണ്ടും പ്രബലമായ പാർടിയില്ലാതെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സ്ഥാപിക്കാനും നിലനിർത്താനും സാധ്യമല്ല. പാർടിമെമ്പറുമാർക്കിടയിൽ മാനസിക ഐക്യവും തികഞ്ഞ പ്രവർത്തന ഐക്യവുമില്ലെങ്കിൽ ഈ ഉറച്ച അച്ചടക്കമെന്നത് ആലോചിക്കാൻ പറ്റാത്ത കാര്യമാണ്." തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സ്ഥാപിക്കുന്നതിനുമുമ്പുള്ള സമരകാലത്ത് പാർട്ടിക്കുണ്ടായിരിക്കേണ്ട അച്ചടക്കത്തെ സംബന്ധിച്ചും ലെനിൻ പറയുന്നുണ്ട്. "പാർട്ടിയുടെ ഉരുക്കുപോലുള്ള അച്ചടക്കത്തെ അല്പമെങ്കിലും ലംഘിക്കുന്നവർ തൊഴിലാളി വർഗ്ഗത്തിനെതിരായി മുതലാളിമാരെ സഹായിക്കുകയാണ് ചെയ്യുന്നത്."അവസരവാദികളാണ് പാർട്ടിയിൽ ഗ്രൂപ്പിസമുണ്ടാക്കുന്നതെന്നും അവരെ നിരുപാധികം പുറത്താക്കണമെന്നും ലെനിൻ പറയുകയുണ്ടായി. ലെനിൻ പറഞ്ഞതൊന്നും സി.പി.ഐ (എം) ലെ ഗ്രൂപ്പ് ഡയറക്ടർമാർക്കും ഗ്രൂപ്പ് മാനേജർമാർക്കും ബാധകമായിരുന്നില്ല. ഇതൊക്കെ എന്തുകൊണ്ടെന്ന് ചിന്തിക്കാൻ എന്നെ പ്രേരിപ്പിച്ചു. സംഘടനയിലെ (പാർടി) കുഴപ്പത്തിനു കാരണം വ്യക്തമായ രാഷ്ട്രീയ ധാരണയില്ലാത്തതാണെന്ന് എനിക്ക് മനസ്സിലായി.

# വെട്ടി നിരത്തൽ

എന്നെ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു കൊല്ലത്തെ പാർട്ടി ഏരിയാ കമ്മിറ്റി സെക്രട്ടറിയും സി.ഐ.ടി.യു ചുമട്ടു തൊഴിലാളി യൂണിയൻ സെക്രട്ടറിയുമായിരുന്ന ഷാഹുൽ ഹമീദിന്റെ വിയോഗം. 1997 ഏപ്രിൽ 21 മുതൽ 26 വരെ കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ വെച്ചു നടന്ന സി.ഐ.ടി.യു ഒൻപതാം അഖിലേൻഡ്യാ സമ്മേളനത്തിൽ പ്രതിനിധിയായിരുന്നു ഷാഹുൽ. സമ്മേളനത്തിന്റെ നാലാം ദിവസം താമസസ്ഥലത്തു നിന്നും സമ്മേളന നഗരിയിലേയ്ക്കു വരുമ്പോൾ സ്റ്റേഡിയത്തിന്റെ മുന്നിൽ വെച്ച് ഒരു പ്രൈവറ്റ് ബസ് പാഞ്ഞു വന്ന് ഷാഹുലിനെ ഇടിച്ചു വീഴ്ത്തി. അടുത്തുള്ള ആശുപത്രിയിലേക്ക് കൊണ്ടു പോയെങ്കിലും വഴി മദ്ധ്യേ മരണമടഞ്ഞു. ആലപ്പുഴയിൽ നിന്ന് കൊല്ലത്ത് കുടിയേറിയ ഒരു പാവപ്പെട്ട കുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. കേന്ദ്ര മന്ത്രിയായിരുന്ന എ.എ. റഹിമിന്റെ കുടികിടപ്പുകാരായിരുന്നു ഷാഹുലിന്റെ കുടുംബം. സ്ക്കുൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ ബാല്യത്തിൽ തന്നെ ഒരു അച്ചാറു കമ്പനിയിൽ ജോലിക്കു പോയി. അവിടെ ഉണ്ടായ ഒരു തൊഴിൽ തർക്കവുമായി ബന്ധപ്പെട്ടാണ് ഞാൻ ഷാഹുലിനെ പരിചയപ്പെടുന്നത്. തുടർന്ന് ഞാൻ ഷാഹുലിനെ പാർട്ടി പ്രവർത്തനത്തിലേക്ക് കൊണ്ടു വന്നു. കൊല്ലം പട്ടണത്തിലെ ഒരു നേതാവായി ഷാഹുൽ ഉയർന്നു. ഷാഹുലിന്റെ മരണം മൂലം എനിക്കും കൊല്ലത്തെ പ്രതിനിധികൾക്കും സമ്മേളനത്തിൽ തുടർന്ന് പങ്കെടുക്കുവാൻ കഴിഞ്ഞില്ല.

1990 കളുടെ ഉത്തരാർദ്ധത്തിൽ ഇൻഡ്യയിലെ രാഷ്ട്രിയം കലങ്ങി മറിഞ്ഞതായിരുന്നു. രാഷ്ട്രിയ അസ്ഥിരതയുടെ ദിനങ്ങളായിരുന്നു.

1995 ആയപ്പോഴേയ്ക്കും നിരവധി അഴിമതി ആരോപണങ്ങൾ നരസിംഹറാവു ഗവൺമെന്റിനെതിരെ ഉയർന്നു വന്നിരുന്നു. പാർലമെന്ററി ജനാധിപത്യത്തിന് കളങ്കം ചാർത്തുന്നതായിരുന്നു നരസിംഹറാവു ഗവൺമെന്റ് ഭൂരിപക്ഷം നില നിർത്തുന്നതിന് എം.പി.മാരെ കോഴ കൊടുത്ത് വിലയ്ക്കു വാങ്ങിയ സംഭവം. 1996ലെ ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതൃത്വം ഗ്രൂപ്പുകളായി ഭിന്നിച്ചിരുന്നു. തിരഞ്ഞെടുപ്പിനെ തുടർന്ന് 161 സീറ്റ് നേടി ബി.ജെ.പി ലോക്സഭയിലെ ഏറ്റവും വലിയ ഒറ്റ കക്ഷിയായി. കോൺഗ്രസ്സിന് 140 ജനതാദളിന് 40 പ്രാദേശിക പാർട്ടികൾക്ക് 129 സീറ്റുകൾ ലഭിച്ചു. പ്രാദേശിക പാർട്ടികളിൽ പ്രമുഖർ ടി.ഡി.പി, ഡി.എം.കെ, ശിവസേന എന്നിവരായിരുന്നു. ബി.ജെ.പി ഒരു മുന്നണി രൂപീകരിക്കാനുള്ള എല്ലാ പരിശ്രമവും നടത്തി. ഏറ്റവും വലിയ ഒറ്റ കക്ഷിയെന്ന നിലയിൽ ബി.ജെ.പി.യുടെ വാജ്പൈ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു. മന്ത്രിസഭയ്ക്ക് ഭൂരിപക്ഷം ഇല്ലാത്തതു കൊണ്ട് പതിമൂന്നാം ദിവസം വാജ്പൈ രാജി വെച്ചു. രാജിയെ തുടർന്ന് വാജ്പൈ ലോക്സഭയിൽ നടത്തിയ പ്രസംഗം പ്രസിദ്ധമാണ്. അടുത്ത ഏറ്റവും വലിയ ഒറ്റ കക്ഷിയായ കോൺഗ്രസ് മന്ത്രിസഭ രൂപികരിക്കാൻ വിസമ്മതിച്ചു. ജനതാദളിന്റെ നേതൃത്വത്തിൽ ചില ചെറിയ കക്ഷികളെ ഉൾപ്പെടുത്തി രൂപികരിച്ച മുന്നണിയ്ക്ക് കോൺഗ്രസ്സ് പിന്തുണ പ്രഖ്യാപിച്ചു. എച്ച്.ഡി. ദേവഗൗഡ പ്രധാനമന്ത്രിയായി. അദ്ദേഹം പതിനെട്ടു മാസം പൂർത്തികരിക്കുന്നതിനു മുൻപ് പ്രധാനമന്ത്രി പദം ഒഴിഞ്ഞ് ജനതാദളിലെ തന്നെ ഐ.കെ.ഗുജ്റാളിന് കൈമാറേണ്ടി വന്നു. ജനതാദളിലെ അഭിപ്രായ വ്യത്യാസം മൂലം ഗുജ്റാളിനും പ്രധാനമന്ത്രി പദത്തിൽ അധികനാൾ തുടരാൻ കഴിഞ്ഞില്ല.

പന്ത്രണ്ടാം ലോകസഭ തിരഞ്ഞെടുപ്പ് 1998 ഫെബ്രുവരി - മാർച്ച് മാസങ്ങളിലായിരുന്നു. കൊല്ലം ലോകസഭാ മണ്ഡലത്തിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി വിജയിച്ചു. 543 ലോക സഭാ സീറ്റിൽ 182 സീറ്റ് നേടി ബി.ജെ.പി വീണ്ടും ഏറ്റവും വലിയ ഒറ്റ കക്ഷിയായി. കോൺഗ്രസ്സ് 102 സീറ്റുകളിലും പ്രാദേശിക പാർട്ടികൾ 101 സീറ്റിലും വിജയിച്ചു. ബി.ജെ.പി ദേശീയ ജനാധിപത്യമുണർത്തി (എൻ.ഡി.എ) രൂപികരിച്ചു. അടൽ ബിഹാരി വാജ്പേയ് രണ്ടാം തവണ

പ്രധാനമന്ത്രിയായി. ആ ഗവൺമെന്റും അധികനാൾ നിലനിന്നില്ല. എ.ഐ.ഡി.എം.കെ പിന്തുണ പിൻവലിച്ചതോടെ പതിമൂന്നു മാസം അധികാരത്തിലിരുന്ന വാജ്പേയ് ഗവൺമെന്റ് രാജി വെച്ചു. അവിശ്വാസ പ്രമേയത്തിൽ എൻ.ഡി.എ തോറ്റത് ഒരു വോട്ടിനായിരുന്നു. പൊക്രാൻ രണ്ടാം ന്യൂക്ലിയർ ബോംബ് സ്ഫോടനവും കാർഗിൽ യുദ്ധവും വാജ്പേയ്യുടെ രണ്ടാം മന്ത്രിസഭാ കാലത്തായിരുന്നു. രാജസ്ഥാൻ മരുഭൂമിയിലെ ഒരു പ്രദേശമാണ് പൊക്രാൻ. ആദ്യത്തെ ന്യൂക്ലിയർ ബോംബ് സ്ഫോടനം (പൊക്രാൻ ഒന്ന്) 1974 മേയിലായിരുന്നു. അന്ന് ഇന്ദിരാഗാന്ധിയായിരുന്നു പ്രധാനമന്ത്രി. ഒന്നാമത്തെ സ്ഫോടനത്തിന് "ബുദ്ധൻ ചിരിക്കുന്നു" എന്ന പേരാണ് നല്കിയിരുന്നത്. പൊക്രാൻ രണ്ടിനെ "ഓപ്പറേഷൻ ശക്തി" എന്നാണ് അറിയപ്പെട്ടത്. പൊക്രാൻ രണ്ടിൽ 5 ന്യൂക്ലിയർ ബോംബ് സ്ഫോടനങ്ങളാണ് നടത്തിയത്. പൊക്രാൻ രണ്ടിനെ തുടർന്ന് അമേരിക്ക ഇന്ത്യക്കെതിരെ ന്യൂക്ലിയർ ഉപരോധം ഏർപ്പെടുത്തി. പൊക്രാൻ ഒന്നിനെയും രണ്ടിനെയും സി.പി.ഐ.(എം) ശക്തിയായി എതിർക്കുകയാണ് ചെയ്തത്. ഇന്ത്യയുടെ ന്യൂക്ലിയർ പരിക്ഷണങ്ങളെ പാർട്ടി എതിർത്തത് എന്തിനാണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല.

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സായുധ പോരാട്ടമായിരുന്നു കാർഗിൽ യുദ്ധം. 1999 മേയ് മുതൽ ജൂലൈ വരെയായിരുന്നു യുദ്ധം. ജമ്മു കാശ്മീരിലെ ഒരു ജില്ലയാണ് കാർഗിൽ. ലൈയിൻ ഓഫ് കൺട്രോൾ (അതിർത്തി) കടന്ന് പാക് സൈന്യം കാർഗില്ലിൽ കടന്നു കയറി സൈനിക പോസ്റ്റുകൾ സ്ഥാപിച്ചു. അവരെ അവിടെ നിന്നും തുരത്താനാണ് ഇൻഡ്യൻ സൈന്യത്തിന് യുദ്ധം ചെയ്യേണ്ടി വന്നത്. യുദ്ധത്തിൽ ഔദ്യോഗിക കണക്കനുസരിച്ച് 527 നമ്മുടെ ധീര ജവാന്മാർ വീരമൃത്യു വരിക്കുകയും 1363 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. അറുപത് ദിവസം നീണ്ടു നിന്ന യുദ്ധം 1999 ജൂലൈ 26ന് അവസാനിച്ചു. കാർഗിൽ യുദ്ധം ബി.ജെ.പി മനപ്പൂർവ്വം ഉണ്ടാക്കിയ യുദ്ധമായിട്ടായിരുന്നു സി.പി.ഐ.(എം) കരുതിയിരുന്നത്. പരോക്ഷമായി സി.പി.ഐ(എം) കാർഗിൽ യുദ്ധത്തെ എതിർക്കുകയായിരുന്നു.

കാർഗിൽ യുദ്ധത്തിന്റെ പശ്ചാത്തലത്തിലായിരുന്നു 1999ലെ പതി

മൂന്നാം ലോക്സഭാ തിരഞ്ഞെടുപ്പ്. കൊല്ലം ലോക്സഭാ മണ്ഡലത്തിൽ സി.പി.ഐ(എം) ലെ പി രാജേന്ദ്രൻ ജയിച്ചു. 182 സീറ്റ് നേടി ബി.ജെപി. ഏറ്റവും വലിയ ഒറ്റ കക്ഷിയായി. കോൺഗ്രസ്സിന് 114ഉം പ്രാദേശിക പാർട്ടികൾക്ക് 158 സീറ്റുകൾ ലഭിച്ചു. ബി.ജെ.പി എൻ.ഡി.എ സഖ്യം രൂപികരിച്ചു. വാജ്പേയ് മൂന്നാമതും പ്രധാനമന്ത്രിയായി. രാഷ്ട്രിയ സ്ഥിരതയുള്ള ഗവൺമെന്റായിരുന്നു ഇത്. എൻ.ഡി.എ സഖ്യം അഞ്ചു വർഷക്കാലം ഭരിച്ചു.

വാജ്പേയ് ഗവൺമെന്റിന് നേരിടേണ്ടി വന്ന ആരോപണങ്ങളാണ് തെഹൽക്ക അഴിമതി, ശവപ്പെട്ടി കുംഭകോണം എന്നിവ. ഇൻഡ്യൻ രാഷ്ട്രിയത്തിൽ എനിക്കിഷ്ടമുള്ള നേതാക്കളിൽ ഒരാളാണ് വാജ്പേയ്. സ്വതന്ത്ര ഇൻഡ്യയെ ഹൃദയത്തോട് ചേർത്ത് നിർത്തിയ ഒരാളായിരുന്നു അദ്ദേഹം. കവിത്വ സിദ്ധിയുള്ള രാഷ്ട്രതന്ത്രജ്ഞൻമാരുടെ അപൂർവ്വ ശ്രേണിയിൽപ്പെട്ട ആളായിരുന്നു അദ്ദേഹം. കാർഗിൽ യുദ്ധത്തിലും പൊക്രാൻ ന്യൂക്ലിയർ ബോംബ് സ്ഫോടനത്തിലും വാജ്പേയ് സ്വീകരിച്ച ധീരോദാത്തമായ നിലപാട് വിസ്മരിക്കാനാവില്ല.

സി.പി.ഐ (എം) 16-ാം പാർട്ടി കോൺഗ്രസ്സിന് മുന്നോടിയായി നടന്ന എല്ലാ സമ്മേളനങ്ങളിലും ഗ്രൂപ്പിസം അരങ്ങു തകർത്തു. കൊല്ലം ജില്ലയിലെ ബ്രാഞ്ച് സമ്മേളനം മുതൽ അച്ചുതാനന്ദ പക്ഷം എതിർ ശബ്ദമുയർത്തുന്നവരെയെല്ലാം വെട്ടി നിരത്തി ഓരോ പാർട്ടി ഘടകങ്ങളിലും ആധിപത്യം സ്ഥാപിച്ചു. സമ്മേളനങ്ങളിൽ സാർവദേശീയ ദേശീയപ്രശ്നങ്ങളും സംസ്ഥാന രാഷ്ട്രിയവും അവതരിപ്പിക്കപ്പെട്ടെങ്കിലും അതിനു മേൽ കാര്യമായ ചർച്ചകളൊന്നും ഉണ്ടായില്ല. തങ്ങൾക്കിഷ്ടമില്ലാത്തവരെ ഒതുക്കുന്നതിനുള്ള ചർച്ചകളാണ് സമ്മേളനങ്ങളിൽ ഉയർന്നു വന്നത്. ജില്ലാ സമ്മേളനം കഴിഞ്ഞപ്പോൾ ബ്രാഞ്ചു മുതൽ ജില്ല വരെയുള്ള ഘടകങ്ങളുടെ സെക്രട്ടറിമാർ അച്ചുതാനന്ദന്റെ ഗ്രൂപ്പ് മാനേജർമാരായി തങ്ങളുടെ വരുതിയ്ക്ക് നില്ക്കുന്നവരായിരുന്നു മിക്കവാറും എല്ലാ സംസ്ഥാന സമ്മേളന പ്രതിനിധികളും. 1998 സെപ്റ്റംബറിൽ പാലക്കാട്ടു വെച്ചായിരുന്നു സംസ്ഥാന സമ്മേളനം. സമ്മേളനത്തിൽ അച്ചുതാനന്ദൻ നായനാർ അച്ചു തണ്ട് രൂപം കൊണ്ടു. ഈ നേതാക്കന്മാർക്കെതിരെ വിമർശനമുന്നയിച്ചിട്ടുള്ള നേതാക്കളെയെല്ലാം സി.ഐ.ടി.യു

ലോബിക്കാർ എന്ന മുദ്ര കുത്തി ആക്രമിക്കപ്പെട്ടു. സ്വതന്ത്രമായ നിലപാട് സ്വീകരിച്ചവരെ സമ്മേളനത്തിലെ ചർച്ചകളിൽ പോലും പങ്കെടുക്കാൻ അവസരം നല്കിയില്ല. ചർച്ചകളിൽ പ്രത്യയശാസ്ത്രപരമോ രാഷ്ട്രീയമോ സംഘടനാപരമോ ആയ പ്രശ്നങ്ങൾക്കൊന്നും പ്രാധാന്യം നല്കപ്പെട്ടില്ല. പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ നിന്നും മനഃപ്പൂർവ്വം ഒഴിവാക്കേണ്ടവരെ കേന്ദ്രികരിച്ചായിരുന്നു ജില്ലയിലെ ഗ്രൂപ്പു മാനേജർമാർ ചർച്ചകൾ സംഘടിപ്പിച്ചത്. പ്രതിനിധി സമ്മേളനത്തിന്റെ അവസാനം സംസ്ഥാന കമ്മിറ്റിയുടെ പുതിയ പാനൽ അവതരിപ്പിച്ചപ്പോൾ അവതരിപ്പിച്ചവരുടെ പിന്തുണയോടെ ബദൽ പാനൽ അവതരിപ്പിക്കപ്പെട്ടു. തുടർന്ന് നടന്ന മത്സരത്തിൽ കെ.എൻ. രവീന്ദ്രനാഥ്, എം.എം. ലോറൻസ്, കെ.എം. എബ്രഹാം, സി.പി. കരുണാകരൻ പിള്ള തുടങ്ങി ഇരുപതോളം ത്യാഗധനൻമാരായ സഖാക്കളെ വെട്ടി നിരത്തി. വെട്ടി നിരത്തപ്പെട്ടവരിൽ ഭൂരിപക്ഷം പേരും തൊഴിലാളി രംഗത്തെ പ്രമുഖ നേതാക്കളായിരുന്നു. കഴിവിനും, ത്യാഗത്തിനും, പാരമ്പര്യത്തിനും യാതൊരു വിലയുമില്ലെന്ന് ഈ സമ്മേളനം എന്നെ ബോധ്യപ്പെടുത്തി. സമ്മേളനത്തിൽ ഞാൻ കണ്ട സംഘടനാപരമായ ജീർണ്ണതയുടെ കാരണം തേടാൻ എന്നെ വീണ്ടും നിർബന്ധിതനാക്കി. “പാർട്ടി തൊഴിലാളി വർഗ്ഗത്തിന്റെ മുന്നണി വിഭാഗം പാർട്ടി തൊഴിലാളി വർഗ്ഗത്തിന്റെ സംഘടിത വിഭാഗം, പാർട്ടി തൊഴിലാളി വർഗ്ഗത്തിന്റെ ഏറ്റവും ഉയർന്ന സംഘടിത രൂപം, പാർട്ടി തൊഴിലാളി വർഗ്ഗത്തിന്റെ ഉപകരണം, പാർട്ടി മാനസ്സിക ഐക്യത്തിന്റെ മൂർത്തികരണം” എന്നീ ലെനിന്റെ സൂക്തങ്ങൾ സി.പി.ഐ (എം) സംസ്ഥാന സമ്മേളനത്തിൽ അർത്ഥരഹിതമായി.

സി.പി.ഐ (എം) 16-ാം പാർട്ടി കോൺഗ്രസ് 1998 ഒക്ടോബർ 5 മുതൽ 11 വരെ കൊൽക്കൊത്തായിലായിരുന്നു ചേർന്നത്. എനിക്ക് വളരെ പ്രിയപ്പെട്ട പത്മലോചനനും ഞാനും ഒരുമിച്ചാണ് പാർട്ടി കോൺഗ്രസ്സിൽ പങ്കെടുക്കാൻ പോയത്. രൂപപരമായി പാർട്ടി കോൺഗ്രസ്സ് ഗംഭീരമായിരുന്നെങ്കിലും ഉള്ളടക്കത്തിൽ അത് ശുഷ്ക്കമായിരുന്നു. കൊൽക്കൊത്ത നഗര വീഥികൾ ചെങ്കടലായി മാറിയിരുന്നു. പതിവു പോലെ കരട് രാഷ്ട്രിയ പ്രമേയവും സംഘടനാ പ്രമേയവും അവതരിപ്പിച്ചിരുന്നു. സമ്മേളനത്തിൽ എന്റെ

ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം റിപ്പോർട്ടുകൾ അവതരിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ പ്രസീഡിയത്തിലെ ബഹുഭൂരിപക്ഷം അംഗങ്ങളുടെയും സുഖസുഷുപ്തിയിലായിരുന്നു എന്നതാണ്. പ്രമേയങ്ങളിൽ രാഷ്ട്രീയ അവ്യക്തത തെളിഞ്ഞു കാണാമായിരുന്നു. കേരളത്തിൽ നിന്നും ചർച്ചയിൽ പങ്കെടുത്ത മിക്കവാറും എല്ലാ പ്രതിനിധികളും ചില വ്യക്തികളെ ഉന്നം വെച്ചു കൊണ്ടുള്ള ചർച്ചകളാണ് നടത്തിയത്. അതിന്റെ ലക്ഷ്യം ചിലരെ കേന്ദ്ര കമ്മിറ്റിൽ നിന്നും ഒഴിവാക്കുക എന്നതായിരുന്നു. അതിന് പാർട്ടി കേന്ദ്ര നേതൃത്വത്തിന്റെ അനുഗ്രഹാശിസുകളും ഉള്ളതായി എനിക്ക് തോന്നി. എം.എം.ലോറൻസ്, കെ.എൻ. രവിന്ദ്രനാഥ് എന്നിവരെ പാർട്ടി കേന്ദ്ര കമ്മിറ്റിയിൽ നിന്നും ഒഴിവാക്കി. അച്ചുതാനന്ദൻ നായനാർ അച്ചുതണ്ടിലെ ചിലർ പുതിയതായി കേന്ദ്ര കമ്മിറ്റിയിൽ വന്നു. പാർട്ടി കോൺഗ്രസ്സിലും ഗ്രൂപ്പിസത്തിന്റെ തനി ആവർത്തനം ഞാൻ കണ്ടു.

പാർട്ടി കോൺഗ്രസ്സ് നടക്കുന്ന സമയത്ത് എൻ. പത്മലോചനന്റെ ഭാര്യാ സഹോദരൻ കേണൽ സുദർശനൻ കൊൽക്കൊത്തായിലെ കരസേനാ ആസ്ഥാനത്ത് ഡോക്ടറായി സേവനം അനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹം സമ്മേളന സ്ഥലത്തു വന്ന് ഞങ്ങളെ ക്ഷണിക്കുകയുണ്ടായി. സമ്മേളനം കഴിഞ്ഞ ദിവസം ഞങ്ങളെ അദ്ദേഹത്തിന്റെ സൈനിക ക്വാർട്ടേഴ്സിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി. പട്ടാള ഉദ്യോഗസ്ഥന്റെ ജാഡയോ ഗമയോ ഒന്നും ഇല്ലാത്ത ഒരു നല്ല മനുഷ്യനായിരുന്നു കേണൽ. ലളിതമായിരുന്നു അദ്ദേഹത്തിന്റെ കുടുംബ ജീവിതം. രണ്ടു ദിവസം അവിടെ ചിലവഴിച്ച ശേഷമാണ് ഞങ്ങൾ കൊല്ലത്തേയ്ക്ക് മടങ്ങിയത്. നിരവധി പ്രാവശ്യം ഞാൻ കൊൽക്കൊത്തായിൽ പോയിട്ടുണ്ടെങ്കിലും കൊൽക്കൊത്ത നഗരത്തിലെ കാഴ്ചകളൊന്നും കാണാൻ കഴിഞ്ഞിരുന്നില്ല. കേണൽ സുദർശനൻ ഒരു ദിവസം മുഴുവൻ ഞങ്ങളെ കൊൽക്കൊത്തായുടെ വിവിധ ഭാഗങ്ങളിൽ കൊണ്ടു പോയി. കണ്ട കാഴ്ചകളെല്ലാം മായാത്ത ഓർമ്മകളായി.

കൊൽക്കൊത്ത ഒരു അത്ഭുത നഗരമാണ്. പശ്ചിമ ബംഗാളിന്റെ തലസ്ഥാനമാണത്. 1773 മുതൽ 1911 വരെ ബ്രിട്ടീഷ്രാജിന്റെ തലസ്ഥാനമായിരുന്നു കൊൽക്കൊത്ത. ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ വ്യാപാര കേന്ദ്രവും ഇവിടെയായിരുന്നു. കൊളോണിയൽ

വാസ്തു ശില്പങ്ങളുടെയും, ആർട്ട് ഗാലറികളുടെയും സാംസ്ക്കാരികോത്സവങ്ങളുടെയും നഗരമാണിത്. മദർ തെരേസ സ്ഥാപിച്ച *മിഷണറിസ് ഓഫ് ചാരിറ്റി* എന്ന സ്ഥാപനത്തിന്റെ ആസ്ഥാനവും ഇവിടെയാണ്. ഇവിടെ സ്ഥിതി ചെയ്യുന്ന വിക്ടോറിയ മെമ്മോറിയലിന്റെ ശില്പ സൗന്ദര്യവും ഗാംഭിര്യവും ഞങ്ങളെ വല്ലാതെ ആകർഷിച്ചു. 1906നും 1921 നും ഇടയിൽ ബ്രിട്ടീഷുകാർ മാർബിൾ കൊണ്ട് നിർമ്മിച്ച രമ്യഹർമ്യമാണിത്. പ്രിൻസ് ഓഫ് വെയിൽസ് (പിന്നിട് ജോർജ് അഞ്ചാമൻ) ആണ് 1906 ജനുവരിയിൽ ഇതിന് തറക്കല്ലിട്ടത്. ഇൻഡ്യയിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നാണിത്. വിക്ടോറിയ മഹാറാണിയുടെ (1801 - 1901) സ്മരണയ്ക്കായി സമർപ്പിച്ചതാണ് ഇത്. ഹൂഗ്ളി നദി തീരത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. വിക്ടോറിയ മെമ്മോറിയലിലെ പൂന്തോട്ടം അതീവ സുന്ദരമാണ്. പിന്നെ ഞങ്ങൾ പോയത് ഹൂഗ്ളി നദിയുടെ കുറുകെയുള്ള ഹൗറ പാലത്തിലേയ്ക്കായിരുന്നു.ഹൗറയെയും കൊൽക്കൊത്തയേയും ബന്ധിപ്പിക്കുന്ന പാലമാണിത്. ലോകത്തെ ഏറ്റവും നീളമുള്ള ആറാമത്തെ തൂക്കു പാലമാണിത്. ഇതിന്റെ നീളം 705 മീറ്റർ. ഇതിന്റെ നിർമ്മാണം ആരംഭിച്ചത് 1942ലായിരുന്നു. കൊൽക്കൊത്തായുടെ മുഖമുദ്രയാണ് ഈ ഇൻജിനിയറിങ്ങ് അൽഭുതം.

കൊൽക്കൊത്ത സന്ദർശിക്കുന്ന ഏതൊരാളും കണ്ടിരിക്കേണ്ടതാണ് "ഇൻഡ്യൻ മ്യൂസിയം". ഇതിനു സമാനമായ മറ്റൊരു മ്യൂസിയം ഇൻഡ്യയിലെങ്ങുമില്ല. മുഗൾ പെയിന്റിങ്ങുകൾ, ഫോസിലുകൾ, അസ്ഥികൂടങ്ങൾ, മമ്മികൾ, പുരാവസ്തുക്കൾ എന്നിവയുടെ അപൂർവ ശേഖരമാണ് ഇവിടെ ഉള്ളത്. 1814ൽ ബംഗാൾ ഏഷ്യാറ്റിക് സൊസൈറ്റിയാണ് ഇത് സ്ഥാപിച്ചത്. ഡാനിഷ് സർജനും സസ്യ ശാസ്ത്രജ്ഞനുമായിരുന്ന നതാനിൽ വാലിച്ച് *(Nathaniel Wallich)* ആയിരുന്നു ഇതിന്റെ സ്ഥാപക കുറേറ്റർ. 102646 ഇനങ്ങൾ ഇവിടെ ശേഖരിച്ചിട്ടുണ്ട്. ആറു വിഭാഗങ്ങളിലായി മുപ്പത്തിഅഞ്ച് ഗാലറികളാണ് ഇവിടെ ഉള്ളത്. കല, പുരാവസ്തു ശാസ്ത്രം, നരവംശശാസ്ത്രം, ഭൂഗർഭശാസ്ത്രം, ജന്തുശാസ്ത്രം, സാമ്പത്തിക സസ്യശാസ്ത്രം എന്നിവയാണ് വിഭാഗങ്ങൾ. വിജ്ഞാനദാഹികൾക്ക് വളരെയേറെ പ്രയോജനം ചെയ്യുന്ന ഒരു മഹാസ്ഥാപനമാണ് കൊൽക്കൊത്ത മ്യൂസിയം.

ബംഗാളിന്റെ ആദ്ധ്യാത്മിക ജീവിതവുമായി ബന്ധപ്പെട്ടതാണ് ദക്ഷിണേശ്വരം കാളി ക്ഷേത്രം, കാളിഘട്ട്, ബേലൂർ മഠം എന്നിവ. ഹൂഗ്ളി നദിയുടെ കിഴക്കേ തീരത്താണ് ദക്ഷിണേശ്വരം കാളി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. വലിപ്പത്തിൽ ഇൻഡ്യയിലെ ഒൻപതാമത്തെ ക്ഷേത്രമാണിത്. വിസ്തീർണ്ണം 101171 ചതുരശ്രമീറ്റർ. 12 ശിവക്ഷേത്രങ്ങളും ഒരു രാധാകൃഷ്ണക്ഷേത്രവും കാളിക്ഷേത്രത്തിനു പുറമെയുണ്ട്. കൊൽക്കൊത്തായിലെ ആകർഷണ കേന്ദ്രങ്ങളിൽ ഒന്നാണിത്. ശ്രീരാമകൃഷ്ണൻ ഇവിടുത്തെ ഒരു ക്ഷേത്രത്തിലെ പൂജാരിയായിരുന്നു. പശ്ചിമ ബംഗാളിലെ ഏറ്റവും പ്രശസ്തമായ കാളി ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലമാണ് കാളിഘട്ട്. ഇൻഡ്യയിലെ 51 ശക്തി പീഠങ്ങളിൽ ഒന്നാണിത്. ഇത് സ്ഥിതി ചെയ്യുന്നത് ഹൂഗ്ളി നദിയുടെ ഒരു കൈവഴിയുടെ തീരത്താണ്. കൊൽക്കൊത്ത എന്ന പേരിന്റെ ഉല്പത്തി കാളിഘട്ട് എന്ന പദത്തിൽ നിന്നാണ്. ബാല്യകാലത്തു തന്നെ സ്വാമി വിവേകാനന്ദനെയും ബേലൂർ മഠത്തെയും കുറിച്ച് കേട്ടിരുന്നു. ശ്രീരാമകൃഷ്ണ മഠത്തിന്റെയും മിഷന്റെയും ആസ്ഥാനമാണ് ബേലൂർ. ശ്രീരാമകൃഷ്ണപരമഹംസന്റെ ശിഷ്യനായിരുന്ന സ്വാമി വിവേകാനന്ദനാണ് ഇത് സ്ഥാപിച്ചത്. ഹൂഗ്ളി നദിയുടെ പടിഞ്ഞാറെ തീരത്താണിത്. ഹിന്ദു - കൃസ്ത്യൻ മുസ്ലിം വാസ്തു വിദ്യയുടെ സമന്വയമാണ് ബേലൂർ മഠത്തിലെ ക്ഷേത്രം. മതസൗഹാർദ്ധത്തിന്റെ പ്രതീകവും. 1897 ജനുവരിയിലാണ് ഇതിന്റെ തുടക്കം കുറിച്ചത്. സന്യാസി പരിശീലനമായിരുന്നു ഇതിന്റെ ലക്ഷ്യം. ലോകം മുഴുവൻ ഭാരതീയ ദർശനങ്ങൾ പ്രചരിപ്പിക്കുന്ന സ്ഥാപനമായി ഇത് വളർന്നു.

1998 ഒക്ടോബർ മുതൽ ശാരീരിക പ്രശ്നങ്ങൾ എന്നെ അലട്ടിയിരുന്നു. ഇതൊന്നും വക വെയ്ക്കാതെയായിരുന്നു പാർട്ടി പ്രവർത്തനവും തൊഴിലാളി രംഗത്തെ പ്രവർത്തനവും. 1998 ഡിസംബർ 20ം തിയതി ചവറയിൽ ഐ.ആർ.ഇ തൊഴിലാളികളുടെ യോഗത്തിൽ പ്രസംഗിച്ചു കൊണ്ടിരുന്നപ്പോൾ എനിക്ക് വല്ലാത്ത ഒരു അസ്വസ്ഥത അനുഭവപ്പെട്ടു. അടുത്ത ദിവസം ഡോക്ടറെ കണ്ട് പരിശോധിച്ചപ്പോൾ ഇ.സി.ജി.യിൽ എന്തോ തകരാറു കണ്ടു. ഉടനെതന്നെ കൊല്ലത്തെ പ്രശസ്ത കാർഡിയോളജിസ്റ്റായ ഡോ. ശ്യാമിനെ കണ്ടു. അദ്ദേഹത്തിന്റെ പരിശോധനയിൽ ഹൃദ്രോഗമാ

ണെന്ന് സ്ഥിരീകരിക്കുകയും തുടർപരിശോധനയ്ക്ക് ശ്രീചിത്രയി ലേയ്ക്ക് റഫർ ചെയ്യുകയും ചെയ്തു. അവിടെ നടത്തിയ "ആൻജി യോഗ്രാം" പരിശോധനയിൽ എന്റെ മഹാധമനിയിൽ (Coronary Artery) മൂന്നു ബ്ലോക്കുകൾ ഉണ്ടെന്ന് സ്ഥിരികരിച്ചു. ഉടനെ തന്നെ 'ബൈപാസ് സർജറി'ക്ക് വിധേയമാകണമെന്ന് ഡോക്ടർമാർ നിർ ദ്ദേശിച്ചു. ആദ്യം ഇതിനല്പം ഭയം തോന്നിയെങ്കിലും ഞാൻ സമ്മ തിച്ചു. അങ്ങനെ 1999 ഫെബ്രുവരി 2ന് ഞാൻ ശ്രീചിത്രയിൽതന്നെ ബൈപാസ് സർജറിക്ക് വിധേയനായി. ദൈവത്തിന്റെ കരസ്പ ർശമുള്ള ഉത്തരേന്ത്യക്കാരനായ ഡോക്ടർ അവിനാഷായിരുന്നു കാർഡിയോ സർജൻ. ബൈപാസ് സർജറി കഴിഞ്ഞതോടെ ഞാൻ പൂർണ്ണ ആരോഗ്യവാനായി. എന്റെ ജീവിത ശൈലി മൂലമായിരു ന്നു എനിക്ക് ഹൃദ്രോഗം വന്നത്. ചെറുപ്പം മുതലേ ഒരു കടുത്ത പുകവലിക്കാരനായിരുന്നു ഞാൻ. ദേശീയ പ്രാധാന്യമുള്ള ഒരു മഹാസ്ഥാപനമാണ് ശ്രീ ചിത്രതിരുന്നാൾ ഇൻസ്റ്റിട്ട്യൂട്ട് ഫോർ മെഡി ക്കൽ സയൻസ് ആന്റ് ടെക്നോളജി. 1976ലാണ് ഇത് സ്ഥാപിച്ചത്. ഇൻഡ്യയിൽ ഏറ്റവും നല്ല ഹൃദ്രോഗ ചികിത്സയും നാഡിചികി ത്സയും ലഭിക്കുന്ന സ്ഥാപനങ്ങളിലൊന്നാണ് ഇത്. എല്ലാ വിധ സൗകര്യങ്ങളും അതിവിദഗ്ദ്ധരായ ഡോക്ടർമാരും ഇവിടെ ഉണ്ട്. അഴിമതി തൊട്ടു തീണ്ടാത്ത സ്ഥാപനമാണിത്.

നമ്മുടെ ശരീരത്തിലെ രക്തപര്യയനവ്യൂഹം, രക്തം, രക്തകു ഴലുകൾ, ഹൃദയം എന്നിവ ചേർത്താണ് ഉണ്ടാക്കിയിരിക്കുന്നത്. ശരീരം മുഴുവൻ വ്യാപിച്ചു കിടക്കുന്ന രക്തക്കുഴലുകളിൽകൂടി രക്തം എല്ലാ ഭാഗത്തും സദാ ചുറ്റിക്കൊണ്ടിരിക്കുന്നു. ശരീരത്തി നാവശ്യമായ പോഷകഘടകങ്ങളും ഓക്സിജനും മറ്റ് രാസവസ് തുക്കളും ശരീരത്തിന് ഉപയോഗമില്ലാത്ത വസ്തുക്കളും വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നത് രക്തമാണ്. രക്തം എല്ലാ ഭാഗത്തേ ക്കും പമ്പ് ചെയ്യുന്നത് ഹൃദയമാണ്. ഹൃദയം പേശികലകളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഹൃദയത്തിന് നാല് അറകളുണ്ട്. രണ്ട് ആറിക്കിളുകൾ, രണ്ട് വെൻട്രിക്കിളുകൾ. ആറിക്കിളുകൾ (Auri- cles) ശരീരത്തിന്റെ എല്ലാ ഭാഗത്തു നിന്നും രക്തം സ്വീകരിക്കുന്നു. വെൻട്രിക്കിളുകളാണ് (Ventricles) ശരീരത്തിന്റെ നാനാഭാഗങ്ങളി ലും രക്തം കൊണ്ടു പോകുന്നത്. ധമനികൾ, (Arteries) സിരകൾ

(Veins) ലോമികൾ (Cappillaries) എന്നിങ്ങനെ രക്ത കുഴലുകൾ മൂന്നു തരത്തിലുണ്ട്. ഹൃദയത്തിൽ നിന്നും രക്തം, ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് കൊണ്ടു പോകുന്ന രക്തകുഴലുകളാണ് ധമനികൾ. സിരകൾ ഹൃദയത്തിലേയ്ക്ക് രക്തം കൊണ്ടു വരുന്ന കുഴലുകളാണ്. ധമനികൾക്കും സിരകൾക്കുമിടയിൽ അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു തന്തുജാലമാണ് ലോമികൾ. മഹാധമനിയിൽ (Coronary artery) തടസ്സമുണ്ടാകുമ്പോൾ രക്തചംക്രമണം തടസ്സപ്പെടുന്നു. തടസ്സം മൂലമാണ് ഹൃദായാഘാതം ഉണ്ടാകുന്നത്. ധമനിയിലെ ബ്ലോക്കിനെ അടിസ്ഥാനമാക്കിയാണ് ഹൃദ്രോഗവിദഗ്ധർ രോഗിക്ക് ആഞ്ചിയോപ്ലാസ്റ്റി വേണമോ ബൈപാസ് സർജറി വേണമോയെന്ന് തീരുമാനിക്കുന്നത്. ധമനികളുടെയോ സിരകളുടെയോ തടസ്സം നീക്കുന്നതാണ് ആഞ്ചിയോപ്ലാസ്റ്റി. നമ്മുടെ ഹൈവേകൾക്ക് ബൈപാസ് നിർമ്മിക്കുന്നതു പോലെയാണ് ധമനികൾ കൊണ്ടോ സിരകൾ കൊണ്ടോ ബൈപാസുണ്ടാക്കുന്നത്. ഹൃദ്രോഗത്തിന് ഏറ്റവും നല്ല ചികിത്സ അലോപ്പതിയിൽ (Modern Medicine) ആണ്. മറ്റ് ചികിത്സകളൊന്നും കൊറോണറി രോഗങ്ങൾക്കും വാൽവ് സംബന്ധമായ രോഗങ്ങൾക്കും പറ്റിയതല്ല. ഇന്ന് ഇൻഡ്യയിൽ ഹൃദയശസ്ത്രക്രിയ വിജയ നിരക്ക് 99 ശതമാനത്തിനു മുകളിലാണ്.

ബൈപാസ് സർജറി കഴിഞ്ഞ് രണ്ടു മാസം തികയുന്നതിനു മുൻപ് സി.ഐ.ടി.യു സംസ്ഥാന കൗൺസിൽ കൊല്ലത്തു വച്ചു നടത്തേണ്ട ചുമതല എനിക്ക് ഏറ്റെടുക്കേണ്ടി വന്നു. 1999 മാർച്ച് 15,16 തിയതികളിലായിരുന്നു ജനറൽ കൗൺസിൽ. സി.ഐ.ടി.യു അഖിലേൻഡ്യാ പ്രസിഡണ്ടായിരുന്ന ഇ.ബാലാനന്ദനും സെക്രട്ടറിയുമായിരുന്ന എം.കെ പാണ്ഡെയും കൗൺസിലിൽ പങ്കെടുത്തിരുന്നു. സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന കെ.എൻ. രവീന്ദ്രനാഥിന് ഒരു പാർട്ടിഘടകവും ഉണ്ടായിരുന്നില്ല. സമ്മേളനത്തിലെ ചർച്ചകൾ തികച്ചും വിഭാഗീയമായിരുന്നു. ഒരു വിഭാഗം ജനറൽ കൗൺസിൽ മെമ്പറുമാർ സി.ഐ.ടി.യു സംസ്ഥാന നേതൃത്വത്തിനെതിരെ രൂക്ഷമായ വിമർശനം അഴിച്ചു വിട്ടു. സമാരാധ്യനായ സി.കണ്ണനെ പോലും അവർ വെറുതെ വിട്ടില്ല. കൃത്യ സമയത്ത് സി.ഐ.ടി.യു സമ്മേളനം നടത്തുന്നില്ലെന്നതായിരുന്നു ഒരു ആരോപണം. ജനറൽ കൗൺസിൽ സംഘടിപ്പിക്കുന്നതിന്

പാർട്ടിയുടെയോ വർഗ്ഗ ബഹുജന സംഘടനകളുടെയോ സഹായ സഹകരണങ്ങൾ ലഭിച്ചില്ല. സി.ഐ.ടി.യു സംസ്ഥാന സമ്മേളനം 2000 ഒക്ടോബറിലായിരുന്നു. സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി പിടിച്ചടക്കാൻ അച്ചുതാനന്ദൻ ഗ്രൂപ്പ് ആസൂത്രിതമായ നീക്കങ്ങൾ ആരംഭിച്ചു. ഇത് നായനാരും പിണറായി വിജയനുമൊക്കെ അറിഞ്ഞു കൊണ്ടുള്ളതായിരുന്നു. സംസ്ഥാന സമ്മേളനത്തിൽ പരമാവധി അച്ചുതാനന്ദൻ പക്ഷക്കാരായ പ്രതിനിധികളെ ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. ആലപ്പുഴ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികളിൽ ഭൂരിപ ക്ഷം അച്ചുതാനന്ദൻ വകയായിരുന്നു. നിലവിലുണ്ടായിരുന്ന സി. ഐ.ടി.യു നേതൃത്വത്തെ വെട്ടിവിഴ്ത്തലായിരുന്നു അച്ചുതാനന്ദൻ ഗ്രൂപ്പിന്റെ ലക്ഷ്യം. സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റിയിലെ താ ക്കോൽ സ്ഥാനങ്ങളെല്ലാം അവർ പിടിച്ചടക്കി. ത്യാഗത്തിന്റെയും ലാളിത്യത്തിന്റെയും പര്യായമായിരുന്ന കേരളത്തിലെ സമുന്നത ട്രേഡ് യൂണിയൻ നേതാവായ സി. കണ്ണനെ പ്രസിഡണ്ട് സ്ഥാന ത്തു നിന്നും നീക്കം ചെയ്തു. ട്രേഡ് യൂണിയൻ രംഗത്ത് അറിയ പ്പെടാത്ത പി.കെ.ഗുരുദാസനെ ജനറൽ സെക്രട്ടറിയാക്കി. സി.ഐ. ടി.യു ഭാരവാഹികളിൽ ചിലർ നിലനില്പിനു വേണ്ടി കൂറുമാറി അച്ചുതാനന്ദൻ പക്ഷം ചേർന്നു. ഇവർ തൊഴിലാളി പ്രവർത്തനം അവസരവാദത്തിന്റെ കലയാണെന്ന് തെളിയിച്ചു. പാർട്ടിയിലും സി.ഐ.ടി.യു വിലും നടന്നു കൊണ്ടിരുന്ന ഗ്രൂപ്പുയുദ്ധം എന്തു കൊണ്ടാണെന്ന് ചിന്തിക്കാൻ വീണ്ടും വീണ്ടും എന്നെ നിർബന്ധി തനാക്കിക്കൊണ്ടിരുന്നു.

# സ്വതന്ത്രനായി

സി.ഐ.ടി.യു. പത്താമത് അഖിലേന്ത്യ സമ്മേളനം 2000 ഡിസംബർ 27 മുതൽ 30 വരെ ഹൈദരാബാദിലായിരുന്നു. സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ഇ.ബാലാനന്ദനായിരുന്നു. അമേരിക്കൻ സാമ്രാജ്യത്ത്വത്തിനെതിരെ ലോകമെമ്പാടും ഉയർന്നു വന്നുകൊണ്ടിരുന്ന പുരോഗമന ശക്തികളുടെ പ്രതിരോധവും, വാജ്പേയ് സർക്കാരിന്റെ നേതൃത്വത്തിലുള്ള സ്വകാര്യവല്ക്കരണ നടപടികളും അദ്ധ്യക്ഷപ്രസംഗത്തിൽ എടുത്തുകാട്ടുകയുണ്ടായി. ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിദേശ മൂലധനത്തിനുവേണ്ടി എൻ.ഡി.എ.ഗവൺമെന്റ് തുറന്നിട്ടുകൊടുത്തിരുന്നു. ഇതിനെതിരെ തൊഴിലാളി വർഗ്ഗത്തത്തന്റെ ഉശിരൻ സമരങ്ങൾ ഉയർന്നു വന്നിരുന്നു. ഈ പശ്ചാത്തലത്തിലായിരുന്നു അഖിലേന്ത്യാ സമ്മേളനം ചേർന്നത്. സംഘടനാപരവും തൊഴിൽപരവും വ്യാവസായികവുമായ പ്രശ്നങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെട്ടു. എൻ.ഡി.എ.യുടെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ 2001 ജനുവരി 24 ന് അഖിലേന്ത്യാ പ്രതിഷേധദിനം ആചരിക്കനുള്ള ആഹ്വാനത്തോടെയാണ് സമ്മേളനം സമാപിച്ചത്. സമ്മേളനത്തിലെ ചർച്ചകളിൽ വിഭാഗീയത നിഴലിച്ചുനിന്നിരുന്നു. ചില സംസ്ഥാനങ്ങളിൽ നിന്നും ഔദ്യോഗിക ഡെലിഗേഷനു പുറമെ അനൗദ്യോഗിക ഡെലിഗേഷനും ഉണ്ടായിരുന്നു. 2442 ഡെലിഗേറ്റുകൾ പങ്കെടുത്ത ഒരു മഹാസമ്മേളനമായിരുന്നു പത്താമത് സമ്മേളനം. പ്രതിനിധി സമ്മേളനത്തിന്റെ അവസാനം അവതരിപ്പിച്ച അഖിലേന്ത്യാ ഭാരവാഹികളുടെ ലിസ്റ്റിൽ കേരളത്തിലെ ട്രേഡ് യൂണിയൻ രംഗത്ത് അറിയപ്പെടാത്ത പലരും കടന്നുകൂടി.

കൊല്ലത്തു നിന്നും ഞാനും എന്റെ ഏറ്റവും അടുത്ത സഹ പ്രവർത്തകനായിരുന്ന കെ.തുളസീധരനും ഒരുമിച്ചായിരുന്നു ഹൈദ്രബാദിലേക്ക് തിരിച്ചത്. ആന്ധ്രപ്രദേശിലെ അന്നത്തെ ഡി.ജി.പി. ജെ.കെ.നായർ തുളസീധരന്റെ മരുമകന്റെ ബന്ധുവായിരുന്നു. ഞങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം ഞങ്ങൾക്ക് ഒരു ലോഡ്ജിൽ താമസസൗകര്യം ഒരുക്കി. ഞങ്ങൾക്ക് രണ്ടുപേർക്കും ചില ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നതുകൊണ്ടായിരുന്നു ലോഡ്ജിൽ താമസിച്ചത്. സമ്മേളന സ്ഥലത്തേക്ക് ഞങ്ങളെ കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടു വരുന്നതിനും അദ്ദേഹത്തിന്റെ സഹോദരൻ ജെ.പി.നായരെ ചുമതലപ്പെടുത്തിയിരുന്നു. സമ്മേളനത്തിനിടയിൽ ഒരു ദിവസം ഞങ്ങളെ ഹൈദ്രബാദിലെ പ്രധാനപ്പെട്ട ചില സ്ഥലങ്ങൾ കാണാൻ അദ്ദേഹം കൊണ്ടുപോയി. ഹൈദരാബാദ് അന്ന് ആന്ധ്രായുടെ തലസ്ഥാനമായിരുന്നു. 1591 ൽ മുഹമ്മദ് ക്വാലി കുട്ടുമ്പ് ഷാ ആണ് ഹൈദരാബാദ് നഗരം നിർമ്മിച്ചത്. ഷാ ഇതിന് ആദ്യം ഇട്ട പേര് ''ഭാഗ് നഗർ'' അഥവാ ''ഭാഗ്യന നാഗർ'' എന്നായിരുന്നു. ഷായുടെ നർത്തകിയായ കാമുകി ''ഭാഗമതി'' യുടെ പേരിനെ ഓർമ്മപ്പെടുത്താനാണ് ഈ പേരു നല്കിയത്. പിന്നീട് ''ഭാഗമതി'' ഇസ്ലാം മതം സ്വീകരിച്ചപ്പോൾ അവരുടെ പേര് ''ഹൈദർ മഹൾ'' എന്നായി. അവരുടെ ബഹുമാനാർത്ഥമാണ് ഹൈദരാബാദ് എന്ന പേരിട്ടത്. 1724 ൽ മുഗളന്മാർ ഹൈദരാബാദ് കീഴടക്കി. ഹൈദരാബാദിന്റെ മേൽനോട്ടം മുഗൾ വൈസ്രോയിയായിരുന്ന അസിഫ് ജായെ ഏല്പിച്ചു. അയാൾ പിന്നീട് ഹൈദരാബാദിന്റെ രാജാവായി സ്വയം പ്രഖ്യാപിച്ചു. അയാളുടെ രാജവംശമാണ് ''നൈസാം'' എന്നറിയപ്പെടുന്നത്. നൈസാം രാജവംശം 150 വർഷം ഹൈദരാബാദ് ഭരിച്ചു. ബ്രിട്ടീഷ് ഭരണകാലത്ത് ഹൈദരാബാദ് ഒരു നാട്ടുരാജ്യമായിരുന്നു. 1948 ൽ ഹൈദരാബാദ് ഇന്ത്യൻ യൂണിയനിൽ ലയിച്ചതോടെ അത് ആന്ധ്രയുടെ തലസ്ഥാനമായി. മുഗൾ സംസ്കാരത്തിന്റെ സ്വാധീനം ഹൈദരാബാദിലെ വിടെയും കാണാം.

ഹൈദരാബാദിൽ ഞങ്ങൾ പ്രധാനമായും സന്ദർശിച്ചത് ചാർമിനാർ, സാലാർജംഗ് മ്യൂസിയം, ഗോൽകൊണ്ടകോട്ട, മെക്കമസ്ജിദ് എന്നിവയായിരുന്നു. ഹൈദരാബാദിന്റെ അടയാളമാണ് 'ചാർമിനാർ.'

1591 ലാണ് ചാർമിനാർ നിർമ്മിച്ചത്. ''മുസിനദി'' യുടെ കിഴക്കേ കരയിലാണ് ചാർമിനാർ സ്ഥിതി ചെയ്യുന്നത്. അതിന്റെ ചുറ്റും മാർക്കറ്റാണ്. യുനസ്കോയുടെ പൈതൃക പട്ടികയിൽപ്പെടുന്നതാണിത്. ഹൈദരാബാദ് നഗരത്തിലെ മുസിനദിയുടെ തെക്കേ കരയിൽ ഡാർ-ഉൾ-ഷിഫായിലാണ് സാലാർജംഗ് മ്യൂസിയം സ്ഥിതി ചെയ്യുന്നത്. ഇതൊരു കലാ മ്യൂസിയമാണ്. ഹൈദരാബാദിലെ ഏഴാമത്തെ നൈസാമായിരുന്ന നവാബ് മിർ യൂസഫ് അലിഖാൻ സാലാർജംഗ് മൂന്നമന്റെ അമൂല്യശേഖരമാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിലെ മൂന്ന് ദേശീയ മ്യൂസിയങ്ങളിൽ ഒന്നാണിത്. ചൈന, ബർമ്മ, നേപ്പാൾ, ഇന്ത്യ, പേഴ്സ്യ, ഈജിപ്റ്റ്, യൂറോപ്പ്, വടക്കേ അമേരിക്ക എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച ശില്പങ്ങൾ, ചിത്രങ്ങൾ, തുണിത്തരങ്ങൾ, കൈയ്യെഴുത്തു പ്രതികൾ, സിറാമിക്സ് വസ്തുക്കൾ. കാർപ്പറ്റുകൾ, ക്ലോക്കുകൾ, ഫർണിച്ചറുകൾ എന്നിവ അവിടെ കാണാം. ഹൈദരാബാദിൽ നിന്നും 11 കിലോ മീറ്റർ പടിഞ്ഞാറാണ് ഗോൽകൊണ്ടകോട്ട. ഇതിന്റെ ചുറ്റുമുള്ള പ്രദേശം രത്നഖനികൾക്ക് പ്രശസ്തമാണ്. കൊഹിന്നൂർ വജ്രം, ഹോപ്പ് വസ്ത്രം, നാസറ്റ് വജ്രം, നൂർ-അൽ-എയിൽ വജ്രം എന്നിവ ഇവിടെ നിന്നും ലഭിച്ചവയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ മുസ്ലീം പള്ളികളിൽ ഒന്നാണ് മെക്ക മസ്ജിദ്. ഇന്ത്യയിലെ ഏഴ് അത്ഭുതങ്ങളിൽപ്പെട്ടതാണിത്. ഹൈദരാബാദിലെ കാഴ്ചകൾ ഒരിക്കലും മറക്കില്ല.

2001 മേയ് 10 നാണ് പന്ത്രണ്ടാം നിയമസഭാ തെരഞ്ഞെടുപ്പ് നടന്നത്. സകല ജാതിമത വർഗ്ഗീയ ശക്തികളും യു.ഡി.എഫിനോടൊപ്പം ചേർന്നു. വിമോചന സമരകാലത്തെ അനുസ്മരിപ്പിക്കുന്ന കൂട്ടുകെട്ടായിരുന്നു യു.ഡി.എഫിന്റേത്. തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് 99 സീറ്റുകൾ ലഭിച്ചു. എ.കെ.ആന്റണി മുഖ്യമന്ത്രിയായി അധികാരമേറ്റു. മന്ത്രിമാരുടെ എണ്ണം 20 ആയി വർദ്ധിപ്പിച്ചു. സത്യപ്രതിജ്ഞ ചെയ്തപ്പോൾ മുതൽ ആന്റണി ഗവൺമെന്റ് പ്രതിസന്ധികളിൽപ്പെട്ടു. ഒരു വർഷത്തിനകം തന്നെ മന്ത്രിസഭയുടെ പ്രതിച്ഛായ നഷ്ടമുണ്ടായി. മന്ത്രിമാരുടെ അഴിമതികൾക്കും വിദ്യാഭ്യാസരംഗത്ത് ആന്റണി ഗവൺമെന്റ് ചെയ്തു കൂട്ടിയ തോന്നിവാസങ്ങൾക്കും എതിരെ ജനരോഷം ഇരമ്പികയായിരുന്നു. ജനകീയ സമരങ്ങളെ നിർഭയം അടിച്ചമർത്തുന്ന സമീപനമാണ്

ആന്റണിയുടെ ഗവൺമെന്റ് സ്വീകരിച്ചത്.

അക്കാലത്തെ സമരങ്ങളിൽ ഓർമ്മയിൽ വരുന്നത് സംസ്ഥാനഭരണം നിശ്ചലമാക്കിയ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പണിമുടക്കാണ്. 2002 ജനുവരി 16 ന് സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഉത്തരവാണ് സമരത്തിനാധാരമായത്. ജീവിതാവകാശങ്ങൾപോലും നിഷേധിക്കുന്നതരത്തിൽ ജീവനക്കാരുടെയും അധ്യാപകരുടെയും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചു. നിവേദനങ്ങൾകൊണ്ടൊന്നും സർക്കാർ ഉത്തരവ് പിൻവലിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2002 ഫെബ്രുവരി 6 മുതൽ സർക്കാർ ജീവനക്കാരും അധ്യാപകരും അനിശ്ചിതകാലപണിമുടക്കം ആരംഭിച്ചു. ഭരണകൂട ഭീഷണിയേയും പോലീസ് മർദ്ദനത്തേയും അതിജീവിച്ച് 32 ദിവസം സമരം നീണ്ടു നിന്നു. സമരത്തിലുടനീളം സി.ഐ.ടി.യു. സെക്രട്ടറിയെന്ന നിലയിൽ പണിമുടക്കിയ ജീവനക്കാരോടൊപ്പം ഞാനുമുണ്ടായിരുന്നു. സമരസമയത്ത് കൊല്ലം കളക്ട്രേറ്റിന് മുന്നിൽ നടന്ന ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ ധർണ്ണയിൽ കുട്ടികൾ വിളിച്ച മുദ്രാവാക്യം ഇപ്പോഴും ഓർക്കുന്നു.

എന്താ മാമാ മിണ്ടാത്തെ
ആന്റണി മാമാ മിണ്ടാത്തെ
അച്ഛനു കിട്ടും ശമ്പളമിങ്ങനെ
സർക്കാർ തട്ടിയെടുത്താലോ
ഞങ്ങൾ പട്ടിണിയാകൂല്ലേ.

സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഫെബ്രുവരി 22 ന് സംഘടിപ്പിച്ച മനുഷ്യച്ചങ്ങലയിൽ തൊഴിലാളികളെ പങ്കെടുപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ ഞാൻ ഏർപ്പെട്ടു. സമരം മാർച്ച് 9 ന് തീർപ്പായി. 2004 ആയപ്പോഴേക്കും കോൺഗ്രസ്സിനകത്തെ അന്തഃഛിദ്രം ശക്തമായി. ആന്റണി മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചു. 2004 ഓഗസ്റ്റ് 31 ന് ഉമ്മൻചാണ്ടി മുഖ്യമന്ത്രിപദം ഏറ്റെടുത്തു. കെ.മുരളീധരനെ മന്ത്രിസഭയിൽ എടുക്കാൻ മന്ത്രിസഭയുടെ എണ്ണം 21 ആക്കി. മന്ത്രിയായ മുരളീധരൻ എം.എൽ.എ.ആകാൻ മത്സരിച്ചപ്പോൾ ദയനീയമായി തോറ്റു. മുരളീധരൻ മന്ത്രിസ്ഥാനം രാജിവെച്ചു.

പതിനേഴാം പാർട്ടി കോൺഗ്രസ്സിന്റെ മുന്നോടിയായി ബ്രാഞ്ച്

മുതൽ ജില്ലവരെ നടന്ന സമ്മേളനങ്ങളിൽ അച്യുതാനന്ദ വിഭാഗത്തിന്റെ ഗ്രൂപ്പു പ്രവർത്തനം ശക്തമായിരുന്നു. 2002 ജനുവരിയിൽ നടന്ന ജില്ലാ സമ്മേളനത്തിന്റെ സംഘാടക സമിതി സെക്രട്ടറി ഞാനായിരുന്നു. ഉഗ്രൻ പ്രകടനമാണ് സമാപന ദിവസം സംഘടിപ്പിച്ചത്. സംസ്ഥാന സമ്മേളനം കണ്ണൂരിൽവെച്ചായിരുന്നു. കേരള ദിനേശ് ബീഡി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അതിവിശാലമായ ഓഡിറ്റോറിയത്തിലായിരുന്നു സമ്മേളനം. സമ്മേളന നടത്തിപ്പ് ആഡംബര പൂർവ്വമായിരുന്നു. സമ്മേളനത്തിന്റെ സംഘാടകമികവ് എന്നെ അത്ഭുതപ്പെടുത്തി. സമ്മേളനത്തിലെ ചർച്ചകളിൽ വിഭാഗീയതയുടെ പ്രസരണമുണ്ടായിരുന്നു. സമ്മേളനത്തിൽ അച്ച്യുതാനന്ദ വിഭാഗം ദുർബലപ്പെടുന്നതായും പിണറായി വിജയന്റെ നേതൃത്വത്തിൽ പുതിയൊരു ഗ്രൂപ്പ് രൂപംകൊള്ളുന്നതായും എനിക്ക് അനുഭവപ്പെട്ടു. 2002 മാർച്ച് 19 മുതൽ 24 വരെ ഹൈദരാബാദിൽ വെച്ചു നടന്ന പാർട്ടി കോൺഗ്രസ്സിൽ ഞാൻ പ്രതിനിധിയായിരുന്നെങ്കിലും പങ്കെടുത്തില്ല. പ്രത്യയശാസ്ത്രപരമായി എന്റെ മനസ്സിൽ പാർട്ടിയോടുണ്ടായികൊണ്ടിരുന്ന അകൽച്ചമൂലമായിരുന്നു പങ്കെടുക്കാതിരുന്നത്.

സി.ഐ.ടി.യു പതിനൊന്നാമത് സംസ്ഥാന സമ്മേളനം എറണാകുളത്തു വെച്ച് 2003 സെപ്തംബറിൽ നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്. കോൺഗ്രസ്സ് എം.പി.യായിരുന്നു ജോർജ്ജ് ഈഡൻ മരണപ്പെട്ടതിനെ തുടർന്ന് 2003 സെപ്തംബറിൽ എറണാകുളത്ത് ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ സമ്മേളനം കൊല്ലത്തേക്ക് മാറ്റാൻ തീരുമാനിച്ചു. സമ്മേളന നടത്തിപ്പിന് രൂപീകരിച്ച സംഘാടക സമിതി സെക്രട്ടറി ഞാനായിരുന്നു. സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സി.ഐ.ടി.യു. അഖിലേന്ത്യാ പ്രസിഡന്റ് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു : ''തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിലാണ് ഇന്ത്യയിൽ ജനാധിപത്യ വിപ്ലവം നടത്തേണ്ടത്. എന്നാൽ തൊഴിലാളികൾ മാത്രമായി ജനാധിപത്യ വിപ്ലവം വിജയകരമായി നിർവ്വഹിക്കാനാവില്ല. തൊഴിലാളി വർഗ്ഗ നേതൃത്വത്തിൽ ജനാധിപത്യ വിപ്ലവത്തിന്റെ പൂർത്തീകരണത്തിന് തല്പരരായ എല്ലാ വിഭാഗങ്ങളെയും അണിനിരത്തിയാൽ മാത്രമേ ഈ വിപ്ലവം നടത്താനാവൂ. ജന്മിമാരുടെ നിർദ്ദയമായ ചൂഷണ

ത്തിന് വിധേയമാകുന്ന കർഷക തൊഴിലാളികൾ ദരിദ്ര കൃഷിക്കാർ, ഇടത്തരം കർഷകർ ചെറുകിടയിലും ഇടത്തരത്തിലുംപ്പെട്ട കച്ചവടക്കാർ എന്നിവരെയൊക്കെ തൊഴിലാളി വർഗ്ഗത്തോടൊപ്പം അണിനിരത്തണം. സി.ഐ.ടി.യു.വിന്റെ ദൗർബല്യങ്ങൾ അദ്ദേഹം എടുത്തുകാട്ടി. താൽക്കാലിക തൊഴിലാളികളെയും കോൺട്രാക്ട് തൊഴിലാളികളെയും സംഘടിപ്പിക്കുന്നതിലുള്ള അവഗണന യൂണിയനു പുറത്തുള്ള അസംഘടിത വിഭാഗങ്ങളിലേയ്ക്ക് കടന്നുചെല്ലാൻ ബോധപൂർവ്വമായ ശ്രമമില്ലാത്തത്, സ്ത്രീ തൊഴിലാളികളെ അവഗണിക്കുന്നത്, തൊഴിലില്ലാത്തവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാത്തത് എന്നിവയാണ് ദൗർബല്യങ്ങൾ. തൊഴിലാളികളിൽ നിന്നു മാത്രം പിരിച്ചാണ് സമ്മേളനം നടത്തിയത്. സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രകടനത്തിൽ അരലക്ഷം തൊഴിലാളികൾ പങ്കെടുത്തു.

2004 മേയിൽ നടന്ന 14-ാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കൊല്ലം മണ്ഡലത്തിൽ നിന്നും പി.രാജേന്ദ്രൻ ജയിച്ചു. തെരഞ്ഞെടുപ്പിൽ ബി.ജെ.പി.ക്ക് 138 ഉം കോൺഗ്രസ്സ് 145 പ്രാദേശിക പാർട്ടികൾക്ക് 159 ഉം സീറ്റുകൾ വീതം ലഭിച്ചു. ''ഇന്ത്യ തിളങ്ങുന്നു'' എന്നു പറഞ്ഞുകൊണ്ടായിരുന്നു വാജ്പൈ ഗവൺമെന്റ് രാജിവെച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. ബി.ജെ.പി.യുടെ കണക്കുകൂട്ടൽ തെറ്റി. കോൺഗ്രസ്സ് പുരോഗമന ഐക്യമുന്നണി (യു.പി.എ.) രൂപീകരിച്ചു. ഇടതുപക്ഷ പാർട്ടികൾ പുറത്തു നിന്ന് യു.പി.എ.യെ പിന്താങ്ങി. സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ യു.പി.എ.തീരുമാനിച്ചു. എന്നാൽ അവരുടെ വിദേശ പൗരത്വം പ്രശ്നമായി. സോണിയാഗാന്ധി പ്രധാനമന്ത്രിയാകുന്നതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നു. അതിന്റെ ഫലമായി മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായി. ലോക്സഭാ സ്പീക്കറായി സോമനാഥ ചാറ്റർജിയെ തെരഞ്ഞെടുത്തു. സോണിയാ ഗാന്ധി യു.പി.എ. അധ്യക്ഷയായി. യഥാർത്ഥത്തിൽ യു.പി.എ യെ നയിച്ചിരുന്നത് സി.പി.ഐ.(എം.) ജനറൽ സെക്രട്ടറിയായിരുന്ന ഹർകിഷൻ സിങ്ങ് സുർജിത്തായിരുന്നു. സോണിയാ കുടുംബത്തോട് അദ്ദേഹത്തിന് അടുത്ത ബന്ധമായിരുന്നു. 14-ാം ലോക്സഭ തെരഞ്ഞെടുപ്പോടെ സി.പി.ഐ.(എം.) ന്റെ പാർട്ടി പരിപാടിയിൽ വെള്ളം ചേർക്കപ്പെട്ടു. ഇന്ത്യൻ ഭരണകൂടത്തിന് നേതൃത്വം നല്കുന്ന കോൺഗ്രസ്സുമായി യാതൊ

രുവിധ സഖ്യമോ ധാരണയോ പാടില്ലെന്നായിരുന്നു പരിപാടി. സി.പി.ഐ. ആകട്ടെ കോൺഗ്രസ്സുമായി സഖ്യമോ ധാരണയോ ആകാമെന്നായിരുന്നു. ഇതിന്റെ ഭാഗമായി സി.പി.ഐ. കോൺഗ്രസ്സുമായി കേരളമുൾപ്പെടെയുള്ള ചില സംസ്ഥാനങ്ങളിൽ ഭരണത്തിൽ പങ്കാളികളായി. പാർട്ടി പരിപാടികളിൽ പറയുന്നതൊന്ന് പ്രയോഗത്തിൽ വരുന്നത് അതിനു വിപരീതം. സി.പി.ഐ.(എം.) ന്റെ പരിപാടിയും പ്രയോഗവും തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്ന് എനിക്ക് ബോധ്യമായി. ബംഗാളിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.) കോൺഗ്രസ്സുമായി മുന്നണിയുണ്ടാക്കിയാണ് മത്സരിച്ചത്.

2004 ഡിസംബർ 26-ാം തീയതി നീണ്ടകര മുതൽ ആറാട്ടുപുഴ വരെയുള്ള കടലോരം മുഴുവൻ സുനാമി (tsunami) തിരകൾ വിഴുങ്ങി. കൊല്ലത്ത് ആലപ്പാട്ട് പഞ്ചായത്തിൽ മാത്രം 260 ജീവനുകൾ പൊലിഞ്ഞു. തീരപ്രദേശത്തെ വീടുകൾ മുഴുവൻ കടലെടുത്തോണ്ടുപോയി. അവിടെ കണ്ടകാഴ്ചകൾ ഹൃദയഭേദകമായിരുന്നു. ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ സുനാമി ബംഗാൾ ഉൾക്കടലിന്റെ ഭാഗത്തു മാത്രമല്ല അറേബ്യൻ സമുദ്ര തീരത്തും ബാധിക്കുകയുണ്ടായി. തങ്കശ്ശേരി, ശക്തികുളങ്ങര, പരവൂർ, വൈപ്പിൻ, വിഴിഞ്ഞം എന്നിവിടങ്ങളിലും സുനാമി തിരകൾ ആഞ്ഞടിച്ചു. ഇന്ത്യയുടെ തീരപ്രദേശത്ത് 30 മീറ്റർ മുതൽ 100 മീറ്റർ പൊക്കത്തിൽ വരെ തിരമാലകളുയർന്നു. സുനാമി എന്ന വാക്ക് ജാപ്പനീസ് ആണ്. ഭൂകമ്പം മൂലമുണ്ടാകുന്ന തിരയെന്നാണ് ഇതിന്റെ അർത്ഥം. ഏറ്റവും കൂടുതൽ സുനാമി തിരകളുണ്ടായിട്ടുള്ളത് ജപ്പാനിലാണ്. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ 10 ദുരന്തങ്ങളിൽ ഒന്നായിരുന്നു 2004 ലെ സുനാമി. സുനാമി സൃഷ്ടിച്ച് ദുരന്ത കാഴ്ചകൾ മായാതെ ഇപ്പോഴും എന്റെ ഓർമ്മയിൽ നില്ക്കുന്നു.

പതിനെട്ടാം പാർട്ടി കോൺഗ്രസ്സിനു മുന്നോടിയായുള്ള ജില്ലാ സമ്മേളനം ജനുവരി 8 മുതൽ 5 വരെയായിരുന്നു. സമ്മേളനം നടന്നത് സുനാമിയുടെ പശ്ചാത്തലത്തിലായിരുന്നതുകൊണ്ട് പ്രകടനം വേണ്ടെന്ന് വെച്ചു. സമ്മേളനത്തിൽ രാഷ്ട്രീയവും സംഘടനാപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനെക്കാൾ പ്രാധാന്യം ചിലരെ വ്യക്തിഹത്യ ചെയ്യുന്നതിനാണ് ചർച്ചയിൽ പങ്കെടുത്ത

പല പ്രതിനിധികളും ഉപയോഗിച്ചത്. എന്റെ പുസ്തകങ്ങൾ വായിക്കാതെ പത്രങ്ങളിൽ പുസ്തകങ്ങളെക്കുറിച്ച് വന്ന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയായിരുന്നു ചർച്ച.

പ്രതിനിധികളുടെ വിമർശനത്തിന് വിധേയമായ എന്റെ പുസ്തകങ്ങളിലെങ്ങും കമ്മ്യൂണിസനെതിരായി ഒരു വാക്കുപോലും എഴുതിയിട്ടില്ലായിരുന്നു. ശങ്കരാചാര്യരും ചട്ടമ്പി സ്വാമികളും ശ്രീനാരായണ ഗുരുവും പ്രചരിപ്പിച്ച വേദാന്ത ദർശനത്തിന് ആധുനിക ഭൗതികത്തിൽ നിന്നും ഉരുതിരിഞ്ഞുവന്ന ഏകത്വ ദർശനങ്ങളുമായി സമാന്തരങ്ങൾ ഉണ്ടെന്നു മാത്രമാണ് എന്റെ പുസ്തകങ്ങളിൽ പറഞ്ഞിരുന്നത്. വിമർശനങ്ങളിൽ എനിക്ക് വിഷമമൊന്നും തോന്നിയില്ല. സമ്മേളനത്തിൽ ജില്ലാ കമ്മിറ്റിയുടെ പാനൽ തയ്യാറാക്കിയപ്പോൾ എന്റെ പേര് ഒഴിവാക്കപ്പെട്ടു. ഒഴിവാക്കിയതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടോയെന്ന് എന്നോട് ഉപരികമ്മിറ്റി നേതാക്കൾ ചോദിച്ചു. ''സന്തോഷം'' എന്നു ഞാൻ പറഞ്ഞു. എന്തുകൊണ്ട് സന്തോഷം എന്ന് അവർ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു ''സന്തോഷം ഉള്ളതുകൊണ്ട് ''എന്ന്.

ജീവിതത്തിൽ ഏറ്റവും കൂടുതൽ മാനസിക സംഘർഷം അനുഭവിച്ചകാലമായിരുന്നു 2000 മുതൽ 2005 വരെയുള്ള കാലം. നിലവിലുള്ള പാതയിലൂടെ സഞ്ചരിക്കണോ അതോ പുതിയ പാതയിലൂടെ സഞ്ചരിക്കണമോ എന്നതായിരുന്നൂ സംഘർഷത്തിന് നിദാനം. മുപ്പത്തി മൂന്നു വർഷമായി ഞാൻ പ്രവർത്തിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഉപേക്ഷിക്കുന്നത് എനിക്ക് വേദനാജനകമായിരുന്നു. പാർട്ടിബന്ധം ഉപേക്ഷിക്കാതെ പുതിയ പാതയിലൂടെയുള്ള സഞ്ചാരം ആത്മവഞ്ചനയായും ഞാൻ കരുതിയിരുന്നു. പാർട്ടി പ്രവർത്തകരുമായും തൊഴിലാളികളുമായും എനിക്കുണ്ടായ ജൈവബന്ധം മൂലം ഞാൻ പ്രത്യയശാസ്ത്രപരമായി പാർട്ടിയിൽ നിന്നും അകന്നെങ്കിലും പാർട്ടിയിൽ നിന്നും സ്വയം രാജിവെക്കാൻ എനിക്ക് കഴിയുമായിരുന്നില്ല. സമ്മേളനത്തോടെ പാർട്ടി എന്നെ ഒഴിവാക്കിയത് എനിക്ക് ആശ്വാസമായി. ഞാൻ സ്വയം വരിച്ച പാർട്ടിയുടെ ചട്ടക്കൂടുകളിൽ നിന്നും ഞാൻ സ്വതന്ത്രനായി.

# ഭാവാന്തരം

1990 കളിൽ ഞാൻ നടത്തിയ പുനർചിന്തനത്തിൽ കമ്മ്യൂണിസത്തിന്റെ തത്ത്വശാസ്ത്രം പ്രതിസന്ധിയിലാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. അതിന്റെ തത്ത്വശാസ്ത്രപ്രതിസന്ധിയാണ് പ്രത്യയശാസ്ത്രപ്രതിസന്ധിയ്ക്കും രാഷ്ട്രീയ പ്രതിസന്ധിയ്ക്കും സംഘടനാ പ്രതിസന്ധിക്കും കാരണം. മാർക്സിസത്തിന് പ്രയോഗവുമായി പൊരുത്തമില്ലെന്ന് മനസ്സിലായതോടെ ആധുനിക ശാസ്ത്ര ചിന്തകളിലേയ്ക്കും ആധുനികതത്ത്വശാസ്ത്രത്തിലേയ്ക്കും ഭാരതീയ ചിന്തയിലേയ്ക്കും ഞാൻ എന്റെ ശ്രദ്ധ തിരിച്ചു വിട്ടു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ കണ്ണു കെട്ടിയ കുതിരയെപോലെ സഞ്ചരിച്ചിരുന്ന എനിക്ക് ആധുനിക തത്വചിന്തയിലും ശാസ്ത്രത്തിലും ഉണ്ടായിക്കൊണ്ടിരുന്ന വിശിഷ്ട മാറ്റങ്ങൾ (Paradigm Shifts) അറിയാൻ കഴിഞ്ഞിരുന്നില്ല.

എന്റെ സ്വത്വപ്രതിസന്ധിയിൽ നിന്നും മോചനം നേടാൻ പുതിയൊരു പാത എനിക്ക് വെട്ടി തുറക്കേണ്ടതായിട്ടുണ്ടായിരുന്നു. ആദ്യം എന്റെ ശ്രദ്ധ തിരിച്ച് വിട്ടത് ഞാൻ പഠിച്ച ഭൗതികത്തിലേയ്ക്കായിരുന്നു. ഇതിന്റെ ഭാഗമായി പ്രപഞ്ച ശാസ്ത്ര പഠനത്തിൽ ഞാൻ താല്പര്യമെടുത്തു. ഐൻസ്റ്റീൻ, ഐസക് അസിമോവ്, ഗാമോവ്, എഡിങ്ങ്ട്ടൺ, കാൾസാഗൻ, സ്റ്റീഫൻ ഹോക്കിങ്ങ് എന്നിവരുടെ പ്രപഞ്ചശാസ്ത്ര സംബന്ധിയായ ശാസ്ത്രസാഹിത്യ കൃതികൾ വായിച്ചു. അവയിൽ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് സ്റ്റീഫൻ ഹോക്കിങ്ങിന്റെ *"കാലത്തിന്റെ ഒരു ചരിത്രസംഗ്രഹം" (A brief history of Time)* ആയിരുന്നു. ഈ പ്രപഞ്ചം ഉണ്ടായതെങ്ങനെയാണ്? ഇതിന്റെ തുടക്കം കുറിച്ചതെന്ത്? സമയം എല്ലായ്പ്പോഴും

മുന്നോട്ടാണോ ഒഴുകിക്കൊണ്ടിരിക്കുന്നത്? ഈ പ്രപഞ്ചത്തിന് ഒര റ്റമുണ്ടോ? പ്രപഞ്ചത്തിന്റെ അന്ത്യം എന്നായിരിക്കും. വിസ്മയകര മായ ഇത്തരം പ്രപഞ്ച രഹസ്യങ്ങളിലൂടെ പര്യവേഷണം നടത്തു കയാണ് ഈ കൃതിയിൽ സ്റ്റീഫൻ ഹോക്കിങ്ങ്. അദ്ദേഹത്തിന്റെ *"ബ്ലാക്ക് ഹോൾ ആന്റ് ബേബി യൂണിവേഴ്സസ്"*, *"യൂണിവേഴ്സ് ഇൻ എ നട്ട് ഷെൽ"* എന്നീ കൃതികളും, ബി.ബി.സി ഇന്റർവ്യൂക ളും എന്നെ വല്ലാതെ ആകർഷിച്ചു. അതിൽ നിന്നെല്ലാം ആവേശം കൊണ്ട് എഴുതിയതാണ് എന്റെ *"സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രപ ഞ്ചം"* ഹോക്കിങ്ങിന്റെ പ്രപഞ്ചശാസ്ത്ര സിദ്ധാന്തങ്ങളും ദർശ നവുമാണ് ഇതിന്റെ ഉള്ളടക്കം. ഇത് എഴുതിക്കഴിഞ്ഞപ്പോഴാണ് ഇതിന്റെ പ്രസിദ്ധീകരണത്തെക്കുറിച്ച് ആലോചിച്ചത്. ഇതിന്റെ കൈയെഴുത്ത് പ്രതിയുമായി ഞാൻ ആദ്യം സമീപിച്ചത് ചിന്തവാ രികയേയും ചിന്തപബ്ലിഷേഴ്സിനെയുമായിരുന്നു. എന്നോടൊപ്പം ദേശാഭിമാനിയിലെ ആർ.എസ്. ബാബുവും ഉണ്ടായിരുന്നു. ചിന്ത പബ്ലിഷേഴ്സിന്റെ ചുമതല വഹിച്ചിരുന്ന സി. ഭാസ്ക്കരൻ കൈയെ ഴുത്തുപ്രതി കമ്മിറ്റിയിൽ വെച്ച് പ്രസിദ്ധികരിക്കാമെന്ന് ഏറ്റു. ഇത് ഖണ്ഡശ പ്രസിദ്ധീകരിക്കുന്നതിന് ചിന്താ വാരികയുടെ ചുമതല ക്കാരനായിരുന്ന സി.പി. നാരായണനേയും ഏല്പിച്ചു. "സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രപഞ്ചം"ചിന്ത വാരിക ഖണ്ഡശ പ്രസിദ്ധീകരി ക്കുമെന്നു വിശ്വസിച്ച് ഒരു മാസം ഞാൻ കാത്തിരുന്നു. യാതൊര റിയിപ്പും ഈ സ്ഥാപനങ്ങളിൽ നിന്നും എനിക്ക് ലഭിച്ചില്ല. എന്റെ സ്വന്തമെന്ന് കരുതിയ ഈ സ്ഥാപനങ്ങൾ ഇങ്ങനെ ചെയ്തതിൽ എനിക്ക് അല്പം വിഷമം തോന്നി.

പിന്നീട് "സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രപഞ്ചം" കുങ്കുമം വാരിക യിൽ ഖണ്ഡശ പ്രസിദ്ധികരിച്ചു. അതിനിടയിൽ ഡി.സി. കിഴക്കേ മുറിയ്ക്ക് കൊല്ലം പബ്ലിക്ക് ലൈബ്രറിയിൽ ഒരു പരിപാടിക്കായി വരുന്നുണ്ടെന്നറിഞ്ഞു. ഞാൻ അദ്ദേഹത്തെ അവിടെ പോയിക്ക ണ്ട് ഇതിന്റെ ഒരു കൈയെഴുത്ത് പ്രതി എല്പിച്ചു. അദ്ദേഹം ഇത് ബ്രീഫ് കേസിൽ വെച്ച് കോട്ടയത്തേക്ക് കൊണ്ടു പോയി. ഒരാഴ്ച കഴിഞ്ഞ് പ്രസിദ്ധീകരിക്കുമെന്ന അദ്ദേഹത്തിന്റെ അറിയിപ്പു വന്നു. എനിക്കുണ്ടായ സന്തോഷത്തിന് അതിരുകളുണ്ടായിരുന്നില്ല. 1996 ഫെബ്രുവരിയിൽ കറന്റ് ബുക്ക്സ് കോട്ടയം "സ്റ്റീഫൻ ഹോക്കിങ്ങി

ന്റെ പ്രപഞ്ചം" പ്രസിദ്ധികരിച്ചു. സ്റ്റീഫൻ ഹോക്കിങ്ങിനെക്കുറിച്ചുള്ള ആദ്യത്തെ മലയാള പുസ്തകമായിരുന്നു ഇത്. അഭൂതപൂർവ്വമായ സ്വീകരണമാണ് ഈ പുസ്തകത്തിന് വായനക്കാരിൽ നിന്നും ലഭിച്ചത്. മലയാളത്തിലെ മിക്കവാറും എല്ലാ മാദ്ധ്യമങ്ങളിലും ഇതിന്റെ റെവ്യൂ പ്രത്യക്ഷപ്പെട്ടു. ഇ.എം.എസ് "സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രപഞ്ച"ത്തെ അംഗീകരിച്ചു കൊണ്ടും പ്രകീർത്തിച്ചു കൊണ്ടും 1996 ജൂൺ 9ന് ദേശാഭിമാനി വാരികയിൽ എഴുതി. ഞാൻ അദ്ദേഹത്തിന് പുസ്തകത്തിന്റെ കോപ്പി നല്കിയിരുന്നില്ല. ഈ പുസ്തകം പൂർണ്ണമായും ഒരു ശാസ്ത്രസാഹിത്യകൃതിയാണ്. ഇതിനു ലഭിച്ച സ്വീകാര്യത പുതിയ പുസ്തകരചനയ്ക്ക് എനിക്ക് പ്രചോദനമായി.

എന്നെ സാഹിത്യലോകത്തേയ്ക്ക് കൈപിടിച്ചുയർത്തിയ രണ്ട് മഹദ് വ്യക്തികളാണ് ഡി.സി. കിഴക്കേമുറിയും ഡോ.ബി. രാജാകൃഷ്ണനും. ഇവർ സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രപഞ്ചം പ്രസിദ്ധികരിക്കാതിരുന്നെങ്കിൽ ഒരു പക്ഷെ ഞാൻ എഴുത്തിന്റെ വഴി ഉപേക്ഷിക്കുമായിരുന്നു. ഒരിക്കലും എനിക്ക് മറക്കാൻ കഴിയാത്തവരാണിവർ. ഡി.സി എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഡി.സി. കിഴക്കേമുറി പുസ്തക പ്രസാധകൻ മാത്രമായിരുന്നില്ല. എഴുത്തുകാരനും സ്വാതന്ത്ര്യസമരസേനാനിയും സാമൂഹ്യപ്രവർത്തകനുമായിരുന്നു. ഡി. സി. ബുക്സിന്റെ സ്ഥാപകനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് ഭാരത സർക്കാർ പത്മഭൂഷൻ നല്കി ആദരിച്ചു. രണ്ടാമത്തെ ആൾ ഡോ.ബി.എ രാജാകൃഷ്ണനാണ്. *കേരളശബ്ദം* വാരികയുടെ മാനേജിങ്ങ് എഡിറ്ററും സാമൂഹ്യ സാംസ്ക്കാരിക രംഗത്തെ സജീവ സാന്നിദ്ധ്യവുമായിരുന്ന ഡോ.ബി.എ രാജാകൃഷ്ണൻ പത്രപ്രവർത്തനരംഗത്തും വ്യവസായ രംഗത്തും നാലു പതിറ്റാണ്ടിലേറെ ശ്രദ്ധേയമായ സംഭാവനകൾ നല്കിയിരുന്നു. മെഡിക്കൽ ബിരുദ്ധധാരിയായ അദ്ദേഹം സർക്കാർ സർവ്വിസ് ഉപേക്ഷിച്ച് മുഴുവൻസമയ പത്ര പ്രവർത്തകനും വ്യവസായിയുമായി ചുവടു മാററുകയായിരുന്നു.

എന്റെ രണ്ടാമത്തെ പുസ്തകമായ 'പ്രപഞ്ചം' 1998 ജൂൺ മുതൽ കുങ്കുമം വാരികയിൽ ഖണ്ഡശയായി പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. 1999 ഒക്ടോബറിൽ ഡി.സി. ബുക്സ് *പ്രപഞ്ചം* പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇതിന്റെ എട്ട് എഡിഷനുകൾ ഇതിന

കം ഇറങ്ങി. ഹൈസ്ക്കൂൾ വിദ്യാർത്ഥികളുടെ അധികവായനയ്ക്ക് ഇത് കേരള വിദ്യാഭ്യാസ വകുപ്പ് ശിപാർശ ചെയ്തു. പുരാതന നാഗരികതയുടെ കാലത്തെ പ്രപഞ്ച വീക്ഷണം, ഭൂകേന്ദ്രസിദ്ധാന്തം, സൂര്യകേന്ദ്രസിദ്ധാന്തം, ആപേക്ഷികതാ സിദ്ധാന്തം, ക്വാണ്ടം ഭൗതികം എന്നിവ ഈ കൃതിയിൽ വിശദീകരിക്കുന്നുണ്ട്. മഹാവിസ്ഫോടനം തുടങ്ങി മഹാവിഭേദനം വരെയുള്ള പ്രപഞ്ച ചരിത്രം ഇതിൽ സംക്ഷിപ്തമായി വരച്ചു കാട്ടാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ദ്രവ്യപരിണാമമാണ് പ്രപഞ്ചപരിണാമമെന്ന് യുക്തി യുക്തം ഇതിൽ സമർത്ഥിക്കുകയുണ്ടായി. മാനവികതാ പ്രപഞ്ചശാസ്ത്രം (Anthropic Cosmology) ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. "പ്രപഞ്ചം" തികച്ചും ഒരു ശാസ്ത്രസാഹിത്യകൃതിയാണ്. ഈ പുസ്തകത്തിന്റെ റെവ്യൂവിനു വേണ്ടി സി.പി.ഐ.(എം) ആസ്ഥാന പണ്ഡിതൻമാരെ ഞാൻ സമീപിച്ചെങ്കിലും ആരും പ്രതികരിച്ചില്ല.

ആപേക്ഷികതാ സിദ്ധാന്തത്തെയും ക്വാണ്ടം ഭൗതികത്തെയും പറ്റി കൂടുതൽ മനസ്സിലാക്കാനുള്ള ശ്രമം ഞാൻ തുടർന്നു കൊണ്ടിരുന്നു. ഏണസ്റ്റ് മാഷ്, മാക്സ്പ്ലാങ്ക്, ഷ്രോഡിഞ്ചർ, നീൽസ്ബോർ, ഹൈസൻബെർഗ്, മാക്സ്ബോൺ, ഡേവിഡ് ബോം, ഇ.സി.ജി സുദർശൻ, ഫ്രിജോഫ്കാപ്ര എന്നീ ഭൗതികശാസ്ത്രജ്ഞൻമാരുടെ ശാസ്ത്രസാഹിത്യകൃതികളുമായി പരിചയപ്പെട്ടു. ഇവരുടെ ശാസ്ത്രദർശനം ആത്മീയതയുടെ വെളിച്ചം വീശുന്നതായിരുന്നു. ശാസ്ത്രസാഹിത്യ ഗ്രന്ഥങ്ങളുടെ വായനയ്ക്ക് സമാന്തരമായി രംഗനാഥാനന്ദ സ്വാമികൾ, മൃഡാനാനന്ദ സ്വാമികൾ, പ്രൊ. ബാലകൃഷ്ണൻ നായർ, നിത്യചൈതന്യയതി, ചിന്മയാനന്ദൻ എന്നിവരുടെ വേദാന്ത ദർശനത്തിന്റെ വ്യാഖ്യാനങ്ങളുടെ വായന വേദാന്ത ചിന്തയിലുള്ള എന്റെ അറിവ് സംപുഷ്ടമാക്കി. ചട്ടമ്പി സ്വാമികൾ, ശ്രീനാരായണ ഗുരു, ഓഷോ, ജിദ്ദു കൃഷ്ണമൂർത്തി, രമണ മഹർഷി സ്വാമി രാമ, അരവിന്ദൻ എന്നിവരുടെ ദർശനങ്ങൾ പഠിക്കാൻ ശ്രമിച്ചു. ആധുനിക മനശാസ്ത്രവും, ന്യൂറോ ശാസ്ത്രവും ജീവശാസ്ത്രവും എന്റെ വായനയിൽ ഉൾപ്പെട്ടിരുന്നു. ആധുനിക ശാസ്ത്രങ്ങളിൽ നിന്നും ഉരിത്തിരിഞ്ഞു വന്നിട്ടുള്ള ശാസ്ത്രദർശനവും ഉപനിഷദ്ദർശനവും തമ്മിലുള്ള സമാനത എന്നെ അൽഭുതപ്പെടുത്തി.

"ഭൗതികത്തിനപ്പുറം" എന്ന എന്റെ കൃതി 2001 ഡിസംബറിൽ ഡി. സി. ബുക്ക്സ് പ്രസിദ്ധികരിച്ചു. ഈ പുസ്തകം എന്റെ ബോധത്തിൽ ഉണ്ടായ ഒരു വിപ്ലവമായിരുന്നു; ഒരു ക്വാണ്ടം ചാട്ടം. പ്രപഞ്ചം എഴുതി കഴിഞ്ഞപ്പോൾ ഭൗതിക പ്രപഞ്ചത്തിനു പരമകാരണമായ എന്തോ ഒന്നുണ്ടെന്നചിന്ത എന്റെ മനസ്സിൽ ശക്തമായി. വേദാന്തമായിരുന്നു എനിക്ക് അതിന് ഉത്തരം നല്കിയത്. ആധുനിക ഭൗതികത്തിൽ നിന്നും രൂപം കൊണ്ടിട്ടുള്ള സാകല്യവീക്ഷണങ്ങൾക്ക് വേദാന്തചി ന്തയുമായി സമാന്തരമുണ്ടെന്ന വസ്തുതയാണ് "ഭൗതികത്തിനപ്പു റം" വെളിപ്പെടുത്തുന്നത്. മനുഷ്യമനസ്സിന്റെ പ്രവർത്തനം കൊണ്ട് രണ്ടു ഭിന്നതലങ്ങളിൽ വികസിച്ചു വന്ന ഭൗതികവും വേദാന്തവും പ്രപഞ്ചത്തിന്റെ പരമകാരണമാണ് അന്വേഷിക്കുന്നത്. രണ്ടും മനു ഷ്യനും പ്രപഞ്ചവും തമ്മിലുള്ള പാരസ്പര്യവും വെളിപ്പെടുത്തുന്നു. ക്വാണ്ടംബലതന്ത്രത്തിൽ നിരീക്ഷകനും നിരീക്ഷിക്കപ്പെടുന്നതും വേർപെട്ടതല്ലെന്നതു പോലെ വേദാന്തത്തിൽ ദൃക്കും ദൃശ്യവും ഒന്നാണ്. വേദാന്തഭാഷയിൽ പറഞ്ഞാൽ ജ്ഞാതാവും, ജ്ഞേയ വും ജ്ഞാനവും അഥവാ അറിയുന്നവനും അറിയപ്പെടുന്നതും അറിവും ഒന്നാണ്. വേദാന്തത്തിലെയും ആധുനികഭൗതികത്തിലെ യും സാദൃശ്യങ്ങൾ നമുക്ക് പുതിയൊരു വീക്ഷണം നല്കുന്നു. "ഭൗതികത്തിനപ്പുറം" എന്ന കൃതിയുടെ പ്രസിദ്ധീകരണത്തെത്തു ടർന്ന് വലിയ വിവാദമുണ്ടായി. എന്റെ രൂപാന്തരണം മാധ്യമങ്ങൾ ആഘോഷിച്ചു. 1999 മുതൽ 2001 വരെ പ്രസിദ്ധീകരിച്ച വൈദിക സാഹിത്യ വിഭാഗത്തിലെ ഏറ്റവും നല്ല കൃതിക്കുള്ള കേരള സാ ഹിത്യ അക്കാദമി എൻഡോവ്മെന്റ് അവാർഡ് *ഭൗതികത്തിനപ്പു റത്തിന്* കിട്ടി.

2002 ജനുവരി മുതൽ എന്റെ "പ്രപഞ്ച നൃത്തം" കുങ്കുമം വാരി കയിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങി. അത് 2002 ൽ കറണ്ട് ബുക്സ് പ്രസിദ്ധീകരിച്ചു. *പ്രപഞ്ച നൃത്തം* നടരാജ നൃത്തമാണ്. പ്രപഞ്ചമാ യി വിരിഞ്ഞു നില്ക്കുന്നത് നടരാജനൃത്തമാണെന്നാണ് ഭാരതീയ സങ്കല്പം. നടരാജനൃത്തത്തിന്റെ ശാസ്ത്രീയവും ദാർശനികവുമായ വശങ്ങൾ ശൈവസിദ്ധാന്തത്തിന്റെയും കണികാ ഭൗതികത്തിന്റെയും (Particle Physics) വെളിച്ചത്തിൽ വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് ഞാൻ പ്രപഞ്ചനൃത്തത്തിൽ നടത്തിയിട്ടുള്ളത്. ഈ പുസ്തകത്തി

നാധാരമായ ആനന്ദകുമാര സ്വാമിയുടെ "ശിവന്റെ നൃത്തം" (Dance of Siva) ഡേവിഡ് സ്മിത്തിന്റെ "ശിവ നൃത്തം" ഡോ. സോമ സുന്ദരം പിള്ളയുടെ "നടരാജ ശിവൻ - ചിദംബരത്തെ പ്രപഞ്ച നൃത്തം" (Siva Nataraja - The cosmic Dance in Chidambaram) എന്നീ കൃതികൾ ലഭിച്ചത് 1998 ൽ കൊൽക്കൊത്തായിൽ വെച്ചു നടന്ന പാർട്ടി കോൺഗ്രസ് നഗരിയിലെ ഇൻഡ്യ ബുക്ക് ഹൗസിൽ നിന്നായിരുന്നു. ചിദംബരം (ചിത് + അംബരം) ഹൃദയാകാശം ബോധാകാശം എന്നീ ഭാരതീയ സങ്കല്പങ്ങളെ ആധുനിക ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ ഇതിൽ വിശദീകരിച്ചിട്ടുണ്ട്.

എന്റെ "വിപരീതങ്ങൾക്കപ്പുറം" 2004 ജനുവരിയിൽ കറണ്ട് ബുക്ക്സ് പ്രസിദ്ധീകരിച്ചു. ഇതിലെ പ്രധാന വിഷയം അഗാധപാരിസ്ഥിതിക ചിന്ത (Deep Ecological Thoughts) ആണ്. അഗാധ പാരിസ്ഥിതിക ചിന്ത തികച്ചും ആത്മീയമാണ്. ഇതിന് ഭാരതീയ പാരിസ്ഥിതിക ചിന്തകളുമായി സമാനതയുണ്ട്. ആധുനിക ഭൗതികത്തിന്റെയും ജീവശാസ്ത്രത്തിന്റെയും നവസിദ്ധാന്തങ്ങൾ ഈ ചിന്തകളെ ശക്തിപ്പെടുത്തിയിരിക്കുകയാണ്. അത് പഴയ വ്യവസ്ഥാപിത വീക്ഷണങ്ങളെ മാറ്റി മറിച്ചു കൊണ്ടിരിക്കുന്നു. ആപേക്ഷികതാ സിദ്ധാന്തവും ക്വാണ്ടം ഭൗതികവും പ്രപഞ്ചത്തെയും ദ്രവ്യത്തെയും കുറിച്ച് പുതിയ കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്. ആധുനിക പ്രപഞ്ച ശാസ്ത്രമനുസരിച്ച് പരസ്പരാശ്രിതവും പരസ്പരബദ്ധവുമായ ചലനാത്മകജാലം (Dynamic Net) ആണ് പ്രപഞ്ചം. മൗലിക കണങ്ങൾ എന്നൊന്നില്ലെന്ന് ക്വാണ്ടം ഭൗതികം വ്യക്തമാക്കി. പ്രപഞ്ചത്തിനൊരു അടിസ്ഥാന നിർമ്മാണ വസ്തുവില്ലെന്നാണ് ഇതിന്റെ അർത്ഥം. പ്രപഞ്ചജാല സങ്കല്പത്തിന് സമാന്തരമായി ജീവശാസ്ത്രത്തിൽ രൂപം കൊണ്ട ആധുനിക സങ്കല്പമാണ് (Web of Life) ജീവജാലം. പ്രകൃതിയുടെ അവിഭാജ്യ ഘടകവും ജീവജാലത്തിലെ ഒരു ഇഴയും മാത്രമാണ് മനുഷ്യൻ. പ്രകൃതിയുടെ അസ്തിത്വവും മനുഷ്യാസ്തിത്വവും ഒന്നു തന്നെയെന്നാണ് 'വിപരിതങ്ങൾക്കപ്പുറ'ത്തിൽ വ്യക്തമാക്കാൻ ഞാൻ ശ്രമിച്ചിട്ടിള്ളത്. ആധുനിക ശാസ്ത്രത്തിൽ നിന്നും രൂപം കൊണ്ടിട്ടുള്ള നവചിന്തകൾ, ലോകത്തെ മുഖ്യധാര രാഷ്ട്രിയ വ്യവസ്ഥകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ദാരി

ദ്രൃത്തിനും പട്ടിണിക്കും പരിഹാരം കാണാനുള്ള ആയുധമാണ്. സ്ത്രീപുരുഷസമത്വം ജനിതക ശാസ്ത്രത്തിന്റെയും ശിവശക്തി സങ്കല്പത്തിന്റെയും വെളിച്ചത്തിൽ വിപരീതങ്ങൾക്കപ്പുറത്തിൽ വിശദീകരിച്ചിട്ടുണ്ട്.

"ബോധത്തിന്റെ ഭൗതികം" (Physics of the Consciousness) 2005 ഫെബ്രുവരിയിൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ചു. പ്രപഞ്ചബോധവും വ്യക്തിബോധവും ഒന്നാണെന്ന നിഗമനത്തിലാണ് ഞാൻ ഈ പുസ്തകത്തിൽ എത്തിച്ചേർന്നത്. ബോധത്തെയും മനസ്സിനെയും മസ്തിഷ്ക്കത്തെ സംബന്ധിച്ച് തികച്ചും പുതിയ വിവരങ്ങളാണ് ആധുനിക ഭൗതികവും ആധുനിക ന്യൂറോ ശാസ്ത്ര ഗവേഷണങ്ങളും വെളിപ്പെടുത്തുന്നത്. ഓർമ്മ (Memory) മസ്തിഷ്ക പ്രവർത്തന ഫലമല്ലെന്നാണ് പുതിയ കണ്ടെത്തൽ. കമ്പ്യൂട്ടർ ഓർമ്മ പോലെയല്ല മനുഷ്യന്റെ ഓർമ്മ. കമ്പ്യൂട്ടർ മൈക്രോചിപ്സിൽ വിവരങ്ങൾ ശേഖരിച്ചു വെയ്ക്കുന്നതു പോലെയുള്ള ഒരു സംവിധാനവും മനസ്സിലില്ല. മനസ്സിന്റെയും മസ്തിഷക്കത്തിന്റെയും ധർമ്മങ്ങൾ വ്യത്യസ്തമാണ്. അനുഭവിക്കൽ മനസ്സിന്റെതും അനുഭവങ്ങൾ രേഖപ്പെടുത്തൽ മസ്തിഷക്കത്തിന്റെതുമാണ്. മനസ്സ് ഊർജ്ജ ക്ഷേത്രമാണ് (Energy Field). മനസ്സാണ് മസ്തിഷ്കം എങ്ങനെ പ്രവർത്തിക്കണമെന്ന് നിർദ്ദേശം കൊടുക്കുന്നത്. ആധുനിക മസ്തിഷ്കമനസ്സ് ഗവേഷണത്തിലെ സുപ്രധാന നിഗമനം മനസ്സ് മസ്തിഷ്ക്കത്തിന്റെ പരിവൃത്തിയിൽ ഒതുങ്ങുന്നതല്ലെന്നാണ്. മനസ്സ് മനുഷ്യന്റെ ശരീരത്തിനുള്ളിൽ നില്ക്കുകയല്ല മനസ്സിനുള്ളിൽ ശരീരങ്ങൾ നില്ക്കുകയാണ്. മസ്തിഷ്കം മനസ്സിന്റെ സ്വീകരണി (receiver) ആണ്. വൈദ്യുതകാന്തിക തരംഗങ്ങളെ സ്വീകരിക്കുന്ന റേഡിയോപോലെ. മനസ്സ് ബോധത്തിൽ നിന്നും പൊന്തി വരുന്നതാണ്. മനസ്സും ഇന്ദ്രീയങ്ങളും അനുഭവത്തെ ഉളവാക്കുന്നത് ബോധം അവയുമായി ബന്ധപ്പെടുമ്പോഴാണ്. "ബോധത്തിന്റെ ഭൗതികം" പുറത്തു വരുന്നതിന് ഒരു മാസം മുൻപ് ഞാൻ പാർട്ടി വിട്ടിരുന്നു.

# ചുവപ്പിനപ്പുറം

പാർട്ടിയോട് വിടപറഞ്ഞതിനുശേഷം ഒറ്റപ്പെടൽ ഉണ്ടാകുമെന്ന് ഞാൻ ഭയന്നിരുന്നു. അങ്ങനെ സംഭവിച്ചില്ല. വായനയ്ക്കും എഴുത്തിനും കൂടുതൽ സമയം ലഭിച്ചു. വായനയ്ക്കും ഗവേഷണങ്ങൾക്കും ഞാൻ വീണ്ടും കൊല്ലം മുനിസിപ്പൽ ലൈബ്രറി ഉപയോഗിക്കാൻ തുടങ്ങി. ഇത് എന്റെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് സഹായകമായി. പ്രപഞ്ചശാസ്ത്രം, ആപേക്ഷികതാ സിദ്ധാന്തം, ക്വാണ്ടം ഭൗതികം ശാസ്ത്രത്തിന്റെ ദർശനം, ദർശനത്തിന്റെ ശാസ്ത്രം, ആത്മീയതയുടെ ശാസ്ത്രം എന്നീ വിഷയങ്ങളിൽ നിരവധി പ്രഭാഷണങ്ങൾ നടത്താൻ എനിക്ക് അവസരം ലഭിച്ചു. *ആത്മീയതയും ശാസ്ത്രവും, പ്രപഞ്ചശാസ്ത്രം* എന്നീ വിഷയങ്ങളിൽ സീറോ മലബാർ സഭയുടെ കോളേജുകളിൽ പ്രഭാഷണം നടത്താൻ എനിക്ക് അവസരം നല്കിയത് ആലുവായിൽ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് റിലീജിയന്റെ ഡയറക്ടറായ ഫാദർ അഗസ്റ്റിൻ പ്ലാനിയായിരുന്നു. ആധുനിക ശാസ്ത്രത്തിലും ക്രിസ്ത്യൻ ദൈവശാസ്ത്രത്തിലും അസാമാന്യ പാണ്ഡിത്യമുള്ള ഒരു പ്രതിഭയാണ് അദ്ദേഹം. അദ്ദേഹവുമായുള്ള ബന്ധമാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ്ചാൻസിലറും ശാസ്ത്ര സാഹിത്യകാരനും ഭൗതികശാസ്ത്ര പ്രൊഫസറുമായ ഡോ.ബാബു ജോസഫിനെയും, ''സത്യദീപ''ത്തിന്റെ എഡിറ്ററും സഭയുടെ വക്താവുമായ തേലക്കാട് അച്ചനേയും പരിചയപ്പെടാൻ ഇടയായത്. ഇരുവരും പ്രഭാഷണത്തിനുള്ള അവസരങ്ങൾ നല്കി. ചില ഹിന്ദു സംഘടനകളും ക്ഷേത്ര ഭാരവാഹികളും ഞാൻ ഒരു ആദ്ധ്യാത്മിക പ്രഭാഷകനാണെന്ന് തെറ്റിദ്ധരിച്ച് പ്രഭാഷണങ്ങൾക്ക് ക്ഷണിക്കുകയുണ്ടായി.

ഞാനും കോഴിക്കോട് സർവ്വകലാശാലയിലെ വൈസ് ചാൻസി ലറും ഫിസിക്സ് അധ്യാപകനും ശാസ്ത്രസാഹിത്യകാരനുമായ ജി.കെ.ശശിധരനും ചേർന്ന് കൊല്ലം അസ്ട്രോണമിക്കൽ സൊസൈ റ്റി 2006 ൽ രൂപീകരിച്ചു. ഇൻഫോസിസിന്റെ ഡയറക്ടറായിരുന്ന ഷിബു ലാൽ ഞങ്ങൾക്കൊരു ടെലിസ്കോപ്പ് സംഭാവന നല്കി. അതുപയോഗിച്ച് കോളേജ് വിദ്യാർത്ഥികൾക്കും, സ്കൂൾ വിദ്യാർ ത്ഥികൾക്കും ആകാശ നിരീക്ഷണത്തിന് അവസരമൊരുക്കി. സൂ ര്യഗ്രഹണം ചന്ദ്രഗ്രഹണം, ഗ്രഹചലനങ്ങൾ നക്ഷത്രകൂടങ്ങൾ എന്നിവ നിരീക്ഷിക്കാൻ ശക്തിയുള്ളതായിരുന്നു ഞങ്ങളുടെ ടെ ലിസ്കോപ്പ്. കൊല്ലത്ത് ആകാശപഠനത്തിന് ഒരു നിരീക്ഷണാലയം സ്ഥാപിക്കണമെന്നതായിരുന്നു ഞങ്ങളുടെ ആഗ്രഹം. സർക്കാരിന്റെ നിസ്സഹകരണം മൂലം ഈ പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. എന്റെ പുതിയ സംരംഭങ്ങളുമായി മുന്നോട്ടു പോകുന്നതിനിടയിൽ എന്റെ അമ്മ 2006 ജനുവരി 3 ന് ഈ ലോകത്തോട് വിട പറഞ്ഞു. അതി ന്റെ ആഘാതം എന്റെ പ്രവർത്തനങ്ങളെ ബാധിക്കുകയുണ്ടായി.

പാർട്ടി ബന്ധം ഉപേക്ഷിച്ചതിനുശേഷം ഞാൻ ആദ്യം എഴു തിയ പുസ്തകമാണ് "മാർക്സിസം ശാസ്ത്രമോ?" തത്വശാസ്ത്ര പരമായി എന്തുകൊണ്ട് ഞാൻ കമ്മ്യൂണിസ്റ്റല്ലാതായി എന്നതാണ് ഇതിന്റെ ഉള്ളടക്കം. ഈ പുസ്തകത്തിന്റെ രചനയ്ക്ക് നിമിത്തമാ യത് ലോകപ്രശസ്ത തത്വചിന്തകനും ഗണിതശാസ്ത്രജ്ഞനും, സാഹിത്യകാരനുമായ ബട്രണ്ട് റസൽ 1920 ൽ റഷ്യ സന്ദർശി ച്ചതിനുശേഷമെഴുതിയ "ബോൾഷെവിസത്തിന്റെ സിദ്ധാന്തവും പ്രയോഗവും" (The Practice and Theory of Bolshevism) എന്ന കൃതിയും 1956 ൽ എഴുതിയ "ഓർമ്മയിൽ നിന്നുള്ള ചിത്രങ്ങൾ" (Portrait from Memory) എന്ന കൃതിയിലെ *എന്തുകൊണ്ട് ഞാൻ കമ്മ്യൂണിസ്റ്റല്ല?* (Why I am not a Communist?) എന്ന പ്രശസ്ത ലേഖനവുമാണ്. മാർക്സിസത്തിന്റെ സിദ്ധാന്തവും പ്രയോഗവും തമ്മിൽ പൊരുത്തമില്ലെന്നാണ് റസൽ ഈ രചനകളിൽ സ്ഥാപിക്കു ന്നത്. "മാർക്സിസം ശാസ്ത്രമോ" എഴുതാൻ ഞാൻ ഏകദേശം രണ്ടു വർഷമെടുത്തു. 2007 ജനുവരിയിൽ കറന്റ് ബുക്സ് കോട്ട യം ഇത് പ്രസിദ്ധീകരിച്ചു. നല്ല സ്വീകരണമാണ് വായനക്കാരിൽ നിന്നും ലഭിച്ചത്.

മാർക്സിസത്തിന്റെ വൈരുദ്ധ്യാത്മക ഭൗതികവാദം ആധുനിക ഭൗതികത്തിന്റെയും (Modern Physics) ജീവശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ തെറ്റാണെന്ന് തെളിയിക്കാനാണ് ഞാൻ ഈ പുസ്തകത്തിൽ ശ്രമിച്ചിട്ടുള്ളത്. ആപേക്ഷികതാ സിദ്ധാന്തത്തിൽ നിന്നും ക്വാണ്ടം ബലതന്ത്രത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ഏകത്വ ദർശനവുമായി പൊരുത്തപ്പെടുന്നതല്ല വൈരുദ്ധ്യാത്മക ഭൗതികവാദം. ആധുനിക ഭൗതികത്തിന്റെ ദർശനം ദ്രവ്യത്തിന്റെ (matter) അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്തു. ലൂയിസ് ഡബ്രോയിയുടെ കണതരംഗ സിദ്ധാന്തവും, എർവിൻ ഷ്രോഡിഞ്ചറുടെ തരംഗബലതന്ത്രവും മാക്സ്ബോണിന്റെ സംഭാവ്യതാ തരംഗസിദ്ധാന്തവും ദ്രവ്യമെന്നൊന്നില്ലെന്ന നിഗമനത്തിലെത്തി. അതോടെ ഭൗതികവാദം അപ്രസക്തമായി. ഹൈസൻ ബെർഗിന്റെ അനിശ്ചിതത്വ തത്ത്വത്തിന്റെ (uncertainity principles) കണ്ടുപിടിത്തത്തോടെ ക്ലാസിക്കൽ ഭൗതികത്തിന്റെ വസ്തുനിഷ്ഠത, നിശ്ചിതത്വതത്ത്വം (certainity principles) എന്നിവ അപ്രസക്തമായി. അനിശ്ചിതത്വതത്ത്വം പ്രപഞ്ചത്തിന്റെ മൗലിക സവിശേഷതയാണെന്നാണ് സ്റ്റീഫൻ ഹോക്കിംഗ് പറയുന്നത്. അനിശ്ചിതത്വതത്ത്വത്തോടെ ചരിത്രനിശ്ചിതത്വവാദം (Historical Determination) തെറ്റാണെന്ന് തെളിഞ്ഞു. ഇതിനെ ആസ്പദമാക്കിയ ചരിത്രപരമായ ഭൗതികവാദം അസംബന്ധമാണ്.

കമ്മ്യൂണിസം യൂറോപ്പിലെ വ്യവസായ വിപ്ലവത്തിലെ സയാമീസ് ഇരട്ടകളാണെന്നും അത് ഒരു മതമാണെന്നും സ്ഥാപിക്കാൻ ഈ പുസ്തകത്തിൽ ഞാൻ ശ്രമിച്ചിട്ടുണ്ട്. മുതലാളിത്തത്തിന്റെയും കമ്മ്യൂണിസത്തിന്റെയും പ്രത്യയശാസ്ത്ര സ്രോതസ്സുകൾ ഒന്നാണ്. വൈരുദ്ധ്യാത്മിക ഭൗതികവാദത്തിൽ അധിഷ്ഠിതമായ ഒരു മതമാണ് കമ്മ്യൂണിസം. ഒ.വി.വിജയൻ എഴുതി : ജൂതം ക്രിസ്ത്യൻ സംസ്കൃതിയിലെ ഭൗതികവാദിയാണ് മാർക്സ് ബെട്രണ്ട് റസലാകട്ടെ മാർക്സിസത്തെ ക്രിസ്ത്യൻ ഹെറസി (Christian heresy) ആയിട്ടാണ് ചിത്രീകരിക്കുന്നത്. സത്യത്തിൽ കത്തോലിക്കാസഭയുടെ ഘടനയ്കും ആചാരാനുഷ്ടാനങ്ങൾക്കും സമാനമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെതും. കമ്മ്യൂണിസം ചുമപ്പൻ മതം (Red Religion) ആണ്. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ചരിത്രം സൂക്ഷ്മായി

അവലോകനം ചെയ്താൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്ന രാജ്യങ്ങളിലെങ്ങും തൊഴിലാളി വർഗ്ഗത്തിന് നേട്ടമുണ്ടായിട്ടില്ല. അവിടെയെല്ലാം ''കോരന് കഞ്ഞി കുമ്പിളിൽ തന്നെ''യായിരുന്നു. അവിടെയാകെ ഭരണത്തിന്റെ ശീതള ഛായയിൽ മദിച്ച് രസിച്ച് ഉല്ലസിച്ചത് പുതിയൊരു വർഗ്ഗമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളും അവരുടെ ശിങ്കിടികളായ ബുദ്ധിജീവികളും ഉദ്യോഗസ്ഥപ്രമാണിമാരും അടങ്ങുന്നതായിരുന്നു ഈ പുതിയ വർഗ്ഗം അഥവാ *നവവർഗ്ഗം* (Neo Class). രണ്ടായിരത്തി പത്തിൽ ''മാർക്സിസം ശാസ്ത്രമോ'' ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്ത് ''ബിയോണ്ട് റെഡ്'' (Beyond Red) എന്ന പേരിൽ പേജൻ ബുക്സ്, കൊല്ലം പ്രസിദ്ധീകരിച്ചു. അച്ചടിച്ച കോപ്പികൾ ഭൂരിഭാഗവും ആമസോണിലൂടെയും മറ്റും വിറ്റു തീർന്നു. പുസ്തകം വായിച്ച ഭൗതികശാസ്ത്രജ്ഞനായ മുൻ കേന്ദ്രമന്ത്രി പ്രൊഫ.മുരളീ മനോഹർ ജോഷി കൊല്ലത്തു വന്നപ്പോൾ എന്നെ കാണണമെന്നാവശ്യപ്പെട്ടു. ഞാൻ അദ്ദേഹം താമസിച്ചിരുന്ന പൊയിലക്കട രാജൻ നായരുടെ വീട്ടിൽ പോയി കാണുകയും അദ്ദേഹത്തോടൊപ്പം പ്രാതൽകഴിക്കുകയും ചെയ്തു. ഒരു മണിക്കൂറോളം വേദാന്തവും ആധുനിക ഭൗതികത്തിന്റെ ദർശനവും തമ്മിലുള്ള സമാനതകൾ ചർച്ച ചെയ്തു. ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമായിരുന്നു അത്.

എന്റെ ചിരകാലാഭിലാഷമായിരുന്നു മഹാത്മാഗാന്ധിയേയും സ്വാമി വിവേകാനന്ദനേയും കുറിച്ച് പഠിക്കണമെന്നും എഴുതണമെന്നുമുള്ളത്. ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരിക്കുമ്പോഴും എന്റെ മാതൃകാ രാഷ്ട്രീയ നേതാവ് ഗാന്ധിജിയായിരുന്നു. സ്വന്തം ജീവിതം സന്ദേശമാക്കിയ മറ്റൊരു നേതാവിനെ എനിക്കറിയില്ല. ബാല്യകാലം മുതൽ ഗാന്ധി സാഹിത്യം വായിക്കാൻ തുടങ്ങിയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തെയും ദർശനത്തെയും കുറിച്ചെഴുതാൻ എനിക്ക് തോന്നിയത് 2010 മുതലായിരുന്നു. രണ്ടു വർഷത്തെ ഗാന്ധി സാഹിത്യ പഠനത്തിനുശേഷം എഴുതിയതാണ് എന്റെ ''ഗാന്ധി ചിന്ത.'' 2012 ആഗസ്റ്റിൽ ഇത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു. പ്രകാശന കർമ്മം നിർവ്വഹിച്ചത് കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടിയായിരുന്നു.

ഗാന്ധിജി ജീവിക്കുന്ന ഒരാശയമാണ്. അദ്ദേഹം രക്തസാക്ഷിത്വം

വരിച്ചിട്ട് 71 വർഷം കഴിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളുടെ പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യൻ നേരിടുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ പ്രശ്നങ്ങൾക്കും ഗാന്ധി ദർശനത്തിൽ പരിഹാരമുണ്ട്. ഗാന്ധിജി ആവശ്യത്തെയും (Need) ആർത്തിയേയും (Greed) വ്യക്തമായി നിശ്ചയിച്ചു. ഗാന്ധിജി പറഞ്ഞു: "ഈ ഭൂമുഖത്ത് എല്ലാ മനുഷ്യരുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ട വിഭവങ്ങളുണ്ട്. എന്നാൽ ഒരാളുടെ ആർത്തിയെപ്പോലും തൃപ്തിപ്പെടുത്താൻ അത് മതിയാകില്ല" (The earth provides enough to satisfy everyman's need, but not everymans greed) സന്തുലിതവികാസത്തെപ്പറ്റിയുള്ള ഈ പ്രസ്താവനയിൽ ഉന്നത ചിന്തയുടെയും ലളിത ജീവിതത്തിന്റെയും മൂല്യങ്ങൾ അടങ്ങിയിട്ടുണ്ട്. ലോകത്തെ മുഴുവൻ ഗ്രസിച്ചുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക തകർച്ചയിലുള്ള ലോകജനതയുടെ ഉത്കണ്ഠയും ഈ പ്രസ്താവനയിലുണ്ട്. ഉല്പാദനത്തെയും ഉപഭോഗത്തെയും മാത്രം അടിസ്ഥാനമാക്കിയുള്ള മുതലാളിത്തത്തിന്റെയും കമ്മ്യൂണിസത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിനെതിരായിരുന്നു ഗാന്ധിജി. ഗാന്ധിജിയുടെ ജനാധിപത്യത്തിൽ അധികാരത്തിന്റെ ശ്രേണി താഴെ (Bottom) നിന്നും മുകളിലേക്കാണെങ്കിൽ മുതലാളിത്തത്തിന്റെയും കമ്മ്യൂണിസത്തിന്റെയും അധികാരശ്രേണി മുകളിൽ (top) നിന്നും താഴേക്ക് (bottom) ആണ്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിലും അടുത്തകാലത്തും ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ലോകത്തെവിടെയും നടന്നിട്ടുള്ള സമരങ്ങൾ ഗാന്ധിയൻ മാതൃകയിലുള്ള അക്രമരാഹിത്യ സമരങ്ങളായിരുന്നു. സഹിഷ്ണുതയുടെയും ബഹുസ്വരതയുടെയും സന്ദേശമാണ് ഗാന്ധിജി പ്രചരിപ്പിച്ചത്. സംഘടനകളുടെയും വിദ്വേഷത്തിന്റെയും ഇരുട്ടുകൊണ്ട് മൂടപ്പെട്ട ലോകത്ത് പ്രതീക്ഷയുടെ കിരണങ്ങളാണ് ഗാന്ധി ചിന്തകളെന്ന് ഞാൻ വിശ്വസിക്കുന്നു.

ഞാൻ ഏറ്റവും കൂടുതൽ ആദരിക്കുന്ന സന്ന്യാസിവര്യനാണ് സ്വാമി വിവേകാനന്ദൻ. ബാല്യം മുതൽ സ്വാമിജിയുടെ ഐതിഹാസിക ജീവിതം എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതവും ദർശനവും ദൗത്യവും ഒരു പുസ്തകത്തിലൂടെ പ്രകാശിപ്പിക്കണമെന്ന തീവ്രമായ ആഗ്രഹമുണ്ടായി. 2014 ഡിസംബറിൽ

എന്റെ "വിവേകാനന്ദ ചിന്ത" ഡിസി ബുക്സ് പ്രസിദ്ധീകരിച്ചതോടെ എന്റെ ആഗ്രഹം സഫലമായി. ഭാരതീയ വിചാരകേന്ദ്രത്തിലെ സഞ്ജയനും മറ്റു സുഹൃത്തുക്കളും ദാനമായി നൽകിയ പുസ്തക രചനയ്ക്കാവശ്യമായ വിവേകാനന്ദ സാഹിത്യകൃതികൾ ഒന്നിച്ചു ചേർത്ത "വിവേകാനന്ദ സാഹിത്യ ശേഖരം" കൊല്ലം പബ്ലിക് ലൈബ്രറിയ്ക്ക് സംഭാവനയായി സമർപ്പിക്കുവാനും സാധിച്ചു. സ്വാമിജിയുടെ നൂറ്റി അമ്പതാം ജയന്തിക്ക് പുസ്തകം പ്രസിദ്ധീകരിക്കണമെന്നാണ് ഞാൻ ഉദ്ദേശിച്ചതെങ്കിലും വായനയും നോട്ടെടുപ്പും നീണ്ടുപോയതുകൊണ്ട് അത് സമയത്ത് നടന്നില്ല.

സ്വാമി വിവേകാനന്ദനെ കിടയറ്റ വാഗ്മി, കഴിവുറ്റ സംഘാടകൻ, സമുദായ സമുദ്ധാരകൻ, ദേശഭക്തൻ, വേദാന്ത പ്രചാരകൻ, സോഷ്യലിസ്റ്റ് സന്യാസിവര്യൻ എന്നീ നിലകളിലെല്ലാം നോക്കി കാണാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ആധുനിക ഭാരതീയ നവോത്ഥാന പ്രസ്ഥാനത്തിന് ബീജാവാപം ചെയ്ത മഹാന്മാരിൽ സമുന്നതനാണ് അദ്ദേഹം. കേരളത്തിൽ നവോത്ഥാന പ്രസ്ഥാനത്തിന് തുടക്കമിട്ടത്, അദ്ദേഹത്തിന്റെ കേരള സന്ദർശനവും തുടർന്നു അദ്ദേഹം ഡോ. പല്പുവുമായി മൈസൂരിൽ വെച്ചു നടത്തിയ കൂടിക്കാഴ്ചയുമാണ്. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിനും അദ്ദേഹം അഗ്നി പകർന്നു. സ്വാമിജി മഹത്തായ ഭാരതീയ ദർശനത്തിന്റെ പ്രകാശം പാശ്ചാത്യ നാടുകളിൽ ചൊരിഞ്ഞു. വേദാന്ത ദർശനത്തെയും ആധുനിക ശാസ്ത്ര ചിന്തകളെയും അദ്ദേഹം സമന്വയിപ്പിച്ചു. മതത്തെക്കുറിച്ചുള്ള മിഥ്യാധാരണകളിൽ നിന്നും അടിമത്വത്തിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടി ഭാരതീയരെ ഉപനിഷദ് ദർശനങ്ങളുടെ മഹിതലോകത്തേക്ക് പുനരാനയിച്ച അവതാര പുരുഷനായിരുന്നു സ്വാമിജി. ഇരുമ്പിന്റെ മാംസപേശികളും ഉരുക്കിന്റെ സിരാതന്തുക്കളുമുള്ളവരായിരിക്കണം നമ്മുടെ യുവാക്കളെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. സർവ്വമത സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും വിശുദ്ധ സന്ദേശം ജ്വലിക്കുന്ന അദ്ദേഹത്തിന്റെ വചസ്സുകളിലൂടെ പ്രസരിച്ചപ്പോൾ ലോകം മുഴുവൻ ആ കാന്തിക വലയത്തിലായി. സ്വാമി വിവേകാനന്ദനെക്കുറിച്ച് എഴുതാൻ കഴിഞ്ഞത് എന്റെ ജീവിതത്തെ കൂടുതൽ അർത്ഥവത്താക്കിയെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

എന്റെ *ബോധത്തിന്റെ ഭൗതികം* എന്ന കൃതിയുടെ തുടർച്ചയാണ്

ഡിസി ബുക്സ് പ്രസിദ്ധീകരിച്ച മനുഷ്യമനസ്സും ക്വാണ്ടം സിദ്ധാന്തവും. ഇതിന്റെ ഉള്ളടക്കവും ബോധത്തെ കുറിച്ചുള്ള അന്വേഷണമാണ്. ഈ പുസ്തകത്തിന്റെ രചനയ്ക്ക് പ്രേരണയായത് 2002, 2004, 2006 എന്നീ വർഷങ്ങളിൽ കൊൽക്കത്ത *രാമകൃഷ്ണ മിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കൾചർ* സംഘടിപ്പിച്ച ബോധത്തെക്കുറിച്ചുള്ള സെമിനാറുകളാണ്. 2002 ലെ സെമിനാർ "ബോധത്തെ എങ്ങനെ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ സമീപിക്കണം" എന്നതിലും, 2004 ലെ സെമിനാർ "ജീവൻ, മനസ്സ്, ശരീരം" എന്ന വിഷയത്തിലും, 2006 ലെ സെമിനാർ "ബോധത്തെക്കുറിച്ചുള്ള അഗാധമായ അന്വേഷണം" എന്ന വിഷയത്തിലും ആയിരുന്നു. ഈ സെമിനാറുകളിൽ ലോകപ്രശസ്ത ശാസ്ത്രജ്ഞരും, തത്വചിന്തകരും, സന്ന്യാസിവര്യന്മാരും പങ്കെടുക്കുകയുണ്ടായി. അവർ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ മൂന്നു വോള്യങ്ങൾ പ്രൊഫ. ശിവകുമാർ എനിക്ക് സംഘടിപ്പിച്ചു തന്നു. ഈ പ്രപന്ധങ്ങളും മനസ്സിനെയും ബോധത്തെയുംകുറിച്ചു ശാസ്ത്രജ്ഞന്മാരായ റുപർട്ട് ഷെൽഡ്രേക്ക്, ഇലിയാഗോ പ്രിഗോഗിൻ, ജയിംസ് ജീൻസ്, ഇർവിൻ ഷ്രോഡിഞ്ചർ, ഡാനാസോഹർ, ഡേവിഡ്ബോം എന്നിവരുടെ കൃതികളും രംഗനാഥാനന്ദ സ്വാമി, മൃഡാനന്ദ സ്വാമി, നിത്യചൈതന്യയതി, പ്രൊഫ. ജി.ബാലകൃഷ്ണൻ നായർ എന്നിവരുടെ ഉപനിഷദ് വ്യാഖ്യാനങ്ങളും എന്റെ ബോധാന്വേഷണത്തിന് സഹായകമായി. ഈ പുസ്തകത്തിൽ ആദ്യ ഭാഗം ക്വാണ്ടം ഭൗതികവും രണ്ടാം ഭാഗം ക്വാണ്ടം ബലതന്ത്രത്തിന്റെയും വേദാന്തത്തിന്റെയും അടിസ്ഥാനത്തിൽ ശരീരം മനസ്സ് ബോധം എന്നിവയെപ്പറ്റിയുള്ള വ്യാഖ്യാനവുമാണ്. ക്വാണ്ടം ബലതന്ത്രത്തിൽ നിരീക്ഷകനേയും നിരീക്ഷിക്കപ്പെടുന്നതിനേയും വേർപെടുത്താനാവില്ല. ഇതിന് സമാനമാണ് വേദാന്ത കൃതിയായ വിദ്യാരണ്യ കൃതിയായ *ദൃക്ദൃശ്യവിവേക*ത്തിൽ ദൃക്കും ദൃശ്യവും ഒന്നാണെന്ന യാഥാർത്ഥ്യം. പരമമായ യാഥാർത്ഥ്യം "ബോധം" (Consciousness) ആണെന്ന സൂചനയാണ് പുത്തൻ ഭൗതികത്തിൽ നിന്നും, മനഃശാസ്ത്രത്തിൽ നിന്നും, നവന്യൂറോശാസ്ത്രം, ജീവശാസ്ത്രം എന്നിവയിൽ നിന്നും ലഭിക്കുന്നത്. വേദാന്തത്തിൽ പ്രജ്ഞാനം ബ്രഹ്മം (ബോധം ബ്രഹ്മമാണ്) ആണ്. അമേരിക്കയിലും യൂറോപ്പിലും ചില പ്രധാനപ്പെട്ട സർവ്വകലാശാലകളിൽ ബോധത്തെ കുറിച്ചുള്ള

ഗവേഷണത്തിന് പ്രാധാന്യം നല്കുമ്പോൾ നിർഭാഗ്യകരമെന്നു പറയട്ടെ ബോധശാസ്ത്രം (വേദാന്തം) ലോകത്തിനു സംഭാവന നല്കിയ ഭാരതത്തിലെ സർവ്വകലാശാലകളും ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളും ഇതിനെ അവഗണിക്കുകയാണ് ചെയ്യുന്നത്. ഭാരതത്തിലെ അക്കാഡമിക് സമൂഹം പൊതുവേ കാലഹരണപ്പെട്ട പാശ്ചാത്യ ക്ലാസിക്കൽ തത്വചിന്തയുടെയും ശാസ്ത്രത്തിന്റെയും തടവറയിൽനിന്ന് ഇനിയും മോചിതമായിട്ടില്ല.

ഞാനും *കേരള ഫ്രീ തിങ്കേഴ്സ് ഫോറം* നേതാവും ഭൗതികവാദിയും എഴുത്തുകാരനും കോളേജ് അധ്യാപകനുമായ സി.രവിചന്ദ്രനും തമ്മിൽ 2013 ജൂലൈ മാസത്തിൽ നടന്ന അഭിമുഖ സംവാദമാണ് *ആസ്തികനായ ദൈവം* എന്ന എന്റെ പുസ്തകത്തിന്റെ രചനയ്ക്ക് പ്രേരണയായത്. ഞങ്ങൾ തമ്മിൽ നടന്ന സംവാദത്തിൽ "അഹം ദ്രവ്യാസ്മി" എന്ന് രവിചന്ദ്രനും "അഹം ബ്രഹ്മാസ്മി"എന്ന് ഞാനും വാദിച്ചു. രവിചന്ദ്രന്റെ ചോദ്യങ്ങളെല്ലാം ബ്രിട്ടീഷ് പരിണാമശാസ്ത്രജ്ഞനും, ശാസ്ത്രസാഹിത്യകാരനുമായ ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ റിച്ചാർഡ് ഡോക്കിൻസിന്റെ (Richard Dwakins) ഭൗതികവാദപരമായ ആശയങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു. ഭൗതികവാദികളുടെയും യുക്തിവാദികളുടെയും പോപ്പായിട്ടാണ് ഡോക്കിൻസിനെ വിശേഷിപ്പിക്കുന്നത്. ഞങ്ങൾ തമ്മിലുള്ള സംവാദം *പച്ചക്കുതിര*യുടെ 2013 ജൂലൈ ലക്കത്തിലും, 2013 ആഗസ്റ്റിൽ യൂട്യൂബിലും പ്രസിദ്ധീകരിക്കുകയുണ്ടായി. രചിചന്ദ്രന്റെ വാദങ്ങളെല്ലാം പുത്തൻ ഭൗതികം (New Physics) തിരസ്കരിച്ചതാണ്. പുത്തൻ ഭൗതികത്തിൽ ദ്രവ്യം (matter) ഒരു വസ്തുനിഷ്ഠയാഥാർത്ഥ്യമല്ല. അതോടെ അഹം ദ്രവ്യാസ്മി എന്ന ഭൗതികവാദികളുടെ വിശ്വാസം തകർന്നു. ഭൗതികവാദികൾ ദൃഷ്ടമായത് പൂർണ്ണമാണെന്നും അതിനു നിദാനമായ ഒരു അദൃഷ്ടത്തെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമില്ലെന്നും പറയുന്നു. എല്ലാ ദൃഷ്ടത്തിന്റെയും പിറകിൽ അതിനു നിദാനമായ ഒരു അദൃഷ്ടം ഉണ്ടെന്നും, ദൃഷ്ടത്തിന് സ്വയം നിലനില്ക്കാൻ സാദ്ധ്യമല്ലെന്നുള്ളതുമാണ് സത്യം. പ്രപഞ്ചത്തിലെ സർവ്വോപാധികളിലും വിളങ്ങുന്ന അദൃശ്യമായ അതേ ചൈതന്യമാണ് നമ്മുടെ സ്വരൂപമെന്ന് രവീന്ദ്രനെ പറഞ്ഞു മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചു. പ്രപഞ്ചത്തിന്റെ പരമകാ

രണം അദൃശ്യമായ "ഉൺമ" യാണെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഉൺമയെ ഞാൻ നിർവ്വഹിച്ചുകൊടുക്കാനും ശ്രമിച്ചു. എന്താണ് ഉണ്മ? ഉണ്ട് എന്ന അനുഭവമാണ് ഉണ്മ. പ്രപഞ്ചത്തിന്റെ ഈ അനുഭവമുള്ളത് ബോധത്തിനാണ് പ്രപഞ്ചത്തിൽ സ്വയം ഉണ്ട് എന്നനുഭവിക്കുകയും മറ്റെല്ലാറ്റിന്റെയും ഉണ്മ അനുഭവിക്കുകയും ചെയ്യുന്നത് ബോധമാണ്. എല്ലാ ജീവികളിലും ഞാനുണ്ട് എന്ന ഉണ്മ അനുഭവിച്ചു വർത്തിക്കുന്നത് ബോധമല്ലാതെ മറ്റൊന്നുമല്ല. ചുരുക്കത്തിൽ പ്രപഞ്ചത്തിലും അതിനപ്പുറവും അനന്തമായി നിലനില്ക്കുന്നത് അഖണ്ഡബോധമാണ്. ഞാൻ രവിചന്ദ്രനോട് പറഞ്ഞു. എന്റെ ആത്മീയമായ കാഴ്ചപ്പാട് വിശദമായി *ആസ്തികനായ ദൈവത്തിൽ* പ്രതിപാദിച്ചിട്ടുണ്ട്. ഈ പുസ്തകം കറണ്ട് ബുക്സ് പ്രസിദ്ധീകരിച്ചത് 2016 മാർച്ചിലായിരുന്നു.

കഴിഞ്ഞ രണ്ട് വർഷങ്ങളായി ശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രങ്ങളിലും വന്നിട്ടുള്ള വിശിഷ്ടമാറ്റങ്ങളെ (paradigm shifts) കുറിച്ചുള്ള പഠനങ്ങളിൽ ഞാൻ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിശിഷ്ട മാറ്റത്തിന് ഒരു ഉദാഹരണമാണ് ടോളമിയുടെ ഭൂകേന്ദ്ര പ്രപഞ്ചമാതൃകയിൽ നിന്നും കോപ്പർ നിക്കസിന്റെ സൂര്യകേന്ദ്ര പ്രപഞ്ചമാതൃകയിലേക്കുള്ള മാറ്റം. ഇന്നത്തെ പ്രപഞ്ചമാതൃക വികസിക്കുന്ന പ്രപഞ്ചത്തിന്റേതാണ്. ഒരു വിശിഷ്ട മാതൃകയിൽ (paradigm) നിന്നും മറ്റൊരു വിശിഷ്ട മാതൃകയിലേക്കുള്ള മാറ്റം നമ്മുടെ ലോകവീക്ഷണത്തെ മാറ്റിമറിക്കുന്നു. ഭൗതികത്തിലെ വിശിഷ്ടമാറ്റങ്ങളാണ് ആപേക്ഷികതാ സിദ്ധാന്തവും, ക്വാണ്ടം ഭൗതികവും കയോസ് സിദ്ധാന്തവും. ജീവശാസ്ത്രത്തിലെ വിശിഷ്ടമാറ്റങ്ങളാണ് പരിണാമ സിദ്ധാന്തം, ജനിതകം എന്നിവ. സാമൂഹ്യശാസ്ത്രങ്ങളിലും വിശിഷ്ട മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ക്ലാസിക്കൽ ഭൗതികശാസ്ത്രങ്ങളുടെയും ജീവശാസ്ത്രങ്ങളുടെയും വീക്ഷണം യാന്ത്രികമായിരുന്നു. ഇത് യാന്ത്രിക വീക്ഷണം (mechanistic view) എന്നാണ് അറിയപ്പെട്ടിരുന്നത്. പ്രപഞ്ചവും മനുഷ്യശരീരവും, എന്നുവേണ്ടാ എല്ലാം യന്ത്രമാണെന്നായിരുന്നു ഈ വീക്ഷണം. എന്നാൽ പുത്തൻ ഭൗതികത്തിൽ നിന്നും ജീവശാസ്ത്രത്തിൽ നിന്നും രൂപകൊണ്ട ചിന്തയാണ് *ജാലചിന്ത* (Network thinking) ഇതനുസരിച്ച് പ്രപഞ്ചം ഒരു *ചലനാത്മകജാലം* (Dynamic

net) ആണ്; *പ്രപഞ്ച ജാലം* (Cosmic Web) ആണ്. ആധുനിക ജീവശാസ്ത്രം ജീവജാലം (Web of Life) എന്ന സങ്കല്പമാണ് സ്വീകരിച്ചിരിക്കുന്നത്. ഇന്ന് ശാസ്ത്രലോകം യന്ത്രരൂപകത്തിനു പകരം ജാലരൂപകമാണ് സ്വീകരിച്ചിരിക്കുന്നത്.

ജാലസങ്കല്പത്തിൽ നിന്നും രൂപം കൊണ്ടതാണ് *വ്യവസ്ഥാ സിദ്ധാന്തം* അഥവാ *വ്യവസ്ഥാ ചിന്തയും* (Systems theory/systems thinking). അഗാധ പരിസ്ഥിതി ശാസ്ത്രവും (Deep Ecology). പ്രപഞ്ചജാലം ജീവജാലം എന്നീ സങ്കല്പങ്ങൾ വേദങ്ങളിലും ഉപനിഷത്തുകളിലുമുണ്ടെന്ന വസ്തുത എന്നെ അത്ഭുതപ്പെടുത്തുന്നു. ക്വാണ്ടം ബലതന്ത്രത്തിൽ നിരീക്ഷകനാണ് നിരീക്ഷിക്കപ്പെടുന്നത് (Observer is Observed). ഉപനിഷദ് ദർശനത്തിൽ അറിയുന്നവനും അറിയപ്പെടുന്നതും അറിവും ഒന്നാണ്. ക്വാണ്ടം ബലതന്ത്രത്തിന്റെ ഈ നിഗമനം ഒരു മഹാവിശിഷ്ടമാറ്റം (Metaparadigm ) ആണ്. പുത്തൻ ഭൗതികത്തിൽ നിന്നും (New Physics) നിന്നും ഉരുത്തിരിഞ്ഞുവരുന്നത് ഏകത്വ ദർശനമാണ്. അതായത് ദൈവവും പ്രകൃതിയും, പ്രാകൃതിയും, മനുഷ്യനും അഭിന്നമാണ്. എല്ലാം പരസ്പര ബദ്ധവും പരസ്പരാശ്രിതവുമാണ്. ഇതുതന്നെയാണ് ഉപനിഷദ് ദർശനവും. ഈ കാഴ്ചപ്പാടുകളെ ആസ്പദമാക്കി രചിച്ചതാണ് എന്റെ പുതിയ പുസ്തകങ്ങളായ *ചിന്തയിലെ മാറ്റവും, നവപാരിസ്ഥിതിക ചിന്തകളും*. ഈ രണ്ടു പുസ്തകങ്ങളും താമസിയാതെ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാശ്ചാത്യവല്ക്കരിക്കപ്പെട്ട വിദ്യാഭ്യാസ സമ്പ്രദായത്തിൽ പഠിച്ച നമ്മുടെ അക്കാദമിക സമൂഹത്തിനും ബുദ്ധിജീവികൾക്കും വിശിഷ്ട മാറ്റങ്ങളെക്കുറിച്ച് ഒരറിവുമില്ല. അവർ ഇപ്പോഴും പാശ്ചാത്യ ക്ലാസ്സിക്കൽ ചിന്തയുടെ മായാവലയത്തിൽപ്പെട്ടുഴലുകയാണ്. പാശ്ചാത്യ ലോകത്തെ മഹാന്മാരായ പല ശാസ്ത്രജ്ഞന്മാരും വിശിഷ്ട മാറ്റങ്ങളുടെ വെളിച്ചത്തിൽ ഭാരതീയ ചിന്തയുടെ ആരാധകരായി മാറുമ്പോഴും നമ്മുടെ പണ്ഡിതന്മാർ അന്ധകാരത്തിലാണ്.

# അനുബന്ധം

# ചില ട്രേഡ് യൂണിയൻ അനുഭവങ്ങൾ

തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും, നില നിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി പണിയെടുക്കുന്ന ആളുകൾ രൂപീകരിക്കുന്നതും സ്ഥിരമായി പ്രവർത്തിക്കുന്നതുമായ ഒരു സംഘടനയാണ് ട്രേഡ് യൂണിയൻ. വ്യവസായത്തിൽ തൊഴിലാളികൾക്ക് ഒറ്റയ്ക്ക് നിന്ന് നേട്ടങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് അവർ സംഘടനകളിൽകൂടി ശക്തി പ്രാപിച്ചു തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നു. ട്രേഡ് യൂണിയനുകൾ തൊഴിലാളികളെ അവകാശബോധമുള്ളവരാക്കാൻ മാത്രമല്ല കടമകളെക്കുറിച്ചും ബോധവാന്മാരാക്കാനുള്ളതാണ്. വ്യവസായത്തോടും സമൂഹത്തോടും രാജ്യത്തോടും അവർക്ക് കടപ്പാടുകളും ചുമതലകളുമുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ നാട്ടിലെ ഒട്ടുമിക്ക ട്രേഡ് യൂണിയനുകളും തൊഴിലാളികളെ സാമ്പത്തികമാത്രബോധത്തിലേയ്ക്ക് മാത്രമാണ് വളർത്തിക്കൊണ്ടിരിക്കുന്നത്. ''സമരമാണ് അഖില സാരമൂഴിയിൽ'' എന്ന കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ കാഴ്ചപ്പാട് കേരളത്തിലെ തൊഴിലാളികളിൽ സ്വാധീനം ചെലുത്തുകയുണ്ടായി. സമരങ്ങളിലൂടെ മാത്രമെ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയുകയുള്ളുവെന്ന തെറ്റായ ധാരണ തൊഴിലാളികൾക്കിടയിൽ വളർത്തുന്നതിന് ഇത് ഇടയാക്കിയിട്ടുണ്ട്. ചെറുകിട സ്ഥാപനങ്ങളിൽപോലും മുതലാളിയെ വർഗ്ഗശത്രുവായി തൊഴിലാളികൾ കാണുന്ന പ്രവണതയുണ്ട്.

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ കാറൽമാർക്സും എംഗൽസും പറഞ്ഞതിന് വിപരീതമായിട്ടാണ് പലപ്പോഴും നമ്മുടെ നാട്ടിലെ ഇടതുപക്ഷ ട്രേഡ്യൂണിയനുകളുടെ പ്രവർത്തനം. മാനി

ഫെസ്റ്റോ പറയുന്നു ഉല്പാദന ഉപകരണങ്ങളിലും തദ്വാര ഉല്പാദനങ്ങളിലും അതോടൊപ്പം സമൂഹത്തിലൊട്ടാകെയും നിരന്തരം വിപ്ലവകരമായ പരിവർത്തനം നടത്താതെ ബൂർഷ്വാസിയ്ക്ക് നിലനില്പില്ല . ചുരുക്കത്തിൽ ഉല്പാദനോപാധികളിൽ വിപ്ലവകരമായ മാറ്റം വരുത്താതിരിക്കാൻ ബൂർഷ്വാസിക്ക് കഴിയില്ല. നേരെ മറിച്ച് ഇതിനു മുൻപുള്ള എല്ലാ വ്യവസായിക വർഗ്ഗങ്ങളുടെയും നിലനില്പിന്റെ ആദ്യ ഉപാധി പഴയ ഉല്പാദന രീതികൾക്ക് യാതൊരു മാറ്റവും വരുത്താതെ നിലനിർത്തുക എന്നതായിരുന്നു. സോഷ്യലിസം സ്ഥാപിക്കുന്നതിന് ഉല്പാദനോപാധികൾ വളരെയേറെ വികസിക്കണമെന്നാണ് മാർക്സിസം. കമ്മ്യൂണിസം സ്ഥാപിക്കാനാവട്ടെ ഉല്പാദനോപാധികൾ സോഷ്യലിസത്തിലുള്ളതിനെക്കാൾ വികസിക്കണം. മാർക്സിസത്തിന്റെ ഈ കാഴ്ചപ്പാടിനെ വെല്ലുവിളിക്കുന്ന സമീപനമാണ് സി.ഐ.ടി.യു ഉൾപ്പെടെയുള്ള ഇടതുപക്ഷ ട്രേഡ് യൂണിയനുകൾ പലപ്പോഴും സ്വീകരിച്ചിട്ടുള്ളത്.

കൊല്ലത്തെ ഒരു പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് 'കയർ'. ആയിരക്കണക്കിന് തൊഴിലാളികളാണ് ഈ വ്യവസായത്തെ ആശ്രയിച്ച് ജീവിച്ചിരുന്നത്. ഇന്ന് ഈ വ്യവസായം കൊല്ലത്ത് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. കാലോചിതമായി വ്യവസായത്തെ നവികരിക്കുന്നതിനെതിരെ സി.ഐ.ടി.യു സ്വീകരിച്ച സമീപനമായിരുന്നു കയർ വ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണം. 1970കളുടെ ആരംഭത്തിൽ തൊണ്ട് തല്ല് മെഷ്യനുകൾ കയർ മേഖലയിലെ ചില ഉല്പാദകർ സ്ഥാപിച്ചു. തൊണ്ടു തല്ലുന്നതിന് തൊഴിലാളികളെ കിട്ടാതെ വന്ന സാഹചര്യം കൂടിയുണ്ടായിരുന്നു തൊണ്ട് തല്ല് മെഷ്യന്റെ രംഗപ്രവേശനത്തിന്. കയർ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന അബദ്ധധാരണയുടെ അടിസ്ഥാനത്തിൽ തൊണ്ടു തല്ലു മെഷ്യനെതിരെ സി.ഐ.ടി.യു സമരം പ്രഖ്യാപിച്ചു. ഞാനും എം.വി.ദേവനും എം.ജി ധനപാലനും ഉൾപ്പെടെയുള്ള ട്രേഡ് യൂണിയൻ നേതാക്കൾ കയർ മേഖലയിൽ ക്യാമ്പ് ചെയ്താണ് കായലോരങ്ങളിൽ സ്ഥാപിച്ചിരുന്ന തൊണ്ട് തല്ല് മെഷ്യനുകൾ തല്ലിത്തകർത്ത് കായലിലെറിഞ്ഞത്. ഈ സമയത്ത് തമിഴ്നാട്ടിൽ തൊണ്ടുതല്ല് യന്ത്രങ്ങളും ഡിഫൈബറിങ്ങ് യൂണിറ്റുകളും വ്യാപകമായി സ്ഥാപിക്കാൻ തുടങ്ങിയിരുന്നു. കയറു പിരക്കാൻ ചകിരിക്ക് നമ്മൾ തമിഴ്നാടിനെ ആശ്രയിക്കേണ്ടി വന്നു.

കയറിന്റെ അസംസ്കൃതവസ്തുവായ ചകിരിക്ക് തമിഴ്നാട്ടുകാർ ഉയർന്ന വില ഈടാക്കി തുടങ്ങി. കയറിന്റെ ഉല്പാദന ചെലവും വില്പന വിലയും തമ്മിൽ പൊരുത്തമില്ലാതായി. വ്യവസായം നഷ്ടത്തിലായി. കയർ മേഖലയിൽ റാട്ടുകളുടെ ശബ്ദം നിലച്ചു കൊണ്ടിരിക്കുന്നു.

അദ്ധ്വാനവും ഉല്പാദനോപകരണങ്ങളുമാണ് ഏതു വ്യവസ്ഥയിലും ഉല്പാദനപ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങൾ. അദ്ധ്വാനം ഉല്പാദന രംഗത്ത് ഒഴിച്ചു നിർത്താൻ കഴിയാത്ത ഘടകമാണെങ്കിലും ഉല്പാദനോപകരണങ്ങളുടെ മേന്മയെ ആശ്രയിച്ചാണ് അദ്ധ്വാനത്തിൽ നിന്നുള്ള പരിണാമം നില കൊള്ളുന്നത്. മെച്ചപ്പെട്ട ഉല്പാദനോപകരണങ്ങൾ വർദ്ധിച്ച ഉല്പാദനം നല്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതിക വിജ്ഞാനത്തിന്റെയും പുരോഗതിയാണ് ഉല്പാദനോപകരണങ്ങളുടെ മേന്മയ്ക്ക് നിദാനം. അതു കൊണ്ട് സാങ്കേതിക വിജ്ഞാനത്തിലുണ്ടാകുന്ന പുതിയ മാറ്റങ്ങൾക്കനുസൃതമായി ഉല്പാദനോപകരണങ്ങളിൽ മാറ്റം വരുത്തണം. എങ്കിൽ മാത്രമെ തൊഴിലാളികളുടെ അദ്ധ്വാനം ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാൻ കഴിയുകയുള്ളു. അപ്പോൾ ഉല്പാദനവർദ്ധനവും വേതനവർദ്ധനവും ഉണ്ടാകുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതിക വിജ്ഞാനത്തിന്റെയും പുരോഗതിക്കനുസരിച്ച് യന്ത്രവല്ക്കരണം നടപ്പാക്കാതെ വന്നതിന്റെ ഫലമായി കൊല്ലത്തു നിന്നും അപ്രത്യക്ഷമായ ഒരു വ്യവസായമാണ് ഓട് വ്യവസായം. ഒരു കാലത്ത് ഓട് വ്യവസായത്തിന്റെ കേന്ദ്രമായിരുന്നു കൊല്ലം. യന്ത്രവല്ക്കരണം നടപ്പിലാക്കാതെ വന്നതോടെ തൊഴിലാളികളുടെ ജോലി കഠിനമായി. വ്യവസായത്തിൽ ഉല്പാദനക്ഷമത വർദ്ധിക്കാത്തതു മൂലം വ്യവസായം നഷ്ടത്തിലുമായി. തൊഴിലാളികൾക്ക് അദ്ധ്വാനത്തിനുസരിച്ച് വേതനവർദ്ധനവുമുണ്ടായില്ല. ഈ രംഗത്ത് പണിയെടുക്കുന്നതിന് തൊഴിലാളികളെ കിട്ടാതായി. വ്യവസായം തന്നെ ഇല്ലാതായി.

1970 കളിൽ കംപ്യൂട്ടർവല്ക്കരണത്തെ എന്തിനാണ് സി.പി.ഐ(എം)ഉം സി.ഐ.ടി.യുവും കേരളത്തിൽ എതിർത്തതെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. എൽ.ഐ.സി.യുടെ കൊല്ലം ഓഫിസിൽ കമ്പ്യൂട്ടർവല്ക്കരണം നടപ്പാക്കാൻ തീരുമാനിച്ചതിനെതിരെ സി.പി.ഐ.(എം) ആഭിമുഖ്യമുള്ള സംഘടന സമരം

പ്രഖ്യാപിച്ചു. സമരത്തിന് പിന്തുണയുമായി ഞാനും എൽ.ഐ.സി ഓഫിസിൽ പോയി. കമ്പ്യൂട്ടർവല്ക്കരണം ജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെടുത്തുമെന്നായിരുന്നു ന്യായം. ഇൻഡ്യയിൽ കമ്പ്യൂട്ടർവല്ക്കരണത്തിനെതിരെ ശക്തമായ സമരം സംഘടിപ്പിക്കപ്പെട്ടത് കേരളത്തിൽ മാത്രമായിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ കമ്പ്യൂട്ടർ വിരുദ്ധ സമരം നടന്നില്ല. 1960കളിൽ തന്നെ യൂറോപ്പിലും അമേരിക്കയിലും കമ്പ്യൂട്ടർവല്ക്കരണം നടപ്പാക്കി തുടങ്ങിയിരുന്നു. കമ്പ്യൂട്ടറൈസേഷന്റെ ഫലമായി വികസിത രാജ്യങ്ങളിൽ ഉല്പാദന പ്രക്രിയ കാര്യക്ഷമമാകുകയും രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ വർദ്ധിക്കുകയും തൊഴിൽ സൗകര്യങ്ങൾ ഉണ്ടാകുകയും ചെയ്തു. സി.പി.ഐ(എം)ന്റെയും, സി.ഐ.ടി.യുവിന്റെയും കമ്പ്യൂട്ടർ വിരുദ്ധ നിലപാടിന്റെ ഫലമായി 1970കളിൽ ഐ.ടി. വ്യവസായത്തിന് കേരളത്തിൽ വേരുറപ്പിക്കാൻ കഴിഞ്ഞില്ല. കേരളത്തിൽ ഐ.ടി. വ്യവസായികൾ വരാൻ മടിച്ചു. ബംഗളുരു, ചെന്നൈ, ഹൈദ്രബാദ് എന്നീ തെക്കേ ഇൻഡ്യൻ നഗരങ്ങളിലും നോയിഡ, മുംബൈ എന്നീ വടക്കേ ഇൻഡ്യൻ നഗരങ്ങളും ഐ.ടി വ്യവസായ ഹബ്ബുകളായി. സോഫ്റ്റ്വെയറിന്റെ കയറ്റുമതി പ്രതിവർഷം ബാംഗ്ളൂരിൽ നിന്നും ഒന്നരലക്ഷം കോടി രൂപയും ഹൈദ്രബാദിൽ നിന്നും അൻപതിനായിരം കോടി രൂപയും ചെന്നൈയിൽ നിന്നും 30000 കോടി രൂപയുമാണ്. കേരളത്തിലെ സോഫ്റ്റ്വെയർ കയറ്റുമതിയാകട്ടെ വെറും പന്ത്രണ്ടായിരം കോടി മാത്രം. ബാംഗ്ളൂരിൽ ഐ.ടി വ്യവസായത്തിൽ പണിയെടുക്കുന്നവരിൽ പകുതിയിലേറെ പേർ മലയാളികളാണ്. ഇവിടെ അവർക്ക് അവസരം ലഭിക്കാതെ പോയതു കൊണ്ടാണ് അവർ അന്യസംസ്ഥാനങ്ങളിൽ പോയി സൈബർ അടിമകളായി ജോലി ചെയ്യുന്നത്.

തിരുവിതാംകൂറിലെ ദിവാനായിരുന്ന സി.പി.രാമസ്വാമി അയ്യരാണ് ശേഷസായി ബ്രദേഴ്സിനെ ഇവിടെ വ്യവസായം നടത്തുന്നതിന് ക്ഷണിച്ചു കൊണ്ടു വന്നത്. ഒരു കാലത്ത് കൊല്ലത്തെ ഏറ്റവും പ്രശസ്ത വ്യവസായ സ്ഥാപനമായിരുന്നു അവരുടെ അലിൻഡ് . സ്ഥിരമായി വമ്പിച്ച ലാഭം ഉണ്ടാക്കിക്കൊണ്ടിരുന്ന അലിൻഡ് 1970കളുടെ അവസാനമായപ്പോഴേക്കും പ്രതിസന്ധിയിലായി. ഇതിന് ഒരു പ്രധാന കാരണം കമ്പനിയിലെ യന്ത്രസാമഗ്രികളുടെ ആധുനികവല്ക്കരണം നടക്കാതെ പോയതാണ്. ഇതിനു

പുറമെ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും തൊഴിലാളി യൂണിയനുകളുടെ അനാവശ്യ സമരങ്ങളും. ആധുനിക സാങ്കേതിക വിദ്യ സ്വീകരിക്കാത്തതിന്റെ ഫലമായി തകർച്ചയിലായ വ്യവസായ സ്ഥാപനമാണ് *യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്* (മീറ്റർ കമ്പനി). വൈദ്യുതി മീറ്റർ നിർമ്മാണത്തിൽ ഇൻഡ്യയിലെ ആദ്യത്തെ പൊതു മേഖലാ സ്ഥാപനമാണിത്. 1952ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. ഇതിന് തറക്കല്ലിട്ടത് കുമ്പളത്ത് ശങ്കുപിള്ളയായിരുന്നു. വൈദ്യുതമീറ്റർ നിർമ്മാണ രംഗത്തെ ഒരു കുത്തകയായിരുന്നു ഈ സ്ഥാപനം ഒരിക്കൽ. വൈദ്യുതി മീറ്റർ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ ഉയർന്ന് വരുന്നത് മീറ്റർ കമ്പനി മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും അറിഞ്ഞില്ല. 1970കളിൽ തന്നെ ഇലക്ട്രോണിക് വൈദ്യുതി മീറ്ററുകളുടെ ഉല്പാദനം തുടങ്ങിക്കഴിഞ്ഞിരുന്നു. 1980കളിൽ ഇലക്ട്രോണിക് വൈദ്യൂതി മിറ്ററുകൾ വ്യാപകമായി കഴിഞ്ഞപ്പോഴും മെക്കാനിക്കൽ മീറ്റർ ഉല്പാദനത്തിൽ മാത്രം മീറ്റർ കമ്പനി ഒതുങ്ങി. കൃത്യതയുടെ കാര്യത്തിൽ ഇലക്ട്രോണിക് മീറ്ററുകൾ വളരെ ഉയർന്ന നിലവാരം പുലർത്തുന്നവയാണ്. വലിയ കുത്തക കമ്പനികൾ ഇലക്ട്രോണിക് മീറ്റർ ഉല്പാദന രംഗത്ത് ആധിപത്യം സ്ഥാപിച്ചു. മീറ്റർ കമ്പനിയിലെ സി.ഐ.ടി.യു യൂണിയന്റെ വർക്കിങ്ങ് പ്രസിഡന്റായിരുന്ന ഞാൻ 1970കളിൽത്തന്നെ സാങ്കേതിക വിദ്യാമാറ്റത്തിന്റെ കാര്യം തൊഴിലാളികളെയും കമ്പനി മാനേജ്മെന്റിനെയും ഓർമ്മപ്പെടുത്തിയിരുന്നു. യൂണിയനുകളും മാനേജ്മെന്റും എന്റെ ഓർമ്മപ്പെടുത്തലുകളെ അവഗണിക്കുകയാണ് ചെയ്തത്. മീറ്റർ കമ്പനി ഇലക്ട്രോണിക് മീറ്റർ ഉല്പാദിപ്പിക്കാൻ തുടങ്ങിയത് വളരെ താമസിച്ചാണ്. അപ്പോഴേയ്ക്കും മറ്റ് ഇലക്ട്രോണിക് മീറ്റർ ഉല്പാദകർ കമ്പോളം പിടിച്ചടക്കി കഴിഞ്ഞിരുന്നു.

ഉല്പാദനക്ഷമതാ വർദ്ധനവ് ഉല്പാദനത്തിന് വളരെ അധികം വർദ്ധനവുണ്ടാക്കി തീർക്കുന്നു. ഈ അധിക വർദ്ധനവിന്റെ ഫലമായി വ്യവസായത്തിൽ സമൃദ്ധിയുണ്ടാകുന്നു. വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഉല്പാദനക്ഷമതയുടെ അർത്ഥം ഉല്പന്നങ്ങൾക്ക് വിപണികളിൽ സമർത്ഥമായി മത്സരിക്കാൻ തക്ക വിധം ഉല്പാദന ചെലവ് കുറയ്ക്കുക എന്നതാണ്. ഉല്പാദന ചെലവ് കുറയ്ക്കുന്നതു മൂലമാണ് വില്പന വില കുറയ്ക്കാൻ കഴിയുന്നത്.

ഉല്പാദന ക്ഷമതയുള്ള വ്യവസായങ്ങൾക്ക് വിപണിയിൽ മത്സരിക്കാനും ലാഭമുണ്ടാക്കാനും കഴിയും. വർദ്ധിച്ച ലാഭം കൂടുതൽ മുതൽ മുടക്കിലൂടെ വ്യവസായ വികസനത്തിന് സഹായകമാകുന്നു. എന്റെ അനുഭവത്തിൽ കേരളത്തിലെ ഒട്ടുമിക്ക വ്യവസായങ്ങളിലും ഉല്പാദനക്ഷമത കുറവാണ്. ഉല്പാദനക്ഷമതയില്ലായ്മയാണ് നമ്മൾ വ്യവസായത്തിലും കൃഷിയിലും അഭിമുഖികരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. സാങ്കേതികമായി അത്യന്തം മികവുറ്റ വ്യവസായ സ്ഥാപനമായാലും അതിലെ തൊഴിലാളി ജോലിയുടെ കാര്യത്തിൽ ആത്മാർത്ഥത കാണിക്കുന്നില്ലെങ്കിൽ ഉല്പാദന ക്ഷമത ഉണ്ടാകില്ല. എനിക്ക് വളരെ അടുത്തു പരിചയമുണ്ടായിരുന്നതായിരുന്നു ടെക്സ്റ്റൈയിൽ വ്യവസായം. കൊല്ലത്തെ രണ്ട് ടെക്സ്റ്റൈയിൽ വ്യവസായ സ്ഥാപനങ്ങളാണ് പാർവ്വതി മിൽസും, ചാത്തന്നൂർ സ്പിന്നിങ്ങ് മില്ലും.

ടെക്സ്റ്റൈയിൽ വ്യവസായത്തിലെ സ്പിന്നിങ്ങ് മേഖലയിലെ ഉല്പാദനക്ഷമതയുടെ (Productivity) അളവുകോലിനെ ഓപ്പറേറ്റിവ് ഹവേഴ്സ് ഫോർ ഹൺഡ്രഡ് കിലോഗ്രാംസ് ഓഫ് യാൺ (Operative hours for hundred kilograms of yarn) എന്നാണ് പറയുന്നത്. അതായത് നൂറു കിലോഗ്രാം നൂല് ഒരു മണിക്കൂർ കൊണ്ട് ഉല്പാദിപ്പിക്കാൻ വേണ്ട തൊഴിലാളിയുടെ അദ്ധ്വാനമാണിത്. പാർവ്വതി മില്ലിലും ചാത്തന്നൂർ സ്പിന്നിങ്ങ് മില്ലിലും 35 മുതൽ 40 തൊഴിലാളികൾ ഒരു മണിക്കൂർ ജോലി ചെയ്യുമ്പോഴെ നൂറുകിലോഗ്രാം നൂലു ഉല്പാദിപ്പിക്കപ്പെടു. എന്നാൽ സമാനമായ സാഹചര്യമുള്ള തമിഴ്നാട്ടിലെ ഒരു മില്ലിൽ 20 മുതൽ 23 തൊഴിലാളികൾ ഒരു മണിക്കൂർ ജോലി ചെയ്താൽ നൂറു കിലോഗ്രാം നൂല് ഉല്പാദിപ്പിക്കാം. കേരളത്തിലാകട്ടെ ടെക്സ്റ്റൈയിൽ മില്ലുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളായ പഞ്ഞി ഉൾപ്പടെ എല്ലാം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരണം. ഉല്പന്നത്തിന്റെ മാർക്കറ്റും മറ്റു സംസ്ഥാനങ്ങളിലാണ്. അസംസ്കൃത വസ്തുക്കളുടെയും ഉല്പന്നത്തിന്റെയും വില നിശ്ചയിക്കുന്നവർ പുറത്തുള്ളവർ. കുറഞ്ഞ ഉല്പാദനക്ഷമതയുടെ ഫലമായി വ്യവസായത്തിന് മത്സര ക്ഷമതയുണ്ടാവില്ല. അത് നഷ്ടത്തിലാകും. ഇതാണ് കേരളത്തിലെ ടെക്സ്റ്റൈയിൽ മില്ലുകളിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്. തൊഴിലാളികളുടെ ഉല്പാദനക്ഷമത ഉയർ

ത്തുന്നതിന് യൂണിയനുകൾ താല്പര്യം കാണിക്കാറില്ല.

എനിക്ക് ട്രേഡ് യൂണിയൻ ബന്ധമുണ്ടായിരുന്ന ട്രാവൻ കൂർ കെമിക്കൽസ് ആന്റ് മാനുഫാക്ചറിങ്ങ് കമ്പനി (ടി.സി.എം) യുടെ തകർച്ചയ്ക്ക് കാരണം ചില ട്രേഡ് യൂണിയൻ നേതാക്ക ളുടെ മുരട്ടു വാദങ്ങളുടെയും വ്യക്തിനിഷ്ടസമീപനങ്ങളുടെയും ഫലമായിരുന്നു. കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്ന തൊഴിലാളികളായിരുന്നു ടി.സി.എം ലേത്. 1943ൽ തമി ഴ്നാട്ടുകാരനായിരുന്ന ഡോ. ധർമ്മരാജയ്യരായിരുന്നു ഈ സ്ഥാപ നം തുടങ്ങിയത്. അദ്ദേഹം സി.പി. രാമസ്വാമി അയ്യരുടെ ക്ഷണം സ്വീകരിച്ചാണ് കുണ്ടറയിൽ ഫാക്ടറി സ്ഥാപിച്ചത്. പൊട്ടാസിയം ക്ലോറയിഡിൽ നിന്നും പൊട്ടാസിയം ക്ലോറേറ്റ് (വെടിമരുന്ന്) ഉല്പാ ദിപ്പിക്കുന്നതായിരുന്നു ഈ സ്ഥാപനം. വളരെ ലാഭകരമായിട്ടാണ് സ്ഥാപനം പ്രവർത്തിച്ചിരുന്നത്. 1980 കളുടെ അവസാനമായപ്പോ ഴേയ്ക്കും കമ്പനി നഷ്ടത്തിലായി. തമിഴ്നാട്ടിൽ വെടിമരുന്നുല് പാദനം കുടിൽ വ്യവസായം പോലെ തുടങ്ങിയതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. കമ്പനിയെ രക്ഷിക്കാൻ ഷേയറുകൾ ബഹു രാഷ്ട്രകമ്പനിയായ വിംകോയ്ക്ക് കൈമാറി. വെടിമരുന്നുല്പാ ദനം ലാഭകരമല്ലാത്തതു കൊണ്ട് വിംകോ ചില പുതിയ ഉല്പ ന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനു വേണ്ടി കോടിക്കണക്കിന് രൂപാ മുടക്കി. പുതിയ ഒരു പ്ലാന്റ് നിർമ്മിച്ചു. കുറെ തൊഴിലാളികളെ പുതിയ പ്ലാന്റിലേയ്ക്ക് കമ്പനി മാറ്റി. അതിനെ ചില യൂണിയനു കൾ എതിർത്തു. പണി മുടക്കായി. മാനേജ്മെന്റ് സ്ഥാപനം അടച്ചു പൂട്ടാൻ നിർബന്ധിതരായി. ലേബർ കമ്മിഷണറും മന്ത്രിയും ഇടപ്പെ ട്ട് നിരവധി കോൺഫ്രൻസുകൾ വിളിച്ചു. സ്ഥാപനം നശിച്ചാലും പുതിയ പ്ലാന്റിലേയ്ക്ക് തൊഴിലാളികൾ പോകില്ലെന്ന നിലപാട് എസ്.സി.എസ് മേനവനും കോസല രാമദാസും സ്വീകരിച്ചു. വിം കോ കമ്പനി ടി.സി.എം ഉപേക്ഷിച്ചു പോയി. ട്രേഡ് യൂണിയൻ രംഗത്തെ അരാജകവാദികളായിരുന്ന എസ്.സി.എസ് മേനോനും കോസലനും സ്ഥാപനത്തിന്റെയും തൊഴിലാളികളുടെയും നിലനി ല്പിനെക്കാൾ അവരുടെ നിലനിൽപ്പായിരുന്നു അവർക്ക് പ്രധാനം. ഇത്തരക്കാർ ട്രേഡ് യൂണിയൻ രംഗത്തേയും വ്യവസായരംഗത്തെ യും ശാപമാണ്.

ട്രേഡ് യൂണിയൻ നേതാക്കളുടെ വ്യക്തിനിഷ്ടവും സ്വാർത്ഥപ

രവുമായ താല്പര്യങ്ങൾ മൂലം പൂട്ടിപ്പോയ സ്ഥാപനങ്ങളും ഉണ്ട്. തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട അനുരഞ്ജന സമ്മേളന ങ്ങളിൽ വ്യക്തിനിഷ്ടമായ സമീപനം സ്വീകരിക്കുന്നത് തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്നതല്ലെന്നുള്ളതാണ് എന്റെ അനുഭവം. ഒരു യൂണിയൻ നേതാവിന്റെ സ്വാർത്ഥ താല്പര്യത്തിന്റെ പേരിൽ അടച്ചു പൂട്ടപ്പെട്ട ഒരു സ്ഥാപനമാണ് പുനലൂർ പേപ്പർ മിൽ. കേരളത്തിലെ ഏറ്റവും പ്രശസ്തമായ സ്ഥാപനങ്ങളിലൊന്നായിരുന്നു ഈ മിൽ. 1888ൽ ജർമ്മൻകാരനായ ടി.ജെ. കമറൂൺ സ്ഥാപിച്ചതാണ് പുനലൂർ പേപ്പർ മിൽ. 1931ൽ മില്ലിന്റെ ഉടമസ്ഥാവകാശം ഹാർവി സായിപ്പിന്റേതായി. ഇറ്റയിൽ നിന്നും അതീവഗുണമേന്മയുള്ള പേ പ്പറായിരുന്നു ഇവിടെ ഉല്പാദിപ്പിച്ചിരുന്നത്. ഗവൺമെന്റിന്റെ നോട്ട ടിക്കുന്ന നാസിക് പ്രസിനു പേപ്പർ നല്കിയിരുന്നത് ഒരു കാലത്ത് ഇവിടെ നിന്നായിരുന്നു. വിദേശ മാർക്കറ്റിലും പുനലൂർ പേപ്പറിന് ആവശ്യക്കാരുണ്ടായിരുന്നു. 1980ൽ പേപ്പർ മിൽ ഡാൽമിയയുടെ ഉടമസ്ഥതയിലായി. നല്ല നിലയിലായിരുന്നു പ്രവർത്തനം. 1985 വരെ എ.ഐ.ടി.യു സിയായിരുന്നു മില്ലിലെ പ്രധാന യൂണിയൻ. 1985ൽ പുനലൂർ മുൻസിപ്പൽ ചെയർമാനായിരുന്ന സബാസ്റ്റിന്റെ നേതൃത്വത്തിൽ സി.ഐ.ടി.യു യൂണിയൻ മില്ലിൽ രൂപം കൊണ്ടു. ഈറ്റവെട്ടു തൊഴിലാളികളും സി.ഐ.ടി.യു യൂണിയനിലായി. സബാസ്റ്റിൻ വ്യവസായിയും ഒരു വലിയ വർക്ക്ഷോപ്പുടമയുമാ യിരുന്നു. അയാൾ മാനേജ്മെന്റിനോട് മില്ലിലെ യന്ത്രഭാഗങ്ങളുടെ അറ്റകുറ്റ പണികളുടെ കോൺട്രാക്റ്റ് ആവശ്യപ്പെട്ടു. മാനേജ്മെന്റ് അതിന് വഴങ്ങിയില്ല. പ്രതികാരദാഹിയായ സബാസ്റ്റിൻ മാനേജ് മെന്റിനെതിരെ അനാവശ്യ അക്രമസമരങ്ങൾ അഴിച്ചു വിട്ടു. പെഴ്സണൽ മാനേജരെ വെട്ടി പരിക്കേല്പിച്ചു. അനുരഞ്ജന സമ്മേ ളനത്തിൽ പങ്കെടുക്കാൻ സെക്രട്ടറിയേറ്റിലെത്തിയ ഡാൽമിയയെ തൊഴിലാളികളെ കൊണ്ട് മർദ്ദിച്ചു. ഈറ്റവെട്ടു തൊഴിലാളികളെ ഉപയോഗിച്ച് ഈറ്റ വരുന്നത് തടഞ്ഞു. അസംസ്കൃത വസ്തു വായ ഈറ്റയില്ലാതെ വന്നപ്പോൾ മില്ലിന്റെ പ്രവർത്തനം നിലച്ചു. ഡാൽമിയ മില്ലു പൂട്ടി നാടു വിട്ടു പോയി. ഒരു ട്രേഡ് യൂണിയൻ നേതാവിന്റെ സ്വാർത്ഥ താല്പര്യം ഒരു വലിയ വ്യവസായ സ്ഥാ പനത്തെ തകർത്തു.

ഞാൻ എക്കാലവും ചുമട്ടു തൊഴിലാളികളുടെ നോക്കുകൂലി

സമ്പ്രദായത്തിനെതിരായിരുന്നു. തൊഴിലില്ലായ്മയുടെ ഫലമായി രൂപം കൊണ്ടതാണ് മുക്കിന് മുക്കിന് ചുമട്ടു തൊഴിലാളി യൂണിറ്റുകൾ. കേരളത്തിലെ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകൾക്കും ചുമട്ടു തൊഴിലാളി യൂണിയനുകളുണ്ട്. കേരളത്തിലല്ലാതെ മറ്റൊരു സംസ്ഥാനത്തും ചുമട്ടു തൊഴിലാളി യൂണിയൻ എന്ന പ്രതിഭാസമില്ല. വാണിജ്യ വ്യാപാര കേന്ദ്രങ്ങളിൽ തൊഴിലാളികൾക്ക് സ്ഥിരമായി ജോലി ലഭിക്കുമെങ്കിലും കാർഷികവും വ്യവസായികവുമായും പിന്നോക്കമായ മേഖലകളിൽ ജോലി സാദ്ധ്യത വളരെ കുറവാണ്. കെട്ടിട നിർമ്മാണവുമായി നിർമ്മാണ വസ്തുക്കൾ ഇറക്കുമ്പോഴും വീടുകളിൽ ഗ്രഹോപകരണങ്ങൾ ഇറക്കുമ്പോഴും ജോലി ആവശ്യപ്പെടുക ഈ വിഭാഗം തൊഴിലാളികളുടെ സ്വഭാവമാണ്. ജോലി നല്കിയില്ലെങ്കിൽ നോക്കു കൂലി ആവശ്യപ്പെടുന്നതും പതിവാണ്. ചില സ്ഥാപനങ്ങളിൽ യാതൊരു ജോലിയും ചെയ്യാതെ നോക്കു കൂലി വാങ്ങുന്നവരുമുണ്ട്. നോക്കുകൂലി, കെട്ടുകൂലി, ഭൂതപണം എന്നീ പേരുകളിൽ ജോലി ചെയ്യാതെ കൂലി വാങ്ങുന്നത് നമ്മുടെ നാട്ടിൽ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കേരളത്തിലെ ചുമട്ടു തൊഴിലാളി രംഗത്തെ ദുഷിച്ച പ്രവണതകൾ ഇവിടുത്തെ വ്യവസായവല്ക്കരണത്തിനും കാർഷിക പുരോഗതിക്കും തടസ്സം സൃഷ്ടിക്കുന്നുണ്ട്.

ഏതാണ്ട് മൂന്നു പതിറ്റാണ്ട് കാലം കൊല്ലത്തെ കേന്ദ്ര സംസ്ഥാന ജീവനക്കാരുടെ യൂണിയനുകളുമായി എനിക്ക് അടുത്ത ബന്ധമുണ്ടായിരുന്നു. അവരുടെ സമരങ്ങളിൽ ഞാൻ സജീവ പങ്കാളിയായിരുന്നു. പോസ്റ്റൽ ജീവനക്കാരുടെയും ടെലിഫോൺ ജീവനക്കാരുടെയും സംഘടനയുമായി (എൻ.എഫ്.പി.ടി.ഇ) ബന്ധപ്പെട്ട ഒരു സമരാനുഭവം എനിക്ക് മറക്കാൻ കഴിയുന്നില്ല. ഇൻഡ്യയിലെ ടെലികമ്മ്യുണിക്കേഷൻ മേഖലയെ നവീകരിക്കുന്നതിനു വേണ്ടി ലോക പ്രശസ്ത ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറായ സാം പിട്രോഡയെ 1987 ടെലികോം കമ്മിഷൻ ചെയർമാനായി അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി നിയമിച്ചു. കമ്മിഷനെതിരെയും സാംപിട്രോഡയ്ക്ക് എതിരായും എൻ.എഫ്.പി.ടി.ഇ സമരം പ്രഖ്യാപിച്ചു. ഈ സമരവുമായി ബന്ധപ്പെട്ട നാല് യോഗങ്ങളിൽ ടെലിഫോൺ മേഖലയിലെ നവീകരണത്തിനും സാംപിട്രോഡയ്ക്കും എതിരായി ഞാൻ സംസാരിക്കുകയുണ്ടായി. തികച്ചു അനാ

വശ്യ സമരമായിരുന്നു അത്. സാംപിട്രോഡയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ഒരു കമ്മ്യൂണിക്കേഷൻ വിപ്ലവം തന്നെ അരങ്ങേറി. ഇന്ന് ഇന്ത്യയിൽ ഓരോ വീട്ടിലും നാലും അഞ്ചും ഫോണുകളാണുള്ളത്. ഇന്റർനെറ്റ് സൗകര്യമില്ലാത്ത സ്ഥലങ്ങളില്ല.

സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും അവർ വാങ്ങുന്ന ശമ്പളത്തിനനുസരിച്ച് ജോലി ചെയ്യുന്നവരല്ലെന്നുള്ളതാണ് എന്റെ അനുഭവം. ജനങ്ങളോടു കൂറുള്ളവരായ ജീവനക്കാരും അദ്ധ്യാപനത്തോടു പ്രതിബദ്ധതയുള്ള അദ്ധ്യാപകരും ഈ രംഗങ്ങളിലില്ലെന്നല്ല. അപൂർവ്വമാണെന്നു മാത്രം. സെക്രട്ടേറിയേറ്റിലും കളക്ട്രേറ്റിലും മറ്റ് സർക്കാർ ഓഫിസുകളിലും പോകുന്ന സാധാരണക്കാരനോട് ചോദിച്ചാൽ അയാളുടെ ദുരിതങ്ങൾ പറയും. ഭാരിച്ച ശമ്പളം ലഭിക്കുന്ന കോളേജ് അദ്ധ്യാപകർ അവരുടെ സ്വന്തം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമോ അദ്ധ്യാപന നിലവാരമോ ഉയർത്താൻ യാതൊന്നും ചെയ്യാറില്ല. യു.ജി.സി. യുടെ ശമ്പളം വാങ്ങുന്നുണ്ടെങ്കിലും അതിന്റെ മാനദണ്ഡങ്ങൾ അവർ അംഗീകരിക്കുന്നില്ല. സർക്കാർ ജീവനക്കാർ കമ്മറ്റി കൂടുന്നതും പ്രകടനം നടത്തുന്നതും സമരം നടത്തുന്നതും അവരുടെ ജോലി സമയത്താണ്. എന്നു വെച്ചാൽ സമരവും കമ്മറ്റിയും സർക്കാർ ചെലവിലും ജനങ്ങളുടെ ചെലവിലും. അദ്ധ്യാപനം മഹത്തായ ഒരു തൊഴിലാണെന്ന ബോധം സ്ക്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കുന്ന അദ്ധ്യാപകർക്കില്ല. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വലതും ഇടതുമായ സംഘടനകൾ ജീവനക്കാരെയും അദ്ധ്യാപകരെയും സാമ്പത്തിക ലാഭമാത്രവാദികളായിട്ടാണ് വളർത്തുന്നത്.

എന്റെയും എന്റെ ഭാര്യയുടെയും കുലത്തൊഴിലെന്താണെന്ന് ചോദിച്ചാൽ ഉത്തരം കൃഷിയെന്നാണ്. ഞങ്ങളുടെ അടിസ്ഥാന രേഖകളിൽ ഞങ്ങളുടെ തൊഴിൽ കൃഷി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്റെ പിതാവും ഭാര്യാ പിതാവും കർഷകരായിരുന്നു. നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ കഷ്ടപ്പാടുകൾ അനുഭവിക്കുന്നത് കർഷകരാണ്. വരൾച്ചയും വെള്ളപ്പൊക്കവും കാലാവസ്ഥ മാറ്റങ്ങളും കർഷകന്റെ തൊഴിലിനേയും ജീവിതത്തെയും ബാധിക്കുന്നു. കൃഷി നഷ്ടമായതിനെ തുടർന്ന് എന്റെ അച്ഛൻ കാർഷികവൃത്തി ഉപേക്ഷിച്ചു. എന്റെ ഭാര്യാപിതാവ് നീലകണ്ഠ കുറുപ്പ് കൃഷിയെമാത്രം ആശ്രയിച്ച് കുടുംബം പുലർത്തിയിരുന്ന

ഒരു ചെറുകിട കർഷകനായിരുന്നു. അദ്ദേഹം ഒരു ദിവസം പന്ത്രണ്ട് മണിക്കൂറിലേറെ കൃഷി പണിയിൽ ഏർപ്പെടുമായിരുന്നു. എന്നിട്ടും കഷ്ടിച്ച് ജീവിക്കാൻ മാത്രമെ കുടുംബത്തിന് കഴിഞ്ഞിരുന്നുള്ളു. അദ്ദേഹത്തിന്റെ മരണ ശേഷം കൃഷി നടത്താൻ ഞങ്ങൾ ശ്രമിക്കുകയുണ്ടായി. ഓരോ 'പൂ' കൃഷി കഴിയുമ്പോഴും നഷ്ടം മാത്രമായിരുന്നു ഫലം. ഒടുവിൽ നഷ്ടം സഹിക്കാൻ വയ്യാതായപ്പോൾ ഒരേക്കറോളം ഉണ്ടായിരന്ന നെൽവയൽ വിറ്റു. വിറ്റു കിട്ടിയ പണം പോസ്റ്റോഫീസ് സേവിങ്ങ് ബാങ്കിൽ നിക്ഷേപിച്ചു. പലിശ കൊണ്ട് ഞങ്ങൾ സുഖമായി കഴിഞ്ഞു. ഇന്ന് കേരളത്തിലെവിടെയും നെല്ല് കൃഷി നഷ്ടമാണ്.

സി.പി.ഐ. (എം) ന്റെ പാർട്ടി പരിപാടി അനുസരിച്ച് ഇന്ത്യയിൽ നടക്കേണ്ടത് ജനകീയ ജനാധിപത്യ വിപ്ലവമാണ്. വ്യവസായത്തിലും കൃഷിയിലും നമ്മുടെ ഉല്പാദന ശക്തികളുടെ മേലുള്ള നാടുവാഴിത്ത - അർദ്ധനാടുവാഴിത്ത ചങ്ങലകെട്ടുകളെ തുടച്ചു മാറ്റുന്നതിന് കാർഷിക വർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കനുസരിച്ച് മൗലികമായ കാർഷിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുകയാണ് ജനകീയ ജനാധിപത്യ മുന്നണിയുടെ ഒന്നാമത്തെ കടമ. ഇതിന്റെ ഫലമായി കാർഷികോല്പാദനം സീമാതീതമായി വർദ്ധിക്കുമെന്നും ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മക്ക് പരിഹാരം കാണുമെന്നുമാണ് പാർട്ടി വിഭാവന ചെയ്യുന്നത്. പാർട്ടി പരിപാടിയുടെ കാഴ്ചപ്പാടിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ കമ്മ്യുണിസ്റ്റ് പാർട്ടി ഭൂപരിഷ്ക്കരണ നിയമങ്ങൾ കൊണ്ടു വന്നത്. 1957ൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ നിയമസഭയിൽ പാസാക്കിയ കാർഷികബന്ധ ബില്ലും 1970ൽ പ്രാബല്യത്തിൽ വന്ന കേരള ഭൂപരിഷ്ക്കരണ നിയമവും നമ്മുടെ കാർഷിക മേഖലയെ തകർത്ത് തരിപ്പണമാക്കി. അതിസമ്പന്ന റബ്ബർ, തേയില, കോഫി പ്ലാന്റർമാരെ ഭൂപരിഷ്ക്കരണ നിയമത്തിൽ നിന്നും ഒഴിവാക്കി. പ്ലാന്റേഷന്റെ പേരിൽ ലക്ഷക്കണക്കിന് ഏക്കർ ഭൂമിയാണ് ടാറ്റായെപോലെയും എച്ച് ആന്റ് സി യെ പോലെയുമുള്ള കമ്പനികൾ കൈവശം വച്ചിരിക്കുന്നത്. കൃഷി ഭൂമി കർഷകനെന്ന മുദ്രാവാക്യം മുഴക്കിയാണ് ഭൂപരിഷ്ക്കരണ നിയമത്തിന് രൂപം കൊടുത്തതെങ്കിലും പ്രയോഗത്തിൽ പാട്ടം, വാരം, കാണം, ഒറ്റി എന്നീ കരാറുകളുടെ അടിസ്ഥാനത്തിൽ വിസ്തൃതമായ കൃഷിയിടങ്ങൾ കൈവശം വെയ്ക്കുകയും കുടികിടപ്പുകാരനെകൊണ്ട്

കൃഷി പണി നടത്തിപ്പിക്കുകയും ചെയ്തിരുന്ന കുടിയാൻമാരാണ് ഭൂവുടമകളായത്. എന്നാൽ കാർഷികവൃത്തി ഒരു അനുഷ്ഠാനമായി നിറവേറ്റിയിരുന്ന കർഷകതൊഴിലാളികൾക്ക് (കുടികിടപ്പുകാർക്ക്) പത്തു സെന്റ് ഭൂമിയുടെ മാത്രം അവകാശികളായി. കമ്മ്യുണിസ്റ്റ് പാർട്ടി കർഷക തൊഴിലാളികളെ കൊണ്ട് പാടിച്ച 'നമ്മളു കൊയ്യും വയലുകളെല്ലാം നമ്മുടെതാകും പൈങ്കിളിയെ' എന്ന പാട്ട് യാഥാർത്ഥ്യമായില്ല. ജന്മിത്വത്തിന്റെ ഉദാരതയോ മുതലാളിത്തത്തിന്റെ ജനാധിപത്യമോ ഇല്ലാത്ത ഒരു ഭൂവുടമാവർഗ്ഗമാണ് ഭൂപരിഷ്ക്കരണത്തിൽ രൂപപ്പെട്ടത്. ഇതു മൂലം പരമ്പരാഗത കാർഷിക ജനതയായ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ലഭിച്ചിരുന്ന പരിമിതമായ അവകാശങ്ങൾ പോലും കൈമോശം വന്നു.

ഭൂപ്രശ്നം സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികൾ ജനങ്ങളെ വളരെയേറെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിൽ കർഷക സമരങ്ങൾ എന്ന പേരിൽ അവർ നടത്തിയ സമരങ്ങൾ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രയോജനം ചെയ്തില്ല. കാർഷിക രംഗത്ത് ട്രാക്ടറിനും ടില്ലറിനും എതിരായി നടത്തിയ കമ്മ്യൂണിസ്റ്റുകാരുടെ സമരങ്ങളുടെ ഫലമായി കൃഷി നവീകരിക്കപ്പെട്ടില്ല. കർഷകതൊഴിലാളികളെ കബളിപ്പിക്കാൻ അനാവശ്യ സമരങ്ങൾ സംഘടിപ്പിച്ചു. ഈ സമരങ്ങൾ മൂലം ദരിദ്ര ചെറുകിട ഇടത്തരം കർഷകർക്ക് കാർഷികവൃത്തിയിൽ പിടിച്ചു നില്ക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. മൂന്നു ലക്ഷത്തോളം ആദിവാസികൾക്കിന്നും ഭൂമിയില്ല. പട്ടികജാതിയിൽപ്പെട്ട കർഷകതൊഴിലാളികൾ താമസിക്കുന്നത് ലക്ഷം വീട് കോളനികളിലും യാത്രാ സൗകര്യമില്ലാത്ത ഗ്രാമത്തിലേയും പട്ടണത്തിലേയും ഉൾപ്രദേശങ്ങളിലും. പട്ടികജാതിയിൽപ്പെട്ട ഒരാൾക്കുപോലും ദേശീയ പാതയോരത്ത് സ്വന്തമായി ഭൂമിയില്ല. ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി ഭൂമി ലഭിച്ച 'ലുബൻ കർഷകർ' വയലുകൾ നികത്തി കരഭൂമിയാക്കി ഭൂമാഫിയകൾക്കും റിയൽ എസ്റ്റേറ്റുകാർക്കും വിറ്റ് കാശാക്കി.

ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി കാർഷിക മേഖല വളരേണ്ടതിനു പകരം വമ്പിച്ച തകർച്ചയെ നേരിടുകയാണ് ചെയ്തത്. ഉദാഹരണമായി കാർഷിക പരിഷ്ക്കരണം നടപ്പാക്കുന്നതിനു മുമ്പ് 1961 – 1962 ലെ നെല്ല് കൃഷിയുടെ കണക്ക് മാത്രം നോക്കുക. 1961 – 1962 ൽ 7.53 ലക്ഷം ഹെക്ടറാണ് നെല്ല് കൃഷിയ്ക്ക് സംസ്ഥാ


നത്ത് ഉപയോഗിച്ചിരുന്നത്. 2006 - 07 ലാകട്ടെ ഇത് 2.6 ലക്ഷം ഹെക്ടറായി ചുരുങ്ങി. അതായത് 65% കൃഷി ഭൂമി അപ്രത്യക്ഷമായി. ഉല്പാദനത്തിലും ഈ തകർച്ച വ്യക്തമാണ്. 9.9 ലക്ഷം ടൺ നെല്ലാണ് 1961 - 62ൽ ഉല്പാദിപ്പിച്ചതെങ്കിൽ അത് 2006 - 07ൽ 4 ലക്ഷം ടണ്ണായി കുറഞ്ഞു. അതായത് 60% ഉല്പാദനം അപ്രത്യക്ഷമായി. (കണക്കുകൾ കേരള ഗവൺമെന്റ്ഇക്കണോ


മിക്ക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റിന്റേത്) ഈ കാലയളവിൽ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കൃഷി ഭൂമിയുടെ വിസ്തൃതി കൂടുകയും ഉല്പാദനം ഉയർന്ന തോതിൽ വർദ്ധിക്കുകയും ചെയ്തു. കേരളത്തിലെ കമ്മ്യുണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റുകളുടെ കാർഷിക നയം കേരളത്തെ ഭക്ഷ്യ സുരക്ഷിതത്വം ഇല്ലാത്ത ഒരു സംസ്ഥാനമാക്കി. കേരളത്തിന്റെ ആവസ വ്യവസ്ഥയെത്തന്നെ ഭൂപരിഷ്ക്കരണ നിയമങ്ങൾ തകർത്തു.

കാർഷിക മേഖലയിലുണ്ടായ തകർച്ച വ്യവസായ പുരോഗതിയെയും പിന്നോട്ടടിച്ചു. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമല്ലാതാക്കി മാറ്റിയതിലും വലിയ പങ്കാണ് കേരളത്തിലെ കമ്മ്യുണിസം സീകരിച്ചിട്ടുള്ളത്. സ്വാതന്ത്ര്യത്തിന് മുൻപ് വ്യവസായങ്ങളുടെ ശൃംഖലതന്നെ ഇവിടെ ഉണ്ടായിരുന്നു. വ്യവസായാനുകൂല സാഹചര്യമുള്ള സംസ്ഥാനങ്ങളിൽ കേരളം 21 ാം സ്ഥാനത്തു മാത്രമാണ്. നിക്ഷേപാനുകൂല സാഹചര്യത്തിലും കേരളം പിന്നോക്കമാണ്. നിലവിലുള്ള വ്യവസായങ്ങളിൽ ചിലത് ട്രേഡ് യൂണിയനുകളുടെ അനാവശ്യ ഇടപെടലിനെ തുടർന്ന് ഇവിടെ നിന്നും പുറത്തു ചാടാൻ ഒരുങ്ങുകയാണ്.

## പി.കേശവൻ നായരുടെ കൃതികൾ

- സ്റ്റീഫൻ ഹാക്കിംഗിന്റെ പ്രപഞ്ചം
- പ്രപഞ്ചം
- പ്രപഞ്ചനൃത്തം
- വിപരീതങ്ങൾക്കപ്പുറം
- ഭൗതികത്തിനപ്പുറം
- ബോധത്തിനപ്പുറം
- മാർക്സിസം ശാസ്ത്രമോ?
- മനുഷ്യമനസ്സും ക്വാണ്ടം ഭൗതികവും
- ഗാന്ധിചിന്തകൾ
- വിവേകാനന്ദചിന്തകൾ
- ആസ്തികനായ ദൈവം
- കശുവണ്ടി തൊഴിലാളി സമരചരിത്രം
- Beyond Red




സാമൂഹ്യ പ്രവർത്തകൻ, എഴുത്തുകാരൻ. 1944ൽ ജനിച്ചു. കൊല്ലം ബോയിസ് ഹൈസ്കൂൾ, ഫാത്തിമമാതാ നാഷണൽ കോളേജ്, ദുർഗ്ഗാ ആർട്സ്കോളേജ് റായിപൂർ, എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ശാസ്ത്രം, ആധുനിക ശാസ്ത്രദർശനം, ദർശനം എന്നിവയെ ആധാരമാക്കി ആനുകാലികങ്ങളിൽ ലേഖനങ്ങളും, പുസ്തകങ്ങളും രചിച്ചുകൊണ്ടിരിക്കുന്നു. സ്റ്റീഫൻ ഹോക്കിംഗ്സിന്റെ പ്രപഞ്ചം, ഗാന്ധിചിന്തകൾ വിവേകാനന്ദചിന്തകൾ, തുടങ്ങി പന്ത്രണ്ടോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഞാൻ എങ്ങനെ ഞാനായി എന്നതിന്റെ ലഘുവിവരണമാണ് ഈ പുസ്തകം. എന്റെ ബാല്യകൗമാരകാലത്തെ അനുഭവങ്ങൾ ഈ പുസ്തകത്തിൽ വളരെ വിശദമായി വിവരിച്ചിട്ടുണ്ട്. എന്റെ വീടും പരിസരവും, പള്ളിക്കുടങ്ങളും, കളികളും, കളിപ്പാട്ടങ്ങളും, നഗരകാഴ്ചകളും ഇതിൽ പ്രതിപാദ്യ വിഷയമായിട്ടുണ്ട്. ആ കാലഘട്ടത്തിലെ വായനാനുഭവങ്ങളും ദൃശ്യാനുഭവങ്ങളും വളരെ സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസകാലത്ത് ഒപ്പമിരുന്നു പഠിച്ചവരെയും പഠിച്ച പാഠങ്ങളെകുറിച്ചും ഇവിടെ ഓർമ്മിക്കുന്നു. കേരളത്തിനകത്തും പുറത്തും ഞാൻ കണ്ട കാഴ്ചകൾ ഈ പുസ്തകത്തിലെ പ്രതിപാദ്യ വിഷയങ്ങളിൽ ഒന്നാണ്. എന്റെ തൊഴിലാളി പ്രവർത്തനത്തിനിടയിലുള്ള ചില അനുഭവങ്ങളും ഇവിടെ രേഖപ്പെടുത്തുന്നു.

PAGAN BOOKS
Thevally. P.O., Kollam
Ph: 6282287422
PAGAN BOOKS

# ചുവപ്പിനപ്പുറം



പി. കേശവൻ നായർ

Indic Digital Archive Foundation
gpura.org